# ഭാരതീയ വിചാരധാര

INDIAN INSTITUTE OF SCIENTIFIC HERITAGE

अमृतं तु विद्या

ഡോ: എൻ. ഗോപാലകൃഷ്ണൻ

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 10

Scanned with CamScanner

# ഭാരതീയ വിചാരധാര

ഡോ: എൻ. ഗോപാലകൃഷ്ണൻ

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 10

Scanned with CamScanner

*First Edition : 1994*
*Second Edition : 2001*
*Third Edition : 2004*
*Fourth Edition : 2007*
*Fifth Edition : 2010*

# ഭാരതീയ വിചാരധാര

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Litt.
(Scientist & Hon. Director IISH)

*Published by:*
**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 0471 - 2490149)
www.iish.org

**Rs. 95/-**

*Printed at:*
Sree Printers
Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

# ആമുഖം

സഹസ്രാബ്ദങ്ങളുടെ പൈതൃകസമ്പത്തുമായി തലമുറകൾ വഴിമാറുമ്പോൾ പലതും നഷ്ടപ്പെട്ടുപോകുക എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഭാരതീയ ചിന്താധാരകൾക്കും അപ്രകാരം സംഭവിച്ചിട്ടുണ്ടെങ്കിലും മറ്റെല്ലാ സംസ്കാരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമുക്കു നഷ്ടപ്പെട്ടതുപോലെതന്നെ അതാതു കാലഘട്ടത്തിൽ ഋഷിവര്യന്മാർ, അക്കാലഘട്ടത്തിന്റെ ചൈതന്യവും ഉൾക്കൊണ്ട് പുതിയവ എഴുതിചേർത്തിട്ടുമുണ്ട്. അതുകൊണ്ടായിരിക്കണം, വേദങ്ങളും, വേദാംഗങ്ങളും, ഉപവേദങ്ങളും, ഉപാംഗങ്ങളുമെല്ലാം ഒറ്റഗ്രന്ഥമായി, ഒരാളുടെ പേരിൽ മാത്രം അറിയപ്പെടാതെ അനവധി ഗ്രന്ഥങ്ങളിലായി, അനവധി ഋഷീശ്വരന്മാരുടെ സംഭാവനകളായി അറിയപ്പെട്ടുപോന്നത്. അവയിൽ ചിലത് നഷ്ടപ്പെട്ടാലും അവശേഷിക്കുന്നവ, പുതിയ തലമുറകൾക്ക് മാർഗ ദർശകമാകണം എന്നവർ മുൻകൂട്ടി കണ്ടിരിക്കണം. ആസ്തികവാദത്തിന്റെ, വേദത്തിൽ നിന്നാരംഭിച്ച് ഇതിഹാസപര്യന്തമുള്ള എല്ലാ രചനകളും ശാഖോപശാഖകളായി വളർന്നിട്ടുണ്ട്. ഒരു വേദശാഖയൊ ഏതാനും കർമ്മഭാഗങ്ങളൊ മാത്രം പഠിച്ച് അവസാനിപ്പിക്കുകയാണ് ഇന്ന്, വൈദീക പണ്ഡിതന്മാർ വരെ. സാധാരണജനതയ്ക്കാകട്ടെ ഇത്തരം ഗ്രന്ഥങ്ങൾ അപ്രാപ്യവുമാണ് എന്ന തോന്നലുമുണ്ട്. ആധുനിക കാലഘട്ടത്തിൽ ഭൂരിഭാഗം ജനങ്ങളും പുരോഗതി കാരണമോ, പുരോഗതി എന്ന ഭാവം കാരണമോ പുരാതനമായ പലതിനേയും, ഒന്നെത്തിനോക്കുകപോലും ചെയ്യാതെ തിരസ്കരിക്കു വാനുള്ള പ്രവണതയും കാണിക്കുന്നു. പക്ഷേ, ചിലരെങ്കിലും നമ്മുടെ പിതൃസമ്പത്തിനെ ഉപരിവിപ്ളവമായിട്ടാണെങ്കിലും അറിയാനാഗ്രഹിക്കുന്നവരായിട്ടുണ്ട്. അവർക്ക് മനസ്സിലാകുന്ന രീതിയിൽ നമ്മുടെ പൂർവ്വീകരുടെ വിജ്ഞാനഭണ്ഡാഗാരവിവരണം നൽകിയിട്ടുള്ള രചനകൾ ഏതാണ്ടെല്ലാം തന്നെ ചില ഉപനിഷത്തുകളിലും, പുരാണങ്ങളിലും മാത്രമായി ഒതുങ്ങിനിൽക്കുന്നവയാണ്.



Scanned with CamScanner

ആധുനികശാസ്ത്ര ഗവേഷണമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഞാൻ കഴിഞ്ഞ ഏഴു വർഷമായി നടത്തിയ ഒരന്വേഷണമാണ് ഈ പുസ്തക ത്തിൽ ചേർത്തിട്ടുള്ളത്. ആരംഭം, ഭാരതീയശാസ്ത്രസംഭാവനകളന്വേഷിച്ചായിരുന്നുവെങ്കിലും, പൂർവ്വീകർ ഭാരതീയവിജ്ഞാനത്തെ 18 ശാഖകളിലായി ക്രോഡീകരിച്ചിരിക്കുന്ന രീതി ഇന്ന് ഏതാണ്ട് അജ്ഞാതമാണ് എന്ന് മനസ്സിലാക്കിയപ്പോൾ അതിന് ഒരു പുനർ പ്രചരണം നൽകണമെന്നു തോന്നി. പണ്ഡിതന്മാർ പ്രഭാഷണങ്ങളിലും പ്രബന്ധങ്ങളിലും പുരാതനചിന്താധാരകൾ തലങ്ങും വിലങ്ങുമെടുത്തു പ്രയോഗിക്കുമ്പോൾ, സാധാരണക്കാരന് അത് വളരെ ചിന്താകുഴപ്പം സൃഷ്ടിക്കുന്നുണ്ട്. നമ്മുടെ സാംസ്കാരികഗ്രന്ഥ ങ്ങളാകുന്ന മഹാസാഗരത്തിന്റെ ഏതു ഭാഗത്താണ് ഈ വിഷയങ്ങൾ വരുന്നതെന്നറിയാൻ അധികമാളുകൾക്കും സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ അൽപജ്ഞാനമുള്ളവർക്ക് പണ്ഡിതന്മാരായി അഭിനയിക്കാൻ സാധിക്കുകയും, പണ്ഡിതർക്ക് വ്യക്തമായി കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യുന്നത്. അതിന് ഒരു സാമാന്യപരിഹാരം എന്ന നിലയ്ക്കു മാത്രമാണ് വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ, വേദാംഗങ്ങൾ, ഉപവേദങ്ങൾ, ഉപാംഗങ്ങൾ, തത്തുല്യ പ്രാധാന്യമുള്ള ഗ്രന്ഥങ്ങൾ, സ്മൃതികൾ, പുരാണങ്ങൾ, ഉപപുരാണങ്ങൾ, ഇതിഹാസങ്ങൾ, എന്നിവയുടെ ആധികാരിക സംസ്കൃതഗ്രന്ഥങ്ങളിൽ നിന്നും, അവയിലെ വിഷയങ്ങളുടെ സംക്ഷിപ്തരൂപം തയ്യാറാക്കിയത്.

ദേശത്തും വിദേശത്തുമുള്ള ഗ്രന്ഥശാലകളിൽനിന്ന് സാദ്ധ്യമായ വിവരണങ്ങൾ ശേഖരിച്ച്, പുരാതനവും, ആധികാരികവുമായ ഗ്രന്ഥങ്ങളുടെ സംഗ്രഹം വിവരിച്ചതാണ് ഭാരതീയവിചാരധാര. ഓരോ ഗ്രന്ഥത്തിന്റെയും സംഗ്രഹം അവയുടെ പ്രാധാന്യവും പ്രാമാണികതയും അനുസരിച്ച് അൽപസ്വൽപം വ്യത്യാസപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഓരോ വിഭാഗത്തിലും കൊടുത്തിരിക്കുന്ന ഗ്രന്ഥങ്ങളുടെ സംഗ്രഹത്തിൽനിന്ന്, തത്വിഭാഗത്തിൽ ഇനിയുമുണ്ടായിരിക്കുവാൻ സാദ്ധ്യതയുള്ളതും ഇവിടെ ചേർക്കാത്തതുമായ ഗ്രന്ഥങ്ങളുടെ വിഷയങ്ങളെക്കുറിച്ച് ഒരേകദേശരൂപം വായനക്കാർക്ക് ലഭിക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.



Scanned with CamScanner

ലഭ്യമായ എല്ലാ ഗ്രന്ഥങ്ങളും ഉൾപ്പെടുത്തുവാൻ സാധിച്ചു എന്ന് അഭിമാനിക്കുന്നില്ല എങ്കിലും ഏഴുവർഷത്തിൻെറ പഠന തപസ്യകൊണ്ട് ഒരു വിദ്യാർത്ഥി എന്ന നിലയിൽ ഭാരതീയ വിചാരധാരയുടെ വിഷയശേഖരണത്തിലും അവതരണത്തിലും നീതി പുലർത്തിയിട്ടുണ്ട് എന്ന് വിശ്വസിക്കുന്നു.

ഈ പുസ്തകത്തിന് അവതാരികയെഴുതിയ തിരുവിതാംകൂർ രാജകുടുംബത്തിലെ പ്രിൻസസ് ആദരണീയ അശ്വതിതിരുനാൾ ഗൗരി ലക്ഷ്മീഭായി തമ്പുരാട്ടിക്കും, പ്രസിദ്ധ ചിന്തകനും, ഭാരതീയ വിചാരകേന്ദ്രം ഡയറക്ടറുമായ ശ്രീ. പി. പരമേശ്വർജി അവർകൾക്കും, പ്രസിദ്ധവേദപണ്ഡിതനും, ന്യൂറോസർജ്ജനുമായ ഡോ: എം. സാംബശിവൻ അവർകൾക്കും എൻെറ നന്ദി രേഖപ്പെടുത്തുന്നു.

എല്ലാ പരിമിതികളും തരണം ചെയ്ത് പൂർണഉത്തരവാദിത്വ ത്തോടെ സമയബന്ധിതമായിത്തന്നെ ഈ പുസ്തകത്തിൻെറ ഒന്നാംപതിപ്പും ഈ രണ്ടാംപതിപ്പും പ്രിൻറിങ് നടത്തിയ ശ്രീ പ്രിൻേറഴ്സിനോട് എൻെറ കടപ്പാട് സീമാതീതമാണ്.

ഭാരതീയ ചിന്താധാരകൾ ശാസ്ത്രീയവീക്ഷണത്തോടെ പഠിക്കുവാനും പ്രചരിപ്പിക്കുവാനുമായി ഒരു വർഷം മുമ്പ് ശ്രാവണ പൗർണമി ദിവസം ജന്മം കൊണ്ട ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിൻറിഫിക് ഹെറിറ്റേജിൻെറ പത്താമത്തെ പ്രസിദ്ധീകരണമായ **ഭാരതീയവിചാരധാര** ജനസമക്ഷം സമർപ്പിക്കുന്നു.

ഗംഗയും, യമുനയും, ഗോദാവരിയും,സരസ്വതിയും നർമ്മദയും,സിന്ധുവും, കാവേരിയും ഒരു ശംഖതീർത്ഥത്തിൽ ആവാഹിക്കുന്ന ഭാരതീയ സംസ്ക്കാര പാരമ്പര്യത്തിനു മുന്നിൽ, അത്രയും നദികൾക്കു തുല്യ വ്യാപ്തിയും മഹത്വവുമുള്ള ഭാരതീയ സംസ്കൃതിക്കാധാരമായ ഗ്രന്ഥങ്ങളുടെ ചൈതന്യം ഈ ഭാരതീയവിചാരധാരയിൽ സംഗ്രഹിച്ച് സമാരാധ്യരായ വായനക്കാരുടെ മുമ്പിൽ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് സമർപ്പിക്കട്ടെ!

3-9-1999 ഡോ. എൻ. ഗോപാലകൃഷ്ണൻ



Scanned with CamScanner

## May Sree Padmanabha Swamy Bless........ !

Transition and change are as inevitable as life and death in the mighty cosmic pattern and mystic play of Divine. Man who has oft prided himself on being God's super production has again and again been forced to realise and accept his helplessness, nay insignificance, when enmeshed in the implacable rotations and revolutions of Karma of destiny or fate, call it what you may. He has then to bow before the absolute truth that there is a power that is within him but which is at the same time beyond him as well. Man has journeyed along the path to realisation and inner peace through various philosophies, thought processes and teachings as well as divine insight gained, at times, through the five. Is-intelligence, intellect, inference, intuition and introspection. All these hold true specially to the Indian mind.

The most ancient among world religions, Hinduism, has triumphed over the relentless march of time, dust and decay of ages and extreme man-made adversity, to continue in all splendour as a pulsating alive mandate of faith. It is complicated and complex at the same time crystal clear even in capsule form. Many births may be required to go through in detail the multitudinous masses of literature that are available reflecting both ancient and modern thought. Not owing allegiance to one source, its expense and elasticity are awesome. When Dharma stands seriously threatened, God or His chosen potencies incarnate as has been declared in the famous line of the Gita *Sambhavami Yuge Yuge*. And Hinduism keeps on growing while retaining its unique character of being ancient yet ever young.

Even to deal with one among its myriad branches and classifications is a formidable task and would demand much space, what more when many are projected. "Bharateeya Vichara Dhara" attempts at just that - it is a Marathon venture



Scanned with CamScanner

where in macro dimensions are limited to micro proportions. Breivity has been pressed into generous usage to enable the mighty expanse of scriptural literature from the Vedas to the Ethihasas in seven main divisions and countless subdivisions, to be at least touched upon. Such work is not easy and will be impossible for one who has not delved deep into the subject matter. This book is an invaluable asset and boon to those who are serious students in this field and is a worthy addition to Hinduism in particular while its value will be unquestioned in the area of religious literature in general.

Dr. N. Gopalakrishnan is indeed a phenomenon. It is difficult to belive that there are persons of such multi dimensional brilliance. His knowledge of Hinduism and Sanskrit as well as his powers of retention and reprodution of the same, his unvearying devotion to the grandmasters of yore-the *Rishi Parampara* and to Hindu scriptures and texts and above all, his burning commitment to the greatness of India in the comity of nations, are all evident in his breathtaking orations and highly illuminating volumes. Though he has restrained the flow of his thought in this volume to confine it within reasonable size, it is a valuable guide and gold mine of information, I wish it many more reprints and hope that it will be translated into other major languages as well.

Bharath needs more and more solid services of this nature from Dr. N. Gopalakrishnan. *May Sree Padmanabha* Swamy bless him to play his part in keeping the flag of glory of our sacred motherland flying high.

**Aswathi Thirunal Gouri Lakshmi Bayi**
Kowdiar Palace, Thiruvananthapuram

3rd June 1999



Scanned with CamScanner

# അവതാരിക

പൈതൃകമായി ലഭിച്ച അമൂല്യനിധികളുടെ അക്ഷയ ഭണ്ഡാഗാരം എന്തെന്നറിയാതെ, അതെല്ലാം കീറിപ്പറിഞ്ഞ ഒരു തുണിക്കെട്ടിൽ പൊതിഞ്ഞ് ഒന്ന് അഴിച്ചുനോക്കുകപോലും ചെയ്യാതെ ചുമലിൽ തൂക്കി ഊരുചുറ്റി പിച്ചയെടുത്തു ജീവിക്കുന്ന ഒരു ഭാഗ്യദോഷിയെപ്പറ്റി പറഞ്ഞുകേട്ടിട്ടുണ്ട്. ആധുനിക ഭാരതീയരെപ്പറ്റി ഓർക്കുമ്പോൾ ഓർമ്മയിൽ വരുന്നത് ഈ ഭാഗ്യദോഷിയെയാണ്. പാശ്ചാത്യ പരിഷ്കാരത്തിന്റെ ബാഹ്യമോടിയിൽ കണ്ണഞ്ചിപ്പോയ അഭ്യസ്തവിദ്യരായ ഭാരതീയരുടെ പുത്തൻ തലമുറ തങ്ങളുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് പൊതുവെ അനഭിജ്ഞരും അതുകൊണ്ടുതന്നെ ആത്മനിന്ദയ്ക്കും അപകർഷബോധത്തിനും അടിമപ്പെട്ടുപോയവരുമാണ്. സ്വയം പാശ്ചാത്യരെ അനുകരിക്കുന്നതിലും ഭാരതത്തെ പാശ്ചാത്യമാതൃകയിൽ വാർത്തെടുക്കുന്നതിലുമാണ് അവർ മോചനവും സാഫല്യവും കാണുന്നത്. ഈ ദുഃസ്ഥിതിക്കൊരു പരിഹാരമുണ്ടാകണമെങ്കിൽ നമ്മുടെ പുത്തൻ തലമുറ, അവരുടെ പ്രാചീന പൈതൃകത്തെക്കുറിച്ച് ഏകദേശജ്ഞാനമെങ്കിലും ഉള്ളവരായി തീർന്നേ പറ്റൂ. ആ വഴിക്ക് അവരെ നയിക്കാൻ ഉള്ള ഒരു ഒരു പരിശ്രമമാണ് ഡോ. ഗോപാലകൃഷ്ണൻ "ഭാരതീയ വിചാരധാര" യിലൂടെ നടത്തിയിരിക്കുന്നത്.

ഇത് വിചാരധാരയെക്കാൾ വിജ്ഞാന ഭണ്ഡാഗാരമാണ്. അതിബൃഹത്തും അത്യഗാധവും അത്ഭുതാവഹവുമായ ഭാരതീയ വിജ്ഞാന വാങ്മയത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് എന്തെന്തനർഘരത്നങ്ങളാണ് അവിടെ സൂക്ഷിക്കപ്പെട്ടിട്ടുള്ളതെന്ന് ഇനം തിരിച്ച് എണ്ണിത്തിട്ടപ്പെടുത്തുകയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. അവയിലോരോന്നിനെക്കുറിച്ചും വിശദമായ വിലയിരുത്തലിന് ശ്രമിച്ചിട്ടില്ല. ഏകദേശസൂചനകൾ നൽകുന്നുവെന്നുമാത്രം. പക്ഷെ അതുകൊണ്ടുതന്നെ എത്ര ശ്രമസാദ്ധ്യവും അതേ സമയം സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം എത്രത്തോളം അനുഗ്രഹവുമാണ് എന്ന് ഇതിലൂടെ ഒന്ന് ശ്രദ്ധിച്ചു കണ്ണോടിച്ചാൽ മനസ്സിലാകും. എത്രയോ കൊല്ലത്തെ ശ്രദ്ധാപൂർവ്വമായ ഗവേഷണ തപസ്സാണിതിനുവേണ്ടി അനുഷ്ഠിക്കപ്പെട്ടിട്ടുള്ളതെന്നു കാണാൻ പ്രയാസമില്ല.

കീറിപ്പറിഞ്ഞ തുണിക്കെട്ടഴിച്ച്, അതിനകത്തുണ്ടായിരുന്ന എണ്ണമറ്റ രത്നങ്ങളും മുത്തുകളും സുവർണ്ണമുദ്രകളും കൈയ്യെടുത്ത് അടുക്കോടും



Scanned with CamScanner

ചിട്ടയോടും പ്രദർശിപ്പിക്കുക എന്ന സേവനമാണ് ഡോ: ഗോപാലകൃഷ്ണൻ ചെയ്തിട്ടുള്ളത്. പക്ഷേ ഇവയോരോന്നും മാറ്റുരച്ച് ഗുണദോഷവിവേചനം ചെയ്തും അവയുടെ പൊരുളുകൾ വെളിപ്പെടുത്തിയും അവയുടെ പൂർണ്ണസൗഭഗവും ആസ്വാദ്യതയും അനുവാചകർക്ക് അനുഭവിക്കാൻ ഇതുകൊണ്ടുമാത്രം കഴിയുകയില്ല. അതിനു സ്വന്തമായി ദീർഘതപസ്സ് അനുഷ്ഠിക്കുക തന്നെവേണം. ഭാരതീയ വിജ്ഞാന ഭണ്ഡാഗാരം കേവലം കണ്ടാസ്വദിക്കാനുള്ളതല്ല, അനുഭവിച്ചറിയാനുള്ളതാണ്. അതിനുള്ള താക്കോൽ സംസ്കൃതഭാഷയാണുതാനും. ആ ഭാഷയുടെ പ്രാഥമികജ്ഞാനം പോലും കൈമോശം വന്നുപോയി എന്നതാണ് നമുക്ക് ഏർപ്പെട്ട ദേശീയമഹാദുരന്തം. ആ കുറവു മനസ്സിലാക്കി സംസ്കൃതഭാഷ പഠിക്കാനുള്ള പ്രേരം അനുവാചകരിലുളവാക്കുവാൻ ഈ വിജ്ഞാനഖനിയിലൂടെയുള്ള വിഹഗവീക്ഷണം സഹായിക്കാതിരിക്കുകയില്ല എന്നാശിക്കാം.

ഇത്തരമൊരു മഹാപ്രയത്നത്തിന് തുനിഞ്ഞിറങ്ങി വിജയംവരിച്ച ഗ്രന്ഥകാരനെ എത്ര അഭിനന്ദിച്ചാലും മതിവരികയില്ല. ആധുനിക ശാസ്ത്രജ്ഞനായ ഡോ: ഗോപാലകൃഷ്ണൻ ഒരു വ്യതിരിക്തവ്യക്തിത്വത്തിന്റെ ഉടമയാണ്. ആധുനിക ശാസ്ത്രജ്ഞരിൽ, അപൂർവ്വ അപവാദങ്ങളൊഴിച്ചാൽ, ഭാരതീയ പാരമ്പര്യത്തെക്കുറിച്ച് അറിവും ആദരവും ഉള്ളവർ തന്നെ കുറവാണെന്നതാണ് ദുഃഖസത്യം. സ്വന്തം പൈതൃകത്തിന് വേരോട്ടമില്ലാത്ത ത്രിശങ്കു സ്വർഗവാസികളാണവരേറെയും. ഡോ: ഗോപാലകൃഷ്ണനാകട്ടെ എത്ര ഉയരെ പറക്കുമ്പോഴും സ്വന്തം പാരമ്പര്യത്തിലുള്ള വേരോട്ടം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധവെയ്ക്കുന്ന ആളാണ്. ഭാരതത്തിന്റെ ആത്മാവിനെ അഭിമാനപൂർവ്വം അറിയാനും ആവിഷ്കരിക്കാനും ശ്രമിക്കുന്ന ആളാണ്. ആധുനികശാസ്ത്രത്തിന് നമ്മുടെ മണ്ണിൽ അടിയുറച്ചു നിൽക്കാൻ അതാവശ്യമാണെന്ന് ദൃഢമായി വിശ്വസിക്കുന്നയാളാണ്. ഭാരതീയ വിജ്ഞാന പൈതൃകവും ആധുനികശാസ്ത്രവും തമ്മിൽ ആവുന്നത്ര സാമഞ്ജസ്യം കണ്ടെത്താൻ ശ്രമിക്കുന്ന സൂക്ഷ്മദൃക്കായ സത്യാന്വേഷിയാണ്. ഈ ഗ്രന്ഥരചനയിലും, അദ്ദേഹത്തിൽനിന്ന് ന്യായമായും നാം പ്രതീക്ഷിക്കുന്ന ഭാവി രചനകളിലും ഈ ശ്രമഫലം അധികാധികം പ്രകടമാകുമെന്ന് പ്രതീക്ഷിക്കാം. ഈ ഗ്രന്ഥത്തിനും ഗ്രന്ഥകാരനും എല്ലാവിധവിജയങ്ങളും ആശംസിക്കാൻ എനിക്ക് അസീമമായ സന്തോഷമുണ്ട്.

**പി. പരമേശ്വരൻ**

ഡയറക്ടർ, ഭാരതീയവിചാരകേന്ദ്രം



Scanned with CamScanner

ഡോക്ടർ എൻ. ഗോപാലകൃഷ്ണൻ ക്രോഡീകരിച്ചിരിക്കുന്ന ഭാരതീയ വിചാരധാര പീയൂഷധാര തന്നെ. വേദങ്ങളിൽ ആരംഭിച്ച് ഇതിഹാസപര്യന്തം വിശകലനം ചെയ്തിട്ടുള്ള ഇതിവൃത്തങ്ങൾ സമർത്ഥമായി സജീവമായി കോർത്തിണക്കി ബഹുജനസമക്ഷം സമർപ്പിക്കുന്നതിൽ ഗ്രന്ഥകർത്താവ് വിജയിച്ചിരിക്കുന്നു. സാധാരണക്കാർക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങൾ ലളിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

"സൂര്യാചന്ദ്രമസൗ ധാതാ യഥാപൂർവ്വമകല്പയൽ" എന്ന് ഋഗ്വേദത്തിൽ പറയുന്നു. സൂര്യചന്ദ്രൻമാർ ഉള്ളിടത്തോളം വേദപ്രാധാന്യം. ഈശ്വരൻ മുൻകൂട്ടി കൽപ്പിച്ചിട്ടുള്ളത് വേദത്തിൻെറ നിത്യതയെ അരക്കിട്ടുറപ്പിക്കുന്നു. എന്നാലും അജ്ഞന്മാർക്ക് വെളിച്ചം നൽകാൻ ഭാരതീയ വിചാരധാര സഹായിക്കുന്നു. വേദപ്രമാണ്യം, പ്രകൃതി, പുരുഷൻ, നാം കാണുന്ന സർവ്വതും വേദപ്രതിപാദ്യമാണ്. അവയൊക്കെ ഏതു മഹർഷിമാരിലൂടെ ലഭ്യമായി, അത് ഭാരതസംസ്കൃതിക്ക് ആധാരഭൂതമായ രീതി ഇവ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കാലപ്പഴക്കത്തോടെ ചരിത്രം മറക്കുന്ന മാനവരാശിക്ക്, ചരിത്രവസ്തുതകൾ വെളിച്ചം നൽകി കാണിച്ചില്ലെങ്കിൽ അവ നഷ്ടപ്രായമായേക്കാം, ഇതു സംഭവിക്കാതിരിക്കാൻ ഗോപാലകൃഷ്ണൻ ഗോ (വേദ) പാലകനായി കൃഷ്ണനായി ഭാരതീയ വിചാരധാരയെ ഉദ്ദീപിപ്പിച്ചിരിക്കുന്നു. ഇത്രയും വസ്തുതകൾ ക്രോഡീകരിക്കാൻ അശ്രാന്തപരിശ്രമം നടത്തിയ ഗ്രന്ഥകർത്താവ് അഭിനന്ദനീയനാണ്. ജിജ്ഞാസുക്കൾക്ക് ഈ ഗ്രന്ഥം ഒരടിസ്ഥാനതത്വം നൽകുന്നു. കൂടുതൽ വിജ്ഞാനം പകരാനും, ഗവേഷണങ്ങൾ തുടരാനും ഇതു സഹായിക്കും എന്ന് ഉറപ്പിച്ചു പറയാം.

**ഭദ്രം കർണ്ണേഭിഃ ശൃണുയാമ ദേവാഃ ഭദ്രം പശ്യേമാക്ഷ ഭിർയജത്രാഃ,**
**സ്ഥിരൈരംഗൈസ്തുഷ്ടുവാംസ സ്തനൂഭിർവ്യശേമ ദേവഹിതംയദായുഃ**

നല്ല കാര്യങ്ങൾ കേൾക്കുമാറാകട്ടെ, നല്ല കാര്യങ്ങൾ കാണുമാറാകട്ടെ, യജ്ഞത്തിൽ ശ്രദ്ധാലുക്കളായ നമുക്ക് സ്ഥിരമായ അംഗങ്ങളുള്ള ശരീരത്തോടെ ദേവഹിതമായ കാര്യങ്ങൾ നിർവ്വഹിച്ച് സന്തോഷത്തോടെ ആയുസ്സ് നീങ്ങട്ടെ! എന്ന് പ്രാർത്ഥിച്ചുകൊള്ളുന്നു.

**ഡോ: എം. സാംബശിവൻ F.R.S**
ന്യൂറോസർജൻ



Scanned with CamScanner

# വിഷയസൂചിക

1. **വേദം** 25

ഋഗ്വേദം, യജുർവേദം, സാമവേദം, (അഥർവ വേദം)
ബ്രാഹ്മണം, ആരണ്യകം, ഉപനിഷദ്

2. **വേദാംഗം** 142

ശിക്ഷ, വ്യാകരണം, നിരുക്തം, ഛന്ദസ്ശാസ്ത്രം
കൽപശാസ്ത്രം, ജ്യോതിഷം

3. **ഉപവേദം** 189

അർത്ഥ ശാസ്ത്രം, ധനുർവേദം, ഗന്ധർവവേദം
നാട്യശാസ്ത്രം, കാമശാസ്ത്രം, ആയുർവേദം,
ശിൽപവേദം

4. **ദർശനം** 216

ന്യായം, യോഗം, വൈശേഷികം,
സാംഖ്യം, വേദാന്തം, ദ്വൈതാദ്വൈതം

5. **സ്മൃതി** 224

6. **പുരാണം** 240

7. **ഇതിഹാസം** 271



Scanned with CamScanner

## ഈ പുസ്തകരചനക്ക് ആധാരമായ ഗ്രന്ഥങ്ങൾ ലഭിച്ച ലൈബ്രറികൾ

യൂണിവേഴ്സിറ്റി ഓഫ് മദ്രാസ് ലൈബ്രറി - മദ്രാസ്

കണ്ണിമാറ ലൈബ്രറി - മദ്രാസ്.

അടയാർ തിയോസഫിക്കൽ സൊസൈറ്റി ലൈബ്രറി - മദ്രാസ്

യൂണിവേഴ്സിറ്റി ഓഫ് മൈസൂർ ലൈബ്രറി - മൈസൂർ

പബ്ലിക്ക് ലൈബ്രറി - തിരുവനന്തപുരം

ചിത്തിരതിരുനാൾ ഹിന്ദുമത ഗ്രന്ഥശാല - തിരുവനന്തപുരം

യൂണിവേഴ്സിറ്റി ഓഫ് കേരള ലൈബ്രറി - തിരുവനന്തപുരം

ഭാരതീയ വിചാരകേന്ദ്രം ലൈബ്രറി - തിരുവനന്തപുരം

തൃപ്പൂണിത്തുറ സംസ്കൃത കോളേജ് ലൈബ്രറി - തൃപ്പൂണിത്തുറ

റഥർ ഫോർഡ് ലൈബ്രറി, യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ട, എഡ്മണ്ടൻ - കാനഡ

യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ ലൈബ്രറി - മിഷിഗൺ - യു. എസ്. എ

ചിക്കാഗോ നാഷണൽ മ്യൂസിയം ആൻറ് ലൈബ്രറി - ചിക്കാഗോ- യു. എസ്. എ.



Scanned with CamScanner

# ഭാരതീയ സംസ്കൃതി ഗ്രന്ഥങ്ങളിലെ സമഗ്രവീക്ഷണം

ഭാരതീയ വിചാരധാരകൾ തന്നെയാണ് ഹിന്ദുധർമ്മത്തിൻെറ ആധാരശിലകൾ. ഹിന്ദുധർമ്മം ഒരു മതമല്ല എന്നും അതൊരു ജീവിതരീതിയാണെന്നും ചിന്തകന്മാർ ആവർത്തിച്ചുപറയുന്നു. ധാരയതി എന്ന ഭാഷാ ധാതുവിൽ നിന്നുത്ഭവിച്ച ധർമ്മം എന്ന പദത്തിൻെറ അർത്ഥം ജീവിതരീതിയെന്നു തന്നെയാണ്. മതം എന്ന സാധാരണപദപ്രയോഗത്തിലൂടെ ഹിന്ദുധർമ്മത്തെ നിർവ്വചിക്കണമെങ്കിൽ അതിനൊരു മാർഗമേയുള്ളൂ. സഹസ്രാബ്ദങ്ങൾക്കു മുമ്പ് ആയിരക്കണക്കിന് ഋഷിവര്യന്മാർ പ്രപഞ്ചത്തിലെ അണുമുതൽ അതിമഹത്തായതിനെവരെ എപ്രകാരം ദർശിച്ചു വിവരിച്ചുവോ ആ വിവരണത്തെ മഹർഷിമാരുടെ മതം അഥവാ അഭിപ്രായം എന്നു പറയാം. അനവധി ഋഷിവര്യന്മാരുടെ വീക്ഷണങ്ങളായ മതങ്ങളുടെ ആകത്തുകയാണ് ഇന്ന് ഭാരതീയൻെറ ജീവിതശൈലിയിലെ ചിന്തകളും, ബന്ധങ്ങളും, വീക്ഷണങ്ങളും, കർമ്മങ്ങളും ആചാരങ്ങളുമെല്ലാം. ഇതെല്ലാം തന്നെയാണ് ജീവിതരീതി എന്നതിലൂടെ വീക്ഷിക്കുന്നത്. അതിൽ ജ്ഞാനമണ്ഡലവും കർമ്മമണ്ഡലവും ഒരുമിച്ചുചേർന്നൊഴുകുന്നു. ശാസ്ത്രവും, സാഹിത്യവും, കലയും, സാമൂഹ്യവീക്ഷണങ്ങളും, എല്ലാമെല്ലാം ഒന്നുചേരുന്നു. മറ്റൊരർത്ഥത്തിൽ ഭൗതീകതയും ആത്മീയതയും പരസ്പരം അഭേദ്യമായ ബന്ധം പുലർത്തുന്നു. ഈശ്വരവാദം പോലും ഭാരതത്തിൽ ഒരു വീക്ഷണം മാത്രമായിരുന്നു. കാരണം നിരീശ്വരവാദം എന്ന വീക്ഷണവും ഇവിടെ നിലനിന്നിരുന്നു. അൽപംകൂടി കടന്നു ചിന്തിച്ചാൽ ഈശ്വരസാന്നിദ്ധ്യം തത്വശാസ്ത്ര ചിന്താധാരയുടെ ഭാഗമായിരുന്നു. ആത്മീയത ആ വാദത്തേക്കാൾ വലിയ ചക്രവാളസീമകളുള്ളതുമായിരുന്നു. അതായത് ഈശ്വരനില്ലാത്ത ഒരു ആത്മീയവാദം സാദ്ധ്യമാണെന്നു ചുരുക്കം. ശബ്ദതരംഗങ്ങളും പ്രകാശവും, അഗ്നിയും, വായുവും, ജലവും, ഭൂമിയും, സൂര്യനും, ഈശ്വരനായി സങ്കൽപ്പിക്കുവാൻ തയ്യാറാകുക അഥവാ അതിൽ ഈശ്വരചൈതന്യ ദർശനം നടത്തുക എന്നു പറഞ്ഞാൽ ജീവജാലങ്ങളുടെ ആസ്തിത്വം എന്ന



Scanned with CamScanner

വാദത്തിനാധാരമായ ഭൗതിക ഘടകത്തിൽ ആത്മിയത ദർശിക്കുവാൻ സാധിക്കുക എന്നാണർത്ഥം. അതുകൊണ്ടു കൂടിയാണ്, ഈ ധർമ്മം ഒരു ജീവിതചര്യയായത്.

ഭാരതീയ ചിന്താധാരകളെ ഒന്നുകൂടി നിർവ്വചിച്ചാൽ അത് ഇപ്രകാരമായിത്തിരും. വ്യക്തിയുടേയും, കുടുംബത്തിൻേറയും, സമൂഹത്തിൻേറയും, രാഷ്ട്രത്തിൻേറയും - ശാരീരികവും, മാനസികവും, സാമൂഹികവുമായ സമഗ്ര നന്മയുടെ പന്ഥാവിനെക്കുറിച്ചുള്ള ആത്മീയവും ഭൗതികവും ശാസ്ത്രീയവുമായ വീക്ഷണങ്ങളുടെയും കർമ്മധാരകളുടെയും സംഗ്രഹമാണ് ചിരപുരാതനവും നിത്യനൂതനവുമായ സനാതനധർമ്മം.

ശിഷ്യന്മാർ യജ്ഞവൽക്യനോട് നാലുവേദങ്ങിലോരോന്നി ൻേറയും സാരമെന്താണെന്ന് വ്യക്തമാക്കണമെന്നഭ്യർത്ഥിച്ചപ്പോൾ യജ്ഞവൽക്യൻ നൽകിയ നാലു മഹദ് വാക്യങ്ങൾ ശ്രദ്ധേയമാണ്. ഋഗ്വേദത്തിൻെറ സാരം **പ്രജ്ഞാനം ബ്രഹ്മ** (അറിവ് - പ്രജ്ഞാനമാണ് - ബ്രഹ്മചൈതന്യം) യജ്ജുർവേദ ത്തിൻേറത് **അഹം ബ്രഹ്മാസ്മി**, സാമവേദത്തിൻേറത് **തത് ത്വം അസി** അഥർവ വേദത്തിൻെറ സാരമാകട്ടെ **അയമാത്മ ബ്രഹ്മ** - (ഈ ആത്മചൈതന്യമാണ് ബ്രഹ്മം) എന്നത്രെ. ഇതുതന്നെയാണ് സമഗ്രജ്ഞാനമെന്ന്, വിശകലനത്തിൽ ബോധ്യമാകും.

വേദങ്ങളിലും ബ്രാഹ്മണങ്ങളിലും ആരണ്യകങ്ങളിലും അതിൻെറ സമഗ്രസത്തയായ ഉപനിഷത്തുകളിലും ഈ ജീവിതവീക്ഷണം വിശകലനത്തിലൂടെ കണ്ടുപിടിക്കാം. ആത്യാധുനിക ഭൗതിക-ജ്യോതിശാസ്ത്ര ഗവേഷകർ പറയുന്ന സ്വബോധമുള്ള (Self aware Universe) പ്രപഞ്ചമാണ്, വേദങ്ങളിലെ വിവരണങ്ങളുടെ അന്തസത്തതന്നെ. പ്രപഞ്ചത്തിലെ സർവ്വകർമ്മങ്ങളും ഒരു പ്രപഞ്ചപുരുഷൻെറ നിയന്ത്രണത്തിലാണ്! **സഹസ്ര ശീർഷാ പുരുഷാഃ സഹസ്രാക്ഷ സഹസ്രപാദ്** ..... എന്ന വരിയിലൂടെ ആയിരക്കണക്കിന് ശീർഷവും, കണ്ണുകളും, പാദങ്ങളുമുള്ള ഒരു പ്രപഞ്ചചൈതന്യ വിവരണമാണ് ഋഗ്വേദത്തിൽ നൽകുന്നത്.

**ഏകാ ചമേ തിസ്രശ്ചമേ പഞ്ചചമേ സപ്ത ച മ**........ എന്ന വരിയിലൂടെ ഗണിതത്തിൻെറ അടിസ്ഥാനസംഖ്യാ പ്രോഗ്രഷനാണ് യജ്ജുർവേദത്തിൽ നൽകുന്നത്. **ഏകാ ച ദശ ശതം ച ശതം ച**



Scanned with CamScanner

**സഹസ്രം ച സഹസ്രം ചായുതം ചായുതം ച നിയുതം ച അർബുദം ച ന്യർബുദം ച സമുദ്രശ്ച, മധ്യം ചാന്തശ്ച പരാർധശ്ച** ഒന്നാം സംഖ്യാസ്ഥാനം മുതൽ ലക്ഷം കോടിയിൽപരം സ്ഥാന സംഖ്യകൾ പത്തിന്റെ ഗുണിതങ്ങളായി എഴുതിയിരിക്കുന്ന ലോകത്തിലെ ആദ്യഗ്രന്ഥവും യജുർവേദം തന്നെ. ആയിരത്തിന് ഉപരിസംഖ്യയുടെ പ്രയോഗം ലോകജനത അറിയുന്നത് ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കിപ്പുറമാണ്. യജുർവേദത്തിന് 5000 വർഷത്തെ പഴക്കമെങ്കിലുമുണ്ട് എന്നത് ശ്രദ്ധേയമാണ്. വേദം ആത്മീയത മാത്രമല്ലാത്തതുകൊണ്ടാണ് ഗണിതവിവരണം വന്നത്. അതുപോലെ **സീസം ചമേ ശ്യാമം ചമേ ..... ത്രപുശ്ചമേ....** എന്ന് ലോഹത്തെക്കുറിച്ചും ലോഹസങ്കരത്തെക്കുറിച്ചുമുള്ള യജുർവേദവരി, ഈ വേദരചനയുടെ കാലത്ത് ജ്ഞാതമായിരുന്ന ഏഴു ലോഹങ്ങളുടേയും, ചില ലോഹസങ്കരങ്ങളുടേയും അറിവ് വെളിവാക്കുന്നു. **യവാശ്ച മേ മാഷാശ്ചമേ തിലാശ്ചമേ ഗോധൂമാശ്ചമേ മസുരാശ്ചമേ** ... എന്ന് യവം, ഉഴുന്ന്, എള്ള്, ഗോതമ്പ്, മസൂർ പരിപ്പ് ....**മുദ്ഗാശ്ച...** എന്ന പദത്തിലൂടെ ചെറുപരിപ്പിനെക്കുറിച്ചും യജുർവേദത്തിൽ സൂചിപ്പിക്കുമ്പോൾ, ഏതാണ്ട് അയ്യായിരം വർഷങ്ങൾക്കുമുമ്പ് ഇവയെക്കുറിച്ചറിവുണ്ടായിരുന്നു എന്നും വ്യക്തമാകുന്നു. മാത്രമല്ല ഈ ലോഹങ്ങൾ, ധാന്യങ്ങൾ എന്നിവയെക്കുറിച്ച് സൂചന നൽകുന്ന ലോകത്തിലെ ആദ്യഗ്രന്ഥവും യജുർവേദമായിത്തിരുന്നു.

**ബൃഹസ്പതി പ്രഥമം ജായമാന...** എന്ന ഋഗ്വേദത്തിലെ വരി വ്യാഴഗ്രഹത്തെക്കുറിച്ചുള്ള വൈദിക അറിവാണ് നൽകുന്നത്. ബിഗ്ബാങ്സിദ്ധാന്തത്തിനു മുമ്പുണ്ടായിരുന്ന അവസ്ഥയെ സൂചിപ്പിക്കുന്ന വരികൾ ശാസ്ത്രജ്ഞന്മാരും ഉദ്ധരിക്കാറുണ്ട്.

**നാസദാസീന്നോ സദാസീത് തദാനീം നാസീദ്രജോ നോ വ്യോമാ പരോയത്**
**കിമാവരിവഃ കുഹ കസ്യ ശർമ്മ ന്നഭ കിം ആസീദ് ഗഹനം ഗഭീരം**
**ന മൃത്യുരാസീത് അമൃതം ന തർഹി ന രാത്ര്യ അഹ്ന, ആസീത് പ്രകേതഃ**
**ആനീദ് അവാതം സ്വധയാ തദേകം തസ്മാദ്ധാന്യൻ ന പരഃ കിം ചനാസ**

പ്രപഞ്ചസൃഷ്ടിക്കുമുമ്പ് (ബിഗ് ബാങിനു മുമ്പ് ?) യഥാർത്ഥവും അയഥാർത്ഥവുമായതുണ്ടായിരുന്നില്ല. വായുവും ആകാശവും ഉണ്ടായിരുന്നില്ല. ഇവിടെ എന്തുണ്ടായിരുന്നു ? ഉണ്ടായിരുന്നതെവിടെയായിരുന്നു. ഇന്നുണ്ടായത് ഏത്



Scanned with CamScanner

ആവരണത്തിനുള്ളിലായിരുന്നു. ഗഹനവും വിസ്തൃതവുമായ ജലാശയങ്ങളുണ്ടായിരുന്നില്ല. ജീവനും മരണവും ഇല്ലായിരുന്നു. ദിനവും രാത്രിയുമില്ലായിരുന്നു. ഏതൊന്നാണോ സ്വയബോധത്തോടെ സ്വയം ചൈതന്യവത്തായത് അതല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. ഋഗ്വേദത്തിലെ 10-ാം മണ്ഡലത്തിലെ 129-ാം അനുവാകത്തിലെ ഈ വരികൾ ആധുനിക ഫിസിക്സ് പ്രൊഫസർമാരായ ഫ്രെഡ് അല്ലൻ വൂൾഫിൻെറ അവതാരികയിലൂടെ പ്രൊഫ. റിച്ചാർഡ് ഇ. റീഡും പ്രൊഫസർ അമിത് ഗോസ്വാമിയും കൂടി എഴുതിയ The Self Aware Universe (സ്വബോധമുള്ള പ്രപഞ്ചം) എന്ന പുസ്തകത്തിലെ സംക്ഷിപ്ത സന്ദേശം തന്നെയാണ്.

**ഭിഷക്തി വിശ്വം യത്തുരം** - വൈദ്യൻ രോഗിയെ ചികിത്സിക്കുന്നതുപോലെ എന്നവേദവരിയിൽ അന്ന് ഭിഷഗ്വരസ്ഥാനം നിലനിന്നിരുന്നു എന്നറിയാം. **മൂഷോ ന ശിശനാ വ്യദന്തിമാധ്യാ** - എൻെറ ശ്രദ്ധ എന്നെ കാർന്നു തിന്നുന്നത് എലി നെയ്ത്തുകാരൻെറ തറി നൂൽ തിന്നുന്നതുപോലെ എന്നു പറയുമ്പോൾ നെയ്തുകാരനും നൂലും വിവരണ വിഷയമാകുന്നു. ഇവ സാങ്കേതിക പദങ്ങളാണ് എന്നോർക്കുക. **യുയുധിരിവാശ്വം** - എന്നാൽ ജൂവാന് പോർകുതിരയെന്നപോലെ. യുദ്ധവും, അശ്വവും രാഷ്ട്രസംരക്ഷണവു മെല്ലാം പ്രത്യക്ഷമാകുന്നു. **വിശോവിശോ വോ അതിഥിം** - എല്ലാ ഗൃഹങ്ങളിലേയും അതിഥി പോലെ ..... അതിഥി സ്വീകരണ സംസ്ക്കാരമാണല്ലോ ഇത്. **മഹേചനത്വാം അദ്രിവ, പരാ ശുല്കായ ദേയാം.** മഹാനായ ഈശ്വരാ അങ്ങയെ ഞാൻ ഉയർന്ന ശുൽക്കത്തിന് (വിലക്ക്) വിൽക്കില്ല- വിലയും വിൽപനയും ഉണ്ടായിരുന്നു എന്നതിൻെറ അടിസ്ഥാനതത്വമാണല്ലോ ഏതാണ്ട് ഏഴായിരം വർഷങ്ങൾക്കുമുമ്പെഴുതിയ ഋഗ്വേദത്തിലെ ഈ വരി നൽകുന്നത്.

**ഭദ്രം നോ അപി വാതയ മനോ ദക്ഷം ഉത ക്രതും.** ബുദ്ധിയും ചാതുര്യവും എനിക്കുനൽകി സുഖവും സന്തോഷവുമുള്ള മനസ് എന്നിലുണ്ടാക്കിയാലും മാനസിക ചൈതന്യം വിവരണ വിഷയമാകുമ്പോൾ, ശാസ്ത്രത്തിലത് സൈക്കോളജിയാണല്ലോ! **ആ ശിക്ഷായൈ പ്രശ്നിനം ഉപശിക്ഷായാ അഭിപ്രശ്നിനം**

അറിയുവാൻവേണ്ടി ചോദിക്കുക. അടുത്തറിയുവാൻ എല്ലാദിശയിൽ നിന്നും ചോദിക്കുക - ജ്ഞാനത്തോടുള്ള യജുർവേദത്തിൻെറ വീക്ഷണമാണിത് - അതു തന്നെയാണ് ഇന്നത്തെ ശാസ്ത്രീയ



Scanned with CamScanner

വിക്ഷണവും! സർവസൃഷ്ടിയുടേയും ആരംഭത്തെക്കുറിച്ച് ചിന്തിക്കുവാൻ പാകത്തിനുയർന്ന ഒരുജ്ജ്വല ചിന്താധാരയുടെ ശ്രോതസ് ആദ്യവേദമായ ഋഗ്വേദത്തിൽ തന്നെയുണ്ട്.

**കോ അദ്ധാ വേദ ക ഇഹ പ്രവോചത്**
**കുത ആജാതാ കുത ഇയം വിസൃഷ്ടിഃ**
**അർവാഗ് ദേവാ അസ്യ വിസർജ്ജനേനാ-**
**അഥാ കോ വേദയത ആ ബഭൂവ**

യാഥാർത്ഥ്യം ആർക്കാണറിവുള്ളത്? അതിനെക്കുറിച്ച സന്ദിഗ്ദമായി പറയുവാൻ സാധിക്കുന്നതാർക്കാണ്? എപ്പോഴാണ് സൃഷ്ടി ആരംഭിച്ചത്? ഇതെന്ന് സൃഷ്ടിക്കപ്പെട്ടു? പ്രപഞ്ചസൃഷ്ടിയോടെയാണോ ദേവന്മാരും സൃഷ്ടിക്കപ്പെട്ടത്? അപ്പോൾപിന്നെ ആർക്കാണ് ഇതിന്റെ ഉത്ഭവത്തെക്കുറിച്ച് പറയുവാൻ സാധിക്കുക? ജ്ഞാനത്തിന്റെ അത്യുന്നതശൃംഗത്തിലെ അജ്ഞാനബോധമല്ലേ ഇത്! കലയെയും വേദവിഷയത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.

**അധി പേശാംസി വപതേ നൃതൂവിവാപോർണതേ**
**വക്ഷ ഉസ്ത്രേവ ബർജ്ജഹം**

ഒരു നർത്തകി വസ്ത്രധാരണം ചെയ്തിരിക്കുന്നവളേപോലെ ഉഷസ് അവളുടെ സ്തനങ്ങളേയും പ്രദർശിപ്പിച്ചിതാ (പ്രഭാതം) മന്ദം മന്ദം വരുന്നു – നർത്തകിയുടെ വിവരണം കലാസ്വാദകരുടെ ഭാഷയാണ്.

ജലത്തെ സിദ്ധൗഷധമായി കാണുവാൻ (Universal Medicine) ആധുനിക ശാസ്ത്രം അരുളിചെയ്യുന്നു. അഥർവവേദവും ഇതുൽഘോഷിക്കുന്നുണ്ട്. **അപ്സു മേ സോമോ അബ്രവീദ് അന്തർവിശ്വാനി ഭേഷജ്ജാ** സർവ്വസിദ്ധിയുമുള്ള ഔഷധമത്രെ ജലം – എന്ന് സോമദേവൻ അരുളി ചെയ്തു.

വനത്തെക്കുറിച്ചുള്ള ഭാരതീയ വിക്ഷണം ഉൽഘോഷിക്കുന്ന വേദസന്ദേശം സാഹിത്യവും ശാസ്ത്രവും ചേർന്നതാണ്.

**ആഞ്ജനഗന്ധിം സുരഭിം ബഹ്വന്നാം അകൃഷീവലാം**
**പ്രാഹം മൃഗാണാം മാതരം അരണ്യാനീം അശംസിഷം**

സുഗന്ധികളായ കുസുമങ്ങൾ നിറഞ്ഞതും, വിവിധ ഭക്ഷ്യ വസ്തുക്കളുള്ളതും വന്യമൃഗങ്ങളുടെ മാതാവും, ഉഴുതുമറിക്കാൻ



Scanned with CamScanner

സാധിക്കാത്ത ഭൂമി.യായതുമായ ഹേ വനമേ ഞാൻ നിന്നെ സ്തുതിക്കുന്നു.

ജീവിതത്തിന്റെ ലക്ഷ്യം മോക്ഷം മാത്രമാണെന്ന് വേദമുൽഘോഷിക്കുന്നു എന്നു പറയുന്നവർക്ക് തെറ്റുപറ്റിയിട്ടുണ്ട്. അഥർവ വേദത്തിലെ ഈ വരി ശ്രദ്ധേയമാണ്.

**പശ്യേമ ശരദഃശതം ജീവേമ ശരദഃ ശതം ബുദ്ധേമ ശരദഃ ശതം രോഹേമ ശരദഃ ശതം പൂഷേമ ശരദഃശതം ഭവേമ ശരദഃ ശതം**

നൂറ് ശരത് ഋതുക്കൾ കാണുവാനിടവരട്ടെ നൂറ് ശരത് ഋതുക്കൾ ജീവിക്കുവാനും, അറിയുവാനും, ഉയരുവാനും, സമൃദ്ധരാകുവാനും ഇടവരട്ടെ. യജുർവേദത്തിലും ഈ വരികളുണ്ട് **ആദീനാഃ സ്യാമ ശരദഃ ശതം.** ഒരു നൂറു ശരദ് ഋതുക്കൾ തലയുയർത്തി ജീവിക്കുവാനിടവരട്ടെ. ജീവിതത്തിന്റെ സമഗ്രവീക്ഷണമെന്തെന്ന് ഋഗ്വേദത്തിലുണ്ട്. **ഇന്ദ്രശ്രേഷ്ഠാനി ദ്രവിണാനി ദേഹി ചിത്തിം ദക്ഷസ്യ സുഭഗത്വം അസ്മേ പോഷം രയീണാം അരിഷ്ഠിം തനൂനാം സാദ്മാനം വാചഃ സുദിനത്വം അഹ്നാം.** ഞങ്ങൾക്ക് സമ്പൂർണ ദ്രവ്യലാഭമുണ്ടാകട്ടെ! ശക്തമായ മനസും ആത്മീയ തേജസ്സുമുണ്ടാകട്ടെ! സമൃദ്ധമായ സമ്പത്തും, ശക്തമായ ശരീരവും, മാധുര്യമുള്ള വാക്കുകളും, നന്മനിറഞ്ഞ ദിവസങ്ങളുമുണ്ടാകട്ടെ. **ജൈത്രം ക്രതും രയിമദ് വീരവദ് യശസ്.....** വിജയം, ബുദ്ധി, കീർത്തി, സമ്പത്ത്, യശസ്നേടുന്ന വീര്യം തന്നാലും എന്ന് ഋഗ്വേദം വീണ്ടും ഉൽഘോഷിക്കുന്നു. നാലു വേദങ്ങളിലും ഒരേസ്വരത്തിൽ നൽകുന്ന ആഹ്വാനമുണ്ട്

**പ്രേതാ ജയതാ നര ഇന്ദ്രോ വഃ ശർമയച്ഛതു**
**ഉഗ്രാ വഃ സന്തു ബാഹവോഽനാധൃഷ്യാ യഥാസഥ**

വീരന്മാരേ മുമ്പോട്ടു ചരിച്ച് കീഴടക്കിയാലും. ഈശ്വരൻ നിങ്ങൾക്ക് സംരക്ഷണം നൽകട്ടെ. നിങ്ങളുടെ കൈകൾ ശക്തമാകട്ടെ! നിങ്ങൾ ആർക്കും കീഴടങ്ങാത്തവരായിത്തീരട്ടെ! സാമൂഹ്യ ജീവിതത്തിന്റെ അടിത്തറയുടെ സന്ദേശം അഥർവവേദം നൽകുന്നു. **സത്യം ബൃഹദൃതം ഉഗ്രം ദീക്ഷാ തപോ ബ്രഹ്മ യജ്ഞഃ പൃഥിവീം ധാരയന്തി. സാനോ ഭൂതസ്യ ഭവസ്യ പത്ന്യം തം ലോകം പൃഥിവീ നഃ കൃണോതു**

സത്യം, ശാശ്വതവും സ്ഥിരവുമായ ധർമ്മചര്യ, പവിത്രത, ഐശ്വര്യം, പ്രാർത്ഥന, ത്യാഗം, ഇവയാണ് ഭൂമിയിലെ



Scanned with CamScanner

അസ്തിത്വത്തിനാധാരം, ഭൂതകാലത്തിൻേറയും ഭാവിയുടേയും ആധാരമായ ഹേ ഭൂമി (ദേവി) വിശാലമായ ഒരു ലോകം ഞങ്ങൾക്കായി സൃഷ്ടിച്ചാലും.

സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം, വേദത്തിൽ ഇങ്ങിനെ വിവരിക്കുന്നു. നവവധുവിനെ നോക്കി ആശംസിക്കുന്ന ഈ മന്ത്രം ഋഗ്വേദത്തിലും അഥർവവേദത്തിലുമുണ്ട്.

**സമ്രാജ്ഞീ ശ്വശുരേ ഭവ സമ്രാജ്ഞീ ശ്വശ്രവേ ഭവ**
**നനാന്ദരി സമ്രാജ്ഞീ ഭവ സമ്രാജ്ഞീ അധി ദേവൃഷു**

നീ ഭർതൃപിതാവിനും ഭതൃമാതാവിനും സമ്രാജ്ഞിയായി ത്തീരട്ടെ ഭതൃസഹോദരിക്കും ഭതൃസഹോദരന്മാർക്കും നീ രാജ്ഞിയായിത്തീരട്ടെ!

ആധുനിക വ്യക്തി-കുടുംബ-സമൂഹ-രാഷ്ട്ര മാനേജ്മെൻറി നായുള്ള ഉപദേശം ഋഗ്വേദവും ആഥർവവേദവും നൽകുന്നു.

**സംഗച്ഛധ്വം സം വദധ്വം സം വോ മനാംസി ജാനതാം**
**ദേവാ ഭാഗം യഥാ പൂർവേ സംജ്ഞാനാനാ ഉപാസതേ**
**സമാനോ മന്ത്രഃ സമിതിഃ സമാനീ സമാനം മനഃ സമചിത്തമേഷാം**
**സമാനം മന്ത്രം അഭിമന്ത്രയേ വഃ സമാനേന വോ ഹവിഷാ ജുഹോമി**
**സമാനീ വ ആകൂതിഃ സമാനാ ഹൃദയാനി വഃ**
**സമാനം അസ്തു വോ യഥാ വഃ സുസഹാസതി**

ഒരുമിച്ചു ചേരുക, തമ്മിൽ സംസാരിക്കുക, മാനസികമായി ഒന്നിക്കുക. ദേവന്മാർ ഒന്നിക്കുന്നതുപോലെ സത് കർമ്മങ്ങളിലൊ ത്തുചേരുക. നിങ്ങളുടെ ലക്ഷ്യം ഒന്നാകട്ടെ ഒന്നുചേരുന്നതും നന്മക്കാകട്ടെ ഒരേ ലക്ഷ്യവും ഒരേ മനസും ഒന്നു ചേരട്ടെ! ഒരേ പുണ്യ ലക്ഷ്യം ഞാൻ നിങ്ങൾക്കാശംസിക്കട്ടെ! ഒന്നായി നിങ്ങൾ ചെയ്യുന്ന യജ്ഞകർമ്മം പ്രാർത്ഥനയാകട്ടെ! നിങ്ങളുടെ ഹൃദയവും, ശരീരവും ഒന്നായ ലക്ഷ്യപ്രാപ്തിക്കായിത്തീരട്ടെ! സമ്പൂർണ ഐക്യത്തിൽ സന്തോഷത്തോടെ ജീവിക്കുമാറാകട്ടെ!

ഇപ്രകാരം വൈദീക പ്രാർത്ഥനകളിലും സ്തുതികളിലും നിറഞ്ഞു നിൽക്കുന്ന ആയിരക്കണക്കിന് ഉപദേശങ്ങൾ സമഗ്രമായ അറിവിൻെറ സന്ദേശങ്ങളാണ്.

വേദത്തെ മറ്റു മതഗ്രന്ഥങ്ങളുമായി താരതമ്യം ചെയ്യുവാൻ ശ്രമിച്ചാൽ പരാജയപ്പെടുന്നത്, വേദങ്ങളിൽ കഥകളല്ല, എന്നതു



Scanned with CamScanner

കൊണ്ടു തന്നെ. നന്മയെ ദൈവികചൈതന്യമായും തിന്മയെ നീചന്മാരായും, വ്യത്യസ്ഥ പേരുകളിൽ അവർ വിളിച്ചു. പ്രപഞ്ച പ്രതിഭാസങ്ങൾക്കാധാരമായ ഈശ്വരചൈതന്യം നന്മയെ വളർത്തുന്നു എന്നതിൻെറ സന്ദേശങ്ങളാണ് വേദവരികൾ നൽകുന്നത്.

**മനുഷ്യരാശിയുടെ കർമ്മ-ധർമ്മ-ചിന്താ മണ്ഡലങ്ങളെ സമഗ്രമായി സ്പർശിക്കുന്നതു കൊണ്ടും, ഇന്ന് നിലവിലുള്ള എല്ലാ അറിവുകളുടെയും അടിസ്ഥാന തത്വങ്ങളെല്ലാം ദർശിക്കുവാൻ സാധിക്കുന്നതുകൊണ്ടുമാണ് വേദങ്ങൾ സർവവിധ ജ്ഞാനത്തിൻേറയും ആധാരമെന്നു പറയുന്നത്.**

ബ്രാഹ്മണങ്ങൾ കർമ്മകാണ്ഡങ്ങളാണ്. വേദമന്ത്രങ്ങൾചൊല്ലി നടത്തുന്ന സ്തുതികളിലൂടെ യാഗത്തിലും യജ്ഞത്തിലും ദേവതമാർക്കർപ്പിക്കുന്ന പൂജകളോ ആഹൂതികളോ ആണിതിലെ പ്രധാനവിഷയങ്ങൾ. ഉദാഹരണത്തിന് ഐതരേയ ബ്രാഹ്മണം നൽകുന്ന വിവരണങ്ങളിവിടെ ഉദ്ധരിക്കാം.

**ആഹൂതയോ വൈ നാമൈതാ യദാഹൂതയ:** അർപ്പിക്കുന്നതുകൊണ്ട് ആഹൂതി എന്ന് പേരുണ്ടായി. **ത്വയാ യജ്ഞം വിതന്വത** - അതിനാൽ യജ്ഞം ചെയ്താലും. **അഗ്നിപ്രത്നേ മന്മനാ സോമ ഗീർഭിഷ്ട്വാ വയമിതി യ: പൂർവമിജ്ഞാന: സ്യാത് തമൈസ്മ** - സോമയാഗകർമ്മത്തിൽ സോമരസാഹൂതി കർമ്മം നടത്തുന്നതാണിത്. **ഹോതൃജപം ജപതി** - ഇവിടെ ഹോതാവ് ജപം ചെയ്യുന്നു എന്നരുളിചെയ്യുന്നു - **ഉപാംശു ജപതി. യജമാനം ഹ വാ ഏതേന യജ്ഞാദ് ദേവയോന്യൈ പ്രജനയതി** ഈ യജ്ഞത്താൽ യജമാനൻ ദേവയോനിൽ ജനിക്കട്ടെ. **സാ പതിത്വാ സോമപാലാൻ ഭിഷയിത്വാ പർശ്യാം ച മുഖേന ച സോമം രാജാനം സമഗൃഭ്ണാത്** - രാജാവ് യജമാനനായി വരുന്ന യാഗത്തിലെ രാജാവിൻെറ സോമരസപാനം, ലേപനം എന്നിവയുടെ വിവരണം.

ആരണ്യകത്തിൻെറ പ്രത്യേകത യജ്ഞകർമ്മങ്ങൾ ജ്ഞാന-മോക്ഷ മാർഗത്തിലൂന്നി ചെയ്യുന്നു. പരമമായ ലക്ഷ്യം മോക്ഷ പ്രാപ്തിയും എന്നാൽ ഇതേ യജ്ഞകർമ്മങ്ങൾ ബ്രാഹ്മണത്തിൽ നടത്തുമ്പോൾ ഭൗതികസുഖസമൃദ്ധിയും ലക്ഷ്യമായി വരുന്നുണ്ട്. ഐതരേയ ആരണ്യകത്തിൻെറ രണ്ടാം ആരണ്യക ഭാഗമാണ് യഥാർത്ഥ ആരണ്യകത്തിൻെറ ജ്ഞാനഭാഗം. അതിപ്രകാരം ആരംഭിക്കുന്നു.

**ഏഷ പന്ഥാ: ഏതൽ കർമ്മ ഏതത് ബ്രഹ്മ ഏതത്സത്യം**



Scanned with CamScanner

ഇതാണ് വഴി, കർമ്മം, ബ്രഹ്മം, സത്യം എല്ലാം ഇതുതന്നെ. അന്നമശിതയ - **അന്നേനഹിദം സർവമശ്നുതേ** - അന്ന മഹത്വമാണി വരിയിലെ വിവരണം.

**രേതസോ രേതഃ പ്രജ്ഞഃ പ്രജ്ഞാനാം രേതോ ഹൃദയം ഹൃദയസ്യരേതോ മനഃ മനസോ രേതോ വാക് വാചോ രേതഃ കർമ്മ തദിദം കർമ്മകൃതം**

ചൈതന്യത്തിൻെറ ചൈതന്യം പ്രജ്ഞകളും, പ്രജ്ഞകളുടെ ചൈതന്യം ഹൃദയവും, ഹൃദയത്തിൻെറ ചൈതന്യം മനസും, മനസ്സിന്റേത് വാക്കും, വാക്കിന്റേത് കർമ്മവും, ആയതിനാൽ സർവ്വചൈതന്യവും കർമ്മത്തിൽ നിന്നുത്ഭവിക്കുന്നു.

ഇപ്രകാരം ആരണ്യകത്തിലും, ആരണ്യകത്തിൻെറ അന്ത്യത്തിൽ വരുന്ന ഉപനിഷത്തുക്കളെപോലെ ആത്മ-പരമാത്മ ബ്രഹ്മ-ചൈതന്യവിവരണവും അവയ്ക്കുള്ള ആഹൂതിയും-യജ്ഞാദികളും നൽകിയിരിക്കുന്നു. ഗൃഹസ്ഥാശ്രമം കഴിഞ്ഞ് സന്യാസത്തിനായി വാനപ്രസ്ഥം നടത്തുമ്പോൾ പരമമായ ജ്ഞാനത്തിലേക്കുള്ള മാർഗാന്വേഷണം നടത്തുന്നത് ആരണ്യത്തിലായതുകൊണ്ടുതന്നെ ഈ ഭാഗം ആരണ്യകമായിത്തീർന്നു.

വേദാന്തമായി അറിയപ്പെടുന്നത്, വേദസാഹിത്യങ്ങളായ സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷദ് എന്നീ നാലു ഭാഗങ്ങളിൽ, അന്ത്യത്തിൽ വരുന്നത് പരമമായ പ്രപഞ്ചചൈതന്യം-ജ്ഞാനം-അനുഭവം-ജീവൻ-പ്രാണൻ-ഞാൻ-വിചാരം വികാരം-ഊർജ്ജസ്രോതസ്സുകൾ- എന്നീ വിവിധതലങ്ങളിലെ വിവരണങ്ങളടങ്ങുന്ന ഉപനിഷദ്ഗ്രന്ഥങ്ങളാണ്.

**ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം**
**തത്വം പൂഷന്നപാവൃണു സത്യധർമ്മായ ദൃഷ്ടയേ.**

പരമമായ അണുമുതൽ അതിമഹത്തായ പ്രപഞ്ചം വരെ സ്വർണനിറത്തിലുള്ള (തിളക്കമുള്ള) ആവരണത്താൽ മൂടപ്പെട്ടിരിക്കുന്നു. ഈ ആവരണം നീക്കം ചെയ്താൽ ദൃശ്യമാകുന്നത്, സത്യത്തിൻേറയും ധർമ്മത്തിൻേറയും മൂലാധാരമാണ്. ബ്രഹ്മചൈതന്യം പ്രത്യക്ഷത്തിൽ ദൃശ്യമല്ലെങ്കിലും അഗാധതയിലേക്കിറങ്ങി ചെല്ലേണ്ടതുണ്ടെന്നും ആഹ്വാനം ചെയ്യുന്നതാണ് ഉപനിഷത്തുകൾ.

**വിദ്യാം ചാവിദ്യാംച യസ്തദ്വേദോഭയം സഹ**
**അവിദ്യയാ മൃത്യും തീർത്വാ വിദ്യയാമൃതമശ്നുതേ**



Scanned with CamScanner

ആത്മീയമായ അറിവ്, ഭൗതികമായ അറിവ് എന്നിങ്ങിനെ രണ്ടുപ്രകാരം ജ്ഞാനമാണുള്ളത്. ഭൗതികജ്ഞാനത്താൽ ഭൗതീകസുഖത്തിനായി പ്രവർത്തിച്ച് ആത്മീയവിദ്യയാൽ അമരത്വത്തെ പ്രാപിക്കുവാൻ നിർദ്ദേശിക്കുന്നതും ഉപനിഷത്താണ്.

**ആത്മാ വാ ഇദമേക ഏവാഗ്ര ആസീത്.**
**നാന്യത് കിംചനമിഷത് സ ഈക്ഷത ലോകാന്നു സംജ്ഞാ ഇതി.**

പ്രപഞ്ചസൃഷ്ടിയുടെ ആരംഭത്തിൽ ആത്മചൈതന്യംമാത്രം ഉണ്ടായിരുന്നു. മറ്റൊന്നുമുണ്ടായിരുന്നില്ല. ഈ പ്രപഞ്ചചൈതന്യം സൃഷ്ടിനടത്തുവാൻ ആരംഭിച്ചു. പ്രപഞ്ചത്തിൻെറ Self awareness എന്ന ആധുനിക ശാസ്ത്രകണ്ടുപിടുത്തം ഐതരേയ ഉപനിഷത്തിൽ വ്യക്തമാണല്ലോ. **ജ്ഞാനം ജ്ഞേയം ച വിജ്ഞേയം സദാ ബുധൈഃ പ്രകീർത്തിതം** - അറിവ്, അറിവിന്നാധാരമായ വസ്തു അറിയേണ്ടത് എന്നിങ്ങിനെ മൂന്നു വസ്തുതകൾ അറിവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് **മാണ്ഡൂക്യ ഉപനിഷദ്.**

**ജാഗരിതസ്ഥാനോ വൈശ്വാനരോഽകാരഃ .......**
**സ്വപ്നസ്ഥാന സൈത്ജസ ഉകാരോ ദ്വിതീയാ ....**
**സുഷുപ്തസ്ഥാനഃ പ്രാജ്ഞോ മകാരസ്തൃതീയാ .....**

ജാഗ്രത് സ്ഥാനം ഓംകാരത്തിൻെറ വൈശ്വാനരനായ അകാരവും സ്വപ്നസ്ഥാനത്ത് തൈജസനായ ഉകാരവും സുഷുപ്തസ്ഥാനത്ത് പ്രാജ്ഞനായ മ കാരവുമാണ്. ഓംകാരം മനശാസ്ത്രവുമായി ബന്ധപ്പെടുത്തിയിരിക്കുകയാണ് മാണ്ഡൂക്യ ഉപനിഷത്തിലെ ഈ വരികൾ.

**യ ഏകോഽവർണോ ബഹുധാ ശക്തിയോഗാദ്**
**വർണാനനേകാൻ നിഹിതാർത്ഥോദധാതി**

പരമവും ഏകവുമായ ഈ അവർണനീയചൈതന്യം സ്വന്തം ശക്തിയാൽ തന്നെ അനേകം വർണത്തെ ജനിപ്പിക്കുന്നു.

**തദേവാഗ്നി സ്തദാദിത്യസ്തദ്വായുസ്തദു ചന്ദ്രമാഃ**
**തദേവശുക്രം തദ്ബ്രഹ്മ തദാപ സ്തത് പ്രജാപതി**

പരമമായ ചൈതന്യം തന്നെയാണ് അഗ്നിയിലും, ആദിത്യനിലും, വായുവിലും, ചന്ദ്രനിലും, ജലത്തിലും, പ്രജാപതിയിലും നിറഞ്ഞു നിൽക്കുന്ന ബ്രഹ്മചൈതന്യം.

**സ്ഥൂലാനി സൂക്ഷ്മാണി ബഹൂനിചൈവ രൂപാണി ദേഹീ**



Scanned with CamScanner

**സ്വഗുണൈർവ്യൃണോതി -** സ്വന്തം ഗുണത്താൽ തന്നെ ഈ ചൈതന്യം ഏകവും അനേകവുമായതും - സൂക്ഷ്മവും സ്ഥൂലവുമായ ഗുണത്തേയും രൂപത്തേയും പ്രാപിക്കുന്നു.

ഈ വരികളെല്ലാം ബ്രഹ്മചൈതന്യത്തെക്കുറിച്ച് ശ്വേതാശ്വേതര ഉപനിഷദ് നൽകുന്ന വിവരണങ്ങളാണ്.

**ഋതംതപഃ സത്യംതപഃ ശ്രുതം തപഃ ശാന്തം തപോ ദമസ്തപഃ ശമസ്തപോ ദാനം തപോ യജ്ഞം തപോ ഭൂർഭുവഃ സുവർ ബ്രഹ്മൈതദുപാസ്യൈതത്തപഃ**

ശരി-സത്യം-ജ്ഞാനം-ശാന്തി-പക്വത-താഴ്മ-വളർച-ദാനം-യജ്ഞം - ഇവയെല്ലാം ഭൂ-ഭുവ-സ്വ മണ്ഡലങ്ങളിൽ വിരാജിക്കുന്ന ബ്രഹ്മ ചൈതന്യത്തിൻെറ തപസുതന്നെ.

**അണോരണീയാൻ മഹതോ മഹീയാനാത്മ ഗുഹായാം നിഹിതോസ്യജന്തോഃ** അണുവിൽ വെച്ചേറ്റവും ചെറിയ പരമാണുവിലും മഹത്തായതിൽ വെച്ചേറ്റവും മഹത്തിലും ജീവജ്ജാലങ്ങളിൽ നിറഞ്ഞിരിക്കുന്നതുമായ ചൈതന്യമത്രെ (പരമമായ ബ്രഹ്മചൈതന്യം) എന്ന് മഹാനാരയണോപനിഷത്തിലുള്ള ശതക്കണക്കിന് വരികളിൽ വിവരിക്കുന്നു.

**പ്രപഞ്ചത്തിലെ ശാശ്വതമായ സത്യങ്ങൾ, വസ്തുതകൾ, അറിവ് എന്നിവയെക്കുറിച്ച് വേദങ്ങളും, അവയുമായി ബന്ധപ്പെട്ട കർമ്മഭാഗങ്ങളായ ബ്രാഹ്മണത്തിലും. അറിവിൻെറ പന്ഥാവിലൂടെ ജീവിക്കുവാൻ ഒരുമ്പെടുന്ന ആരണ്യകത്തിലും, പരമമായ സത്യങ്ങളുടെ ഒരു പരമ്പരതന്നെ ഉപനിഷത്തുകളിലും വിവരിക്കുന്നതുകൊണ്ടാണ് ഭാരതീയ സംസ്കൃതിയുടെ ആധാരശിലകൾ, വൈദീക ദർശനങ്ങളിലന്തർലീനമാണെന്ന് പറയുന്നത്.**

വേദങ്ങളെ ആധാരമാക്കിത്തന്നെയാണ് വേദാംഗങ്ങളുടെ ഉത്ഭവവും വളർച്ചയും. സഹസ്രക്കണക്കിന് സംസ്കൃത പദങ്ങളുടെ ഉത്ഭവം, പ്രയോഗം, ക്രമീകരണം എന്നിവ ഗദ്യത്തിലും പദ്യത്തിലും ഉൾക്കൊള്ളിക്കുന്നതിനുള്ള സമഗ്രമായ അറിവാണ് ശിക്ഷ-വ്യാകരണം-നിരുക്തം - ഛന്ദശാസ്ത്രം. ആധുനികഭാരതിയ സാഹിത്യവിജ്ഞാനം പുരാതനഭാരതീയ സാഹിത്യ രചനാസംഭാവനകളെ അണുവിട വ്യത്യാസമില്ലാതെ പ്രയോഗത്തിൽ വരുത്തിക്കൊണ്ടേയിരിക്കുന്നു. സമസ്ത ഭാരതീയ ഭാഷകൾക്കും,



Scanned with CamScanner

ജർമ്മൻ-സ്പാനിഷ്പോലുള്ള യൂറോപ്യൻ ഭാഷകൾക്കും സംസ്ക്കാരത്തിൻെറ ദീപപ്രഭയായ സാഹിത്യ രചനകളിൽ, സംസ്കൃതത്തിലൂടെ ലോകത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ വൈദികജ്ഞാനം, തന്നെ ചൈതന്യം നൽകുന്നു.

ശിക്ഷാ ഗ്രന്ഥമായ ശൗനകീയ ശിക്ഷ ആരംഭിക്കുന്നതുതന്നെ വേദലക്ഷണം വിവരിച്ചുകൊണ്ടാണ്.

**വേദസ്യലക്ഷണം സമ്യഗ്ബാലാനാം ബുദ്ധിവർധനം**
**യഥോക്തം പൂർവശാസ്ത്രേഷു തഥാ സംക്ഷിപ്തമർത്ഥവത്.**

മറ്റു ശാസ്ത്രങ്ങളിൽ വിവരിച്ചിരിക്കുന്നതുപോലെ സംക്ഷിപ്തമായ അർത്ഥത്തോടെ ബുദ്ധി വർദ്ധന എന്ന ലക്ഷ്യത്തിനായി - സമഗ്രജ്ഞാനത്തിനായി വർത്തിക്കുന്നതാണ് വേദം. ശിക്ഷ എന്ന സാഹിത്യഭാഗം തന്നെ ശിക്ഷാ ശിക്ഷയതിവ്യക്തം വർണോച്ചാരണ ലക്ഷണം - എല്ലാത്തിന്റേയും വർണഉച്ചാരണലക്ഷണങ്ങൾ പഠിപ്പിക്കുന്നതിനാണ് ശിക്ഷാ ഗ്രന്ഥങ്ങൾ ലക്ഷ്യമിടുന്നത്.

**ദ്വിവിധശ്ച സ്വരോ ജ്ഞേയോ നാസിക്യസ്സാനുനാസികഃ**
**ഉദാത്തശ്ചാനുദാത്തശ്ച സ്വരിതഃ പ്രചയസ്തഥാ**

നാസിക്യവും അനുനാസിക്യവും എന്ന് രണ്ടുപ്രകാരം സ്വരങ്ങളുണ്ട്. ഉദാത്തം, അനുദാത്തം, സ്വരിതം, പ്രചയം എന്നിപ്രകാരം നാല് സ്വരങ്ങൾ ഉപഭാഗമായിട്ടുണ്ട്.

ഓംകാരം ചൊല്ലേണ്ടതിനെക്കുറിച്ച് ശിക്ഷാഗ്രന്ഥം ഇങ്ങിനെ വിവരിക്കുന്നു. **ത്രിസ്ഥാനഞ്ച ത്രിമാത്രഞ്ച ത്രിബ്രഹ്മഞ്ച ത്രിയക്ഷരം** - കണ്ഠം, ഓഷ്ഠം, നാസിക എന്നി മൂന്നു സ്ഥാനങ്ങളിൽനിന്ന്, മൂന്നു മാത്രസമയത്തിൽ, മൂന്നു ബ്രഹ്മചൈതന്യമായ അ-ഉ-മ കാരം മൂന്നക്ഷരത്തിൽ ചൊല്ലേണം.

**ഉദാത്തഃ പൂർവഭാഗസ്തു പരഭാഗോ നിഹന്യതേ**
**ഉദാത്തകമ്പ ഇത്യുക്തഃ കുത്രചിഞ്ചാപി ദൃശ്യതേ**

(വിറപ്പിച്ചുചൊല്ലേണ്ടസ്വരമായ) കമ്പ സ്വരത്തിൻെറ ആരംഭം ഉദാത്തവും അവസാനം അനുദാത്തവും എങ്കിൽ അത് ഉദാത്തകമ്പമത്രെ. **ചതുർമാത്രശ്ചഷൺമാത്രഃ പ്രണവഃ കീർത്യതേ ബുധൈഃ** - നാലുമാത്രയുള്ളതും, ആറുമാത്രയുള്ളതുമാണ് ഓംകാരമെന്ന പ്രണവം എന്ന് ബുദ്ധിമാന്മാർ പറയുന്നു. ഇപ്രകാരം



Scanned with CamScanner

നോക്കിയാൽ മന്ത്രങ്ങളിൽ മാത്രമല്ല ആധുനിക ഗദ്യപദ്യസാഹിത്യരചനകളിൽ നിറഞ്ഞുനിൽക്കുന്ന അക്ഷരപ്രയോഗങ്ങളുടെ അടിസ്ഥാന നിയമങ്ങൾ വിവരിക്കുന്നത് പുരാതന ശിക്ഷാഗ്രന്ഥങ്ങളാണ്. അനവധി ശിക്ഷാഗ്രന്ഥങ്ങൾ പൂർവ്വഋഷിവിരചിതങ്ങളായിട്ടുണ്ട്.

പദങ്ങൾ തമ്മിൽ ചേരുമ്പോൾ അനുശാസിക്കേണ്ട നിയമങ്ങളാണ് വ്യാകരണഗ്രന്ഥങ്ങളിലുള്ളത്. പദങ്ങളുടെ ഉദ്ഭവവും വ്യാകരണ ഗ്രന്ഥങ്ങളിൽ പ്രധാനവിഷയം തന്നെ. പാണിനിയുടെ അഷ്ടാധ്യായിയാണ് ആധുനിക ഭാഷാശാസ്ത്രത്തിനുപോലും അടിസ്ഥാനം. വ്യാകരണഗ്രന്ഥങ്ങളും

സ്വരത്തെക്കുറിച്ച് പാണിനി ഇപ്രകാരം സൂചിപ്പിക്കുന്നു. **സ്വതോ രാജന്തി യേ വർണ്ണാഃ തേ സ്വരാഃ** - വർണ്ണങ്ങളെ ശോഭിപ്പിക്കുന്നതാണ് സ്വരങ്ങൾ. **ത്രിഷഷ്ഠിശ്ചതുഃഷഷ്ഠിർവാ വർണ്ണാശ്ശംഭുമതേ മതാഃ - സ്വരാവിംശതിരേകശ്ച സ്പർശാനാം പഞ്ചവിംശതി** എന്ന് പാണിനി. ശംഭു ആചാര്യമതപ്രകാരം വർണ്ണങ്ങൾ അറുപത്തിമൂന്നോ അറുപത്തിനാലോ ആകുന്നു. സ്വരങ്ങളാകട്ടെ 21 ഉം സ്പർശങ്ങൾ 25 ഉം ആകുന്നു.

**അഷ്ടൗ സ്ഥാനാനി വർണ്ണാനാം ഉരഃകണ്ഠഃ ശിരസ്തഥാ**
**ജിഹ്വാമൂലഞ്ച ദന്താശ്ച നാസികോഷ്ഠൗ ച താലു ച**

വർണ്ണാക്ഷരങ്ങൾ മനുഷ്യശരീരത്തിലെ എട്ട് സ്ഥാനങ്ങളിൽ നിന്നുത്ഭവിക്കുന്നു. ഉരസ്, കണ്ഠം, ശിരസ്, ജിഹ്വാ, മൂലം, ദന്തം, നാസിക, താലു എന്നിപ്രകാരം എട്ടെണ്ണം.

ശബ്ദോത്ഭവം മുതൽ പദപ്രയോഗങ്ങളുടെ ഓരോനിയമവും വിവരിക്കുന്നതിന് എല്ലാ വ്യാകരണ കർത്താക്കളും ഉദാഹരണങ്ങളെടുക്കുന്നത് പൂർണമായും വേദങ്ങളിൽ നിന്നാണ്. മറ്റൊരർത്ഥത്തിൽ വേദങ്ങൾക്ക് ശ്രുതിവരുവാൻ നൽകുന്ന ഭാഷാപരമായ വ്യാഖ്യാനങ്ങളാണ് ശിക്ഷാ-വ്യാകരണ ഗ്രന്ഥങ്ങൾ.

നൈഘണ്ടുകം-നൈഗമം-ദേവതം എന്നിപ്രകാരം മൂന്നു കാണ്ഡങ്ങളായി തിരിച്ചിരിക്കുന്ന നിരുക്ത ഗ്രന്ഥത്തെ ആധുനിക ഭാരതീയ പദങ്ങളുടെ ഉത്ഭവസ്രോതസുകളായി കാണാവുന്നതാണ്. നിഘണ്ടു എന്ന പദപ്രയോഗം തന്നെ യാസ്കാചാര്യനെപോലുള്ള അനവധി ഭാഷാ പണ്ഡിതന്മാർ എഴുതിയ നിരുക്ത ഗ്രന്ഥങ്ങളിലെ നൈഘണ്ടുക ഭാഗത്തിൽ നിന്നുത്ഭവിച്ചതാണ്. ഓരോ



Scanned with CamScanner

നാമത്തിൻേറയും വേദത്തിൻേറയും ഉത്ഭവം ഇതിൽ വിവരിക്കുന്നു. **ആദത്തേ രസാനാം ആദത്തേഭാസം ഇതി ആദിത്യ** - രശ്മികളെ നമുക്ക് തരുന്നു - പ്രപഞ്ചത്തിനും തരുന്നു-എന്നതുകൊണ്ടാണ് ആദിത്യൻ എന്നു പേരുണ്ടായത്. **ഉപാഹരന്ത്യസ്മിൻ കർമ്മാണി - അഹഃ** - നമ്മുടെ കർമ്മങ്ങളെ ശ്രേഷ്ഠമാക്കുന്ന (സമയം) ആയതിനാൽ അഹസ് - അഥവാ ദിവസം **വചേ- വാക്** പദത്തിൽ നിന്ന് വാക്കുണ്ടായി. **കർമ്മ-ക്രിയത ഇതി സത :** ചെയ്യുന്നത് എന്നർത്ഥത്തിൽ കർമ്മം. **മനസ്യമാനേന സൃഷ്ടാഃ മനസ്യതി പുനഃ** മനസിനാൽ (പ്രജാപതി) സൃഷ്ടിച്ചതിനാൽ മനുഷ്യൻ (അഥവാ മനസ്സുമായി സൃഷ്ടിച്ചതിനാൽ...) **സത്സു തായതേ - സത്യം** - നന്മയുള്ളവരിൽ കാണുന്നതും പ്രയോഗിക്കുന്നതുമായതെന്തോ അത് സത്യം. **അന്തരാ ഇമേ ക്ഷിയതി ഇതി അന്തരിക്ഷം** - ഉള്ളിൽ സർവജ്യോതി രൂപങ്ങളും വർത്തിക്കുന്നതുകൊണ്ട് അന്തരീക്ഷം എന്നപദം ഉണ്ടായി.

**സമഭിദ്രവന്ത്യേനമാപഃ സമുദ്രഃ** തുല്യമായി വർത്തിക്കുന്ന ജലമായതുകൊണ്ട് സമുദ്രം എന്ന പദം. ദേവനാമങ്ങളും, കർമ്മനാമങ്ങളുമെല്ലാം നിരുക്തത്തിൽ, വേദവരികളിൽ നിന്നും അനേകം ഉദാഹരണങ്ങളെടുത്തു വിവരിക്കുന്നുണ്ട്.

**ഛന്ദശാസ്ത്രത്തിൽ** കവിത-വേദ മന്ത്ര രചന (പദ്യം) യുടെ നിയമങ്ങളനുസരിച്ചെഴുതിയിരിക്കുന്ന ഛന്ദസ്സുകളെക്കുറിച്ചാണ് വിവരിക്കുന്നത്. **ദ്വിരർദ്ധേ** - രണ്ടിൻെറ പകുതി **രൂപേശൂന്യം** - അതിൽ നിന്നൊന്നുകുറച്ചാൽ ശൂന്യം. **പ്രതിലോമഗണം ദ്വിർലാദ്യം** - കവിതയുടെ വൃത്തസംഖ്യ കണ്ടുപിടിക്കുവാനുള്ള പ്രക്രിയവിവരണമാണിത്.

**ജഗത്യാ ആദിത്യാ** - ജഗതിഛന്ദസിൻെറ പാദത്തിന് 12 അക്ഷരം (ആദിത്യ = ദ്വാദശാദിത്യന്മാരായതുകൊണ്ട് ആദിത്യ എന്നതിന് ഭൂതസംഖ്യാപ്രകാരം 12 എന്ന് മൂല്യം) **ത്രിഷ്ടുഭോ രുദ്രാ** - തൃഷ്ടുഭ് ഛന്ദപാദത്തിന് 11 അക്ഷരം (ഏകാദശരുദ്രന്മാരായതുകൊണ്ട് രുദ്ര = പതിനൊന്ന്) **ഗായത്ര്യാ വസവഃ** - ഗായത്രിഛന്ദപാദത്തിൽ 8 അക്ഷരം. കവിതാരചനയുടെ നിയമങ്ങൾ, സവിസ്തരം പ്രതിപാദിക്കുന്ന ഒരു വേദാംഗമാണ് ഛന്ദശാസ്ത്രം. ഓരോ ഛന്ദസ്സിനും, മേൽവിവരിച്ച സംഖ്യയുടെ നാലിരട്ടിയാണ് ഛന്ദസംഖ്യ ശിക്ഷ - നിരുക്ത- വ്യാകരണ-ഛന്ദശാസ്ത്രങ്ങൾ ഒരുമിച്ചുചേർന്നാൽ ആധുനിക സാഹിത്യത്തിലെ സമ്പൂർണ്ണ



Scanned with CamScanner

വിവരണങ്ങളുടേയും പദപ്രയോഗ ങ്ങളുടെയും അടിസ്ഥാന നിയമങ്ങളും തത്വങ്ങളാകും.

സാഹിത്യരചനാരീതികളാണ് ആദ്യത്തെ നാലു വേദാംഗ വിഷയങ്ങൾ. എന്നാൽ ജ്യോതിഷം ഗണിതത്തിൻെറയും ജ്യോതി ശാസ്ത്രത്തിൻേറയും അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തിരിക്കുന്നു. ഇവ രണ്ടും ശുദ്ധ ശാസ്ത്രങ്ങളാണുതാനും. സംസ്കൃത-ഭൂതസംഖ്യ-ആര്യഭടീയ-കടപയാദി സംഖ്യാരചനാ മാർഗത്തിലൂടെ സമഗ്രമായ ഗണിതവും, ജ്യോതിശാസ്ത്രവും ജ്യോതിഷമെന്ന വേദാംഗത്തിലൂടെ രചിക്കപ്പെട്ടു. ഭൂഭ്രമണത്തെക്കുറിച്ച് ആര്യഭടൻ വിവരിച്ചിട്ടുണ്ട് **കു ആവർത്താശ്ചാപി നാക്ഷത്രാഃ** ഭൂമിയുടെ ആവർത്തിച്ചുള്ള ഭ്രമണത്താൽ ദിനമുണ്ടാകുന്നു. **ഞിലാ ഭൂവ്യാസഃ** 1050 യോജനയാണ് ഭൂവ്യാസം എന്നും **പ്രാണമൈനെതി കാലാം ഭൂഃ** എന്ന വരിയിലൂടെ ഒരു ശ്വാസനിശ്വാസ സമയത്തിൽ (4 സെക്കൻറിൽ) ഭൂമി ഒരു മിനിറ്റ് ഭ്രമണം ചെയ്യുന്നു എന്നും ആര്യഭടീയത്തിൽ വിവരിക്കുന്നു.

**വ്യോമശൂന്യ ശരാദ്രി ഇന്ദുരന്ധ്ര അദ്ര്യദ്രിശരേന്ദവഃ ഭൂദിനാനിതു** (ഭൂതസംഖ്യരചനയിലൂടെ) ഒരു മഹായുഗത്തിൽ - 4320000 വർഷത്തിൽ - 1577917500 ദിനങ്ങളാണുള്ളത് എന്ന് ലല്ലാചാര്യൻ വിവരിക്കുന്നു. ഭൂമിയും സൂര്യനും തമ്മിലുള്ള അകലം ഏറ്റവും കൂട്ടുമ്പോൾ ആംഗിൾ അളവ് **ദ്വിരാശി അഷ്ടാദശഭാഗഃ** എന്നു നൽകുന്ന മേടസംക്രാന്തിയിൽ നിന്ന് 78° അകലത്തിലാണ് അപോജി എന്ന അത്യാധുനിക ഗണിതമൂല്യം തന്നെ ലഭിക്കുന്നു.

**ഏകോന ഷഷ്ടിലിപ്താഃ അഷ്ടൗവിലിപ്താ** - ഭൂമി സൂര്യനു ചുറ്റും പ്രദക്ഷിണം വെക്കുന്ന ആംഗുലർ വെലോസിറ്റി പ്രതിദിനം 59 മിനിറ്റ് 8 സെക്കൻറാണെന്ന് ഭാസ്കരാചാര്യൻ വിവരിക്കുമ്പോൾ കടപയാദി സംഖ്യയിലൂടെ **ഗോപാജ്ഞയാദിനധാമ** എന്ന 59′ 08″ 10‴ 13⁗ (59 മിനിറ്റ് 8 സെക്കൻറ് 10 ലിപ്തം 13 പ്രലിപ്തം) ആണെന്ന് പുതുമന സോമായജി പറയുന്നു. **ഛാദയതി ശശി സൂര്യം ശശിനം മഹതി ച ഭൂച്ഛായാ** - ചന്ദ്രൻ സൂര്യനെ മറയ്ക്കുന്നു. ചന്ദ്രനെയാകട്ടെ മഹത്തായ ഭൂമിയുടെ നിഴൽ മറയ്ക്കുന്നു എന്ന് ഗ്രഹണത്തെക്കുറിച്ച് വ്യക്തമായി സഹസ്രാബ്ദങ്ങൾക്കുമുമ്പുതന്നെ ഭാരതത്തിൽ വിവരിച്ചിട്ടുണ്ട്.

**ഉദയോ യോ ലങ്കായാം സോഽസ്തമയോ സവിതുരേവസിദ്ധപുരേ മധ്യാഹ്നോ യവ കോട്യാം വാ രോമകവിഷയേഽർധരാത്രംസ്യാത്**



Scanned with CamScanner

ലങ്കയിൽ ഉദയമായിരിക്കുമ്പോൾ അതേസൂര്യൻ സിദ്ധപുരത്തിൽ (ഗാട്ടിമാല) അസ്തമയസൂര്യനാകും. യവകോടിയിലപ്പോൾ മധ്യാഹ്നവും റോമിൽ അർധരാത്രിയുമായിരിക്കും എന്ന് പൂർണവിജ്ഞാനം ജ്യോതിഷഗ്രന്ഥത്തിൽ കാണാം. ആര്യഭടന്മാരുടേയും ഭാസ്കരന്മാരുടേയും, ലല്ലാചാര്യൻേറയും, ബ്രഹ്മഗുപ്തൻേറയും വരാഹമിഹിരൻേറയും മറ്റു ഗണിതങ്ങളിലെ ജ്യോതിശാസ്ത്രജ്ഞന്മാരുടേയും അനവധി ജ്യോതിശാത്രഗ്രന്ഥങ്ങളിലെ അത്യുജ്ജ്വലമായ ഗണിതവും, ജ്യോതിശാസ്ത്രവും ജ്യോതിഷത്തിൻെറ അടിസ്ഥാനശിലകളായി വർത്തിക്കുമ്പോൾ, ജാതകവും, പ്രശ്നവും, നിമിത്തവും, മുഹൂർത്തവും, മനുഷ്യൻെറ സങ്കീർണമായ പ്രശ്നത്തെ ഒരു ദൈവിക സമയത്തിൻെറ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നു.

**ജ്യോതിശ്ശാസ്ത്രമനേകഭേദവിഷയം സ്കന്ധത്രയാധിഷ്ഠിതം**
**തൽക്കാർത്സ്ന്യോപനയസ്യനാമമുനിഭിസ് സങ്കീർത്യതേ സംഹിതാ**
**സ്കന്ധേസ്മിൻ ഗണിതേന യാ ഗ്രഹഗതിസ്തന്ത്രാഭിധാന സ്ത്വസൗ**
**ഹോരാന്യോംഗ വിനിർണയശ്ച കഥിതഃ സ്കന്ധസ്തൃതീയോപരഃ**

ഗണിതം, സംഹിതാ, ഹോര എന്നീ മൂന്ന് സ്കന്ദങ്ങളോടു കൂടിയ ജ്യോതിശ്ശാസ്ത്രം അനേകം ഭേദങ്ങളോടുകൂടിയതും മഹത്തരവുമാകുന്നു. ഇതിൽ ഗണിത സ്കന്ധത്തിൽ ഗ്രഹങ്ങളുടെ ഗതിവിഗതികളും ഗോള യുക്തി മുതലായതും ഹോരാസ്കന്ധത്തിൽ യാത്രവിവാഹാദികളും. സംഹിതസ്കന്ധത്തിൽ നിമിത്തങ്ങളും ലക്ഷണങ്ങളും പറയുന്നു. ഈ ഗ്രന്ഥങ്ങളെല്ലാം പൂർവ്വമുനികൾ സവിസ്തരം രചിച്ചിട്ടുള്ളതാണ് എന്ന് ബൃഹത്സംഹിതയിൽ വരാഹമിഹിരൻ വിവരിക്കുന്നു.

**മുഹൂർത്തം തിഥി നക്ഷത്രമൃതവശ്ചായനേ തഥാ**
**സർവ്വാണ്യോവാകുലാനി സ്യുർന്ന സ്യാത് സാംവത്സരോയദി:**

നല്ല ജ്യോതിശാസ്ത്രജ്ഞനില്ലെങ്കിൽ മുഹൂർത്തം, തിഥി, നക്ഷത്രം, ഋതുക്കൾ, അയനം, മുതലായ അറിയേണ്ട എല്ലാ കാര്യങ്ങളും വളരെക്കുഴപ്പത്തിലാകും. ചുറ്റുപാടും നടക്കുന്ന ഓരോ കാര്യങ്ങളും ഏറെ ശ്രദ്ധയോടെ വീക്ഷിച്ചവരായിരുന്നു ഭാരതീയർ എന്നു വ്യക്തമാക്കുന്നതാണ് ശകുനങ്ങൾ. **ദാരുണനാദസ്തരു കോടരോപഗോ വായസോ മഹാഭയദഃ** കാക്കവൃക്ഷത്തിൻെറ പൊത്തിലിരുന്ന് ക്രൂരസ്വരത്തിൽ കരഞ്ഞാൽ വലിയ ഭയത്തിനു



Scanned with CamScanner

കാരണമാകും..... ബൃഹത്സംഹിതയിലേതാണിവരി. ലക്ഷണവും ഇപ്രകാരമൊരുവിവരണമാണ്.

**തിസ്രോരേഖാശ്ശതജീവിനാം ലലാടയതാഃ സ്ഥിതാ യദി താഃ**

**ച തസ്യഭിരവനീശത്വം നവതിശ്ചായുസ്സപഞ്ചാബ്ദാ**

നെറ്റിയിൽ മൂന്നു രേഖകൾ നെടുകെയുള്ളവർ നൂറ് സംവത്സരം ജീവിച്ചിരിക്കും. നാലു വരകളുണ്ടായാൽ അവർക്കു രാജത്വം ഭവിക്കും. തൊണ്ണൂറ്റിയഞ്ചു വർഷം ജീവിച്ചിരിക്കുന്നവരായിരിക്കും. മനുഷ്യൻെറയും പ്രതിമയുടേയും ഗൃഹത്തിൻെറയുമെല്ലാം ലക്ഷണം വ്യക്തമാക്കുന്ന ഭാഗവും ജ്യോതിഷശാഖയാണ്.

കൽപശാസ്ത്രവേദാംഗത്തിലെ സുൽബഭാഗം യാഗക്രിയകൾക്കാവശ്യമായ അഗ്നികുണ്ഡനിർമ്മാണത്തിൻെറ ഗണിതശാസ്ത്രവും ഇഷ്ടികാനിർമ്മാണവും വിവരിക്കുന്നു. **സമചതുരശ്രസ്യക്ഷണയാ രജ്ജുഃ ദ്വികരണി** – സമചതുരത്തിൻെറ (ആകൃതിയിലുള്ള അഗ്നികുണ്ഡത്തിൻെറ) ഡയഗണൽ $\sqrt{2}$ ആകുന്നു. **യാവാനഗ്നിഃ സാരത്നിപ്രദേശാഷ്ടാവതിം ഭൂമിം പരിമണ്ഡലം കൃത്വാ തസ്മിം ചതുരശ്രം-----** യാവാനഗ്നി സ്ഥാപനത്തിനായി----- വൃത്താകൃതിയിലുള്ളതും രണ്ടായിരത്തിഒന്നു പ്രദേശം വിസ്തൃതിയുള്ള തുമായ കുണ്ഡം നിർമ്മിച്ച് അതിൽ ഉൾക്കൊള്ളുന്ന ഏറ്റവും വലിയ ചതുരശ്ര രൂപമുണ്ടാക്കുക. **ചതുരശ്രേത്യേകേഷാം പരിമണ്ഡലേത്യേകേഷാം** – ഗാർഹപത്യാഗ്നികുണ്ഡം എന്നത് ചിലരുടെ അഭിപ്രായപ്രകാരം ചതുരശ്രവും മറ്റു ചിലരുടെ അഭിപ്രായപ്രകാരം വൃത്തവുമാണ്.

ഇപ്രകാരമുള്ള ജ്യോമട്രി ഗണിതമാണ് സുൽബസൂത്രത്തിലുള്ളത്. ശ്രൗതസൂത്രത്തിലാകട്ടെ യജ്ഞകർമ്മങ്ങൾ വിവരിക്കുന്നു.

**ഏകാഹേന വാ ദ്വ്യാഹേന വാ യഥർതു ഇതി**

ഒരു ദിവസത്തേയും, രണ്ടുദിവസങ്ങളിലേയും യാഗത്തിന്.....

**അഥാസ്യ വ്രതോപേതസ്യ-** യജമാനൻവ്രതത്തിനായി, **പർണ്ണശാലമാഗച്ഛത** – യാഗശാലയിലെ പർണ്ണശാലയിലേക്കു വരുന്നു. **ദേവോ വഃ.... ഇതി യജമാനമീക്ഷതെ,** ദേവോ വാ എന്ന വേദമന്ത്രത്താൽ പ്രാർത്ഥിക്കണം.



Scanned with CamScanner

ബൗധായന ശ്രൗതസൂത്രത്തിലെ മേൽവിവരിച്ച രണ്ടുവരികളിൽ നിന്നും മന്ത്രത്തോടുകൂടിയ യാഗകർമ്മനിർവ്വഹണ വിവരണമാണ് ശ്രൗതസൂത്ര വിഷയമെന്നു വ്യക്തമാകുന്നു.

ഗൃഹ്യസൂത്രം, ഗൃഹ്യകർമ്മങ്ങളും ധർമ്മസൂത്രം, രാഷ്ട്രനീതിയും വിവരിക്കുന്നു. **താമ്രകർഷകൃതാ മുദ്രാ വിജ്ഞേയഃ കാർഷിക പണഃ** ചെമ്പുകൊണ്ടു മുദ്രവച്ചുണ്ടാക്കുന്നതാണ് കാർഷപണം. **പണാനാം ദ്വേശതേ സാർദ്ധേ പ്രഥമഃ സാഹസഃ സ്മൃതഃ** 250 പണം ചേരുമ്പോൾ അതിനെ സാഹസം എന്ന (യൂണിറ്റ്) ആകുന്നു. **പ്രമാണേന ത് കൂടേന മുദ്രയാ വാപി കൂടയാ....** പ്രമാണത്തിലോ പ്രമാണപത്രത്തിലെ മുദ്രയിലോ കൃത്രിമം കാണിക്കുന്നവൻ (ദണ്ഡാർഹനാണ്)

**മാതരം പിതരം ജായം ഭ്രാതരം തനയം ഗുരും**
**ആക്ഷാരയൻ ശതം ദാപ്യഃ പന്ഥാനാം ചാദദദ് ഗുരോഃ**

മാതാ-പിതാ-ഭാര്യാ-ഭ്രാതാവ്-പുത്രൻ-ഗുരു ഇവരെ ഭർത്സിക്കുന്നവൻ നൂറുപണം പിഴയായി (ഗുരുവിന്) ദണ്ഡാമായും ശിക്ഷവിധിക്കാവുന്നതാണ്. **പൃഥക്പൃഥക് ദണ്ഡനീയാ കൂടകൃത്സാക്ഷിണസ്തഥാ....** കള്ള സാക്ഷികൾ വീണ്ടും വീണ്ടും ശിക്ഷാർഹരാണ്.

**ജ്ഞാത്വാപരാധം ദേശം ചകാലം ബലമഥാപിവാ**
**വയഃ കർമ ച വിത്തം ച ദണ്ഡം ദണ്ഡ്യേഷും പാതയേത്**

ദേശം, കാലം, ബലം, വയസ്, കർമ്മം സമ്പത്ത് ഇവ നോക്കി വേണം കുറ്റവാളിക്ക് ഏതു ശിക്ഷയാണ് നൽകേണ്ടതെന്ന് നിശ്ചയിക്കാൻ.

ഇപ്രകാരം പോകുന്നു ധർമ്മസൂത്രത്തിൻേറയും ഗൃഹ്യസൂത്രത്തിൻേറയും വിവരണം. ഇതിൽ നിന്ന് വ്യക്തമാകുന്ന വസ്തുതയുണ്ട്. വേദാംഗങ്ങൾ അഥവാ വേദജ്ഞാനത്തിൻെറ ആസ്തിത്വത്തിന് കാരണഭൂതമായ ഗ്രന്ഥസമാഹാരങ്ങൾ ശാസ്ത്രീയവും - ആത്മീയവും- സാമൂഹികവും- ഭാഷാപരവുമായ സമഗ്രജ്ഞാനത്തിൻേറയും ആദി ജ്ഞാനത്തിൻേറയും ഉറവിടമാണെന്ന്. ഇവയെല്ലാം വേദഗ്രന്ഥങ്ങളിലെ മന്ത്രങ്ങളേയും സന്ദേശങ്ങളേയും അടിസ്ഥാനമാക്കിയാണെന്നും തെളിയുന്നു.

ഉപവേദങ്ങളാണ് അടുത്തവിഭാഗം ഗ്രന്ഥങ്ങൾ. ഉപവേദങ്ങൾ ശുദ്ധശാസ്ത്രഗ്രന്ഥങ്ങളാണെന്ന് നിസ്തർക്കം പറയാം.



Scanned with CamScanner

രാഷ്ട്രത്തിൻെറ സാമ്പത്തിക-ഭരണപരമായ സർവവിവരണങ്ങളുടേയും അടിസ്ഥാനമായ രാജനീതിശാസ്ത്രമാണ് അർത്ഥശാസ്ത്രം. അർത്ഥശാസ്ത്രഗ്രന്ഥങ്ങൾക്ക് ഋഗ്വേദത്തിൻെറ ഉപവേദ സ്ഥാനമാണുള്ളത്. കൗടിലീയ അർത്ഥശാസ്ത്രത്തിൽ ഒരു രാഷ്ട്രത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നതിലപ്പുറം ഇന്നത്തെ രാജനീതിജ്ഞർ എന്തെങ്കിലും പറഞ്ഞിട്ടുണ്ട് എന്നു തോന്നുന്നില്ല.

**ആകാരാധ്യക്ഷഃ സുൽബധാതുശാസ്ത്രരസപാകമണിരാഗജ്ഞാ സഖോ വാ തജ്ജാതകർമ്മ കരോപകരണസമ്പന്നഃ കിട്ടമൂഷാംഗാര ഭസ്മലിംഗം വാകരം ഭൂതപൂർവ്വമഭൂതപൂർവ്വം വാ ഭൂമി പ്രസ്തര രസധാതു.....**

ഖനികളുടെ അദ്ധ്യക്ഷന് (Director) ധാതുക്കൾ, അയിര്, രാസവസ്തുക്കൾ, ലോഹം എന്നിവയുൽപാദിപ്പിക്കുന്നതിൻെറ ചുമതലയാകുന്നു. ഇവയെക്കുറിച്ച് സമഗ്രജ്ഞാനമദ്ദേഹത്തിനുണ്ടായിരിക്കണം- ഇവയെ ഭൂമി ധാതു, പ്രസ്തരധാതു, രസധാതു എന്നിങ്ങനെ മൂന്നായി തരം തിരിച്ച്, വസ്തുതാപരമായ വിശകലനത്തിലൂടെ തിരിച്ചറിയേണ്ടതാണ്.

**ലക്ഷണാധ്യക്ഷഃ ചതുർഭാഗതാമ്രം രൂപ്യരൂപം തീക്ഷ്ണത്രപു സീസാജ്ഞാനാ മന്യതമമാഷബീജയുക്തം കാരയേത് പണം, അർധപണം, പാദ മഷ്ടഭാഗമിതിജ്ഞ**

നാണയനിർമ്മാണാധ്യക്ഷൻ നാലുതരത്തിലുള്ള നാണയമുണ്ടാക്കണം. ഒന്ന്, അർദ്ധം, പാദം, അരക്കാൽ പണം എന്നിവയാണിത്. ചെമ്പ്, വെള്ളി, ഈയം, ഇരുമ്പ് എന്നിവ പ്രധാനമായും, വേണ്ടിവന്നാൽ മറ്റു ലോഹങ്ങളുമുപയോഗിച്ച്. ഈ നാണയങ്ങൾ ഉണ്ടാക്കണം. ഇതും അർത്ഥശാസ്ത്ര ഗ്രന്ഥങ്ങളിലെ ആയിരക്കണക്കിന് വിഷയങ്ങളിൽ മൂന്നുമാത്രം. ലോഹ നിർമ്മാണവും സഹസ്രാബ്ദങ്ങൾക്കുമുമ്പറിയാമായിരുന്നു എന്നതിന് തെളിവാണിത്. രാജനൈതിക വിഷയങ്ങളിലെ അവസാനവാക്ക് പറയുവാൻ സാധിച്ച ബുദ്ധി സാമർത്ഥ്യമുണ്ടായിരുന്നതുകൊണ്ടാകാം ചാണക്യനെ കൗടില്യൻ എന്നും വിളിക്കുന്നത്.

ധനുർവേദം, യജുർവേദത്തിൻെറ ഉപവേദമാണ്. രാഷ്ട്രസംരക്ഷണത്തിനായുള്ള യുദ്ധനീതിയാണ് വിഷയം. ആയുധനിർമ്മാണം, പ്രയോഗം എന്നിവയാണ് പ്രധാനവിഷയങ്ങൾ. കാലാൾപട, കുതിരപ്പട, ഗജവ്യൂഹം, തുടങ്ങിയ യുദ്ധസന്നാഹ വിവരണങ്ങളുമിതിലുണ്ട്. ആധുനീക യുദ്ധനീതിയും താത്വീക



Scanned with CamScanner

നിയമങ്ങൾ പോലുമുള്ള ധനുർവേദഗ്രന്ഥവിഷയങ്ങൾ മഹാഭാരതത്തിൽ വിസ്തരിക്കുന്നുണ്ട്.

ഗന്ധർവവേദം, സാമവേദത്തിന്റെ ഉപവേദമാണ്. സംഗീതശാസ്ത്രം, സംഗീതഉപകരണശാസ്ത്രം, നാട്യശാസ്ത്രം എന്നിവക്കാധാരമായ വിവരണങ്ങളാണിതിലുള്ളത്. ആയിരത്തിലധികം സംഗീതഉപകരണശാസ്ത്രം ഇതിലടങ്ങുന്നു. ആയുർവേദം അഥർവവേദത്തിന്റെ ഉപവേദമാണ് അത്യാധുനീകദൃഷ്ടികോണിലൂടെ ശരീരത്തിനേയും മനസ്സിനേയും സമന്വയിപ്പിച്ച് ചികിത്സിക്കുന്ന ചികിത്സാരീതിതന്നെയാണ് ആയുർവേദചികിത്സ.

**ശരീരമനസോ യോഗ പരസ്പരമനുവ്രജ്ജേത്**

**ആധാര ആധേയ ഭാവേന തപ്താജ്യാ ഘടയോരിവ**

ശരീര മനസ്സുകൾ സമന്വയിച്ച് വർത്തിക്കുന്നു. ശരീരമെന്ന ആധാരത്തിൽ മനസ്സെന്ന ആധേയം - പാത്രവും ചൂടുള്ള നെയ്യുമെന്ന- ബന്ധത്തോടെ നിലകൊള്ളുന്നു. (പാത്രത്തിൽ നിന്ന് ചൂടും തണുപ്പും നെയ്യിലേക്കും, നെയ്യിൽനിന്നും ചൂടും തണപ്പും പാത്രത്തിലേയ്ക്കും വ്യാപിക്കുന്നതുപോലെ, സുഖദുഃഖങ്ങൾ ശരീരത്തിൽ നിന്ന് മനസ്സിലേക്കും മനസ്സിൽ നിന്ന് ശരീരത്തിലേയ്ക്കും വ്യാപിക്കുന്നു.) ലോകം അംഗീകരിച്ചുകൊണ്ടിരിക്കുന്ന സമഗ്രമായ ഈ ചികിത്സാവിധിയിൽ യോഗം, ധ്യാനം, പ്രകൃതിചികിത്സ, സസ്യാഹാരം, ആത്മീയത എന്നിവയെല്ലാം സമന്വയിപ്പിച്ചിരിക്കുന്നു.

സ്ഥാപത്യവേദം അഥവാ തച്ചുശാസ്ത്രം ഗൃഹ, ഗോപുര, ക്ഷേത്ര നിർമ്മാണവും സസ്യലതാദികളുടെ സ്വാധീനവും വാസസ്ഥലങ്ങളിൽ എത്രയുണ്ടെന്നു വിവരിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങളുടെ സമാഹാരമാണ്.

സ്മൃതികൾ, ധർമ്മശാസ്ത്രങ്ങൾ പോലെ, വ്യക്തിയുടേയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അതാതു കാലങ്ങൾക്കും, കാലാകാലങ്ങൾക്കും അനുയോജ്യമായ ഉപദേശങ്ങളും നിയമങ്ങളുമടങ്ങുന്ന ഗ്രന്ഥങ്ങളാണ്.

**വേദോഽഖിലോ ധർമ്മമൂലം സ്മൃതി ശീലേ ച തദ്വിദാം**

**ആചാരശ്ചൈവ സാധൂനാം ആത്മന തുഷ്ടിരേവ ച**

വേദത്തിനാധാരം ധർമ്മം, ശീലത്തിനാധാരം സ്മൃതി, സന്യാസിക്കാധാരം ആചാരം, ആത്മാവിന് സന്തോഷമാണാധാരം. **സ്മൃതിർന ശ്രുതിമൂലാ സ്യാദ്യാ ചൈഷാ സംഭവശ്രുതി.** വൈദീകധർമ്മാടിസ്ഥാനമില്ലാത്ത സ്മൃതിനിയമങ്ങൾ



Scanned with CamScanner

അനുശാസനീയമല്ല. മനുസ്മൃതിപോലുള്ള സ്മൃതികൾ നിത്യജീവിതത്തിലെ ഓരോ കാര്യത്തെക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ തരുന്നുണ്ട്. പല സുഭാഷിതങ്ങളായ ഉപദേശസാരങ്ങളും സ്മൃതിയിൽ നിന്നുദ്ധരിച്ചവയാണ്.

പുരാണഗ്രന്ഥങ്ങൾ, കഥകളും, ചരിത്രവസ്തുതകളുമാണ്. അവയിലെ കഥാഭാഗങ്ങൾ സമ്പൂർണമായി ശരിയായിരിക്കണമെന്നില്ല. അതിനാലത്രെ **പുരാണമിത്യേവ ന സാധു സർവം** എന്നു പറയുന്നത്. അതുപോലെ പുരാണ കഥകളുടെ ഉദ്ദേശം **"വിജ്ഞാന വൈരാഗ്യവിവക്ഷയാവിഭോ വചോ വിഭൂതിർ ന തു പരമാർത്ഥം"** അറിവും, വൈരാഗ്യവും (detachment) ഉണ്ടാക്കുവാനാണ് പുരാണകഥാശ്രവണം. അവയിലെ കഥകൾ എല്ലായിപ്പോഴും വസ്തുതകളാകണമെന്നില്ല. അനുഭവ സമ്പത്തിലൂടെയുള്ള ജ്ഞാനമാണ് പുരാണകഥകളുടെ ഉദ്ദേശം എന്ന് പുരാണ രചയിതാവായ ശ്രീ ശുകൻ തന്നെ പറയുന്നു. എന്നാൽ ചരിത്രവസ്തുതകളും അതിലുണ്ട്. ഇംഗ്ലീഷ് ഭാഷയെക്കുറിച്ച് ഭവിഷ്യപുരാണം ഇങ്ങിനെ പറയുന്നു. **രവിവാരേ ച സണ്ടേ ച ഫാൽഗുണേ ചൈവ ഫെബ്രുവരി ഷഷ്ടിശ്ച സിക്സ്റ്റിചൈവ ഉദാഹരണമീദൃശം.** ഞായർ ദിനത്തെ സണ്ടേ എന്നും, ഫാൽഗുന മാസത്തെ ഫെബ്രുവരിയെന്നും അറുപതിനെ സിക്സ്റ്റി എന്നുമാണ് ഗരുണ്ഡ (ഇംഗ്ലീഷ് ഭാഷ) ഭാഷയിലെ പദപ്രയോഗം

ചരിത്രവസ്തുതകൾ ഭാഗവതത്തിലിപ്രകാരം വിവരിക്കുന്നു.

**ശാസിഷ്യതി മഹാപത്മോ ദ്വിതീയ ഇവ ഭാർഗവഃ**

**തസ്യ ചാഷ്ടൗ ഭവിഷ്യന്തി സുമാല്യ പ്രമുഖാഃ സുതാ....** രണ്ടാമനായ മഹാപത്മൻ, ഭാർഗവനെപോലെ, രാജ്യഭാരം നടത്തി അദ്ദേഹത്തിന്റെ എട്ടാമത്തെപുത്രനും പ്രമുഖനായ രാജാവായി **തേഷാമഭാവേ ജഗതീം മൗര്യാ ഭോക്ഷ്യന്തി വൈ കലൗ സ ഏവ ചന്ദ്രഗുപ്തം വൈ ദ്വിജോരാജ്യേഽഭിഷേക്ഷ്യതി** അതിനുശേഷം ഭൂമിയെ മൗര്യവംശജർ ഭരിച്ചു അതിൽ തന്നെ ചന്ദ്ര ഗുപ്തനെ ദ്വിജന്മാർ രാജാവായി വാഴിച്ചു. **മൗര്യാ ഹ്യേതേ ദശനൃപാഃ സപ്തത്രിംശത് ശതോത്തരം** ഏതാണ്ട് 307 വർഷക്കാലം മൗര്യസാമ്രാജ്യനൃപന്മാർ ഭരിച്ചു. **പുഷ്യമിത്രസ്തു ശുംഗാഹ്വഃ സ്വയം രാജ്യം കരിഷ്യതി.** (അതിനുശേഷം) പുഷ്യമിത്രൻ ശുംഗവംശം സ്ഥാപിച്ച് സ്വയം രാജ്യം ഭരിച്ചു.

പുരാണകഥകൾ തന്നെ ഉപദേശസാരങ്ങളായി ചരിത്രവസ്തുതകൾക്ക് മുൻതൂക്കം നൽകി വ്യക്തമായ



Scanned with CamScanner

അനുഭവരചനയിലൂടെ വിവരിക്കുന്നതാണ് ചരിത്ര വസ്തുതകളായ ഇതിഹാസങ്ങൾ. നിത്യജീവിതത്തിൽ അനുയോജ്യമെന്ന് തെളിയിച്ചനുശാസിക്കേണ്ട കർമ്മ ധർമ്മങ്ങളുടെ വിലയിരുത്തലാണ് ഇതിഹാസഗ്രന്ഥവിഷയങ്ങൾ. ഇപ്രകാരം നോക്കിയാൽ ഭാരതീയ ഗ്രന്ഥങ്ങളിലെ സമഗ്ര വിക്ഷണം ക്രോഡീകരിക്കാനെളുപ്പമാണ്.

**ഭാരതീയ ചിന്താധാരകളിലെ സമഗ്ര ജീവിത വീക്ഷണം**

**I. വൈദീകഗ്രന്ഥങ്ങൾ**

a. വേദം : പ്രപഞ്ചത്തെക്കുറിച്ചും പ്രപഞ്ചചൈതന്യത്തെക്കുറിച്ചുമുള്ള വിവരണം.

b. ബ്രാഹ്മണം : ആഗ്രഹസഫലീകരണത്തിനായി ഈശ്വരാനുഗ്രഹത്തിനുള്ള യജ്ഞകർമ്മങ്ങൾ.

c. ആരണ്യകം : ഭൗതിക ജീവിതത്തിൽ നിന്നുള്ള പിന്മാറ്റത്തോടനുബന്ധിച്ചുള്ള വാനപ്രസ്ഥവും മോക്ഷ മാർഗാന്വേഷണ യജ്ഞങ്ങളും

d. ഉപനിഷദ് : പ്രപഞ്ചചൈതന്യം-ആത്മാവ്-പരമാത്മാവ്-ബ്രഹ്മചൈതന്യം-ജ്ഞാനമാർഗം-പ്രജ്ഞാന-വിവരണം.

**II. വേദാംഗഗ്രന്ഥങ്ങൾ**

a. ശിക്ഷ : ഭാഷാ ഉച്ചാരണത്തിനുള്ള സമഗ്രനിയമങ്ങൾ

b. നിരുക്തം : ഭാഷാശാസ്ത്രങ്ങളുടെ ഉത്ഭവത്തെക്കുറിച്ചുള്ള നിയമങ്ങൾ.

c. വ്യാകരണം: ഭാഷാ പ്രയോഗത്തിലെ വ്യാകരണ നിയമങ്ങൾ

d. ചന്ദസ് : ഗദ്യ-പദ്യ-ശ്ലോക രചനാ നിയമങ്ങൾ

e. ജ്യോതിഷം : ഗണിതം, ജ്യോതിശാസ്ത്രം-എന്നീ ശുദ്ധശാസ്ത്രങ്ങളും ജാതകം-നിമിത്തം- പൊരുത്തം-പ്രശ്നം -ലക്ഷണം എന്നീ സാമാന്യജ്യോതിഷ പ്രയോഗങ്ങളും

f. കൽപശാസ്ത്രം :

സുൽബസൂത്രം : ശുദ്ധമായ ജ്യോമട്രിഗണിതം യാഗാഗ്നി കുണ്ഡ ത്തിനാവശ്യമായ ഇഷ്ടിക നിർമ്മാണം

ഗൃഹ്യസൂത്രം : കുടുംബ ബന്ധത്തിന്റെ ദൃഢീകരണത്തിനായുള്ള ഗൃഹ്യാചാരങ്ങൾ.

ശ്രൗതസൂത്രം : രാഷ്ട്ര നന്മയെ മുൻനിർത്തിയുള്ള യജ്ഞ കർമ്മങ്ങളിൽ സമൂഹത്തിന്റെ ഏകീകരണം



Scanned with CamScanner

ധർമ്മസൂത്രം : രാഷ്ട്രധർമ്മത്തിനാധാരമായ സമഗ്രനിയമങ്ങൾ, രാഷ്ട്ര നിയമങ്ങൾ

പിതൃമേധം : കുടുംബബന്ധം നിലനിർത്തുന്നതിനായി തലമുറകൾ കാലയവനികക്കുള്ളിൽ മറയുമ്പോൾ അനുഷ്ഠിക്കേണ്ട ആചാരങ്ങൾ.

## III ഉപവേദങ്ങൾ

a. അർത്ഥശാസ്ത്രം: ഋഗ്വേദത്തിൻെറ ഉപവേദം രാജ്യഭരണത്തിൻെറ സമസ്ത-സമഗ്ര വിവരണങ്ങൾ

b. ധനുർവേദം : യജുർവേദത്തിൻെറ ഉപവേദം രാഷ്ട്രരക്ഷയുടെ പാഠങ്ങളും യുദ്ധനീതിയും

c. ഗന്ധർവവേദം : സാമവേദത്തിൻെറ ഉപവേദം സംഗീത-നൃത്യ സംഗീതോപകരണ-ശാസ്ത്രം

d. ആയുർവേദം : അഥർവവേദത്തിൻെറ ഉപവേദം ഭാരതീയ ആരോഗ്യശാസ്ത്രം

e. സ്ഥാപത്യവേദം : അഥർവവേദത്തിൻെറ മറ്റൊരുപവേദംതച്ചുശാസ്ത്രത്തിൻെറ സമഗ്രവിവരണം.

f. കാമശാസ്ത്രം : ഉപവേദസ്ഥാനമുള്ള ഗ്രന്ഥം ആരോഗ്യകരമായ ലൈംഗീകബന്ധവിവരണം

## IV ദർശനങ്ങൾ

a. യോഗദർശനം : പഞ്ചകർമ്മേന്ദ്രിയം, പഞ്ചജ്ഞാനേന്ദ്രിയം പഞ്ചപ്രാണൻ, പഞ്ചഭൂതം, മനസ് ഇവയുടെ യോഗമാണ് പ്രപഞ്ചത്തിൻെറ അടിസ്ഥാനമെന്ന വിവരണം.

b. വൈശേഷികദർശനം: അണുക്കളടങ്ങുന്ന ദ്രവ്യമാണ് പ്രപഞ്ചത്തിൻെറ അടിസ്ഥാനഘടകമെന്ന വിവരണം.

c. മീമാംസാദർശനം : വൈദീക തത്വചിന്തയിൽ അധിഷ്ഠിതമായ പ്രപഞ്ച ദർശനം

d. ന്യായദർശനം : ലോജിക്കിൻെറ അടിസ്ഥാനത്തിലുള്ള ആസ്തിത്വവ്യാഖ്യാനം

e. സാംഖ്യദർശനം : യോഗദർശനത്തിലെ അടിസ്ഥാനഘടകങ്ങളുടെ സാന്നിദ്ധ്യത്തിന് പ്രാധാന്യം നൽകുന്ന വിവരണം



Scanned with CamScanner

f. ദ്വൈതദർശനം : ജീവാത്മാവ്-പരമാത്മാവ് എന്നിവയുടെ വ്യത്യസ്തമായ സാന്നിദ്ധ്യമാണ് ജീവരാശിയുടെ ആസ്തിത്വമെന്ന വ്യാഖ്യാനം

g. അദ്വൈതദർശനം: ജീവ-ആത്മ-പരമാത്മ-പരബ്രഹ്മത്തിന്റെ ഏകരൂപവിവരണം.

**V. സ്മൃതികൾ**

ദേശകാലാടിസ്ഥാനത്തിൽ വ്യക്തി-കുടുംബം സമൂഹം-രാഷ്ട്രം ഇവരനുഷ്ടിക്കേണ്ട നീതി ശാസ്ത്രവിവരണനിയമങ്ങൾ.

**VI. പുരാണങ്ങൾ**

സമസ്ത ആത്മീയ-ഭൗതിക-രാജ്യനൈതിക-ധാർമ്മിക- സാമൂഹിക സന്ദേശങ്ങളും, സാധാരണ ജനതയുടെ ജീവിതത്തിലനുശാസിക്കുവാൻ പാകത്തിന് ലളിതമായ കഥയിലൂടെ ചരിത്രത്തിന്റേയും ദേശത്തിന്റെയും പശ്ചാത്തലങ്ങളിൽ നൽകുന്ന വിവരണം.

**VII ഇതിഹാസങ്ങൾ**

വേദങ്ങൾ, കൽപശാസ്ത്രഗ്രന്ഥങ്ങൾ, സ്മൃതികൾ ഇവനൽകുന്ന താത്വിക സന്ദേശങ്ങൾ, സാധാരണ മനുഷ്യർ കർമ്മപഥത്തിലേക്ക് കൊണ്ടുവരേണ്ടതെങ്ങിനെയാണെന്ന് ഈശ്വരാവതാരത്തിലൂടെ വിവരിക്കുന്ന ചരിത്ര ഗ്രന്ഥങ്ങളാണ് രാമായണം - മഹാഭാരതം.

**അണ്ഡബീജസംയോഗം മുതൽ അന്ത്യേഷ്ടി വരെയുള്ള മനുഷ്യന്റെ സമസ്ത ജീവിതവിവരണങ്ങളിതിലടങ്ങുന്നു! ഇതാണ് സമഗ്രഭാരതീയ ദർശനം!**



Scanned with CamScanner

# വേദം

മനുഷ്യരാശിയുടെ ഏറ്റവും പുരാതനമായ സാഹിത്യ സമ്പത്താണ് വേദം. ശാഖോപശാഖകളായി വളർന്നു വികസിച്ച വേദഗ്രന്ഥങ്ങളിൽ പ്രപഞ്ചവും, പ്രകൃതിയും, ജന്തു സമൂഹങ്ങളും, സസ്യ സമൂഹങ്ങളും, മനുഷ്യനും, സമാജവും, ദേശവും, വർണ്ണിക്കപ്പെടുന്നു. ദേവ ചൈതന്യവും, ഗന്ധർവഭാവവും, രാക്ഷസീയ കൃത്യങ്ങളും ഇതിൽ വിവരിക്കപ്പെടുന്നു. ശ്രുതികളോടുകൂടിയ സ്തുതികളും, കർമ്മവിവരണങ്ങളാകുന്ന ബ്രാഹ്മണഭാഗങ്ങളും വേദത്തിലടങ്ങുന്നുണ്ട്.

ഒന്നായിരുന്നവേദത്തെ കൃഷ്ണദ്വൈപായനൻ അഥവാ വേദവ്യാസൻ നാലായി വിഭജിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. നാലു വേദശാഖകളിൽ ഋഗ്വേദത്തെ പൈലനും, യജുർവേദത്തെ വൈശമ്പായനനും, സാമവേദത്തെ ജൈമിനിക്കും, അഥർവവേദത്തെ സുമന്തുവിനും, വേദവ്യാസൻ ഉപദേശിച്ചുവത്രെ. ഭാരതീയ സംസ്കൃതിക്കാധാരമായ വേദശാഖകളെ ഈ മഹർഷിമാർ പരിപോഷിപ്പിച്ചു. ഈ ആധുനിക കാലഘട്ടത്തിലും വേദങ്ങളും, വൈദീക സാഹിത്യങ്ങളും ലോകമെമ്പാടും അനുസ്യൂതം വളർന്നു വികസിച്ചുകൊണ്ടേയിരിക്കുന്നു.

കാലക്രമത്തിൽ വിവിധ വൈദീക കുലത്തിൽ ജനിച്ച ചിന്താശീലരായ മഹർഷിമാർ, അവർ അനുശാസിച്ചുപോന്നിരുന്ന വേദശാഖകളിലേയ്ക്ക് അവരുടേതായ സംഭാവനകൾ നൽകി, പുതിയ വേദശാഖകൾക്ക് ജന്മം നൽകി. ഇത്തരം ശാഖകൾ അതാതു മഹർഷിമാരുടെ പേരിനോട് ചേർത്ത്, അറിയപ്പെട്ടുവന്നു. ഇപ്രകാരം ഋഗ്വേദത്തിനും, യജുർവേദത്തിനും, സാമവേദത്തിനും, അതുപോലെ അഥർവവേദത്തിനും അനേകം ശാഖകളുണ്ടായി.

ഓരോ വേദത്തിന്റേയും വിവിധ ശാഖകളെക്കുറിച്ചുള്ള വിവരണങ്ങൾ പുരാണങ്ങളിലും, ഉപനിഷത്തുക്കളിലും, സ്മൃതികളിലും ഉണ്ട്. ചിലപ്പോൾ ഈ വിവരണങ്ങളിലെ വസ്തുതകൾ തമ്മിൽ ചില വ്യത്യാസങ്ങൾ കാണാം.



Scanned with CamScanner

ഉദാഹരണത്തിന്, വേദശാഖകളുടെ സംഖ്യയെക്കുറിച്ച് വിഷ്ണു പുരാണത്തിൽ വിവരിക്കുന്നതുപോലെയല്ല, ശതപഥബ്രാഹ്മണ ത്തിൽ വിവരിച്ചു കാണുന്നത്. ഈ വിവരണങ്ങളിൽ നിന്നും വ്യത്യസ്തമാണ് മുക്തികോപനിഷത്തിലേത്. സായണഭാഷ്യത്തിലും, ശങ്കരാചാര്യ വിരിചിത ഗ്രന്ഥങ്ങളിലും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് നൽകിയിരിക്കുന്നത്.

വേദശാഖകളുടെ എണ്ണം എത്രതന്നെയായാലും ഒരു സംഗതി ഇവയിൽ നിന്നും നമുക്ക് വ്യക്തമാകുന്നു. അനേകം ശാഖകളുണ്ടാ യിരുന്ന നാലുവേദങ്ങളുടേയും, ഏതാനും ചില ശാഖകളൊഴികെ ബാക്കിയുള്ളവയെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ലഭ്യമായ വേദശാഖകൾ തന്നെ സാധാരണക്കാർക്ക് അപ്രാപ്യമാം വിധം അകലത്തിലാണ്. ഭാഷാപരമായ നമ്മുടെ അറിവുകേട്, ഈ അകലം വർദ്ധിപ്പി ക്കുകയും ചെയ്യുന്നു.

നാലുവേദങ്ങളിൽ പ്രധാനപ്പെട്ടത് ഋഗ്വേദം, യജുർവേദം, സാമവേദം എന്നിവയാണ്. ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ, വേദങ്ങളിൽ വച്ച് സാമവേദമാണ് ഞാൻ എന്ന് അർജ്ജുനനോട് പറയുന്നുണ്ട്. പൊതുവേ വേദങ്ങളിൽ ചിലതിന് മഹത്വം കൂടതലുണ്ടെന്നോ, പ്രധാനപ്പെട്ടതെന്നോ വിവരിച്ചാലും, ഓരോ വേദശാഖയുടേയും അനുയായികളായ ഋഷികുലത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം അവരുടെ കുലവേദം തന്നെയാണ് പ്രധാനവും മഹത്വമേറിയതും.

## ഋഗ്വേദം

മനുഷ്യസമൂഹത്തിന് ഇന്ന് ലഭ്യമായതിൽവച്ചേറ്റവും പുരാതനമായ ഗ്രന്ഥമത്രേ ഋഗ്വേദം. ദേവന്മാരെ സ്തുതിക്കുന്ന ഋക്കുകളുടെ അഥവാ മന്ത്രങ്ങളുടെ സമാഹാരമാണ് ഋഗ്വേദ സംഹിത. പൂർണ്ണമായും, ശ്രുതികളോടുകൂടിയ മന്ത്രങ്ങളാണ് ഋഗ്വേദത്തിലടങ്ങി യിരിക്കുന്നത്. ഗദ്യഭാഗങ്ങളായ ബ്രാഹ്മണങ്ങൾ ഇതിലില്ല.

**ഋഗ്വേദശാഖകൾ** : ഋഗ്വേദത്തിന് ഇരുപത്തിയഞ്ചുശാഖകളുള്ള തായി വിവരണ ങ്ങളിൽ കാണുന്നു. ഇവയിൽ ശാകലം, ബാഷ്കളം, ആശ്വലായനം, ശാംഖായനം, മാണ്ഡൂകേയം എന്നി ശാഖകളത്രെ പ്രധാപ്പെട്ടവ. ശാകലവും, ബാഷ്കളവും, ശാംഖായനവും മാത്രമേ ഇന്ന് ലഭ്യമായിട്ടുള്ളു. ചില വേദമന്ത്രങ്ങളുടെയും വേദപരിശിഷ്ട



Scanned with CamScanner

മന്ത്രങ്ങളുടെയും എണ്ണത്തിലും, ക്രമീകരണത്തിലും കാണുന്ന വ്യത്യാസങ്ങളാണ് ഈ മൂന്നു ശാഖകളെയും തമ്മിൽ വേർതിരിക്കുന്നത്. ഉദാഹരണത്തിന് വാലഖില്യമന്ത്രങ്ങൾ ശാകലശാഖയിൽ, 11 സൂക്തങ്ങളുള്ളപ്പോൾ, ബാഷ്കളശാഖയിൽ 7 സൂക്തങ്ങളാണ് ഉള്ളത്. ശാംഖായനശാഖയിൽ വാലഖില്യങ്ങളെന്ന പ്രത്യേകതകളില്ലാതെയാണ് ഇത്രയും സൂക്തങ്ങളുടെ ക്രമീകരണം. ചരണവ്യൂഹം എന്ന ഒരു പുരാതനഗ്രന്ഥത്തിലെ വിവരണപ്രകാരം ഋഗ്വേദത്തിൻെറ മാണ്ഡുകേയ ശാഖയിൽ വാലഖില്യമന്ത്രങ്ങളുടെ വളരെ ചെറിയ ഒരംശം മാത്രമേ അടങ്ങിയിട്ടുള്ളൂ എന്നും കാണുന്നു. മന്ത്രങ്ങളുടെ ക്രമീകരണരീതിയും വേദശാഖകളുടെ വ്യത്യാസങ്ങൾക്കുള്ള ഒരു അടിസ്ഥാനമാണ്.

**ഋഗ്വേദമന്ത്രങ്ങളുടെ ക്രമീകരണം:** ഋഗ്വേദത്തിൻെറ ശാകലശാഖയിൽ 397265 അക്ഷരങ്ങൾ ചേർത്ത് 193816 പദങ്ങളാണുള്ളത്. ഈ പദങ്ങൾ, 10552 ഋക്കുകൾ അഥവാ മന്ത്രങ്ങളിൽ അടുക്കിയിരിക്കുന്നു. ഇത്രയും ഋക്കുകളെ 2024 വർഗ്ഗങ്ങളായും, വർഗ്ഗങ്ങളെ 64 അദ്ധ്യായങ്ങളായും, 8 അദ്ധ്യായങ്ങൾ വീതം ചേർത്ത് എട്ട് അഷ്ടകങ്ങളായും വിഭജിച്ചിരിക്കുന്നു.

ഋഗ്വേദത്തിലെ ഇത്രയും മന്ത്രങ്ങളെ പത്തു മണ്ഡലങ്ങളായും വിഭജിച്ചിട്ടുണ്ട്. ഒന്നാം മണ്ഡലത്തിൽ 2006 ഋക്കുകളെ 191 സൂക്തങ്ങളിലും, രണ്ടാം മണ്ഡലത്തിൽ 429 ഋക്കുകളെ 43 സൂക്തങ്ങളിലും, മണ്ഡലം മൂന്നിൽ 617 ഋക്കുകളെ 62 സൂക്തങ്ങളിലും, നാലാം മണ്ഡലത്തിൽ 589 ഋക്കുകളെ 58 സൂക്തങ്ങളിലും അടുക്കിയിരിക്കുന്നു. അഞ്ചും, ആറും മണ്ഡലങ്ങളിലുള്ള 727 ഉം 765 ഉം ഋക്കുകളെ യഥാക്രമം 87,75, സൂക്തങ്ങളിലായും ക്രമീകരിച്ചിരിക്കുന്നു. ഏഴ്, എട്ട് മണ്ഡലങ്ങളിൽ യഥാക്രമം 841, 1716 ഋക്കുകളാണ് 104 ഉം 103 ഉം സൂക്തങ്ങളിൽ ക്രമീകരിച്ചിരിക്കുന്നത്. വാലഖില്യമന്ത്രങ്ങൾ എട്ടാം മണ്ഡലത്തിലാണ് വരുന്നത്. തുടർന്നുള്ള രണ്ട് മണ്ഡലങ്ങളിലെ ഋക്സംഖ്യ യഥാക്രമം 1108, 1754 ആകുന്നു. ഈ ഋക്കുകൾ 114 ഉം, 191 ഉം സൂക്തങ്ങളിലാണുള്ളത്.

മണ്ഡലക്രമത്തിലുള്ള ഋഗ്വേദമന്ത്രങ്ങളുടെ ക്രമീകരണമാണ് കൂടുതൽ പുരാതനം. ഈ ക്രമീകരണം ശാകലശാഖക്കാർ



Scanned with CamScanner

അനുശാസിച്ചുപോരുന്നു. എന്നാൽ അഷ്ടക്രമത്തിലുള്ള ക്രമീകരണത്തിൻെറ പ്രോക്താക്കൾ ബാഷ്കല ഋഗ്വേദീയ ശാഖക്കാരാണ്. പത്താം മണ്ഡലത്തില മന്ത്രങ്ങളിൽ കൂടുതൽ നൂതനമായ സംസ്കൃതഭാഷയാണ് പ്രയോഗിച്ചിരിക്കുന്നത്. അതിനാൽ ആ ഭാഗം പിന്നീട് എഴുതിചേർക്കപ്പെട്ടതാണ് എന്നതിൻെറ അടിസ്ഥാനത്തിലാണ് മണ്ഡല ക്രമീകരണത്തിന് പുരാതനത്വം എന്ന് വിശ്വസിക്കപ്പെടുന്നത്.

**ഋഗ്വേദ വിഷയങ്ങൾ** : ഋഗ്വേദത്തിന് ആദിഭൗതികം, ആദിദൈവീകം, ആദ്ധ്യാത്മികം എന്നിങ്ങനെ വ്യത്യസ്തവീക്ഷണത്തോടുകൂടിയ വ്യഖ്യാനങ്ങളും, അർത്ഥങ്ങളും ഉണ്ട്. ചിലരുടെ അഭിപ്രായം വേദത്തിന് പ്രത്യേകിച്ച് ഒരർത്ഥവുമില്ല എന്നതാണ്. യാസ്കൻെറ വിവരണപ്രകാരം യാജ്ഞികം, ദൈവതം, ആത്മീയം എന്നിങ്ങനെയാണ് വേദാർത്ഥങ്ങൾ.

യജ്ഞപരമായ അർത്ഥം സ്വീകരിക്കുമ്പോൾ, ഓരോ മന്ത്രത്തിലൂടെയും, സ്വന്തമായതെല്ലാം ഈ പ്രപഞ്ചശക്തിക്ക് അർപ്പിക്കുന്നു എന്നും അതിലൂടെ ത്യാഗഭാവം പൂകുന്നു എന്നുമുള്ള അർത്ഥം വരുന്നു. ദേവന്മാരെ സ്തുതുക്കുകയും, അവരിലെ ഏക ചൈതന്യം ദർശിക്കുകയും, ദേവപ്രീതിക്കായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് വേദത്തിൻെറ ദൈവതാർത്ഥം. ആത്മ-പരമാത്മബന്ധവും, അവയുടെ ചൈതന്യദർശനവുമാണ് ആത്മീയം. അഗ്നി, ആദിത്യൻ, വരുണൻ തുടങ്ങിയ വൈദീകദേവന്മാർ പ്രപഞ്ചശക്തിയുടേയും അതിലൂടെ പരമാത്മാവിൻെറയും മൂർത്തിമത്ഭാവമായി വേദങ്ങളിൽ സ്തുക്കപ്പെടുന്നു. വിവിധ വീക്ഷണത്തോടെ വേദാർത്ഥം ഗ്രഹിക്കുമ്പോൾ ഓരോ കർമ്മത്തിൻെറ ഭാവാർത്ഥവും മാറുന്നു. യാഗാഗ്നിയിൽ ഹോമിക്കുന്ന പശുവിനെ, മനുഷ്യൻെറ അഹങ്കാരമോ, ഭൗതീക സുഖ മോഹമോ ആയി വിവരിക്കാം. പശുവിനെ അഗ്നിദേവന് ഹവിസുപോലെ നിവേദ്യമായി അർപ്പിക്കുന്നു എന്നും കരുതാം. പശു എന്നത് മൃഗജന്യമായ മൂഢത്വം അല്ലെങ്കിൽ അജ്ഞാനം ആണെന്നും അതിനെ നശിപ്പിക്കുന്നതായും വിവരിക്കാം. ആത്മീയാർത്ഥത്തിൽ പശുവിലെ ജീവാത്മാവ്, പരിശുദ്ധമായ യാഗാഗ്നിയിലൂടെ പ്രപഞ്ചശക്തിയായ പരമാത്മാവില ലിയുന്നു എന്നും വ്യാഖ്യാനിക്കാം. തികച്ചും വ്യത്യസ്തമായ ദൃഷ്ടിയിലൂടെ വീക്ഷിച്ചാൽ ശുദ്ധ ഭൗതീക സുഖത്തിനുവേണ്ടി



Scanned with CamScanner

മനുഷ്യൻ, ദേവപ്രീതിക്കായി നടത്തുന്ന കുരുതിയാണ് ഈ കർമ്മമെന്ന് വർണ്ണിക്കുകയുമാകാമല്ലൊ?

ദേവവിജയങ്ങളുടെയും, അസുരപരാജയങ്ങളുടെയും കഥകളും, രാജചരിതങ്ങളുടെ സൂചനകളും മുതൽ കൃഷിയും കന്നുകാലിവളർത്തലും, സദ്കർമ്മങ്ങളും, സമൃദ്ധിയിലേക്കുള്ള മാർഗ്ഗങ്ങളും ഋഗ്വേദത്തിൽ വിവരിക്കുന്ന അനേകം വിഷയങ്ങളിൽ ചിലതാണ്. വൈദീകകാലത്തെ സാമൂഹിക സ്ഥിതിവിവരങ്ങളും വ്യക്തിയുടേയും, കുടുംബത്തിൻെറയും, ദേശത്തിൻെറയും സാമൂഹ്യ സാംസ്കാരിക വിവരങ്ങളും ഋഗ്വേദത്തിൽ അങ്ങിങ്ങായി വിവരിക്കുന്നുണ്ട്. ചുരുക്കത്തിൽ പുരാതനഭാരതത്തിലെ അദ്ധ്യാത്മികതയുടെയും, ഭൗതീകതയുടെയും ഒരു വിജ്ഞാന ധാരയായി ഋഗ്വേദത്തെ കരുതാവുന്നതാണ്.

**ഋഗ്വേദ സ്തുതികൾ** : വൈദീകദേവന്മാരെ സ്തുതിക്കുന്നതാണ് ഋഗ്വേദത്തിലെ ഓരോ ഋക്കുകളും. എല്ലാ യാഗങ്ങളിലും, ഗൃഹ്യകർമ്മങ്ങളിലും, ശ്രാദ്ധാദി കർമ്മങ്ങളിലും, പൂജകളിലും, പ്രാർത്ഥനകളിലും ഈ ഋക്കുകളിൽ പലതും ചൊല്ലാറുണ്ട്. ഭാരതീയ വൈദീകഗ്രന്ഥങ്ങളുടെയെല്ലാം, (യജുർവേദത്തിൻെറയും, സാമവേദത്തിൻെറയും അഥർവ്വവേദത്തിൻെറയും ഉൾപ്പെടെ), അടിസ്ഥാനഗ്രന്ഥമെന്ന മഹത്വമായ പദവിയാണ് ഋഗ്വേദത്തിനുള്ളത്. അതുകൊണ്ടുതന്നെ ഈ വേദമാതാവിൻെറ ഓരോ അദ്ധ്യായത്തിലേയും സ്തുതുകളെക്കുറിച്ചും അറിഞ്ഞിരി ക്കേണ്ടതാണ്.

## ഋഗ്വേദ ശാകലശാഖ

അദ്ധ്യായം 1. വിശ്വാമിത്രൻ, കണ്വൻ, എന്നീ മഹിർഷിമാരുടെ അഗ്നി, വായു, മിത്രാവരുണൻ, അശ്വിനി, ഇന്ദ്രൻ, വിശ്വദേവന്മാർ, സരസ്വതി, മരുത്, നരാശംസ, ഇളാ, ബർഹി, ത്വഷ്ട, വനസ്പതി, ബ്രഹ്മണസ്പതി, സോമ, സദസസ്പതി എന്നീ ദേവസ്തുതി.

അം 2. കണ്വൻ, ശുനശേഫൻ, അംഗിരസ് എന്നീ ഋഷിമാരുടെ ഋഭവേ, അഗ്നി, അശ്വനി, സവിത, ഇന്ദ്രാവരുണ, പൃഥി, വിഷ്ണു, വായു, മരുത്, വിശ്വദേവ, പൂഷ, ആപ, ഉലൂഘല, പ്രജാപതി, ഹരിശ്ചന്ദ്രസ്തുതി.

അം 3. ആംഗീരസ്, കണ്വൻ, പ്രസ്കണ്വാൻ എന്നീ ഋഷിമാരുടെ അശ്വിനി, സവിത, അഗ്നി, യാഗുരപ മരുത, ബ്രഹ്മസ്പതി, ആദിത്യ



Scanned with CamScanner

പൂഷ, രുദ്ര, സോമ, സ്തുതി.

അം 4. കണ്വൻ, സവ്യആംഗരീസ്, നോധാഗൗതമഋഷി മാരുടെ ഉഷസ്, സൂര്യ, ഇന്ദ്ര, അഗ്നി, വൈശ്വാനര സ്തുതി.

അം 5. നോധാഗൗതമ, പരാശരശക്ത്യ, ഗൗതമരഹൂഗണ ഋഷിമാരുടെ മരുത്, അഗ്നിസ്തുതി.

അം 6. ഗൗതമരഹൂഗണൻെറയും കുത്സ ആംഗിരസിൻെറയും മരുത്, വിശ്വദേവ, സോമ, ഉഷസ്, അശ്വിനി, അഗ്നി, ദ്യാവാപൃഥിസ്തുതി.

അം 7. കുത്സആംഗരിസ്, കശ്യപമാരീച ഋഷിമാരുടെ വിവിധ രൂപത്തിലുള്ള അഗ്നി, ഇന്ദ്ര, വിശ്വദേവ, ഋഭവ, ദ്യവാപൃഥി, അശ്വിനി, സ്തുതി.

അം 8. കുത്സആംഗരീസ്, ദൈർഘതമസ് എന്നിവരുടെ ഉഷസ്, രുദ്ര, സൂര്യ, അശ്വനി, ഇന്ദ്രസ്തുതി.

അം 9. ദീർഘതമസ്, രോമശൻ, ദൈവോദാസിമാരുടെ വിശ്വദേവ, ഉഷസ്, സ്വതയ, രോമശ, ഭാവവ്യ, അഗ്നി, ഇന്ദ്ര, വായു, മിത്രാവരുണ, സൂര്യസ്തുതി.

അം 10. ദൈവോദാസി, ദീർഘതമ, ഔചഥ്യൻമാരുടെ മിത്രാവരുണ, പൂഷ, അശ്വിനി, വിശ്വദേവ, ഇന്ദ്രജ, അഗ്നി, മരുത, ബൃഹസ്പതി, നരാശംസ, ഇളാ ബർഹി, ഉഷസ്, സരസ്വതി, ഹോതാ, വനസ്പതി, ത്വഷ്ടാ, സ്വാഹാകൃതി, മിത്രാ, വിഷ്ണുസ്തുതി.

അം 11. ദീർഘതമസിൻെറ ദ്യാവാപൃഥി, ഋഭവ, അശ്വ, സോമ, സൂര്യ, വാച, കാല, സരസ്വതി, സാധ്യ, മരുത സ്തുതി.

അം 12. അഗസ്ത്യ, ലോപാമുദ്ര, അഗസ്ത്യശിഷ്യ, ബ്രഹ്മചാരി എന്നിവരുടെ മരുത്, ഇന്ദ്ര, അശ്വിനിസ്തുതി.

അം 13. അഗസ്ത്യൻെറ ദ്യാവാപൃഥി, വിശ്വദേവ, അന്നം, ഇള, ബർഹി, ദേവീർദ്വാര, ഉഷസ്, പ്രചേതസ്, ഭാരത്യ, സരസ്വതി, ത്വഷ്ട, വനസ്പതി, അഗ്നി, ബൃഗസ്പതി, അപ്തൃണ സൂര്യസ്തുതിയും, ഗൃത്സമദ ശൗനകൻെറയും, സോമാഹുതിർ ഭാവൻെറയും അഗ്നി, നരാശംസ, ഇള, ബർഹി, ഹോത, പ്രചേതസ്, വനസ്പതി, സ്വാഹാകൃതിസ്തുതിയും.



Scanned with CamScanner

അം 14. ഗൃത്സമദശൗനകൻെറ അഗ്നി, ഇന്ദ്ര, ബൃഹസ്പതി, ബ്രഹ്മണസ്പതി സ്തുതി.

അം 15. ഗൃത്സമദ ശൗനകൻെറ ബൃഹസ്പതി, ബ്രഹ്മണസ്പതി, ആദിത്യ, വരുണ, ഇന്ദ്ര, ഇന്ദ്ര സോമ, മരുത, ദ്യാവാപൃഥി, സിനീവാലി, രുദ്ര, അപാംനപാത്, ത്വഷ്ട, മിത്രാവരുണ സ്തുതി.

അം 16. ഗൃത്സമദ ശൗനകൻെറയും, വിശ്വാമിത്രഗാഥിന ൻെറയും അശ്വിനി, അഗ്നി, സവിത, സോമ, വായു, മിത്രാവരുണ, ഇന്ദ്ര, വിശ്വദേവ, സരസ്വതി, ദ്യാവാപൃഥി, ശകുന്തള, ഇള, ബർഹി, ഉഷസ്, ഹോത, പ്രചേതസ്, ത്വഷ്ട, വനസ്പതി സ്തുതി.

അം 17. വിശ്വാമിത്ര ഗാഥിന, ഋഷഭ വിശ്വാമിത്ര, ഉൽകീലകാത്യ, കാതോ വിശ്വാമിത്ര, ഗാഥികൗശിക, ഭരതഋഷിമാരുടെ അഗ്നി, യൂപ, പ്രശ്ചന, വിശ്വദേവ, ആത്മ, ഉപാധ്യായ സ്തുതി.

അം 18. വിശ്വാമിത്രഗാഥിനൻെറ ഇന്ദ്ര, നദീ, വിശ്വാമിത്രസ്തുതി.

അം 19. വിശ്വാമിത്ര ഗാഥിനൻെറയും, പ്രജാപതി വിശ്വാമിത്രൻെറയും ഇന്ദ്ര, രഥാംഗ, വിശ്വദേവ, ഇന്ദ്രപർവ്വതസ്തുതി.

അം 20. വിശ്വാമിത്രഗാഥിനൻെറയും, വാമദേവഗൗതമൻെറയും അശ്വിനി, മിത്ര, ഋഭവ, ഉഷസ്, പൂഷൻ, ബൃഹസ്പതി, സവിത സോമ, അഗ്നി, രുദ്രസ്തുതി.

അം 21. വാമദേവഗൗതമൻെറ വൈശ്വാനര, അഗ്നി, സോമക, ഇന്ദ്ര, വാമദേവസ്തുതി.

അം 22. വാമദേവഗൗതമൻെറസ്തുതിയുടെ തുടർച്ചയും

അം 23. വാമദേവഗൗതമൻെറയും ത്രസദസ്യുപൗരുകുത്സ ൻെറയും ഋഭവ, ദ്യാവാപൃഥി, ദധിക്ര. സൂര്യ, ത്രസദസ്യു, അശ്വിനി, വായു, ബൃഹസ്പതി സ്തുതി.

അം 24. വാമദേവഗൗതമ, ആത്രേയ, കുമാര ആത്രേയ, വൃശോജാന, വസ്യുശ്രുത ആത്രേയ, ഇഷ ആത്രേയ, ഋഷിമാരുടെ ഉഷസ്, സവിത, വിശ്വദേവ, ദ്യാവാപൃഥി, ക്ഷേത്രപതി, ശുന, സീത, അഗ്നി, നരാംശംസ, ഇള, ബർഹി, സരസ്വതി, ത്വഷ്ട വനസ്പതി സ്തുതി.

അം 25. ഗയ ആത്രേയ, സുതംഭരആത്രേയ, ധരുണ ആംഗിരസ്, പൂരുരാത്രേയ, വിപ്രിരാത്രേയ, പ്രയസ്വന്തആത്രേ, സസആത്രേയ, വിശ്വസോമ ആത്രേയ, ഗോപായന, ഔപായന, വസൂയവ ആത്രേയ,



Scanned with CamScanner

ഭാരതരാജ, വിശ്വവാരാത്രേയ, ബഭ്രുരാത്രേയ, അവസ്യുരാത്രേയ, ഗാതുരാത്രേയന്മാരുടെ ഇന്ദ്ര, അഗ്നി, വിശ്വദേവസ്തുതി.

അം. 26. പ്രജാപതി, പ്രഭൂവസൂരാംഗീരസ്, അത്രിഭൗമ, അവത്സാര കശ്യപ, സദാവ്യണ ആത്രേയ, പ്രതിക്ഷേത്ര ആത്രേയന്മാരുടെ ഇന്ദ്ര, സൂര്യ, അത്രി, വിശ്വദേവ, രുദ്ര ദേവപത്നിസ്തുതി.

അം. 27. അചനാന ആത്രേയ കുലത്തിലെ ഋഷിമാരുടെ മിത്രാവരുണ, അശ്വിനി, ഉഷസ്, സവിത, പർജ്ജന്യ, പൃഥ്വി, വരുണ, മരുതസ്തുതിയും, ഭരദ്വാദകുലത്തിലെ ബാർഹസ്പത്യൻെറ അഗ്നി സ്തുതിയും.

അം. 28. ഭരദ്വാജകുലത്തിലെ ബാർഹസ്പത്യൻെറ അഗ്നിസ്തുതി.

അം. 29. അഗ്നി സ്തുതിയുടെ തുടർച്ച, കൂടാതെ ഇന്ദ്ര, വിശ്വദേവ, ഗാവ, സ്തുതിയും.

അം. 30. ഭരദ്വാജ ബ്യഹസ്പതി, സുഹോത്ര ഭരദ്വാജ, ഭരദ്വാജ, ശംയു ബ്യഹസ്പതി, ഗാർഗ്യ ഭരദ്വാജന്മാരുടെ അഗ്നി, ഇന്ദ്ര, സോമ, പ്രസ്തോത, രഥ, ദുംദുഭി സ്തുതി.

അം. 31. മേൽ വിവരിച്ച ഭരദ്വാജകുല ഋഷിമാരുടെ അഗ്നി, മരുത, പൂഷ, വിശ്വദേവ, സരസ്വതിസ്തുതി.

അം. 32. ഭരദ്വാജകുല ഋഷിമാരുടെ അശ്വിനി, ഉഷസ്, മരുത, ദ്യാവ, പൃഥ്വി, ബ്യഹസ്പതി, സവിത, വർമാധനുജ്യാ, ഇഷുധി, അശ്വ, രഥ, ഇഷവ, പ്രസ്തോദ, ഹസ്തത്രാണ, യുദ്ധഭൂമി, ദേവബ്രഹ്മാണി സ്തുതികളും മൈത്രാവരുണിയുടെ അഗ്നിസ്തുതിയും.

അം. 33. മൈത്രാവരുണിയുടെ അഗ്നി, നരാശംസ, ഇള, ബർഹി, സരസ്വതി, ത്വഷ്ട, വനസ്പതി, അഗ്നി, ഇന്ദ്രസ്തുതി.

അം. 34. മൈത്രാവരുണിയുടെയും, വസിഷ്ഠപുത്രൻെറയും ഇന്ദ്ര, വസിഷ്ഠ, വിശ്വദേവ, അഹിർബുദ്ന്യാ സ്തുതി.

അം. 34 മുതൽ 39 വരെ. മൈത്രാ വരുണിയുടെ വിശ്വദേവ, സവിത, വാജിന, ഭഗ, ഉഷ, രുദ്ര, ആപ, ഋഭവ, അഗ്നി, നദി, ആദിത്യ, ദ്യാവാപൃഥ്വി, മരുത, സൂര്യ, മിത്രാവരുണ, വരുണ, വായു, സരസ്വതി, ബ്യഹസ്പതി, വിഷ്ണു, പർജ്ജന്യ, മണ്ഡൂക, സോമ, ഗ്രാവാണ സ്തുതിയും അംഗീരസിൻെറയും, കണ്വൻെറയും ഇന്ദ്രസ്തുതികളും.



Scanned with CamScanner

അം. 40. കണ്വകുലത്തിലെ ഋഷിമാരുടെ അശ്വിനി അശ്വികശ്യ, കശ്യ, ഇന്ദ്ര, അഗ്നിസ്തുതി.

അം. 41. കണ്വകുലഋഷിമാരുടെ ആദിത്യ, ഇന്ദ്ര, അദിതി, അഗ്നി, മരുതസ്തുതി.

അം. 42. വിശ്വമനുവിൻെറയും, വൈവസ്വത മനുവിൻെറയും ഇന്ദ്ര, ചിത്ര, അശ്വിനി, അഗ്നി, മിത്രാവരുണ, വായു, യജ്ഞ, യജമാന, ദംപതി സ്തുതി.

അം. 43. മേധാതിഥികണ്വ, നീപാതിഥികണ്വ, ശ്യാവാശ്വ ആത്രേയ, നാഭാകകണ്വ, വിരൂപ ആംഗീരസ്, ത്രിശോകകണ്വന്മാരുടെ ഇന്ദ്ര, അഗ്നി, അശ്വിനി സ്തുതി.

അം. 44. വശോശവ്യ, ഘോരകണ്വ, ഭഗപ്രാഗാഥ, പ്രാഗാഥ കണ്വ, മൈത്രാവരുണിമാരുടെ വായു, ഇന്ദ്ര, ആദിത്യ സോമ, അഗ്നി, ആദിതി, സ്തുതി.

അം. 45. പ്രിയമേധ ആംഗരീസ്, പുരുഹൻമാംഗിരസ് ഹര്യത പ്രാഗാഥ, ഗോപവന ആത്രേയ, വിരൂപ ആംഗീരസ്, കുരുസുതി കണ്വ, കൃത്സഭാർഗവ, ഏകദ്ധ്യൂനൗംധസ്, കുസീദികണ്വന്മാരുടെ ഇന്ദ്ര, വിശ്വദേവ, വരുണ, അഗ്നി, ശ്രുതർഷ, ആർക്ഷ, സോമദേവസ്തുതി.

അം. 46. കൃഷ്ണ ആംഗീരസ്, നോധാഗൗതമ, നൃമേധ ആംഗീരസ്, അപാലാ ആത്രേയി, ശ്രുതക്ഷ, സുകക്ഷ ആംഗിരസ്, തിരശ്ചീകആംഗിരസ്, രേഭകശ്യപൻമാരുടെ അഗ്നി, ഇന്ദ്ര, മരുത, വിശ്വദേവസ്തുതി.

അം. 48. അഗസ്ത്യ, ദാർഢ്യച്യുത, നൃമേധആംഗിരസ്, പ്രിയമേധ ആംഗീരസ്, ബിന്ദിരാംഗിരസ്, ഗൗതമരഹൂഗണ, ശ്യാവാശ്വ, ആത്രേയ, പ്രഭൂവസുരാംഗിരസ്, രഹൂഗണ ആംഗീരസ്, ബൃഹൻമതിരാംഗിരസ്, മേധ്യാതിഥി കണ്വൻമാരുടെ പവമാന സോമസ്തുതി.

അം. 49. ആംഗീരസ്, ഭാർഗവ, കശ്യപ, നിധ്രുവി കശ്യപ, കശ്യപമാരീചന്മാരുടെ പവമാന സോമസ്തുതി.

അം. 50 മുതൽ 53 വരെ. ആംഗീരസ്, ഭാർഗവ, വസിഷ്ഠ കണ്വ, കശ്യപ, വിശ്വാമിത്ര കുലത്തിലെ അനേകം ഋഷിമാരുടെ പവമാന സോമസ്തുതിയും ഏതാനും അഗ്നി സ്തുതുകൾ ആന്ത്യത്തിലും.



Scanned with CamScanner

അം. 54. അംബരിഷ, യമ, യമി, യമവൈപസ്വത, ഹവിർധാന ആംഗിരസ്, യമായതൻമാരുടെ പവമാനസോമ, ഇന്ദ്ര, യമ, അഗ്നി, യമി, പിതരസരണ്യം, പൂഷ, സരസ്വതി, ആപ, മൃത്യു ധാത, പിതൃമേധ സ്തുതി.

അം. 55. വിമദ ഐന്ദ്ര, യാമായന, വസുക ഐന്ദ്ര, കവഷഐലൂഷന്മാരുടെ അഗ്നിഷോമ, ആപ, ഇന്ദ്ര, അശ്വിനി, സോമ, പൂഷ, വസുക്ര, വിശ്വദേവസ്തുതി.

അം. 56. കവഷ ഐലൂഷ, ലുശധാനാക, അഭിതാപസൗര്യ, ഇന്ദ്രമുഷ്കവാൻ, ഘോഷ കാക്ഷീവതി, സുഹസ്യ ഘൗഷേയ, കൃഷ്ണ ആംഗരീസ്, വത്സപ്രിർബാലനന്ദന്മാരുടെ വിശ്വദേവ, ഇന്ദ്ര, ഉപമന്യവ, അക്ഷ, അക്ഷതികവ, കൃഷി, സൂര്യ, അഗ്നിസ്തുതി.

അം. 57. സപ്തഗുരു ആംഗിരസ്, അഗ്നി സൗചിക, വാമദേവ, ഗോപായന, ബന്ധു, മാനവന്മാരുടെ ഇന്ദ്ര, അഗ്നി, ദേവ, വിശ്വദേവ, മന, നിർഋതി, അന്തരീക്ഷ, ദ്യാവാപൃഥ്വി, അസമതി, ജീവ, ഹസ്തസ്തുതി.

അം. 58. ഗയപ്ലാത, വസുകർണവാസുക്ര, അയാസ്യ ആംഗിരസ്, സുമിത്ര വാധ്ന്യശ്വ, ബൃഹസ്പതീരാംഗിരസ് എന്നിവരുടെ സാവർണി വിശ്വദേവ, ബൃഹസ്പതി, അഗ്നി, നരാശംസ, ഇള, ബർഹി, ഭാരത്യത്വഷ്ട, സ്വഹാകൃതി സ്തുതി.

അം. 59. ബൃഹസ്പതി ലൗകൃ, ശാക്ത്യ, പ്രിയമേധ, വിശ്വകർമ്മ ഭൗവന, മന്യുതാപസ, സൂര്യസാവിത്രമാരുടെ ജ്ഞാനം, ദേവ, നദി, ഇന്ദ്ര, മരുത, ഗ്രാവാണ, വിശ്വകർമ്മ, മന്യു, സോമ, സൂര്യ, സൂര്യസാവിത്രിസ്തുതി.

അം. 60. ഭരദ്വാജ, വാമദേവ, രേണുർ വിശ്വാമിത്ര, വൈതഹവ്യ പാർഥ്യ, കാദ്രവേയന്മാരുടെ ഇന്ദ്ര, രക്ഷോഘ്നാഗ്നി, പുരുഷ, വിശ്വദേവ, ഗ്രാവാണസ്തുതി.

അം. 61. പുരൂരവസിന്റെയും ഉർവശിയുടെയും കഥ ഈ അദ്ധ്യായാരംഭത്തിൽ വിവരിക്കുന്നു. തുടർന്ന് ആംഗിരസ്, വൃഷ്ടികാമ, വൈഘാനസ, മുൽഗല ഭാർമ്യശ്വ, ഐന്ദ്ര, ദുർമിത്ര, വിശ്വാമിത്രന്മാരുടെ ഇന്ദ്ര, ഔഷധി, വിശ്വദേവ, ബൃഹസ്പതി, മരുത, അശ്വിനി, ദക്ഷിണ, സ്തുതി. ഈ അദ്ധ്യായാന്ത്യത്തിൽ പണയനും സരമയും തമ്മിലുള്ള സംവാദരൂപത്തിൽ ഏതാനും ഋക്കുകളും ചേർത്തിരിക്കുന്നു.



Scanned with CamScanner

അം. 62. വിശിഷ്ടദാനഫലങ്ങളും സരമയെന്ന ദേവശുനികയും പണികളും വരുന്ന കഥയും വിവരിക്കുന്നു. തുടർന്ന് ജമദഗ്നിർഭാർഗവൻ, വൈരൂപൻ, അഗ്നിയുതൻ, ഭിക്ഷുരാംഗിരസ് എന്നിവരുടെ വിശ്വദേവ അഗ്നി, ഇള, ബർഹി, ഉഷാസാനക്ത, സരസ്വതി, ത്വഷ്ട, വനസ്പതി, ഇന്ദ്ര, ആത്മസ്തുതി.

അം. 63. അഥർവണ, വസിഷ്ഠ, ഹിരണ്യഗർഭ, ഭാർഗവ, വാഗാംഭൃണി, കുശിക, പരമേഷ്ഠി, ശകപൂത, പൈജവാനൻമാരുടെ ഇന്ദ്ര, അഗ്നി, വരുണ, സോമ, സോമേന്ദ്ര, വിശ്വദേവ, മിത്രാവരുണ, ഗോധേന്ദ്ര, യമ, ദേവഹഗന്ധർവ, അഗ്നിസ്തുതി.

അം. 64. അത്രി, ഇന്ദ്രാണി, വസിഷ്ഠ, ഭരദ്വാജ, ആപ്സത്യ, ബ്രഹ്മ, കശ്യപ, ആംഗരീസ്, നൈൻർഋതി, വൈരാജ, വാതായന, കാക്ഷീവത, സൗര്യ, ഭാർഗവ, ബൃഹസ്പതി, പ്രജാപതി, പത്സആഗ്നേയ, ശ്വേത ആഗ്നേയ, അഘമർഷണ, സംവനന, ആംഗീരസ ഋഷിമാരുടെ അശ്വിനി, ഇന്ദ്ര, സവിത, അഗ്നി, ശ്രദ്ധ, വായു, ഉഷസ്, രാജ, മായാഭേദ, വിശ്വദേവ, യജമാന, യജമാനപത്നി, ഹോത, ആദിത്യ സ്തുതിയും കൂടാതെ പ്രത്യേകമായി ഈ അദ്ധ്യയത്തിൽ സപത്നി നാശനം, അലക്ഷ്മി നാശനം, ദുസ്വപ്ന നാശനം, യക്ഷ്മ നാശനം, സപത്ന നാശനം എന്നിവക്കുള്ള പ്രാർഥന ഋക്കുകളും വരുന്നു. എല്ലാ ഋഗ്വേദ ശാഖകളിലും വിഷയം ഇതു തന്നെ. എന്നാൽ ക്രമീകരണത്തിൽ ചില വ്യത്യാസങ്ങൾ കാണുന്നു.

## ഋഗ്വേദ സാംഖ്യായന ശാഖ

മേൽ വിവരിച്ച ഋഗ്വേദ മന്ത്രക്രമീകരണം ശാകല ശാഖയുടേതാണ്. ഈ ശാഖയിൽ നിന്നും നാമമാത്രമായ വ്യത്യാസമേ സാംഖ്യായന ശാഖയിൽ കാണുന്നുള്ളൂ. ചില ഭിന്നതകൾ ഇപ്രകാരമാണ്. ശാകല ശാഖയിൽ "വാലഖില്യമന്ത്രങ്ങളുടെ ആരംഭം കുറിക്കുന്നു" എന്നും "വാലഖില്യ മന്ത്രങ്ങൾ സമാപിക്കുന്നു" എന്നും സൂചിപ്പിക്കുന്ന രണ്ടു പ്രത്യേക വരികൾ, സാംഖ്യായന ശാഖയിലില്ല. ശാകല ശാഖയിൽ പരിശിഷ്ടങ്ങളായി ചേർത്തിരിക്കുന്ന 36 സൂക്തങ്ങളിൽ, 15 ഋക്കുകളടങ്ങുന്ന 36-ാമത്തെ സൂക്തം, സാംഖ്യായന വേദശാഖയുടെ തന്നെ ഭാഗമായി നൽകിയിരിക്കുന്നു. അതായത് ശാകല ശാഖയിൽ 10552 മന്ത്രങ്ങൾ 1029 സൂക്തങ്ങളിലുള്ളപ്പോൾ സാംഖ്യായന ശാഖയിൽ 10567 മന്ത്രങ്ങൾ, 1029 സൂക്തങ്ങളിൽ അടങ്ങിയിരിക്കുന്നു.



Scanned with CamScanner

## ഋഗ്വേദ ബാഷ്കലശാഖ

ശാകലസൂക്തങ്ങൾ ചില വ്യത്യാസത്തോടെ ക്രമീകരിച്ചിരിക്കുകയും, സാംഖ്യായനത്തിലേതുപോലെ 36-ാം പരിശിഷ്ടസൂക്തം വേദഭാഗമായി തീർന്നിരിക്കുന്നതുമാണ് ബാഷ്കലശാഖ. സൂക്തങ്ങളുടെ ക്രമീകരണത്തിലുള്ള ചെറിയ വ്യത്യാസം ഇപ്രകാരമാകുന്നു. ശാകലശാഖയുടെ ഒന്നാം മണ്ഡലത്തിന്റെ 93-ാം സൂക്തത്തിനുശേഷം 116 മുതൽ 139 വരെ സൂക്തങ്ങൾ വരുകയും, ഇവയ്ക്കുശേഷം 94 മുതൽ 115 വരെ സൂക്തങ്ങൾ ക്രമീകരിക്കുകയുമാണ് ബാഷ്കലശാഖയിൽ. 140-ാം സൂക്തം മുതൽ 8-ാം മണ്ഡലത്തിലെ 50-ാം സൂക്തംവരെ ശാകലശാഖയും ബാഷ്കലശാഖയുമായി വ്യത്യാസമില്ല. എട്ടാം മണ്ഡലത്തിലെ 50-ാം സൂക്തംവരെ ശാകലശാഖയും ബാഷ്കലശാഖയുമായി വ്യത്യാസമില്ല. എട്ടാം മണ്ഡലത്തിലെ 50-ാം സൂക്തത്തിനുശേഷം 60 മുതൽ 94 വരെ സൂക്തങ്ങൾ വരുകയും പിന്നീട് 51 മുതൽ 55 വരെ സൂക്തങ്ങൾ ക്രമീകരിച്ചിരിക്കുകയുമാണ് ബാഷ്കലത്തിൽ. ശാകലശാഖയിലെ 56ഉം57 ഉം സൂക്തങ്ങൾ (8-ാം മണ്ഡലത്തിലുള്ളത്) ബാഷ്കല ശാഖയിൽ ഇല്ല. തുടർന്ന് 8-ാം മണ്ഡലത്തിലെ 95 മുതൽ പത്താംമണ്ഡലത്തിലെ 88-ാം സൂക്തത്തിലെ 18-ാം ഋക്കു വരെ തുടർച്ചയായി പോകുന്നു. ഇതിനുശേഷമാണ് 8-ാം മണ്ഡലത്തിലെ 58-ാം സൂക്തത്തിലെ രണ്ടാമത്തെ ഋക്കും, അതിനുശേഷം ഒന്നാമത്തെ ഋക്കും ഈ ശാഖയിൽ വരുന്നത്. ശാകലശാഖയിലെ 59-ാം സൂക്തം ബാഷ്കലത്തിൽ ഇല്ല. ഈ ക്രമീകരണത്തിനുശേഷമാണ് പത്താം മണ്ഡലത്തിലെ 88-ാം സൂക്തത്തിലെ 19-ാം ഋക്കുമുതൽ 192-ാം സൂക്തത്തിലെ അവസാനഋക്കുവരെ ചേർത്തിരിക്കുന്നത്. തുടർന്ന് വേദഭാഗമായി പരിശിഷ്ടസൂക്തങ്ങളും ചേർത്തിരിക്കുന്നു.

**ഋഗ്വേദമന്ത്രങ്ങളുടെ ശ്രുതി** : ശ്രുതിയാണ് വേദങ്ങളുടെ ചൈതന്യം എന്ന് പറയാറുണ്ട്. നാലു വേദങ്ങൾക്കും തനതായ ശ്രുതിയുണ്ട്. ശിക്ഷാഭേദങ്ങളനുസരിച്ചും, ദേശഭേദമനുസരിച്ചും വേദം ചൊല്ലുന്ന രീതിയിൽ വ്യത്യാസമുണ്ടാകാം. പക്ഷേ സംഗീതാത്മകവേദത്തിന്റെ പാരായണം അഥവാ ഓതുന്നതിന്റെ അടിസ്ഥാനനിയമങ്ങൾ ഒന്നു തന്നെയാണ്. വേദശ്രുതിയിൽ ഒന്നാമത്തേത് സ്വരിതമാണ്. ശബ്ദം ഉയർത്തുകയാണ് സ്വരിതം



Scanned with CamScanner

വരുന്ന അക്ഷരത്തിൽ വേണ്ടത്. ഏതക്ഷരമാണോ ഉയർത്തി ശബ്ദിക്കേണ്ടത്, അതിനുമുകളിൽ ഒരു വര കുത്തനെ (।) വരച്ച് വേദഗ്രന്ഥങ്ങളിൽ സ്വരിതം സൂചിപ്പിക്കുന്നു. താഴ്ത്തി ഉച്ചരിക്കേണ്ട അക്ഷരം അനുദാത്തമാണ്. അക്ഷരത്തിനു ചുവട്ടിൽ വിലങ്ങനെയുള്ള വരയുടെ (-) സഹായത്താൽ അനുദാത്തസ്വരം സൂചിപ്പിക്കുന്നു. ഋഗ്വേദമന്ത്രങ്ങളിൽ ഉദാത്തം പ്രധാനസ്വരമാണ് എങ്കിലും അത് സൂചിപ്പിക്കുന്നതിന് പ്രത്യേക ചിഹ്നമില്ല. വേദവരികളിൽ കാണുന്ന ചിഹ്നം അനുനാസിക എന്നറിയപ്പെടുന്നു. അത് ഉച്ചരിക്കേണ്ടത് 'ങ്' എന്നാണ്. അനുദാത്ത, സ്വരിതങ്ങൾക്കുശേഷം ഉദാത്തം വരുമ്പോൾ വിറപ്പിച്ച് ശബ്ദിക്കുന്ന രീതിയാണ് കമ്പസ്വരം. ഹ്രസ്വകമ്പം f എന്നും ദീർഘകമ്പം ff എന്നും സൂചിപ്പിക്കുന്നു. ചിലപ്പോൾ 1 ഉം 3 ഉം അക്കത്തിലൂടെ ഹ്രസ്വകമ്പവും, ദീർഘകമ്പവും സൂചിപ്പിക്കാറുണ്ട്.

ഋഗ്വേദം ശ്രുതിയോടുകൂടി മാത്രമേ പഠിപ്പിക്കുവാൻ സാധിക്കൂ. അപ്രകാരം ശ്രുതികൂടി ഹൃദിസ്ഥമാക്കുന്നത് നിർബന്ധമായ തിനാലാണ് വേദാഭ്യാസനം ഗുരുമുഖത്തു നിന്നുവേണം എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. വേദങ്ങളുടെ ശാസ്ത്രീയത അതിൻെറ ശ്രുതിയിലാണെന്നൊരഭിപ്രായവുമുണ്ട്.

**ഋഗ്വേദപഠനക്രമങ്ങൾ** : താളിയോല ഗ്രന്ഥങ്ങളൊ, പുസ്തകങ്ങളൊ അടുത്തകാലം വരെ വേദവിദ്യാർത്ഥികൾ പഠനത്തിനായി ഉപയോഗിക്കുക പതിവില്ലായിരുന്നു. ആചാര്യനോ, വേദപാഠശാലയിലെ മുതിർന്ന വിദ്യാർത്ഥികളൊ ആയിരിക്കും വേദവരികൾ പഠിപ്പിക്കുക. വേദം ആദ്യം മുതൽ അവസാനം വരെ അതിൻെറ പൂർണ്ണതയോടെ പഠിക്കുക എന്നതാണ് ഒരു വേദവിദ്യാർത്ഥിയുടെ ലക്ഷ്യം. ഓരോ അദ്ധ്യായവും, അനുവാകവും എവിടെ തുടങ്ങുന്നു എവിടെ അവസാനിക്കുന്നു, ഓരോ മന്ത്രത്തിനും മുമ്പും പിമ്പും വരുന്ന മന്ത്രങ്ങളേതൊക്കെയാണ്, ഒരു മന്ത്രം ഏതു മണ്ഡലത്തിൽ ഏതു അനുവാകത്തിൽ വരുന്നു എന്നിങ്ങനെ വേദസംബന്ധിയായ ഏതു പ്രശ്നങ്ങൾക്കും ഉത്തരം ഒരു വേദാർത്ഥി, മൂന്നുമുതൽ പത്തു വർഷം കൊണ്ടവസാനിക്കുന്ന വേദവിദ്യാഭ്യാസകാലത്ത്, കണ്ടെത്തുന്നതി നുകുന്നതാണ് ഋഗ്വേദപഠനക്രമം.

ഋഗ്വേദപഠനക്രമങ്ങൾ പദപാഠം, ശിഖാപാഠം, രേഖാപാഠം, ധ്വജപാഠം, ദണ്ഡപാഠം, രഥപാഠം, ഘനപാഠം എന്നിവയാണ്. ഓരോ



Scanned with CamScanner

ഋക്കിലുമുള്ള ഓരോ പദവും അതിനടുത്ത പദവുമായി അല്ലെങ്കിൽ പദങ്ങളുമായി, ഉദാത്താനുദാത്ത നിയമങ്ങളനുസരിച്ച് തിരിച്ചും മറിച്ചും ചൊല്ലിയാണ് (മേൽ വിവരിച്ച പാഠക്രമമനുസരിച്ച്) വേദത്തിൻെറ പൂർണ്ണഅഭ്യസനം നടത്തുന്നത്. രേഖാപാഠക്രമത്തിൽ "ഓഷധയ സംവദന്തെ സോമേന സഹ രാജ്ഞാ" എന്ന ഋഗ്വേദവരി ചൊല്ലിയാൽ അതിപ്രകാരം ആയിത്തിരുന്നു.

ഓഷധയ സം. സമോഷധയ. ഓഷധയ സം

സം വദന്തെ സോമേന. സോമേന വദന്തെ സം.

സംവദന്ത വദന്തെ സോമേന സഹരാജ്ഞാ.

രാജ്ഞാ സഹ സോമേന വദന്തെ.

ഇതേ മന്ത്രഭാഗം മാലാപാഠപ്രകാരം ഇപ്രകാരമായിത്തിരുന്നു.

ഓഷധയ സം-സമോഷധയ ഓഷധയസം

സംവദന്ത വദന്തെസം സംവദന്തെ

വദന്തെ സോമേന സോമേന വദന്തെ

വദന്തെ സോമേന ..........................

ശിഖാപാഠക്രമരീതിയിൽ ഈ മന്ത്രഭാഗം ഇപ്രകാരമാണ്.

ഓഷധയസം സമോഷധയ, ഓഷധയ സം-വദന്തെ

സംവദന്തെ വദന്തെസം, സംവദന്തെ - സോമേന

വദന്തെ സോമേന സോമേന വദന്തെ

വദന്തെ സോമേന - സഹ ..............

ഈ പാഠക്രമങ്ങൾക്കെല്ലാം കൃത്യമായ ശ്രുതിയുണ്ട്. ഇപ്രകാരമൊരു പാഠക്രമത്തിലൂടെയാണ് ഋഗ്വേദത്തിൻെറ പൂർണ്ണ അദ്ധ്യയനം ഇന്നും നടത്തുന്നത്. (മറ്റു വേദങ്ങൾക്കും ഇപ്രകാരമൊരു പാഠപദ്ധതിയുണ്ട്.)

**ഋഗ്വേദ പരിശിഷ്ടങ്ങൾ** : വേദമന്ത്രങ്ങളുടെ രചനയ്ക്ക് ശതാബ്ദങ്ങൾക്കുശേഷം രചിക്കപ്പെട്ട ചെറുതും വലുതുമായ 36 സൂക്തങ്ങളാണ് വേദപരിശിഷ്ടമന്ത്രങ്ങളായി വിവരിക്കപ്പെടുന്നത്. ശാഖാഭേദമനുസരിച്ച് ഈ സംഖ്യയ്ക്ക് വ്യത്യാസം വരാവുന്നതാണ് എന്നു കണ്ടുവല്ലൊ. വേദത്തിലെ ചില സൂക്താന്ത്യത്തിലൊ, അദ്ധ്യായാ ന്ത്യത്തിലൊ പരിശിഷ്ടസൂക്തങ്ങൾ ചൊല്ലുക എന്നത്



Scanned with CamScanner

ഒരു ചടങ്ങായി ചെയ്തുപോരുന്നു. ഇവ വേദങ്ങളുടെ ഒഴിച്ചുകൂടാൻവയ്യാത്ത ഭാഗങ്ങളായി പരിഗണിക്കാറില്ല. കൂടാതെ വേദമന്ത്രസംഖ്യകളിൽ പരിശിഷ്ടങ്ങൾ പൊതുവേ ഉൾപ്പെടുന്നുമില്ല. പരിശിഷ്ട മന്ത്രങ്ങൾക്ക് വ്യക്തമായ ശ്രുതികൾ, വേദമന്ത്രങ്ങളെപോലെ തന്നെയുണ്ട്.

## യജുർവേദം

ഋഗ്വേദരചനയ്ക്കുശേഷമാണ് യജുർവേദം രചിക്കപ്പെട്ടത്. ഋഗ്വേദമന്ത്രങ്ങൾ ധാരാളമായി ഉൾപ്പെടുത്തിയിരിക്കുന്ന യജുർവേദത്തിൽ തനതായ മന്ത്രങ്ങളും കൂടാതെ ഗദ്യഭാഗങ്ങളായ ബ്രാഹ്മണങ്ങളും ഉണ്ട്. യജുർവേദം, യജ്ഞകർമ്മാദികൾ വിവരിക്കുന്ന കർമ്മകാണ്ഡങ്ങളടങ്ങുന്നതാണ് എന്നു വിവരിക്കപ്പെടുന്നു.

**യജുർവേദ ശാഖകൾ** : അനേകം ശാഖകൾ ചേർന്നതാണ് യജുർവേദത്തിൻെറ 'പൂർണ്ണരൂപം' യജുർവേദത്തിന് 100 ശാഖകളുണ്ടെന്ന് വിവരി ക്കപ്പെടുന്നു. പക്ഷേ വിഷ്ണുപുരാണത്തിൽ യജുർവേദശാഖകൾ 27 എന്നു വിവരിക്കുന്നുണ്ട്. വേദത്തെ നാലായി വിഭജിച്ച്, വ്യാസൻ യജുർവേദം വൈശമ്പായനന് നൽകി എന്നും വൈശമ്പായനൻ ഈ വേദഭാഗത്തെ തൻെറ 9 ശിഷ്യൻമാർക്കായി ഉപദേശിച്ചു എന്നും വിശ്വസിക്കപ്പെടുന്നു. പുതിയ അറിവുകളും വിവരണങ്ങളും ഉൾപ്പെടുത്തി 9 ശിഷ്യന്മാരും പുതിയ യജുർവേദ ശാഖകൾക്ക് ജന്മം നൽകി. ഇവ ആലംബി, കലിംഗ, കമല, ഋചാഭ, ആരുണി, താണ്ഡ്യ, ശ്യാമായന, കഠ, കലാപി ശാഖകളായി അറിയപ്പെട്ടു. ഈ വേദശാഖകൾ വീണ്ടും ശിഷ്യഗണങ്ങളിലേയ്ക്ക് പകർന്നിരിക്കണം. ഉദാഹരണത്തിന് യജുർവേദീയ കഠ ശാഖ, ചരക, ആഹ്വരക, ഭ്രജിഷ്ഠലകഠാ, പ്രച്യഠാ, കപിഷ്ഠലകഠാ, വാരായണീയ, ശ്വേത, ശ്വേതാ ശ്വേതര, ഔപമന്യവ, പാതാണ്ഡിനേയ, ഛാരായണീയ, മൈത്രായണീയ എന്നിങ്ങനെ പന്ത്രണ്ടു ശാഖകളായി വളർന്നു.

കലാപിയാകട്ടെ, ഹാരിദ്രിവീയ, ഛാഗലിന തൗംബുരുവിന, ഔലുപിന എന്നിങ്ങനെയുള്ള നാലുശാഖകളായി വളർന്നു എന്ന് പാണിനിസൂത്രവും, പതഞ്ജലി മഹാഭാഷ്യവുംവിവരിക്കുന്നു. മൈത്രയണീയ യജുർവേദ ശാഖ, മാനവ, വാരാഹ, ദുന്ദുഭ, ഐകേയ, ഹാരിദ്രവീയ, ശ്യാമ, ശ്യാമായണീയ ശാഖകളായി വികസിച്ചു. ഇതിലെ



Scanned with CamScanner

ഹാരിദ്രവീയശാഖ ആസുരിണ, ഗാർഗ്യ, ശാർക്കരാക്ഷ്യ, മാർഗാ, വാസവീയ, ശാഖകൾക്ക് ജന്മംനൽകി, ഇവയിലൊന്നും പെടാത്ത യജ്ഞവൽക്യൻ പ്രത്യേകമായി രചിച്ച യജുർവേദീയ തൈത്തിരീയ ശാഖയും, ഗദ്യഭാഗങ്ങളില്ലാത്ത ഒരു പ്രത്യേകശാഖയായി വർത്തിക്കുന്ന മാധ്യന്ദിന വാജസനേയി സംഹിതയും വേറെയുണ്ട്. ഈ യജുർവേദശാഖകളെല്ലാം ചേർന്ന് യജുർവേദവൃക്ഷമെന്ന് അറിയപ്പെടുന്നു. ഇവയിലേതാണ്ട് എല്ലാ ശാഖകളും ഇന്ന് ലഭ്യമാണ്.

യജുർവേദത്തിലെ എല്ലാ ശാഖകളേയും കൃഷ്ണ യജുർവേദമെന്നും ശുക്ളയജുർ വേദമെന്നും പൊതുവേ രണ്ടായിഭാഗിച്ചിരിക്കുന്നു.

## യജുർവേദ ശാഖോപശാഖകൾ
### (യജുർവേദവൃക്ഷം)

| യജുർവേദം | 8. കഠ** | 8. കഠ** |
|---|---|---|
| 1. ആലംഭി | a. ചരക | A. പിഞ്ജുലകഠ |
| 2. കലിങ്ഗ | b. ആഹ്വരക | B. ഔദലകഠ |
| 3. കമല | c. ഭ്രാജിഷ്ഠലകഠ | C. സചിച്ചലകഠ |
| 4 ഋചാഭ | d. കപിഷ്ഠലകഠ | D. മുദ്ഗലകഠ |
| 5 ആരുണി | e. ചാരായണീയ | E. ശൃംഗലകഠ |
| 6. താണ്ഡ്യ | f. പ്രാച്യകഠ | F. സൗഭരകഠ |
| 7. ശ്യാമായന | g. ശ്വേത | G. മൗരസകഠ |
| 8. കഠ** | h. ശ്വേതാശ്വേതര | H. ചുചുകഠ |
| | i. ഔപമന്യവ | I. യോഗകഠ |
| 9. കലാപി * | j. പാതാണ്ഡിനേയ | J. ഹപിലകഠ |
| | k. മൈത്രാണീയ** | K. ഭൗസലകഠ |
| | | L. ലോഷകഠ |
| | | M. ജൃംഭകഠ |

* * * *

| 9. കലാപി* | K. മൈത്രായണീയ*** | V. ഹാരിദ്രവീയ**** |
|---|---|---|
| I ഹാരദ്രവീയ | p. മാനവ | i ആസുരിണ |
| | q. വാരാഹ | ii ഗാർഗ്യ |
| II ഛാഗലിന | r. ദുന്ദുഭ | |



Scanned with CamScanner

| | | |
|---|---|---|
| | s. ഐകേയ | iii ശാർകരാക്ഷ്യ |
| III തൗംബുരുവിന | t. ശ്യാമാ | iv മാർഗ |
| IV ഔലുപിന | v. ഹാരിദ്രവീയ**** | v വാസവീയ |

സൂര്യപ്രസാദത്താൽ ലഭിച്ച വേദങ്ങളായതുകൊണ്ട് ചില വേദശാഖകളെ ശുക്ല യജുർവേദമെന്ന് വിളിക്കുന്നു കൂടാതെ ഗദ്യഭാഗങ്ങളില്ലാതെ പൂർണ്ണമായി പദ്യരൂപത്തിൽ നൽകിയിരിക്കുന്ന ശുദ്ധരൂപത്തിലുള്ള വേദശാഖകളായതുകൊണ്ടാണ് ചില യജുർവേദ ശാഖകളെ ശുക്ലയജുർവേദമെന്നറിയപ്പെടുന്നത് എന്നും, വിവരണങ്ങളുണ്ട്. കൃഷ്ണ യജുർവേദശാഖയിൽ പെടുന്നവയിലെല്ലാം ഗദ്യ പദ്യമിശ്രിതമായിട്ടാണ് മന്ത്ര അവതരണം.

ശുക്ലയജുർവേദത്തിലെ രണ്ടു ശാഖകളാണ് മാധ്യം ദിനവാജസനേയി സംഹിതയും, കണ്വ സംഹിതയും. കൃഷ്ണ യജുർവേദീയമായ ശാഖകളാണ് മൈത്രായണി സംഹിതയും, തൈത്തിരീസംഹിതയും, കാസംഹിതകളും. തൈത്തിരീയശാഖയ്ക്ക് ആപസ്തംബ സംഹിതയെന്നും, ഹിരണ്യകേശി സംഹിതയെന്നും രണ്ടു ശാഖകളുണ്ട്.

**വാജസനേയീ മാധ്യന്ദിന സംഹിത** : നാൽപത് അദ്ധ്യായങ്ങളിലായി 1975 മന്ത്രങ്ങളടങ്ങുന്നതാണ് ശുക്ലയജുർവേദീയമായ ഈ സംഹിത. വിവിധ യാഗകർമ്മങ്ങൾക്കുള്ള മന്ത്രങ്ങളാണ് ഇതിൽ ക്രമീകരിച്ചിരിക്കുന്നത്. ഓരോ അദ്ധ്യായത്തിലും നൽകിയിരിക്കുന്ന മന്ത്രങ്ങൾ വരുന്ന പ്രധാന യാഗഭാഗമാണ് യഥാക്രമം വിവരിക്കുന്നത്.

അം. 1, 2. ദർശപൂർണമാസി യാഗത്തിലെ മന്ത്രങ്ങൾ.

അം 3. ചാതുർമാസ്യകർമ്മത്തിലനുഷ്ഠിക്കുന്ന അഗ്ന്യാധാനം, അഗ്നി ഉപസ്ഥാനം, അഗ്നികുണ്ഡത്തിൽ അഗ്നി തെളിയിക്കുന്ന കർമ്മങ്ങൾ.

അം. 4. അഗ്നിഷ്ടോമ യാഗത്തിൽ യാഗം നടത്തിക്കുന്ന യജമാനൻ യാഗശാലയിൽ പ്രവേശിക്കുന്നതുമുതൽ യാഗത്തിനാ വശ്യമായ സോമരസം എടുക്കുന്നതിനുള്ള സോമലതകൾ, യാഗശാല യിലേക്ക് കൊണ്ടുവരുന്നതുവരെയുള്ള ചടങ്ങുകൾക്കായുള്ള മന്ത്രങ്ങൾ.

അം. 5. യാഗത്തിലെ ആതിഥ്യം എന്ന ചടങ്ങുമുതൽ യൂപസ്ഥാനം വരെയുള്ള കർമങ്ങളുടെ മന്ത്രങ്ങൾ.

അം. 6. അഗ്നിഷ്ടോമത്തിലെ യൂപസ്ഥാപനം മുതൽ സോമരസം



Scanned with CamScanner

ഉണ്ടാകുന്നതുവരെയുള്ള ചടങ്ങുകളുടെ മന്ത്രങ്ങൾ.

അം. 7, 8. ഉപാംശുഗ്രഹസവനം, തൃതീയസവനത്തിലെ ആദിത്യഗ്രഹമന്ത്രവും യഥാക്രമം വരുന്നു.

അം. 9 മുതൽ 14 വരെ യഥാക്രമം വാജപേയയാഗം, രാജസൂയയാഗത്തിലെ സൗത്രാമണി എന്ന കർമ്മം, ഉഘാസംഭരണം, ചിതി ഉപധാനവും, പുഷ്കരപർണ ഉപധാനവും സവിസ്തരം വർണ്ണിക്കുന്നു.

അം. 15 മുതൽ 22 വരെ. പഞ്ചമചിതി, ശതരുദ്രിയഹോമം, ചിതി ആരോഹണം, വസോർധാര, സൗത്രാമണി, സേകം, സന്ധ്യാഹോരാത്രം, യാജ്യപ്രേഷണം എന്നീ പ്രധാനചടങ്ങുകൾക്കുള്ള മന്ത്രങ്ങൾ.

അം. 23 മുതൽ 25 വരെ. പൂർണ്ണമായും അശ്വമേധയാഗ മന്ത്രങ്ങൾ.

അം. 26. ഖിലമന്ത്രങ്ങൾ.

അം. 27 മുതൽ 30 വരെ. പഞ്ചമചിതിയിലെ അഗ്നിമന്ത്രം, സൗത്രാമണി ചടങ്ങിൽ മേൽവിവരിച്ച കർമ്മങ്ങളുടെ തുടർച്ചയായ മന്ത്രങ്ങൾ, വീണ്ടും അശ്വമേധയാഗത്തിലെ മന്ത്രങ്ങൾ.

അം 30 മുതൽ 35 വരെ. പുരുഷമേധയാഗം, പുരുഷസൂക്തം, സർവ്വമേധം, സർവ്വമേധത്തിലെ പുരോരപ്രക്രിയ, ശിവസങ്കൽപം, പിതൃമേധം എന്നീ ക്രിയാമന്ത്രങ്ങൾ.

അം 36 മുതൽ 39 വരെ. യാഗാഗ്നിയിലെ പ്രവർഗ്യം, സംവരം പ്രോക്ഷണം, ഘർമ്മദോഹനം, പ്രായശ്ചിത്തം.

അം 40 പ്രസിദ്ധമായ **ഈശാവാസ്യോപനിഷത്ത്.** ശുക്ല യജുർവേദീയ വാജസനേയി സംഹിതയുടെ ഓരോ അദ്ധ്യായത്തിലും 20 മുതൽ 40 വരെ മന്ത്രവരികൾ അടങ്ങിയിട്ടുണ്ട്.

ഇവിടെ വിവരിച്ചിരിക്കുന്ന മന്ത്രങ്ങൾ, ഋഗ്വേദത്തിലേതു പോലെ ഓരോ മഹർഷിമാരും അവരുടെ കുലശിഷ്യഗണത്തിലുള്ളവരും രചിച്ചതാണ്. ഋഗ്വേദത്തിൽ നിന്നുതന്നെ എടുത്തിട്ടുള്ള അനേകം ഋക്കുകളും ഇതിലുണ്ട്. ഋഗ്വേദമന്ത്രങ്ങളെപോലും, യജുർവേദത്തിൽ ചേർക്കുമ്പോൾ ഋക്കുകൾ എന്നു പറയാറില്ല. യജുർവേദം കർമ്മകാണ്ഡമാണ് എന്ന പൊതുവേ വിവരിക്കുവാൻ കാരണവും, യാഗകർമ്മങ്ങൾക്കായി മന്ത്രങ്ങളെ ക്രമീകരിച്ചിരിക്കു



Scanned with CamScanner

ന്നതുകൊണ്ടു തന്നെയായിരിക്കണം. ഒരു യാഗത്തിനൊ, യാഗചടങ്ങിനൊ ചൊല്ലുന്നമന്ത്രങ്ങൾ അതിനുമാത്രമായുള്ളതല്ല എന്നു പ്രത്യേകം ഓർമ്മിപ്പിക്കട്ടെ, യാഗാടിസ്ഥാനത്തിൽ വിവരിക്കുമ്പോൾ മാത്രമാണ്, അപ്രകാരം സൂചിപ്പിക്കുന്നത്. ഈ മന്ത്രങ്ങളിൽ പലതും പൂജാചടങ്ങുകൾ മുതൽ വിവാഹാദിചടങ്ങുകൾ വരെയുള്ള എല്ലാ ദൈവീകകർമ്മങ്ങൾക്കും യുക്താനുസരണം ഉപയോഗിക്കാറുണ്ട്.

## കാണ്വസംഹിത

കാണ്വസംഹിതയിൽ വിഷയങ്ങളും, വിവരണങ്ങളും, അദ്ധ്യായങ്ങളുടെ എണ്ണവും, മാധ്യന്ദിന സംഹിതയിലേതുപോലെയാണ്. മന്ത്രസംഖ്യകളിൽ അൽപം ചില വ്യത്യാസങ്ങൾ വരുന്നുണ്ട് എന്നുമാത്രം. അക്ഷരങ്ങളുടെയോ, പദങ്ങളുടേയൊ വ്യത്യാസവും, മന്ത്രവരികളുടെ മാറ്റിമറിച്ചുള്ള ക്രമീകരണവും ചില അദ്ധ്യായങ്ങളിൽ കാണാം.

## തൈത്തിരീയ സംഹിത

കൃഷ്ണയജ്ജുർവേദത്തിലെ പ്രധാനവേദശാഖയായ തൈത്തരിയ സംഹിത ഏഴു കാണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ കാണ്ഡവും വീണ്ടും പ്രപാഠകങ്ങളായും വിഭജിച്ചിട്ടുണ്ട്. വളരെ വ്യക്തമായ ക്രമീകരമുള്ള ഈ സംഹിതയിലെ ഓരോ പ്രപാഠകവും യാഗകർമ്മങ്ങളിലെ ഓരോചടങ്ങിൻെറയും വിവരണങ്ങളാണ്. ഇവയെല്ലാം മന്ത്രസൂക്തങ്ങളും ബ്രാഹ്മണ വിവരണങ്ങളായ ഗദ്യങ്ങളും ചേർന്നതാണ്.

കാണ്ഡം 1. എട്ടു പ്രപാഠങ്ങളിലായി ഒന്നാം കാണ്ഡത്തിൽ വിവിരിക്കുന്ന വിഷയങ്ങൾ ഇപ്രകാരമാകുന്നു. ദർശപൂർണമാസിയാഗ ക്രിയകൾ, അഗ്നിനിഷ്ടോമയാഗം, അഗ്നിഷ്ടോമത്തിലെ യാഗപശുവുമായി ബന്ധപ്പെട്ട ചടങ്ങുകൾ, ഗ്രഹാകർമ്മങ്ങൾ, യജ്ഞശാലയിൽ യാഗാഗ്നിയുടെ പുനരാധാനം, യജ്ജമാനൻ നടത്തുന്ന കർമ്മങ്ങളടങ്ങുന്ന യജ്ജമാന കാണ്ഡം, അതിൻെറ തുടർച്ചയായി യജമാനകർമ്മങ്ങൾ തന്നെ ഉൾക്കൊള്ളുന്ന യജമാനബ്രാഹ്മണം, രാജസൂയയാഗത്തിലെ ചില കർമ്മങ്ങൾ.

കാണ്ഡം 2. ആറു പ്രപാഠകങ്ങളിലായി ഇതിൽ വിവരിക്കുന്ന വിഷയങ്ങൾ യാഗകർമ്മത്തിലെ പശുവിധാനം, ഭൗതിക സുഖലബ്ധിക്കായി അനുഷ്ഠിക്കുന്ന കാമ്യേഷ്ഠിയുടെ വിവരണം,



Scanned with CamScanner

ആദ്ധ്യാത്മിക ലക്ഷ്യത്തിനുള്ള യാഗകർമ്മങ്ങൾ, യാഗശേഷം നടത്തുന്ന ശേഷകർമ്മങ്ങൾ.

കാണ്ഡം 3. അഞ്ചുപ്രപാഠകങ്ങളിൽ യഥാക്രമം യാഗത്തിലെ സോമക്രിയകൾ, യാഗകർമ്മങ്ങളുടെ വ്യാഖ്യാനം, യാഗക്രമീകരണം, യാഗത്തിലെ ഹവനവിധികൾ, യാഗശേഷക്രിയകൾ എന്നിവയാണ്.

കാണ്ഡം 4. ഏഴു പ്രപാഠകങ്ങളിൽ യജ്ഞശാലയിലെ യാഗകുണ്ഡത്തിന്റെ ക്രമീകരണം, യാഗകുണ്ഡക്രമീകരണവുമായി ബന്ധപ്പെട്ട മന്ത്രങ്ങൾ, ദേവയജ്ഞം, യാഗശാലാവർണ്ണനം, യാഗകുണ്ഡവർണ്ണനം, പഞ്ചമചിതിനിരൂപണം, ഹോമവിധി, പരിഷേചന സംസ്കാര ക്രിയകൾ, വസോർധാര എന്നീ യാഗവിഷയങ്ങൾ വിവരിക്കുന്നു.

കാണ്ഡം 5. ഏഴു പ്രപാഠകങ്ങളടങ്ങുന്ന ഈ കാണ്ഡത്തിൽ അഗ്നിചരിത്രം, അഗ്നികുണ്ഡ വിവരണത്തിന്റെ തുടർച്ച, പ്രത്യേക യാഗത്തിനുള്ള കുണ്ഡങ്ങൾ, അവ നിർമ്മിക്കുവാനുപയോഗിക്കുന്ന ഇഷ്ടിക, യാഗപശു ഉൾപ്പെടെയുള്ള യാഗദ്രവ്യങ്ങൾ, യാഗത്തിനുള്ള കലശപാത്രങ്ങൾ, ഹവനകർമ്മങ്ങൾ എന്നീ വിഷയങ്ങളാണ്.

കാണ്ഡം 6. ആറു പ്രപാഠകങ്ങളിലായി സോമയാഗത്തിനുള്ള മന്ത്രങ്ങളുടെയും, ബ്രാഹ്മണങ്ങളുടെയും സവിസ്തര വിവരണമാണ് ഈ കാണ്ഡത്തിലെ വിഷയം.

കാണ്ഡം 7. അഞ്ചു പ്രപാഠകങ്ങളാണ് ഈ കാണ്ഡത്തിലുള്ളത്. അശ്വമേധയാഗകർമ്മങ്ങൾ, ആറു രാത്രികളിൽ നടത്തുന്ന യാഗ കർമ്മങ്ങൾ, സത്രജാതകർമ്മം, യാഗകർമ്മ നിരൂപണം, യാഗശേഷകർമ്മങ്ങൾ, യാഗകർമ്മങ്ങളുടെ വ്യാഖ്യാനങ്ങൾ എന്നിവ യാണ് മറ്റു വിവരണവിഷയങ്ങൾ.

## മൈത്രായണീസംഹിത

കൃഷ്ണയജുർവേദത്തിലെ മൈത്രായണീശാഖ നാലു കാണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ യാഗത്തിനുമുള്ള മന്ത്രങ്ങളും കർമ്മങ്ങളുമാണ് ഇതിൽ ക്രമീകരിച്ചിരിക്കുന്നത്. തൈത്തരീയ സംഹിതയിൽ കാണുന്ന വ്യക്തതയും, ചിട്ടയും യാഗവിവരണത്തിൽ, ഈ സംഹിതയിൽ കാണുന്നില്ല എന്ന ഒരു അഭിപ്രായവുമുണ്ട്. തൈത്തിരീയ സംഹിതപോല ഓരോ കാണ്ഡവും വീണ്ടും പ്രപാഠകങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഈ സംഹിതയിൽ



Scanned with CamScanner

വിവരിക്കുന്ന വിഷയങ്ങൾ ഇപ്രകാരമാണ്.

കാണ്ഡം 1. പതിനൊന്നു പ്രപാഠകങ്ങളാണ് ഈ കാണ്ഡത്തിലുള്ളത്. യഥാക്രമം ഇതിൽ വിവരിക്കുന്ന വിഷയങ്ങൾ, ദശപൂർണമാസയാഗം, യാഗത്തിൽ അധ്വര്യു നടത്തുന്ന ക്രിയകൾ, ഗ്രഹാകർമ്മങ്ങൾ, യജമാനബ്രാഹ്മണം, യാഗാദികൾക്കുള്ള അഗ്നി ഉപസ്ഥാനം, അഗ്ന്യാധാനം, അഗ്നിയുടെ പുനരാധാനം, അഗ്നിഹോത്ര ബ്രാഹ്മണം, ചതുർഹോരക്രിയകൾ, ചാതുർമാസ്യ ക്രിയകൾ വാജ്പേയയാഗം.

കാണ്ഡം 2. പതിമൂന്നു പ്രപാഠകങ്ങളിലായി ഭൗതികസുഖ സമൃദ്ധിക്കു വേണ്ടിയുള്ള യാഗങ്ങൾ, രാജസൂയം, അഗ്നിഹോത്രം, എന്നീ യാഗങ്ങളുടെ ഏറെ മന്ത്രങ്ങളും പ്രധാന ചില ചടങ്ങുകളും വിവരിക്കുന്നു.

കാണ്ഡം 3. പതിനാറു പ്രപാഠകങ്ങൾ അടങ്ങുന്ന ഈ കാണ്ഡത്തിൽ അഗ്നിഹോത്രയാഗക്രിയകളുടെ തുടർച്ചയായി അഗ്നിഹോത്ര ബ്രാഹ്മണം, വസോർധാരക്രിയകൾ, യജ്ഞശാലയിൽ സന്നിഹിതരായിരിക്കുന്ന ഓരോ പുരോഹിതനും നേതൃത്വം നൽകേണ്ട ക്രിയകൾ, യാഗത്തിലെ സൗത്രാമണീയ കർമ്മം അശ്വമേധയാഗം ഇവ വിവരിക്കുന്നു.

കാണ്ഡം 4. പതിനാലു പ്രപാഠകങ്ങളിലായി പുരോഡാശ ക്രിയകളടങ്ങുന്ന പുരോഡാശ ബ്രാഹ്മണം, അധ്വാര്യു വിഭാഗത്തിൽ പെട്ട യാഗപുരോഹിതന്മാരുടെ കർമ്മങ്ങൾ, പ്രവർഗ്യകർമ്മം, മറ്റു ഹവനകർമ്മങ്ങൾ എന്നിവ വിവരിക്കുന്നു. കൂടാതെ അവസാനത്തെ ഏഴു പ്രപാഠകങ്ങൾ **മൈത്രായണീ ഉപനിഷത്താണ്.**

യാഗകർമ്മങ്ങളുടെ വിവരണങ്ങൾ തമ്മിലുള്ള സാമ്യതകളനുസരിച്ച് തൈത്തരീയ ശാഖയും മൈത്രായണീയ ശാഖയും തമ്മിൽ വളരെ ബന്ധമുണ്ട്. എന്നാൽ നവജാത ശിശുവിൻെറ ജാതകർമ്മം, അന്നപ്രാശനം, നാമകരണം, ഉപനയനം, വിവാഹം തുടങ്ങിയ ഗൃഹസ്ഥനുമായി ബന്ധപ്പെട്ട ആചാരങ്ങളുടെയും, കർമ്മങ്ങളുടെയും വിവരണം തൈത്തരീയ സംഹിതയിൽ, മൈത്രായണീയ സംഹിതയേക്കാൾ പ്രാധാന്യത്തോടെയും, വ്യക്തതയോടെയും നൽകിയിട്ടുണ്ട്.

ഭാരതത്തിൽ യജുർവേദത്തിലെ വിവധ ശാഖകളുടെ അനുയായികളായി വളരെ കുറച്ച് വേദജ്ഞർ മാത്രമാണ് ഇന്നുള്ളത്.



Scanned with CamScanner

മൈത്രായണീയശാഖക്കാരായ ചില വൈദികർ ഗുജറാത്തിലെ നർമ്മദാതീരത്തും, ഗോദാവരിതീരത്തും, കാശ്മീരിലും വസിക്കുന്നു. തൈത്തിരീയ ശാഖയുടെ അനുയായികൾ ഭാരതത്തിൽ പല ഭാഗങ്ങളിലും കാണപ്പെടുന്നുണ്ടെങ്കിലും, കഠശാഖക്കാർ ഗോദാവരിയുടെ ദക്ഷിണതീരത്ത് മാത്രമായി ഒതുങ്ങിയിരിക്കുന്നു. ശുക്ലയജുർവേദീയകണ്വശാഖക്കാർ കൃഷ്ണ നദിക്കരയിലും മാധ്യന്ദിനവാജസനേയിയുടെ പിന്തുടർച്ചക്കാർ സരയൂനദിക്കരയിലും മാത്രമായി കാണപ്പെടുന്നു.

## കാഠകസംഹിത അഥവാ കഠസംഹിത

കൃഷ്ണ യജുർവേദീയ കാഠകസംഹിതയിലെ ചരകശാഖയിൽ അഞ്ചുഭാഗങ്ങളാണുള്ളത്. ഒന്നാംഭാഗം ഇഠിമികാ, രണ്ടാംഭാഗം മധ്യമികാ, മൂന്നും നാലും ഭാഗങ്ങൾ ഓരമിക, അഞ്ചാംഭാഗം അശ്വമേധ വചനം എന്നിങ്ങനെ അറിയപ്പെടുന്നു. ഒന്നു മുതൽ നാലുവരെ ഭാഗങ്ങളെ നാൽപത് അദ്ധ്യായങ്ങൾ അഥവാ സ്ഥാനകങ്ങളായി ഭാഗിച്ചിരിക്കുന്നു. അഞ്ചാം ഭാഗം 13 അനുവചനങ്ങളായും ഭാഗിച്ചിരിക്കുന്നു. കാഠകസംഹിതയിലെ ചരകശാഖയിൽ മന്ത്രങ്ങളും, ബ്രാഹ്മണങ്ങളുടെ സംഖ്യ 3028 എണ്ണമാണ്. ഈ ശാഖയിലെ മന്ത്രങ്ങളിൽ കമ്പം, രേഫം, പ്ലുതം, അനുനാസിക എന്നീ സ്വരങ്ങളില്ലതന്നെ. ശ്രുതിയില്ലാത്ത ബ്രാഹ്മണ ഭാഗങ്ങളും കാഠകശാഖയിലുണ്ട്. അഞ്ചു ഭാഗങ്ങളിലായി ഇതിൽ വിവരിക്കുന്ന വിഷയങ്ങൾ ഇപ്രകാരമാണ്.

ഇഠിമിക : പതിനെട്ട് അദ്ധ്യായങ്ങൾ അഥവാ സ്ഥാനകങ്ങളിലായി വിവരിക്കുന്ന വിഷയങ്ങൾ പുരോഡാശക്രിയകൾ, അധ്വര്യു പുരോഹിതന്റെ കർമ്മങ്ങൾ, ജ്യോതിരികം, ഗ്രഹാകർമ്മങ്ങൾ, യജമാനം, അഗ്നിഹോത്രയാഗത്തിലെ കർമ്മങ്ങളടങ്ങുന്ന അഗ്നിഹോത്ര ബ്രാഹ്മണം, ആലോഭി, ദിശസ്ഥാനകം, പശുബന്ധനം, വാജപേയം, രാജസൂയം അഗ്നിവീശിക, ധ്രുവക്ഷിതി, ചമാ എന്നിവയാകുന്നു.

മധ്യമിക : പന്ത്രണ്ടു സ്ഥാനകങ്ങളിലായി വിവരിക്കുന്ന വിഷയങ്ങൾ സാവിത്രി, അപോതവീതം, പഞ്ചചൂഡം, സ്വർഗ്ഗം, ദീക്ഷിതം, സാക്ഷിതി, ഇഷു, ധിഷ്ണ്യം, വാചസ്പതി, ആയുഷ്യം, ദീർഘജിഹി, പാത്നിവതം എന്നിവയാണ്.

ഓരമിക : പത്തു സ്ഥാനകങ്ങളുള്ള ഓരമികയിലെ വിവരണം



Scanned with CamScanner

പുരോഡാശ ബ്രാഹ്മണം, യജമാനബ്രാഹ്മണം, സത്ര(യാഗ)വിവരണം, ഏകദിനയജ്ഞം, പ്രായശ്ചിത്ത കർമ്മങ്ങൾ, ചാതുർമാസ്യം, സവാ, സൗത്രാമണി, യദക്രന്ദം, ഹിരണ്യഗർഭം എന്നീ വിഷയങ്ങളെ പുരസ്കരിച്ചുള്ളവയാണ്.

അശ്വമേധവചനം : പന്ഥാനുവചനം, ഗണാനുവചനം, അനുവചനം, മേഷാനു വചനം, മിത്രാനുവചനം, ജീമൂതാനുവചനം, ഇന്ദ്രാനുവചനം, പേത്വാനു വചനം, രോഹിതാനുവചനം, സോമാനുവചനം, നമസ്കാരനുവചനം, അലിവന്ദാനുവചനം, ശാദാനുവചനം എന്നിങ്ങനെ 13 അനു വചനങ്ങൾ അഥവാ സൂക്തങ്ങൾ ഇതിലടങ്ങുന്നു.

## കപിഷ്ഠല കഠസംഹിത

പ്രൊഫസർ കാലണ്ട്, പ്രൊഫസർ വെബർ എന്നിവർ പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരണങ്ങളാണ് ലഭ്യമായ കപിഷ്ഠലകഠ സംഹിതക്കാധാരം. ഈ ഗ്രന്ഥങ്ങൾ പ്രകാരം സംഹിതയുടെ 9 മുതൽ 24 വരെ അദ്ധ്യായങ്ങളും, 33-ാം അദ്ധ്യായവും പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു. ആറ് അഷ്ടകങ്ങളിലായി 48 അദ്ധ്യായങ്ങളു ള്ളതിൽ അവശേഷിക്കുന്ന അധ്യായങ്ങളാണ് പ്രൊഫസർ വെബറും, കാലണ്ടും പ്രസിദ്ധീകരിച്ചിരിക്കുന്നത്. കഠസംഹിതയും, കപിഷ്ഠലകഠ സംഹിതയും തമ്മിൽ വളരെ സാമ്യമുണ്ടെന്ന് ലഭ്യമായ കപിഷ്ഠലകഠത്തിന്റെ ഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വ്യക്തമാകുന്നു. ഒരേക്രമത്തിലാണ് രണ്ടു സംഹിതകളിലും വിഷയാവതരണം. പക്ഷേ കാഠക സംഹിതയിലെ ഏതാനും വരികൾ കപിഷ്ഠലകഠത്തിന്റെ ഓരോ അദ്ധ്യായത്തിലും അപ്രത്യക്ഷമായിരിക്കണം. കാഠകസംഹിതയിലെ സ്ഥാനകം 9 മുതൽ 15 വരെയുള്ള വിവരണങ്ങൾക്ക് സമാനമായി കപിഷ്ഠലത്തിന്റെ 9 മുതൽ 24 വരെ അദ്ധ്യായങ്ങളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. കാഠകത്തിന്റെ 21, 22 സ്ഥാനങ്ങളുടെ ഏതാനും ഭാഗമാണ് കപിഷ്ഠലത്തിന്റെ നഷ്ടപ്പെട്ട 33-ാം അദ്ധ്യായത്തിന് സമമായി വരുന്നത്. വിഷയങ്ങളുടെ കാര്യത്തിൽ കപിഷ്ഠലകഠവും, കഠവും തമ്മിൽ കാര്യമായ വ്യത്യാസങ്ങളില്ലാത്ത തിനാൽ വിഷയഗ്രഹണത്തിന് കഠസംഹിതയിലൂടെ കണ്ണോടിച്ചാൽ മതിയാകും.

**യജുർവേദമന്ത്രങ്ങളുടെ ശ്രുതി** : ഋഗ്വേദമന്ത്രങ്ങളിൽ നിന്ന് വളരെ ഭിന്നമല്ല യജുർവേദ മന്ത്രങ്ങളുടെ ശ്രുതി.



Scanned with CamScanner

പാഠക്രമങ്ങളെക്കുറിച്ചാകട്ടെ ഗുരുമുഖത്തു നിന്നും ശ്രുതികേട്ട് പഠിക്കുകയാണ് പതിവ്. വ്യക്തമായ ഒരു പാഠക്രമം ഋഗ്വേദത്തെപോലെ യജുർവേദത്തിനുള്ളതായി ലഭ്യമായ വേദഗ്രന്ഥങ്ങളിലോ മറ്റ് വിവരണങ്ങളിലൊ കാണുന്നില്ല എങ്കിലും ഇന്ന് നിലവിലുള്ള പ്രായോഗികക്രമപ്രകാരം ലളിതമായ ഉദാത്താനുദാത്തത്തോടുകൂടി ഋഗ്വേദത്തെപോലെ തന്നെയുള്ള പാഠ്യപദ്ധതിയിലൂടെ യജുർവേദം ചൊല്ലിക്കൊടുത്തു പഠിപ്പിക്കുകയാണ് പതിവ്. ഋഗ്വോദത്തെപോലെ പാഠപദ്ധതി യജുർവേദത്തിനുമുണ്ടെന്നും, ഇന്നും ഈ പാഠങ്ങൾ വിദ്യാർത്ഥികൾ പഠിച്ചുവരുന്നുണ്ടെന്നും, ആചാര്യന്മാരിൽ നിന്നും അറിയുവാൻ സാധിച്ചു.

**ഋഗ്വേദ യജുർവേദമന്ത്രങ്ങൾ** : യജുർവേദത്തിൻെറ എല്ലാ ശാഖകളിലും ഋഗ്വേദ മന്ത്രങ്ങളുണ്ട്. ഓരോ ശാഖയിലും കുറഞ്ഞത് പകുതിയെങ്കിലും ഋഗ്വേദമന്ത്രങ്ങളായിരിക്കും. ശാഖാഭേദമനുസരിച്ച് ഋഗ്വേദമന്ത്രങ്ങളുടെ സംഖ്യ, യജുർവേദശാഖകളിൽ കൂടുതലാകുവാനും സാധ്യതയുണ്ട്. അഥർവവേദ മന്ത്രങ്ങളും യജുർവേദത്തിൽ കാണുന്നുണ്ട്. സാമവേദത്തിൻെറ തനതായ മന്ത്രങ്ങൾ എന്നുവിവരിക്കാവുന്ന മന്ത്രങ്ങളുടെ എണ്ണം കുറവാണെങ്കിലും അവയിൽ ചിലത് യജുർവേദശാഖകളിൽ കാണുന്നുണ്ട്. ശുക്ല യജുർവേദശാഖയിലെ വാജസനേയി സംഹിതയും, കാണ്വസംഹിതയും താരതമ്യപ്പെടുത്തിയാൽ ആദ്യത്തേതിൽ 48 ഋഗ്വേദിയ ഋക്കുകൾ രണ്ടാമത്തേതിനേക്കാൾ കൂടുതലുണ്ടെന്ന് കാണാം. പലപ്പോഴും ഋഗ്വേദത്തിൽ നിന്നോ അഥർവവേദത്തിൽ നിന്നോ യജുർവേദത്തിലേക്ക് വരുന്ന മന്ത്രങ്ങളിൽ ചില ചെറിയ വ്യത്യാസങ്ങൾ കാണുന്നുണ്ട്.

**യജുർവേദ പരിശിഷ്ടങ്ങൾ** : യജുർവേദഭാഗത്തിൽ നിന്ന് ഭിന്നമായി ഒരു പരിശിഷ്ടഭാഗം ഈ വേദശാഖകളിലില്ല, എങ്കിലും വേദത്തിൻെറ തന്നെ ഭാഗമായി വരുന്ന ഏതാനും അദ്ധ്യായങ്ങൾ പരിശിഷ്ടങ്ങളായി ചിലപ്പോൾ അറിയപ്പെടുന്നുമുണ്ട്. കാണ്വസംഹിതയുടെയും, മാധ്യന്ദിനസംഹിത യുടെയും ഭാഗമായ നാൽപതാം അദ്ധ്യായം ഈശാവാസ്യോപനിഷദ് ചിലപ്പോൾ പരിശിഷ്ടമെന്ന് വിവരിച്ചുകാണുന്നുണ്ട്. അതുപോലെ മൈത്രായണി ആരുണകവും, മൈത്രായണ്യുപനിഷത്തും മൈത്രായണീയ



Scanned with CamScanner

യജ്ജുർവേദശാഖയുടെ ഭാഗമാണെങ്കിലും പരിശിഷ്ട മന്ത്രങ്ങളായിട്ടും ഗണിക്കപ്പെടുന്നുണ്ട്. ഈ സമ്പ്രദായം ഋഗ്വേദത്തിൽനിന്ന് ഭിന്നമാണ്.

## സാമവേദം

സാമവേദമന്ത്രങ്ങൾ, ഏകദേശം പൂർണ്ണമായും ഋഗ്വേദത്തിലൊ യജ്ജുർവേദത്തിലൊ ഉള്ളവയാണ്. ഈ വേദം അതിൻെറ തനതായ പ്രത്യേകത പുലർത്തുന്നത് ഗാനരൂപത്തിൽ ആലപിക്കുന്ന ശ്രുതിയുള്ളതുകൊണ്ടാണ്. ഋഗ്വേദമന്ത്രങ്ങളെ, അനുശാസിക്കുന്ന നിയമപ്രകാരം ഗാനരൂപത്തിൽ ചൊല്ലുമ്പോൾ, അതു സാമവേദ മായിത്തീരുന്നു എന്നു ചുരുക്കം. ഇന്ദ്രാദിദേവൻമാരെ സാമവേദികൾ, യാഗശാലയിൽ, സാമഗാനമാലപിച്ച് സന്തുഷ്ടരാക്കുന്നു.

**സാമവേദ ശാഖകൾ** : മറ്റു വേദ ശാഖകളെക്കുറിച്ച് അഭിപ്രായഭിന്നതകളുള്ളതു പോലെ സാമവേദ ശാഖകളെക്കുറിച്ചും വ്യത്യസ്തമായ അഭി പ്രായങ്ങൾ നിലവിലുണ്ട്. പുരാണങ്ങളിലും, ഉപനിഷത്തുക്കളിലും നൽകിയിരിക്കുന്ന സാമവേദശാഖകളുടെ സംഖ്യ വ്യത്യാസപ്പെട്ടിരിക്കുന്നു. പതഞ്ജലി വ്യാകരണവും, മുക്തികോപനിഷത്തും, 1000 സാമവേദശാഖകൾ ഉണ്ട് എന്ന് വിവരിക്കുന്നു. സാമതർപ്പണ വിധി എന്ന ഗ്രന്ഥത്തിൽ സാമവേദത്തിൻെറ 13 ശാഖകളുടെ വിവരണങ്ങൾ നൽകിയിട്ടുണ്ട്. രാണായണീയ, ശാട്യമുഗ്ര, വ്യാസ, ഭാഗുരി, ഔലുണ്ടി, ഗൗൽഗുവി, ഭാനുമാൻ, ഔപമന്യവ, കാരാടി, മശക, ഗാർഗ്യ, കൗഥുമ, ശാലിഹോത്ര, ജൈമിനീയ സാമവേദ ശാഖകളെക്കുറിച്ചാണ് ഏറെ വിവരണങ്ങളിൽ കാണുന്നത്. എന്നാൽ ലഭ്യമായ രേഖകളിൽ നിന്നും തെളിയുന്നത്, കൗഥുമ, ജൈമിനീയ, രാണായണീയ ശാഖകൾ മാത്രമേ ഇന്ന് നിലവിലുള്ളു എന്നാണ്. ഈ ശാഖകൾ തമ്മിലുള്ള വ്യത്യാസങ്ങൾ അപ്രധാനമായവയാണുതാനും.

സാമവേദമന്ത്രങ്ങളെ കൗഥുമശാഖയിൽ അർച്ചികങ്ങളായും, അർച്ചികങ്ങളെ കാണ്ഡങ്ങളായും ഭാഗിച്ചിരിക്കുന്നു. ഈ മന്ത്രങ്ങളെ രാണായണീയശാഖക്കാർ പ്രപാഠകങ്ങളായിട്ടാണ് അടുക്കിയിരിക്കുന്നത്. ജൈമിനീയ സാമവേദസംഹിതയിലാകട്ടെ പർവ്വങ്ങളായിട്ടാണ് മന്ത്രക്രമീകരണം നടത്തിയിട്ടുള്ളത്. ചിലപ്പോൾ സാമവേദമന്ത്രങ്ങളെ അദ്ധ്യായങ്ങളായും ഭാഗിക്കാറുണ്ട്. ശാഖാഭേദമനുസരിച്ച് ഒരു ശാഖയുടെ ഒരു അദ്ധ്യായത്തിൽ അവസാനിക്കുന്ന



Scanned with CamScanner

മന്ത്രങ്ങൾ മറ്റൊരു ശാഖയുടെ അദ്ധ്യായാരംഭത്തിൽ കാണുന്നുണ്ട്. ശാഖാഭേദമനുസരിച്ച് ചില വൈദീകപദങ്ങളിലും വ്യത്യാസം കാണുന്നു എന്നതാണ് സോമവേദത്തിൻെറ മറ്റൊരു പ്രത്യേകത. ഉദാഹരണത്തിന് 'വാമശ്മയ' എന്ന പദം തന്നെ വാമശ്ന എന്നുപയോഗിക്കുന്നു. അതുപോലെ യശസാ എന്നത് യശസ്വ്യ എന്നും വരുന്നു. 'പാഹിനോ അഗ്ന ഏകയാ' എന്ന കൗഥുമശാഖ യിലെ വരി ജൈമിനീയ ശാഖയിൽ 'പാഹ്യുത്നോ അഗ്ന ഏകയാം' എന്നായി മാറിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ മാത്രമാണിവിടെ നൽകിയിരിക്കുന്നത്.

**സാമവേദമന്ത്രങ്ങളുടെ ക്രമീകരണം** : സാമവേദത്തിൽ 1549 മന്ത്രങ്ങളാണുള്ളത് എന്നാണ് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. സാമവേദമന്ത്രസംഖ്യയെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളും നിലവിലുണ്ട്. ഇതിന് ഒരു പ്രധാനകാരണം വേദം ചൊല്ലുമ്പോൾ അതിലെ ചിലവരികൾ വീണ്ടും ആവർത്തിക്കപ്പെടുന്നു എന്നതാണ്. ഇവയെ പുനരുക്തികൾ എന്നു പറയുന്നു. ആവർത്തിക്കപ്പെടുന്ന വരികൾക്കും ശാഖാഭേദമനുസരിച്ച് വ്യത്യാസം ഉണ്ട്. ഈ വ്യത്യസ്ത സംഖ്യയിലുള്ള പുനരുക്തികൾ മന്ത്രസംഖ്യയുമായി വീണ്ടും ചേർക്കുമ്പോഴാണ് സാമവേദമന്ത്രസംഖ്യ യിൽ വ്യത്യാസം വരുന്നത്. സാധാരണയായി 267 പുനരുക്തികൾ കൂടി ചേർത്ത് 1816 സാമവേദമന്ത്രങ്ങളുണ്ടെന്ന് ചിലപ്പോൾ വിവരിക്കാറുണ്ട്. ഇതിൽ സാമവേദത്തിൻെറ തനതായ 105 മന്ത്രങ്ങളൊഴികെയുള്ളവയെല്ലാം ഋഗ്വേദ മന്ത്രങ്ങളാണ്. ബാഷ്കല ശാഖയിലെ 30 മന്ത്രങ്ങൾ ഈ 105 സംഖ്യയിൽപ്പെടുന്നുവത്രെ. അപ്രകാരം നോക്കിയാൽ സാമവേദ ത്തിൻെറ മാത്രമായ മന്ത്രങ്ങൾ 75 എണ്ണം മാത്രമാണ്.

കൗഥുമീയ സാമവേദശാഖയിൽ മന്ത്രങ്ങളെ പൂർവ്വാർച്ചിക മെന്നും, ഉത്തരാർത്തികമെന്നും കൂടാതെ ഇവക്ക് മധ്യത്തിൽവരുന്ന ഒരു ചെറിയഭാഗം മഹാനാമ്ന്യാർച്ചികമെന്നും ഭാഗിച്ചിരിക്കുന്നു. ഉത്തരാർച്ചികത്തിൽ 114, 352, 119, 55 വീതം മന്ത്രങ്ങളുള്ള ആഗ്നേയകാണ്ഡം, ഐന്ദ്രകാണ്ഡം, പാവമാനകാണ്ഡം, ആരണ്യകാണ്ഡം എന്നിങ്ങനെ യഥാക്രമം ഭാഗിച്ചിട്ടുണ്ട്. മഹാനാമ്ന്യാർച്ചികത്തിൽ 10 മന്ത്രങ്ങൾ മാത്രമാണുള്ളത്. ചില സാമവേദജ്ഞരുടെ അഭിപ്രായത്തിൽ ആരണ്യകാണ്ഡത്തിലെ മന്ത്രങ്ങൾ പൂർവ്വാർച്ചികത്തിൽപെടുന്നവയല്ല എന്നു വിവരിക്കു ന്നുണ്ട്. ഉത്തരാർച്ചികത്തിലെ 1225 മന്ത്രങ്ങളെ 119 ഖണ്ഡങ്ങളായി വിഭജിച്ചിട്ടുണ്ട്. ഉത്തരാർച്ചികത്തെ ഉത്തരസംഹിതയെന്നും വിവരിക്ക



Scanned with CamScanner

പ്പെടുന്നു. രാണായണീയ ശാഖയിൽ പൂർവ്വാർച്ചികത്തെ 7 പ്രപാഠകങ്ങളായും, ഉത്തരാർച്ചികത്തെ 19 പ്രപാഠകങ്ങളായും കൂടാതെ പത്തു മന്ത്രങ്ങൾ വീതം ചേർത്ത് ദശതികളായും ഭാഗിച്ചിട്ടുണ്ട്. ജൈമിനീയശാഖയിൽ ഈ കാണ്ഡങ്ങളെ യഥാക്രമം ആഗ്നേപർവ്വം, ഐന്ദ്രപർവ്വം, പാവമാനപർവ്വം, ആരണ്യപർവ്വം എന്നിങ്ങനെ അറിയപ്പെടുന്നു. പക്ഷേ മന്ത്രസംഖ്യകൾ കാണ്ഡങ്ങളിലും പർവ്വങ്ങളിലുമായി അൽപം ചില വ്യത്യാസങ്ങളേയുള്ളൂ. ജൈമിനീയ ശാഖയിൽ, കൗഥുമ ശാഖയേക്കാൾ കൂടതൽ ഋഗ്വേദമന്ത്രങ്ങളുണ്ടെന്ന് വിവരണങ്ങളിൽ കാണുന്നു. ജൈമിനീയ ശാഖയിൽ പുനരുക്തികൾ കുറവത്രെ. അതു കൊണ്ട് ജൈമിനീയ ശാഖയിൽ പുനരുക്തികളുൾപ്പെടെ മന്ത്രസംഖ്യ 1693 കൗഥുമശാഖയിൽ 1875 ഉം വരുന്നു. ഋഗ്വേദത്തിലെ 1, 8, 9 എന്നീ മണ്ഡലങ്ങളിൽ നിന്നാണ് ഏറെ സാമവേദമന്ത്രങ്ങൾ വരുന്നത്. യഥാക്രമം 206, 362, 549 വീതം.

**സാമവേദവിഷയം** : ഋഗ്വേദത്തിൽ കാണുന്ന മന്ത്രങ്ങളാണ് സാമവേദത്തിൽ സിംഹഭാഗവും എന്നു വിവരിച്ചുവല്ലോ. അതുകൊണ്ട് വൈദീക ദേവന്മാരുടെ സ്തുതികളാണ് സാമവേദത്തിലും എന്ന് വ്യക്തമാണ്. ആഗ്നേയകാണ്ഡത്തിലെ 114 മന്ത്രങ്ങൾ പൂർണ്ണമായും അഗ്നിയുടെയും, ഐന്ദ്രകാണ്ഡത്തിലെ 352 മന്ത്രങ്ങൾ ഇന്ദ്രൻെറയും, പാവമാനകാണ്ഡത്തിലെ 119 മന്ത്രങ്ങൾ പാവമാനദേവതയുടെയും സ്തുതികളാകുന്നു. ആരണ്യകാണ്ഡത്തിലെ 55 മന്ത്രങ്ങൾ ആത്മ, ഇന്ദ്ര, വരുണ, പവമാനസോമ, വിശ്വദേവ, സോമ, അഗ്നി, രാത്രി, പുരുഷ, ദ്യാവാപൃഥ്വി, ഗാവ് സ്തുതികളാണ്. മഹാനാമ്ന്യാർച്ചകത്തിലെ 10 മന്ത്രങ്ങളും ഇന്ദ്രൻെറ സ്തുതികളാണ്. സാമവേദ സംഹിതയിലെ ഉത്തരാർച്ചികത്തിലെ 11 അദ്ധ്യായങ്ങളിലും ഋഗ്വേദത്തെപോലെ അനേകം ഋഷിമാരുടെ, വൈദീകദേവസ്തുതികളാണ്. ഈ മന്ത്രങ്ങളുടെ കൂടുതൽ വിവരണങ്ങൾ മനസിലാക്കുവാൻ ഋഗ്വേദം നോക്കുക.

**സാമവേദ മന്ത്രങ്ങളുടെ ശ്രുതി** : ഋഗ്വേദമന്ത്രങ്ങൾ ഗാനരൂപത്തിൽ ആലപിക്കുന്നതാണ് സാമവേദം എന്ന് മുമ്പ് സൂചിപ്പിച്ചു. സാമഗാനങ്ങൾ നാലുവിധമാണ്. ഗ്രാമഗേയഗാനങ്ങൾ, ആരണ്യഗേയഗാനങ്ങൾ, ഊഹാഗാനങ്ങൾ, ഊഹ്യഗാനങ്ങൾ എന്നിപ്രകാരം. ഗ്രാമാന്തരീക്ഷത്തിൽ എവരുടേയും സാന്നിദ്ധ്യത്തിൽ ആലപിക്കാവുന്ന സാമഗാനങ്ങളാണ് ഗ്രാമഗേയ ഗാനങ്ങൾ.



Scanned with CamScanner

വാനപ്രസ്ഥ ആശ്രമവാസികൾ, പൊതുവേ ആരണ്യ ത്തിൽവച്ച് നടത്തുന്ന കർമ്മങ്ങളിൽ ഉപയോഗിക്കുന്ന സാമവേദ മന്ത്രങ്ങൾ ആരണ്യഗേയ ഗാനവിഭാഗത്തിൽപെടുന്നു. സാമവേദത്തിലെ പൂർവ്വാർച്ചികത്തിലെ മന്ത്രങ്ങൾ പലതും ഗ്രമാന്തരി ക്ഷത്തിലും, ആരണ്യത്തിലും ഗാനങ്ങളായി, കർമ്മങ്ങളിൽ ആലപി ക്കുന്നതുകൊണ്ട്, ഇവ ഗ്രാമഗേയഗാനങ്ങളായും ആരണ്യഗേയ ഗാനങ്ങളായും അറിയപ്പെടുന്നു. വളരെ രഹസ്യമായി ആലപിക്കുന്ന സാമഗാനങ്ങളാണ് ഊഹഗാനങ്ങൾ. മനസ്സിൽ മാത്രം ചൊല്ലുന്ന സാമവേദമന്ത്രങ്ങൾ ഊഹ്യഗാനങ്ങളായി അറിയപ്പെടുന്നു. ഉത്തരാർച്ചികമന്ത്രങ്ങൾ ഊഹഗാനങ്ങളുടെയും, ഊഹ്യഗാനങ്ങ ളുടേയും വിഭാഗത്തിൽ വരുന്നു.

ജൈമിനിയ സാമവദേശാഖയിൽ 1232 ഗ്രാമഗേയഗാനങ്ങളും 291 ആരണ്യഗേയ ഗാനങ്ങളും, 802 ഊഹഗാനങ്ങളും, 352 ഊഹ്യഗാനങ്ങളുമാണുള്ളത്. ഒരേ മന്ത്രങ്ങൾതന്നെ പല ഗാനങ്ങളു ടെയും ശ്രുതിയിലൂടെ, ക്രമത്തിൽ ചൊല്ലാവുന്നതുകൊണ്ടാണ് ആകെ മന്ത്രങ്ങളുടെ സംഖ്യയെക്കാൾ കൂടുകൽ ഗാനസംഖ്യകളുള്ളത്.

ഋഗ്വേദമന്ത്രങ്ങൾ സാമഗാനങ്ങളായി ആലപിക്കുമ്പോൾ സാമവേദ നിയമങ്ങളനുസരിച്ച് അതിനു വരുന്ന മാറ്റങ്ങൾ ഈ ഉദാഹരണത്തിലൂടെ ഏതാണ്ട് വ്യക്തമാകും.

**ഋഗ്വേദമന്ത്രം**

"ഓം അഗ്നിമീളേ പുരോഹിതം യജ്ഞസ്യ
ദേവമൃത്വിജം, ഹോതാരം രത്ന ധാതമം ".

**സാമവേദമന്ത്രം**

"ഹാ ഉഹാ ഉഹാ ഉവാ അഗ്നിമീളേ പുരോഹിതം
ദേവേഷുനിധിമാം.
അഹം ഹാ ഉഹാ ഉഹാ ഉവാ യജ്ഞസ്യ
ദേവമൃത്വിജം ദേവേഷു നിധിമാം
അഹം ഹാ ഉഹാ ഉഹാ ഉവാ
ദേവേഷു നിധിമാം അഹം ദേവേഷു നിധിമാം
അഹം ദേവേഷു നിധിമാം".

ഈ ഉദാഹരണത്തിൽ നിന്നും സാമവേദപഠനത്തിനുള്ള പ്രകടമായ വിഷമം ഊഹിക്കാവുന്നതാണ്. സാമഗാനങ്ങളുടെ



Scanned with CamScanner

സ്വരവും, രാഗവും-ചുരുക്കത്തിൽ സാമവേദശ്രുതി-ഗുരുവിൽ നിന്നു മാത്രമേ അഭ്യസിക്കാനാവൂ. സാമവേദബ്രാഹ്മണങ്ങളിലൊന്നായ സംഹിതോപനിഷദ് ബ്രാഹ്മണവിവരണത്തിൽ ഈ വിഷയം സുദീർഘമായി നൽകിയിട്ടുണ്ട്. (സാമവേദ ബ്രാഹ്മണം നോക്കുക)

## അഥർവ വേദം

അഥർവവേദത്തിന് ഋക്, യജുസ്, സാമം എന്നീ മൂന്നു വേദങ്ങളെക്കാൾ പ്രാധാന്യം കുറവാണെന്ന് വിശ്വസിക്കപ്പെടുന്നു. എന്നാൽ അഥർവ വേദത്തിന്റെ മഹത്വത്തെക്കുറിച്ച് അതിനോടനുബന്ധിച്ച് ഗോപഥബ്രാഹ്മണം സുദീർഘമായി വർണ്ണിക്കുന്നണ്ട്. സാധാരണ ജനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്ന ഒരു വേദമാണ് അഥർവം എന്ന പ്രത്യേകതയും ഇതിനുണ്ട്. ബ്രഹ്മവേദം, ആംഗീരസവേദം, അഥർവാംഗീരസ്, ക്ഷേത്രവേദം, ഭൈഷജ്യവേദം എന്നീ പേരുകളിലും അഥർവവേദം അറിയപ്പെടുന്നു. അടിസ്ഥാനപരമായി വേദങ്ങളുടെ എല്ലാ ലക്ഷണങ്ങളുമുള്ള അഥർവവേദം ഭാഷാ ശൈലികൊണ്ടും, മന്ത്ര വിഷയങ്ങളുടെയും, ക്രമീകരണ രീതിയുടേയും പ്രത്യേകതകൊണ്ടും മറ്റും വേദങ്ങളിൽ നിന്നും അൽപം വ്യത്യാസപ്പെട്ടിരിക്കുന്നു.

**അഥർവവേദ ശാഖകൾ** : മുക്തികോപനിഷത്തും, പുരാണങ്ങളും അഥർവവേദത്തിന് 50 ശാഖകളുള്ളതായി വിവരിക്കുന്നു. അറിയപ്പെടുന്നതാകട്ടെ 9 ശാഖകൾ മാത്രമാണ്. പിപ്പിലാദ, തൗദ, മൗദ, ശൗനകീയ, ജാജല, ജലദ, ബ്രഹ്മവദ, ദേവദർശ, ചാരണവൈദ്യ എന്നിവയാണീ അഥർവ വേദശാഖകൾ. ദേശകാലാടിസ്ഥാനത്തിലുള്ള പാഠഭേദങ്ങൾ വളരെയധികം അഥർവത്തിലുണ്ട്. ഇന്ന് പ്രചാരത്തിലിരിക്കുന്ന രണ്ട് ശാഖകളാണ് ശൗനകീയ അഥർവവേദശാഖയും, പിപ്പലാദ അഥർവ വേദശാഖയും. ഈ രണ്ടു ശാഖകളിലേയും പദങ്ങളിലും, മന്ത്രങ്ങളിലും കാണുന്ന വ്യത്യാസങ്ങൾക്ക് പ്രധാനകാരണം, നിഷ്കർഷയോടുള്ള പാഠക്രമം ഇതിന് ഇല്ലാത്തതുകൊണ്ടാണെന്ന് ഒരു അഭിപ്രായമുണ്ട്.

**അഥർവവേദമന്ത്രങ്ങളുടെ ക്രമീകരണം** : അഥർവവേദ ശൗനകീയ ശാഖയിൽ 20 കാണ്ഡങ്ങളിലായി 5987 മന്ത്രങ്ങളാണുള്ളത്. ഇതിൽ 1200 ഓളം മന്ത്രങ്ങൾ ഋഗ്വേദമന്ത്രങ്ങളാണ്. കൂടാതെ യജുർവേദമന്ത്രങ്ങളും ധാരാളമായി



Scanned with CamScanner

അഥർവ വേദത്തിലുണ്ട്. ഇത്രയും മന്ത്രങ്ങൾ 750 സൂക്തങ്ങളായി ക്രമീകരിച്ചിരിക്കുന്നു. സുദീർഘമായ കാണ്ഡങ്ങൾ 6, 7, 20 എന്നിവയാണ്. ഈ കാണ്ഡങ്ങളിൽ യഥാക്രമം142, 118, 143 സൂക്തങ്ങളുണ്ട്. രണ്ടു സൂക്തങ്ങൾ മാത്രമുള്ള 14, 17 ലഘു കാണ്ഡങ്ങളാണ്. ഋഗ്വേദത്തെ പോലെ പദ്യരൂപത്തിലാണ് പൊതുവേ അഥർവവേദ മന്ത്രങ്ങളെങ്കിലും 14, 15 കാണ്ഡങ്ങളിൽ ചില ഗദ്യ ശകലങ്ങളും കാണുന്നുണ്ട്. മറ്റു വേദങ്ങളിൽ നിന്ന് അഥർവവേദ സൂക്തങ്ങളിൽ കാണുന്ന പ്രത്യേകത ഓരോ സൂക്തവും വ്യക്തമായ ഒരു ലക്ഷ്യത്തിന് അല്ലെങ്കിൽ കാര്യസിദ്ധിക്കു വേണ്ടിയുള്ളതാണ് എന്നതാണ്. ഈ സൂക്തങ്ങളുടെ രചയിതാക്കളിൽ ഋഗ്വേദത്തിൽ വിവരിക്കുന്ന ഋഷിമാരും മറ്റു ചില ഋഷിമാരും ഉണ്ട്.

**അഥർവവേദ വിഷയങ്ങൾ** : അഥർവവേദ വിഷയങ്ങളെ അദ്ധ്യാത്മം, അധിഭൂതം, അധിദൈവതം എന്നിങ്ങനെ മൂന്നായി വിഭജിക്കാവുന്നതാണ്. അദ്ധ്യാത്മ വിഷയങ്ങളെ, അദ്ധ്യാത്മ പ്രകരണം എന്ന വിഭാഗത്തിൽ വിവരിച്ചിരിക്കുന്നു. ഇതിൽ ആത്മതത്വം ബ്രഹ്മചര്യ-ഗൃഹസ്ഥ-വാന പ്രസ്ഥകർമ്മങ്ങൾ, ആയുർവർദ്ധന ഔഷധി, ഭൈഷജ്യം, രോഗനിവാരണം, ക്രിമിനാശനം, വിഷനാശനം എന്നീ വിഷയങ്ങ ഉടങ്ങുന്നു. അധിഭൂത പ്രകരണത്തിൽ രാജ്യശാസനം, രാജവിജയം, രാജരാഷ്ട്രശാസനം, ശത്രുനാശനം, മണിധാരണം, പാപനാശനം, അന്നവർദ്ധനം, സുഖപ്രാപ്തി എന്നീ വിഷയങ്ങളുടെ മന്ത്രങ്ങളാണ്. അധിദൈവതപ്രകരണത്തിൽ ദേവതാസ്തുതികൾ, യജ്ഞമന്ത്രങ്ങൾ, കാലസ്തുതികൾ, ജന്തുസമൂഹത്തിന്റെ മഹത്വം സ്തുതിക്കുന്ന മന്ത്രങ്ങൾ, കൃഷി സംബന്ധമായ സൂക്തങ്ങൾ, ഖിലമന്ത്രങ്ങൾ എന്നിവ വരുന്നു. കാണ്ഡക്രമത്തിൽ സൂക്തങ്ങളുടെ വിഷയവും, പേരുകളും ഇപ്രകാരമാകുന്നു.

കാണ്ഡം 1. മേധാജനനം, രോഗശമനം, മൂത്രമോചനം, ചികിത്സ, യാതുധാന നാശനം, വിജയത്തിനു വേണ്ടിയുള്ള പ്രാർത്ഥന, പാശവിമോചനം, സുഖപ്രസവം, യക്ഷ്മ നാശനം, കന്യാവിവരണം, പുഷ്ടികർമ്മം, ശത്രുബാധ, രക്തചംക്രമണം, അലക്ഷ്മി നാശനം, ശത്രുനിവാരണം, ഹൃദ്രോഗനാശനം, പാണ്ട് രോഗനിവാരണം, ജ്വര നാശനം, സ്വസ്ത്യയനം, രാഷ്ട്രാഭിവൃദ്ധി, ദീർഘായു പ്രാപ്തി,



Scanned with CamScanner

മഹത്ബ്രഹ്മം, മധുവിദ്യ എന്നീ വിഷയങ്ങളാണ് 35 സൂക്തങ്ങളിലെ മന്ത്രങ്ങളിലുള്ളത്.

കാണ്ഡം 2. ഭുവനപതിസൂക്തം, ചികിത്സ, ദീർഘായുപ്രാപ്തി, ഇന്ദ്രവിജയം, അഗ്നിപ്രാർത്ഥന, ശാപമോചനം, ക്ഷേത്രീയ രോഗനാശനം, പാശമോചനം, ശ്രേയപ്രാപ്തി, ശത്രുനാശനം, ദസ്യുനാശനം, അഭയപ്രാപ്തി, സുരക്ഷ, ബലപ്രാപ്തി, പൃശ്നിപർണി, പശുസംവർദ്ധനം, ശത്രൂപരാജയം, ദീർഘായുഷ്യം, കാമിനി അഭിമുഖീകരണം, ക്രിമിനാശനം, യക്ഷ്മവിസർഹണം, വിശ്വകർമ്മ സ്തുതി, പതിവേദനം ഈ മന്ത്രങ്ങൾ 36 സൂക്തങ്ങളിൽ നൽകിയിരിക്കുന്നു.

കാണ്ഡം 3. ശത്രുസേനാ സമ്മോഹനം, രാജ്യാഭിഷേകം, രാജസംവരണം, രാജ്യകൃത്യം, ശത്രുനാശനം, യക്ഷ്മ നാശനം, രാഷ്ട്രധാരണം, ദുഃഖനാശനം, രായ്സ്പോഷപ്രാപ്തി, ദീർഘായു പ്രാപ്തി, ശാലാനിർമ്മാണം, ആപ, ഗോഷ്ഠ, വാണിജ്യം, സ്വസ്തതക്കുള്ള പ്രാർത്ഥന, കൃഷി, വനസ്പതി, അജരക്ഷ, രയിസംവർദ്ധനം, ശാന്തി, വീരനായ പുത്രലബ്ധി, സമൃദ്ധി, ഇഷ്ടലബ്ധി, ആത്മരക്ഷ, ശത്രുനിവാരണം, പശുപോഷണം, സൗമനസ്യം, യക്ഷ്മനാശന മന്ത്രങ്ങളാണ് 31 സൂക്തങ്ങളിൽ.

കാണ്ഡം 6. ആത്മഗോപനം, ഇന്ദ്രസ്തുതി, വചപ്രാപ്തി, ശത്രു നാശനം, അസുരക്ഷയണം, കാമാത്മം, സംപ്രോക്ഷണം, പുംസവനം, സർപവിഷനിവാരണം, മൃത്യുഞ്ജയം, ബലാസനാശനം, ശത്രു നിവാരണം, അക്ഷിരോഗശമനം, ഗർഭനൃംഹണം, ഈർഷ്യാ വിനാശനം, യക്ഷ്മനാശനം, പാപനാശനം, അരിഷ്ടക്ഷയണം, യാതുധാനക്ഷയണം, ഇന്ദ്രസ്തവം, വൈശ്വാനരം, ശാപനാശനം, വർചസ്യം, അഭയം, ദീർഘായുപ്രാപ്തി, മന്യുശമനം, രോഗനാശനം, ദുസ്വപ്നനാശനം, സ്വസ്തിവാചനം, അഗ്നിസ്തവം അഭയയാചന, സർവ്വരക്ഷണം, അമിത്രദംഭനം, സൗമനസ്യം, സർപരക്ഷണം, ജലചികിത്സ, യശപ്രാപ്തി, ഔഷധി, പതിലാഭം, പാവമാനം, വർച്ചബലപ്രാപ്തി, വപനം, അന്നം, വാജീകരണം, സപത്നക്ഷയണം, ആയുഷ്യം, പ്രതിഷ്ഠാപനം, ദമ്പതിപ്രാർത്ഥന, ഊർജ്ജപ്രാപ്തി, ഗർഭാധാനം, ജായകാമന, നിർഋതിമോചനം, രാജ്ഞ സംവരണം, രാജ്യമഹത്വം, പ്രീതിസംജനനം, ഇഷുനിഷ്കാസനം, കുഷ്ഠഔഷധി, ചികിത്സ, അജരക്ഷത്രം, സംഗ്രാമജയം, വിഷദൂഷണം,



Scanned with CamScanner

അഭിസൗമനസ്യം, വാജീകരണം, കാസശമനം, ദുർവാശാല, വിശ്വജിത്, മേധാവർദ്ധനം, പിപലീഭൈഷജ്യം, ദീർഘായുഷ്യം, ഉന്മത്തതാ മോചനം, പാശമോചനം, ഉന്മോചനം, മധുമദനം, അനൃണ്യം, സുകൃതലോകം, സുകൃതലോകപ്രാപ്തി, ത്രിതീയനാകം, നിർഋതി അവസ്തരം, വീരരഥം, ദുന്ദുഭി, രാജൻ, ഭഗപ്രാപ്തി, സ്മര, മേഖലാവന്ദ, ബലപ്രാപ്തി, കേശഭൃംഹണം, കേശവർദ്ധനം, ക്ലീബത്വം, സൗഭാഗ്യവർദ്ധനം, അന്നസമൃദ്ധി, സുമംഗലീ എന്നീ വിഷയങ്ങ ളടങ്ങുന്ന സൂക്തങ്ങൾ, 142 എണ്ണമാണ്.

കാണ്ഡം 7. ആത്മതത്വം, വിശ്വപ്രാണൻ, അദിതി, ആദിത്യ, ശത്രുനാശനം, സ്വസ്തിദാപൂഷൻ, സരസ്വതി, രാഷ്ട്രസഭ, സവിത, ദ്രവണാർത്ഥ പ്രാർത്ഥന, വൃഷ്ടി, പ്രജ്ഞ, അനുമതി, ദുഃസ്വപ്ന നാശനം, വിഷ്ണു, സ്വസ്തു, അഗ്നാവിഷ്ണു, അന്നം, ദീർഘായു, സപ്തനി നാശനം, സരസ്വാൻ, സുപർണം, പാപമോചനം, വാക്, ഇന്ദ്രാവിഷ്ണു, ഈർഷ്യാ നിവാരണം, സിനീവാലി, രാക, ദേവപത്നി, വിജയ് പരിപാണം, അദ്ധ്യാപകവിഘ്നശമനം, മാർഗസ്വസ്ത്യയനം, വിഷചികിത്സ, ശാപമോചനം, രമ്യഗൃഹം, തപസ്, ദുരിതനാശനം, ബ്രഹ്മതത്വം, സുഖം, ശത്രുദമനം, ഘർമം, ഗണ്ഡമാലാ ചികിത്സ, അഘ്ന്യം, വന്ധ്യമോചനം, അമാവാസി, പൂർണിമ, സൂര്യചന്ദ്രന്മാർ, ക്ഷേത്രബ്യദഗ്നി, അരിഷ്ടനേമി, ത്രാതാഇന്ദ്രസ്തുതി, വ്യാപകദേവ സ്തുതി, ശത്രുബലനാശനം, ഇന്ദ്രസ്തുതി, യജ്ഞം, ഹവിസ്, വേദി, ആത്മഹിംസാ, ക്ഷത്രിയ, ദേവവചനം, അമൃതത്വസംതരണം, രാഷ്ട്രഭൃതം, പാപലക്ഷണനാശനം, ജ്വരനാശനം, ശത്രുനിവാരണം, വർമ്മധാരണം എന്നീ സൂക്തങ്ങൾ 118 എണ്ണമാണ്. കാണ്ഡത്തിലെ ചില മന്ത്രങ്ങളെ രണ്ടും മൂന്നും സൂക്തങ്ങളായി ഭാഗിച്ചിട്ടുള്ളതായും കാണുന്നു. അപ്രകാരം വിവരിക്കുമ്പോൾ സൂക്തസംഖ്യ 123 എണ്ണമാണ്.

കാണ്ഡം 8. ദീർഘായുപ്രാപ്തി, ശത്രുനാശനം, ശത്രുദമനം, സരോമണി, ഗർഭദോഷനിവാരണം, ഔഷധി, ശത്രുപരാജയം, വിരാട്, എന്നീ സൂക്തങ്ങൾ 10 എണ്ണവും കൂടാതെ പ്രത്യേക പേരിലറിയപ്പെടാത്ത 5 സൂക്തങ്ങളും ഉണ്ട്. വളരെ ദീർഘങ്ങളായ സൂക്തങ്ങളാണിവ.

കാണ്ഡം 9. മധുവിദ്യ, കാമവിവരണം, ശാല, ഋഷഭ, പഞ്ചധനം, അജം, അതിഥിസൽക്കാരം, യക്ഷ്മനിവാരണം, അത്മം എന്നീ സുദീർഘങ്ങളായ 10 സൂക്തങ്ങൾ.



Scanned with CamScanner

കാണ്ഡം 10 മുതൽ 18 വരെ. കൃത്യദൂഷണം, ബ്രഹ്മപ്രകാശനം, സപത്ന ക്ഷയണം, വരണമണി, സർപവിഷ ദൂരീകരണം, വിജയപ്രാപ്തി, മണിബന്ധനം, സർവാധാരവർണ്ണനം, ജ്യേഷ്ഠബ്രഹ്മവർണ്ണനം, ശതൗദനം, വശഗൗ എന്നിങ്ങനെ 10 സുദീർഘങ്ങളായ സൂക്തങ്ങൾ. ബ്രഹ്മൗദനം, രുദ്രം, ഓദനം, പ്രാണ, ബ്രഹ്മചര്യം, പാപമോചനം, ഉച്ഛിഷ്ടബ്രഹ്മസൂക്തം, അദ്ധ്യാത്മം, ശത്രുനിവാരണം, ശത്രുനാശനം എന്നീ 10 സൂക്തങ്ങൾ. ഭൂമിസൂക്തം, സ്വർഗൗദനം, വശാഗൗ, ബ്രഹ്മഗവി, എന്നീ സൂക്തങ്ങളും, പ്രത്യേക പേരിലറിയപ്പെടാത്ത ഏതാനും മന്ത്രങ്ങളുമിതിലടങ്ങുന്നു. അദ്ധ്യാത്മതത്വങ്ങൾ മാത്രമായ 9 സൂക്തങ്ങളാണിതിലുള്ളത്. വിവാഹപ്രകരണം എന്ന സുദീർഘങ്ങളായ രണ്ടു സൂക്തങ്ങൾ ഇതിൽ വിവരിക്കുന്നു. അദ്ധ്യാത്മപ്രകരണം എന്ന ഒരു സൂക്തത്തിലെ സുദീർഘങ്ങളായ 18 പര്യായങ്ങൾ ഈ കാണ്ഡത്തിലുൾക്കൊള്ളുന്നു. ദുഃഖമോചനം, ദുസ്വപ്നനാശനം രണ്ടു സൂക്തങ്ങളിലായി 9 മന്ത്രങ്ങളാണിതിലുള്ളത്. അഭ്യുദയത്തിനുള്ള പ്രാർത്ഥനയാണ് ഇതിലെ ഒരു സൂക്തത്തിലുള്ളത്. പിതൃമേധത്തിൻെറ നാല് സുദിർഘങ്ങളായ സൂക്തങ്ങൾ ഈ കാണ്ഡത്തിലടങ്ങുന്നു.

കാണ്ഡം 19. യജ്ഞം, ആപം, ജാതവേദം, രാജൻ, ജഗദിജൻ, പുരുഷൻ, നക്ഷത്രം, ശാന്തി, ഏകവീര, അഭയം, സുരക്ഷാ, ശർമ്മ, ഛന്ദസ്, ബ്രഹ്മ, അഥർവണം, രാഷ്ട്രം, അശ്വം, ഹിരണ്യധാരണം, സുരക്ഷാ, ദർഭമണി, ഔദുംബരമണി, ദർഭ, ജംഗിഡമണി, ശതവേശമണി, ബലപ്രാപ്തി, യക്ഷ്മനാശനം, കുഷ്ഠനാശനം, മേധാജനനം, രാഷ്ട്രബലം, ബ്രഹ്മയജ്ഞം, ബ്രഹ്മം, ചികിത്സ, അസ്തൃതമണി, രാത്രി, ആത്മ, കാമം, കാലം, രായസ്പോഷപ്രാപ്തി, ദുസ്വപ്നനാശനം, യജ്ഞം, പൂർണായുസ്, ആയുർവർദ്ധനം, ദീർഘായുത്വം, അവനം, അസുരക്ഷയണം, വേദോക്തം കർമ്മം, വേദമാത, പരമാത്മം എന്നീ വിഷയങ്ങൾ പ്രതിപാദിക്കുന്ന 72 സൂക്തങ്ങൾ ഈ കാണ്ഡത്തിലുണ്ട്.

കാണ്ഡം 20. മേൽവിവരിച്ച അഥർവവേദകാണ്ഡങ്ങളിൽ നിന്നും തികച്ചും ഭിന്നമാണ് ഇരുപതാം കാണ്ഡം, ഏതാണ്ട് പൂർണമായും ഋഗ്വേദമന്ത്രങ്ങളാണ് ഇതിലുള്ളത്. ഋഗ്വേദത്തിൽ വർണിക്കുന്ന ദേവതകളായ ഇന്ദ്രൻ, അഗ്നി തുടങ്ങിയവരെ സ്തുതിക്കുന്ന



Scanned with CamScanner

അനേകം ഋക്കുകളടങ്ങുന്ന 143 സൂക്തങ്ങളാണിവ.

ഒരേ ഉദ്ദേശലക്ഷ്യങ്ങൾക്കായുള്ള അനേകം സൂക്തങ്ങൾ ഒരേ കാണ്ഡത്തിലും പല കാണ്ഡങ്ങളിലും വിവരിക്കുന്നുണ്ട്. മന്ത്രവാദം തുടങ്ങിയ അഭിചാരകർമ്മങ്ങൾക്ക് ചൊല്ലാറുള്ള മന്ത്രങ്ങൾ, പ്രധാനമായും ശത്രുനാശനം, രോഗശമനം, അരിഷ്ടനാശനം, സുഖപ്രാപ്തി എന്നിവയുമായി ബന്ധപ്പെട്ടുന്ന സൂക്തങ്ങളാണിവ.

അഥർവവേദമന്ത്രങ്ങൾക്ക് തനതായ ഒരു ശ്രുതിയുള്ളതായി ലഭ്യമായ വിവരങ്ങളിലൊന്നിലും കാണുന്നില്ല. മറിച്ച് ഋഗ്വേദത്തിന്റെ ശ്രുതിതന്നെയാണ് അഥർവവേദികളും അനുശാസിച്ചുപോരുന്നതെന്ന് ചില വൈദീകരിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. അഥർവവേദത്തിന്റെ പഠനക്രമവും ലഭ്യമായ വിവരണങ്ങളിൽ അവ്യക്തമാണ്.

അഥർവവേദത്തിന് പരിശിഷ്ടമന്ത്രങ്ങൾ എന്ന വിഭാഗമില്ലെങ്കിലും 20-ാം കാണ്ഡത്തിലെ കുന്താപസൂക്തങ്ങൾ എന്നറിയപ്പെടുന്ന 15 സൂക്തങ്ങൾ ഖിലമന്ത്രങ്ങളായി പരിശിഷ്ട ങ്ങളെപോലെ ഗണിക്കപ്പെടുന്നു.



Scanned with CamScanner

# ബ്രാഹ്മണം

യജ്ഞങ്ങളിലെ പ്രായോഗികകർമ്മവിവരങ്ങളാണ് പൊതുവേ ബ്രാഹ്മണഗ്രന്ഥങ്ങളിൽ വിവരിക്കുന്നത്. ഇതേ വിഷയങ്ങൾതന്നെ കൂടുതൽ വ്യക്തമായി കൽപശാസ്ത്രത്തിന്റെ ഭാഗമായ ശ്രൗതസൂത്രങ്ങളിലും വിവരിക്കുന്നുണ്ട്. പക്ഷേ ബ്രാഹ്മണത്തിലെ യാഗവിഷയങ്ങൾ, ഗഹനമായി പ്രായോഗികതലത്തിൽ മനസ്സിലാക്കുന്നതിന് വ്യാഖ്യാനങ്ങൾ വളരെ അത്യാവശ്യമാണ്. ചിലപ്പോൾ ബ്രാഹ്മണങ്ങൾ വേദത്തിന്റെ തന്നെ ഭാഗമായി വരുന്നുണ്ട് എന്ന് യജുർവേദം വിവരിച്ചപ്പോൾ സൂചിപ്പിച്ചിരുന്നു. മറ്റുവേദങ്ങളിൽ ഗദ്യഭാഗമായ ബ്രാഹ്മണങ്ങൾ ഇല്ലതന്നെ. ബ്രാഹ്മണങ്ങളിൽ പ്രധാനമായും യാഗക്രിയകളാണ് വിഷയമെങ്കിലും, ചില ബ്രാഹ്മണങ്ങളിൽ പ്രത്യേകിച്ചും സാമവേദവുമായി ബന്ധപ്പെട്ട ബ്രാഹ്മണങ്ങൾ ചിലതിൽ ഉപനിഷദ് വിഷയങ്ങൾ കൂടി വിവരിക്കുന്നുണ്ട്. ചെറുതും, വലുതുമായ അനേകം ബ്രഹ്മണങ്ങളിൽ, ശതപഥബ്രാഹ്മണം, താണ്ഡ്യബ്രാഹ്മണം, ഗോപഥബ്രാഹ്മണം എന്നിവ അതി ബൃഹത്താണ്, പുരാതനവുമാണ്. പുരാതനഭാരതത്തിലെ സാമൂഹ്യ-സാംസ്കാരിക-ശാസ്ത്രീയമായ എല്ലാ വിഷയങ്ങളും അവയിൽ വിവരിക്കുന്നുമുണ്ട്.

ബ്രാഹ്മണങ്ങളുടെ അവസാനഭാഗമായി അഥവാ തുടർച്ചയായി ആരണ്യകങ്ങളും, ചിലപ്പോൾ ഉപനിഷത്തുക്കളും വരുന്നു. ഋഗ്വേദത്തിനും, യജുർവേദത്തിനും, സാമവേദത്തിനും അഥർവ വേദത്തിനും പ്രത്യേകം ബ്രാഹ്മണങ്ങളുണ്ട്, ചിലവ നഷ്ടപ്പെട്ടു പോവുകയും ചെയ്തിട്ടുണ്ട്.

## ഋഗ്വേദീയബ്രാഹ്മണങ്ങൾ

**ഐതരേയ ബ്രാഹ്മണം:** ഋഗ്വേദത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ബ്രാഹ്മണമാണ് ഐതരേയ ബ്രാഹ്മണം. പ്രധാനമായും യാഗവിഷയങ്ങളുള്ള ഈ ബ്രാഹ്മണത്തിൽ, ഋഗ്വേദികൾ നടത്തുന്ന യജ്ഞകർമ്മങ്ങളാണ് വിവരിക്കുന്നത്. 40 അദ്ധ്യായങ്ങളുള്ള ഈ ബ്രഹ്മണം അഞ്ച് അദ്ധ്യായങ്ങൾ വീതം ചേർത്ത് 8 പഞ്ചികകൾ ആയി വിഭജിച്ചിരിക്കുന്നു. കുരുപാഞ്ചാലദേശത്ത് വസിച്ചിരുന്ന



Scanned with CamScanner

പ്രസിദ്ധനായ ശൂദ്രജാതിയിൽ ജനിച്ച ഋഷി മഹീദാസ ഐതരേയനാണ് ഈ ബ്രാഹ്മണത്തിന്റെ രചയിതാവ്. പഞ്ചികാക്രമത്തിൽ ഈ ബ്രാഹ്മണത്തിലെ വിഷയവിവരണം ഇപ്രകാരമാകുന്നു.

പഞ്ചിക 1. യാഗാരംഭത്തിനുമുമ്പ് യജ്ഞശാലയിൽ നടത്തുന്ന ശുദ്ധീകരണകർമ്മങ്ങൾ, യാഗകർമ്മത്തിൽ പ്രയോഗിക്കുന്ന ചില പ്രത്യേക പദങ്ങളുടെ അർത്ഥങ്ങൾ, യാഗത്തെക്കുറിച്ചുള്ള ആമുഖം, മന്ത്രങ്ങളുടെ ഛന്ദസ്സുകൾ, യജ്ഞത്തിൽ ദേവന്മാർക്ക് നൽകുന്ന ആ ഹൂതികൾ, സോമരസം എടുക്കുന്നതിനുവേണ്ടി കൊണ്ടുവരുന്ന സോമലതയുടെ വരവിനോടനുബന്ധിച്ച ചടങ്ങുകൾ, അഗ്ന്യാധാനം, യജമാനൻ യാഗനിർവ്വഹണത്തിനായി പുരോഹിതന്മാരെ യാഗശാലയിലേക്ക് സ്വീകരിക്കുന്ന കർമ്മം, പ്രവർഗ്യം, ആഹൂതികൾ, യാഗാഗ്നിയിൽ സോമരസത്തോടൊപ്പം ആഹൂതി നടത്തേണ്ട ദ്രവ്യങ്ങൾ യാഗശാലയിലേക്കാനയിക്കുന്ന ചടങ്ങുകൾ.

പഞ്ചിക 2. സോമയാഗ വിവരണത്തിന്റെ തുടർച്ച, യാഗപശുവിന്റെ ബന്ധനം, മൃഗബലിയുമായി ബന്ധപ്പെട്ട ചടങ്ങുകൾ, തത്കർമ്മത്തിനുള്ള മന്ത്രങ്ങൾ, യാഗാഗ്നിയിൽ നടത്തുന്ന ആഹൂതികൾ, യജ്ഞപാത്രങ്ങളുടെ സുദീർഘവിവരണം, പുരോഹിതന്മാർ യാഗശാലയിൽ ഇരിക്കുന്ന സ്ഥലങ്ങളും ഓരോരുത്തരുടെയും കർമ്മങ്ങളും വേദമന്ത്രാലാപനം, പുരോഹിത മഹത്വ വിവരണം.

പഞ്ചിക 3. സോമയാഗ വിവരണം തുടർച്ച, മരുത്വതീയ ശാസ്ത്രം, ഇന്ദ്രനും മരുത്തുക്കളുമായി ബന്ധപ്പെട്ട കഥ, സാമഗാനവിവരണം, സോമലതയുടെ വരവും അതിനോടനുബന്ധിച്ച മന്ത്രങ്ങളും, സോമരസം എടുക്കുന്ന കർമ്മം, സോമരസ ആഹൂതി സ്വീകരിക്കുന്ന ദേവന്മാരുടെ വിവരണം, അഗ്നിഷ്ടോമയാഗ മഹത്വം, അഗ്നിഷ്ടോമയാഗ വിവരണം, യാഗം നടത്തുന്ന പുരോഹിതന് അവശ്യം ഉണ്ടായിരിക്കേണ്ട യോഗ്യതകൾ.

പഞ്ചിക 4. വേദമന്ത്രഛന്ദസ്സുകളുടെ പ്രയോഗം, അശ്വിനി ശാസ്ത്രവും ഗവാമയനവും, മഹാവ്രതജ്ഞം, ശധകർമ്മം, പഞ്ചശധ, സ്വരസാമഗാനങ്ങൾ, ധുരോഹണം, ദ്വാദശാഹയജ്ഞം, ദ്വാദശാഹ യജ്ഞത്തിലെ ആദ്യത്തെ രണ്ടു ദിവസം നടത്തുന്ന കർമ്മങ്ങൾ.

പഞ്ചിക 5. ദ്വാദശാഹയജ്ഞത്തിലെ നാലാം ദിവസം പ്രഭാതത്തിലും,



Scanned with CamScanner

മദ്ധ്യാഹ്നത്തിലും നടത്തുന്ന കർമ്മങ്ങൾ, അഞ്ചും ആറും ദിവസങ്ങൾ പ്രത്യേകമായി നടത്തുന്ന കർമ്മങ്ങൾ, ഏഴാം ദിവസം മുതൽ പത്താം ദിവസം വരെ നടത്തുന്ന പ്രത്യേക ആഹൂതികൾ, സർപ്പരാജ്ഞിക്കുള്ള ആഹൂതികൾ, പുരോഹിതന്മാർ നടത്തുന്ന മൗനവ്രതവും അതിനോടനുബന്ധിച്ച ചടങ്ങുകളും, അഗ്നി ഹോത്രയാഗവിവരണം, ഈ യാഗത്തിനുള്ള ഹവനദ്രവ്യങ്ങൾ, സൂര്യോദയത്തിനുമുമ്പുള്ള യജ്ഞകർമ്മഭാഗം, യജ്ഞകർമ്മത്തിലെ പ്രായശ്ചിത്തക്രിയകൾ, യജ്ഞപുരോഹിതയോഗ്യതകൾ.

പഞ്ചിക 6. യാഗപുരോഹിതന്മാരായ ഗ്രാവസ്തോതൻെറയും, സുബ്രഹ്മണ്യൻെറയും കർമ്മങ്ങൾ, ഹോത്രകാരന്മാർ ചൊല്ലുന്ന മന്ത്രങ്ങളും, കർമ്മങ്ങളും, അവർ നടത്തുന്ന ആഹൂതികളും, സംപാത (വേദ) സ്തോത്രങ്ങൾ, നിത്യവും ചൊല്ലുന്ന വേദമന്ത്രങ്ങൾ, പ്രത്യേക അവസരങ്ങളിൽ ചൊല്ലുന്ന ചില സൂക്തങ്ങൾ, മൈത്രാവരുണ പുരോഹിതന്മാരുടെ വാലഖില്യമന്ത്രാലാപനം, ഹോതാവ്-മൈത്രാ വരുണന്മാർ - ബ്രാഹ്മണാച്ഛാംസി-അച്ഛാവാകൻ-എന്നീ പുരോഹിതന്മാർ ചൊല്ലുന്ന മന്ത്രങ്ങൾ.

പഞ്ചിക 7. ബലിമൃഗത്തിൻെറ ആഹൂതിക്കുള്ള ശരീരഭാഗവിവരണം, യജ്ഞകർമ്മപ്രായശ്ചിത്തങ്ങൾ, ശുനശ്ശേഫൻെറ കഥ, രാജ്യപട്ടാഭി ഷേകവുമായി ബന്ധപ്പെട്ട കർമ്മങ്ങളും, നിയമങ്ങളും, ചടങ്ങുകളും, യാഗകർമ്മത്തിൽ രാജാവ് അനുഷ്ഠിക്കേണ്ട ആചാരങ്ങൾ.

പഞ്ചിക 8. യജ്ഞാവസാനത്തിൽ രാജാവിൻെറ സുരാപനം, രാജാവിൻെറയും, രാജ്യത്തിൻെറയും നന്മയ്ക്കുവേണ്ടി ഇന്ദ്രന് നൽകുന്ന ആഹൂതികൾ, രാജാവിൻെറ സിംഹാസനാരോഹണം, സത്യപ്രതിജ്ഞ, കിരീടധാരണം, രാജപുരോഹിതവിവരണം, രാജപുരോഹിതന് ആവശ്യം ഉണ്ടായിരിക്കേണ്ട യോഗ്യതകൾ, ധർമ്മം, ശത്രുനാശനമഹത്വം, ജനമേജയ മഹാരാജാവിൻെറയും, ഭരതൻെറയും കഥകൾ.

ചുരുക്കത്തിൽ, അദ്ധ്യായക്രമത്തിൽ വിവരിക്കുകയാണെങ്കിൽ ഐതരേയ ബ്രാഹ്മണത്തിൻെറ 1 മുതൽ 16 വരെ അദ്ധ്യായങ്ങളിൽ അഗ്നിഷ്ടോമയാഗം, 17, 18 അദ്ധ്യായങ്ങൾ അനേകദിവസങ്ങൾ നീണ്ടുനിൽക്കുന്ന യാഗങ്ങളും ഗവാമയനവും, 19 മുതൽ 24 വരെ അദ്ധ്യായങ്ങൾ രണ്ടു മുതൽ പന്ത്രണ്ടു ദിവസങ്ങൾ നീണ്ടുനിൽക്കുന്ന യാഗങ്ങൾ, 25 മുതൽ 32 വരെ അദ്ധ്യായങ്ങൾ



Scanned with CamScanner

അഗ്നിഹോത്രം, 33 മുതൽ 40 വരെ അദ്ധ്യായങ്ങൾ രാജപട്ടാഭിഷേകം, രാജ്യാധികാരം, രാജസൂയയാഗം എന്നിവയും വിവരിക്കുന്നു. ഐതരേയ ബ്രാഹ്മണത്തിലെ 40 അദ്ധ്യായങ്ങളെ 162 ഖണ്ഡങ്ങളായും വിഭജിച്ചിട്ടുണ്ട്.

**സാംഖ്യായന ബ്രഹ്മണം** : ഐതരേയ ബ്രാഹ്മണത്തേക്കാൾ സ്പഷ്ടമായ ക്രമീകരണമാണ്, സാംഖ്യയന ബ്രാഹ്മണത്തിലുള്ളതെങ്കിലും ഐതരേയത്തിന്റെ വളരെ ഏറെ ഖണ്ഡങ്ങൾ മാറ്റം കൂടാതെ സാംഖ്യായനത്തിൽ നൽകിയിട്ടുണ്ട്. ഋഗ്വേദീയ സാംഖ്യായനശാഖക്കാർ അനുഷ്ഠിക്കുന്ന യാഗാദികർമ്മങ്ങളാണ് ഈ ബ്രാഹ്മണത്തിലെ വിവരണവിഷയം. കൗഷീതകീ ബ്രാഹ്മണമെന്നും ഈ ബ്രാഹ്മണം അറിയപ്പെടുന്നുണ്ട്. ഇതിനെ 30 അദ്ധ്യായങ്ങളായിട്ടാണ് വിഭജിച്ചിരിക്കുന്നത്.

അദ്ധ്യായം 1 മുതൽ 5 വരെ യാഗശാലയിൽ അരണി കടഞ്ഞ് അഗ്നി ഉണ്ടാക്കി അത് അഗ്നികുണ്ഡത്തിലേക്ക് ആവാഹിക്കുന്ന കർമ്മമായ അഗ്ന്യാധാനം, തുടർന്ന് അഗ്നിഹോത്രയാഗം, ദശപൂർണമാസി, ഇഷ്ടകാര്യസിദ്ധിക്കായി നടത്തുന്ന കാമ്യേഷ്ടികൾ, ചാതുർമാസ്യം എന്നിവ. അദ്ധ്യായം 6 മുതൽ 13 വരെ പ്രജാപതി, ബ്രഹ്മൻ എന്നിവരുടെ സ്തുതികൾ, യാഗവ്രതാരംഭകാലത്ത് യജമാനനും യാഗ പുരോഹിതൻമാരും സ്വീകരിക്കുന്ന ദീക്ഷാകർമ്മം, സോമ യാഗത്തിലെ ക്രിയകൾ, അഗ്നിപ്രയാണം, പുരോഡാശം, ഋത്യ്വിജ്യം തുടങ്ങിയ ക്രിയകൾ, സാധാരണ യാഗത്തിൽ വരുന്ന ചില ക്രിയാഭാഗങ്ങൾ.

അദ്ധ്യായം 14 മുതൽ 26 വരെ അഗ്നിഷ്ടോമയാഗക്രിയകൾ, 16 ദിവസം നീണ്ടുനിൽക്കുന്ന ഷോഡശീയജ്ഞം, അതിരാത്രം, അശ്വിനം, അവഭൃത്യം, വിശ്വജിത് യാഗം, മറ്റു യാഗങ്ങളിലെ ചില കർമ്മവിവരണങ്ങൾ, പ്രായശ്ചിത്തവിധികൾ. അദ്ധ്യായം 27 മുതൽ 30 വരെ പത്തുദിവസങ്ങൾ നീണ്ടു നിൽക്കുന്ന യാഗമായ ദശാഹം, യാഗകർമ്മങ്ങളുടെ പ്രാധാന്യമർ ഹിക്കുന്ന പ്രാത-മധ്യാഹ്ന-സായം സവനങ്ങൾ.

## യജുർവേദീയ ബ്രാഹ്മണങ്ങൾ

ഋഗ്വേദത്തെപോലെ അതിബൃഹത്തായ ഒരു പുരാതന ഗ്രന്ഥമാണ് ശതപഥബ്രാഹ്മണം. ശുക്ല യജുർവേദവുമായി



Scanned with CamScanner

ബന്ധപ്പെട്ടിരിക്കുന്ന ശതപഥബ്രാഹ്മണത്തിന് രണ്ടു ശാഖകളുണ്ട്. കാണ്വശാഖയുമായി ബന്ധപ്പെട്ട കണ്വശതപഥ ബ്രാഹ്മണവും, മാധ്യന്ദിനസംഹിതയുമായി ബന്ധപ്പെട്ട മാധ്യന്ദിന ശതപഥ ബ്രാഹ്മണവും. അതാതു വേദശാഖക്കാർ അനുശാസിച്ചുപോരുന്ന യാഗകർമ്മങ്ങളാണ് ഇവയിലെ പ്രധാന വിവരണ വിഷയങ്ങൾ. രണ്ടു ബ്രാഹ്മണശാഖകളും തമ്മിൽ വിഷയങ്ങളുടെ കാര്യത്തിൽ വളരെയേറെ സാമ്യതകളുണ്ട്. എന്നാൽ ക്രമീകരണത്തിൽ അൽപം വ്യതിയാനങ്ങളുമുണ്ട്.

**മാധ്യന്ദിന ശതപഥബ്രാഹ്മണം** : മാധ്യന്ദിന ശതപഥബ്രാഹ്മണത്തിൽ ഹവിർയജ്ഞം, ഏകപാദിക, അധ്വരം, ഗ്രഹനാമം, സവം, ഉഷാസംഭരണം, ഹസ്തിഘടം, ചിതി, സംചിതി, അഗ്നിരഹസ്യം, അഷ്ടാധ്യായി, മാധ്യമം, അശ്വമേധം, ബൃഹദാരണ്യകം എന്നിങ്ങനെ 14 കാണ്ഡങ്ങളിലായി 100 അദ്ധ്യായങ്ങളാണുള്ളത്. കൂടാതെ 14 കാണ്ഡങ്ങളായും, 438 ബ്രാഹ്മണങ്ങളായും, വീണ്ടും 7624 ഖണ്ഡികളായും അദ്ധ്യായങ്ങളെ വിഭജിച്ചിട്ടുണ്ട്. ഈ ബ്രാഹ്മണത്തിൽ 24000 ശ്ലോകങ്ങളിൽ, 768000 അക്ഷരങ്ങളുണ്ടത്രെ. കാണ്ഡങ്ങളുടെ ക്രമത്തിൽ ഈ ബ്രാഹ്മണത്തിലെ വിഷയങ്ങളിപ്രകാരമാകുന്നു.

കാണ്ഡം 1, 2. ദർശപൂർണമാസിയാഗം, അഗ്ന്യാധാനം, അഗ്നിയുടെ പുനരാധാനം, അഗ്നിഹോത്രയാഗ വിവരണം, അഗ്നി ഉപസ്ഥാനം, പ്രവത്സ്യദ് ഉപസ്ഥാനം, ആഗതോപസ്ഥാനം, പിണ്ഡ പിതൃയജ്ഞം, ആഗ്രയണം, ദാക്ഷായണയജ്ഞം, ചാതുർമാസ്യം.

കാണ്ഡം 3. യാഗനിർവ്വഹണത്തിന് മുമ്പുള്ള വ്രതങ്ങളോടനുബന്ധിച്ച് യജമാനനും, യാഗപുരോഹിതന്മാരും സ്വീകരിക്കുന്ന ദീക്ഷ, അതിനെതുടർന്നുള്ള കർമ്മങ്ങൾ.

കാണ്ഡം 4. സോമയാഗത്തിലെ പ്രഭാത-മദ്ധ്യാഹ്ന-സായം സവനകർമ്മങ്ങൾ, ഷോഡശീയാഗത്തിൽ സോമലതകളുടെ സ്വീകരണവും, സംസ്ഥാപനവും, ദ്വാദശാഹയജ്ഞം, മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ത്രിരാത്രയജ്ഞം, യജ്ഞത്തിനുശേഷമുള്ള ദക്ഷിണ, യാഗധർമ്മവിവരണം.

കാണ്ഡം 5. വാജപേയ യാഗത്തിൻെറയും, രാജസൂയത്തി ൻെറയും സുദീർഘങ്ങളായ വിവരണങ്ങൾ.

കാണ്ഡം 6 മുതൽ 10 വരെ ഉഷാസംഭരണം, വിഷ്ണുക്രമം,



Scanned with CamScanner

വാജസപ്രോപസ്ഥാനം, വനീവാഹനകർമ്മം, ചയനയാഗം, ഗാർഹപത്യചയനം, നിർഋതിചയനം, അഗ്നിക്ഷേത്ര സംസ്കാരം, യാഗത്തിലെ ദർഭസ്തംഭം മുതൽക്കുള്ള കർമ്മവിവരണം. പ്രാണഭൃത്സവനം മുതൽ ചയന-യാഗ-സമാപ്തിവരെയുള്ള ചടങ്ങുകൾ. ശതരുദ്രിയഹോമം, ധിഷ്ണ്യചയനം, പുരശ്ചിതി, ചിതി ഉപസ്ഥാനം. ചിതിസമ്പത്തി, ചയനയാഗസ്തുതി, ചിത്യഗ്നിവേദിയുടെ അളവുകൾ, യജ്ഞകാലം, ഉപനിഷദ് രൂപത്തിൽ അഗ്നിയുടെ മഹത്വവർണ്ണനവും ഉപാസനയും. മനസ്സിന്റെ സൃഷ്ടിവിവരണം, അഗ്നിയുടെ സർവ്വതോമുഖത്വം, ശുക്ല യജുർവേദീയ മാധ്യന്ദിനസംഹിതയുടെ പ്രോക്താക്കളായ ഋഷികളുടെ വംശപരമ്പര.

കാണ്ഡം 11. അഗ്ന്യാകാലം, ദർശപൂർണമാസി യാഗവിവരണം, ദാക്ഷായണ യജ്ഞവിവരണം, ഈ യജ്ഞത്തിന്റെ കാലാവധി, പഥികൃത്യാഗം, അഭ്യുദിതയാഗം, ഓരോ യാഗവും അറിയപ്പെടുന്ന പ്രത്യേക പേരുകളുടെ അർത്ഥം, അതിന്റെ ഉൽപത്തി, ബ്രഹ്മചാരികർത്തവ്യം, മിത്രവിന്ദയാഗം, പഞ്ചമഹായജ്ഞം, സ്വാദ്ധ്യായപ്രശംസ, പ്രായശ്ചിത്തവിധികൾ, അദ്ധ്യാത്മവിദ്യ, പശുബന്ധയാഗത്തിലെ വിവരണങ്ങൾ, ഹവിർയജ്ഞം, ഷഡ്ഹോത്രഹോമം.

കാണ്ഡം 12. യാഗം നടത്തിക്കുന്ന യജമാനന്റെ ദീക്ഷാക്രമം, രാജനന്മയ്ക്കായി നടത്തുന്ന പൊതുയാഗവിവരണങ്ങൾ, ഗവാമയനം, അഗ്നിഹോത്രയാഗത്തിലെ പ്രായശ്ചിത്തകർമ്മങ്ങൾ, സൗത്രാമണിയം, മൃതകാഗ്നിഹോത്രം, മൃതദാഹം.

കാണ്ഡം 13. അശ്വമേധയാഗവുമായി ബന്ധപ്പെട്ട പ്രായശ്ചിത്ത കർമ്മങ്ങൾ, പുരുഷമേധയാഗം, സർവ്വമേധം, ദശരാത്രയാഗം പിതൃമേധം.

കാണ്ഡം 14. പ്രവർഗ്യ കർതൃനിയമം, ബ്രഹ്മവിദ്യ, കാമ്യയാഗം, പുത്രവിവരണം തുടർന്നുള്ള ആറ് അദ്ധ്യായങ്ങളിൽ **ബൃഹദാരണ്യകഉപനിഷദ്.**

**കണ്വശതപഥ ബ്രാഹ്മണം** : ഏകപാദ് കാണ്ഡം, ഹവർയജ്ഞ കാണ്ഡം, ഉദ്ധാരികാണ്ഡം, അധ്വരകാണ്ഡം, ഗ്രഹനാമകാണ്ഡം, വാജപേയകാണ്ഡം, രാജസൂയ കാണ്ഡം ഉഷാസംഭരണകാണ്ഡം, ഹസ്തിഘടകാണ്ഡം, ചിതി കാണ്ഡം, സാഗ്നിചിതികാണ്ഡം, അഗ്നിരഹസ്യ കാണ്ഡം,അഷ്ടധ്യായി കാണ്ഡം, മധ്യമകാണ്ഡം, അശ്വമേധകാണ്ഡം പ്രവർഗ്യകാണ്ഡം, ബൃഹദാരണ്യകകാണ്ഡം



Scanned with CamScanner

എന്നിങ്ങനെ 17 കാണ്ഡങ്ങളിലായി 104 അദ്ധ്യായങ്ങളാണ് കണ്വശപഥ ബ്രാഹ്മണത്തിലുള്ളത്. ഇത്രയും അദ്ധ്യായങ്ങളെ 435 ബ്രാഹ്മണങ്ങളിലായി വീണ്ടും 6806 ഖണ്ഡികകളായും വിഭജിച്ചിട്ടുണ്ട്. കണ്വശതപഥ ബ്രാഹ്മണത്തിലെ വിഷയാവതരണം മാധ്യന്ദിനത്തേക്കാൾ കൂടുതൽ സ്പഷ്ടമാണെന്ന് ഒരു അഭിപ്രായമുണ്ട്. മാധ്യന്ദിന ശതപഥ ബ്രാഹ്മണത്തിലെ രണ്ടാം കാണ്ഡത്തിൽ വരുന്ന വിഷയങ്ങൾ പൂർണ്ണമായും കണ്വ ശതപഥത്തിൽ ഒന്നാം കാണ്ഡത്തിൽ വരുന്നു എന്നതാണ് പ്രാധാന്യമുള്ള മറ്റൊരു പ്രത്യേകത. കാണ്ഡക്രമത്തിൽ വിഷയങ്ങൾ ഇപ്രകാരമാകുന്നു.

കാണ്ഡം 1മുതൽ 12 വരെ. അഗ്ന്യാധാനം, പുനരാധാനം, അഗ്നിഹോത്രയാഗം, ആഗ്രയണം, പിണ്ഡപിതൃയജ്ഞം, ദാക്ഷായണയജ്ഞം, ഉപസ്ഥാനം, ചാതുർമാസ്യം, ദർശപൂർണമാസി, അഗ്നിഹോത്രം, സോമയാഗത്തിനുള്ള ദീക്ഷാസ്വീകരണം, സോമയാഗം, സവനത്രയങ്ങൾ, ദ്വാദശാഹയാഗം, ത്രിരാത്രയാഗം, മുപ്പത്തിനാലു ദിവസങ്ങൾ നീണ്ടു നിൽക്കുന്ന യാഗങ്ങൾ, വാജപേയയാഗം, രാജസൂയം, ഉഷാസംഭരണമെന്ന യാഗചടങ്ങ്, ചയനയാഗ വിവരണം.

കാണ്ഡം 13. അഗ്ന്യാധാനകാലം, പഥികൃത്യാഗം, പ്രയാജാനു മന്ത്രണം, പത്നീസംയാജം, ബ്രഹ്മചര്യം, ദർശപൂർണമാസി, യാഗത്തിനുശേഷമനുഷ്ഠിക്കേണ്ട ക്രിയകൾ, പശുബന്ധത്തിന്റെ വിവരണങ്ങൾ.

കാണ്ഡം 14. യാഗദീക്ഷാക്രമം, സൗത്രാമണിയാഗകർമ്മം, അഗ്നിഹോത്ര യാഗത്തിലെ പ്രായശ്ചിത്തകർമ്മങ്ങൾ, മൃതകാഗ്നിഹോത്രം.

കാണ്ഡം 15 മുതൽ 17 വരെ അശ്വമേധയാഗം, പ്രവർഗ്യ കർമ്മങ്ങൾ, ബ്രഹ്മവിദ്യാജ്ഞാനം, അവസാനത്തെ ആറ് അദ്ധ്യായങ്ങളിലായി **ബൃഹദാരണ്യക ഉപനിഷത്ത്.**

യാഗക്രിയകൾ കൂടാതെ അനേകം ചരിത്രവിഷയങ്ങളും ശതപഥബ്രാഹ്മണത്തിലുണ്ട്. കുരുപാഞ്ചാലവംശം, ജനമേജയ ചരിത്രം, കോസലം വിദേഹം, അയോദ്ധ്യ, മിഥില-രാജ്യങ്ങളുടെ ചരിത്രം, ശതപഥബ്രാഹ്മണത്തിന്റെ രചയിതാവ് യജ്ഞവൽക്യന്റെ ദേശമായ വിദേഹത്തിന്റെ വിവരണം, ഗൗതമബുദ്ധ ദേവനെക്കുറച്ചും ബുദ്ധധർമ്മത്തെക്കുറിച്ചുമുള്ള വിവരണങ്ങൾ തുടങ്ങിയ ചരിത്രപ്രാധാന്യമുള്ള വിഷയങ്ങൾ ഇതിൽ കാണാം.



Scanned with CamScanner

പുരൂരവസ്, ഉർവ്വശി, ദുഷ്യന്തൻ, ഭരതൻ എന്നിവരുടെ ചരിത്രങ്ങളും ഇതിൽ വിഷയങ്ങളാണ്.

**തൈത്തിരീയ ബ്രാഹ്മണം** : കൃഷ്ണ യജുർവേദത്തിലെ തൈത്തിരിയ ശാഖയുടേതാണ് തൈത്തിരിയ ബ്രാഹ്മണം. ഇതിനെ മൂന്ന് അഷ്ടകങ്ങളായി ഭാഗിച്ചിരിക്കുന്നു. ഓരോ അഷ്ടകത്തെയും വീണ്ടും പ്രപാഠകങ്ങളായും, അനുവാകങ്ങളായും വിഭജിച്ചിട്ടുണ്ട്. അഷ്ടക ക്രമത്തിൽ തൈത്തിരീയ ബ്രാഹ്മണവിഷയങ്ങൾ ഇപ്രകാരമാകുന്നു.

അഷ്ടകം 1. യാഗശാലയിലെ അഗ്നികുണ്ഡത്തിൽ അഗ്നി ജ്വലിപ്പിക്കുന്ന അഗ്ന്യാധാനം, യാഗം ആരംഭിക്കുന്ന പുണ്യദിനത്തിനുണ്ടായിരിക്കേണ്ട മഹത്വങ്ങൾ, വാജപേയയാഗത്തിലെ രഥയാജനവിധി, യൂപാരോഹണം, അന്നഹോമം, സൗത്രാമണി, യാഗപ്രായശ്ചിത്തകർമ്മങ്ങൾ, ചാരുർമാസ്യ്, പിതൃയജ്ഞം, രാജസൂയയജ്ഞവിധി, രാജസൂയത്തിലെ രഥാരോഹണ കർമ്മം, ദശപേയയാഗം, രാജസുയയാഗാന്ത്യത്തിൽ രാജാവ് നടത്തേണ്ട കർമ്മങ്ങൾ.

അഷ്ടകം 2. അഗ്നിഹോത്രയാഗത്തെക്കുറിച്ചുള്ള സുദീർഘമായ വിവരണം, ദശദിനത്തിൽ നടത്തുന്ന യാഗങ്ങൾ, യാഗശേഷമുള്ള ദക്ഷിണാസ്വീകരണം, ദ്വാദശാഹയജ്ഞം, യാഗമന്ത്രങ്ങളുടെ പ്രയോഗതത്വം, ഹോതൃമന്ത്ര പ്രയോഗം, അഗ്നിഹോത്രയാഗത്തിൻെറ മഹത്വം, ഗ്രഹാകർമ്മം, ഗ്രഹഹോമങ്ങൾ, സൗത്രാമണി, കൗകിലിഹൗത്രം, വപാഹോമം, പശുത്രയഹോമം, ഏകാഹയജ്ഞം, വൈശ്യബ്രാഹ്മണ സവങ്ങൾ, പഞ്ചശാരദീയവിധി, രാജപട്ടാഭിഷേകം, അഭിഷേകശേഷം രാജവിൻെറ രഥാരോഹണം, വിവിധ വൈദിക സൂക്തങ്ങളുടെ അർത്ഥവിവരണം

അഷ്ടകം 3. ഓരോ നക്ഷത്രത്തിലും നടത്തേണ്ട യാഗകർമ്മങ്ങൾ, ദശപൂർണ്ണമാസി യാഗഭാഗങ്ങൾ, പുരുഷ മേധയാഗം, പശുഹോത്രയാഗത്തിലെ പ്രായശ്ചിത്തകർമ്മങ്ങൾ.

തൈത്തിരിയ ബ്രാഹമണം, പൂർണ്ണമായി ഒരു പ്രത്യേക ഗ്രന്ഥമാണെങ്കിലും, ഗദ്യങ്ങളും പദ്യങ്ങളും ചേർന്ന തൈത്തിരീയ യജുർവേദസംഹിതയുടെ തന്നെ ഭാഗമായി ഇതിനെ കാണുന്ന വൈദീകപണ്ഡിതന്മാരും ഉണ്ട്. ഏതാനും യാഗങ്ങളുടെ വിവരണങ്ങളൊഴികെയുള്ള വിഷയങ്ങളെല്ലാം തൈത്തിരിയ ബ്രാഹ്മണത്തിലും തൈത്തിരീയ വേദസംഹിതയിലും വലിയ



Scanned with CamScanner

വ്യത്യാസമില്ലാതെ കാണുന്നു. പക്ഷേ സംഹിതയിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങൾ എല്ലാം തന്നെ കുറെക്കൂടി സ്പഷ്ടമായിതന്നെ ബ്രാഹ്മണത്തിൽ പ്രതിപാദിച്ചിരിക്കുന്നു. തൈത്തിരീയ ബ്രാഹ്മണത്തിൻെറ അവസാനഭാഗമായി, തൈത്തിരീയ ആരണ്യകവും അതിൻെറഅവസാനത്തിൽ **തൈത്തിരീയ ഉപനിഷത്, മഹാനാരായണ ഉപനിഷത്, യാജ്ഞികീ ഉപനിഷത്** എന്നീ മൂന്ന് അതിപ്രധാന ഉപനിഷത്തുകളുമുണ്ട്.

**മൈത്രായണീയ ബ്രഹ്മണം** : മൈത്രായണീയ ബ്രാഹ്മണമെന്ന് പ്രത്യേകമായൊരു ബ്രാഹ്മണ ഗ്രന്ഥം പ്രചാരത്തിലില്ല. എന്നാൽ മൈത്രായണീയ യജ്ജുർവേദ സംഹിതയുടെ നാലാം ഭാഗം ഒരു പ്രത്യേക ബ്രാഹ്മണമായി ചില വേദപണ്ഡിതന്മാർ വിവരിക്കുന്നുണ്ട്. ശതപഥബ്രാഹ്മണത്തിലെ ചില യാഗക്രിയാഭാഗങ്ങളുടെ തനിപകർപ്പാണീ മൈത്രായണീയ ബ്രാഹ്മണം.

## സാമവേദീയ ബ്രാഹ്മണങ്ങൾ

സാമവേദീയ ബ്രാഹ്മണങ്ങളുടെ സംഖ്യയെക്കുറിച്ചും, ചില ബ്രാഹ്മണ വിഷയങ്ങളെക്കുറിച്ചും ഭിന്നാഭിപ്രായം നിലനിൽക്കുന്നു. സാധാരണയായി സാമവേദീയ ബ്രാഹ്മണങ്ങളിലെ പ്രധാനവിഷയം യജ്ഞശാലയിൽ നടത്തുന്ന ഓരോ യാഗകർമ്മത്തിനുമനുസരിച്ച് ഉദ്ഗാതാവ് ആലപിക്കുന്ന സാമഗാനത്തെക്കുറിച്ചാണ്. സാമവേദം, ഋഗ്വേദ ഋക്കുകളുടെ സമാഹാരമാണെങ്കിലും, സാമവേദീയ ബ്രാഹ്മണങ്ങളുടെ സംഖ്യയിലും, വിവരണവിഷയങ്ങളിലും ഋഗ്വേദീയ ബ്രാഹ്മണങ്ങളിൽ നിന്നും തികച്ചും ഭിന്നമാണ്.

**താണ്ഡ്യ ബ്രാഹ്മണം** : പ്രൗഢ ബ്രാഹ്മണമെന്നും, പഞ്ചവിംശദ് ബ്രാഹ്മണമെന്നും ഇത് അറിയപ്പെടുന്നു. സാമവേദീയ കൗഥുമശാഖയുമായി ബന്ധപ്പെട്ട താണ് താണ്ഡ്യ ബ്രഹ്മണം. 25 അദ്ധ്യായങ്ങളുള്ള ഈ ബ്രാഹ്മണത്തിലെ ഓരോ അദ്ധ്യായവും വീണ്ടും 6 മുതൽ 12 വരെ ഖണ്ഡങ്ങളായി വിഭജിച്ചിട്ടുണ്ട്. താണ്ഡ്യ ബ്രാഹ്മണത്തിൽ വിവരിക്കുന്ന വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. മംഗളാചരണം, യാഗക്രിയകൾ നടത്തുന്ന പ്രധാന പുരോഹിതരായ ഹോതാവ്, അധ്വര്യു, ഉദ്ഗാതാവ് എന്നിവരെ യജമാനൻ സ്വീകരിക്കുന്നത്, യജ്ഞങ്ങൾക്ക് മുമ്പുള്ള വ്രതങ്ങൾ, യാഗമന്ത്രക്രമീകരണം, യാഗശേഷമുള്ള ദക്ഷിണ, യാഗം നടന്നതുകൊണ്ടുള്ള ഫലങ്ങൾ, സ്തോമപ്രകരണം, ഗവാമയനം, അതിരാത്രപ്രശംസ, യാഗങ്ങളിലെ ആചാരങ്ങളുടെ വിവരണം,



Scanned with CamScanner

സാമഗാനമഹത്വം, ദശാഹയജ്ഞം, അഗ്നിഷ്ടോമയാഗത്തിലെ സാമവിധാനം, മഹാവ്രതം, ഹവിർദാനം, ഗാർഹപത്യ ഉപസ്ഥാനം, യജ്ഞമാനനും യജ്ഞമാനപത്നിയും യാഗശാലയിൽ അനുഷ്ഠിക്കുന്ന കർമ്മങ്ങൾ, ദ്രോണകലശത്തിൻെറ ഉൽപത്തിയും മഹത്വവും ദശപവിത്രവിധാനം പ്രവൃതഹോമം, ഗായത്രിസോമ പ്രശംസ, ആജ്യഹോമസ്തോത്രം, യജ്ഞത്തിലെ സാമവേദസ്തുതികൾ, പ്രായശ്ചിത്തം, ദ്വാദശാഹയജ്ഞം, നെയ്യ് യാഗാഗ്നിയിൽ ഹോമിക്കുമ്പോൾ ആലപിക്കുന്ന സാമഗാന മഹത്വം, ചാതുർമാസ്യവ്രതം, പഞ്ചാഗ്നിഫലം, വാജ്ഞപേയയാഗം, രാജസൂയം, ദശപേയ യാഗം, അതിരാത്ര യാഗം, അറും ഏഴും ദിവസങ്ങളിൽ നടത്തുന്ന ശതരാത്ര, സഹസ്രരാത്ര യജ്ഞങ്ങൾ, യാഗശാലയിൽ ഉദ്ഗാതൃഗണത്തിലെ പുരോഹതൻമാരായ പ്രസ്തോതാവ്, പ്രതിഹന്താവ്, സുബ്രഹ്മണ്യൻ, അദ്ധ്വര്യു ഗണത്തിലെ അദ്ധ്വര്യു, പ്രതിപ്രസ്ഥാതാവ്, നേഷ്ട്രി, ഉന്നേതി, ഹോതൃഗണത്തിലെ ഹോതാവ്, മൈത്രാവരുണൻ, അഛാവാകൻ, ഗ്രാവസ്തുത്, ബ്രഹ്മഗണത്തിലെ ബ്രഹ്മൻ, ബ്രഹ്മണാഛാംസി, അഗ്നീധ്രൻ, പോതാവ് എന്നി പുരോഹിതന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന യാഗക്രിയകൾ.

**ജൈമിനീയ ബ്രാഹ്മണം** : മൂന്നു കാണ്ഡങ്ങടങ്ങുന്ന ജൈമനിയ ബ്രഹ്മണം വിഷയങ്ങ ളുടെ കാര്യത്തിലും വിവരണരീതിയിലും പ്രൗഢബ്രാഹ്മണവുമായി സാമ്യതയുണ്ട്. കാണ്ഡങ്ങളുടെ ക്രമത്തിൽ ജൈമിനിയ ബ്രാഹ്മണ ത്തിലെ വിഷയങ്ങൾ ഇപ്രകാരമാകുന്നു.

കാണ്ഡം 1. അഗ്നിഹോത്രയാഗ വിവരണങ്ങളാണ് 1 മുതൽ 65 വരെ ഖണ്ഡങ്ങളിൽ. തുടർന്ന് 364 വരെ ഖണ്ഡങ്ങളിൽ അഗ്നിദേവനും, സോമദേവനും സംവാദരൂപത്തിൽ, അഗ്നിഷ്ടോമയാഗത്തിൻെറ മഹത്വവിവരണം നൽകുന്നു.

കാണ്ഡം 2. ഗവാമയന ചടങ്ങുകളുടെ ഉദ്ദേശവും ക്രിയകളുമാണ് 1 മുതൽ 80 വരെ ഖണ്ഡങ്ങളിൽ വിവരിക്കുന്നത്. തുടർന്ന് 234 വരെ ഖണ്ഡങ്ങൾ ഏകാഹയജ്ഞവിവരണമാണ്. 235 മുതൽ 333 വരെ ഖണ്ഡങ്ങൾ 12 ദിവസങ്ങളിൽ നടത്തുന്ന അഹിനസ് എന്ന യജ്ഞത്തിൻെറ വിവരണവും 334 മുതൽ 370 വരെ ഖണ്ഡങ്ങൾ 12 ദിവസത്തിൽ കൂടുതൽ കാലയളവിൽ നീണ്ടു നിൽക്കുന്ന യാഗവിവരണങ്ങളും. 371 മുതൽ 442 വരെ ഗവാമയന ക്രിയകളുമാണ്.

കാണ്ഡം 3. ദ്വാദശ ദിവസത്തിൽ കൂടുതൽ ദീർഘമായ ഒരു



Scanned with CamScanner

കാലയളവിൽ നടത്തുന്ന യാഗകർമ്മങ്ങളുടെ പുനർവിവരണം 386 ഖണ്ഡങ്ങളിൽ ഇതിൽ നൽകിയിരിക്കുന്നു.

**ഉപനിഷദ് ബ്രാഹ്മണം** : ഒരു പ്രത്യേക ബ്രാഹ്മണമായി ഇതിനെ കണക്കാക്കുന്ന വൈദീക പണ്ഡിതരും, ജൈമിനീയ ബ്രാഹ്മണത്തിൻെറ നാലാം കാണ്ഡമായി ഗണിക്കുന്നവരും ഉണ്ട്. മറ്റു ബ്രാഹ്മണങ്ങളിൽ നിന്ന് പ്രകടമായ വ്യത്യാസമാണ് ഉപനിഷദ് ബ്രാഹ്മണത്തിനുള്ളത്. യാഗകർമ്മങ്ങളുടെ വിവരണങ്ങൾ ഈ ബ്രാഹ്മണത്തിൽ ഇല്ലതന്നെ. ഉപനിഷത്തുകൾപോലെ തത്വചിന്തകളാണ് ഇതിലെ വിഷയം. അതു കൊണ്ടുതന്നെ ഇത് ഉപനിഷദ് ബ്രാഹ്മണമെന്നറിയപ്പെടുന്നു. സാമവേദീയ ഋഷിവര്യന്മാരുടെ രണ്ടു പരമ്പരകൾ, ഗായത്രീ മന്ത്രമഹത്വം. തുടർന്ന് **കേനോപനിഷദ്** എന്നിവയാണ് ഉപനിഷദ് ബ്രാഹ്മണ വിഷയങ്ങൾ.

**ദേവതാദ്ധ്യായ ബ്രഹ്മണം** : ഈ ബ്രാഹ്മണത്തിൽ 4 ഖണ്ഡങ്ങളാണുള്ളത്. ബ്രാഹ്മണത്തി ൻെറ പേരു സൂചിപ്പിക്കുന്നതുപോലെ വൈദികദേവന്മാരുടെ നാമങ്ങളും അവരെ സ്തുതിക്കുന്ന സാമഗാനങ്ങളുടെ ഛന്ദസ്സുകളുമാണ് ഇതിലെ പ്രധാനവിഷയം. ഖണ്ഡങ്ങളുടെ ക്രമത്തിൽ ദേവതാദ്ധ്യായ ബ്രാഹ്മണവിഷയങ്ങൾ ഇപ്രകാരമാകുന്നു.

ഖണ്ഡം 1. അഗ്നി, ഇന്ദ്രൻ, പ്രജാപതി, സോമൻ, വരുണൻ, ത്വഷ്ടാവ്, ആംഗീരസ്, പൂഷൻ, എന്നി ദേവന്മാരുടെ വർണ്ണനം, സാരസ്വതസാമം, ഇന്ദ്രാഗ്നിസാമം, വസു- രുദ്ര-ആദിത്യ-വിശ്വദേവ സാമങ്ങൾ, അന്തരസാമങ്ങൾ, അന്തരതരസാമങ്ങൾ, അന്തരതമസാമങ്ങൾ, സാമമന്ത്രങ്ങളുടെ മാതൃ-പിതൃ-പ്രജാപതിസ്ഥാന രൂപങ്ങളിലൂള്ള വർണ്ണനം, ഉദ്ഗാതൃപുരോഹിത പ്രശംസ, അർത്ഥജ്ഞാനമുള്ള വേദജ്ഞൻെറ പ്രശംസമഹത്വം

ഖണ്ഡം 2. ഗായത്രി, അതിജഗതി ഛന്ദസ്സുകളുടെ വർണ്ണങ്ങൾ, നിറങ്ങൾ, ഗായത്രിമന്ത്ര ദേവതകൾ, മറ്റു ഛന്ദസ്സുകളുടെ ദേവതകൾ, ഛന്ദസ്സുകളുടെ ദേവതാലക്ഷണം.

ഖണ്ഡം 3, 4. ഗായത്രി, അതിജഗതി, ഉഷ്ണിക്, കകുഭ, അനുഷ്ടുഭ്, ബൃഹതി, വിരാജ, പംക്തി, തൃഷ്ടുഭ്, ജഗതി, അതിജഗതി, നിചൃദ്ഭൂരിജ, ഛന്ദസ്സുകളുടെ നിർവ്വചനം, ഗായത്രിയിൽ സാവിത്രി മന്ത്രങ്ങളുടെ മിശ്രണത്തിനുദാഹരണം, ഛന്ദസ്സുകളുടെ ദേവതകളെക്കുറിച്ചുള്ള ജ്ഞാനഫലം, സാവിത്രി മന്ത്രത്തിൻെറ അംഗവിവരണങ്ങൾ, അംഗപാനഫലം.



Scanned with CamScanner

**ജൈമിനീയോപനിഷദ് ബ്രാഹ്മണം** : സുദീർഘവും വളരെ സ്പഷ്ടമായ ക്രമീകരണത്തോടു കൂടിയതുമാണ് ഈ ബ്രാഹ്മണം. സാധാരണ ബ്രാഹ്മണവിഷയങ്ങൾ പോലെ യാഗസംബന്ധിയായ കർമ്മകാണ്ഡങ്ങളുടെ വിവരണങ്ങൾ ഇതിലില്ല. ജൈമിനി യോപനിഷദ് ബ്രാഹ്മണത്തിൽ വിവരിക്കുന്നത്, ദശോപനിഷ ത്തുക്കളിൽ വിവരിക്കുന്ന ആത്മോപദേശങ്ങളും തത്വശാസ്ത്ര വിഷയങ്ങളുമാണ്. 18 അനുവാകങ്ങളുള്ള ഒന്നാം അദ്ധ്യായവും, അഞ്ചും ഏഴും അനുവാകങ്ങളുള്ള രണ്ടും മൂന്നും അദ്ധ്യായങ്ങളും 9 അനുവാകങ്ങളുള്ള നാലാം അദ്ധ്യായവും തത്വശാസ്ത്ര വിഷയങ്ങൾ മാത്രം വിവരിക്കുന്നു.

**സംഹിതോപനിഷദ് ബ്രാഹ്മണം** : പ്രധാനമായും സാമവേദ ആലാപനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇതിൽ വിവരിക്കുന്നത്. ഉപനിഷദ് വിഷയങ്ങൾ ഈ ബ്രാഹ്ണത്തിൽ കാര്യമായി കാണുന്നില്ല. അഞ്ചു ഖണ്ഡങ്ങളാണ് ഇതിലുള്ളത്. ഖണ്ഡക്രമത്തിൽ സംഹിതോപനിഷദ് ബ്രാഹ്മണത്തിലെ പ്രതിപാദ്യവിഷയങ്ങൾ ഇപ്രകാരമാകുന്നു.

ഖണ്ഡം 1. ദേവസംഹിത, ഋഷിസംഹിത, അസുരസംഹിത എന്നിവയുടെ ലക്ഷണം, സംഹിതാവിഭജനം, ദേവസംഹിത, വാക്-ശബ്ദസംഹിത, അമിത്രസംഹിത എന്നിവയുടെ ലക്ഷണങ്ങൾ, സംഹിതയുടെ ഉപാസനഫലം, ദേവ-വാക്-ശബ്ദ-അമിത്ര സംഹിതയുടെ ഉപാസനഫലം, സംഹിതയുടെ മൂന്നു രൂപങ്ങൾ.

ഖണ്ഡം 2. ഗാനസംഹിതാവിധി, ലോപാതിഹാരവർണ്ണനം, സാമഗാനാലാപത്തിലെ സ്തോഭം, അനുലോമ-പ്രതിലോമസ്വരങ്ങൾ, രേഫസന്ധി, ഉദാത്തം, രോഹം, അഭിഗീതസ്വരം, വിസർഗം, ഉപഗ്രഹം, ഹ്രസ്വ-ദീർഘം, പ്രസ്ഥാവർണ്ണനം, ഭകാരം, വ്യഞ്ജനപ്രയോഗം.

ഖണ്ഡം 3. സാമഗാനവിധികൾ, വിശിഷ്ടഗാനങ്ങൾ, ഉദൂഹലക്ഷണം, സാമഗാനങ്ങളുടെ വിശിഷ്ടപ്രയോഗങ്ങൾ, ഗ്രാമഗേയഗാനങ്ങളിലെ ഉദൂഹപ്രയോഗം, സാമഗാനങ്ങളിലെ ഉദാത്താനുദാത്തങ്ങളുടെ വിപരീതപ്രയോഗം, സാമവേദവിദ്യാർത്ഥിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങളും, അസന്മാർഗസഞ്ചാരികൾക്ക് സാമവേദം പഠിപ്പിക്കുന്നതിന്റെ ദോഷഫലങ്ങളും, സാമവേദ വിദ്യാർത്ഥിയുടെ ലക്ഷണം, സദ്ഗുരു പ്രശംസ, അർഹിക്കാത്ത ശിഷ്യന് സാമവേദമഭ്യസിപ്പിച്ചാലുള്ള ദോഷം, ശിഷ്യന്മാരുടെ ഗുണ ദോഷങ്ങൾ.



Scanned with CamScanner

ഖണ്ഡം 4. ദാനങ്ങളുടെ ഫലം, ദാനപ്രശംസ, ബ്രഹ്മചര്യ പ്രശംസ, വ്രതങ്ങളുടെ മഹത്വവും ഫലങ്ങളും, സ്വർണ്ണം ദാനം ചെയ്യുന്നതിന്റെ ഫലം, മൂന്നു തരത്തിലുള്ള അതിദാനങ്ങൾ, മന്ത്രജപഫലങ്ങൾ. ഗുരുവിന് ദക്ഷിണയായി ആറിലൊന്നു സ്വത്തു നൽകുന്നതിന്റെ ഫലം.

ഖണ്ഡം 5. സ്വർണ്ണദാനം, ജലദാനം എന്നിവയുടെ ഫലങ്ങൾ, സാമവേദജപത്തിലൂടെ അഗ്നിയിൽ ഹോമദ്രവ്യങ്ങൾ അർപ്പിക്കുന്നതിന്റെ ഫലങ്ങൾ, സാരസ്വതവ്രതമഹത്വം, വേദാർത്ഥജ്ഞാനം, പ്രജാപതിസ്തുതി.

**വംശബ്രാഹ്മണം** : സാമവേദികളായ ഋഷിവര്യന്മാരുടെ വംശപരമ്പരയാണ്, ബ്രാഹ്മണവിഷയം. മൂന്ന് ലഘുഖണ്ഡങ്ങൾ മാത്രമുള്ളതാണ് വംശബ്രാഹ്മണം.

ഖണ്ഡം 1. ദേവവന്ദനം, തുടർന്ന് ഋഷി പരമ്പരയുടെ വിവരണം. ശിവദത്തനിൽനിന്ന് ഗാർഗ്യൻ, ഗാർഗ്യനിൽ നിന്ന് പരമ്പരയായി യഥാക്രമം, ദ്രാഹ്യായണൻ, നിഗഡൻ, പാണവൽകൻ, ഗിരിശർമ്മൻ, മിത്രവർച്ചസ്, സുപ്രതീതൻ, ബൃഹസ്പതി, ഭവത്രാതൻ, ശാർക്കരാക്ഷ്യൻ, ശ്രവണദത്തൻ, കൗഹലൻ, സുശാരദൻ, ശാലങ്കായനൻ, ഔപമന്യു, ഭാനുമതൻ, ആനന്ദജൻ, ശാംബൻ, മദകാരൻ, സുശ്രവസ്, വാർഷഗണ്യൻ, കേതുർവാഭ്യൻ, സുനീഥൻ എന്നീ ഋഷിമാരുടെ കുലം.

ഖണ്ഡം 2. വംശപരമ്പരയിൽ ധനഞ്ജയനുശേഷം ജനിച്ച ഋഷികുലാംഗങ്ങളുടെ വിവരണമാണിതിൽ. ധനഞ്ജൻ, ഗൗതമൻ, ലാമകായൻ, ശാകദാസൻ, ദാഢിതായൻ, വിചക്ഷമതാണ്ഡ്യൻ, ഉദരശാണ്ഡില്യൻ, മശകൻ, ഗാർഗ്യൻ, വാസിഷ്ഠൻ, സുമന്ത്രൻ, ഭരദ്വാജൻ, ശൗനകൻ, വൃഷശുഷ്മൻ, നികോഥകൻ, ശാവസായനൻ, ശവസൻ, കശ്യപൻ, വിഭാണ്ഡകൻ, ഋഷ്യശൃംഗൻ, അഗ്നി, ഇന്ദ്രൻ, വായു, മൃത്യു, പ്രജാപതി, ബ്രഹ്മൻ, സ്വയംഭു എന്നിവരുടെ പരമ്പര.

ഖണ്ഡം 3. കാലബവൻ, ഭദ്രശർമ്മൻ, കൗശികൻ, പുഷ്പയശൻ, ഗൗതമൻ, ഗോഭിലൻ, പൂഷമിത്രൻ, അശ്വമിത്രൻ, വരുണമിത്രൻ, മൂലമിത്രൻ, വത്സമിത്രൻ, ഗൗൽഗുലവീപുത്രൻ എന്നിവരുടെ പരമ്പര.

**ആർഷേയ ബ്രാഹ്മണം** : കൗഥുമീയ സാമവേദശാഖക്കും, ജൈമിനീയ സാമവേദ ശാഖക്കും പ്രത്യേകം ആർഷേയ ബ്രാഹ്മണമുണ്ട്. രണ്ടിലേയും വിവരണവിഷയങ്ങൾ തമ്മിൽ വളരെ സാമ്യതയുണ്ട്. എങ്കിലും ക്രമീകരണത്തിൽ വ്യത്യാസം കാണുന്നുണ്ട്. രണ്ട്



Scanned with CamScanner

ആർഷേയ ബ്രാഹ്മണശാഖകളിലും വിവരിക്കുന്ന വിഷയങ്ങൾ സാമവേദ ഗാനങ്ങളാണ്. ബ്രാഹ്മണത്തിലെ അഞ്ച് അദ്ധ്യായങ്ങളെ വീണ്ടും ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നു. ഇതിലെ ആദ്യത്തെ നാല് അദ്ധ്യായങ്ങൾ പൂർണ്ണമായും, അഞ്ചാം അദ്ധ്യായത്തിലെ പതിനൊന്നു ഖണ്ഡങ്ങളും ഗ്രാമഗേയഗാനങ്ങളെക്കുറിച്ചുള്ള വിവരണങ്ങളാണ്. അഞ്ചാം അദ്ധ്യായത്തിലെ തുടർന്നുള്ള ഇരുപതിൽപരം ഖണ്ഡങ്ങളിൽ ആരണ്യഗേയഗാനങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

അം 1. അഗ്നിയെ പ്രകീർത്തിക്കുന്ന ഗാനങ്ങളാണ് 13 ഖണ്ഡങ്ങളിലായി ഈ അദ്ധ്യായത്തിൽ നൽകുന്നത് എന്നതുകൊണ്ട്, അഗ്നേയപർവ്വം എന്നും ഈ ഭാഗം അറിയപ്പെടുന്നു.

അം. 2 മുതൽ 4 വരെ. 15 ഖണ്ഡങ്ങൾ വീതമുള്ള ഓരോ അദ്ധ്യായത്തിലും ഇന്ദ്രസ്തുതികളാണ്. അതുകൊണ്ട് ഈ ഭാഗം ഇന്ദ്രപർവ്വം എന്നറിയപ്പെടുന്നു. ഈ സ്തുതികൾ ഗ്രാമഗേയഗാനവിഭാഗത്തിൽപെടുന്നു.

അം 5. ആദ്യത്തെ 11 ഖണ്ഡങ്ങളിൽ പവമാനസോമ സ്തുതികളാണ്. ഇവ പാവമാനസോമപർവ്വത്തിലെ ഗ്രാമഗേയഗാനങ്ങളാണ്. അതിനുശേഷം പത്തു ഖണ്ഡങ്ങൾ ആരണ്യഗേയ ഗാനത്തിലെ വ്രത പർവ്വവും, വ്രത മഹത്വവും, തുടർന്നുള്ള ആറു ഖണ്ഡങ്ങൾ അർക്കപർവ്വവും, ആദിത്യസ്തുതിയും, പിന്നീടുള്ള ആറു ഖണ്ഡങ്ങൾ ദ്വന്ദ്വപർവ്വവുമാണ്. ശുക്രിയപർവ്വവും, പരിശിഷ്ടവും ഓരോ ഖണ്ഡം വീതം ഈ അദ്ധ്യായത്തിൻെറ അവസാനത്തിൽ ചേർത്തിരിക്കുന്നു.

ജൈമിനീയ ആർഷേയ ബ്രാഹ്മണവും, കൗഥുമീയ ആർഷേയ ബ്രാഹ്മണവും തമ്മിലുള്ള പ്രകടമായ വ്യത്യാസം നാലാം അദ്ധ്യായത്തിലെ 2 മുതൽ 12 വരെ ഖണ്ഡങ്ങളിലും, അഞ്ചാം അദ്ധ്യായത്തിലെ ഏഴും എട്ടും ഖണ്ഡങ്ങളിലും ഗാനങ്ങളുടെ മാറ്റി മറിച്ചുള്ള ക്രമീകരണത്തിലുമാണത്രെ. ആരണ്യഗേയഗാനങ്ങളുടെ ക്രമീകരണത്തിൽ രണ്ടു ബ്രഹ്മണങ്ങളും തമ്മിൽ വ്യത്യാസമില്ല.

**ഷഡ്‌വിംശ ബ്രാഹ്മണം** : പഞ്ചവിംശത് ബ്രാഹ്മണത്തിൻെറ തുടർച്ചയായി തത്ബ്രാഹ്മ ണത്തിൽ 26-ാം അദ്ധ്യായമായി വരേണ്ട ഭാഗമായതുകൊണ്ടാണത്രെ ഇത് ഷഡ്‌വിംശ (അർത്ഥം ഇരുപത്തിയാറ്) ബ്രഹ്മണം എന്നറിയപ്പെടുന്നത്. പലപ്പോഴും 26 അദ്ധ്യായങ്ങളുള്ള ബ്രഹ്മണം എന്ന് ഇതിനെ തെറ്റായി വിവരിച്ചു കാണുന്നുണ്ട്. സാമവേദത്തിൻെറ പ്രധാനപ്പെട്ട ഒരു ബ്രാഹ്മണമായ



Scanned with CamScanner

ഷഡ്വിംശബ്രാഹ്മണത്തെ 5 അദ്ധ്യായങ്ങളായി ഭാഗിച്ചിട്ടുണ്ട്. ഈ അദ്ധ്യായങ്ങളെ വീണ്ടും ഖണ്ഡങ്ങളായി തിരിച്ചിട്ടുണ്ട്. അദ്ധ്യായക്രമത്തിൽ ബ്രാഹ്മണ വിഷയങ്ങൾ ഇപ്രകാരമാകുന്നു.

അം 1. ഏഴു ഖണ്ഡങ്ങളിലായി ഈ അദ്ധ്യായവിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നു. യാഗക്രിയകളിൽ സുബ്രഹ്മണ്യൻെറ സ്ഥാനം അലങ്കരിക്കുന്ന പുരോഹിൻെറ കർമ്മം, മഹത്വം, ധർമ്മം, യജ്ഞകർമ്മങ്ങളിൽ അദ്ദേഹത്തിനുണ്ടായിരിക്കേണ്ട പൂർണ്ണ ജ്ഞാനം, ഉദ്ഗാതാവ് യജ്ഞശാലയിൽ പ്രഭാത-മധ്യാഹ്ന സായംകാലങ്ങളിൽ ആലപിക്കേണ്ട സാമഗാനങ്ങൾ, ജ്യോതിഷ്ടോമയാഗത്തിനായി സോമരസം എടുക്കുന്ന ക്രിയകളിൽ ആലപിക്കേണ്ട സാമഗാനങ്ങൾ, ജ്യോതിഷ്ടോമയാഗത്തിനായി സോമരസം എടുക്കുന്ന ക്രിയകളിൽ ആലപിക്കേണ്ട സാമഗാനത്തിൻെറ പ്രത്യേകത, യാഗത്തിൻെറ മുഖ്യപുരോഹിതനായി വസിഷ്ഠകുലത്തിൽ ജനിച്ച ബ്രാഹ്മണൻെറ ആവശ്യകത, സാമവേദത്തിൽ വരുന്ന ഗായത്രിയുടെ വൈദികമഹത്വം, യജ്ഞപ്രായശ്ചിത്ത കർമ്മങ്ങളുടെ ഭാഗമായ വ്യാഹൃതി ഹവനങ്ങളും, മറ്റ് പ്രായശ്ചിത്തകർമ്മങ്ങളും, സോമരസം ഹോമിക്കുന്ന കർമ്മം.

അം 2. എഴു ഖണ്ഡങ്ങളിലായി യഥാക്രമം അഗ്നിഷ്ടോമയാഗ ത്തിലെ ബഹിഷ്പവമാനകർമ്മത്തിൽ ആലപിക്കുന്ന സാമഗാനങ്ങൾ, യാഗപുരോഹിതന്മാരായ ഹോതാവ് - അധ്വര്യു, ബ്രഹ്മൻ, ഉദ്ഗാതാവ്, സദസ്യൻ എന്നിവരുടെ പുരോഹിത കർമ്മങ്ങൾ, സോമയാഗത്തിൽ പ്രാത-മാധ്യന്ദിന-സായം സവനങ്ങൾ ക്കായി പുരോഹിതനെ ആനയിക്കുന്ന ചടങ്ങുകൾ.

അ 3. ഒൻപതു ഖണ്ഡങ്ങളിലെ പ്രതിപാദ്യവിഷയങ്ങൾ യഥാക്രമം, പ്രായശ്ചിത്തകർമ്മങ്ങൾ, യജ്ഞാരംഭത്തിനുമുമ്പ് രാജാവിൽ നിന്നും യജ്ഞത്തിനുള്ള അനുമതി സ്വീകരിക്കുന്ന ചടങ്ങ്, പുരോഹിതക്ഷണം, പ്രായശ്ചിത്തകർമ്മങ്ങളിൽ നടത്തുന്ന പ്രായശ്ചിത്ത സ്നാനം, യാഗാന്ത്യത്തിലെ അവഭൃതസ്നാനം, ആഭിചാര കർമ്മങ്ങളിലെ ഹവനങ്ങൾ, തൃവൃഷസ്തോമം, പഞ്ചദശസ്തോമം, സപ്തദശ സ്തോമം, ഏകവിംശതിസ്തോമം, തൃണവത്സ്തോമം.

അം 4. ആറുഖണ്ഡങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. ദ്വാദശാഹയജ്ഞത്തിലെ സാമഗാനങ്ങൾ, ഈ യാഗത്തിലെ മൂന്ന്,



Scanned with CamScanner

പത്ത്, പന്ത്രണ്ട് ദിവസങ്ങളിലെ ക്രിയകൾ എല്ലാ യാഗങ്ങൾക്കും ഒരുപോലെ ആയതിനാൽ മറ്റ് ഒൻപത് ദിവസങ്ങളിലെ യാഗകർമ്മങ്ങളുടെ ഗഹനമായ വിവരണങ്ങൾ, ശ്യേതകർമ്മങ്ങളിലെ സാമഗാനങ്ങൾ, തൃവൃദഗ്നിഷ്ടോമക്രിയകളിലെ സാമഗാനങ്ങളുടെ പ്രത്യേകരീതിയിലുള്ള ആലാപനം, വജ്രഹോമത്തിലെ സാമഗാനങ്ങൾ, 13 ദിവസം നീണ്ടുനിൽക്കുന്ന വിശ്വദേവസത്രം.

അം 5. ഏഴുഖണ്ഡങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. അഗ്നിഹോത്രത്തിൻെറയും, ജ്യോതിഷ്ടോമത്തിൻെറയും താരതമ്യം, ഹവനദ്രവ്യങ്ങൾ നിലത്തുവീഴുക തുടങ്ങിയ കുറവുകൾക്കുള്ള പ്രായശ്ചിത്തങ്ങൾ, അഗ്നിഹോത്രമഹത്വം, യാഗസമയത്ത് കുഴിച്ചിടുന്ന ഉദുംബരവൃക്ഷത്തിൻെറ വർണ്ണനം, യൂപവർണ്ണനം, യാഗാരംഭത്തിൽ നടത്തുന്ന പ്രാർത്ഥന, അമാവാസി-പൗർണമി ദിനങ്ങളിൽ യാഗത്തോടനുബന്ധിച്ചു നടത്തുന്ന പ്രത്യേക ചടങ്ങുകളും, ആഹൂതികളും, സ്വാഹാ എന്ന ദേവതയുടെ ഉത്ഭവം-കുലം-ബന്ധങ്ങൾ-നിറം-പാദം.

അം 6. അഭൂതബ്രാഹ്മണമെന്നും അറിയപ്പെടുന്ന ഈ ഭാഗത്തിൽ സുദീർഘമായ 12 ഖണ്ഡങ്ങളാണുള്ളത്. ആയിരത്തിഒന്ന് ചമതകൾ എട്ടു ദേവന്മാർക്കായി ഹോമിക്കുന്ന കർമ്മം, ദേവാസുരവിവരണം, ശാന്തിഹോമം, ഇന്ദ്രൻെറ ഭൂതഗണങ്ങൾക്കുള്ള ശാന്തിഹോമങ്ങൾ, യമനുമായി ബന്ധപ്പെട്ട ഭൂതഗണങ്ങൾ ക്കുള്ളതും ദക്ഷിണഭാഗത്തേക്കു നോക്കി നടത്തേണ്ടതുമായ ആഹൂതികൾ. പശ്ചിമദിക്കിലേക്കു നോക്കി ആദിത്യൻെറ ഭൂതഗണങ്ങൾക്കായി നടത്തേണ്ട ആഹുതികൾ, ഉത്തരദിശയിലേക്ക് നോക്കി വരുണഗണങ്ങൾക്കു വേണ്ടി നടത്തുന്നതും ഭൂമിയിലേക്കു നോക്കി അഗ്നിയുടെ ഗണങ്ങൾക്കുവേണ്ടി നടത്തുന്നതുമായ ആഹൂതികൾ, വായുവിൻെറ ഭൂതഗണങ്ങൾക്കായി അന്തരീക്ഷ ത്തിലേക്ക് നോക്കിനടത്തുന്ന ആഹൂതികൾ, സ്വർഗ്ഗത്തിലേക്കു നോക്കി സോമഗണങ്ങൾക്കു നടത്തുന്ന ആഹൂതികൾ, രുദ്രൻ, സൂര്യൻ, വിഷ്ണു എന്നി ദേവന്മാർക്കുള്ള ആഹൂതികൾ, ഓരോ ദേവൻെറയും ഭൂതഗണങ്ങളുടെ വിക്രയകളുടെ സുദീർഘവിവരണം, ഭൂതഗണങ്ങൾക്കുള്ള ആഹൂതികളായതുകൊണ്ടാണ് ഈ ഭാഗം അഭൂതബ്രാഹ്മണം എന്നറിയപ്പെടുന്നത്.

ഷഡ്വിംശ ബ്രാഹ്മണം, 40 പ്രപാഠകങ്ങളുള്ള താണ്ഡ്യമഹാബ്രാഹ്മണത്തിൻെറ (പഞ്ചവിംശത് ബ്രാഹ്മണം) ഭാഗമാണെന്ന് ചില വൈദികർ ചൂണ്ടികാണിക്കുന്നത് ഇപ്രകാരമാണ്. താണ്ഡ്യത്തിലെ



Scanned with CamScanner

ആദ്യത്തെ 25 പ്രപാഠകങ്ങൾ പഞ്ചവിംശതി ബ്രാഹ്മണം, തുടർന്നുള്ള 5 പ്രപാഠകങ്ങൾ ഷഡ്വിംശതി ബ്രാഹ്മണം.

**സാമവിധാനബ്രാഹ്മണം** : ഭൂതപ്രേതങ്ങളുടെ ചെയ്തികളിൽനിന്നും മുക്തിക്കുവേണ്ടി നടത്തുന്ന ദേവക്രിയകളും, ചില യാഗവിവരങ്ങളുമാണ് വളരെ ചെറിയ സാമവിധാനബ്രാഹ്മണത്തിൽ വിവരിക്കുന്നത്.

**ഛാന്ദോഗ്യ ബ്രാഹ്മണം** : സുദീർഘമായ ഛാന്ദോഗ്യ ബ്രാഹ്മണത്തിൽ 10 പ്രപാഠകങ്ങളുണ്ട്. താണ്ഡ്യ മഹാബ്രാഹ്മണത്തിൻെറ അവസാനഭാഗമായി ഈ ബ്രാഹ്മണം വരുന്നു. ഒന്നും രണ്ടും പ്രപാഠകങ്ങളിലെ വിഷയങ്ങൾ മറ്റു ബ്രാഹ്മണങ്ങളുടെ വിഷയങ്ങളിൽനിന്നും തികച്ചും ഭിന്നമാണ്. ഗൃഹസ്ഥൻെറ കർമ്മധർമ്മങ്ങളാണ് ഈ രണ്ടു പ്രപാഠകങ്ങളിലെ വിവരണങ്ങൾ. തുടർന്നുള്ള എട്ടു പ്രപാഠകങ്ങളാകട്ടെ **ഛാന്ദോഗ്യ ഉപനിഷത്താണ്.**

പ്രപാഠകം 1. എട്ടു ഖണ്ഡങ്ങളടങ്ങുന്ന ഈ പ്രപാഠകത്തിലെ വിവരണ വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. വിവാഹാവസരത്തിൽ നവവധുവിനു നൽകുന്ന ഉപദേശങ്ങൾ, അവയോടനുബന്ധിച്ച ചടങ്ങുകൾ, ലാജ(മലർ) ഹോമവിധി, തത്സമയം വധൂവരന്മാർ നടത്തുന്ന പ്രാർത്ഥന, വധൂവരന്മാരും അവരുടെ ബന്ധുമിത്രാദികളും തമ്മിൽ നടത്തുന്ന അഭ്യർത്ഥനകൾ, വിവാഹാനന്തരം ഭാര്യാഭർത്താക്കന്മാർ തമ്മിൽ എടുക്കുന്ന ഏകത്വഭാവ പ്രാർത്ഥന, തദനന്തരമുള്ള ഗൃഹപ്രവേശം, പതിഗൃഹത്തിൽ മൂന്നുരാത്രിക്കുശേഷം നടത്തുന്ന പ്രായശ്ചിത്ത ഹോമം, ദേവപ്രാർത്ഥന, ഗർഭാധാന മഹത്വം, പുംസവനഹോമം, കുഞ്ഞിൻെറ ജനനാൽപരമുള്ള ജാതകർമ്മം, നിഷ്ക്രമണം, നാമകരണം, ചൂഡാകർണം, ഉപനയനം, ചൗള ഉപനയനവിധി, ധനധാന്യ സമൃദ്ധിക്കായുള്ള പ്രാർത്ഥന, സൂര്യപ്രാർത്ഥന, ബ്രാഹ്മണഭോജനം, പശുസമൃദ്ധി.

പ്രപാഠകം 2. എട്ടു ഖണ്ഡങ്ങളടങ്ങുന്നതാണ് രണ്ടാം പ്രപാഠകത്തിലെ വിവരണവിഷയങ്ങൾ. സർപ്പബലിയുടെ മന്ത്രങ്ങൾ, ഭൗതികസുഖസമൃദ്ധിക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ, ഗൃഹസ്ഥാശ്രമി നടത്തുന്ന കർമ്മങ്ങളിലെ ചില ഹവനമന്ത്രങ്ങൾ, പിതൃപിണ്ഡമന്ത്രം, പിതൃക്കളോടുള്ള പ്രാർത്ഥന, പിതൃക്കൾ



Scanned with CamScanner

ക്കായുള്ള ഹവനങ്ങൾ, പൃഥ്വിപ്രാർത്ഥന, അഗ്നിപ്രാർത്ഥന, പ്രപദമന്ത്രം, കാമ്യേഷ്ടിമന്ത്രം, ദർശപൂർണ്ണമാസി യാഗത്തിലെ ആജ്യഹോമം, ആദിത്യപ്രാർത്ഥന, ചരുഹോമം, ഇഷ്ടസിദ്ധിക്കായുള്ള ഹവനങ്ങൾ, കൃമിനാശനപ്രാർത്ഥന, ഔഷധികളോടുള്ള പ്രാർത്ഥന, ദേവപൂജകളിലെ പാദപൂജ.

ഛാന്ദോഗ്യബ്രാഹ്മണത്തിലെ രണ്ടു പ്രപാഠകങ്ങളിലായി മേൽ വിവരിച്ച വിഷയങ്ങൾ 268 സൂത്രങ്ങളിലാണ് വിവരിക്കുന്നത്. ഈ സൂത്രങ്ങൾ പൂർണ്ണമായും ഗോബിലഗൃഹസൂത്രത്തിലും, ഘാദിരഗൃഹ്യസൂത്രത്തിലും വിവരിക്കുന്നവയാണ്. എന്നാൽ ഗൃഹ്യകർമ്മങ്ങൾക്കനുസൃതമായി യഥാക്രമം ചിട്ടയോടെ ഈ മന്ത്രങ്ങൾ ബ്രാഹ്മണത്തിൽ ക്രമീകരിച്ചിരിക്കുന്നു എന്നതാണ് ഇവ തമ്മിലുള്ള ഒരു പ്രധാനവ്യത്യാസം.

## അഥർവവേദീയ ബ്രാഹ്മണം

**ഗോപഥബ്രാഹ്മണം:** യജ്ഞവിഷയങ്ങളുടെ രഹസ്യമായ അഥവാഗുപ്തമായ അർത്ഥം വിവരിക്കുന്നതുകൊണ്ടാണ്, ഗോപഥബ്രഹ്മണമെന്ന പേർ ഇതിന് സിദ്ധിച്ചതത്രെ. ശതപഥബ്രാഹ്മണത്തെപോലെ സുദീർഘമായ ഒരു ബ്രാഹ്മണമാണിത്. അഞ്ചു പ്രപാഠകങ്ങൾ അടങ്ങുന്ന പൂർവ്വ ബ്രാഹ്മണമെന്നും ആറ് പ്രപാഠകങ്ങളുള്ള ഉത്തര ബ്രാഹ്മണമെന്നും രണ്ടുഭാഗങ്ങളാണ് ഗോപഥബ്രാഹ്മണത്തിനുള്ളത്. പൂർവ്വബ്രഹ്മണ വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു.

പ്രപാഠകം 1. അഥർവവേദത്തിൻെറ ഉദ്ഭവം, അഥർവവേദരചയിതാക്കളായ ഋഷിവര്യവിവരണം, വരുണൻെറ ജനനം, മൃത്യുവിൻെറയും, ആംഗീരസിൻെറയും സമുദ്രത്തിൽ നിന്നുള്ള ഉത്ഭവം, പഞ്ചവേദങ്ങൾ, പഞ്ചവ്യാഹൃതികൾ, അഥർവവേദമഹത്വം, പ്രണവോപനിഷദ്, ബ്രഹ്മ ഉൽപത്തി, ഓംകാര വിവരണം, ഓംകാര രഹസ്യം, ഗായത്രീമന്ത്ര മഹത്വം, ആചമന വിവരണം, ഈ പ്രപാഠകത്തിലെ 39 കാണ്ഡങ്ങളിലാണ് വിഷയക്രമീകരണം നടത്തിയിട്ടുള്ളത്.

പ്രപാഠകം 2. ബ്രഹ്മചാരിയുടെ കർത്തവ്യം, അഥർവവേദ വിദ്യാർത്ഥിയുടെ ലക്ഷണം, കർത്തവ്യം, ദേവയജനം, യജ്ഞത്തിലെ അഗ്നി ആധാനം, ആദിത്യജനനകഥ, ആത്രേയമുനിയുടെ ചരിത്രം, ബ്രഹ്മകൃതവൈശ്വാനര സ്തുതി, അഥർവവേദികളായ



Scanned with CamScanner

ഋഷിവര്യന്മാരുടെ മഹത്വം, നാലു വേദങ്ങളുടെ വർണ്ണനം, ഈ പ്രപാഠകത്തിൽ 24 കാണ്ഡങ്ങളാണുള്ളത്.

പ്രപാഠകം 3. ബ്രാഹ്മണമഹത്വം, അഥർവവേദജ്ഞാനിയായ ബ്രാഹ്മണൻെറ മഹത്വം, വ്രതഭംഗപ്രായശ്ചിത്തം, ദശപൂർണ്ണമാസി യാഗത്തിൻെറ രഹസ്യാർത്ഥം, അദ്ധ്യാത്മതത്വം, അഗ്നിഹോത്ര യാഗത്തിൻെറ രഹസ്യ അർത്ഥം, യജ്ഞപ്രായശ്ചിത്തങ്ങൾ, അഗ്നിഹോത്രയാഗത്തിൻെറ മഹത്വം, അഗ്നിഷ്ടോമമഹത്വം, യാഗത്തിനായുള്ള ദീക്ഷാസ്വീകരണം. പ്രപാഠകം മൂന്നിൽ 23 കാണ്ഡങ്ങളാണുള്ളത്.

പ്രപാഠകം 4. ഇരുപത്തിനാല് കാണ്ഡങ്ങളിലെ വിഷയങ്ങൾ ഇപ്രകാരമാണ്, യാഗകർമ്മങ്ങളുടെ രഹസ്യാർത്ഥം, യജ്ഞക്രമം, ഗവാമയനം, മഹാവ്രതങ്ങൾ, വിഷുവദ്കർമ്മം, ആരോഹണ പ്രത്യാരോഹണകർമ്മം, യാഗദീക്ഷാ സ്വീകരണം.

പ്രപാഠകം 5. ഈ പ്രപാഠകത്തിൽ 25 കാണ്ഡങ്ങളിലായി വിഷയവിവരണം നൽകിയിരിക്കുന്നു. യാഗത്തിലെ വിവിധ പദങ്ങളുടെ വ്യാഖ്യാനം, യജ്ഞക്രമം, സഹസ്രദക്ഷിണായാഗം, വിശ്വജിത്യാഗം സാവിത്രപശുയജ്ഞം, സോമയജ്ഞം അഥർവവേദ ഉൽപത്തിയും, മഹത്വവും.

**ഉത്തരബ്രാഹ്മണം** : പ്രപാഠകം 1. ദശപൂർണ്ണമാസി-കാമ്യയാഗങ്ങൾ ആഗ്രയണം, അഗ്നിചയനം, ചാതുർമാസ്യം. ഈ യാഗവിഷയങ്ങൾ 26 കാണ്ഡങ്ങളിലാണ് വിവരിക്കുന്നത്.

പ്രപാഠകം 2. ഇഷ്ടസിദ്ധിക്കായുള്ള കാമ്യയാഗങ്ങൾ, താനൂനപ്ത്രയാഗം, പ്രവർഗ്യയാഗം, യജ്ഞങ്ങളിലുള്ള വ്യത്യാസങ്ങൾ, യജ്ഞപ്രായശ്ചിത്തകർമ്മങ്ങൾ, സ്തോമഭാഗം, യജ്ഞാഹൂതികളെക്കുറിച്ചുള്ള വിവരണം ദർശപൂർണമാസി യാഗത്തിൻെറ വിവരണം എന്നിവ 23 കാണ്ഡങ്ങളിലടങ്ങുന്നു.

പ്രപാഠകം 3. ഒരു ദിവസത്തിൽ നടത്തുന്ന ഏകാഹ യജ്ഞത്തിലെ പ്രഭാത-മധ്യാഹ്ന-സായംസവനങ്ങളാണ് ഇതിൽ പ്രതി പാദിക്കുന്നത്. 23 കാണ്ഡങ്ങളാണ് ഈ പ്രപാഠകത്തിലുള്ളത്.

പ്രപാഠകം 4. ഏകാഹയജ്ഞത്തിലെ മധ്യാഹ്നസവനം, സായംസവനം. ഷോഡശീയാഗം. ഈ യജ്ഞവിഷയങ്ങൾ 9 കാണ്ഡങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു.

പ്രപാഠകം 5, 6. അതിരാത്രം, സൗത്രാമണി, വാജപേയം, ആപ്തോർയാമം എന്നീ വിഷയങ്ങളും, അഹീനയാഗവിഷയങ്ങളും ഇതിലെ 15, 19 കാണ്ഡങ്ങളിൽ വിവരിക്കുന്നു.



Scanned with CamScanner

# ആരണ്യകം

ബ്രാഹ്മണങ്ങൾ വിവിധ വിഷയങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട് എങ്കിലും ഗ്രാമാന്തരീക്ഷത്തിലും മറ്റുസാമൂഹ്യ ചുറ്റുപാടുകളിലുംവെച്ച് നടത്തുന്ന യാഗങ്ങളാണ് പ്രധാന വിവരണ വിഷയങ്ങൾ. ബ്രാഹ്മണങ്ങളുടെ തുടർച്ചയായാണ് വൈദിക സാഹിത്യത്തിൽ ആരണ്യകങ്ങൾ വരുന്നത്. ആരണ്യകങ്ങളിലും ബ്രാഹ്മണങ്ങളിലെ യജ്ഞഭാഗങ്ങളാകുന്ന കർമ്മകാണ്ഡങ്ങളുണ്ടെങ്കിലും ഈ കർമ്മഭാഗങ്ങൾ ആരണ്യത്തിൽവച്ച് വാനപ്രസ്ഥാശ്രമികൾ നടത്തുന്നവയാണ്. എല്ലാ ബ്രാഹ്മണങ്ങൾക്കും ആരണ്യകങ്ങൾ ഉണ്ടാകണമെന്നില്ല. ആരണ്യകകർമ്മങ്ങളിൽ പ്രധാനമായും ആത്മീയം, മോക്ഷപ്രാപ്തി എന്നീ ലക്ഷ്യങ്ങൾക്കാണ് മുൻതൂക്കം. ചില ബ്രാഹ്മണങ്ങളിൽ ആത്മീയതത്വങ്ങൾ വിവരിക്കുന്നത് ആരണ്യകഭാഗമായി വിവരിക്കാറുണ്ട്. അതായത് ആരണ്യകങ്ങൾ എന്ന് പ്രത്യേകം അറിയപ്പെടാതെ, ആരണ്യകവിഷയങ്ങൾ ബ്രാഹ്മണത്തിന്റെ തന്നെ ഭാഗമായി വരുന്നു. ഇത് ചില ബ്രാഹ്മണങ്ങളിലെ വിഷയവിവരണങ്ങളിൽ കണ്ടുവല്ലോ. ചില ആരണ്യകങ്ങളുടെ അവസാനത്തിൽ ഉപനിഷത്തുകൾ വരുന്നു.

## ഋഗ്വേദീയ ആരണ്യകം

**ഐതരേയ ആരണ്യകം** : ഐതരേയ ആരണ്യകം അഞ്ചുഭാഗങ്ങളായി വിഭജിച്ചി രിക്കുന്നു. ഓരോ ഭാഗവും ആരണ്യകം എന്നുതന്നെ അറിയപ്പെടുന്നു. ഓരോ ആരണ്യകത്തിലും വ്യത്യസ്തസംഖ്യയിൽ അദ്ധ്യായങ്ങളു മടങ്ങുന്നുണ്ട്. ആരണ്യക്രമത്തിൽ വിഷയങ്ങൾ ഇപ്രകാരം ആണ്.

ആരണ്യകം 1. അഞ്ച് അദ്ധ്യായങ്ങളടങ്ങുന്ന ഈ ആരണ്യകത്തിൽ മഹാവ്രതത്തിന്റെ ചടങ്ങുകൾ, മഹാവ്രതത്തിന്റെ മഹത്വം വർണ്ണിക്കുന്നതിനുള്ള കഥകൾ, പ്രഭാതത്തിലും-മധ്യാഹ്നത്തിലും-സായംകാലത്തും നിർവഹിക്കേണ്ട ആഹുതികൾ, ഗവാമയനത്തിന്റെ ക്രിയാഭാഗങ്ങൾ കൂടാതെ ഐതരേയ ബ്രാഹ്മണത്തിൽ വിവരിക്കുന്ന ചില യാഗവിഷയങ്ങൾ കൂടുതൽ ഗഹനമായി വീണ്ടും ഇതിലാവർത്തിക്കപ്പെടുന്നുണ്ട്.



Scanned with CamScanner

ആം 2. ഏഴു അദ്ധ്യായങ്ങളാതിലുള്ളത്. മഹാവ്രതത്തിലെ പ്രഭാത-മധ്യാഹ്ന-സായംകാല ചടങ്ങുകൾ, ഈ വിവരണങ്ങൾ ഒന്നാം ആരണ്യകത്തിൽ വിവരിച്ചരിക്കുന്നതിൽനിന്നും വ്യത്യസ്തമായി നൽകുന്നു. പ്രാണൻെറയും പുരുഷൻെറയും മഹത്വം, ഉക്ഥക്രിയകളുടെ കഥാരൂപത്തിലുള്ള വിവരണം, ഉപനിഷത്തുകളിൽ വിവരിക്കുന്ന ആത്മതത്വങ്ങൾ, പ്രപഞ്ചദ്രവ്യങ്ങളുടെ സൃഷ്ടി, മനുഷ്യസൃഷ്ടി, പഞ്ചഭൂത തത്വങ്ങൾ, മനസ്, ചിന്താധാര, ബീജ-അണ്ഡസംയോഗത്തിലൂടെയുള്ള മനുഷ്യജനനം, ആത്മതത്വം, ഹൃദയം, മനസ്, പഞ്ചഭൂതങ്ങൾ-തുടർച്ചയായ വിവരണം-വാക്-മന-ബന്ധം. പ്രപഞ്ചശക്തിയോടുള്ളള്ള യോഗിയുടെ നിഷ്കാമ പ്രാർത്ഥന, ഈ വിഷയങ്ങൾ ചേർന്ന് **ഐതരേയോപനിഷത്തെന്നും, മഹൈതരേയോപനിഷത്തെന്നും,** ബഹ്വൃച ബ്രാഹ്മണ **ഉപനിഷത്തെന്നും** അറിയപ്പെടുന്നു.

ആം 3. രണ്ട് അദ്ധ്യയങ്ങളാണ് ഈ ആരണ്യകത്തിലുള്ളത്. വേദപദങ്ങളുടെ ആന്തരീക അർത്ഥങ്ങൾ, പ്രപഞ്ചസൃഷ്ടി, വാക്-മന-ബുദ്ധി-ശ്വാസബന്ധങ്ങളുടെ കഥാരൂപത്തിലുള്ള വിവരണം, പുരാതന ഭാരതത്തിൽ നിലനിന്നിരുന്ന വിവിധ മതക്കാരുടെ തത്വചിന്തകളെക്കുറിച്ചുള്ള വിവരണങ്ങൾ. വേദപദങ്ങളുടെ അർത്ഥം വിവരിക്കുന്ന ഭാഗത്തെ ശങ്കരാചാര്യർ **സംഹിതോപനിഷദ്** എന്ന് വിവരിക്കുകയുണ്ടായി.

ആം 4. ഒൻപത് സൂക്തങ്ങളും, രണ്ട് ബ്രാഹ്മണവരികളും മാത്രമുള്ളതാണ് ഈ ആരണ്യകം. വൃഷ്ടികർമ്മത്തിലെ അഞ്ചും, ആറും ദിവസങ്ങളിൽ ചൊല്ലേണ്ട മന്ത്രങ്ങളാണിതെന്ന് ആശ്വലായന ശ്രൗത സൂത്രത്തിൽ വിവരിക്കുന്നുണ്ട്. കാനനത്തിൽവച്ച് പഠിക്കേണ്ടതും, പ്രയോഗിക്കേണ്ടതുമായ മഹാനാമ്നി എന്നറിയപ്പെടുന്ന ശ്ലോകങ്ങളാ ണത്രെ ഇവ. ഇന്ദ്രൻ, അഗ്നി, തുടങ്ങിയ വൈദീക ദേവപ്രാർത്ഥനയാണ് ഈ സാമഗാനങ്ങൾ.

ആം 5. മൂന്ന് അദ്ധ്യായങ്ങളാണ് ഈ ആരണ്യകത്തിലുള്ളത്. മഹാവ്രതത്തിലെ നിഷ്കേവല്യ ശാസ്ത്രത്തിൽ മധ്യാഹ്നസമയത്ത് നടത്തുന്ന ആഹൂതുകൾ, അഗ്ന്യാധാനം, അഗ്നിയെ സ്തുതിക്കുന്ന വേദമന്ത്രങ്ങൾ, യജ്ഞപുരോഹിതന്മാരുടെ കർമ്മങ്ങൾ, വൈദീക ദേവപ്രാർത്ഥന, വേദങ്ങളിലെ തത്വശാസ്ത്ര വിഷയങ്ങൾ ഇവയാണ് ഈ ആരണ്യകത്തിലെ പ്രതിപാദ്യവിഷയങ്ങൾ.



Scanned with CamScanner

**കൗഷീതകി ആരണ്യകം** : സാംഖ്യായന ബ്രാഹ്മണവുമായി വിഷയങ്ങളുടെ കാര്യത്തിൽ ഏറെ സാമ്യം, ഈ ആരണ്യകത്തിനുണ്ട്. ഐതരേയ ആരണ്യകത്തിലെ ചില വിഷയങ്ങളും, ഏതാനും അദ്ധ്യായങ്ങളും, കൗഷീതകി ആരണ്യകത്തിലും പകർത്തിയിട്ടുണ്ട്. 15 അദ്ധ്യായങ്ങളാണ് ഈ ആരണ്യകത്തിലുള്ളത്. അദ്ധ്യായ ക്രമത്തിൽ കൗഷീതകി ആരണ്യകത്തിലെ വിഷയങ്ങൾ ഇപ്രകാരമാകുന്നു.

അം 1, 2. സൂത്രരൂപത്തിൽ രചിക്കപ്പെട്ടിട്ടുള്ളതാണ് ഈ രണ്ട് അദ്ധ്യായങ്ങൾ. ആത്മീയതത്വങ്ങളും, വൈദികസ്തുതികളുമാണ് ഇതിലുള്ളത്, കൗഷീതകി ബ്രാഹ്മണത്തിൻെറ 31, 32 അദ്ധ്യായങ്ങളുടെ പകർപ്പാണത്രെ ഇവ രണ്ടും.

അം 3 മുതൽ 6 വരെ. **കൗഷീതകി ഉപനിഷത്.**

അം 7 മുതൽ 12 വരെ. ഐതരേയ ആരണ്യകത്തിലെ മൂന്നാം ആരണ്യകത്തിൽ നിന്നുള്ള ഒന്നും രണ്ടും അദ്ധ്യായവിഷയങ്ങൾ, വൈദീക ദേവതകളുടെ പ്രപഞ്ച ചൈതന്യവുമായുള്ള ബന്ധം, വിവിധ ഋഷികുലത്തിൻെറ മതം, പ്രപഞ്ചത്തിൻെറ പൂർവ്വ-ഉത്തര- മധ്യരൂപ വർണ്ണനകൾ പ്രപഞ്ചദർശനത്തിലുള്ള തത്വശാസ്ത്രങ്ങൾ. വാക്-മന-ചക്ഷു-പ്രാണ ബന്ധങ്ങൾ. പഞ്ചപ്രാണ വിവരണം, പഞ്ചപ്രാണനും വൈദീക ദേവതകളുമായുള്ള ബന്ധം, പ്രപഞ്ചശക്തിയിലുള്ള ദേവതാംശം, ഈ ദേവതമാർക്കുള്ള അനവധി ആഹുതികൾ. സ്തുതികൾ.

അം 13 മുതൽ 15 വരെ പ്രപഞ്ചത്തിൽ കാണുന്ന അനേകം പ്രതിഭാസങ്ങൾ, വൃഷ്ടി, മിന്നൽ, മുഴക്കം, ഉഷസ്, സൂര്യ-ചന്ദ്ര-നക്ഷത്ര-ഉദയങ്ങൾ എന്നിവയുടെ വിവരണം, സാംഖ്യായന ബ്രാഹ്മണത്തിൻെറയും, ആരണ്യകത്തി ൻെറയും രചയിതാവായ സാംഖ്യയനാചാര്യൻെറ വംശപരമ്പര.

## യജുർവേദീയ ആരണ്യകം

ശുക്ല യജുർവേദത്തിന് പ്രത്യേകമായ ആരണ്യകം ഉള്ളതായി വിവരണങ്ങളിലൊന്നിലും കാണുന്നില്ല. എന്നാൽ കൃഷ്ണ യജുർവേദത്തിലെ ചില ശാഖകളിൽ വേദാന്തർഗത ബ്രാഹ്മണങ്ങളും അതിൽ ഏതാനും ആരണ്യകവിഷയങ്ങളും പ്രതിപാദിക്കുന്നതു



Scanned with CamScanner

കൂടാതെ പ്രത്യേകമായ ആരണ്യകങ്ങളും ഉണ്ട്. മൈത്രായണീയ ആരണ്യകവും, തൈത്തരീയ ആരണ്യകവും പ്രധാനപ്പെട്ടതാണ്.

**മൈത്രായണീയ ആരണ്യകം** : മൈത്രായണീയ വേദശാഖക്കാരുടേതാണ് മൈത്രയണീയ ആരണ്യകം. ഈ ആരണ്യകം 7 പ്രപാഠകങ്ങളായി ഭാഗിച്ചിരിക്കുന്നു. പ്രപാഠകക്രമത്തിൽ വിഷയ വിവരണം ഇപ്രകാരമാണ്.

പ്രപാഠകം 1. ബൃഹദ്രഥ രാജാവ് ഭൗതികമായ സുഖങ്ങളിൽ വിരക്തി തോന്നി തൻെറ രാജ്യം പുത്രനും, സമ്പത്ത് ദരിദ്രർക്കും, ബ്രാഹ്മണർക്കും ദാനം ചെയ്ത് വാനപ്രസ്ഥാശ്രമം സ്വീകരിച്ച്, തപസ്സനുഷ്ഠിക്കുന്നു. സന്യാസിയായ രാജൻെറ ആശ്രമത്തിലേക്ക് ശാകായനമുനി വരുകയും രാജൻ മുനിയോട് അനേകം പ്രശ്നങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന കഥ.

പ്രം 2 മുതൽ 4 വരെ. പഞ്ചേന്ദ്രിയങ്ങൾ, പഞ്ചഭൂതങ്ങൾ, പ്രാണതത്വങ്ങൾ, ആത്മ-കർമ്മ-കർമ്മഫലബന്ധം, ഇഷ്ട കാമസിദ്ധിക്കുവേണ്ടിയുള്ള കർമ്മങ്ങളുടെ മിഥ്യത്വം.

പ്രം 5, 6. കൗത്സായനിയുടെ ബ്രഹ്മസ്തുതി, ബ്രഹ്മതത്വം, ബ്രഹ്മ-ആദിത്യദേവന്മാരെ ഗായത്രിയിലൂടെ സ്തുതിക്കുന്നത്, ബ്രഹ്മത്തിൻെറ സർവ്വസാന്നിദ്ധ്യം, ആദിത്യസ്തുതി.

പ്രം 7. ഛന്ദസ്സുകളുടെ ദേവതകൾ, ബ്രഹ്മതത്വം പ്രപഞ്ചത്തിലെ ബ്രഹ്മതേജസ്.

**തൈത്തിരീയ ആരണ്യകം** : എട്ട് പ്രപാഠകങ്ങളിലൂടെ തൈത്തിരീയ ആരണ്യകത്തിൽ വിവരിക്കുന്ന വിഷയങ്ങൾ ഇപ്രകാരമാകുന്നു. കാലം, സംഖ്യ, ഋതിമത്യുപധാനം, സംവാദാദ്യുപധാനം, ആദിത്യ-വായു-അഷ്ടപുരുഷ - വൈശ്രവണമന്ത്രങ്ങൾ, യജ്ഞോപവീത വിധി, സന്ധ്യോപസനാ വിധി, ബ്രഹ്മയജ്ഞം, കൂഷ്മാണ്ഡ ഹോമവിധി, ബ്രഹ്മോപസ്ഥാനം, ദിഗ് ഉപസ്ഥാനം എന്നീ കർമ്മങ്ങളുടെ വിവരണങ്ങൾ, ഉപധാനമന്ത്രങ്ങൾ, പൂർവ്വശാന്തിപാഠം, പ്രചാരാഥപ്രൈഷം, പ്രവർഗ്യയാഗം, ഘർമ്മപ്രായശ്ചിത്തം, കപാലോപധാനം, ശുക്രീയവ്രതം, ഈവ്രതത്തോടനുബന്ധിച്ച ദാന കർമ്മങ്ങൾ, ഉത്തര



Scanned with CamScanner

ശാന്തി മന്ത്രങ്ങൾ, പ്രവർഗ്യവിധി, ആമ്നാതാന മന്ത്രങ്ങൾ, സാമമന്ത്രവിധി, പ്രവർഗ്യ നാമ-പ്രവർഗ്യഫലവിധി.

## സാമവേദീയ ആരണ്യകം

സാമവേദത്തിന് തനതായ ആരണ്യകങ്ങളില്ല. സുദീർഘങ്ങളായ സാമവേദബ്രാഹ്മണങ്ങളിൽ ആരണ്യക വിഷയങ്ങൾ വിവരിക്കുന്നുണ്ട്. സാമവേദത്തിൽ തന്നെ ഒരു പ്രത്യേക വിഭാഗം സാമഗാനങ്ങൾ, ആരണ്യഗേയഗാനങ്ങൾ എന്ന വിഭാഗത്തിൽപ്പെടുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. ആരണ്യക വിഷയങ്ങളും, ഉപനിഷത് വിഷങ്ങളും മാത്രം വിവരിക്കുന്ന ബ്രാഹ്മണങ്ങളും സാമവേദത്തിനുണ്ട് എന്നതും ഒരു പ്രത്യേകതയാണ്.

## അഥർവവേദീയ ആരണ്യകം

ഗോപഥ ബ്രാഹ്മണാന്ത്യത്തിലൊ അഥർവവേദത്തിന്റെ തന്നെ ഭാഗമായോ ആരണ്യക വിഷയങ്ങൾ ഇല്ല. ലഭ്യമായ വിവരങ്ങളിലൊന്നിലും അഥർവവേദിയ ആരണ്യകത്തെക്കുറിച്ച് വിവരിച്ചു കാണുന്നുമില്ല.



Scanned with CamScanner

# ഉപനിഷദ്

ഭാരതീയ സംസ്കൃതിയുടെ ജ്ഞാനഭാഗം അറിയുവാൻ സമഗ്രമായ ഉപനിഷദ് പഠനം മതിയാകും. വേദങ്ങളും, ബ്രാഹ്മണങ്ങളും, ആരണ്യകങ്ങളും കടന്നുചെല്ലുമ്പോഴാണ് ഉപനിഷത്തുകൾ വരുന്നത് എന്ന് വിവരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഉപനിഷത്തുകൾ വേദാന്തങ്ങൾ എന്നും അറിയപ്പെടുന്നു. ഉപനിഷത്തുകൾ, വേദങ്ങളുടെയും, ബ്രാഹ്മണങ്ങളുടെയും, ആരണ്യകങ്ങളുടെയും ഭാഗമായും, ഇവയുടെ ഒന്നിന്റെയും ഭാഗമല്ലാതെയും വരുന്നുണ്ട്. സംഖ്യാപരമായി അനേകം ഉപനിഷത്തുക്കളുണ്ട്. അതിപ്രാചീന ങ്ങളായ ഈശാവാസ്യോപനിഷദ് മുതൽ അക്ബറിന്റെ സദസ്യൻ രചിച്ച അള്ളാ ഉപനിഷത്തും അടുത്തകാലത്ത് രചിക്കപ്പെട്ട ശ്രീ രാമകൃഷ്ണോപനിഷത്തും, ക്രൈസ്തവോപനിഷത്തും എല്ലാം ഈ വിഭാഗത്തിലുള്ള ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്താം എങ്കിലും പ്രധാനമായവ 108 ഉപനിഷത്തുക്കളാണ്. ഇവയിൽതന്നെ അത്യന്തം പ്രധാനപ്പെട്ടത് എന്നു വിവരിക്കുന്നവയാകട്ടെ 10 എണ്ണമാണ്.

ഉപനിഷത്തുകളെ പല പ്രകാരത്തിൽ വിഭജിച്ചിട്ടുണ്ട്. ഇത്രയും (108) വൈഷ്ണവ-ശാക്ത-യോഗ ഉപനിഷത്തുകൾ, ഈശാദിനൂറ്റെട്ടു ഉപനിഷത്തുകൾ, ഋക്-യജുസ്-സാമ-അഥർവ വേദിയാടിസ്ഥാ നത്തിലുള്ള ഉപനിഷത്തുക്കൾ എന്നിങ്ങനെ മൂന്ന് വിധത്തിലുള്ള വിഭജനമാണ് ഏറെ പ്രചാരത്തിലുള്ളത്. വിവരിക്കുന്ന വിഷയങ്ങൾ വൈഷ്ണവമതവുമായി ബന്ധപ്പെട്ടിരി ക്കുന്നതാണെങ്കിൽ വൈഷ്ണവോപനിഷത്തെന്നും, ശിവൻ-ശക്തി എന്നീ ദേവതകളുമായി ബന്ധപ്പെട്ടവയാണെങ്കിൽ അവ ശാക്തേയ ഉപനിഷത്തുക്കളെന്നും, യോഗവിദ്യകളെമാത്രം വിവരിക്കുന്നവയെ യോഗോപനിഷത്തുക്കളെന്നും അറിയപ്പെടുന്നു. തത്വജ്ഞാന ത്തിന്റെ അഗാധതയുടെ അടിസ്ഥാനത്തിലാ യിരിക്കണം 108 ഉപനിഷത്തുകളുടെ ക്രമീകരണം. നൂറ്റി എട്ടാമത്തെ ഉപനിഷത്തായ മുക്തികോപനിഷത്തിൽ വേദാടിസ്ഥാനത്തിൽ ഇത്രയും ഉപനിഷത്തുകളെ ഋഗ്വേദീയം, ശുക്ലയജുർവേദീയം, കൃഷ്ണ യജുർവേദീയം, സാമവേദീയം, അഥർവവേദീയം എന്നിങ്ങനെ



Scanned with CamScanner

വിഭജിച്ചിട്ടുണ്ട്. അതാത് വൈദികശാഖയുടെ ഭാഗമായോ തത് ശാഖയിൽപ്പെട്ട ഋഷിവര്യന്മാർ രചിക്കപ്പെട്ടതോ ആയ ഉപനിഷത്തുക ളാണ് വേദാടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്നത്. അവയ്ക്ക് പ്രത്യേകം ശാന്തി മന്ത്രങ്ങളാണുള്ളത്. ഈ വിഭജനരീതിയും, ശാന്തി മന്ത്രവും 108-ാം ഉപനിഷത്തിൽ വ്യക്തമായി വിവരിക്കുന്നുണ്ട്. അതുപോലെ പ്രാധാന്യമുള്ള വസ്തുതയാണ് ഉപനിഷത്തുകളുടെ ശ്രുതി. എല്ലാ ഉപനിഷത്തുകൾക്കും ശ്രുതിയുണ്ടെന്ന് തോന്നുന്നില്ല. വേദത്തിന്റെയോ, ബ്രാഹ്മണ-ആരണ്യകങ്ങളുടെയോ ഭാഗമായി വരുന്ന ഉപനിഷത്തുകൾക്ക് അതാത് വേദത്തിന്റെ ശ്രുതിയാണ് സ്വീകരിച്ചുപോരുന്നത്.

വൈദികാടിസ്ഥാനത്തിലുള്ള വിഭജനമാണ് ഉപനിഷത് വിവരിക്കുന്നതിൽ ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

## ഋഗ്വേദീയ ഉപനിഷദ്

ഋഗ്വേദത്തിന്റെയോ, ഋഗ്വേദീയ ബ്രാഹ്മണത്തിന്റെയോ ആരണ്യകത്തിന്റെയോ ഭാഗമായി വരുന്ന ഉപനിഷത്തുകളും, ഋഗ്വേദികളായ ഋഷിവര്യന്മാരാൽ രചിക്കപ്പെട്ടിട്ടുള്ളതുമായ ഉപനിഷത്തുകളുമാണ് ഋഗ്വേദീയ ഉപനിഷത്തുകൾ.

**ഐതരേയ ഉപനിഷദ്** : ഐതരേയ ആരണ്യകത്തിന്റെ രണ്ടാം ഭാഗത്തിൽ വരുന്ന ഉപനിഷത്താണിത്. മൂന്നു ഖണ്ഡങ്ങളടങ്ങുന്ന ഈ ഉപനിഷത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ ഇപ്രകാരമാകുന്നു.

ഖണ്ഡം 1. ബ്രഹ്മാണ്ഡത്തിൽ നിന്ന് അംഭസ്, മരീച്, സ്വർഗ്ഗം, ഭൂമി, ജലം എന്നിവയുടെ ഉത്ഭവം, ജലത്തിൽനിന്ന് ജീവാംശത്തിന്റെ ഉത്ഭവം, ജീവജാലങ്ങളിൽ പഞ്ചേന്ദ്രിയങ്ങളുടെയും പഞ്ചപ്രാണ ന്റെയും സൃഷ്ടി, ശരീരാവയവങ്ങളുടെ വളർച്ച. ഈ ഖണ്ഡത്തിൽ ഒരദ്ധ്യായം മാത്രമാണുള്ളത്.

ഖണ്ഡം 2. ജീവൻ സിദ്ധിച്ച രൂപം അന്നവും, അന്നം കഴിക്കുവാനുള്ള സ്ഥലവും ആവശ്യപ്പെടുന്നത്, പശു, കുതിര, മനുഷ്യൻ, അന്നം എന്നിവയുടെ സൃഷ്ടി. ഒരു അദ്ധ്യായത്തിലെ 5 മന്ത്രങ്ങളിലാണ് ഈ വിഷയവിവരണം.

ഖണ്ഡം 3. ലോകത്തിനുവേണ്ടി സൃഷ്ടികർത്താവ് ജലത്തിൽ നിന്നും നടത്തുന്ന അന്ന സൃഷ്ടി, കണ്ണ്-ചെവി-ഘ്രാണേന്ദ്രിയങ്ങൾ



Scanned with CamScanner

എന്നിവയിലൂടെ അന്നം തിരിച്ചറിയുവാനുള്ള കഴിവ് നൽകുന്നത്, ഗർഭാധാനം, ഗർഭസ്ഥശിശുവിൻെറ വളർച്ച, ജീവചൈതന്യം, ആത്മതത്വം, വാസന, വാക്, രസം, ഗന്ധം, ചേതനാഭാവം, ഗ്രഹണശക്തി, വിചാരം, വികാരം, ഇച്ഛാശക്തി ഇവക്ക് ആത്മാവുമായുള്ള ബന്ധം, ആത്മാവിൻെറ സ്വാധീനം, ആത്മാവിലെ പ്രതിഫലനം, ആത്മ-ബ്രഹ്മ ബന്ധം, ദേവചൈതന്യബന്ധം, ആത്മാവിലൂടെയുള്ള ഭൗതിക-ആത്മീയ ആനന്ദാസ്വാദനം, ശാന്തി മന്ത്രം. നാല് അദ്ധ്യായങ്ങളാണ് ഈ ഖണ്ഡത്തിലുള്ളത്.

**കൗഷീതകി ബ്രാഹ്മണ ഉപനിഷദ്** : കൗഷീതകി ആരണ്യകത്തിൻെറ 3 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങളാണ് കൗഷീതകി ബ്രഹ്മണ ഉപനിഷദ്. അദ്ധ്യായക്രമത്തിൽ വിഷയ വിവരണം ഇപ്രകാരമാണ്.

അം 1. സ്വർഗ്ഗപ്രാപ്തി, ബ്രഹ്മലോകവിവരണം, വേദ പാഠങ്ങളിലൂടെയും യജ്ഞകർമ്മങ്ങളിലൂടെയും യോഗിക്ക് കൈവരുന്ന ബ്രഹ്മൈശ്വര്യം, ബ്രഹ്മജ്ഞാനിയുടെ മഹത്വം, ആത്മവിവരണം, ആത്മജ്ഞാനലബ്ധി, പ്രപഞ്ചവ്യാപിയായ ആത്മാവിൻെറ വിവരണം.

അം. 2, 3. പ്രാണൻെറ ബ്രഹ്മത്വം, ദൈവീക കർമ്മ മഹത്വം, അഗ്നിഹോത്രം, തുടങ്ങിയ യാഗങ്ങളിലൂടെ നടത്തുന്ന ഉപാസന, ഉൽകൃഷ്ടമായ അമാവാസി വ്രതം, ചന്ദ്രോപാസന, യജ്ഞകർമ്മങ്ങളിലൂടെ നേടാവുന്ന ദീർഘായുസ്, മുഖ്യപ്രാണ ഉപാസന, ഭൗതിക സുഖലബ്ധിക്കുവേണ്ടിയുള്ള ഉപാസന. അമൃതത്വ ഭാവേനയുള്ള പ്രാണോപാസന, ബ്രഹ്മജ്ഞാന ലബ്ധി.

അം 4. ബ്രഹ്മോപദേശ പ്രതിജ്ഞ, ആദിത്യ-ചന്ദ്ര-വിദ്യുത്-ആകാശ-വായു-അഗ്നി രൂപങ്ങളിൽ പ്രകടമാകുന്ന ബ്രഹ്മത്തിൻെറ ഉപാസന, പ്രതിരൂപ-പ്രതിധ്വനി-ശബ്ദ-ശരീര-സപ്തപുരുഷ ദക്ഷിണാക്ഷി പുരുഷ എന്നിവയുടെ ഉപാസന.

**നാദബിന്ദു ഉപനിഷദ്** : ബ്രഹ്മത്തെക്കുറിച്ചുള്ള വിവരണമാണ് നാദബിന്ദു ഉപനിഷത്തിലെ വിഷയം. പരിശുദ്ധനും, പരിപൂർണ്ണനുമായ വൈരാജസ്വരൂപ ബ്രഹ്മം, വൈരാജപ്രണവമായ ഓംകാരത്തിൻെറ നാലുഭാഗങ്ങളാകുന്ന അ-ഉ-മ കാരവും, തുരീയവും, യോഗിയുടെ വീക്ഷണത്തിലൂടെകാണുന്ന ഓംകാരത്തിൻെറ 16 മാത്രകളായ അ, ഉ, മ കാരം, തുരീയം, ഘോഷിണി, വിദ്യുത്, പതംഗിണി, വായുവേഗിനി, നാമധേയ, ഐന്ദ്ര, വൈഷ്ണവി, മഹതി,



Scanned with CamScanner

ധൃതി, നാരി, ബ്രാഹ്മി എന്നിവ അടങ്ങുന്ന പൂർണ്ണരൂപ ബ്രഹ്മം, ഇത് പൂർണ്ണവും അപൂർണ്ണവുമായി കാണപ്പെടുന്നതിൻെറ വിവരണം, പൂർവ്വജന്മ ത്തിൻെറ കർമ്മഫലം, ഈ ജന്മത്തിലെ കർമ്മഫലം, മനസ്സിൻെറയും നാദത്തിൻെറയും ബന്ധം, തുരിയജ്ഞാന പ്രാപ്തിക്കുള്ള മാർഗ്ഗം, മനസിൽ ജ്ഞാനം ഉളവാക്കുന്ന സ്വാധീനം, ബ്രഹ്മത്തിൻെറ നാദരൂപം, ആത്മ-പരമാത്മ- നാദബ്രഹ്മബന്ധം, പ്രണവ-നാദ ബന്ധം, നാദബ്രഹ്മത്തിൻെറ ഉപാസനാവിധിയും, ഉപാസനാഫലവും നാദബ്രഹ്മത്തിൻെറ പ്രധാനഭാഗമായ ഓംകാരത്തിൻെറ ശ്രുതി-ധ്വനി, ഓംകാര ബ്രഹ്മത്തിൻെറയും നാദബ്രഹ്മത്തിൻെറയും ഏകത്വം അഥവാ ഏകീഭാവം, നാദബ്രഹ്മമായ ഓംകാരത്തിൻെറ ഉപാസന.

**ആത്മബോധ ഉപനിഷദ്** : ആത്മതത്വവും, ഓംകാരവുമാണ് ഈ ഉപനിഷത്തിലെ പ്രധാന വിഷയങ്ങൾ. ഓംകാരത്തിൻെറ അ-ഉ-മ കാരങ്ങളെ മധുസൂദനനോടും, പുണ്ഡരീകാക്ഷനോടും, മഹാവിഷ്ണുവിനോടും ഉപമിക്കുന്നു. ഓംകാര ഉപാസനയിലൂടെ നേടുന്ന നിർഭയത്വവും, ദുഃഖഹീനത്വവും, നയനങ്ങൾ പോലെ പ്രശോഭിക്കുന്ന ജീവനാകുന്ന പ്രജ്ഞ, ചൈതന്യമാകുന്ന പ്രജ്ഞാനം, പ്രജ്ഞയുടെ ഉപാസനയിലൂടെ സ്വർഗ്ഗലോകപ്രാപ്തി, അഹങ്കാരമില്ലാത്ത 'ഞാൻ' ആകുന്ന ആത്മഭാവം, ആത്മാവിൽ ശോഭിക്കുന്ന മായ, ബുദ്ധി, ജീവൻ, ഈശ്വരചൈതന്യം, പുനർജനനമില്ലാത്ത-ആദിയും അന്ത്യവുമില്ലാത്ത-അദ്വൈത രൂപമുള്ള-മലിനരഹിതമായ-അത്ഭുതാകാരത്തോടുകൂടിയ-മൂന്നു ഗുണങ്ങളും ഉൾക്കൊള്ളുന്ന-പരമമായ സത്യത്തിൻെറ ഉന്നതശൃംഗങ്ങളിൽ പ്രശോഭിക്കുന്ന-ആത്മചൈതന്യം, കരിമ്പിൻ നീരിലെ മധുരവും കടലിലെ തിരമാലകളും പോലെ സർവ്വജീവജാലങ്ങളിലും വസിക്കുന്ന ആത്മചൈതന്യം, ബ്രഹ്മാവു മുതൽ കൃമി വരെ ആത്മചൈതന്യത്താൽ നൽകുന്ന ശോഭ, സൂര്യദേവൻ, വസ്തുക്കളെ പ്രകാശിപ്പിക്കുന്നതുപോലെ ജീവരാശികളെ പ്രശോഭിപ്പിക്കുന്ന ആത്മചൈതന്യം, ആത്മജ്ഞാന ത്തിലൂടെ സാദ്ധ്യമാകുന്ന മനസ്സിൻെറയും -പ്രാണൻെറയും- പരമാനന്ദതത്വത്തിൻെറയും ജ്ഞാനം, ശരീരത്തിൻെറതായ എന്നാൽ- ആത്മാവിൻേറതല്ലാത്ത കർത്തവ്യം-ധർമ്മം-ബന്ധം-കുടുംബം- ഗോത്രം-നാമം-സൗന്ദര്യം-വർഗ്ഗം എന്നിവ, മേഘം മറയുമ്പോഴും- അസ്തമയശേഷവും സൂര്യൻെറ ആസ്തിത്വം യോഗി അറിയുന്നതു പോലെ ജാഗ്രത്-സ്വപ്ന-സുഷുപ്താവസ്ഥകളിലെല്ലാം ആത്മചൈതന്യ



Scanned with CamScanner

ത്തിന്റെ സാന്നിദ്ധ്യം ദർശിക്കുന്ന ആത്മജ്ഞാനിയുടെ മഹത്വം, ഭൂതം-ഭാവി-വർത്തമാന കാലങ്ങളിൽ 'എന്നിൽ' പ്രവർത്തിക്കുന്ന ആത്മ ചൈതന്യം, പ്രപഞ്ചത്തിലും പ്രകൃതിയിലും, വസിക്കുന്നതും, നിത്യവും പ്രഭചൊരിയുന്നതും-ശാശ്വതസത്യവും-ആനന്ദമഹിമയും-അനശ്വരപ്രഭാവവുമായ ബ്രഹ്മചൈതന്യത്തിന്റെ ഭാഗമായ ആത്മചൈതന്യമഹത്വം. ഇവയാണീ ഉപനിഷദ്വിഷയം.

**നിർവ്വാണോപനിഷദ്** : യോഗസാധനയിലെ നിർവ്വാണ അവസ്ഥയെക്കുറിച്ചാണ് ഈ ഉപനിഷത്തിൽ വിവരിക്കുന്നത് . നിർവ്വാണ അവസ്ഥയെ അറിയി ക്കുന്നതിന് യോഗി ജീവൻ മുക്തനായി, കുണ്ഡലിനീ ബന്ധത്തിൽ, ശിവയോഗനിദ്രയിൽ, പരമാനന്ദത്തോടെ, ആദിബ്രഹ്മത്തെ ധ്യാനിച്ച്, യോഗത്താൽ സദാനന്ദരൂപം ദർശിച്ച്, നിർമ്മലമായ ശരീരത്തോടെ, അദ്വൈതനായി, കാമക്രോധാദി വികാരങ്ങളെ പൂർണ്ണമായും ത്യജിച്ച് നിസ്ത്രൈഗുണ്യനായി, ആഡംബരങ്ങളിലുള്ള ഭ്രമം ഉപേക്ഷിച്ച്, കൗപീനധാരിയായി, മന്ത്രവും യജ്ഞോപവീതവും കൂടി ത്യജിച്ച്, ക്രിയകളിൽനിന്നും-സർവ്വവിധ കർമ്മങ്ങളിൽ നിന്നും മുക്തനായി, പൂർണ്ണ ബ്രഹ്മചര്യം അനുഷ്ഠിച്ച് സന്യാസിയായി, സ്വയം ബ്രഹ്മത്തിൽ ലയിച്ചു കഴിയുന്നു. ഈ അവസ്ഥയിലൂടെ മാത്രമേ ഒരു യോഗിക്ക് നിർവ്വാണാവസ്ഥയിലെത്തുവാൻ സാധിക്കൂ.

**മുൽഗലോപനിഷദ്** : നാലു ഖണ്ഡങ്ങളിലായിട്ടാണ് മുൽഗലോപനിഷത്തിൽ വിഷയങ്ങളുടെ ക്രമീകരണം.

ഖണ്ഡം 1. ഋഗ്വേദത്തിലുള്ള പുരുഷ സൂക്തമന്ത്രത്തിന്റെ അർത്ഥസംഗ്രഹം, സർവ്വവ്യാപിയായ വൈഷ്ണവചൈതന്യം, വിഷ്ണുമഹത്വം, വിഷ്ണുവിന്റെ വിരാട്രൂപം, സൃഷ്ടിയജ്ഞം, ജഗത്സൃഷ്ടി, മോക്ഷപ്രാപ്തി.

ഖണ്ഡം 2. മഹാവിഷ്ണുവിന്റെ മംഗളകരമായ വിരാട്രൂപമഹത്വം ആത്മാവിലും, പരമാത്മാവിലും വ്യാപിച്ചുകിടക്കുന്ന വിഷ്ണുചൈതന്യം, വിഷ്ണുചൈതന്യത്തിലൂടെ പ്രപഞ്ചത്തിലുണ്ടാകുന്ന ശോഭ.

ഖണ്ഡം 3. വിഷ്ണുചൈതന്യത്തിൽ നിന്നുള്ള ബ്രഹ്മാവിന്റെ സൃഷ്ടി, ബ്രഹ്മാവിന് വിഷ്ണുവിൽ നിന്നു ലഭിക്കുന്ന സൃഷ്ടി കർമ്മത്തിന്റെ ഉപദേശം, വിവിധരൂപത്തിലും, ഭാവത്തിലും ദൃശ്യമാകുന്ന വിഷ്ണുവെന്ന ഏക ദൈവത്തിന്റെ ചൈതന്യം, ഋഗ്വേദവും, യജ്ജുർവേദവും, സാമവേദവും അതുപോലെ സുരന്മാരും, പിതൃക്കളും, ദേവന്മാരും, ഗന്ധർവ്വന്മാരും നടത്തുന്ന



Scanned with CamScanner

പരബ്രഹ്മമൂർത്തിയായ മഹാവിഷ്ണു സ്തുതി.

ഖണ്ഡം 4. താപത്രയാതീതനും, ഗുണാതീതനും, ഭാവാതീതനും, പഞ്ചകോശാതീതനും, ഷഡ്‌വർഗാതീതനും വിരാട്പുരുഷനും ബ്രഹ്മ സ്വരൂപനുമായ മഹാവിഷ്ണുവന്റെ മഹത്വം.

**അക്ഷമാലിക ഉപനിഷദ്** : രുദ്രാക്ഷം തുടങ്ങിയ അക്ഷമാലികകളുടെ വിവരണമാണ് ഈ ഉപനിഷത്തിൽ നൽകിയിരിക്കുന്നത്. അക്ഷമാലികകളുടെ ഭേദങ്ങൾ, ലക്ഷണങ്ങൾ, മാലാസൂത്രം, മാലയുടെ ഘടന, മുത്ത്-പവിഴം-സ്ഫടികം എന്നിവ കൊണ്ട് ഉണ്ടാക്കുന്ന എട്ടുതരം അക്ഷങ്ങൾ, സ്വർണ്ണം-വെള്ളി-ചെമ്പ് എന്നിവയുടെ കമ്പി കൊണ്ടുണ്ടാക്കുന്ന സൂത്രങ്ങൾ, അക്ഷമാലകളുടെ തൃമൂർത്തി സങ്കൽപം, അക്ഷമാല നിർമ്മാണത്തിന്റെയും, ധാരണത്തിന്റെയും വിധികൾ, അ മുതൽ അം വരെയുള്ള അക്ഷരങ്ങളുടെയും ക മുതൽ ക്ഷ വരെയുള്ള അക്ഷങ്ങളുടെയും, ഇവ രണ്ടും കൂടിച്ചേരുമ്പോൾ അ മുതൽ ക്ഷ വരെ എന്ന് അർത്ഥം ലഭിക്കുന്ന 'അ ക്ഷ' എന്ന പദത്തിന്റെ ഉത്ഭവം, അക്ഷങ്ങൾ സൂത്രത്തിൽ (നൂലിൽ) കോർക്കുന്നതിന്റെ മന്ത്രങ്ങൾ, അക്ഷമാലയുടെ ധാരണസമയം, അക്ഷം സ്മരിക്കുന്നതിന്റെയും ധാരണം ചെയ്യുന്നതിന്റെയും ഫലങ്ങൾ.

**ത്രിപുര ഉപനിഷദ്** : ദേവി ഉപാസനയുടെ വിവരണമാണ് ത്രിപുരോപനിഷത്തിലെ വിവരണവിഷയം. 9 ദേവതാചക്രങ്ങൾ, 9 യോഗങ്ങളുടെയും, 9 യോഗിനികളുടെയും, 9 മുദ്രകളുടെയും സവിസ്തര വർണ്ണനം, ദേവതകളുടെ സത്വ-രജ-തമോ ഗുണങ്ങൾ, ലക്ഷ്മീ-ഉമ-ലളിതാദേവി മാരുടെ സ്തുതികൾ, ത്രിപുരത്തിൽ വസിക്കുന്ന ദേവിയുടെ മംഗളസ്തുതി, അമൃതമയും, വിശ്വമാതാവുമായ ദേവിയുടെ വർണ്ണനകൾ, ദേവി സ്തുതിയിലൂടെ ലഭിക്കുന്ന ആത്മജ്ഞാനം, ദേവി ഉപാസനാമഹത്വം.

**സൗഭാഗ്യലക്ഷ്മി ഉപനിഷദ്** : മൂന്നു ഖണ്ഡങ്ങളിലാണ് ഈ ഉപനിഷത്തിൽ വിഷങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

ഖണ്ഡം 1. ഭഗവാൻ നാരായണനോട്, സൗഭാഗ്യലക്ഷ്മി വിദ്യയെക്കുറിച്ച് വിവരിക്കുവാൻ ദേവന്മാരുടെ അഭ്യർത്ഥന, സൗഭാഗ്യലക്ഷ്മി മന്ത്രത്തിലൂടെ ദേവന്മാർ നടത്തുന്ന ദേവിധ്യാനം, ശ്രീസൂക്തമന്ത്രമഹത്വം, തത്മന്ത്രത്തിലെ ഋഷികുലവർണ്ണനം, സൗഭാഗ്യലക്ഷ്മിചക്രം, ഏകാക്ഷരീമന്ത്രം, മന്ത്രത്തിലെ ഋഷിമാർ.



Scanned with CamScanner

ഖണ്ഡം 2. യോഗചര്യയുടെ മഹത്വം ഷൺമുഖമുദ്ര യോടുകൂടിയ പ്രാണായാമയോഗം, അഖണ്ഡബ്രഹ്മകാരവൃത്തി, നിർവികൽപഭാവം, സമാധിലക്ഷണം.

ഖണ്ഡം 3. വിവിധ ചക്രങ്ങളുടെ വിവരങ്ങൾ, ആധാരചക്രം, സ്വാധിഷ്ഠാനചക്രം, നാഭിചക്രം, ഹൃദയചക്രം, കണ്ഠചക്രം, താലുചക്രം, ഭ്രൂചക്രം, ബ്രഹ്മരന്ധ്രചക്രം, ആകാശചക്രം എന്നി നവചക്രങ്ങളുടെ ആകാരവും, സ്മരണാഫലവും. ഈ ഉപനിഷദ് പാഠഫലം.

**ബഹ്വൃചഉപനിഷദ്** : ബ്രഹ്മചൈതന്യത്തെക്കുറിച്ചും ദേവിയുടെ മഹത്വത്തെക്കുറി ച്ചുമാണ് ബഹ്വൃചോപനിഷത്തിൽ വിവരിക്കുന്നത്. ദേവിടെ ഏകാഗ്രവാസം, ദേവിയിൽനിന്നും തൃമൂർത്തികളുടെ തേജസ് സ്വീകരണം, ഗന്ധർവൻമാരും, സർവദേവതകളും വിരാജിക്കുന്ന ദേവി ചൈതന്യം, ബ്രഹ്മചൈതന്യവിവരണം. ബ്രഹ്മചൈതന്യം, മഹദ്വാക്യ ങ്ങളായ തത്വമസി, അയമാത്മബ്രഹ്മ, ബ്രഹ്മൈവ അഹമസ്മി, യോഹമസ്മി, സോഹമസ്മി, യോ സൗ സോഹമസ്മി എന്നിവയി ലൂടെയുള്ള ബ്രഹ്മത്തിൻെറ സർവ്വവ്യാപകത്വവിവരണം.

## ശുക്ലയജ്ജുർവേദീയ ഉപനിഷദ്

മാധ്യന്ദിന വാജസനേയി സംഹിതയിലോ കാണ്വസംഹിത യിലോ വിവരിക്കുന്ന ഉപനിഷത്തുകളും ഈ വേദശാഖകളുടെ അനുയായികളായ ഋഷിവര്യന്മാർ രചിച്ച ഉപനിഷത്തുകളുമാണ് ശുക്ല യജ്ജുർവേദീയ ഉപനിഷത്തുകൾ.

**ഈശാവാസ്യ ഉപനിഷദ്** : നൂറ്റെട്ട് ഉപനിഷത്തുക്കളിൽ ഒന്നാമത്തേതും ഏറ്റവും ഉജ്ജ്വല വുമായ ഉപനിഷത്താണിത്. 18 മന്ത്രങ്ങൾ മാത്രം അടങ്ങുന്ന ഇത്, ഉപനിഷത്തുകളുടെ തന്നെ 'സത്ത്' എന്നറിയപ്പെടുന്നു. ഈ ഉപനിഷത്തിലെ വിവരണങ്ങൾ യഥാക്രമം ഇപ്രകാരമാണ്. പ്രപഞ്ചം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഈശ്വര ചൈതന്യം, കർമ്മമഹത്വം ധർമ്മത്തിലൂടെയുള്ള മോക്ഷപ്രാപ്തി, ആത്മതത്വം, ആത്മജ്ഞാനിയും അജ്ഞാനിയും തമ്മിലുള്ള അന്തരം, സർവ്വഭൂതങ്ങളിലും വസിക്കുന്ന ആത്മചൈതന്യം, സർവ്വഭൂത സമദർശികളുടെ മഹത്വം, വിദ്യ–അവിദ്യ വിവരണം, ഈ മാർഗ്ഗത്തിലൂടെയുള്ള ബ്രഹ്മജ്ഞാന പ്രാപ്തി, സകാമാ–നിഷ്കാമ ഉപാസനകളുടെ അന്തരം, ഉപാസനയിലൂടെ അമൃതത്വ പദപ്രാപ്തി, പ്രപഞ്ച സത്യത്തിൻെറ വിവരണം, സത്യം,



Scanned with CamScanner

'സത്യ'മായ പരമാത്മാവിൽ ആത്മ ചൈതന്യലയവും, വായുരൂപത്തിൽ ആത്മാവ് പ്രാണനായി പ്രപഞ്ചത്തിലെ പരമതത്വത്തിൽ ലയിക്കണമെന്ന പ്രാർത്ഥനയും, കർമ്മ-ജ്ഞാനങ്ങളിലൂടെ നേടിയ നിധിയുമായി, ആത്മ-പരമാത്മ ഏകീഭാവം മനസ്സിലുറപ്പിച്ച് ഉപനിഷത്തിലൂടെ ജീവിതാന്ത്യത്തിൽ ഋഷി സ്മരിക്കുന്നു. "എന്റെ എല്ലാ കർമ്മങ്ങളും അറിയുന്ന അഗ്നിദേവ നന്മനിറഞ്ഞ പന്ഥാവിലൂടെ എന്റെ ആത്മാവിനെ നയിക്കുക, ദുഷ്ചെയ്തികളുടെ ഫലം ഇല്ലാതാക്കുക, ഈ ശക്തിയില്ലാത്ത ശരീരംകൊണ്ട് എനിക്ക് അങ്ങയെ നമസ്കരിക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ നമസ്കാര വചനങ്ങൾ വീണ്ടും വീണ്ടും സ്മരിക്കുന്നു."

**ബൃഹദാരണ്യക ഉപനിഷദ്** : വളരെ ബൃഹത്തായ ഈ ഉപനിഷത്ത് ആറ് അദ്ധ്യായങ്ങളടങ്ങുന്നതാണ്. ഓരോ അദ്ധ്യായവും ബ്രാഹ്മണങ്ങളായി വിഭാഗിച്ചിട്ടുണ്ട്.

അം 1. ആറ് ബ്രാഹ്മണങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. ഓരോ ബ്രാഹ്മണവും പ്രത്യേക പേരിൽ അറിയപ്പെടുന്നു. ബ്രാഹ്മണ ക്രമത്തിൽ വിവരണ വിഷയങ്ങൾ ഇപ്രകാരമാകുന്നു. അശ്വഉൽപ്പത്തി, സ്തുതി, ആദിത്യസൃഷ്ടി, ആദിത്യനിൽനിന്നുള്ള ജഗത് സൃഷ്ടി, ഭൂമിയുടെ ഉത്ഭവം, അശ്വമേധം എന്ന പദത്തിന്റെ അർത്ഥം, ദേവാസുരവൈരം, പ്രാണന്റെയും മുഖ്യപ്രാണന്റെയും വിവരണം, പ്രാണോപാസനാഫലം, വേദങ്ങളിലെ പ്രാണ സ്തുതികൾ, ജപകർമ്മങ്ങൾ, സംസാരദുഃഖങ്ങൾ, മനുഷ്യസൃഷ്ടി, ജീവജാലങ്ങളുടെ സൃഷ്ടി, വർണ്ണസൃഷ്ടി, വർണ്ണ ധർമ്മങ്ങളുടെ ഉത്ഭവം, കാര്യ-കാരണ വിഭാവനം, കാര്യ-കാരണ ബന്ധം. ആദിഭൗതിക സൃഷ്ടി, വാക്-മന-പ്രാണന്റെ ആദിദൈവികത്വം, പുത്ര ധർമ്മം, പ്രാണോപാസന, സർവ്വ വ്യാപിയായ ബ്രഹ്മ ചൈതന്യം.

അം 2. രണ്ടാം അദ്ധ്യായം ആറു ബ്രാഹ്മണങ്ങളായി ഭാഗിച്ചിരിക്കുന്നു. ഗാർഗ്യനും-ജാതശത്രുവും തമ്മിലുള്ള സംവാദത്തിലൂടെ അവതരിപ്പിക്കുന്നതാണീ വിഷയങ്ങൾ, ആദിത്യന്റെ ബ്രഹ്മത്വം, ആത്മസ്വരൂപം, ആത്മാവിന്റെ വിഭിന്ന അവസ്ഥകൾ, ആത്മവിലക്ഷണം, മധ്യമപ്രാണന്റെ ശിശുത്വം, ശിശുദർശനം, ഋഷിചരിതകഥനം, ബ്രഹ്മത്തിന്റെ മൂർത്തഭാവവും- അമൂർത്ത ഭാവവും, മൂർത്തസ്വരൂപവും - അമൂർത്തസ്വരൂപവും, ഇവയിലെ അദ്ധ്യാത്മികത്വം സന്യാസ മഹത്വം, ബ്രഹ്മവിദ്യമഹത്വം, ബ്രഹ്മവിദ്യ



Scanned with CamScanner

ജ്ഞാനസംവാദനം അമൃതത്വപ്രാപ്തി-ഈ വിഷയവിവരണം യജ്ഞവൽക്യനാണ് നൽകുന്നത് - പ്രപഞ്ചത്തിലെ സർവ്വതിലും വ്യാപിച്ചുകിടക്കുന്ന ബ്രഹ്മത്വം, ആത്മസത്ത, ചിത്ത്, പ്രജ്ഞാനം, ഇവയിലെ അദ്ധ്യാത്മികതത്വം, ആത്മാവിൻെറ നനാത്വം, സത്യധർമ്മ തത്വം, മനുഷ്യനിലെ മധുത്വം, ശരീര-ആത്മ ബന്ധം, ഋഷിവര്യന്മാരുടെ വംശപരമ്പരകളെക്കുറിച്ചുള്ള വിവരണം എന്നിവയാണ്, ഈ അദ്ധ്യായവിഷയങ്ങൾ.

അം 3. ഈ അദ്ധ്യായത്തിൽ 9 ബ്രാഹ്മണങ്ങളുണ്ട്. ജനകനും, യജ്ഞവർക്യനും തമ്മിലുള്ള സംവാദത്തിൽ ബ്രഹ്മം, കർമ്മം, മൃത്യു, കാലം സംസാരം, യാഗത്തിലെ പുരോഹിതന്മാരായ അധ്വര്യു, ബ്രഹ്മൻ, ഉദ്ഗാതാവ്, ഇവരുടെ കർമ്മങ്ങൾ, എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. ഗ്രഹം, അതിഗ്രഹം, ഗ്രഹത്തിലൂടെയുള്ള മൃത്യുതരണം, ഗ്രഹ-നിഗ്രഹത്തിലൂടെയുള്ള പ്രളയമുക്തി, കർമ്മം, കർമ്മഫലം, ഇവയുടെ അർത്ഥം, ആത്മാവിൻെറ ഗതി വിവരണം, ആത്മകഥനം, സന്യാസവിവരണം, വേദസൂത്രങ്ങൾ, വേദസൂത്രങ്ങളിലെ അന്തര്യാമിത്വം, പൃഥ്വിയുടെ ഉൽപത്തി, അതിൻെറ കാരണം, ബ്രഹ്മസൃഷ്ടി, ആകാശസൃഷ്ടി, അക്ഷരസ്വരൂപം, അക്ഷരങ്ങളുടെ ആസ്തിത്വം, ജ്ഞാന-അജ്ഞാനഫലം, ഈ വിഷയങ്ങളുടെ അവതരണം ഗാർഗ്യനും-യജ്ഞവൽക്യനും തമ്മിലുള്ള സംവാദ രൂപത്തിലാണ്. 33 ദേവതകൾ, 8 വസുക്കൾ, 11 രുദ്രൻമാർ, 12 ആദിത്യന്മാർ, ഇവരുടെ മഹത്വം, ഋഷി ശാകല്യൻ വിവരിച്ചു കൊടുക്കുന്നു. മനുഷ്യരും, ദേവതകളും, സസ്യലതാദികളും, ഈ അദ്ധ്യായത്തിലെ വിവരണവിഷയങ്ങളിടങ്ങുന്നു.

അം 4. ആറു ബ്രഹ്മണങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. ഋഷിവര്യന്മാരുടെ വ്യത്യസ്ത മതങ്ങളുടെ ബ്രഹ്മത്തെക്കുറിച്ചുള്ള വിവരണവും നിർവ്വചനവും, വാക്ബ്രഹ്മമെന്ന ശൈലിനിമതം, പ്രാണബ്രഹ്മമെന്ന ഉദങ്കമതം, ചക്ഷുബ്രഹ്മമെന്ന ബർക്കുമതം, ശ്രോത്രബ്രഹ്മമെന്ന ഭരദ്വാജമതം, മനബ്രഹ്മമെന്ന ജാബാലമതം, ഹൃദയബ്രഹ്മമെന്ന ശാകല്യമതം, ഇതിൽനിന്നും ദേശം, ദക്ഷിണാക്ഷിയിലേയും -വാമാക്ഷിയിലേയും പുരുഷസ്വരൂപം, അദ്ധ്യാത്മ പ്രാണലയം. യജ്ഞവൽക്യൻ ജനകന് ഉപദേശിക്കുന്നതാണ് ഈ വിഷയങ്ങൾ. ആദിത്യൻ- ജ്യോതിസ്- ആത്മാവ്-ജാഗ്രത്-സ്വപ്ന-സുഷുപ്ത അവസ്ഥവിവരണം, ബ്രഹ്മസ്വരൂപം, ജ്ഞാനധർമ്മം, കർമ്മധർമ്മം, ആത്മാവിൻെറ ദേഹാന്തരപ്രാപ്തി. ബന്ധവും മോക്ഷവും, ഭൗതികസുഖം, കാമം,



Scanned with CamScanner

മോക്ഷമാർഗ്ഗം, മനുഷ്യജന്മമഹത്വം, ആത്മജ്ഞാനം സർവ്വകർമ്മ ഏകഭാവം, യജ്ഞ വൽക്യചരിതം, യജ്ഞവൽക്യന്റെ അമൃതത്വപ്രാപ്തി, നൂറു തലമുറകളിലെ ഋഷി പരമ്പരകളുടെ വിവരണം.

അം 5. ഒന്നോ രണ്ടോ വരികൾ മാത്രമടങ്ങുന്ന 15 ഭാഗങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. ഈ ഭാഗങ്ങളിൽ വിവരിക്കുന്ന വിഷയങ്ങൾ യഥാക്രമം ഓംകാര ഉപാസന, പ്രജാപതി ഉപാസന, സോപാദിക ബ്രഹ്മ ഉപാസന, ഹൃദയബ്രഹ്മ ഉപാസന, സത്യമഹത്വം, സത്യോപാസന, സത്യബ്രഹ്മഉപാസന, ധേനു-ജാരാഗ്നി ഉപാസന, അമൃതത്വ ലബ്ധി, പ്രാണോപാസാന, ഗായത്രി ഉപാസന, ഗായത്രീപദ ഉപാസന എന്നിപ്രകാരമാണ്.

അം 6. പ്രത്യേക പേരുകളില്ലാത്ത അഞ്ചു ബ്രാഹ്മണങ്ങളട ങ്ങുന്നതാണ് ഈ അദ്ധ്യായം. പ്രാണമഹത്വം, ജ്ഞാനമഹത്വം, ജ്ഞാനസമ്പാദനഫലം, വസിഷ്ഠ ഉപാസന, വേദശ്രവണഫലം, വാക്കും-പ്രാണനും തമ്മിലുള്ളസംവാദം, ഈ സംവാദത്തിൽ മുഖ്യ പ്രാണന്റെ ശ്രേഷ്ഠത്വ വിശദീകരണം നൽകുന്നു. പഞ്ചാഹൂതിയുടെ കർമ്മം-അർത്ഥം-ഫലം, മഹത്വസിദ്ധി, അതിനുവേണ്ടിയുള്ള മന്ത്രോപാസന, കർമ്മമഹത്വം, പ്രജാപതിയുടെ രേതസ്സിലൂടെ സസ്യലതാദികൾ പുഷ്ടിക്കുന്നതിന്റെ വിവരണം, ജന്തുക്കളിലെ പ്രജനനം, രജസ്വലാവിവരണം, ഗർഭാധാനം, പുത്രലബ്ധി, സുഖപ്രസവ ഉപായം. ജാതകർമ്മം, നാമകരണം, ഷോഡശകർമ്മങ്ങൾ, യജ്ജുർവേദീയ ഋഷി വംശ പരമ്പര വിവരണം.

**ഹംസ ഉപനിഷദ്** : ബ്രഹ്മാവ്, ഗൗതമ മഹർഷിക്ക് ഹംസവിദ്യയുടെ സാരം 20 മന്ത്രങ്ങളിൽ ഉപദേശിച്ചുകൊടുക്കുന്നതാണ് ഈ ഉപനിഷദ് വിഷയം. പ്രപഞ്ചത്തിലെ ശുദ്ധവും, പവിത്രവും, പാവനവുമായതിനെ മാത്രം വേർതിരിച്ചെടുക്കുന്ന വിദ്യയത്രെ ഹംസവിദ്യ. അരയന്നം,(ഹംസം) പാലും ജലവും അടങ്ങിയ മിശ്രിതത്തിൽ നിന്നും പാൽമാത്രം വേർതിരിച്ചെടുക്കുന്ന തുപോലെയാണ് ഹംസവിദ്യ. ഈ ഹംസവിദ്യയുടെ മഹത്വം, അഭ്യസനഫലം ഹംസവിദ്യാപ്രാപ്തി, ഹംസമന്ത്രം, ഹംസവിദ്യയി ലൂടെയുള്ള തുരീയ ബ്രഹ്മ- പരമാത്മദർശനം, നാദബ്രഹ്മം നാദബ്രഹ്മത്തിലൂടെ മനസ്സിന്റെ ഏകാഗ്രഭാവപ്രാപ്തി നാദബ്രഹ്മ ഉപാസനക്കായി, ഓടക്കുഴൽ, തംബുരു, മൃദംഗം, വീണ തുടങ്ങിയ 10 നാദ ഉപകരണ സാധനയിലൂടെ ബ്രഹ്മാത്മൈക്യപ്രാപ്തി.



Scanned with CamScanner

**പരമഹംസ ഉപനിഷദ്** : ഗദ്യങ്ങളായ മന്ത്രങ്ങൾ മാത്രമുള്ളതാണ് പരമഹംസ ഉപനിഷദ്. നാരദനും, ബ്രഹ്മാവും തമ്മിലുള്ള സംവാദ രൂപത്തിലാണ് വിഷയവിവരണം.

മന്ത്രം 1. പരമഹംസ യോഗിയുടെ ലക്ഷണം, ഓരോ കാലഘട്ടത്തിൽ ഒന്നോ രണ്ടോ പരമഹംസയോഗികൾ മാത്രം കാണപ്പെടുവാനുള്ള കാരണം, പരമഹംസയോഗിക്കുണ്ടാകുന്ന പൂർണ്ണ ബ്രഹ്മജ്ഞാനം ബ്രഹ്മതുല്യപദവി.

മന്ത്രം 2. പരമഹംസയോഗാവസ്ഥയിൽ സുഖം, ദുഃഖം, നിന്ദ, ഗർവം, ദ്വേഷം, കാമം, ക്രോധം, മോഹം, അഹങ്കാരം, എന്നിവയിൽ നിന്നുള്ള മുക്തി, ഇവരുടെ ബ്രഹ്മതുല്യപദവിയിലെ നിർഭയത്വം.

മന്ത്രം 3. പരമഹംസയോഗിയുടെ ആഗ്രഹങ്ങളിൽ നിന്നുള്ള മുക്തി, പരമമായ സത്യജ്ഞാനം, ഏകദണ്ഡിൽ ജ്ഞാനത്തിൻെറ ഉറവിടവും ഏകനായുള്ള ജീവിതത്തിൽ, ഇവർ ദർശിക്കുന്ന ബ്രഹ്മതത്വവും.

മന്ത്രം 4. വന്ദനവും-നിന്ദയും-സ്തുതിയും ചെയ്യാത്ത യോഗിയുടെ അവസ്ഥ, ലക്ഷ്യവും-അലക്ഷ്യവും, മന്ത്രവും-ധ്യാനവും-ഉപാസനയും, ലോകവും-അവലോകവും ആഡംബരങ്ങളും ഇല്ലാത്ത അവസ്ഥയെ പ്രാപിക്കുന്ന യോഗമായ പരമഹംസ പദവിയുടെ മഹത്വം.

**സുബാല ഉപനിഷദ്** : ഈശ്വരചൈതന്യവും രയികചമുനിയും തമ്മിലുള്ള സംവാദ രൂപത്തിലാണ് 16 ഖണ്ഡങ്ങളിൽ ഉപനിഷദ് വിഷയാവതരണം.

ഖണ്ഡം 1. സത്തിൻെറയും-അസത്തിൻെറയും ഉത്ഭവം, ശൂന്യതയിൽ നിന്ന് തമസ്സും, അതിൽ നിന്ന് പഞ്ചഭൂതാദികളായ, ആകാശവും- വായുവും-അഗ്നിയും-ആപവും-പൃഥിയും, യഥാക്രമം ഒന്നിൽ നിന്ന് മറ്റൊന്നിൻെറ ഉത്ഭവം, ജീവജാല-പുരുഷ-ഉൽപത്തി.

ഖണ്ഡം 2, 3. പ്രപഞ്ചപുരുഷനിൽ നിന്ന് ഗന്ധർവ്വന്മാർ, വേദങ്ങൾ-ശിക്ഷ-കൽപം-നിരുക്തം-ന്യായം-ധർമ്മശാസ്ത്രങ്ങൾ എന്നിവയുടെ ഉത്ഭവം, ആത്മത്തിൻെറ പകുതിയിൽ നിന്ന് സ്ത്രീയുടെയും മറ്റേപകുതിയിൽ നിന്ന് പുരുഷൻെറയും ഉൽപത്തി, പഞ്ചഭൂതങ്ങളിൽ നിന്ന് അന്യദ്രവ്യങ്ങളുടെ ഉത്ഭവം, മനുഷ്യന് ആത്മസാക്ഷാത് കാരത്തിനുള്ള മാർഗ്ഗവിവരണം.

ഖണ്ഡം 4. ആത്മാവ്, പ്രപഞ്ചദ്രവ്യങ്ങളുമായി ചേരുമ്പോൾ



Scanned with CamScanner

ഉത്ഭവിക്കുന്ന ദേവന്മാർ, യക്ഷന്മാർ, ഇന്ദ്രാദിദേവകൾ, കുബേരന്മാർ, ബന്ധമോ-ബന്ധുക്കളോ ഇല്ലാത്ത ആത്മത്തിൻെറ അവസ്ഥകൾ, ശരീരതേജസ്സിൽ കുടികൊള്ളുന്ന ആത്മചൈതന്യം.

ഖണ്ഡം 5. ആദ്ധ്യാത്മിക-ആദിഭൗതിക-ആദിദൈവീക തത്വങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങളും പഞ്ചജ്ഞാനേന്ദ്രിയങ്ങളും തമ്മിലുള്ള ബന്ധം, പഞ്ചേന്ദ്രിയങ്ങളുടെ ആദ്ധ്യാത്മിക-ഭൗതികധർമ്മങ്ങൾ.

ഖണ്ഡം 6. ദേവന്മാരും, നദികളും, കാലവും, കർമ്മേന്ദ്രിയങ്ങളും പഞ്ചജ്ഞാനേന്ദ്രിയങ്ങളും സമഗ്രമായ പ്രപഞ്ചചൈതന്യം ചേർന്ന നാരായണൻെറ ആദിരൂപം, പഞ്ചേന്ദ്രിയങ്ങളിലൂടെ ദൃശ്യമാകുന്ന നാരായണരൂപത്തെ വാഴ്ത്തുന്ന വേദങ്ങളുടെ മഹത്വം.

ഖണ്ഡം 7-9. ശ്രീമൻ നാരായണൻെറ മഹത്വവർണ്ണനകൾ, ആത്മാവിൻെറ മഹത്വം, ചേതന-അചേതന, പഞ്ചഭൂതങ്ങളിൽ നിന്നുള്ള ദ്രവ്യ ഉത്ഭവം, പരബ്രഹ്മത്തിൽ അലിഞ്ഞുള്ള അന്ത്യവും.

ഖണ്ഡം 10. ഭൂലോകം-ഭൂവർലോകം-സ്വർലോകം-മഹർലോകം-ജനലോകം-തപോലോകം- സത്യലോകം എന്നിവയുടെ ഗഹനമായ അർത്ഥവിവരണം, ബ്രഹ്മലോകപദത്തിൻെറ അർത്ഥം, ആത്മ ചൈതന്യവിവരണം.

ഖണ്ഡം 11-13. ആത്മചൈതന്യം, ആത്മ-പഞ്ചഭുതബന്ധം, അന്നത്തിൻെറ മഹത്വം, സർവ്വസംഗപരിത്യാഗിയും ആത്മജ്ഞാനിയുമായ യോഗിയുടെ വിവരണം.

ഖണ്ഡം 14-16. അക്ഷരം, മൃത്യു, സത്-അസത് വിവരണം, ശരീരത്തിൻെറ മഹത്വം, ശരീരത്തിൽ വിജ്ഞാനസാന്നിദ്ധ്യം, വിജ്ഞാന നാശത്തിലൂടെ ശരീരസത്തിൻെറ നാശം, ഉപനിഷത് പാഠ ഫലം, ഉപനിഷദ്‌വേദപാഠത്തിലുണ്ടായിരിക്കേണ്ട ശ്രദ്ധ.

**മന്ത്രിക ഉപനിഷദ്** : 20 ശ്ലോകങ്ങളിൽ മന്ത്രിക ഉപനിഷത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. പരമാത്മ സ്വരൂപം, നിർഗുണ ബ്രഹ്മമായ പരമാത്മദർശനത്തിനുള്ള മാർഗ്ഗം, ഭൗതിക സുഖങ്ങളനുഭവിച്ച് തദ് വിഷയത്തിൽ നിമഗ്നനായിരിക്കുന്ന അജ്ഞൻെറ സംസാര ബന്ധങ്ങൾ, വേദ-ഉപനിഷത് പന്ഥാവി ലൂടെയുള്ള ബ്രഹ്മദർശന മഹത്വം, അദ്വൈതവും-ദ്വൈതവുമായ ഭാവത്തിലും, വ്യക്തവും - അവ്യക്തവുമായ ഭാവത്തിലും വസിക്കുന്ന ബ്രഹ്മത്തിൻെറ അനവധി



Scanned with CamScanner

രൂപങ്ങളും-ഭാവങ്ങളും, ജ്ഞാനചക്ഷുക്കളി ലൂടെമാത്രം ദൃശ്യമാകുന്ന ബ്രഹ്മത്തിൻെറ മഹത്വം.

**നിരാലംബ ഉപനിഷദ്** : വളരെ ചെറിയ ഉപനിഷത്താണിത്, ബ്രഹ്മം-ഈശ്വരൻ-ജീവ ചൈതന്യം-പ്രകൃതി പരമാത്മാവ് ഇവ തമ്മിലുള്ളബന്ധം, ബ്രഹ്മ-വിഷ്ണു-മഹേശ്വര-ഇന്ദ്ര-യമ-സൂര്യ-ചന്ദ്ര-രാക്ഷസ-പിശാച വിവരണം, കർമ്മവാസന, അകർമ്മവാസന, ജ്ഞാന- അജ്ഞാനബന്ധം, സുഖ-ദുഃഖം, സ്വർഗ്ഗ-നരകം, ബന്ധനമോക്ഷം, മനുഷ്യവർണ്ണം, വർണ്ണവിവരണത്തിൽ ഒരു മനുഷ്യൻെറ വർണ്ണം അഥവാ ജാതി ത്വക്കിലൊ, രക്തത്തിലൊ-മാംസത്തിലൊ- അസ്ഥിയിലൊ-ആത്മാവിലൊ അല്ല തോന്നൽ മാത്രമാണെന്ന വർണഭാവം വിവരണം. ബ്രഹ്മത്തിനോടോ സജ്ജനങ്ങളോടോ ചേരുന്ന അവസ്ഥയായ സ്വർഗ്ഗപ്രാപ്തി, എന്നീ വിവരണങ്ങളിതിലടങ്ങുന്നു.

**തൃശിഖിബ്രാഹ്മണ ഉപനിഷദ്** : ബ്രാഹ്മണനും സൂര്യദേവനുമായി നടത്തുന്ന സംവാദരൂപത്തിൽ വിഷയങ്ങൾ വിവരിക്കുന്ന ഈ ഉപനിഷത്തിൽ രണ്ടു ഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗം ഗദ്യവും രണ്ടാം ഭാഗം പദ്യവുമാണ്.

ഭാഗം 1. മനുഷ്യജീവിതത്തിലെ ബ്രഹ്മപ്രോക്തമായ കർമ്മങ്ങൾ, ബ്രഹ്മത്തിൽ നിന്ന് മഹത്-അഹങ്കാരം-പഞ്ചതന്മാത്ര-പഞ്ചമഹാഭൂതങ്ങൾ എന്നിവയുടെ ഉത്ഭവം, ജീവജാലങ്ങളിൽ അന്തർ ഭവിച്ചിരിക്കുന്ന മനസ്-ബുദ്ധി-ചിത്ത്-അഹങ്കാരം-പഞ്ചപ്രാണൻ എന്നിവയുടെ അടിസ്ഥാനപരമായ ഏകത്വഭാവവും, ഭൗതികഭിന്നതയും ജീവജാലങ്ങളിൽ ദൃശ്യമാകുന്നതിൻെറ കാരണം, ശരീരത്തിൻെറ12 ഭാഗങ്ങളെ നിയന്ത്രിക്കുന്ന 12 ദേവതകൾ, 12 നാഡികളിലൂടെയുള്ള ദേവതാപ്രവർത്തനം, ജീവജാലങ്ങളിൽ ഏകത്വത്തിൻെറ ഭാഗമായ പഞ്ചപ്രാണൻ, പഞ്ചഭൂതങ്ങളുടെ ആന്തരികമായ ഏകത്വവും-ഭൗതി മായ ഭിന്നതയും ദർശിക്കുവാൻ യോഗി യുടെ മഹത്വം.

ഭാഗം 2. പ്രപഞ്ചസൃഷ്ടിക്കാധാരമായ പഞ്ചഭൂതങ്ങൾ, ഔഷധികളുടെയും-അന്നത്തിൻെറയും സൃഷ്ടി, തുടർന്നുള്ള ജന്തു സമൂഹങ്ങളുടെ സൃഷ്ടി ശരീരമെന്ന പിണ്ഡത്തിൻെറ സൃഷ്ടി, അതിൽ ആത്മാവിൻെറയും മനസ്സിൻെറയും സ്ഥാനനിർണ്ണയം, മനുഷ്യനിൽ ജാഗ്രത്-സ്വപ്ന-സുഷുപ്ത അവസ്ഥകളുടെ സൃഷ്ടി, ആത്മ-ജീവ-കർമ്മ-യോഗ ബന്ധങ്ങൾ യോഗവിദ്യവിവരണം, യോഗചര്യയുടെ



Scanned with CamScanner

വിവിധ വശങ്ങൾ, യമ-നിയമങ്ങൾ, ജ്ഞാനകർമ്മങ്ങൾ, ഹംസ യോഗതത്വങ്ങൾ, ഹഠയോഗവിദ്യ, സ്വസ്തികം-ഗോമുഖം-വീരം-പത്മം-ബദ്ധം-കുക്കുടം-ഉത്ഥാനം-ധനു-സിംഹരൂപകം-ഭദ്രം-മുക്തം-മയൂരം-മത്സ്യപീതകം-പശ്ചിമ ഉത്ഥാനം-സുഖം എന്നി യോഗാസന ങ്ങളുടെ സവിസ്തര വിവരണം, പ്രാണായാമവിധി, പ്രാണായമവും കുണ്ഡലിനിശക്തിയുമായുള്ള ബന്ധം, പഞ്ചപ്രാണൻെറ സ്ഥാനങ്ങൾ, പത്തുനാഡികളിലൂടെയുള്ള വായുവിൻെറ സഞ്ചാരം, യോഗവിധി പ്രകാരവുമുള്ള നാഡികളുടെ ഉത്തേജനം, ശാരിരിക സുഖം അദ്ധ്യാത്മിക ഉന്നമനം, പരമാത്മധ്യാനം, ധ്യാനത്തിലൂടെയുള്ള തുരീയാവസ്ഥ പ്രാപ്തി, യോഗസാധന കൊണ്ട് ലഭിക്കുന്ന പരബ്രഹ്മജ്ഞാനം, മറ്റു യോഗചര്യകളുടെ മഹത്വം, എന്നീ വിഷയങ്ങൾ സൂര്യഭഗവാൻ ബ്രാഹ്മണന് ഉപദേശിക്കുന്നു.

**മണ്ഡല ബ്രാഹ്മണ ഉപനിഷദ്** : അഞ്ചു ബ്രാഹ്മണങ്ങളായി വിഭജിച്ചിരിക്കുന്ന മണ്ഡലബ്രാഹ്മണോപനിഷത്തിൽ, സൂര്യദേവൻ യജ്ഞവൽക്യമഹർഷിക്ക് ഉപദേശിച്ചുകൊടുക്കുന്ന യോഗവിഷയ ങ്ങളാണുള്ളത്.

ബ്രാഹ്മണം 1. അഷ്ടാംഗയോഗത്തിൻെറ 4 യമങ്ങൾ, 9 നിയമങ്ങൾ, 6 ആസനങ്ങൾ, യോഗസാധനയിലൂടെ കാമക്രോധാദി കളിൽ നിന്നുള്ള മോചനം, ബാഹ്യവും ആന്തരീകവുമായ സാധനാപാടവം, ആത്മദർശനം, ആത്മീയവും ഭൗതീകവുമായ ഉത്തേജനം, ധാരാകേന്ദ്രത്തിൻെറ ഉത്തേജനത്തിലൂടെ ലഭിക്കുന്ന ബുദ്ധിയുടെ വികാസം, ആത്മപരമാത്മ ബന്ധവിവരണം.

ബ്രാഹ്മണം 2. പഞ്ചഭൂതങ്ങളുടെ ഗഹനമായ വിവരണം, ആത്മതത്വം, പ്രണവ മഹത്വം, ശാംഭവി-ഷൺമുഖി എന്നി മുദ്രയുടെ മഹത്വവർണ്ണനം, ബുദ്ധിയുടെ വികാസത്തിനാധാരമായ തേജസ്സിൻെറ വിവരണം, ബ്രഹ്മജ്ഞാനം, ധ്യാനമാർഗ്ഗം, ഭൗതീക ആഡംബരങ്ങൾക്ക് ആത്മാവിലുണ്ടാക്കുവാൻ സാധിക്കുന്ന സ്വാധീനം, നിർവ്വികൽപ സമാധി, യോചര്യകളിലൂടെ സാദ്ധ്യമാകുന്ന ബ്രഹ്മജ്ഞാനലബ്ധി, ബ്രഹ്മപദപ്രാപ്തി.

ബ്രാഹ്മണം 3. ജാഗ്രത്-സ്വപ്ന-സുഷുപ്ത-ത്വരിയാവസ്ഥകൾ, ആത്മസാക്ഷാത്കാരത്തിനും ബ്രഹ്മജ്ഞാനത്തിനും വേണ്ടി അന്വേഷിക്കുന്നവർക്ക് ഭൗതിക ആഡംബരങ്ങളോടും-സുഖസൗകര്യ ങ്ങളോടും വിരക്തി തോന്നേണ്ടതിൻെറ ആവശ്യകത, ബ്രഹ്മപദ പ്രാപ്തി, കൈവല്യ അവസ്ഥ, അതീന്ദ്രിയധ്യാനവിവരണം.

ബ്രാഹ്മണം 4. ആന്തരീകവും ബാഹ്യവുമായ സൂര്യാകാശം, പരാകാശം, മഹാകാശം, ആകാശം എന്നിവിവരണം.

ബ്രഹ്മണം 5. യോഗമാർഗത്തിലൂടെയും മനസ്സിൻെറ നിയന്ത്രണത്തിലൂടെയും സാദ്ധ്യമാകുന്ന ഏകാഗ്രത, ഏകാഗ്രതയിലൂടെ പരബ്രഹ്മത്തിൽ മനസ് വലയം പ്രാപിപ്പിക്കുന്നതിൻെറ മാർഗ്ഗങ്ങൾ, നിർവ്വികൽപസമാധിയുടെ മഹത്വം, നിൽവ്വികൽപയോഗിയുടെ അനുഷ്ഠാനങ്ങൾ, പരമഹംസ യോഗിയുടെ അവസ്ഥാവിശേഷങ്ങൾ, യോഗചര്യകളിലൂടെ സാദ്ധ്യമാകുന്ന സംസാരബന്ധമുക്തി എന്നി വിഷയങ്ങൾ സൂര്യദേവൻ യജ്ഞവൽക്യന് ഉപദേശിക്കുന്നു.

**അദ്വയതാരക ഉപനിഷദ്** : മനോ–വാക്–നിയന്ത്രണത്തിൻെറ മഹത്വം, ധ്യാനനിരതനായി ഏകാഗ്രചിത്തതയോടെയുള്ള സാധന, ജനനമരണങ്ങളിൽനിന്ന് മുക്തനായി ബ്രഹ്മതത്വം അറിയുന്ന ജ്ഞാനിയുടെ മഹത്വം, ആത്മദർശനം, യോഗി ജ്ഞാനമാർഗത്തിലൂടെ നേടുന്ന അമൃതത്വഭാവം, യോഗിയുടെ സവിശേഷതകളും, താരകമന്ത്രമഹത്വവും, പ്രായോഗികതത്വവും അറിയുന്ന ജ്ഞാനിയുടെ ലക്ഷണം ,താരകയോഗിയുടെ ബ്രഹ്മജ്ഞാന പ്രാപ്തി, മനസിനെ അത്യുന്നത സാധനാവസ്ഥയിലെത്തിക്കുന്ന മൂർത്തതാരകവും, ബുദ്ധിയെ അത്യുന്നതസാധനാവസ്ഥയിലെത്തിക്കുന്ന അമൂർത്തതാരകവും, മാനസികാവസ്ഥയിലൂടെയും–ആത്മജ്ഞാനത്തിലൂടെയും ഒരു താരകയോഗിക്ക് സാദ്ധ്യമാകുന്ന ബ്രഹ്മദർശനം, താരകയോഗ സാധനയിലൂടെ നേടിയെടുക്കാവുന്ന അമാനുഷീകശക്തിയും യോഗിക്ക് ദൃശ്യമാകുന്ന പ്രപഞ്ച ചൈതന്യവും.

**പിംഗള ഉപനിഷദ്** : യജ്ഞവൽക്യൻ ശിഷ്യനായ പിംഗള മഹർഷിക്ക് ഉപദേശിക്കുന്ന വിഷയങ്ങൾ 4 അദ്ധ്യായങ്ങളിൽ ഈ ഉപനിഷത്തിൽ വിവരിക്കുന്നു.

അം 1. ബ്രഹ്മചൈതന്യ നിമഗ്നമായ പ്രപഞ്ചം, വെളുപ്പ്–ചുവപ്പ്– കറുപ്പ് നിറങ്ങൾ നിറഞ്ഞു നിൽക്കുന്ന ബ്രഹ്മചൈതന്യത്തിലെ സത്വ–രജ–തമോ ഗുണങ്ങൾ, ഊർജ്ജ ചൈതന്യം നിറഞ്ഞുനിൽക്കുന്ന ബ്രഹ്മാണ്ഡത്തിലെ ഈശ്വരചൈതന്യം, ഈശ്വരശക്തിയിൽ നിന്നുള്ള വിക്ഷേപ ശക്തിയുടെയും, ഹിരണ്യഗർഭ ചൈതന്യത്തിൻെറയും, അവയിൽനിന്ന് അഹങ്കാരത്തിൻെറയും (awareness) വിരാട് ചൈതന്യത്തിൻെറയും ഉത്ഭവം, ഈ വിരാട് ചൈതന്യമാകുന്ന പ്രപഞ്ച പുരുഷൻെറ മഹാവിഷ്ണുരൂപം, പ്രപഞ്ചപുരുഷചൈതന്യത്തിൽ നിന്ന് യഥാക്രമം



Scanned with CamScanner

ആകാശം-വായു-അഗ്നി-ജലം-പൃഥ്വി എന്നിവയുടെ ഉത്ഭവം, പഞ്ചഭൂതങ്ങളിൽ നിന്ന് പ്രപഞ്ച ദ്രവ്യങ്ങളുടെയും, പുതിയ സംയുക്തങ്ങളുടെയും സൃഷ്ടി, ഈ സംയുക്തങ്ങളിലൂടെ ബ്രഹ്മാണ്ഡ സൃഷ്ടി, തുടർന്നുള്ള പ്രാണന്റെ ഉത്ഭവം, കർമ്മേന്ദ്രിയങ്ങളുടെയും ജ്ഞാനേന്ദ്രിയങ്ങളുടെയും സൃഷ്ടി.

അം 2. പിംഗളാചാര്യന്റെ, ഈശ്വരൻ ജീവന്റെ അവസ്ഥ പ്രാപിച്ചതെങ്ങിനെയെന്ന പ്രശ്നത്തിന് മറുപടിയായി യജ്ഞവൽക്യന്റെ വിവരണം. പഞ്ചഭൂതങ്ങൾ കൊണ്ടുള്ള ശരീരാവയവങ്ങളുടെ സൃഷ്ടി, ശരീരത്തിൽ വിശപ്പ്-ദാഹം-താപം ഇവയുടെ അഗ്നിയിൽ നിന്നുള്ള സൃഷ്ടി, ചലനം,ശ്വസനം, വായുവിൽ നിന്ന്, ആഗ്രഹം-ദ്വേഷ്യം, 'ആകാശ'ത്തിൽ നിന്നും പഞ്ചഭൂതങ്ങളുടെ അംശങ്ങൾ ചേർത്ത് പ്രാണനും സൃഷ്ടിച്ചത്, പ്രാണന്റെ അവസ്ഥാ ഭേദങ്ങളായ അപാന-വ്യാന-ഉദാന-സമാന ഉപഗ്രഹങ്ങളുടെ സൃഷ്ടി, വികാര-വിചാരങ്ങളുടെ സൃഷ്ടി, ശരീരാവയവങ്ങളിൽ ദേവന്മാരുടെ ആധിപത്യം, അന്നമയ-പ്രാണമയ-മനോമയ-വിജ്ഞാനമയ-ആനന്ദമയ-എന്നിപ്രകാരമുള്ള ശരീരകോശവിഭജനം, ജീവചൈതന്യ സൃഷ്ടി, ബ്രഹ്മ-ഈശ്വര-പ്രവർത്തനം.

അം 3. തത്വമസി-ത്വം തദസി-ത്വം ബ്രഹ്മാസി-അഹം ബ്രഹ്മാസി എന്നി മഹാവാക്യങ്ങളുടെ ഗഹനമായ വിവരണം.

അം 4. ജ്ഞാനിയുടെ മഹത്വം, ബന്ധങ്ങളിൽന്നും ബന്ധനങ്ങളിൽ നിന്നുമുള്ള മുക്തി, സന്യാസജീവിതം, ത്യാഗമനോഭാവം എന്നിവയുടെ ലക്ഷണങ്ങൾ, ബന്ധനമുക്തജ്ഞാനിയുടെ ബ്രഹ്മപദപ്രാപ്തി.

**ഭിക്ഷുക ഉപനിഷദ്** : വാനപ്രസ്ഥാശ്രമത്തിനുശേഷം സന്യാസജീവിതം സ്വീകരിക്കുന്നവരുടെയും, ബ്രഹ്മചര്യാശ്രമത്തിൽ നിന്ന് സന്യാസം സ്വീകരിക്കു ന്നവരുടെയും ഭിക്ഷാടന നിയമങ്ങളാണ് ഇതിലെ വിഷയം.

വ്യത്യസ്ത സന്യാസികൾ ഭിക്ഷാടനത്തിന് അനുശാസിക്കേണ്ട നിയമങ്ങളിലെ ഭിന്നത, കുടീചികഭിക്ഷു-ബഹൂദകഭിക്ഷു -ഹംസഭിക്ഷു-പരമഹംസഭിക്ഷു-എന്നി നാലു വിഭാഗം സന്യാസികൾ യഥാക്രമം ഗൗതമൻ-ഭരദ്വാജൻ-യജ്ഞവൽക്യൻ-വസിഷ്ഠൻ എന്നിവരെ പോലുള്ളവരത്രെ. കുടീചിക ഭിക്ഷുകൾ തൃപ്തരാകുന്നവരത്രെ എട്ടുപിടി അന്നംകൊണ്ടും, ബഹൂദക ഭിക്ഷുക്കൾ മൂന്നുമുഴം മുളങ്കമ്പും, കമണ്ഡലവും-യജ്ഞോപ



Scanned with CamScanner

വീതവും-കാവി വസ്ത്രവുമായി സസ്യാഹാരം മാത്രം കഴിച്ചും ജീവിക്കുന്നു. ഗ്രാമത്തിൽ ഒരു രാത്രിയും- പട്ടണത്തിൽ അഞ്ചുരാത്രികളും-പുണ്യസ്ഥലങ്ങളിൽ ഏഴുരാത്രികളും മാത്രം വസിച്ച്, ഗോമയമായ ഭക്ഷണത്താൽ തൃപ്തരാകുന്ന ഹംസഭിക്ഷുക്കൾ. പരമഹംസഭിക്ഷുക്കൾക്ക് സ്വർണ്ണവും ശിലയും ഒരു പോലെയാകുന്നു. അവർ നഗ്നരായോ അർദ്ധനഗ്നരായോ വൃക്ഷചുവ ടുകളിൽ കഴിയുന്നതിൽ തൃപ്തി കണ്ടെത്തുന്നു. ശരീരത്തിൽ ജീവൻ നിലനിറുത്തുന്നതിനു മാത്രമുള്ള ഭിക്ഷാടനം നടത്തുകയും ചെയ്യുന്നു. ഭയ-സന്തോഷ-സന്താപ രഹിതമായ ജീവിതമാണ് പരമഹംസ യോഗിയുടേത്.

**തുരീയാതീത അവധൂത ഉപനിഷദ്** : തുരുയാതീത അവധൂതസന്യാസി യെക്കുറിച്ച് ശ്രീമൻ നാരായണൻ ബ്രഹ്മാവിനു നൽകുന്ന വിവരണം, തുരീയാതീത അവധൂത സന്യാസിയുടെ ജ്ഞാനിയും, വേദപുരുഷജ്ഞാനിയും, മഹാ പുരുഷ ജ്ഞാനിയുമായ ഹംസത്വപദവിയിൽ നിന്ന് പരമഹംസ പദവിയിലേക്കുള്ള ഉയർച്ച, ദിഗംബരത്വം, മന്ത്ര-ക്ഷൗര-സ്നാനത്തി ൻെറ ത്യാഗം (ഉപേക്ഷിക്കൽ) പുണ്യ-പാപ, ജ്ഞാന-അജ്ഞാന, ശീത-ഉഷ്ണ, സുഖ ദുഃഖങ്ങളിൽ നിന്നുമുള്ള മുക്തി, ഇന്ദ്രിയ നിയന്ത്രണം. കർമ്മധർമ്മങ്ങളിലും, ചര്യകളിലും ഏകനായുള്ള പ്രവൃത്തി, ആത്മധ്യാനനിരതത്വം, സർവ്വസംഗപരിത്യാഗിയുടെ അവസ്ഥ, ഇവയത്രെ തുരീയാതീത അവധൂതയോഗയുടെ നിർവ്വചനം.

**അദ്ധ്യാത്മ ഉപനിഷദ്** : അദ്ധ്യാത്മതത്വങ്ങളാണ് ഈ ഉപനിഷദ് വിഷയം. പഞ്ചഭൂതാംശങ്ങളിൽ വസിക്കുന്ന പ്രപഞ്ച പുരുഷൻ, പ്രപഞ്ച പുരുഷൻെറ ജീവൻ-മുക്തി-മൃത്യു എന്നീ ചേഷ്ടകൾ, ആദിയും- അന്ത്യവുമില്ലാത്ത പ്രപഞ്ചപുരുഷ മഹത്വം, ജനനമരണ ങ്ങളില്ലാത്ത ധ്യാനസാധനയിലൂടെയുള്ള ദർശനം, ത്യാഗികൾ അറിയുന്ന, ശരീരാതീതനായ മഹാപുരുഷ വർണ്ണനം, ആത്മ-പരമാത്മബന്ധത്തിലൂടെ ദൃശ്യമാകുന്ന ബ്രഹ്മസ്വരൂപമഹത്വം ഭൗതിക ശരീരത്തിൻെറ അനിത്യത്വം, ആത്മചൈതന്യത്തിലെ ബ്രഹ്മാംശം, ചിന്ത-വാസന-കർമ്മം എന്നിവയിൽനിന്ന് മുക്തനാകുന്ന ബ്രഹ്മജ്ഞാനി, ആത്മദർശനത്തിനുവേണ്ടിയുള്ള കേവലനും- നിർവ്വികൽപനുമായ യോഗിയുടെ ധ്യാനം, അജ്ഞാനമറകൾ നീങ്ങുമ്പോൾ ലഭിക്കുന്ന ബ്രഹ്മദർശനം. സമാധിയിലൂടെയും കർമ്മങ്ങളിലൂടെയും കർമ്മഫലങ്ങളുടെയും നാശം, ആത്മത്തി ൻെറയും, ബ്രഹ്മത്തിൻെറയും ഏകഭാവദർശനത്തിലൂടെ നേടുന്ന



Scanned with CamScanner

ജീവൻ മുക്താവസ്ഥ, പരമാത്മദർശനത്തിന് ആത്മാവ് ഉപാധികളിൽ നിന്നും-പ്രാരാബ്ധങ്ങളിൽനിന്നും മുക്തനാകേണ്ടതിൻെറ ആവശ്യകത, ആത്മാവിൻെറ വാസസ്ഥലമാകുന്ന ശരീരത്തെക്കുറിച്ചുള്ള യഥാർത്ഥജ്ഞാനം, ആത്മാവിലെ തേജോരൂപവും, മനുഷ്യനിലെ ചൈതന്യവും തമ്മിലുള്ള ബന്ധമഹത്വം.

**താരാശര ഉപനിഷദ്** : ബൃഹസ്പതിയും യജ്ഞവൽക്യനും തമ്മിലുള്ള സംവാദ മായാണ് ഈ ഉപനിഷത്തിൽ വിഷയാവതരണം. ദേവന്മാരുടെ യജ്ഞസ്ഥലമായ അവിമുക്തം അഥവാ കാശിയാണ് കുരുക്ഷേത്രമെന്ന യജ്ഞവൽക്യവിവരണം, സംസാരസാഗരം തരണം ചെയ്യുന്ന മന്ത്രമായ-താരകമന്ത്രമായ-'ഓം നമോ നാരായണായ'യുടെ മഹത്വം, ഇതിലെ ആത്മാവാകുന്ന ഓംകാരം-പ്രകൃതിയാകുന്ന നമ-പരബ്രഹ്മമാകുന്ന നാരായണ എന്നീ മന്ത്രങ്ങളുടെ വർണ്ണന, താരക മന്ത്രത്തിൻെറ അക്ഷരമഹത്വം ഓം-ബ്രഹ്മം, ന-വിഷ്ണു, മ-രുദ്രൻ, നാ-ഈശ്വരൻ, രാ-അണ്ഡാകൃതി, യ-പുരുഷൻ, ണാ-ഭഗവാൻ, യ-പരമാത്മഭാവങ്ങൾ, ഓംകാര വിവിരണത്തിൽ, അ-ഒന്നും, ഉ-രണ്ടും, മ-മൂന്നും, ബിന്ദു-നാലും, നാദം-അഞ്ചും, കാലം-ആറും, കാലാതീതം-ഏഴും, അതിനുമപ്പുറം-എട്ടും, ചേർന്നതാണത്രെ അഷ്ടാക്ഷരം, ത്രിലോകാധീശനായ പരമാത്മാവിൻെറമഹത്വം.

**യജ്ഞവൽക്യ ഉപനിഷദ്** : സന്യാസം സ്വീകരിച്ച ജനകൻ യജ്ഞവൽക്യന് നൽകുന്ന ഉപദേശമാണ് ഈ ഉപനിഷദ് വിഷയം. ആത്മജ്ഞാനിയും -വേദപാരംഗതനും- ചിത്തത്തെ നിയന്ത്രിച്ചവനുമായ സന്യാസിയുടെ സകല ചരാചരങ്ങളിലും വസിക്കുന്ന ഈശ്വരദർശനം, അസ്തി- മാംസ-മജ്ജയാൽ നിർമ്മിതമായ ശരീരത്തിന് അത്മജ്ഞാനത്താൽ ഉണ്ടാകുന്ന ആനന്ദം, മനുഷ്യനാശത്തിന് കാരണമായ നാരിയുടെ കേശജലം-ദുഃഖകരമായ സ്പർശനം-അഗ്നിശിഖ, മംഗളകാരിയായ കുലീന സ്ത്രീയുടെ മഹത്വം, ഗർഭാധാനം മുതൽ വിവാഹം വരെയുള്ള മനുഷ്യ ജന്മചക്രവിവരണം, ആത്മസംയനത്തി ലൂടെയും-മനസ്സിൻെറ നിയന്ത്രണത്തിലൂടെയും സാദ്ധ്യമാകുന്ന സംസാരചക്രത്തിൽ നിന്നുള്ള മുക്തി, 'ചിത്തി'ൻെറ പ്രഭാവമായ സംസാരത്തിൻെറ യഥാർത്ഥ ജ്ഞാനത്തിലൂടെ യോഗിക്ക് ലഭിക്കുന്ന പരമഹംസ പദവി.

**ശാട്യായനീയ ഉപനിഷദ്** : ശാട്യായന മഹർഷി സന്യാസത്തെക്കുറിച്ച് നൽകുന്ന വിവരണങ്ങളാണ് ശാട്യായനീയ-സാത്യായണീയ-ഉപനിഷദ് വിഷയം. അഖില വിശ്വത്തിലും ബ്രഹ്മചൈതന്യം



Scanned with CamScanner

# ഭാരതീയ വിചാരധാര

INDIAN INSTITUTE OF SCIENTIFIC HERITAGE

अमृतं तु विद्या

ഡോ: എൻ. ഗോപാലകൃഷ്ണൻ

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 10

Scanned with CamScanner

ദർശിക്കുവാൻ ഒരു തത്വജ്ഞാനി അനുശാസിക്കേണ്ട മനോനിയന്ത്രണം, വാസുദേവ ധ്യാനം, യോഗിയുടെ മോക്ഷപ്രാപ്തിക്കുവേണ്ടിയുള്ള ഉപവീതധാരണം, ശുദ്ധചിത്തം, വിഷ്ണുധ്യാനം, സ്നാന തർപ്പണാദികളുടെ അനുഷ്ഠാനം, ഗായത്രീജപം, ഉപനിഷദ്പഠനം, ജ്ഞാനദണ്ഡ്-ശിഖ-ഉപവീത-ധാരണം, സൗമ്യത, അൽപ ഭക്ഷണം-മയക്കം-ഗുഹാവാസം-വേദാഭ്യസനം എന്നീ ചര്യകൾ, സന്യാസിയുടെ വർണ്ണാശ്രമധർമ്മങ്ങളിൽ നിന്നുള്ള മോചനം, ഓംകാരധ്യാനം, പ്രണവമന്ത്രജപം, ഇത്തര ത്തിലുള്ള സന്യാസിയുടെ ബ്രഹ്മപദപ്രാപ്തി.

**മുക്തിക ഉപനിഷദ്** : നൂറ്റെട്ട് ഉപനിഷത്തുക്കളിൽ അവസാനം വരുന്നതാണ് മുക്തിക ഉപനിഷദ്. ശ്രീരാമന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പ് ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ, സീത, വസിഷ്ഠൻ, ശുകൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഹനുമാൻെറ ആവശ്യപ്രകാരം വേദങ്ങളെയും ഉപനിഷത്തുകളെയും കുറച്ച് നൽകുന്ന വിവരണമാണ് ഈ ഉപനിഷദ്. വേദശാഖകളെക്കുറിച്ചും ഉപനിഷത്തുകളെകുറിച്ചും പണ്ഡിതാഭിപ്രായം ഭിന്നമാണെങ്കിലും യഥാർത്ഥം ഇപ്രകാരമാകുന്നു എന്ന മുഖവുരയോടെയാണ് ശ്രീരാമൻ ഈ ഉപനിഷദ് വിഷയങ്ങൾ വിവരിക്കുന്നത്. നാലുവേദങ്ങൾ, ഋക്-യജുസ്-സാമം-അഥർവം. ഋഗ്വേദത്തിന് 21 ശാഖകൾ യജുർവേദത്തിന് 109 ശാഖകൾ സാമവേദത്തിന് 1000, അഥർവവേദശാഖകൾ 50, ഉപനിഷത്തുകൾ 108. ഐതരേയ ഉപനിഷദ് മുതൽ ബഹ്‌വൃച ഉപനിഷദ് വരെ 10 ഋഗ്വേദീയ ഉപനിഷത്തുകൾ, ഇവയുടെ ശാന്തിമന്ത്രമാം "ഓം വാങ്മേ മനസി .................... അവതു വക്താരം". ഈശാവസ്യോപനിഷദ് മുതൽ മുക്തിക ഉപനിഷദ്‌വരെ 19 ശുക്ല യജുർവേദീയ ഉപനിഷത്തുകൾ, ഇവയുടെ ശാന്തിമന്ത്രമായ 'ഓം പൂർണ്ണമദ പൂർണ്ണമിദം ............... പൂർണ്ണമേവ അവശിഷ്യതെ'. കാളപനിഷദ് മുതൽ സരസ്വതീരഹസ്യ ഉപനിഷദ്‌വരെ 32 കൃഷ്ണ യജുർവേദീയ ഉപനിഷത്തുകൾ, ഇവയുടെ ശാന്തിമന്ത്രം 'ഓം സഹനാ വവതു............മാ വിദ്വിഷാവഹൈ' കേന ഉപനിഷദ് മുതൽ ജാബാല ഉപനിഷദ് വരെ 16 സാമവേദീയ ഉപനിഷത്തുകൾ, അവയുടെ ശാന്തിമന്ത്രം 'ഓം ആപ്യായന്തു മമാംഗാനി ................ ധർമ്മാസ്തേമയി സന്തു തേ മനി സന്തു', പ്രശ്നഉപനിഷദ് മുതൽ ഗരുഡഉപനിഷദ്‌വരെ 31 അഥർവവേദീയ ഉപനിഷത്തുകൾ, ഈ ഉപനിഷത്തുകളുടെ ശാന്തിമന്ത്രം 'ഓം ഭദ്രം കർണ്ണേഭി ശൃണുയാമ ദേവാ ............. ബൃഹസ്പതിർദധാതു.' ഇതാണ് അദ്ധ്യായം ഒന്നിലെ വിഷയങ്ങൾ.



Scanned with CamScanner

(ഋഗ്വേദ-ശുക്ല യജുർവേദ-കൃഷ്ണ യജുർവേദ-സാമവേദ- അഥർവവേദ ക്രമത്തിലാണ്, ഈ പുസ്തകത്തിൽ ഉപനിഷദ് വിവരണം നൽകിയിരിക്കുന്നത്).

അദ്ധ്യായം രണ്ടിൽ വിവരിക്കുന്ന വിഷയങ്ങൾ പ്രാണൻ, യോഗസാധന, ബുദ്ധി, ജ്ഞാനം, മനനം എന്നിവയാണ്. ഉപനിഷദന്ത്യത്തിൽ ശ്രീരാമൻ തന്നിലെ ദൈവീകത്വവും വിഷ്ണുചൈതന്യവും സവിസ്തരം വർണ്ണിക്കുന്നു.

## കൃഷ്ണയജ്ജുർവേദീയ ഉപനിഷത്തുകൾ

കൃഷ്ണയജ്ജുർവേദത്തിലെ വിവിധ ശാഖകളിലോ, ബ്രാഹ്മണങ്ങളിലോ, ആരണ്യകങ്ങളിലൊ വിവരിക്കുന്ന ഉപനിഷത്തുകളും, കൃഷ്ണ യജ്ജുർവേദികളുടെ പരമ്പരയിൽ വരുന്ന ഋഷികളാൽ രചിക്കപ്പെട്ടതുമായ ഉപനിഷത്തുകളുമാണ് ഈ വിഭാഗത്തിൽ വരുന്നത്.

**കഠോപനിഷദ്** : വളരെ പ്രസിദ്ധമായ ഈ ഉപനിഷത്തിൽ ആറി വല്ലികളാണുള്ളത്. വല്ലികളുടെ ക്രമത്തിൽ വിഷയങ്ങളിപ്രകാരമാണ്.

വല്ലി 1. ഉൽകൃഷ്ടമായ ഫലസിദ്ധിക്കുവേണ്ടിവിശ്വജിത് യാഗം നടത്തിയ വാജശ്രവസ് എന്ന രാജാവ് യാഗാന്ത്യത്തിൽ നടത്തുന്ന പശുക്കളുടെ ദാനം, കറവയറ്റതും വയസ്സേറിയതുമായ പശുക്കളെ ദാനം ചെയ്യുന്നത് കണ്ടിട്ട് പുത്രനായ നചികേതസ് 'എന്നെ ആർക്കാണ് ദാനം ചെയ്യുന്നത്' എന്ന വ്യംഗ്യപ്രശ്നം പിതാവിനോട് ചോദിക്കുന്നു. 'യമധർമ്മ രാജാവിന്' എന്ന കുപിതനായ പിതാവിൻെറ മറുപടി കേട്ട് സ്വയം ധർമ്മരാജ സന്നിധിയിലേക്ക് പോകുന്നു. ധർമ്മരാജൻ നൽകിയ എല്ലാ ഭൗതികസുഖങ്ങളും ത്യജിച്ച് തനിക്ക് ആത്മജ്ഞാനമാണ് ആവശ്യമെന്ന നചികേതസ്സിൻെറ അപേക്ഷപ്രകാരം ആത്മജ്ഞാനം യമധർമ്മൻ വിവരിക്കുന്നു.

വല്ലി 2. ഹൃദയത്തിൽ വസിക്കുന്ന ശാശ്വതവും-അനന്തവും, നിത്യവുമായ ആത്മവിവരണം ആത്മജ്ഞാനത്തിന് വേദജ്ഞാനത്തിൻെറ അപര്യാപ്തത, ആത്മജ്ഞാനിയായ ആചാര്യനിലൂടെ ലഭ്യമാകുന്ന അത്മജ്ഞാന ഫലമഹത്വം.

വല്ലി 3. രഥമാകുന്ന ശരീരത്തിൻെറ, ഉടമയാകുന്ന ആത്മാവ്, തേരാളിയാകുന്ന ബുദ്ധി, കുതിരകളാകുന്ന ഇന്ദ്രിയങ്ങൾ രൂപ-രസ-ഗന്ധമാകുന്ന പന്ഥാവുകളിലുടെയുള്ള യാത്രാവിവരണം.



Scanned with CamScanner

വല്ലി 4. ചരാചരങ്ങളെ നിയന്ത്രിക്കുന്നതും പ്രകാശിപ്പിക്കുന്നതു മായ ആത്മചൈതന്യത്തെ അറിയുന്നതിന് പരിശുദ്ധമായ മനസ്, മനോനിയന്ത്രണം, ആത്മനിയന്ത്രണം, അശ്രാന്ത പരിശ്രമം എന്നിവയുടെ ആവശ്യകത.

വല്ലി 5. പഞ്ചപ്രാണങ്ങൾക്കതീതമായ ബ്രഹ്മം, ബ്രഹ്മ-ആത്മബന്ധം, അഗ്നിയും-വായുവും ശരീരത്തിൽ സ്ഥിതി ചെയ്യുന്നതുപോലെ ശരീരത്തിലെ ആത്മസാന്നിദ്ധ്യം.

വല്ലി 6. പ്രപഞ്ചത്തിനാധാരമായ ബ്രഹ്മം, ബ്രഹ്മോപാസനയിലൂടെയുള്ള ആത്മജ്ഞാനം, യമധർമ്മരാജൻ നൽകിയ ആത്മീയ ഉപദേശം സ്വീകരിച്ച നചികേതസ്സിൻെറ ബ്രഹ്മപദ പ്രാപ്തി.

**തൈത്തിരീയ ഉപനിഷദ്** : കൃഷ്ണ യജുർവേദത്തിലെ തൈത്തിരീയ ആരണ്യകത്തിൻെറ ഭാഗമായ തൈത്തിരീയ ഉപനിഷത്തിലെ മൂന്ന് അദ്ധ്യായങ്ങളെ ശിക്ഷാവല്ലി, ബ്രഹ്മാനന്ദവല്ലി, ഭൃഗുവല്ലി എന്നറിയപ്പെടുന്നു. വല്ലി ക്രമത്തിൽ വിഷയവിവരണം ഇപ്രകാരമാണ്.

ശിക്ഷാവല്ലി : വേദപഠനത്തിൽ ശ്രദ്ധിക്കേണ്ട വേദശ്രുതി, വേദോപാസന, വേദസാരം, ഓംകാരമഹത്വം, ഭൗതികസുഖങ്ങൾക്കായുള്ള പ്രാർത്ഥന, ഭൂ-ഭുവ-സ്വർലോകങ്ങളെക്കുറിച്ചുള്ള നിർവ്വചനങ്ങൾ, ബ്രഹ്മതത്വവിവരണം, ഓംകാരതത്വം, വേദവിദ്യാർത്ഥികളായ ബ്രഹ്മചാരികളുടെ ആചാര-അനുഷ്ഠാനങ്ങൾ, വേദമഭ്യസിപ്പിക്കുന്ന ഗുരുവിൻെറ മഹത്വം, വേദജ്ഞൻെറ കർത്തവ്യങ്ങൾ,. മനുഷ്യധർമ്മം.

ബ്രഹ്മാനന്ദവല്ലി : ബ്രഹ്മസ്ഥാനം, വിസ്തൃതി, വ്യാപകത, ബ്രഹ്മജ്ഞാനപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ, ബ്രഹ്മ-അന്ന-ആത്മ-പ്രാണബന്ധനം, പ്രാണമയ അന്നമയ-മനോന്മയ കോശങ്ങളുടെ വ്യവഹാരങ്ങൾ, ബ്രഹ്മജ്ഞാന പ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ, ബ്രഹ്മജ്ഞാനിക്കും, ബ്രഹ്മസമ്പർക്കത്തിലൂടെ ഗന്ധർവൻമാർക്കും-പിതൃക്കൾക്കും- ദേവന്മാർക്കും ലഭിക്കുന്ന ബ്രഹ്മാനന്ദം.

ഭൃഗുവല്ലി : ഭൃഗുമഹർഷിക്ക് പിതാവായ വരുണൻ നൽകുന്ന ബ്രഹ്മോപദേശം. അന്നത്തിൻെറ ബ്രഹ്മത്വം, പ്രാണൻെറ ബ്രഹ്മപദവി, മനസ്സിൻെറ ബ്രഹ്മാംശം, വിജ്ഞാനത്തിൻെറ ബ്രഹ്മപദം, അന്നദാനം, അന്നോപാസന, ബ്രഹ്മോപാസന ഇവയുടെ തുല്യമഹത്വം, ശിക്ഷാ വല്ലിയിൽ 12, ബ്രഹ്മാനന്ദവല്ലിൽ 9, ഭൃഗുവല്ലിയിൽ 10 എന്നീ ക്രമത്തിൽ അനുവാകങ്ങളുണ്ട്.



Scanned with CamScanner

**ബ്രഹ്മ ഉനിഷദ്** : ബ്രഹ്മവിഷയങ്ങൾതന്നെ ഗദ്യഭാഗമായ ആദ്യപകുതിയിലും പദ്യങ്ങളായ രണ്ടാം പകുതിയിലും ബ്രഹ്മോപനിഷത്തിൽ വർണ്ണിക്കുന്നു.

ഗദ്യഭാഗം : പ്രാണ-ആത്മ-ബ്രഹ്മ ബന്ധം, ജാഗ്രത്-സ്വപ്ന-സുഷുപ്താവസ്ഥകളിൽ ശരീരത്തിനെയും ജീവനെയും തേജോമയമാക്കുന്ന ബ്രഹ്മചൈതന്യം, വേദങ്ങളുടെയും- ദേവന്മാരുടെയും ആധാരമായ ബ്രഹ്മതത്വം, ഉരഗത്തിലും-പക്ഷിയിലും-മനുഷ്യനിലും തേജസ്സേകുന്ന ബ്രഹ്മചൈതന്യം, ബ്രഹ്മത്തിൻെറ പ്രകൃതിപുരുഷത്വം. ബ്രഹ്മചൈതന്യം വിലസുന്ന ആത്മാവ്-ദേവത-പ്രാണൻ-ആനന്ദം, ഹൃദയാകാശത്തിൽ വർത്തിക്കുന്ന സൂര്യ-വിഷ്ണു-ഈശ്വര-ജീവ-അഗ്നികളുടെ ചൈതന്യത്തിനാധാരമായ ബ്രഹ്മം പൂർണ്ണരൂപത്തിൽ ദേവന്മാർക്കും-ഋഷികൾക്കും അപ്രാപ്യമാകുന്നതിന് കാരണം.

പദ്യഭാഗം : ഋഷി, ദേവകളും-പ്രാണനും കുടികൊള്ളുന്ന ഹൃദയത്തിൽ വസിക്കുന്ന ബ്രഹ്മത്തോട് ശുദ്ധിയും-ശക്തിയും-പക്വതയും പകർന്നു തരുവാൻ പ്രാർത്ഥിക്കുന്നു. ബ്രഹ്മജ്ഞാനിക്ക് തത്ജ്ഞാനംതന്നെ യജ്ഞോപവീതമായിത്തീരുന്നു. യജ്ഞോപവീതം വേദജ്ഞാനത്തിൻെറയും-ശിഖ ബ്രഹ്മജ്ഞാനത്തിൻെറയും ലക്ഷണമായതുകൊണ്ട് അവയുടെ ധാരണമഹത്വം, മൂന്നു ജാതിയിൽ ജനി ച്ചവരും യജ്ഞോപവീതം ധരിക്കുന്നതിൻെറ മഹത്വം, ദൈവീക ചൈതന്യം ദർശിക്കുന്നതിനുള്ള ധ്യാനമാർഗ്ഗം, എള്ളിൽ എണ്ണപോലെയും, കടലിൽ തിരകൾ പോലെയും ജ്ഞാനിക്ക് ലഭിക്കുന്ന ആത്മദർശനം, ബ്രഹ്മപ്രകാശദർശനത്തിനായുള്ള അതീന്ദ്രിയധ്യാനം-മാർഗവിവരണം.

**കൈവല്യ ഉപനിഷദ്** : ഈ ഉപനിഷത്തിലെ വിഷയങ്ങൾ രണ്ടു ഖണ്ഡങ്ങളിൽ വിവരിക്കുന്നു. ഖണ്ഡക്രമത്തിൽ വിഷയാവതരണം ഇപ്രകാര മാകുന്നു.

ഖണ്ഡം 2. ശതരുദ്രമഹത്വം, ശതരുദ്രജ്ഞാനിയുടെ പാപമോചനം, ജ്ഞാനിക്കു ലഭിക്കുന്ന ശിവപ്രസാദം, കൈവല്യ ഉപനിഷദ് പഠനഫലം.

**ശ്വേതാശ്വേതര ഉപനിഷദ്** : ജ്ഞാന-ഭക്തി-കർമ്മ മാർഗ്ഗങ്ങളുടെയും ദ്വൈത-അദ്വൈത ദർശനങ്ങളുടെയും വിവരണമാണ് ശ്വേതാശ്വേതരോപനിഷത്തിലെ 6 അദ്ധ്യായങ്ങളിലെ വിവരണവിഷയങ്ങൾ.



Scanned with CamScanner

അം 1, 2. ബ്രഹ്മതത്വം, ബ്രഹ്മത്തിൻെറ ഉത്ഭവം, ബ്രഹ്മത്തിൻെറ നാശം, ഈ വിഷയങ്ങളെക്കുറിച്ചുള്ള വേദാന്തികളുടെ അഭിപ്രായങ്ങൾ, സംസാരത്തിലെ സുഖദുഃഖങ്ങൾക്കുള്ള കാരണങ്ങൾ, സമയം, പ്രകൃതി, ചേതന-അചേതന, ഊർജ്ജം, ബുദ്ധി, ആത്മാവ്, ബ്രഹ്മപ്രകാശം, ബ്രഹ്മപ്രകാശത്തിൻെറ പ്രതിഫലനം. മനസ്സിൻെറ നിയന്ത്രണം, ബ്രഹ്മദർശനമാർഗ്ഗം, ധ്യാനമഹത്വം, ശ്വാസ-ശരീര-ഇന്ദ്രിയ നിയന്ത്രണനിയമങ്ങൾ.

അം 3. രുദ്രരൂപ വർണ്ണനം, ബ്രഹ്മസ്വരൂപ വർണ്ണനം, ആദിയും അന്തവുമില്ലാത്ത-സർവ്വവ്യാപിയായ-പാദഹസ്തങ്ങളില്ലാത്ത-ഇന്ദ്രിയങ്ങൾക്കു ഗോചരമല്ലാത്ത-ചിന്താതീതമായ, ആയിരക്കണക്കിന് ശിരസ്സും, നേത്രങ്ങളുമുള്ള അത്ഭുതകരമായ ബ്രഹ്മസ്വരൂപവിവരണം.

അം 4. ബ്രഹ്മത്തിൻെറ വിവിധ രൂപങ്ങളായ സൂര്യൻ-ചന്ദ്രൻ-വായു-ആകാശം-മനുഷ്യൻ-പക്ഷി-ചിത്രശലഭം-മേഘം-കാലം-കടൽ-അന്തരിക്ഷം-വർണ്ണങ്ങൾ-പ്രപഞ്ചം.

അം 5. അഗാധമായ ധ്യാനത്തിലൂടെ ലഭിക്കുന്ന ജ്ഞാനം കൊണ്ട് ദൃശ്യമാകുന്ന ബ്രഹ്മം, വേദങ്ങളിലും ഉപനിഷത്തുകളിലും പ്രകീർത്തിക്കപ്പെടുന്ന ബ്രഹ്മത്വം.

അം 6. ഈശ്വരചൈതന്യത്താലുള്ള പ്രപഞ്ചത്തിലെ വസ്തുക്കളുടെ ശോഭ, രൂപം-ചലനം-ഗുണം-സ്വഭാവം-സംരക്ഷണം-നാശം അറിയുകയും ഉപാസിക്കുകയും ചെയ്യേണ്ട പരമമായ പ്രപഞ്ച ചൈതന്യം, അതിലൂടെയുള്ള മോക്ഷപ്രാപ്തി.

**ഗർഭോപനിഷദ്** : രണ്ടു ഭാഗങ്ങളിലായി ഗർഭസ്ഥശിശുവിൻെറ വളർച്ചയാണ് ഗർഭോപനിഷത്തിൽ വിവരിക്കുന്ന വിഷയം.

ഭാഗം 1. പഞ്ചഭൂതനിർവ്വചനം, കാഠിന്യമുള്ളത്-പൃഥ്വി, ദ്രാവകരൂപത്തിലുള്ളത്-അപ്, ഉഷ്ണമായിട്ടുള്ളത്- തേജസ്, സഞ്ചരിക്കുന്നത്-വായു,സൂക്ഷ്മരൂപമായിട്ടുള്ളത്-ആകാശം. ഗുണവിശേഷങ്ങളായ മധുരം-അമ്ലം-ലവണം-തിക്തം-കടുകം, ധാതുക്കളായ ശുക്ലം-രക്തം-കൃഷ്ണധൂമ്രം-പീതകം-പാണ്ഡുരം-കപിലം.

ഭാഗം 2. ഗർഭസ്ഥ ശിശുവിൻെറ വളർച്ച, സംയോഗം ഒന്നാം രാത്രി, പിണ്ഡരൂപം-പതിനഞ്ചാം ദിവസം, ശിരസിൻെറയും ഉടലിൻെറയും വ്യക്തരൂപം-രണ്ടാം മാസം, പാദപ്രദേശം-മൂന്നാംമാസം, ജഠര-കടി പ്രദേശങ്ങൾ-നാലാം മാസം, പൃഷ്ഠം-അഞ്ചാംമാസം, കണ്ണ്-മൂക്ക്-ചെവി പ്രകടമാകുന്നത്-ആറാം മാസം, പൂർണ്ണരൂപം-



Scanned with CamScanner

എട്ടാം മാസം, പൂർണ്ണധ്യാനം-ഒമ്പതാംമാസം, സർവ്വലക്ഷണ സമ്പൂർണ്ണനായി പൂർവ്വജന്മ സ്മരണയോടെയുള്ള സ്ഥിതി പത്താംമാസം. ജനനത്തിൽ നവജാതശിശുവിൻെറജ്ഞാനാഗ്നിയും, ദർശനാഗ്നിയും കോഷ്ഠാഗ്നിയോടും, ബുദ്ധി, ജ്ഞാനേന്ദ്രിയങ്ങൾ-യജ്ഞ പാത്രത്തോടും, ശിരസ് കപാലത്തോടും, കേശം ദർഭയോടും ഉപമിച്ച് ഒരു യജ്ഞകർമ്മിയെപോലെയുള്ള ശിശുവിൻെറ ജനനവിവരണം.

**നാരായണ ഉപനിഷദ്** : ശ്രീമൻ നാരായണൻെറ സർവ്വസാന്നിദ്ധ്യമാണ് ഈ ഉപനിഷത്തിലെ അഞ്ചുമന്ത്രങ്ങളിലെ വിവരണവിഷയം. നാരായണനിൽ നിന്ന് ഉത്ഭവിക്കുന്ന പഞ്ചപ്രാണൻ-രുദ്രൻ- ബ്രഹ്മാവ്-ഇന്ദ്രൻ-പ്രജാപതി-പന്ത്രണ്ടാദിത്യന്മാർ-വസുക്കൾ-വേദങ്ങൾ. ശ്രീമൻ നാരായണൻെറഭാഗമായ ഇന്ദ്രൻ-ബ്രഹ്മാവ്-രുദ്രൻ-ദിക്- അക്ഷരങ്ങൾ എന്നിവയെ അറിയുന്നവരുടെ വിഷ്ണുപദപ്രാപ്തി, ഭൗതിക-ആത്മീയ സുഖങ്ങളനുഭവിക്കുന്നവനും, നാരായണമന്ത്രം ജപിക്കുന്നവനുമായ ജ്ഞാനിയുടെ ജീവിതം, നാരായണ ഉപാസനയിലൂടെയും-നാരായണ ഉപനിഷദ് പഠനത്തിലൂടെയും പാപമോചിതനും, നാരായണനിൽ സായൂജ്യം പ്രാപിക്കുന്നവനുമായിത്തീരുന്ന ജ്ഞാനി.

**മഹാനാരായണ ഉപനിഷദ്** : വളരെയധികം ഋഗ്വേദമന്ത്രങ്ങളും, യജുർവേദ മന്ത്രങ്ങളുമുള്ള ഈ ഉപനിഷത്തിൽ 80 അദ്ധ്യായങ്ങളുണ്ട്. വൈദിക ദേവന്മാരുടെ സ്തുതികളാണ് ഇതിലെ പ്രധാനഭാഗം.

ബ്രഹ്മവിവരണം, ആദിരൂപമായ പ്രപഞ്ചപുരുഷസ്തുതി, വിഷ്ണുസ്തുതി, ഈ സ്തുതികളെല്ലാം വേദഋക്കുകളാണ്. അഗ്നിസ്തുതി, ദുർഗാദേവി പ്രാർത്ഥന, വേദത്തിലുള്ള ഹവന മന്ത്രങ്ങൾ പ്രാർത്ഥനാമന്ത്രങ്ങൾ, പരമാത്മ സ്തുതി, ഋഗ്വേദത്തിലെയും യജുർവേദത്തിലെയും ഓരോ മന്ത്രം മാത്രമടങ്ങുന്ന, ഭൗതിക സുഖങ്ങൾ-സമ്പൽസമൃദ്ധി എന്നിവക്കുള്ള പ്രാർത്ഥനകൾ, ആദിത്യ-രുദ്ര-അഗ്നി-ജല-ഓംകാര-ദേവി- ബ്രഹ്മസ്തുതികൾ, ബ്രഹ്മമഹത്വം, വൈദികയജ്ഞകർമ്മങ്ങളുടെയും പ്രതീകാത്മകമായ ഭാവങ്ങളുടെയും അർത്ഥങ്ങൾ, അത്മജ്ഞാനിയായ ഒരു സന്യാസിക്ക് ഭാര്യയും സ്വന്തം ശരീരവും-യാഗദ്രവ്യങ്ങളും, മാറിടം-യജ്ഞസ്ഥലവും, കേശം-ദർഭയും, ജഡ-വേദവും, ഹൃദയം-ഹവനദണ്ഡും, ആഗ്രഹങ്ങൾ-നെയ്യും, കോപം-



Scanned with CamScanner

യാഗപശുവും, സമ്പത്-ദക്ഷിണയും, വാക്-ഹോതാവും, ശ്വാസം-ഉദ്ഗാതാവും, കാഴ്ച-അധ്വര്യുവും, മനസ്-ബ്രഹ്മനും, ജീവിതദൈർഘ്യം (ആയുസ്)-യാഗവ്രതവും, ഭക്ഷണം-ഹവിസും, മഹാജലം-സോമരസവും, ജ്ഞാനം-ഹവനകർമ്മങ്ങളുമായിത്തീരുന്നുവത്രെ. ശരീരത്തെ യജ്ഞത്തോടുപമിക്കുകയാണിവിടെ!

**അമൃതബിന്ദുഉപനിഷദ്** : മനസ്സിനെക്കുറിച്ച് വിവരിക്കുന്ന 22 വരികൾ മാത്രമുള്ളതാണ്, അമൃതബിന്ദു ഉപനിഷദ്. മനുഷ്യമനസ്സിൻെറ കാമാസക്തിയുള്ള അശുദ്ധഭാഗം, കാമവർജ്ജിതമായ ശുദ്ധഭാഗം, മനസ്സിൻെറ ബന്ധമോക്ഷങ്ങൾക്കുള്ള കാരണം, ജ്ഞാനത്തിൻെറയും -ധ്യാനത്തിൻെറയും ഉറവിടമായ മനസ്സിൻെറ മഹത്വം, വിഷയാസക്തമായ മനസ്സിൻെറ നിയന്ത്രണം, വിഷയാസക്തമായ മനസ്സിൻെറ നിയന്ത്രണം, വിഷയസക്തിയില്ലാത്ത മനസ്സിൻെറ ഓംകാര ധ്യാനത്തിലൂടെയും- നിരന്തരസാധനയിലൂടെയുമുള്ള ബ്രഹ്മജ്ഞാനപ്രാപ്തി, ത്യാഗത്തിലൂടെ ജ്ഞാനി പുനർജ്ജന്മമുക്തനായി ആത്മജ്ഞാനിയാകുന്നത്, ജീവചൈതന്യമായ ബ്രഹ്മത്തെ വിവിധ കുടങ്ങളിലെ അടിസ്ഥാന ഘടകമായ മണ്ണിനോട് ഉപമിച്ചിരിക്കുന്നത്, ജ്ഞാനികൾക്ക് വേദങ്ങളിലൂടെ അറിയാവുന്ന പരബ്രഹ്മതത്വം, വേദങ്ങളിൽ നിന്നും ജ്ഞാനസമ്പാദനം, നെയ്യ് പാലിലുള്ളതുപോലെ സർവ്വഭൂതങ്ങളിലും ദൃശ്യമാകുന്ന ജ്ഞാനം, ജ്ഞാനത്തിലൂടെ പരബ്രഹ്മചൈതന്യദർശനം.

**അമൃതനാദ ഉപനിഷദ്** : ധ്യാനമാർഗ്ഗത്തെക്കുറിച്ചാണ് അമൃതനാദ ഉപനിഷത്തിലെ 38 വരികളിൽ പ്രതിപാദിക്കുന്നത്. യോഗിയുടെ ബ്രഹ്മജ്ഞാനപ്രാപ്തിക്കായുള്ള സഞ്ചാര വിവരണം. ഓംകാര രഥത്തിൽ- ധ്യാനമാർഗ്ഗത്തിലൂടെ-മഹാവിഷ്ണുവിനെ സാരഥിയാക്കി-രുദ്രപൂജ നടത്തി-ബ്രഹ്മലോകം ലക്ഷ്യമാക്കിയുള്ള പ്രയാണം, പ്രത്യാഹാരം- ധ്യാനം- പ്രാണായാമം-ധാരണ-താരകം-സമാധി എന്നീ ഷഡംഗങ്ങളുടെ പ്രസക്തി, രുചിര-രേചക-പൂരക എന്നീ പ്രാണായാമത്തിൻെറ മൂന്ന് അവസ്ഥകൾ, ധാരണ-ധ്യാനം-സമാധി അവസ്ഥകൾ, സമാധിയുടെ സുദീർഘമായ വിവരണം, യോഗാഭ്യസനം, യോഗാനുഷ്ഠാനങ്ങിൽ ഉണ്ടായിരിക്കേണ്ട കൃത്യതയും- നിഷ്ഠയും. യോഗപരിശീലനവിധം, യോഗ പരിശീലനത്തിൽ ദർഭയിൽ ഇരുന്ന് കൈ യഥാസ്ഥാനത്തുവെച്ച് ശ്വാസോച്ഛ്വാസം നിയന്ത്രിച്ച്- ഓം കാരം ധ്യാനിച്ച്-കുണ്ഡലിനിയെ ഉത്തേജിപ്പിച്ച്, നിരന്തരസാധന നടത്തേണ്ടവിധം, പഞ്ചഭൂത



Scanned with CamScanner

വിവരണം അഞ്ചുമാത്രയുള്ള പൃഥ്വി, നാലു മാത്രയുള്ള അപ്പ്, മൂന്ന് മാത്രയുള്ള തേജസ്, രണ്ടു മാത്രയുള്ള വായു, ഒരു മാത്രയുള്ള ആകാശം, പ്രാണോപാസനയുടെ ഭാഗമായ പ്രാണൻെറ ധ്യാനം, യോഗചര്യകളുടെ മഹത്വം.

**കാലാഗ്നിരുദ്ര ഉപനിഷദ്** : വളരെ ചെറിയ ഒരു ഉപനിഷത്താണിത്. കാലാഗ്നി രൂപനായ ശിവൻ തൃപുണ്ഡ്രവിധിയെക്കുറിച്ച് സനൽകുമാരനോട് വിവരിക്കുന്ന താണ് വിഷയം, ഭസ്മത്തിൻെറ ഘടനയായ അഗ്നി-വായു-ജല, പൃഥ്വി-മേഘ വിവരണം, മോക്ഷ പ്രാപ്തിക്ക് ഭസ്മലേപന മഹത്വം, ഭസ്മധാരണം തന്നെ തൃപുണ്ഡ്രധാരണം എന്ന ശിവൻെറ വിവരണം, ഭസ്മം ധരിക്കുന്നതിൻെറ സമയം-മന്ത്രം-മഹത്വം, ഈ ഉപനിഷദ്പഠനം കൊണ്ട് സർവ്വതീർത്ഥ സ്നാനഫലസിദ്ധി.

**ക്ഷുരിക ഉപനിഷദ്** : സംസാരബന്ധങ്ങളെ ജ്ഞാനമാകുന്ന ക്ഷുരിക(കത്രിക) കൊണ്ട് മുറിച്ചുകളഞ്ഞ് യോഗസാധനയിലൂടെയുള്ള ആത്മസാക്ഷാ ത്കാരം, പ്രാണായാമം, യോഗവിദ്യ, ഇന്ദ്രിയ നിഗ്രഹം, മനോനിയന്ത്രണം, പ്രത്യാഹാരം, അത്മശക്തി, യോഗചര്യകളിലൂടെ സുഷുമ്നാനാഡിയുടെയും മറ്റ് ഉപനാഡികളുടേയും നിയന്ത്രണം, സുഷുമ്നാനാഡിയുടെ ഇടതുവശത്തുള്ള ഇഡ നാഡികളുടെയും വലതു വശത്തുള്ള പിംഗളനാഡികളുടെയും നിയന്ത്രണത്തിനുള്ള സാധന, യോഗജ്ഞാനിക്ക് ലഭിക്കുന്ന ഭൗതിക-ആത്മീയ സിദ്ധികൾ, സംസാര ബന്ധങ്ങൾ ജ്ഞാനമാകുന്ന ക്ഷുരികകൊണ്ട് മുറിച്ച് ഓംകാരം ജപിച്ച്, യോഗചര്യകളിലൂടെ ബ്രഹ്മത്തെ അറിഞ്ഞ്, ബ്രഹ്മഉപാസന നടത്തി, ബ്രഹ്മത്തിൽ തന്നെ ലയിക്കുന്നതിന്, ഈ ഉപനിഷദ് ഉൽഘോഷിക്കുന്ന മാർഗ്ഗം സ്വീകരിക്കുന്നതിൻെറ മഹത്വം.

**സർവ്വസാര ഉപനിഷദ്** : ഗുരുവും ശിഷ്യനും തമ്മിലുള്ള സംവാദത്തിലൂടെയാണ് സർവ്വസാര ഉപനിഷത് വിഷയാവതരണം. സംസാരബന്ധം, മോക്ഷം, ജ്ഞാനമാർഗ്ഗങ്ങളായ വിദ്യ-അവിദ്യകളുടെ മഹത്വം, ജാഗ്രത്-സ്വപ്ന-സുഷുപ്ത അവസ്ഥകൾ, അന്നമയ-പ്രാണമയ -മനോന്മയ- വിജ്ഞാനമയ-അനന്ദമയ കോശങ്ങൾ, പ്രപഞ്ച കർത്താവ്, ജീവചൈതന്യം, പഞ്ചവർഗ്ഗം, പഞ്ചഭൂതം, ക്ഷേത്രജ്ഞൻ, പരാപ്രത്യക്രൂപം, ആത്മം, പരമാത്മം, പരബ്രഹ്മം, ബ്രഹ്മചൈതന്യം സ്ഫുരിക്കുന്ന സ്ഥാവര-ജംഗമവസ്തുകൾ. മറ്റ് ഉപനിഷദ് വിഷയങ്ങളുടെ സാരമായതുകൊണ്ട് ഇതിന് സർവ്വസാര ഉപനിഷദ് എന്ന് വിവരിക്കുന്നു- ഈ ഉപനിഷദ് പഠനഫലം.



Scanned with CamScanner

**ശുകരഹസ്യ ഉപനിഷദ്** : പരമേശ്വരൻ, വേദവ്യാസപുത്രനായ ശുകന് വേദ സംസ്കാര കർമ്മങ്ങൾ ഉപദേശിക്കുന്നതാണ് ശുകരഹസ്യ ഉപനിഷദ് വിഷയം. പ്രണവ മന്ത്രം, പ്രണവത്തിന്റെ അർത്ഥവ്യാപ്തി, ബ്രഹ്മാർപ്പണത്തിന്റെ സാരം, വേദമന്ത്രങ്ങളുടെ അർത്ഥം, മഹദ്വാക്യങ്ങൾ, ജപവിധികൾ, ജീവജാലങ്ങളിലും പ്രപഞ്ചശക്തികളിലും വർത്തിക്കുന്ന ബ്രഹ്മചൈതന്യം, ജ്ഞാനമഹത്വം, ഗുരുമുഖത്ത്നിന്ന് ജ്ഞാനം ശ്രുതിയിലൂടെ സ്വീകരിച്ച്-ഹൃദയത്തിൽ സൂക്ഷിച്ച്- ധ്യാനത്തിലൂടെ-പൂർണ്ണബോധവൽക്കരണമായ വിദ്യാസമ്പാദനം. സ്വധർമ്മ-അന്യധർമ്മ വിദ്യാജ്ഞാനം, ബ്രഹ്മവിദ്യാജ്ഞാനം, ബ്രഹ്മസായൂജ്യത്തിനുള്ള മാർഗ്ഗം, പ്രണവജ്ഞാനം ഇവയെല്ലാം സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന്റെ മഹത്വം.

**തേജബിന്ദു ഉപനിഷദ്** : അതീന്ദ്രിയധ്യാനമാണ് തേജബിന്ദു ഉപനിഷത്തിലെ വിവരണ വിഷയം. കഠിനമായ പന്ഥാവിലൂടെയുള്ള അതീന്ദ്രിയധ്യാന പരിശീലനത്തിനാവശ്യമായ നിഷ്കർഷത, ഭൗതിക-ആത്മീയ നിയന്ത്രണത്തിലൂടെ അനുശാസിക്കേണ്ട അതീന്ദ്രിയധ്യാനം, അതീന്ദ്രിയ ജ്ഞാനിക്ക് ലഭിക്കുന്ന ബ്രഹ്മ-ആത്മജ്ഞാനം, പരമാത്മാവിനപ്പുറത്തുള്ള ശൂന്യത, അവിടെ സത്യം-ദേവത- വാക്-ചിന്തകളുടെ അഭാവം, ലോഭ-മോഹ-ഭയ-ക്രോധങ്ങളിൽനിന്ന് അതീന്ദ്രിയ ജ്ഞാനിക്ക് ലഭിക്കുന്ന മോചനം, ജന്മ- കർമ- കുല- ജാതി- ധർമ്മ- ഭാവ-അഹങ്കാരാദികളിൽ നിന്നുള്ള മോചനം, കുണ്ഡലിനീ ശക്തിയുടെ മൂന്നു പ്രധാന ബന്ധങ്ങളായ- മൂല- ഉദ്ധീയാന- ജാലന്ധര ബന്ധങ്ങൾ, ഖേചരീമുദ്രയുടെ മഹത്വം, ജീവാത്മ-പരമാത്മ ബിന്ദുക്കുടെ ധ്യാനത്തിലൂടെയുള്ള സംയോഗം, ഹൃദയകമല ദളങ്ങളുടെ നിറങ്ങളും, വികാരങ്ങളും, പരമയോഗിക്ക് ദൃശ്യമാകുന്ന ആത്മചൈതന്യം.

**ധ്യാനബിന്ദു ഉപനിഷദ്** : യോഗചര്യകളാണ് ധ്യാനബിന്ദു ഉപനിഷത്തിലെ വിവരണ വിഷയങ്ങൾ. ധ്യാനാവസ്ഥയുടെ മഹാത്മ്യം, ധ്യനാവസ്ഥയുടെ മഹാത്മ്യം, ധ്യാനമാർഗ്ഗത്തിലൂടെ മർത്യന്റെ സർവ്വപാപനാശനം, ജീവ-ഈശ്വരചൈതന്യബന്ധം, പ്രണവമന്ത്രം, പ്രണവജപത്തോടെയുള്ള ധ്യാനമഹത്വം, പ്രണവമന്ത്ര ജപത്തിലൂടെ തൃമൂർത്തി സാധന ചെയ്യുമ്പോൾ ലഭിക്കുന്ന ഫലം, ആറ് അംഗങ്ങളുടെയും-നാല് ആസനങ്ങളുടെയും മഹത്വം, മൂലാധാര വിവരണം, യോഗസാധനയിലൂടെയുള്ള ഉത്തേജനം, ഓരോ



Scanned with CamScanner

നാഡിയുടെയും ധർമ്മം, ജീവനും, പ്രാണ-അപാന-വ്യാന-ഉദാന-സമാനാദികളുമായുള്ള ബന്ധം, പ്രാണാപനാദികളുടെ യോഗസാധനാ വേളയിലുള്ള ഏകഭാവം, ജീവന്റെ ഹംസമന്ത്രവിവരണം, പൂർണ്ണഗദ്യരൂപത്തിലാണ് ധ്യാനബിന്ദു ഉപനിഷത്തിൽ വിഷയാവതരണം.

**ബ്രഹ്മവിദ്യ ഉപനിഷദ്** : ഗദ്യങ്ങളിലൂടെ ബ്രഹ്മവിദ്യയെക്കുറിച്ചുള്ള വിവരണങ്ങളാണ് ഈ ഉപനിഷത്തിൽ അവതരിപ്പിക്കുന്നത്. ഓംകാര മഹത്വം, ഓംകാരത്തിലെ അ-ഉ-മ കാരങ്ങൾക്കുള്ള യഥാക്രമം ഋഗ്വേദ-യജുർവേദ-സാമവേദസ്ഥാനം, സുഷുമ്നാനാഡി യിലൂടെ പ്രവഹിക്കുന്ന മണിനാദംപോലെ അനുഭൂതിയേകുന്ന ഓംകാരം, ബ്രഹ്മത്തിന്റെ ഓംകാരരൂപം, പരമേശ്വര പദപ്രാപ്തിക്ക് യോഗവിദ്യ യിലൂടെയുള്ള ജീവശുദ്ധീകരണം, പരമേശ്വരദർശനത്തിന് ഹംസവിദ്യയുടെ മാർഗ്ഗം, പരമേശ്വരദർശനത്തിലൂടെ യോഗിയുടെ മരണ-രോഗാദികളിൽ നിന്നുള്ള മുക്തി, ഹംസഗുരുവിലൂടെ പരമാത്മജ്ഞാനം സ്വീകരിക്കുന്നതിന്റെ മഹത്വം, ഹംസഗുരുവിന്റെ പരമാത്മജ്ഞാനം, ഹംസപദത്തിലൂടെ ബ്രഹ്മപദപ്രാപ്തി, സർവ്വവ്യാപിയായ പരമാത്മ-ജീവാത്മബന്ധം, സ്വയം ബ്രഹ്മാംശ മാകുന്നു എന്ന വിചാരത്തിലൂടെയും ജ്ഞാനമാർഗത്തിലൂടെയുമുള്ള സുഗമമായ ബ്രഹ്മപദപ്രാപ്തി, അതീന്ദ്രിയ-പഞ്ചപ്രാണബന്ധം, ആത്മ പരമാത്മബന്ധം.

**യോഗതത്വ ഉപനിഷദ്** : മഹാവിഷ്ണു, ബ്രഹ്മപിതാമഹനു യോഗവിദ്യ ഉപദേശിക്കു നനതാണ് ഈ ഉപനിഷദ്വിഷയം, ജീവാത്മ-പരമാത്മ ബന്ധം, കാമക്രോധാദികളിൽ നിന്നുള്ള മുക്തിയിലൂടെ ജീവാത്മാവിന്റെ പരമാത്മപദ പ്രാപ്തി, യോഗവിദ്യ സാധനയിലൂടെ വിവിധ അവസ്ഥകൾ കടന്നുള്ള യോഗിയുടെ ബ്രഹ്മദർശനം, യോഗവിദ്യാപരിശീലനത്തിന് അനുശാസിക്കേണ്ട മാർഗ്ഗങ്ങൾ, യോഗവിദ്യയുടെ ആരംഭം-യമങ്ങൾ-നിയമങ്ങൾ-ആസനങ്ങൾ-പരിശീലന വിഷമതകൾ- പരിശീലനം സുഗമമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പ്രാണായാമവിധി, ഓരോ യോഗപരിശീലനത്തിലും പാലിക്കേണ്ട സമയനിഷ്ഠ, വിശ്രമത്തിന്റെ ആവശ്യകത, യോഗചര്യകളിലൂടെ ലഭിക്കുന്ന സിദ്ധികൾ, ധ്യാനം-ധാരണ-പ്രത്യാഹാരം-പരബ്രഹ്മം-ധ്യാനനിഷ്ഠ-മഹാബന്ധങ്ങൾ-മഹാവേദങ്ങൾ എന്നിവയുടെ സുദീർഘമായ വിവരണം, ഇവയുമായി ശരീര നാഡികൾക്കുള്ള ബന്ധം, ധ്യാനമുറകളും-ആസനങ്ങളും ശരീരനാഡീ സമൂഹത്തിൽ ഉണ്ടാക്കുന്ന സ്വാധീനം,



Scanned with CamScanner

ഖേചരിയോഗവിദ്യയുടെ ആചരണവിധിയും, ഫലവും, ജ്ഠരാഗ്നിയുടെഉത്ഭവം, യോഗാസനങ്ങൾ തെറ്റായോ-വ്യത്യസ്തമായോ ചെയ്യുന്നതിന്റെ ദൂഷ്യഫലങ്ങൾ, വജ്രോളി ആസനം അചരിക്കുന്നതിലൂടെ ഉണ്ടാകുന്ന അമാനുഷിക സിദ്ധികൾ, വജ്രോളി ആസനത്തിന്റെ ആചരണം, പ്രണവ ധ്യാനം, യോഗചര്യകളിലൂടെ ആത്മദർശകന്റെ പരമപദപ്രാപ്തി.

**ദക്ഷിണാമൂർത്തി ഉപനിഷദ്** : ചിരം ജീവിയായ മാർക്കണ്ഡേയമുനി ഉപദേശിക്കുന്ന വിഷയ ങ്ങളാണ് ഈ ഉപനിഷത്തിലെ വിവരണം, ചിരംജീവിപദത്തിന്റെ വിവരണം, തത്പദത്തിന്റെ മഹത്വം, ശിവതത്വജ്ഞാനം, ആത്മതത്വജ്ഞാനം, ശിവധ്യാനം, ദക്ഷിണാമൂർത്തി മാഹാത്മ്യം, അഷ്ടാക്ഷര-നവാക്ഷര-ദ്വാദശാക്ഷര-ചതുർദശാക്ഷര മന്ത്രങ്ങളുടെ മാഹാത്മ്യം, മന്വന്തരാധിപൻമാരായ മനുക്കളുടെ വിവരണം, ശിവസ്തുതി, ശിവബലി, ശിവജ്ഞാനം, ഈ ഉപനിഷദ് പഠന-ശ്രവണഫലം.

**സ്കന്ദ ഉപനിഷദ്** : അഹം എന്ന പദത്തിന്റെ വിവരണമാണ് സ്കന്ദഉപനി ഷത്തിലെ പ്രധാന വിഷയം. തൃമൂർത്തികളായ ബ്രഹ്മാ-വിഷ്ണു-മഹേശ്വരന്മാരിൽ പ്രശോഭിക്കുന്ന 'അഹ'ത്തിന്റെ ചൈതന്യം, സർവ്വ ചരാചരങ്ങളിലും ദൃശ്യമാകുന്ന അഹത്തിന്റെ ചൈതന്യം, വിഷ്ണു-ശിവ ഹൃദയങ്ങളുടെ ഏകഭാവം, അജ്ഞാനിക്ക് അഹത്തിന്റെയും ബ്രഹ്മത്തിന്റെയും ചൈതന്യം വ്യത്യസ്തമായി കാണുന്നത്, സ്നാനത്തിലൂടെ ശരീരത്തിലെ കളങ്കവും-ധ്യാനത്തിലൂടെ മനസ്സിന്റെ കളങ്കവും മാറുമ്പോൾ ദൃശ്യമാകുന്ന ബ്രഹ്മസ്വരൂപം, ചിന്തകൾക്കതീതനും-ആദിയും അന്തവുമില്ലാത്തവനും- നാരായണനും-ശങ്കരനും-ബ്രഹ്മാവുമായ പരബ്രഹ്മത്തെ അറിയുന്നതോടെ സാദ്ധ്യമാകുന്ന ജ്ഞാനിയുടെ ബ്രഹ്മപദപ്രാപ്തി, ബാഹ്യചക്ഷുസ്സുകൾകൊണ്ട് പ്രപഞ്ചവസ്തുക്കളെ ദൃശ്യമാകുന്നതുപോലെ, ആന്തരിക ചക്ഷുസ്സുകൾക്ക് ദൃശ്യമാകുന്ന ബ്രഹ്മരൂപം, വിവധ സാധനയിലൂടെയുള്ള പരബ്രഹ്മ ഉപാസന, ഈ ആരാധനയിലൂടെ പരബ്രഹ്മദർശനം.

**ശാരീരിക ഉപനിഷദ്** : മനുഷ്യശരീരത്തെക്കുറിച്ചുള്ള വിവരണങ്ങളടങ്ങുന്നതാണ് ശാരീരിക ഉപനിഷദ്. പഞ്ചഭൂതങ്ങളടങ്ങുന്ന ശരീരഘടന, ഈ പഞ്ചഭൂതങ്ങളിൽ പൃഥ്വി-ഖരവും, ആപം-ദ്രാവകവും, തേജസ്-താപ മുള്ളതും, വായു-ചലിക്കുന്നതും, ആകാശം-അനന്തമായതുമത്രെ കർമ്മേന്ദ്രിയ-ജ്ഞാനേന്ദ്രിയ



Scanned with CamScanner

-പഞ്ചഭൂതബന്ധനം, ഇന്ദ്രിയങ്ങൾക്ക് ഓരോന്നിനും പഞ്ചഭൂതങ്ങളിൽ ഒന്നുമായുള്ള ദൃഢബന്ധം, സത്വ-രജ-തമോ ഗുണങ്ങളാലുണ്ടാകുന്ന വികാര-വിചാരങ്ങൾ, ജാഗ്രത്-സ്വപ്ന-സുഷുപ്താവസ്ഥയിൽ ശരീരത്തിലെ പഞ്ചഭൂത സ്വാധീനം.

**യോഗശിഖ ഉപനിഷദ്** : യോഗസാധനാ വിവരണങ്ങളാണ് യോഗശിഖഉപനിഷത്തിലെ വിഷയങ്ങൾ.

അം 1. ബ്രഹ്മജ്ഞാനിയുടെ മഹത്വം, നിസ്സംഗകർമ്മത്തിലൂടെ ജ്ഞാന സമ്പാദനം, ജ്ഞാന-യോഗബന്ധം, യോഗചര്യകളിലൂടെ യുള്ള ബന്ധമുക്തി, യോഗിക്ക് ഉണ്ടായിരിക്കേണ്ട പക്വമായ മനസ്സും-മനോനിയന്ത്രണവും, യോഗചര്യകളിലൂടെയുള്ള ശരീര നാഡികളുടെ ഉത്തേജനവും-നിയന്ത്രണവും, കുംഭാസന പരിശീലന വിധി, സുഷുമ്നാ നാഡിയുടെ നിയന്ത്രണം, മന്ത്ര-ലയ-ഹഠ-രാജയോഗ വിവരണങ്ങൾ, ശരീര-പ്രപഞ്ചബന്ധം, ശരീര മർമ്മങ്ങൾ, യോഗചര്യകളിലൂടെ ശരീരത്തിലും- മനസ്സിലും ഉണ്ടാകുന്ന മാറ്റങ്ങൾ.

അം 2. ഗുരുവിൽ നിന്ന് യോഗവിദ്യാഭ്യാസം നേടുന്നതിന്റെ മഹത്വം, പ്രണവമന്ത്രജപവിധി, നാദബ്രഹ്മം, മഹാമായ-മഹാലക്ഷ്മി-മഹാദേവി എന്നിവർക്ക് പ്രകൃതിയുമായുള്ള ബന്ധം, ആത്മമന്ത്രം, പരാതത്വം, ഗുരുമഹാത്മ്യം.

അം 3, 4. നാദബ്രഹ്മത്തിന്റെ പരാ-പശ്യന്തി-വൈഖരി രൂപങ്ങൾ, അവയുടെ പ്രത്യേകതകൾ, ശബ്ദബ്രഹ്മ ഉപാസനയിലൂടെയും പരബ്രഹ്മ ഉപാസനയിലൂടെയും പരബ്രഹ്മ സാധന, നാദബ്രഹ്മത്തിന്റെ ശ്രുതി- സംഗീത -വേദരൂപങ്ങൾ, പ്രപഞ്ചത്തിന്റെ ബ്രഹ്മതത്വം, സർവ വ്യാപി യായ ബ്രഹ്മം, ഭൗതികപ്രകൃതിയുടെ മിഥ്യാഭാവം, ആത്മ-ബ്രഹ്മബന്ധം.

അം 5. ശരീരത്തിലെ 6 നാഡീസമൂഹങ്ങൾ, നാലു പീഠങ്ങൾ, നാഡീചക്രം, ബിന്ദു, അഗ്നി, സോമസ്ഥാനങ്ങൾ, പഞ്ചാഗ്നി സ്ഥാനം, കുണ്ഡലിനീ വിവരണം, കുണ്ഡലിനിയുടെ ഉത്തേജനം, ഖേചരീമുദ്രയുടെ മഹത്വം, ശാരീരിക-മാനസിക ഉത്തേജനത്തിന് യോഗചര്യയുടെ പ്രാധാന്യം, അതിലൂടെ സിദ്ധിക്കുന്ന ആത്മീയശക്തി.

അം 6. കുണ്ഡലിനീ ശക്തി, പരമമോക്ഷം, ദേവതാധ്യാനം, ജീവന്റെ ഹംസപ്രാർത്ഥനാഭാവം, കുണ്ഡലിനിയുടെ ഉത്തേജനം, ഭൗതിക ജീവിതത്തിലെ ബന്ധ-മോചനമാർഗ്ഗങ്ങൾ, പ്രണവമന്ത്ര മഹാത്മ്യം, മനസ്സിന്റെ നിയന്ത്രണം, മന-പ്രാണബന്ധം, നാദബ്രഹ്മശക്തി.



Scanned with CamScanner

**ഏകാക്ഷര ഉപനിഷദ്** : അക്ഷര ബ്രഹ്മത്തിൻെറ അധിപനായ നാരായണനെ വർണ്ണി ക്കുന്നതാണ് ഏകാക്ഷര ഉപനിഷദ്. ഏകാക്ഷരത്തിൽ വസിക്കു ന്നവനും അധിപനുമായ നാരായണൻ, ജാതവേദനും-ഭുവനത്തിൻെറ ആധാരവും-പുരാണ പ്രസിദ്ധനും-ഏകപാദത്തിൽ വിശ്വം അളന്നവനും-അർക്കശോഭയുള്ള വനും- ഹിരണ്യഗർഭനും-ധാതാവും- വിധാതാവും-ഭൂതവും-ഭവിഷ്യവും -അംബരചക്രത്തിൽ ശോഭിക്കുന്ന വനും-ചന്ദ്രസമാനനും-ഹിരണ്മയനും വിശ്വമുഖനുമാകുന്നുവത്രെ!

**അക്ഷി ഉപനിഷദ്** : സാംകൃതി മഹർഷിയും ആദിത്യനുമായുള്ള സംവാദത്തിലൂടെ ഇതിൽ രണ്ടു ഖണ്ഡങ്ങളിലായി വിഷയങ്ങൾ വിവരിക്കുന്നു.

ഒന്നാം ഖണ്ഡത്തിൽ സൂര്യദേവസ്തുതിയും, സ്തുതിയുടെ വ്യാഖ്യാനങ്ങളും, രണ്ടാം ഖണ്ഡത്തിൽ ഏഴുഭാഗങ്ങളിലായി സജ്ജനലക്ഷണം, സജ്ജനസംസ്കാരം, കാമക്രോധാദികളിൽ നിന്നുള്ള മുക്തി-ശാസ്ത്രസേവനം-ഗുരുസേവനം എന്നിവയുടെ ഫലം, പുണ്യകർമ്മം, ആചാരം, ചിത്തശുദ്ധി, അജ്ഞാനഫലം, മനസ്സിൻെറ പ്രവർത്തനം, നിർഭയാവസ്ഥ, ഓംകാര മാഹാത്മ്യം എന്നീ വിഷങ്ങളും വിവരിക്കുന്നു.

**അവധൂത ഉപനിഷദ്** : ദത്താത്രേയമഹർഷി അവധൂതസന്യാസി യെക്കുറിച്ച് നൽകുന്ന വിവരണമാണ് ഉപനിഷദ്വിഷയം. ഒരു മഹർഷിയുടെ തത്വജ്ഞാനാർ ജ്ജനത്തിലൂടെ അവധൂതപദപ്രാപ്തി, അവധൂതൻെറ ബ്രഹ്മസാന്നിദ്ധ്യം-പരമഗതിയുടെ ജ്ഞാനം -വർണ്ണാശ്രമധർമ്മത്തി നതീതനെന്ന പദവി, കർമ്മ-ധർമ്മങ്ങളിൽ നിന്നും, യാഗയജ്ഞങ്ങളിൽ നിന്നും, പാപപുണ്യങ്ങളിൽ നിന്നുമുള്ള അവധൂതൻെറ മുക്തി, ഒരു യോഗി വേദ-ശാസ്ത്രങ്ങളഭ്യസിച്ച്-നിദ്ര-ഭിക്ഷ-സ്നാനം ഇവ ഉപേക്ഷിച്ച് സംസാരബന്ധങ്ങളില്ലാതെ, ആത്മ ഭജനയിലൂടെ, ലൗകികസുഖങ്ങളിലാസക്തിയില്ലാതെ, ലോകനന്മ ഉദ്ദേശിച്ച്, ശാസ്ത്രമാർഗ്ഗങ്ങളിൽ മാത്രം വിശ്വസിച്ച്, ധന്യോഹം-എന്നു മാത്രം വിചാരിച്ച്, കർത്തവ്യങ്ങളില്ലാതെ, ജ്ഞാനം തന്നെ സുഖം എന്ന് വിചാരിച്ച്, അമൃതനായി, സ്വർണ്ണതേജസ്സോടെ എല്ലാ പാപങ്ങളിൽ നിന്നും മുക്തനായ അവധൂതനായിത്തീരുന്ന മാർഗവിവരണം.

**കഠരുദ്ര ഉപനിഷദ്** : ബ്രഹ്മവിദ്യ സമ്പാദിക്കുവാൻ പുറപ്പെടുന്ന വിദ്യാർത്ഥി ഗുരുവിനെ വന്ദിച്ച്, ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ച്, സന്യാസിക്കുണ്ടായി രിക്കേണ്ട സർവ്വ ലക്ഷണങ്ങളും തികഞ്ഞ്,



Scanned with CamScanner

ജ്ഞാനസമ്പാദനത്തിൽ മാത്രം ശ്രദ്ധാലുവായി, സന്യാസ ജീവിതം നയിച്ച്, ബ്രഹ്മജ്ഞാനിയായിത്തീരണം.

**രുദ്രഹൃദയ ഉപനിഷദ്** : ശുകനും വ്യാസനും തമ്മിലുള്ള സംവാദമാണ് രുദ്രഹൃദയ ഉപനിഷത്തിലൂടെ വിവരിക്കുന്നത്. ദേവന്മാരിലെ ശിവാത്മകത്വം, ശിവചൈതന്യത്താൽ ശോഭിക്കുന്ന സൂര്യൻ-ബ്രഹ്മാവ് -അഗ്നി-ഉമ- വിഷ്ണു-സോമൻ, ശിവമയമാകുന്ന ആത്മ-അന്തരാത്മ-പരമാത്മ ചൈതന്യം, വിഷ്ണുവിൻെറ ആത്മത്വം-ബ്രഹ്മാവിൻെറ അന്തരാത്മത്വം- ശിവൻെറ പരമാത്മത്വം, ബ്രഹ്മ-വിഷ്ണു-മഹേശ്വരൻമാരുടെ ക്രിയ-കാര്യ-കാരണത്വം, ശിവമഹത്വ വിവരണം വേദവേദാന്തങ്ങളിൽ ജ്ഞാനത്തിലൂടെ സംസാരബന്ധ മോചനം, ഗുരുവിലൂടെ ലഭിക്കുന്ന ജ്ഞാനമഹത്വം, പ്രപഞ്ചം മുഴുവനും വ്യാപിച്ചുകിടക്കുന്ന ശിവമയം, അദ്വൈതഭാവത്തിലൂടെ നയിക്കുന്ന മനസുകൊണ്ട് ലഭിക്കുന്ന മോക്ഷപ്രാപ്തി.

**യോഗകുണ്ഡലിനി ഉപനിഷദ്** : മൂന്ന് അദ്ധ്യായങ്ങളിലൂടെ യോഗവിദ്യയെക്കുറിച്ച് യോഗ കുണ്ഡിലിനി ഉപനിഷത്തിൽ വിവരിക്കുന്നു.

അം 1. യോഗിയുടെ ഭക്ഷണക്രമം, വിവിധ യോഗാസനങ്ങൾ, കുണ്ഡലിനിയുടെ നിയന്ത്രണത്തിനും ഉത്തേജനത്തിനുമുള്ള യോഗസാധനകൾ, പ്രാണായാമം, യോഗവിദ്യാപരിശീലനത്തിൽ നേരിടുന്ന വിഷമതകൾ, അവയ്ക്കുള്ള പരിഹാരങ്ങൾ, യോഗവിദ്യ സാധനയിലൂടെ സാദ്ധ്യമാകുന്ന പ്രാണവായുക്കളുടെ നിയന്ത്രണം, സമാധിയുടെയും, അനുഭൂതിയുടെയും അവസ്ഥകൾ.

അം 2. ഖേചരിവിദ്യ, ഹ്രീം എന്ന മന്ത്രത്തിൻെറ ഹ-റ-ഇ-മ-അക്ഷരങ്ങളുടെ സാരങ്ങൾ, ഖേചരി മന്ത്രസാരം, ഭൗതികവും, ആത്മീയവുമായ നേട്ടങ്ങൾക്കുവേണ്ടി ഖേചരിമന്ത്രം 12 ദിവസം ജപിക്കുന്നതിൻെറ മഹത്വം, നാവിൻെറയും, കണ്ഠത്തിൻെറയും പരിശീലനത്തിലൂടെ സാദ്ധ്യമാകുന്ന ഖേചരിമുദ്ര, കുണ്ഡലിനി ഉത്തേജനം മൂലം ലഭിക്കുന്ന അനുഭൂതി.

അം 3. അമാവാസി, പൗർണ്ണമി ദിനങ്ങളിൽ യോഗവിദ്യ അഭ്യസിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഫലങ്ങൾ, സുഷുമ്നാ നാഡിയിലുണ്ടാകുന്ന ഉത്തേജനം, സുഷ്മ്നാനാഡിയിലെ സൂര്യചന്ദ്ര ബിന്ദുക്കളുടെ പ്രാധാന്യം, മൂലാധാരത്തിനും ബ്രഹ്മരന്ധ്രത്തിനും മദ്ധ്യത്തിൽ കാണുന്ന കുണ്ഡലിനിയുടെ മഹാത്മ്യം, യോഗവിദ്യാനുശാസനത്തിലൂടെ സാദ്ധ്യമാകുന്ന ആത്മദർശനം, ആത്മജ്വാല



Scanned with CamScanner

ദർശിക്കുന്ന യോഗിയുടെ അനുഭവം ഉൽകൃഷ്ടമായ ബ്രഹ്മജ്ഞാനത്തിൻെറയും, ബ്രഹ്മജ്ഞാനദാദാവായ ഗുരുവിൻെറയും മഹത്വം. അദ്വൈതവും-അനന്തവും-പൂർണ്ണവുമായ ബ്രഹ്മചൈതന്യം, ജീവിതത്തിലും മരണത്തിലും ബന്ധനമുക്തനായിത്തീരുന്ന ബ്രഹ്മജ്ഞാനി, മരണശേഷം പ്രാപിക്കുന്ന ജീവൻമുക്ത അവസ്ഥയും വിദേഹമുക്താവസ്ഥയും.

**പഞ്ചബ്രഹ്മ ഉപനിഷദ്** : മഹാദേവൻ പിപ്പലാദമുനിക്ക് നൽകുന്ന ജ്ഞാനോപ ദേശമാണിത്. മൂന്ന് സ്വരത്തോടുകൂടിയ പ്രപഞ്ചത്തിൽ വ്യാപിച്ചു കിടക്കുന്ന പീതവർണ്ണത്തിലുള്ള ബ്രഹ്മതേജസ്, ശക്തിസ്വരൂപമായ ബ്രഹ്മരൂപം, അഘോരരൂപമായി അറിയപ്പെടുന്ന കോടിസൂര്യസമപ്രഭ യോടുകൂടിയ ബ്രഹ്മരൂപം വായുമണ്ഡലത്തിൽ സംവൃതമായിരിക്കുന്ന-പഞ്ചാഗ്നിയുക്തമായ- അഥർവവേദ ത്തോടുകൂടിയ-രക്ത വർണ്ണമുള്ള -സൃഷ്ടി-സ്ഥിതി-ലയാധീനമായ ബ്രഹ്മസംജ്ഞിത രൂപത്തിൻെറ "തത്പുരുഷ" രൂപം, ഓംകാരസ്വര രൂപഭൂഷിതവും- അവ്യക്തവും- ആകാശാത്മകവും- സർവ്വദേവമയവും-ശാന്തവും-പഞ്ചബ്രഹ്മാ ത്മകവുമായ ഈശാനരൂപം.

**പ്രാണാഗ്നിഹോത്ര ഉപനിഷദ്** : മനുഷ്യശരീരവും യജ്ഞവും തമ്മിലുള്ള ബന്ധമാണ് പ്രാണാഗ്നിഹോത്ര ഉപനിഷദ് വിഷയം. ശരീരചൈതന്യത്തിന് ശോഭാകാരത്തോടുകൂടിയ ഹവിസ്തർപ്പണം, പ്രാണനാകുന്ന ത്രിമൂർത്തികൾ, സൂര്യാഗ്നി പ്രഭയോടെ ഋഷിയുടെ ഹൃദയത്തിലും ഗാർഹപത്യാഗ്നിയുടെ നാഭിയിലുമുള്ള വാസം, യജ്ഞശാലയിൽ ആത്മാവ്-യജമാനനും, ബുദ്ധി-യജമാനപത്നിയും 'അഹ'ങ്കാരം- അധ്വര്യുവും, ചിത്തം-ഹോതാവും, പ്രാണൻ-ബ്രാഹ്മണനും അപാനൻ-പ്രതിപ്രസ്തോതാവും, വ്യാനൻ-പ്രസ്തോതാവും, ഉദാനൻ-ഉദ്ഗാതാവും, സമാനൻ-മൈത്രാവരുണനും, ശരീരം-യജ്ഞവേദിയും, നാസിക-അന്തർവേദിയും, കണ്ഠം- ദ്രോണകലശവും, പാദം-രഥവും, ദക്ഷിണഹസ്തം സ്രുവവും, കാമം- പശുവും, കേശം-ദർഭയും, ഇന്ദ്രിയങ്ങൾ യജ്ഞ പാത്രവുമാകുന്നു.

**വരാഹ ഉപനിഷദ്** : ബ്രഹ്മവിദ്യയെക്കുറിച്ച് വരാഹമൂർത്തി, ഋഭുഋഷിക്ക് വിവരിക്കുന്നതാണ് വരാഹ ഉപനിഷദ് വിഷയം, അഞ്ച് അദ്ധ്യായങ്ങളിലെ വിവരണം യഥാക്രമം ഇപ്രകാരമാകുന്നു.

അം 1, 2. ബ്രഹ്മജ്ഞാനത്തിനാവശ്യമായ സാധനകൾ,



Scanned with CamScanner

മന-ഇന്ദ്രിയ നിയന്ത്രണം, ജീവൻമുക്തിയുടെ മാർഗ്ഗം, അജ്ഞാന നിർമ്മാർജ്ജനം, യോഗിയിൽ സ്വയം വർത്തിക്കുന്ന ബ്രഹ്മചൈതന്യം, ഭൗതികസുഖങ്ങളുടെ നശ്വരത, കാമക്രോധാദികളിൽ നിന്നുള്ള മുക്തി, യോഗവിദ്യ ജ്ഞാനഫലം.

അം 3. ഈശ്വരചൈതന്യത്തിലൂടെ ലഭിക്കുന്ന അനശ്വരമായ ആനന്ദം, തത് ചൈതന്യമാർഗ്ഗത്തിലൂടെ ജനനമരണങ്ങളിൽ നിന്നുള്ള മുക്തി.

അം 4. ഋഭുഋഷിയും നിഗാഢ എന്ന ശിഷ്യനും തമ്മിലുള്ള സംവാദമാണ് ഈ അദ്ധ്യായവിഷയം. ജ്ഞാനത്തിൻെറ ഏഴ് അവസ്ഥകൾ, പ്രണവമന്ത്രമഹത്വം, നാലുവിധ ജീവൻ മുക്താവസ്ഥ, ആത്മസാക്ഷാത്കാരത്തിലൂടെയുള്ള ബ്രഹ്മജ്ഞാനം, ഭൗതികസുഖങ്ങളുടെ മായാവലയം, സുഖസൗകര്യങ്ങൾക്കിടയിൽ നിർവ്വികൽപനയായി ജീവിക്കുന്ന ബ്രഹ്മജ്ഞാനിയുടെ മഹത്വം.

അം 5. യോഗവിദ്യ പരിശീലനം, ലയ-മന്ത്ര-ഹഠ യോഗങ്ങളുടെ എട്ട് ഉപഘടകങ്ങൾ, യമ-നിയമങ്ങൾ, പതിനൊന്ന് യോഗാസനങ്ങൾ, ശരീര നാഡികളുടെ സ്ഥാനം, നാഡികളുടെ ധർമ്മം-മഹത്വം, ഇവയ്ക്ക് പഞ്ചപ്രാണനുമായുള്ള ബന്ധം, ചതുഷ്പാദബന്ധം, സംപുടയോഗം, പ്രണവമന്ത്ര ജപത്തിലൂടെയുള്ള ദേവപ്രാർത്ഥന.

**കലിസന്തരണ ഉപനിഷദ്** : അറിയപ്പെടുന്നതിൽവെച്ച് ഏറ്റവും ചെറിയ ഉപനിഷത്താണിത്. 'കലിയുഗത്തിലെ ദോഷങ്ങൾ അനുഭവിക്കാതെ തനിക്കും സജ്ജനങ്ങൾക്കും എങ്ങിനെ ജീവിക്കാനാകും' എന്ന നാരദമഹർഷി യുടെ പ്രശ്നത്തിന് ബ്രഹ്മദേവൻ നൽകുന്ന വിശദീകരണമാണ് കലിസന്തരണ ഉപനിഷദ് വിഷയം. ഭഗവാനും ആദിപുരുഷനുമായ നാരായണൻെറ നാമജപമാത്രയിൽ മനുഷ്യൻ മുക്തനായിത്തീരുന്നു. ഈ നാമം "ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ, ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ" എന്നതാണ്.

**സരസ്വതി രഹസ്യ ഉപനിഷദ്** : അശ്വലായനമഹർഷി സരസ്വതീദേവി ഉപാസന മഹത്വം മറ്റു മഹർഷിമാർക്ക് വിവരിക്കുന്നു. സരസ്വതിദേവി സ്തുതി, സരസ്വതി മന്ത്രങ്ങൾ, ഋഷികളുടെ മന്ത്ര വർണ്ണന, ദേവീമാഹാത്മ്യം കേട്ട് മഹർഷിമാർ നടത്തുന്ന സുദീർഘമായ ദേവിസ്തുതി, ദേവിയുടെ ബ്രഹ്മത്വം-പ്രകൃതിത്വം-പ്രകൃതി പുരുഷത്വം-ഈശ്വരചൈതന്യം- ശക്തിസ്വരൂപം-



Scanned with CamScanner

ജീവസ്വരൂപം-ബ്രഹ്മപ്രകൃതിഭാവം-ബ്രഹ്മാമംശം, ഉപാസനയിലൂടെ നിർവ്വികൽപാവസ്ഥപ്രാപ്തി.

## സാമവേദീയ ഉപനിഷദ്

സാമവേദ ഭാഗമായി ഉപനിഷത്തുകളില്ല. സാമവേദശാഖയിലുള്ള ഋഷിവര്യന്മാർ അനേകം ഉപനിഷത്തുകൾ രചിച്ചിട്ടുണ്ട്. ഇവയാണ് സാമവേദീയ ഉപനിഷത്തുകൾ.

**കേന ഉപനിഷദ്** : ദശോപനിഷത്തുകളിൽ പ്രധാനപ്പെട്ട ഈ ഉപനിഷത്തിൽ ഗുരുശിഷ്യ സംവാദരൂപത്തിലാണ് വിഷയ വിവരണം.

ഖണ്ഡം 1, 2. മനസ്സിൻെറ വിഷയാസക്തി, മനോവാക് നിയന്ത്രണം, ജ്ഞാനേന്ദ്രിയങ്ങളുടെ ധർമ്മം, ശരീരപ്രവർത്തനത്തിൽ ആത്മാവിൻെറ ധർമ്മം, ആത്മാവിൻെറ ബ്രഹ്മസ്വരൂപം, ബ്രഹ്മജ്ഞാനം, ശരീരത്തിലെ ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കുന്ന ബ്രഹ്മ വിരണം, ബ്രഹ്മജ്ഞാന പ്രാപ്തിക്കുള്ള മാർഗ്ഗം, പൂർണ്ണ ബ്രഹ്മജ്ഞാന ലബ്ധി അപ്രാപ്യമായ ഒരു കർമ്മമെന്ന വിവരണം, ബ്രഹ്മജ്ഞാന പ്രാപ്തിയിലുള്ള അപൂർണ്ണത.

ഖണ്ഡം 3, 4. ബ്രഹ്മത്തിൻെറ അജയ്യവും നാശരഹിതവുമായ അവസ്ഥ തെളിയിക്കുന്നതിനുള്ള കഥാവിവരണം, അസുരന്മാരെ ജയിച്ച ദേവന്മാരുടെ അഹങ്കാരം കണ്ട് ബ്രഹ്മം യക്ഷരൂപം പ്രാപിച്ച് ദേവന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. ദേവന്മാരിൽ അതിശക്തരെന്നഹങ്കരിച്ച അഗ്നി-വായു-ഇന്ദ്രൻ എന്നിവരുടെ അൽപത്വം കാണിച്ച് അഹങ്കാരം അവസാനിപ്പിക്കുന്നു. യക്ഷത്തിൻെറ ശക്തമായ ബ്രഹ്മരൂപം ദർശിച്ച ദേവന്മാർക്ക് ലഭിച്ച മഹത്വം, ദേവന്മാരുടെ ബ്രഹ്മസ്തുതി, ബ്രഹ്മരൂപവർണ്ണന. ബ്രഹ്മത്തിൻെറ പാദം, തപവും-ദമവും-കർമ്മവും, അംഗങ്ങൾ-വേദങ്ങൾ, ഇരിപ്പിടം-സത്യം ഈ അവസ്ഥാരൂപത്തിൽ ബ്രഹ്മജ്ഞാനം ലഭിക്കുന്ന മനുഷ്യൻെറ ബ്രഹ്മലോകപ്രാപ്തി.

**ഛാന്ദോഗ്യ ഉപനിഷദ്** : എട്ട് അദ്ധ്യായങ്ങളുള്ള അതിബൃഹത്തായ ഒരു ഉപനിഷത്താണിത്.

അം 1, 2. ജ്ഞാനത്തിൻെറ ഉത്ഭവം, ജ്ഞാനം-ഉപാസന-കർമ്മം-ഓംകാരം എന്നീ പദങ്ങളുടെ അർത്ഥം, സത്കൃത്യചിഹ്നമായ ദേവത്വം-ദുഷ്കൃത്യ ചിഹ്നമായ അസുരത്വം-നിർവ്വചനം, ദേവത്വം, പഞ്ചപ്രാണൻ, ഓംകാര-അന്ന-അക്ഷര ഉപാസനകൾ, പഞ്ചഭൂതം, പഞ്ചവിധ തപസ്, പഞ്ചവിധ സാമഉപാസന, ആദിത്യ-ഗായത്രി-



Scanned with CamScanner

ഓംകാര ഉപാസനയിലൂടെ ബ്രഹ്മജ്ഞാനലബ്ധി, യജ്ഞഹവനാദി കളിലെ സാമഗാനങ്ങൾ.

അം 3, 4. പുരുഷാർത്ഥ പ്രാപ്തിക്കായുള്ള സൂര്യോപാസന, അമൃതതുല്യമായ ഋഗ്വേദം, ദക്ഷിണ രശ്മിയായ യജുർവേദം, പ്രത്യക് രശ്മിയായ സാമവേദം, ഉദഗരശ്മിയായ ഇതിഹാസ പുരാണങ്ങൾ എന്നിവയുടെ ഉപാസനാഫലം, ആജ്യ-ഹവിസ്സുകൾ ദേവന്മാർക്കായി അഗ്നി സ്വീകരിക്കുന്നവിധം, രുദ്രവസ്തുക്കളുടെ ചൈതന്യം, ഗായത്രീമന്ത്രമഹാത്മ്യം, ഗായത്രിഉപാസന, ബ്രഹ്മജ്ഞാനം, പ്രപഞ്ചപുരുഷനിലെ ബ്രഹ്മത്വം, ആദിത്യനിലെ ബ്രഹ്മസാന്നിദ്ധ്യം ആചാര്യനെ സമീപിച്ച് രൈക്വരാജാവ് ബ്രഹ്മജ്ഞാന പ്രാപ്തിക്കുള്ള ഉപദേശം സ്വീകരിക്കുന്നകഥ. ശ്രദ്ധയോടെയുള്ള തപസ്സാണ് ബ്രഹ്മജ്ഞാനമാർഗ്ഗമെന്ന ആചാര്യ ഉപദേശം, സത്യകാമൻ എന്ന രാജാവ് ബ്രഹ്മജ്ഞാനം നേടിയ കഥ, യജ്ഞത്തിലെ ത്രേതാഗ്നി-ഗാർഹപത്യാഗ്നി-ആഹവനീയാഗ്നി എന്നിവയുടെ ഉപാസനയിലൂടെ ലഭിക്കുന്ന ബ്രഹ്മജ്ഞാനം.

അം 5, 6. ശബ്ദ-പ്രാണമഹത്വം, പൃഥ്വി-പുരുഷ-ഔഷധി-അഗ്നി എന്നിവയുടെ മാഹാത്മ്യം, ആദിത്യനിലെ ബ്രഹ്മതത്വം, പഞ്ചഭൂത തത്വം, പ്രാണാഗ്നിഹോത്രം. സർവ്വഭൂതങ്ങളിലും ദൃശ്യമാകുന്ന ആത്മസത്ത, പ്രപഞ്ചദ്രവ്യങ്ങളുടെ അടിസ്ഥാനഘടകം, ജഗത്സൃഷ്ടി, അന്ന മഹത്വം, അന്നമയ ശരീരം, മനസ്സിലെ അന്നമയഅംശം, പ്രപഞ്ചപുരുഷ-മന-പ്രാണ ജ്യോതിസ്വരൂപ ബന്ധം, പ്രപഞ്ചത്തിലെ ജീവചൈതന്യം, നദി-സമുദ്രത്തിലേക്കു ചേരുന്നതിനോട് തുല്യമായ ജീവാത്മ-പരമാത്മ ലയനം, നല്ലവേരുകൾ ജലവും ലവണവും വലിച്ചെടുക്കുന്നതിനോട് തുല്യമായി, നല്ല ആത്മാക്കളുടെ നന്മയെ ആഗിരണം ചെയ്യുന്നതിനുള്ള ശക്തിവിവരണം, വേരുകളുടെ ക്ഷതം വൃക്ഷത്തെ ക്ഷയിപ്പിക്കുന്നതു പോലെ ആത്മക്ഷതം ഭൗതികവും-ആത്മീയവുമായ ശരീരത്തെയും ക്ഷയിപ്പിക്കുമെന്ന വിവരണം.

അം 7, 8. വേദ-ഇതിഹാസ പുരാണങ്ങളിലൂടെയുള്ള ആത്മജ്ഞാനം, പഞ്ചഭൂത തത്വങ്ങൾ, ജ്ഞാനേന്ദ്രിയ ധർമ്മം, മനസ്-വാക്-സങ്കൽപം-ചിത്തം-ധ്യാനം-ജ്ഞാനം-ബലം-അന്നം-ജലം- തേജസ് -ആകാശം-സ്മരണ-ആഗ്രഹം-പ്രാണൻ എന്നിവ തമ്മിലുള്ള ബന്ധം, ആത്മസ്തുതി, യജ്ഞസ്തുതി, ബ്രഹ്മജ്ഞാനിയുടെ ധർമ്മങ്ങൾ, ഇന്ദ്രൻ കഠിന തപസ്സിലൂടെ ബ്രഹ്മജ്ഞാനം നേടിയ കഥ, ബ്രഹ്മരൂപധ്യാനം, ജ്ഞാനമഹത്വം.



Scanned with CamScanner

**ആരുണി ഉപനിഷദ്** : അഞ്ചു മന്ത്രങ്ങളിൽ അരുണൻെറ പുത്രനും ബ്രഹ്മാവും തമ്മിലുള്ള സംവാദമായിട്ടാണ് ആരുണ്യുപനിഷത്തിലെ വിവരണം. ഭൂ-ഭുവ-സ്വ-മഹ-ജന-തപ-സത്യലോകങ്ങൾ, അതല-വിതല- സുതല-രസാതല-തലാതല-പാതളാദി ലോകങ്ങൾ, സന്യാസവിവരണം, മന്ത്ര-യന്ത്ര-യജ്ഞോപവീത-ശിഖ എന്നിവയുപേക്ഷിച്ച് സർവ്വഥാ ആത്മധ്യാനത്തിലൂടെ വേദ-ആരണ്യക ഉപനിഷത്തുകൾമാത്രം ജപിച്ചുകൊണ്ടുള്ള സന്യാസവൃത്തി, ബ്രഹ്മധ്യാനം ചെയ്ത് സന്യാസജീവിതം സ്വീകരിക്കുന്നതിൻെറ മഹത്വം, പരമഹംസയോഗിയുടെ വികാരവിചാരങ്ങളിൽ നിന്നുള്ള മുക്തി, ഈ സന്യാസി വർഷ ഋതുവിൻെറ നാലുമാസം വ്രതാനുഷ്ഠാനവും ശേഷകാലം ദേശാടനവും ചെയ്ത്, അല്പം ഭക്ഷിച്ച്, ഓംകാരം ജപിച്ച്, മനസ്സിൽ സത്യദീപം കൊളുത്തി, ദേവ തത്വങ്ങൾ പഠിച്ച് നേടുന്ന ബ്രഹ്മജ്ഞാനം.

**മൈത്രായണീ ഉപനിഷദ്** : നാലുപ്രപാഠകങ്ങളിലാണ് മൈത്രായണ്യുപനിഷത്തിലെ വിഷയ വിവരണം.

പ്രപാഠകം 1. ബൃഹദ്രഥരാജാവ് വാനപ്രസ്ഥാശ്രമം സ്വീകരിച്ച് കാനനവാസം നടത്തുന്ന വനത്തിൽ മുനിശ്രേഷ്ഠനായ ശാകായനനെ കണ്ട് നടത്തുന്ന സംവാദപ്രശ്നം. ചർമ്മം-സ്നായു-മജ്ജ-മാംസം-ശോണിതം-ശ്ലേഷ്മം-മൂത്രം-വാതം-കഫം എന്നിവകൊണ്ട് നിർമ്മിതമായ ദുർഗന്ധം വമിക്കുന്ന മനുഷ്യശരീരത്തിലെ കാമം-ഉപഭോഗം ഇവയുടെ അർത്ഥം എന്ത് ? കാമക്രോധാദികൾ-രോഗങ്ങൾ ഇവ നിറഞ്ഞ ശരീരത്തിലെ കാമ-ഉപഭോഗങ്ങൾ ഇവ എന്ത് ? മഹാരഥന്മാരായ അനേകം രാജാക്കന്മാരിൽ മൃത്യുവിങ്കലേക്ക് ആനയിക്കപ്പെട്ടു. ഈ ലോകത്തിൽ ശാശ്വതമായതെന്ത് ? ബൃഹദ്രഥരാജൻെറ ഈ പ്രശ്നങ്ങളാണിതിലെ വിഷയം.

പ്രം 2, 3. ശരീരത്തിൻെറ സ്ഥിരവും-അസ്ഥിരവുമായ എല്ലാ കർമ്മങ്ങളുടേയും ആസ്തിത്വം, ജാഗ്രത്-സ്വപ്ന-സുഷുപ്ത-തുരീയ എന്നി നാലു അവസ്ഥകളിലും, വായുവിനെപോലെ അദൃശ്യനായി പഞ്ചപ്രാണനിലൂടെ ശരീരത്തിൽ കടന്ന്, ആത്മാവിരിക്കുന്നു. വൈശ്വാനര രൂപിയും ശുദ്ധസ്വരൂപനുമായ - ആത്മചൈതന്യത്താൽ കർമ്മേന്ദ്രിയങ്ങളാകുന്ന രഥത്തിൽ-ശരീരം ചക്രത്തെപോലെ പ്രവർത്തിച്ച്-കർമ്മഫലങ്ങൾ രഥദിശനിയന്ത്രിച്ചുള്ള ആത്മീയ യാത്രാമഹത്വം, കർമ്മമഹത്വം, പഞ്ചതന്മാത്രകളുടെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചുള്ള അനേകം അഭിപ്രായങ്ങൾ, ആത്മാവിൻെറ



Scanned with CamScanner

നാനാത്വം, ശരീര-ആത്മബന്ധം ഇവയെക്കുറിച്ചുള്ള പ്രമാണാന്ത രങ്ങൾ എന്നിവയുടെ വിവരണം.

പ്രം 4. ധർമ്മാനുഷ്ഠാനങ്ങളില്ലാതെ നയിക്കുന്ന ജീവിതഫലം, സ്വധർമ്മമഹത്വം, സംസാരകർമ്മ മാഹാത്മ്യം, ധാർമ്മികകർമ്മത്തി ലൂടെ ലഭിക്കുന്ന സന്തോഷം, പ്രസന്നമായ മന-ശരീരത്തിലൂടെയുള്ള ഭഗവത് ഉപാസന എന്ന ലളിതമായ മോക്ഷമാർഗ്ഗം, ഉപാസനയിലൂടെ ആത്മചൈതന്യസാക്ഷാത്കാരം.

**മൈത്രേയീ ഉപനിഷദ്** : മൈത്രേയിക്ക് ശിവൻ നൽകുന്ന ഉപദേശമാണ് മൂന്ന് അദ്ധ്യായങ്ങളിൽ മൈത്രേയി ഉപനിഷത്തിൽ വിവരിക്കുന്നത്. ഭൗതിക ജീവിതത്തിലെ അനർത്ഥങ്ങളും, ക്ഷണികങ്ങളായ സുഖങ്ങളും, നിത്യങ്ങളായ ദുഃഖങ്ങളും മനസ്സിലാക്കിയ ബൃഹദ്രഥരാജൻ വനത്തിൽ ശാകായന മുനിയുമായി നടത്തുന്ന സംവാദം. തപം, സത്വം, മനസ്, ആത്മം, ചിത്തം എന്നി വിഷയവിവരണം. മൈത്രേയിയും ശിവനും കൈലാസത്തിൽ നടത്തുന്ന ആത്മീയ വിഷയസംവാദം, ജ്ഞാനം, ധ്യാനം, സ്നാനം, ഇന്ദ്രിയകർമ്മങ്ങൾ, ഇന്ദ്രിയനിഗ്രഹണം, ശൗചം എന്നി പദങ്ങളുടെ നിർവ്വചനങ്ങൾ, ശുദ്ധി, പവിത്രത, ദ്വൈതം, അദ്വൈതം, ബ്രഹ്മചൈതന്യം, വൈരാഗ്യം എന്നീ വിഷയ വിവരണങ്ങൾ, 'അഹം' എന്ന പദത്തിന്റെ ഗഹനമായ അർത്ഥം, ആത്മജ്ഞാനി സർവ്വചരാചരങ്ങളിലും ദർശിക്കുന്ന 'അഹ' തത്വം, എന്നിലും, നിന്നിലും, ആദിയിലും, ഉന്നതിയിലും, താഴ്ചയിലും, താഴ്ന്നവനിലും, ഉയർന്നവനിലും, സിദ്ധനിലും, യോഗിയിലും, പ്രകാശി ക്കുന്നതും ജ്ഞാനിക്ക് ദൃശ്യമാകുന്നതുമായ 'അഹം' അഥവാ സ്വബോധത്തിന്റെ തത്വമഹത്വം.

**വജ്രസൂചിക ഉപനിഷദ്** : അജ്ഞാനമാകുന്ന ദൃഷ്ടിനെ വജ്രസൂചികൊണ്ട് നീക്കം ചെയ്യുക എന്നതാണ് വജ്രസൂചികോപനിഷത്തിലെ വിഷയം. നാലു വർണ്ണങ്ങളുടെ ധർമ്മം, ബ്രാഹ്മണ്യത്തിന്റെ നിർവ്വചനം "ബ്രാഹ്മണത്വം ജീവൻ-ശരീരം-വർഗ്ഗം-ജ്ഞാനം-കർമ്മം-ധർമ്മം ഇവയൊന്നുമല്ല തന്നെ, ആദിയും, അന്തവും, ഭേദഭാവങ്ങളുമില്ലാതെ, സത്യ-ജ്ഞാന- ആനന്ദത്തിന്റെ മൂർത്തിമത് ഭാവവമായി എക്കാലത്തും- എല്ലായിടത്തും-നിലനിൽക്കുന്ന ചേതനയായി ആത്മാവിനെ കാണുവാൻ സാധിക്കുന്ന യോഗിയത്രെ ബ്രഹ്മണൻ". വികാരങ്ങളിൽ നിന്നും മുക്തനും-ത്യാഗിയുമായ ഈ ബ്രാഹ്മണൻ സച്ചിദാനന്ദരൂപിയായ ബ്രഹ്മത്തെ 'ആത്മസമാനം ദർശിക്കുന്നു.



Scanned with CamScanner

**യോഗചൂഡാമണി ഉപനിഷദ്** : യോഗാസനം, ശ്വാസോച്ഛ്വാസ നിയന്ത്രണം, ധ്യാനം, അതീന്ദ്രിയ ധ്യാനം, യോഗത്തിലെ ഷഡംഗങ്ങൾ, ഷഡ്ചക്രങ്ങൾ, മൂലാധാരചക്രം, സ്വാദിഷ്ഠാനചക്രം, ഇവകളുമായി ബന്ധപ്പെട്ട നാഡി സമൂഹങ്ങൾ, ഓരോ നാഡിയുടെ പേരും അവയുടെ പ്രാധാന്യവും, നാഡികളിലൂടെയുള്ള പഞ്ചപ്രാണന്റെ സഞ്ചാലനം, നിരന്തര സാധനയിലൂടെ കുണ്ഡലിനിയുടെ ഉത്തേജനം, ഖേചരിമുദ്രയുടെ മഹത്വം, മഹാമുദ്രയുടെ വർണ്ണന, പ്രണവപ്രാർത്ഥന, ഓംകാര-ബ്രഹ്മ-ബന്ധം, പഞ്ചഭൂത-പഞ്ചപ്രാണ-പഞ്ചദേവതാ വിവരണം, ഓംകാരമഹത്വം, സർവ്വവ്യാപിയായ ബ്രഹ്മചൈതന്യം, പാപമോചനമാർഗ്ഗം, പ്രാണായാമവിധി, പ്രാണായാമത്തിലൂടെയുള്ള നാഡിശുദ്ധീകരണം, രോഗമുക്തി, യോഗസാധനയിലൂടെ ലഭിക്കുന്ന ഭൗതിക-ആത്മീയസിദ്ധികൾ.

**വാസുദേവ ഉപനിഷദ്** : വാസുദേവ-നാരദസംവാദത്തിലൂടെ ഇതിൽ വിഷയാവതരണം നടത്തിയിരിക്കുന്നു. ഊർദ്ധ്വപുണ്ഡ്രവിധി, ഗോപീചന്ദനധാരണം, ഗോപീചന്ദനധാരണത്തിലൂടെയുള്ള മുക്തി, ബ്രഹ്മചാരികൾ അനുഷ്ഠിക്കേണ്ട ഗോപീചന്ദനധാരണ വിധി, ഹൃദയകമലത്തിൽ വാസുദേവപ്രതിഷ്ഠനടത്തിയിട്ടുള്ള ധ്യാനഫലം, അഗ്നി-ക്ഷീരം- സ്ഥാവര-ജംഗമ വസ്തുക്കൾ എന്നിവയിലെ വാസുദേവചൈതന്യം, വാസുദേവഉപനിഷത്പഠന ത്തിലൂടെ ലഭിക്കുന്ന സർവ്വ തീർത്ഥസ്നാന-സർവ്വയജ്ഞ കർമ്മഫലങ്ങൾ.

**മഹോപനിഷദ്** : ആറ് അദ്ധ്യായങ്ങളടങ്ങുന്നതാണ് മഹോപനിഷദ്. നാരായണന്റെ ഏകഭാവം, പ്രപഞ്ചപുരുഷ വിരാട്സ്വരൂപം, തേജസ്വിയായ ശുകൻ സ്വയം ജ്ഞാനം നേടുന്ന ചരിത്രം, ശുകന്റെ ഉപദേശത്തിലൂടെ ജനകന് ലഭിച്ച മോക്ഷപ്രാപ്തി, നിദാഘൻ എന്ന ബാലനായ മുനിശ്രേഷ്ഠന്റെ കഥ, പ്രപഞ്ചത്തിലെ അനിത്യത്വം, അഹങ്കാരത്തിനുള്ള ഹേതു, ഭൗതികജീവിതത്തിലെ മനസ്സിന്റെ ആഗ്രഹങ്ങൾ, സ്ത്രീസുഖലോലുപത, ഭൗതികസുഖങ്ങളുടെ അസ്ഥിരത, ശാസ്ത്രപഠനത്തിലൂടെയുള്ള ആത്മസാക്ഷാത്കാരം, മോക്ഷമാർഗ്ഗം, സമാധിഭാവം, ജീവൻമുക്താവസ്ഥ, ആത്മജ്ഞാനി യുടെ ലക്ഷണം, പരമമായ ആത്മീയ ആനന്ദം, മനസ്സിന്റെ മഹത്വം, സാധനയിലൂടെ സാധ്യമാകുന്ന ബ്രഹ്മദർശനം, ആത്മീയജ്ഞാനം, നിർഗുണ-നിർവികൽപ പരബ്രഹ്മവിവരണം, സംസാര ബന്ധമോചനത്തിലൂടെയുള്ള ബ്രഹ്മജ്ഞാന മാർഗ്ഗം, മോക്ഷസിദ്ധി. ബ്രഹ്മജ്ഞാനിക്ക് അനുഭവിക്കാൻ സാധിക്കുന്ന ജ്യോതിസ്ഫുരണ ചൈതന്യം, ഭൗതിക സുഖവിരക്തി, മനസ്സിന്റെ വിവരണം,



Scanned with CamScanner

മനോസാധനയിലൂടെയുള്ള പരമപദപ്രാപ്തി, സമാധി-ധ്യാനം എന്നീ മാർഗ്ഗങ്ങളിലൂടെ പരമേശ്വര ഭാവജ്ഞാനസിദ്ധി, ജനന-മരണങ്ങളെക്കുറിച്ചുള്ള വ്യക്തമായ ബോധം, അദ്വൈതനിഷ്ഠയിൽ ജീവിക്കുന്ന യോഗിയുടെ സംസാരബന്ധങ്ങളോടുള്ള ഭാവം, മോക്ഷാർഥിയുടെ ബ്രഹ്മനിഷ്ഠ.

**സന്ന്യാസ ഉപനിഷദ്** : ഒരു സന്ന്യാസി നിത്യവും അഗ്നിമന്ത്രം ചൊല്ലി, സംസ്കാരക്രിയകൾ നടത്തി, ഔഷധങ്ങൾ ശേഖരിച്ച്, അമാവാസി ദിവസം പ്രഭാതത്തിൽ അഗ്നികർമ്മങ്ങൾ കഴിച്ച്, പിതൃക്കൾക്ക് ശ്രാദ്ധ-തർപ്പണാദികൾ കൊടുത്ത് ആത്മതത്വജ്ഞാനലബ്ധിക്കു തുല്യമായ ബ്രഹ്മേഷ്ടി അനുഷ്ഠിക്കുകയും, അരണി കടഞ്ഞ അഗ്നിയിൽ ആഹൂതി നടത്തുകയും വേണമെന്ന് ഈ ഉപനിഷദ് വിവരിക്കുന്നു.

**അവ്യക്ത ഉപനിഷദ്** : പ്രപഞ്ച ഉൽഭവം വിവരിക്കുന്ന അവ്യക്തോപനിഷത്ത് ഏഴു ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നു. ആദിയിലെ ഭൂമി-ആകാശ അഭാവം, ആദിയും അന്തവുമില്ലാത്ത ജ്യോതിരൂപവിവരണം, ജ്യോതിരൂപത്തിൽ നിന്നും അണുവിന്റെ ഉത്ഭവം, അതിന്റെ അണ്ഡരൂപം, പ്രപഞ്ചസൃഷ്ടിയുടെ ആരംഭംകുറിക്കുന്ന ഈ അണ്ഡത്തെക്കുറിച്ച് ധ്യാനജ്ഞാനാദികളിലൂടെ ലഭിക്കുന്ന വിജ്ഞാനം, അണ്ഡത്തിൽ നിന്നുള്ള പ്രപഞ്ചഉത്ഭവം, വിദ്യാസൃഷ്ടി, അക്ഷരസൃഷ്ടി, അക്ഷരങ്ങളിൽ നിന്ന് വേദ ഉത്ഭവം, പതിനൊന്നാദിത്യന്മാരുടെയും- വിഷ്ണു-രുദ്ര-വസ്തുക്കളുടെയും സൃഷ്ടി, സ്ത്രീ-പുരുഷ-ഇന്ദ്രസൃഷ്ടി, ഇന്ദ്രന്റെ ദേവരാജപദവി, ഉപനിഷദ് പഠനഫലം.

**കുണ്ഡിക ഉപനിഷദ്** : സന്ന്യാസിയെക്കുറിച്ച് വിവരിക്കുന്ന ഒരു ലഘു ഉപനിഷത്താണിത്, ഗൃഹസ്ഥാശ്രമത്തിനുശേഷം എല്ലാ ആഗ്രഹങ്ങളും വെടിഞ്ഞ് ഗർഭത്തിൽ വസിക്കുന്ന ശിശുവിനെപോലെ സന്ന്യാസി ഗുഹകളിൽ വസിക്കണം, സന്ന്യാസി കാമം-ഭയം എന്നിവയിൽ നിന്നും മുക്തി നേടണം, കൗപീനവും-പവിത്രവും-സ്നാനവസ്ത്രവുമൊഴികെയുള്ള മറ്റെല്ലാ വസ്തുക്കളും ത്യജിച്ച്, നദീതീരത്ത് വസിച്ച്, ആവശ്യമനുസരിച്ചുള്ള ഭിക്ഷ സ്വീകരിച്ച്, ഇന്ദ്രിയനിഗ്രഹത്തിലൂടെയുള്ള സന്ന്യാസജീവിതം നയിക്കണം. പഞ്ചേന്ദ്രിയജ്ഞാനം, മൂന്നവസ്ഥകളുടെയും മഹത്വജ്ഞാനം-നിഷ്ക്രിയത്വം, നിർവ്വികാരാവസ്ഥ- നിരാകൃത- നിരാലംബ- നിർവികൽപത്വം ഇവയിലൂടെ സന്ന്യാസിയുടെ പ്രപഞ്ചത്തിലെ നാരായണ-ആദിത്യ ചൈതന്യദർശനം.



Scanned with CamScanner

**സാവിത്രി ഉപനിഷദ്** : സവിതാവിനെയും, സാവിത്രിയെയും കുറിച്ചുള്ള വിവരണമാണ് ഇതിലെ പ്രതിപാദ്യവിഷയം. അഗ്നി സവിതാവും-പൃഥ്വി സാവിത്രിയും വരുണൻ സവിതാവും-ആപസ് സാവിത്രിയും, വായു സവിതാവും- ആകാശം സാവിത്രിയും, പുരുഷൻ സവിതാവും-സ്ത്രീ സാവിത്രിയുമായുള്ള ബന്ധവിവരണം ഒന്നാം പാദവും, ഭർഗോദേവസ്യ ധീമഹി രണ്ടാം പാദവും. ധീ യോ യോനഃ പ്രചോദയാൽ മൂന്നാം പാദവുമായുള്ള വിവരണം, ശ്രീരാമ ലക്ഷ്മണന്മാർക്ക് വിശ്വാമിത്രൻ വിവരിച്ചുകൊടുത്ത ബല-അതിബല എന്ന മന്ത്രമഹാത്മ്യം, മൃത്യുഭയ മോചനമായ ഉപനിഷദ് പഠനഫലം.

**രുദ്രാക്ഷജാബാല ഉപനിഷദ്** : കാലാഗ്നിരുദ്രൻ, രുദ്രാക്ഷത്തിൻെറ മഹത്വം വിവരിക്കുകയാണ് ഈ ഉപനിഷത്തിൽ, രുദ്രാക്ഷത്തിൻെറ ഉത്ഭവകഥ, തൃപുര വധത്തിനായി പുറപ്പെടുന്ന നിമീലിതാക്ഷനിൽ നിന്ന് വീണ ജലകണങ്ങൾ രുദ്രാക്ഷമായി മാറിയെന്ന കഥ, രുദ്രാക്ഷം ധരിക്കുന്ന തിൻെറ മോക്ഷഫലം, സമ-സ്നിഗ്ദ്ധ, ദൃഢ-സ്ഥൂല, കണ്ഠ എന്നീ മൂന്നുതരം രുദ്രാക്ഷങ്ങൾ, ശിഖയിലും കണ്ഠത്തിലും ധരിക്കുന്ന മാലയിൽ ഉണ്ടാക്കുന്നതിൻെറ ആത്മീയ മഹത്വം, രുദ്രാക്ഷ ധാരണമന്ത്രം, വിവിധ സംഖ്യാക്രമത്തിൽ ഇവ ധരിക്കുന്നതിൻെറ ഫലങ്ങൾ, യജ്ഞോപവീത ധാരികളും, രുദ്രാക്ഷ ധാരികളും വർജ്ജിക്കേണ്ട മത്സ്യ-മാംസാദി ഭക്ഷണങ്ങൾ, ഉപനിഷദ് പഠനഫലം.

**ദർശനോപനിഷദ്** : ദത്താത്രേയ മഹർഷി സാംകൃതിമുനിക്ക് യോഗവിദ്യകളെക്കു റിച്ചുള്ള ഈ ഉപനിഷത് വിഷയം വിവരിക്കുന്നു.

യമം-നിയമം-ആസനം-പ്രാണായാമം-പ്രത്യാഹാരം-ധാരണ-ധ്യാനം സമാധി എന്നീ അഷ്ടാംഗങ്ങൾ, അധാർമ്മികതയിൽ നിന്ന് ധാർമ്മികതയിലേക്കുള്ള സഞ്ചാരപഥം, യമം-അഹിംസ-സത്യം- ആസ്ത്രേയം-ബ്രഹ്മചര്യം-അപരിഗ്രഹം എന്നീ യമങ്ങൾ, ശൗചം- സന്തോഷം- തപം-സ്വാധ്യായം-ഈശ്വരപ്രണിധാനം എന്നീ 10 നിയമങ്ങൾ, സ്വസ്തികം-ഗോമുഖം-പത്മം-വീരാസനം-സിംഹാസനം -ഭദ്രാസനം-മുക്താസനം-മയൂരാസനം-സുഖാസനം എന്നീ 9 ആസനങ്ങൾ, ശരീരത്തിലെ പ്രധാന 14 നാഡികൾ, അവയുടെ 72,000 ഉപനാഡികൾ, കുണ്ഡലിനി, പ്രാണാപാനാദിവായുക്കൾ, നാഡീ ദേവതകൾ, ചന്ദനം ശരീരത്തിലെ നാഡീവ്യൂഹത്തിൽ ചെലുത്തുന്ന സ്വാധീനം, മനുഷ്യശരീരം പവിത്ര ഭാരത ഭൂമിയോടുപമിച്ചാൽ, നെറ്റിത്തടം കാശിയും-കേദാരവും, മാറിടം കുരുക്ഷേത്രവും, ഹൃദയം പ്രയാഗയും, മധ്യഭാഗം ചിദംബരവും,



Scanned with CamScanner

നാഡീവ്യൂഹങ്ങൾ പുണ്യതീർത്ഥങ്ങളുമത്രെ. ശരീരത്തെ പവിത്രവും ഭാരമില്ലാത്തതുമാക്കുവാൻ സാധിക്കുന്ന യോഗവിദ്യവിവരണം, പ്രാണായാമവിധികൾ, പ്രത്യാഹാരനിയമങ്ങൾ, പഞ്ചഭൂതങ്ങൾ, ബ്രഹ്മതത്വം, ബ്രഹ്മധ്യാനം, ബ്രഹ്മജ്ഞാനം, സമാധി അവസ്ഥ, ബ്രഹ്മസത്ത, പ്രപഞ്ചപുരുഷധ്യാനത്തിലൂടെ ബ്രഹ്മജ്ഞാനപ്രാപ്തി. ഇവയാണ് യഥാക്രമം ദർശനോപനിഷദ് വിഷയങ്ങൾ

**ജാബാല ഉപനിഷദ്** : യജ്ഞവൽക്യൻ ജനകനോട് വിവരിക്കുന്ന ധാർമ്മികവിഷയ ങ്ങളാണ് ഉപനിഷദ് വിഷയം. ഇന്ദ്രിയ കർമ്മങ്ങളിലുടെയുള്ള പാപങ്ങൾ, പാപമോചനത്തിലൂടെയും ശതരുദ്രയജ്ഞത്തിലൂടെയുമുള്ള അമൃതത്വപ്രാപ്തി, ആശ്രമമഹത്വം, സന്യാസി അനുഷ്ഠിക്കേണ്ട അഗ്നി ഹവനാദികർമ്മങ്ങൾ, യജ്ഞോപവീത ധാരണ മഹത്വം, വാക്-കർമ്മ നിയന്ത്രണത്തിലൂടെയുള്ള പൂർണ്ണതാ പ്രാപ്തി, സന്യാസിയുടെകർത്തവ്യം, ത്യാഗത്തിലൂടെ സന്യാസിയുടെ പരമഹംസപദ പ്രാപ്തി, പരമഹംസ സന്യാസിയുടെ ആചാരങ്ങൾ - ത്രിദണ്ഡ്-കമണ്ഡലു-പാത്രം-ജലം-പവിത്രം-യജ്ഞോപവീതം-ത്യാഗം ശുദ്ധ മനസ് എന്നിവയുമായി പ്രാണൻെറ നിലനിൽപ്പിനുവേണ്ടി മാത്രമുള്ള ഭിക്ഷാ സ്വീകരണം, അഗ്നിഹവനങ്ങളുടെ അനുഷ്ഠാനം, അന്ത്യത്തിൽ ധ്യാനത്തിലൂടെയുള്ള ദേഹത്യാഗം.

## അഥർവവേദീയ ഉപനിഷദ്

അഥർവവേദത്തിന് മറ്റു വേദങ്ങൾക്കു തുല്യപ്രാധാന്യമോ പരിഗണനയോ ചില പണ്ഡിതന്മാർ നൽകുന്ന പതിവില്ല എങ്കിലും അഥർവവേദീയ ഉപനിഷത്തുകൾക്ക് ശ്രേഷ്ഠമായ പദവിയാണ് കൽപിച്ചിരിക്കുന്നത്. ഇവയിൽ വിവരിക്കുന്ന വിഷയങ്ങൾ മറ്റുപനിഷ ത്തുകളെപോലെ ഗഹനങ്ങളാണ്.

**പ്രശ്നോപനിഷദ്** : ദശോപനിഷത്തുകളിൽ വളരെ പ്രധാനപ്പെട്ടതാണ് പ്രശ്നോപനിഷദ്. ഭരദ്വാജപുത്രനായ സുകേശൻ, ശിബിപുത്രനായ സത്യകാമൻ, സൂര്യപുത്രനായ ഗാർഗ്യൻ, അശ്വലപുത്രനായ കൗസല്യൻ, വിദർഭദേശീയനായ ഭാർഗ്ഗവൻ, കാത്ത്യപുത്രനായ കബന്ധി എന്നിവർ ബ്രഹ്മജ്ഞാനത്തിന് പിപ്പലാദമുനിയെ സമീപിച്ച് നടത്തുന്ന സംവാദമാണ് വിഷയം.

ഭാഗം 1. ജീവജാലങ്ങളുടെ സൃഷ്ടിയെക്കുറിച്ച് കബന്ധിയുടെ പ്രശ്നം: ഹിരണ്യഗർഭനും, ബ്രഹ്മവും, പ്രജാപതിയും ജീവൻെറ തന്നെ പര്യായമാകുന്നു. ജീവജാലങ്ങളും സൂര്യചന്ദ്രനും



Scanned with CamScanner

ജീവചൈതന്യത്തിൽ നിന്നുത്ഭവിക്കുന്നു. ഇവയിൽ എല്ലാത്തിലും പ്രജാപതിയുടെ ചൈതന്യം പ്രവർത്തിക്കുന്നു, സത്യത്തിലൂടെയും-ശ്രദ്ധയിലൂടെയുമത്രെ ജീവസൃഷ്ടിയുടെ തുടർച്ച, തെറ്റായ മാർഗ്ഗങ്ങൾ ബ്രഹ്മപഥത്തിലെ പ്രയാണം ദുഷ്കരമാക്കുന്നു.

ഭാഗം 2. ഭാർഗ്ഗവൻെറ പ്രശ്നം: പഞ്ച ജ്ഞാനേന്ദ്രിയ-പഞ്ചഭൂത - പഞ്ചകർമ്മേന്ദ്രിയ-പ്രാണബന്ധത്തെക്കുറിച്ചുള്ളതായിരുന്നു. സർവ്വ ഇന്ദ്രിയ ങ്ങൾക്കും അധിപനും, തേജസ്സ് പകരുന്നതുമായ പ്രാണമഹത്വം, പ്രാണൻെറ ശ്രേഷ്ഠത്വം.

ഭാഗം 3. കൗസല്യപ്രശ്നം: പ്രാണൻെറ ഉത്ഭവം, ശരീരത്തിലെ അസ്തിത്വം, പരബ്രഹ്മത്തിൽ നിന്നും പ്രാണൻെറ ജനനം, അതിൻെറ ആത്മാവിലെ ആസ്തിത്വം, ഗ്രാമപാലകരെ ചക്രവർത്തി നിയന്ത്രിക്കുന്നതുപോലെ പഞ്ചപ്രാണനെ മുഖ്യപ്രാണൻ നിയന്ത്രിക്കുന്നത്. വിസർജ്ജനേന്ദ്രിയങ്ങൾ അപാനനും, മുഖേന്ദ്രിയങ്ങൾ മുഖ്യപ്രാണനും, രക്തചംക്രമണം സമാനനും, ഹൃദയവുമായി ബന്ധപ്പെട്ട101 നാഡികളും, 106 ശാഖാനാഡികളും, അവയുടെ ഉപനാഡികളും വ്യാനനും, ശരീരഊഷ്മാവ് ഉദാനനും നിയന്ത്രിക്കുന്നവിവരണം. മരണസമയത്ത് ജീവൻ മുഖ്യപ്രാണനെ ആശ്രയിച്ച് ദേഹത്തിൽനിന്ന് വേർപെട്ട് സങ്കൽപത്തിനനുസരിച്ച ദേഹത്തിലേക്കാനയിക്കുന്നു.

ഭാഗം 4. ഗാർഗ്ഗ്യ പ്രശ്നം : സുഷുപ്താവസ്ഥയിൽ എല്ലാ ഇന്ദ്രിയങ്ങളും മനസ്സിൽ ലയിക്കുന്നു, അതേസമയം ശരീരാഗ്നി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. സമാനൻ ശ്വാസോച്ഛ്വാസ വേഗതയെ നിയന്ത്രിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ കാണുകയും കേൾക്കുകയും ചെയ്തതിനെ മനസ് അയവിറക്കുന്നു. ഉള്ളതും ഇല്ലാത്തതുമായ പലതും സ്വപ്നാവസ്ഥയിതു മനസ് കാണുന്നു, പഞ്ചഭൂതങ്ങളും പഞ്ചേന്ദ്രിയങ്ങളും, അന്തകരണവും ഈ അവസ്ഥയിൽ ആത്മാവിൽ വിശ്രമിക്കുന്നു. ആത്മാവുതന്നെ വികാര വിചാരങ്ങളുടെ അടിസ്ഥാനമായിത്തീരുന്നു.

ഭാഗം 5. സത്യകാമപ്രശ്നത്തിലെ ഓംകാരവിവരണം, പരാ-അപരാവിദ്യയുടെ ബ്രഹ്മത്വം, 16 മാത്രകളടങ്ങുന്ന ഓംകാരത്തെ അറിയുന്ന ജ്ഞാനികളുടെ മരണാനന്തരമുള്ള മഹത്വമേറിയ സ്വർലോകപ്രാപ്തി.

ഭാഗം 6. സുകേശൻെറ പതിനാറു കലകളുള്ള പ്രപഞ്ച പുരുഷനെക്കുറിച്ചുള്ള പ്രശ്നം: പ്രപഞ്ചപുരുഷചൈതന്യം



Scanned with CamScanner

ശരീരത്തിൽ സ്ഥിതി ചെയ്യുന്നു. പഞ്ചഭൂതങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, കൂടാതെ മനസ്സും ചേർന്നതാണ് പ്രപഞ്ചപുരുഷന്റെ 16 കലകൾ. മരണത്തിൽ ഇവയെല്ലാം പരമമായ ബ്രഹ്മത്തിൽ തന്നെ ലയിക്കുന്നു.

**മുണ്ഡക ഉപനിഷദ്** : ശൗനകമഹർഷിക്ക് ആംഗിരസ ഋഷി വിവരിക്കുന്നതാണ് ഉപനിഷദ്‌വിഷയം. മൂന്ന് ഭാഗങ്ങളാണിതിനുള്ളത്. ഇവ മുണ്ഡകങ്ങൾ എന്നറിയപ്പെടുന്നു.

മുണ്ഡകം 1. ഭൗതികവിഷയങ്ങൾ വിവരിക്കുന്ന വിദ്യയായ പരാവിദ്യ, വേദ-വേദാംഗങ്ങളടങ്ങുന്ന-ആദ്ധ്യാത്മ തത്വങ്ങളെ വിവരിക്കുന്ന അപരാവിദ്യ, അന്നം, പ്രകൃതി ഇവയുടെ ബ്രഹ്മത്തിൽ നിന്നുള്ള ഉത്ഭവം, സത്യം, പഞ്ചഭൂതം ഇവയുടെ ഹിരണ്യഗർഭനിൽ നിന്നുള്ള ഉത്ഭവം, വൈദിക കർമ്മങ്ങൾ-യജ്ഞാദികർമ്മങ്ങൾ, കർമ്മ ങ്ങളുടെ ഫലം, ഗുരുശിഷ്യബന്ധ മഹത്വം.

മുണ്ഡകം 2. പ്രപഞ്ചത്തിലെ എല്ലാത്തിലും കാണുന്ന ബ്രഹ്മചൈതന്യം, അക്ഷരബ്രഹ്മമായ പുരുഷൻ, ബ്രഹ്മോപാസന, ജീവചക്ര-കർമ്മഫലബന്ധം, പരമാത്മ സാക്ഷാത്കാരത്തിനുള്ള പ്രാണോപാസന, നിരന്തരമായ സാധനയിലൂടെ അജ്ഞാനത്തിൽ നിന്നുള്ള മുക്തി.

മുണ്ഡകം 3. ജീവാത്മ-പരമാത്മ ബന്ധം, ഭൗതിക സുഖങ്ങൾക്കു വേണ്ടിയുള്ള അത്യാഗ്രഹം, അജ്ഞാനം, ക്ലേശങ്ങൾ എന്നിവ ഒരുവശത്തും വൈരാഗ്യ വിരക്തി എന്നിവ മറുവശത്തുമായ മനുഷ്യകർമ്മം, പരമാത്മദർശനത്തിനുള്ള മാർഗ്ഗം, ആത്മജ്ഞാന മഹത്വം, ആത്മജ്ഞാനിയായി സേവിക്കുന്നതിന്റെ ഫലം, ആത്മദർശനത്തിന്, വേദശാസ്ത്രപഠനം-ശ്രവണം-അദ്ധ്യാപനം ഇവയുടെ പ്രയോജനമില്ലായ്മ, ധൈര്യം-ഗാഢമായ ശ്രദ്ധ- സന്യസ്ഥ ജീവിതം ഇതിലൂടെയുള്ള ആത്മസാക്ഷാത്കാരം, ക്രാന്ത ദർശികളായ തത്വജ്ഞാനികൾക്കുമാത്രം ലഭിക്കുന്ന ആത്മജ്ഞാനം.

**മാണ്ഡൂക്യ ഉപനിഷദ്** : ഒന്നോ രണ്ടോ വരികൾ മാത്രമടങ്ങുന്ന12 മന്ത്രങ്ങളാണ് മാണ്ഡൂക്യ ഉപനിഷത്തിലുള്ളത് ഭൂതം-ഭാവി-വർത്തമാനം ചേർന്ന ഓംകാര മഹത്വം, പ്രപഞ്ചത്തിലെ ബ്രഹ്മചൈതന്യം, പ്രപഞ്ചവുമായി ബന്ധമുള്ള ജാഗ്രത് അവസ്ഥ, ആത്മദർശനം ലഭിക്കുന്ന സ്വപ്നാവസ്ഥ, രണ്ടും ഏകമായിത്തീരുന്ന സുഷുപ്താവസ്ഥ, എല്ലാത്തിന്റെയും ബ്രഹ്മത്തിൽ നിന്നുള്ള ഉത്ഭവം, ഉയർച്ച, അവസാനം, വൈശ്വാനരന്റെ മൂന്നു ഭാഗങ്ങളായ



Scanned with CamScanner

ജാഗ്രത്-സ്വപ്ന- സുഷുപ്താവസ്ഥ അവർണനീയവും, ചിന്താതീതവുമായ നാലാം ഭാഗം, ആത്മീയവും ഭൗതികവുമായ ജ്ഞാനമടങ്ങുന്നതും ആത്മഭാഗവുമായ ഓംകാരത്തിൻെറ തുരീയഭാവമഹത്വം.

**അഥർവശിര ഉപനിഷദ്** : രുദ്രമഹാത്മ്യമാണ് അഥർവശിര ഉപനിഷദ് വിഷയം, രുദ്രൻെറയും ഓംകാരത്തിൻെറയും സർവ്വവ്യാപകത്വവും- അനന്തഭാവവും, ജൻമസംസാരബന്ധത്തിൽ നിന്നുള്ള മുക്തിയായ താരകം, ശരീരത്തിൽ സ്ഥിതി ചെയ്യുന്ന സൂക്ഷ്മമായ ദൈവാംശം, തേജസ്സിനാൽ ശരീരത്തെ പ്രകാശിപ്പിക്കുന്ന വൈദ്യുതി, ബൃഹത്തായി പ്രപഞ്ചത്തിൽ സ്പന്ദിച്ചുകൊണ്ടിരിക്കുന്ന പരബ്രഹ്മം, ഉപനിഷദ് പദങ്ങളായ ഈശ, മഹാദേവ, മഹേശ്വര എന്നിവയുടെ ശാസ്ത്രീയമായ അർത്ഥം, സർവ്വവ്യാപിയായ രുദ്രസ്മരണഫലം, മഹാ പാശുപതവ്രതാനുഷ്ഠാന മഹാത്മ്യം, അവസാനത്തെ 90 ശ്ലോകങ്ങളിൽ ദേവന്മാർ രുദ്രനെ വാഴ്ത്തുന്നു.

**അഥർവശിഖ ഉപനിഷദ്** : അഥർവണമഹർഷി യോഗതത്വങ്ങളെ ക്കുറിച്ച് വിവരിക്കുന്ന താണ് ഈ ഉപനിഷദ്.

ഓംകാരം, പരബ്രഹ്മം, ഓംകാരത്തിൻെറ നാലുമാത്രകളാകുന്ന നാലു വേദങ്ങൾ, നാലു മാത്രകളുടെ നാലു നിറങ്ങൾ, ദേവതകൾ, ധ്യാനം, ഓംകാര ജപത്തിലൂടെയുള്ള ധ്യാനമഹത്വം, ഓംകാരത്തിൻെറ താരകതത്വം, ഓംകാരചൈതന്യത്തിലൂടെ ഈ പ്രപഞ്ചത്തെ ശോഭിപ്പിക്കുന്ന വിദ്യുത്ശക്തി, ശരീരത്തെ പ്രകാശിപ്പിക്കുന്ന തേജസ്സിൻെറ ഉത്ഭവം, ഓംകാരത്തിൻെറ അ-ഉ-മ എന്നിവയാകുന്ന ജാഗ്രത്-സ്വപ്ന-സുഷുപ്താവസ്ഥകൾ, വേദപഠനത്തിന് തുല്യമായ ഓംകാരധ്യാനം, ശിവമയമായ ഓംകാര ധ്യാനമഹത്വം.

**ബൃഹത്ജ്ജാബാല ഉപനിഷദ്** : ഈ ഉപനിഷത് 8 ബ്രഹ്മണങ്ങളായി തിരിച്ചിരിക്കുന്നു.

ബ്രാഹ്മണം 1. പ്രജാപതി മഹർഷിമാരോട് ഭസ്മത്തിൻെറ- വിഭൂതി-ഭസിതം-ഭസ്മം-ക്ഷാരം-രക്ഷ എന്നീ പഞ്ചനാമ മഹത്വം വിവരിക്കുന്നു.

ബ്രാഹ്മണം 2 – 5. കാലാഗ്നിരുദ്ര മഹത്വം, ഭസ്മസ്നാനവിധി, ഭസ്മത്തിലടങ്ങിയിരിക്കുന്ന തേജസ്സുകൾ, സ്ഥൂലവും-സൂക്ഷ്മവുമായ ഭൂതങ്ങളിലെ രസതേജസ്സും, പ്രപഞ്ചത്തിലെ തേജോമയമായ അഗ്നിതേജസ്സും, ഇവരണ്ടിലൂടെയും വിവരിക്കുന്ന ഭസ്മത്തിൻെറ



Scanned with CamScanner

മഹത്വം. അമൃതവർഷസ്നാനത്തിന് തുല്യമഹത്വമുള്ള ഭസ്മസ്നാന വിധിയും, മോക്ഷപ്രാപ്തിയും, ഭസ്മനിർമ്മാണരീതികൾ, ഇവയുടെ ശാസ്ത്രീയസാരം, ഭസ്മനിർമ്മാണത്തിലെ മന്ത്രസംസ്കാരാദികൾ, ഭസ്മധാരണവിധി, അനുകൽപം-ഉപകൽപം-ഉപോപകൽപം-അകൽപം എന്നി നാലുവിധ ഭസ്മകൽപങ്ങൾ, ഭസ്മധാരണ മന്ത്രങ്ങൾ, വർണ്ണാശ്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള ഭസ്മധാരണ വിവരണം-മന്ത്രങ്ങൾ-വിധികൾ-അവയുടെ ഫലങ്ങൾ.

ബ്രാഹ്മണം 6 – 8. പഞ്ചവിധ ഭസ്മ മഹാത്മ്യം, കരുണാവ്യൻ ഭസ്മധാരണത്തിലൂടെ സർവ്വവിധ പാപങ്ങളിൽ നിന്നും മോചനം നേടിയ കഥ, മോക്ഷ പ്രാപ്തി ലഭിച്ച അഹല്യയുടെ കഥ, ഭസ്മവിധി, ഭസ്മധാരണഫലം- തുടർച്ച-ഭസ്മസ്നാനഫലം, ഭസ്മ മഹാത്മ്യം, രുദ്രാക്ഷത്തിൻെറ ഉത്ഭവം, രുദ്രാക്ഷധാരണവിധി, ഉപനിഷദ് പഠനശ്രവണ ഫലങ്ങളായ-ഐശ്വര്യാഭിവൃദ്ധി-അപമൃത്യു നാശനം-സർവ്വലോകജയം-ശാസ്ത്രാദിജ്ഞാനം-പരമപദപ്രാപ്തി.

**നൃസിംഹതാപിനി ഉപനിഷദ്** : നൃസിംഹ പൂർവ്വതാപിനി ഉപനിഷത്തെന്നും നൃസിംഹ ഉത്തര താപിനു ഉപനിഷത്തെന്നും രണ്ട് ഉപനിഷത്തുകൾ ചേർന്നതാണ് നൃസിംഹതാപിനി ഉപനിഷദ്. നൃസിംഹ പൂർവ്വതാപിനി ഉപനിഷത്തിൽ അഞ്ചു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ഈ ഭാഗങ്ങൾ ഓരോന്നും ഉപനിഷത്തുകൾ എന്നുതന്നെ അറിയപ്പെടുന്നു.

ഉപനിഷദ് 1. ഗായത്രി മന്ത്രമഹത്വം, വേദങ്ങളിൽ വിവരിക്കുന്ന ബ്രഹ്മസത്തയുടെ ധ്യാനം, ക്ഷീരസാഗരത്തിൽ വസിക്കുന്ന മഹാവിഷ്ണുവിൻെറ മഹത്വം, ബ്രഹ്മതത്വജ്ഞാനം, യജുർവേദത്തിലെ ശിവസ്തുതി, സാമവേദ മന്ത്രങ്ങളുടെ ജ്ഞാനഫലങ്ങൾ.

ഉപനിഷദ് 2 – 5. നരസിംഹമന്ത്രം, പ്രണവം, പ്രണവാംഗങ്ങൾ, ഓംകാരജപവിധി, വൈഷ്ണവോപാസനയിലൂടെയുള്ള പരമപദ പ്രാപ്തി, ശക്തിസ്വരൂപം-ബീജസ്വരൂപവർണ്ണന, ശക്തിയുടെ മഹത്വം, നരസിംഹ മന്ത്രതത്വം, പ്രണവത്തിൻെറ ബ്രഹ്മാത്മകത്വം, പ്രണവത്തിൻെറ അ-ഉ-മ-തുരീയം എന്നി പാദങ്ങളുടെ വിവരണം, ഗായത്രി മന്ത്ര മഹത്വം യജുർലക്ഷ്മീമന്ത്ര മഹത്വം നരസിംഹ മഹാചക്ര – നരസിംഹ ഷഡ്ചക്ര-അഷ്ടാക്ഷരചക്രദർശനം, നരസിംഹ പൂർവ്വതാപിന്യുപനിഷദ് പഠന-ശ്രവണഫലം.

**നൃസിംഹ ഉത്തരതാപിനി ഉപനിഷദ്** : ഖണ്ഡം 1. നിർവ്വിശേഷ ബ്രഹ്മം, ഓംകാരത്തിൻെറ മാത്രകൾക്ക് ഭൂത-ഭാവി-വർത്തമാന



Scanned with CamScanner

കാലങ്ങളുമായുള്ള ബന്ധം, സൂക്ഷ്മ-സ്ഥൂല ശരീര വിവരണം, ജാഗ്രത്-സ്വപ്ന-സുഷുപ്താവസ്ഥകളെ നിയന്ത്രി ക്കുന്ന ദേവതകൾ.

ഖണ്ഡം 2 - 5 . നിത്യാനന്ദകരമായ തുരിയാവസ്ഥ, ജ്ഞാനേന്ദ്രിയ ലക്ഷണങ്ങൾ, ഓംകാരത്തിലെ നാലു പാദങ്ങളുടെ വ്യാപ്തി, ബ്രഹ്മസ്വരൂപ ധ്യാനം, നിർവ്വിശേഷബ്രഹ്മ മഹത്വം, നൃസിംഹപദ മാഹാത്മ്യം.

ഖണ്ഡം 6 - 8. ഓംകാരത്തിൻെറ ദേവത്വം, സന്യാസിക്ക് ഉണ്ടായിരിക്കേണ്ട പ്രണവജ്ഞാനം, തുരീയാവസ്ഥാവിവരണം, സച്ചിദാനന്ദ പ്രകാശിതമായ ബ്രഹ്മാത്മൈക്യ വിജ്ഞാനം.

ഖണ്ഡം 9. ബ്രഹ്മത്തിൽ നിന്നും ഭിന്നമായ ആത്മപരമായ-മായാ-സ്വരൂപം, ബ്രഹ്മ-ജീവ-ഈശ്വര ചൈതന്യ ബന്ധം, ആത്മചൈതന്യത്തിൻെറ സർവ്വവ്യാപകത്വം, സർവ്വസിദ്ധിയുടെയും ഉറവിടമായ-അദ്വിതീയ സ്വഭാവമുള്ള-അനന്തമായ ആത്മചൈതന്യ മഹത്വം, ദേവത്വപദവിയിൽ എത്തുന്നവനുമാത്രം ദർശിക്കാവുന്ന സത്യവും-നിത്യവുമായ ആത്മതത്വം, ആത്മരൂപദർശനഫലം.

**നാരദപരിവ്രാജക ഉപനിഷദ്** : നാരദൻ സന്യാസത്തെക്കുറിച്ച് വിവരിക്കുന്നതാണ് ഈ ഉപനിഷദ് വിഷയങ്ങൾ. ഒരു വ്യക്തി 12 വർഷം ഗുരുശുശ്രൂഷ നടത്തി, 25 വർഷം വീതം ബ്രഹ്മചര്യവും, ഗൃഹസ്ഥാശ്രമവും, വാനപ്രസ്ഥവും ആചരിച്ച് അന്ത്യത്തിൽമാത്രം സന്യാസിയായിത്തീരണം. അന്ധൻ-ഷണ്ഡൻ-പതിതൻ-വികലൻ-ബധിരൻ-മൂകൻ എന്നിവർ സന്യാസത്തിന് അർഹരല്ല. അഹിംസ-ഇന്ദ്രിയ നിഗ്രഹം-ശുദ്ധ മനസ് രാഗദ്വേഷാദികളിൽ നിന്നുള്ള മുക്തി എന്നിങ്ങനെ സന്യാസിക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ, യജ്ഞോപവീതമഹത്വം, ധാരണാഫലം, യജ്ഞോപവിതധാരി അനുഷ്ഠിക്കേണ്ട ഋഷിതുല്യമായ ജീവിതം, സന്യാസിയുടെ ദേശകാലാതീതത്വം, സംസാര ബന്ധമുക്തി, ആചാരനാഷ്ഠാനങ്ങളിലുള്ള ശ്രദ്ധ, കർമ്മേന്ദ്രിയ-ജ്ഞാനേന്ദ്രിയജ്ഞാനം, 25തത്വങ്ങളിലും- 4അവസ്ഥകളിലും- 40കരണങ്ങളിലും- 5ഭൂതങ്ങളിലും ഉണ്ടായിരിക്കേണ്ട ജ്ഞാനം പരമഹംസയോഗിയുടെ ആത്മജ്ഞാന ത്തിൻെറയും-ബ്രഹ്മജ്ഞാനത്തിൻെറയും-പരമഹംസ തത്വത്തിൻെറയും മൂർത്തിമത്ഭാവപ്രാപ്തി, ആറു ഭാവങ്ങളും ത്യജിച്ച തൃഗുണാതീതനായ ഈ യോഗിയുടെ ദേശാടനനിയമം, ഗ്രാമത്തിൽ ഒരു രാത്രിയും, പട്ടണത്തിൽ മൂന്നുരാത്രിയും, നഗരത്തിൽ അഞ്ചു രാത്രിയും പരമഹംസ യോഗിയുടെ വാസം, മലമുകളിൽ ഏകനായി



Scanned with CamScanner

വസിക്കാ നാവുന്ന ഈ യോഗിക്ക് ക്ഷേത്രത്തിൽ 6 രാത്രികളിൽ കൂടുതലും, തീർത്ഥാടനകേന്ദ്രത്തിൽ 7 രാത്രികളിൽ കൂടുതലുമുള്ള കാലത്തെ വാസനിഷേധം, ബ്രഹ്മപ്രണവം, അന്നപ്രണവം, വ്യാവഹാരിക പ്രണവം, ബാഹ്യപ്രണവം, ആർഷപ്രണവം, വിരാട് പ്രണവം, സംഹാരപ്രണവം എന്നിവയുടെ തന്മാത്രകൾ-ശ്രുതികൾ, ബ്രഹ്മസ്വരൂപം, ദേവശക്തി, ആത്മശക്തി, വിശ്വരൂപം, പഞ്ചശ്രോത്രം, പഞ്ചയോനി, പഞ്ചപ്രാണൻ, പഞ്ചബുദ്ധി, ജീവ-ബ്രഹ്മ ചൈതന്യബന്ധം എന്നി വിഷയങ്ങളിൽ യോഗിക്കുണ്ടായിരിക്കേണ്ട ജ്ഞാനം.

**സീതോപനിഷദ്** : ബ്രഹ്മാവ് ദേവന്മാർക്ക് സീതാദേവിയെക്കുറിച്ച് വിവരിച്ചുകൊടു ക്കുന്നതാണ് ഈ ഉപനിഷദ്. സീതാദേവിയുടെ പ്രകൃതിരൂപം, ശക്തിസ്വരൂപം, ശബ്ദബ്രഹ്മത്വം, ജനകൻെറ യാഗഭൂമിയിൽ പ്രത്യക്ഷപ്പെട്ട സീതാരൂപം, സീതാദേവിയുടെ അവ്യക്തമായ മൂന്നാംരൂപം, കൂടാതെ എല്ലാ ശക്തികളുടേയും മൂർത്തിമത്ഭാവമായ സീതാദേവിയുടെ അനന്തരൂപം, സീതാദേവിയുടെ ശക്തിവാഴ്ത്തുന്ന വേദങ്ങൾ, വേദശാഖകൾ, വേദാംഗങ്ങൾ, ഉപാംഗങ്ങൾ, ഉപദേവങ്ങൾ, കർമ്മങ്ങൾ, ചലനങ്ങൾ, എന്നിവയുടെ ജ്ഞാനമഹത്വം, സീതാദേവി പൂജാമാഹാത്മ്യം.

**ശരഭ ഉപനിഷദ്** : പിപ്പലാദമുനിക്ക് ബ്രഹ്മാവ് നൽകുന്ന വിവരണങ്ങളാണ് ഈ ഉപനിഷത്തിലുള്ളത്. തൃമൂർത്തികളുടെ മഹത്വത്തെക്കുറിച്ചാണ് ഇതിലെ വിവരണം. തൃമൂർത്തികളിൽ രുദ്രനുള്ള പ്രാധാന്യം, രുദ്രനിലൂടെയുള്ള ലോകാവസാനം, പ്രളയത്തിന് കാരണഭൂതനായ രുദ്രമഹത്വം, രുദ്രന് വേദപിതാവിനുള്ള സ്ഥാനം, ശരഭ രൂപത്തിലുള്ള രുദ്രൻെറ സ്തുതി, രുദ്രനിൽ ദർശിക്കുന്ന വിഷ്ണുചൈതന്യം, തൃമൂർത്തി കളിലെ ചൈതന്യത്തിൻെറ ഏകഭാവം, കഠിനമായ ശിവധ്യാനം, ശിവജ്ഞാനത്തിനുള്ള ധ്യേയനിഷ്ഠ.

**മഹാനാരായണഉപനിഷദ്** : എട്ട് അദ്ധ്യായങ്ങളുള്ള ബൃഹത്തായ ഒരു ഉപനിഷത്താണിത്. പ്രപഞ്ചത്തിൻെറ ശാശ്വതമായ സത്യത്തിൽ വലയം ചെയ്തിരിക്കുന്ന ബ്രഹ്മരൂപം, സോപാധിക-നിരുപാധിക ബ്രഹ്മരൂപം, അവയുടെ ഭേദങ്ങൾ, മഹാനാരായണൻെറ മഹിമ, പ്രപഞ്ചചൈതന്യം- ചലനങ്ങൾ, പ്രപഞ്ചത്തിലെ ക്രമീകരണങ്ങൾ, ദിന-രാത്ര, ഋതുസംവത്സര മാറ്റങ്ങൾക്ക് കാരണമായ മഹാവിഷ്ണുവിൻെറ ആദിവിരാട് രൂപം, ആദിവിരാട്രൂപത്തിൻെറ



Scanned with CamScanner

സ്വാധീനത്താലുണ്ടാകുന്ന പ്രളയവും യുഗാന്ത്യവും, ആനന്ദദായകവും,-അതിദിവ്യവും- മംഗളകരവുമായ വിരാട്രൂപമഹത്വം, ജീവന്റെ സംസാരബന്ധങ്ങൾ, സായൂജ്യമുക്തി, ജീവ-ശരീര ബന്ധം, സംസാരഭ്രമം, സായൂജ്യം, ഭൗതിക സുഖങ്ങളിൽ നിന്ന് മുക്തിനേടുന്നതിനുള്ള സത്സംഗ മാർഗ്ഗങ്ങൾ, സത്ഗുരുവിൽ നിന്നുള്ള തത്വജ്ഞാനം, ഭഗവത് കഥാശ്രവണവും ധ്യാനവും കൊണ്ട് ആത്മ-പരമാത്മദർശനം, ഭക്തിവൈരാഗ്യത്തിലൂടെയുള്ള ജ്ഞാനസമ്പാദനം, ധ്യാനനിരതനായി -ഭക്തോന്മത്തനായ താപസന്റെ ആത്മസാക്ഷാത്കാരം, ബ്രഹ്മാണ്ഡജ്ഞാനം, അണ്ഡാകൃതിയുള്ളതും കോടാനുകോടി യോജനയുള്ളതുമായ ഈ ബ്രഹ്മാണ്ഡജ്ഞാന മഹത്വം, അനന്തകോടി ബ്രഹ്മാണ്ഡങ്ങളുടെ പ്രപഞ്ചസാന്നിദ്ധ്യം, പ്രപഞ്ചം മുഴുവനും വ്യാപിച്ചുകിടക്കുന്ന മഹാവിഷ്ണുവിന്റെ വിരാട് രൂപ ധ്യാനമഹത്വം, ഗരുഡവർണ്ണന, ഗരുഡാരൂഢനായ വിഷ്ണുമഹത്വം, സുദർശനചക്രവിവരണം, വൈകുണ്ഠവർണ്ണന, ഭക്തിയോഗം, നാരായണജ്ഞാനം, നാരായണഭാവപ്രാപ്തി, മഹാവിഷ്ണുസാധനയിലൂടെ ലഭിക്കുന്ന ശ്രേയസ്.

**രാമരഹസ്യ ഉപനിഷദ്** : അഞ്ച് അദ്ധ്യായങ്ങളുള്ള ഈ ഉപനിഷത്തിൽ ഹനുമാൻ ഋഷിമാർക്ക് ശ്രീരാമമാഹാത്മ്യം വിവരിച്ചുകൊടുക്കുന്നതാണ് വിഷയം. മഹാവിഷ്ണുവിന്റെ അവതാരമായ ശ്രീരാമമാഹാത്മ്യം, സീത-ലക്ഷ്മണ - ഭരത-ശത്രുഘ്നന്മാരുടെ ശ്രീരാമബന്ധം, ശ്രീരാമ ഗായത്രിമന്ത്രം, ഒന്ന്-മൂന്ന്-അഞ്ച് എന്നീ ക്രമത്തിൽ 31 അക്ഷരങ്ങൾ വരെയുള്ള 16 ശ്രീരാമഗായത്രിമന്ത്രങ്ങൾ, ശ്രീരാമമന്ത്രം, സീതാമന്ത്രം, ലക്ഷ്മണമന്ത്രം, ഭരതമന്ത്രം, ശത്രുഘ്നമന്ത്രം, ഹനുമദ്മന്ത്രം, ഓരോ മന്ത്രത്തിലും ആദ്യത്തെ അക്ഷരം നൽകുന്ന അർത്ഥം, ശ്രീരാമപൂജാവിധികൾ, മന്ത്രപൂജ, യന്ത്രപൂജ, ശ്രീരാമ മന്ത്രജപവിധി, രാമമന്ത്ര പുരശ്ചരണവിധി. ശ്രീരാമമന്ത്രങ്ങളുടെ മന്ത്രരാജത്വം, രാമബീജാക്ഷരം, രമ എന്ന ധാതുവിന്റെ അർത്ഥം, ശ്രീരാമരഹസ്യ ഉപനിഷദ് പഠന-ശ്രവണഫലം.

**രാമതാപിനി ഉപനിഷദ്** : ഈ ഉപനിഷദ് പൂർവ്വതാപിനി എന്നും ഉത്തരതാപിനി എന്നും രണ്ടായി ഭാഗിച്ചിരിക്കുന്നു. അഞ്ച് ഉപനിഷത്തുകൾ അഥവാ ഭാഗങ്ങൾ ചേർന്നതാണ് പൂർവ്വതാപിനി ഉപനിഷദ്. ശ്രീരാമമഹാത്മ്യം ശ്രീരാമന്റെ സർവ്വാത്മകത്വം, സകലചരാചരങ്ങളിലും വ്യാപിച്ചുകിട ക്കുന്ന ചൈതന്യം, സീതാരാമപൂജാവിധി, ശ്രീരാമഷഡക്ഷരസാരം, ദേവന്മാരുടെയും-



Scanned with CamScanner

ഋഷികളുടെയും രാമസ്തുതി, ശ്രീരാമയന്ത്ര ലേഖനവിധി, ശ്രീരാമ മാലാമന്ത്രങ്ങൾ, ശ്രീരാമവിഗ്രഹ പ്രതിഷ്ഠാ ചടങ്ങളുടെ മഹാത്മ്യം, ശ്രീരാമവിഗ്രഹ പൂജാവിധിയിലൂടെയുള്ള മോക്ഷപ്രാപ്തി.

ശ്രീരാമ ഉത്തരതാപിനി ഉപനിഷത്തിൽ അഞ്ചു ഖണ്ഡങ്ങളാണുള്ളത്. ബ്രഹ്മാവും, യജ്ഞവൽക്യനുമായുള്ള സംവാദമായിട്ടാണ് വിഷയാവതരണം. ഓംകാരതത്വം, താരകമന്ത്രം, രാമപ്രണവമന്ത്രം, ശ്രീരാമ പ്രണവജപഫലം, ജ്ഞാനം, മുക്തി, മോക്ഷപ്രാപ്പിക്കായി ശിവൻ രചിച്ച ശ്രീരാമതാരകമന്ത്ര ഉപദേശം, വിഷ്ണുവിന്റെ ശ്രീരാമവതാരമഹത്വം, ശ്രീരാമഗായത്രിമന്ത്രങ്ങൾ, നാമങ്ങൾ എന്നിവയാണ് ഒന്നാം ഖണ്ഡവിവരണങ്ങൾ. ഭരദ്വാജൻ അത്രിമഹർഷിക്ക് വിവരിക്കുന്ന ശ്രീരാമമാഹാത്മ്യമാണ് രണ്ടുമുതൽ അഞ്ചുവരെ ഖണ്ഡങ്ങളുടെവിഷയം.

**സാണ്ഡില്യ ഉപനിഷദ്** : മൂന്ന് അദ്ധ്യായങ്ങളിലാണ് സാണ്ഡില്യോപനിഷത്തിൽ വിഷയങ്ങൾ വിവരിക്കുന്നത്. യോഗവിദ്യയുടെ യമ-നിയമങ്ങൾ, ആസനങ്ങൾ, യോഗ-തത്വപ്രകാരമുള്ള ശരീര നാഡികൾ, യോഗാചാരസമയത്ത് ശരീരത്തിലെ പ്രാണവായുവിന്റെ സഞ്ചാരപഥങ്ങൾ, കുണ്ഡലിനിയുടെ പ്രവർത്തനം, പ്രധാനപ്പെട്ട 14 നാഡികളുടെ കർമ്മ-ധർമ്മങ്ങൾ, സുഷുമ്നാനാഡിയുടെ മഹത്വം, ഉപനാഡികളുടെ വിവരണം, പത്തു പ്രധാനവായുക്കൾ, യോഗചര്യ അനുശാസിക്കുന്നവന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ, പ്രാണായാമ നിയമങ്ങൾ, പ്രണവാക്ഷരം ജപിച്ചുള്ള പ്രാണായാമം, വൈഷ്ണവീമുദ്ര, ഖേചരീമുദ്ര, ധ്യാനസാധനയിലൂടെ ലഭിക്കുന്ന കൈവല്യാവസ്ഥ, മന-ആത്മ ശുദ്ധീകരണത്തിലൂടെ ജ്ഞാനസമ്പാദനം, പഞ്ചവിധ പ്രത്യാഹാര നിയമങ്ങൾ പഞ്ചവിധ ധാരണകൾ, രണ്ടുവിധ ധ്യാനങ്ങൾ, സമാധി അവസ്ഥ, ബ്രഹ്മരൂപം, പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ ബ്രഹ്മരൂപം തെളിയിക്കാനുള്ള വിഷമം, അവ്യക്തമായ ബ്രഹ്മത്തിന്റെ സർവ്വാത്മകത്വം, ബ്രഹ്മത്തിന്റെ ആത്മരൂപം, ഭേദ്യവും-അഭേദ്യവുമായ ബ്രഹ്മരൂപങ്ങൾ, ആത്മ-പരമാത്മ ലയനം, പരമാത്മ സാന്നിദ്ധ്യം, മഹേശ്വരസാന്നിദ്ധ്യം.

**പരമഹംസപരിവ്രാജക ഉപനിഷദ്** : ബ്രഹ്മദേവന് ആദിനാരായണൻ നൽകുന്ന വിവരണമാണ് ഉപനിഷദ് വിഷയം. സദ്ഗുരുവിൽ നിന്നും എല്ലാ വിദ്യകളും അഭ്യസിച്ച്, ബ്രഹ്മചര്യം, ഗാർഹസ്ഥ്യം എന്നി ആശ്രമങ്ങൾ അനുഭവിച്ചറിഞ്ഞ്, സന്യാസം സ്വീകരിക്കുന്ന വ്യക്തി ബന്ധുമിത്രാദികളോട് യാത്രപറഞ്ഞ് സ്വന്തമായിട്ടുള്ളതെല്ലാം ഉപേക്ഷിച്ച് മനസ്-വാക്ക്- പ്രവർത്തി എന്നിവയിലെല്ലാം



Scanned with CamScanner

സന്യാസിയായിത്തീരണം മോക്ഷപ്രാപ്തിക്കായി ആത്മശ്രാർദ്ധവും, വിരാജഹോമവും കഴിച്ച് എല്ലാം പുത്രനെ ഏൽപ്പിച്ച്, ശിഖചൂടി, യജ്ഞോപവീതവും- ആഡംബരങ്ങളും ഉപേക്ഷിച്ച്, പ്രണവം ജപിച്ച്-പ്രണവം തന്നെ ധ്യാനിച്ച് കിഴക്കു ദിക്കിലേക്ക് യാത്രയാകണം. ദണ്ഡും- കടിവസ്ത്രവും-കൗപീനവും-കമണ്ഡലുവും ധരിച്ച് സദ് ഗുരുവിനോട് ചേർന്ന്, ആദ്ധ്യാത്മനിഷ്ഠയോടെ കാമക്രോധങ്ങളിൽ നിന്ന് മുക്തനായി ഉപനിഷത്തുകൾ പഠിച്ച് ബ്രഹ്മപ്രണവത്തെയും, നാല് അവസ്ഥകളെയും, അവയുടെ നാലു മന്ത്രങ്ങളെയും മനസ്സിലാക്കിയ സന്യാസി പരമഹംസപരിവ്രാജ കനായിത്തീരുന്നു.

**അന്നപൂർണ്ണ ഉപനിഷദ്** : അഞ്ച് അദ്ധ്യായങ്ങളാണ് അന്നപൂർണ്ണ ഉപനിഷത്തിലുള്ളത്. ബ്രഹ്മവിദ്യജിജ്ഞാസ, അന്നപൂർണ്ണമന്ത്രം, ആത്മജ്ഞാന ഉദയവൃത്തി, പഞ്ചവിധ ബ്രഹ്മവൃത്തി, സമാധി അവസ്ഥ, സംഗത്വം, അസംഗത്വം, മോക്ഷപ്രാപ്തി, ജാഗ്രത്-സ്വപ്ന-സുഷുപ്താവസ്ഥകൾ ജീവൻമുക്തി-വിദേഹമുക്തി, കൈവല്യപദലക്ഷണം, ജീവൻ മുക്തിക്കുവേണ്ടി യോഗി അനുഷ്ഠിക്കേണ്ട ഇന്ദ്രിയ- മനോനിഗ്രഹസാധനകൾ, തുരീയാവസ്ഥ ജ്ഞാനം, സുഖഭോഗങ്ങളിൽനിന്നുള്ള ജീവൻമുക്തയോഗിയുടെ വിരക്തി, ആഗ്രഹമുക്തി, വിദേഹമുക്തി അവസ്ഥകൾ, ബ്രഹ്മവിദ്യ ഉപാസന, പഞ്ചപ്രാണ നിയന്ത്രണവിധി, ചിത്തനിയന്ത്രണം, ചിത്തശുദ്ധികരണം, കാമക്രോധങ്ങളിൽ നിന്നുള്ള മോചനം, ബ്രഹ്മബോധനം, പ്രാണായാമവിധി, ബ്രഹ്മജ്ഞാനപ്രാപ്തി, അദ്ധ്യാത്മതത്വജ്ഞാനം.

**സൂര്യ ഉപനിഷദ്** : എട്ടു ലഘുവരികൾ മാത്രമുള്ളതാണ് സൂര്യോപനിഷദ്. സൂര്യദേവനെ പ്രണമിക്കുന്ന മന്ത്രം, സൂര്യദേവസ്തുതി, ഗായത്രി, സൂര്യദേവൻെറ ജഗത്കാരണത്വം, ആദിത്യസ്തുതി, ആദിത്യൻെറ സർവ്വാത്മകത്വം, സൂര്യപ്രാർത്ഥന, സൂര്യാഷ്ടാക്ഷരി, സൂര്യോപനിഷദ് പഠനഫലം.

**ആത്മ ഉപനിഷദ്** : ആത്മ-അന്തരാത്മ-പരമാത്മ ബന്ധങ്ങൾ വിവരിക്കുന്ന ഒരു ലഘു ഉപനിഷത്താണിത്. നിത്യവും, അനന്തവുമായ ആത്മസത്ത, പ്രപഞ്ചത്തിൽ സർവ്വവ്യാപിയായിരിക്കുന്ന ബ്രഹ്മം, ബ്രഹ്മജ്ഞാനി അറിയുന്ന ബ്രഹ്മത്തിൻെറ മഹത്വം, സ്വയം ബ്രഹ്മചൈതന്യമുൾക്കൊ ള്ളുന്നതിൻെറ മഹത്വം, തൈലവും-ജലവുംപോലെ വ്യക്തമായി ദൃശ്യ



Scanned with CamScanner

മാകുന്നതും ശരീരത്തിൽ കുടികൊള്ളുന്നതുമായ ബ്രഹ്മത്തിന്റെ നിഷ്കല-നിഷ്ക്രിയ-നിരവദ്യ-നിരഞ്ജന-അദ്വിതീയഭാവം.

**പാശുപത ബ്രഹ്മോപനിഷദ്** : പൂർവ്വകാണ്ഡം, ഉത്തരകാണ്ഡം എന്നി രണ്ടു ഭാഗങ്ങളാണ് ഈ ഉപനിഷത്തിലുള്ളത്. വാലഖില്യഋഷിമാരും സ്വായംഭുവമനുവും തമ്മിലുള്ള സംവാദരൂപത്തിലാണ് വിഷയാവതരണം.

പൂർവ്വകാണ്ഡം : എല്ലാത്തിന്റെയും ദേവതയായ ഓംകാര രുദ്രന്റെ നിശ്ചേഷ്ടഭാവം, വിഷ്ണുവിന്റെ ഋതം, ബ്രഹ്മത്തിന്റെ ചലനാത്മകത്വം, യജ്ഞസൂത്ര-ബ്രഹ്മസൂത്ര ബന്ധം, ബ്രാഹ്മണ ലക്ഷണം, പ്രണവ മഹത്വം, ത്യാഗലക്ഷണം, ജ്ഞാനയജ്ഞമഹത്വം.

ഉത്തരകാണ്ഡം : ഓംകാര-ബ്രഹ്മ ബന്ധം, പ്രപഞ്ചചേതനയുൾ ക്കൊള്ളുന്ന ബ്രഹ്മത്വം, മായയാൽ ആവരണം ചെയ്തിരിക്കുന്ന ഭൗതികലോകം, ആവരണമില്ലാത്ത ആത്മചൈതന്യം, ആത്മജ്ഞാനത്തിലൂടെ ലഭിക്കുന്ന പരമാത്മജ്ഞാനം, സർവ്വജ്ഞാനങ്ങൾക്കുമുപരിയുള്ള ബ്രഹ്മജ്ഞാനം, ബ്രഹ്മജ്ഞാനിയുടെ മഹത്വം-ആചാരങ്ങൾ-കർമ്മബന്ധങ്ങളിൽ നിന്നുള്ള മുക്തി.

**പരബ്രഹ്മ ഉപനിഷദ്** : ബ്രഹ്മത്തെക്കുറിച്ചുള്ള വിവരണമാണ് ഈ ഉപനിഷത്തിലെ 3 ഭാഗങ്ങളിൽ നൽകിയിരിക്കുന്നത്. ശരീരത്തിൽ നാഭി-ഹൃദയം- കണ്ഠം-മൂർദ്ധാവ്, ഇവയിൽ നാലു പാദങ്ങളും, ജാഗ്രത്സ്ഥാനത്തിൽ അഞ്ചാമത്തെ പാദവുമായുള്ള ബ്രഹ്മത്തിന്റെ ശരീരത്തിലെ സ്ഥിതി, പ്രപഞ്ചത്തിൽ സർവ്വവ്യാപയായി വർത്തിക്കുന്നവരായ തൃമൂർത്തികളുടെ മഹത്വം, ബ്രഹ്മജ്ഞാനിയുടെ മഹത്വം, ഭൗതിക വസ്തുക്കളുടെ നശ്വരതയെകുറിച്ചറിയുന്ന ജ്ഞാനം ശിഖയും, ആത്മാവ് യജ്ഞോപവീതവും, പ്രണവം നാദബ്രഹ്മവുമായറിയുന്ന ബ്രഹ്മജ്ഞാനിയുടെ മഹത്വം, ഈ ജ്ഞാനി ആന്തരികമായ യജ്ഞോപവീതത്തിലൂടെ നേടുന്ന മോക്ഷപ്രാപ്തി. ബാഹ്യമായ യജ്ഞോപവീതത്തിൽ മാത്രം സർവ്വജ്ഞാനവും ദർശിക്കുന്ന ബ്രാഹ്മണന്റെ അല്പത്വം.

**തൃപുരതാപിനി ഉപനിഷദ്** : സുദീർഘങ്ങളായ അഞ്ച് ഉപനിഷത്തുകൾ ചേർന്നതാണ് ഈ ഉപനിഷദ്.

ഉപനിഷദ് 1. ത്രിപുരാദേവി വിവരണം, ദേവിയെ സ്തുതിക്കുന്ന വേദമന്ത്രങ്ങൾ, ശിവശക്തിയിലൂടെയുള്ള പ്രപഞ്ച സൃഷ്ടി വിവരണം. നിർലക്ഷണനും-നിരഞ്ജനനും-നിരുപാധികനു



Scanned with CamScanner

മായ ഈശ്വരൻെറ ആസ്തിത്വം, ഗായത്രീമന്ത്രവിവരണം, ശിവശക്തിയുടെ സർവ്വവ്യാപകത്വം, ആത്മ-പരമാത്മബന്ധം, ദേവീ ഗായത്രി വിദ്യാഉപാസനാഫലം, ദേവി വിദ്യാ ഉപാസനാഫലം, തൃപുരാദേവിയുടെ ധ്യാനമന്ത്രം.

ഉപനിഷദ് 2. തൃപുരവിദ്യാവിവരണം, പഠനവിധി, സർവ്വരക്ഷാ കരിവിദ്യ, തൃപുരാദേവിയുടെ ആത്മരൂപം, ശിവ-ശക്തി ബന്ധം, തൃപുരവാസിനിവിദ്യ, തൃപുരാംബവിദ്യ. ഈ വിദ്യകളുടെ പഠനഫലം, ശ്രീചക്രം-അനുലോമചക്രം-പ്രതിലോമചക്ര വിവരണം-ശ്രീചക്രത്തിൽ ദേവിയെ ആവാഹിച്ചു നടത്തുന്ന പൂജാവിധികളുടെ ഫലം.

ഉപനിഷദ് 3, 4. തൃപുരസുന്ദരിപൂജയിലെ മുദ്രകൾ, നവമുദ്രകളുടെ ലക്ഷണം, പഞ്ചബാണമുദ്രലക്ഷണം, കാമകലാചക്രം, ക്ഷേത്രേശപൂജാവിധി, കുല കുമാരീപൂജാവിധി, മൃത്യുഞ്ജയമന്ത്രം, ത്ര്യംബക മന്ത്രമഹത്വം.

ഉപനിഷദ് 5. നിർവ്വിശേഷ ബ്രഹ്മജ്ഞാനം, പരമാത്മ സ്വരൂപണം, മനോനിയന്ത്രണം, ബ്രഹ്മഭാവപ്രാപ്തി, സവിശേഷ ബ്രഹ്മജ്ഞാനത്തിലൂടെയുള്ള നിർവിശേഷബ്രഹ്മജ്ഞാനം, നിരുപാധിക ആത്മത്തിൻെറ ദർശനം, നാദബ്രഹ്മത്തിൻെറ ധ്യാനം കൊണ്ടുള്ള പരബ്രഹ്മജ്ഞാന പ്രാപ്തി, പരമാത്മദർശനം, ശ്രീകാമ രാജ വിദ്യാമഹിമ.

**ദേവി ഉപനിഷദ്** : ദേവിയുടെ രൂപം ദർശിച്ച ദേവന്മാരുടെ സംശയം ദേവിതന്നെ തീർത്തുകൊടുക്കുകയാണ് ഈ ഉപനിഷത്തിൽ. ദേവിയുടെ സ്വയം വിവരണം, ബ്രഹ്മസ്വരൂപം, പഞ്ചഭൂതമിശ്രഭാവം, ദേവിയുടെ ജഗത്-വേദ-വിദ്യ-ഭാവങ്ങൾ, ദേവി സ്തുതി, ശക്തിഭാവം, മഹാവിദ്യാഭാവം, ദേവ്യുപാസനാഫലം, ദേവിയുടെ വിദ്യാരൂപം.

**ഭാവന ഉപനിഷദ്** : മനുഷ്യശരീരം നവരത്നദീപമാണ്, സപ്തധാതു സംയുക്തം, സങ്കൽപമയമായ കൽപകോദ്യാനം, നവരസ സമ്മിശ്രം, ശരീരത്തെ സ്വാധീനിക്കുന്ന ബാഹ്യപ്രേരണകൾ, കാമക്രോധാദികൾ, പൃഥ്വി-ആപ്-തേജസ് തുടങ്ങിയ 16 ശക്തികൾ, വചനാ-ദാന-ഗമനാ എന്നിങ്ങനെ 10 വായുക്കൾ, രേചകം-പാചകം-ശേഷകം എന്നിങ്ങനെ 15 ജ്വരാഗ്നികൾ, ക്ഷാര-ഉദ്ഗാരക-ക്ഷോഭക-ജൃംഭുക- എന്നിങ്ങനെ 5 വിധങ്ങൾ, ഭക്ഷ്യ-ഭോജ്യ-പോഷ്യ എന്നിങ്ങനെ 5 വിധ അന്നങ്ങൾ, ശീത-ഉഷ്ണ-സുഖ-ദുഃഖ, സത്യ-രജസ് തുടങ്ങിയ 8 വിധ ശക്തികൾ, ഇവചേർന്ന മനുശ്യശരീരം, ഞാൻ തന്നെ



Scanned with CamScanner

നിയും, നമ്മിലെ ചൈതന്യം തന്നെ ദൈവികചൈതന്യവും എന്ന ആത്മവിഭാവനം ഹവനവും, ഭേദഭാവന തർപ്പണവുമായ ശിവയോഗിയേയും, ജീവൻമുക്ത യോഗിയേയും സ്മരിക്കുന്ന പുണ്യക്ഷേത്രമാണ് മനുഷ്യശരീരം എന്ന് ഉപനിഷദ് വിവരിക്കുന്നു.

**ഭസ്മജാബല ഉപനിഷദ്** : രണ്ട് അദ്ധ്യായങ്ങളുള്ള ഈ ഉപനിഷത്തിൽ ഭസ്മത്തിന്റെ മഹത്വം വർണ്ണിക്കുന്നു. പ്രഭാതത്തിൽ മന്ത്രങ്ങൾ ചൊല്ലി ധരിക്കുന്ന ഭസ്മമഹത്വം, ഭസ്മധാരണത്തിലൂടെയുള്ള പാപമോചനം, ഭസ്മധാരണത്തിൽ ഉണ്ടാകുന്ന അപാകതക്കുള്ള ഗായത്രീമന്ത്രജപ പ്രായശ്ചിത്തം, അതിലൂടെ ഘോര പാപമോചനം, ബ്രാഹ്മണന്റെ ഭസ്മധാരണമഹത്വം, ശിവപൂജ, ശിവ ഷഡ്ക്ഷരജപം, ശിവദർശനഫലം, കാശി യാത്രാ മാഹാത്മ്യം, കാശിയിലെ ജ്യോതിർ ലിംഗവർണ്ണനം, ശിവ ആചമനമന്ത്രം, ശിവ അഭിഷേകമന്ത്രം.

**ഗണപതി ഉപനിഷദ്** : ഗണപതിയെക്കുറിച്ചുള്ള മനുവിന്റെ വിവരണമാണ് ഗണപത്യുപനിഷദ് വിഷയം. ഗണപതി സ്തുതി, ഗുണാതീതനും- അനലനും - അനിലനും, ദേഹാതീതനും - ശക്തിത്രയനും - ത്രിമൂർത്തി കളുടെ ചൈതന്യമുൾക്കൊള്ളുന്ന വനുമായ ഗണപതി വർണ്ണന, ഗണപതി ഗായത്രി മന്ത്രം, ധ്യാനം, ഈ ഉപനിഷദ് പഠനഫലമായ പാപനാശനം - മോക്ഷ പ്രാപ്തി - വാഗ്മിത്വം.

**മഹാവാക്യ ഉപനിഷദ്** : ബ്രഹ്മദേവന്റെ ഉപദേശമാണ് ഈ ഉപനിഷത്തിലെ വിഷയം. വിദ്യയിലൂടെയും അവിദ്യയിലൂടെയും നേടാൻ സാധിക്കുന്ന ബ്രഹ്മജ്ഞാനം, അവിദ്യയിലൂടെ (ശാസ്ത്രരീതിയിലൂടെ) ലഭിക്കുന്ന ജ്ഞാനചക്ഷുസ്സുകൾ കൊണ്ട് പ്രപഞ്ചത്തിലെ ബ്രഹ്മദർശനം, വിദയിലൂടെ മാത്രം ലഭിക്കുന്ന ബ്രഹ്മദർശനം, പരമാത്മ ദർശനത്തിനുള്ള ഹംസവിദ്യ, തേജോമയമായ ബ്രഹ്മത്തെ ഹംസവിദ്യയിലൂടെ ധ്യാനിക്കുവാൻ സാധിക്കുന്ന മാർഗ്ഗം, ആദിത്യതുല്യമായ ബ്രഹ്മചൈതന്യം സ്വയം ഉൾക്കൊള്ളുവാൻ സാധിക്കുന്ന യോഗിമഹത്വം, ബ്രഹ്മജ്ഞാനിയായ യോഗിയുടെ ആത്മ - പരമാത്മയോഗം.

**ഗോപാല താപിനി ഉപനിഷദ്** : ഗോപാല പൂർവ്വ താപിനി എന്നും ഗോപാല ഉത്തരതാപിനി എന്നും രണ്ട് ഉപനിഷത്തുകൾ ചേർന്നതാണീ ഉപനിഷദ്.

ഗോപാല പൂർവ്വതാപിനി ഉപനിഷദ് : ആറു ഭാഗങ്ങളടങ്ങുന്ന ബൃഹത്തായ ഒരു ഉപനിഷത്താണിത്. ഗോപാലകൃഷ്ണവിവരണം,



Scanned with CamScanner

സർവ്വചരാചരവാസം, രൂപമഹത്വം-ധ്യാനമന്ത്രങ്ങൾ- ഭജനഗോവിന്ദപൂജ, ഓംകാരബ്രഹ്മവിവരണം, ശ്രീകൃഷ്ണസ്തുതി, മഹാവിഷ്ണുവിൻെറ ഓംകാരരൂപം, നമസ്കാരമന്ത്രങ്ങൾ, പ്രപഞ്ചരൂപത്തിലുള്ള മഹാവിഷ്ണുവിൻെറ മഹത്വവർണ്ണന, ഭൂമിയും-സലിലവും-തേജസ്സും-ആകാശവും-മഹാവിഷ്ണുവിൽ നിന്ന് ഉത്ഭവിച്ച വിവരണം, ശ്രീകൃഷ്ണസ്മരണഫലങ്ങൾ.

ഗോപാലഉത്തരതാപിനി ഉപനിഷദ് : ശ്രീകൃഷ്ണ സ്മരണയിലൂടെ സിദ്ധിക്കുന്ന ആദ്ധ്യാത്മിക-ഭൗതിക ഫലങ്ങൾ, ദുർവാസാവു മഹർഷിക്ക് നിരന്തരമായ വ്രതങ്ങൾകൊണ്ട് ലഭിച്ച സിദ്ധികൾ, ശ്രീകൃഷ്ണചൈതന്യ-ബ്രഹ്മചൈതന്യ ബന്ധം, വിഷ്ണുവിൻെറ സർവ്വോൽകൃഷ്ടമായ കൃഷ്ണാവതാര മഹത്വം, മഥുരാപുരിയുടെ വർണ്ണന, മഥുരയെ ഗോപാലപുരി എന്നറിയപ്പെടുന്നതിൻെറ മഹത്വം, മഥുരാപുരിയിൽ വസിച്ചിരുന്ന ശ്രേഷ്ഠരായ അനേകം ഋഷിമാരുടെ ചരിതം, ശംഖചക്രധാരിയായ ശ്രീകൃഷ്ണൻെറ രൂപവർണ്ണന, ശ്രീകൃഷ്ണസ്തുതി, ശ്രീകൃഷ്ണനാമങ്ങൾ.

**ശ്രീകൃഷ്ണ ഉപനിഷദ്** : രണ്ട് ലഘു ഖണ്ഡങ്ങളാണ് ഈ ഉപനിഷത്തിലുള്ളത്. ശ്രീരാമ - ശ്രീകൃഷ്ണ സ്തുതികൾ, മഹാവിഷ്ണുവിൻെറ സർവ്വവ്യാപകത, മഹാവിഷ്ണുവിന് വാസുദേവൻ-അനിരുദ്ധൻ-സങ്കർഷണൻ എന്നീ പേരുകൾ ഉണ്ടായതിന് കാരണം, വേദങ്ങളിലെ മഹാവിഷ്ണുവിൻെറ സ്തുതികൾ, ശ്രീകൃഷ്ണാവതാരമഹത്വം-സ്മരണ-ധ്യാനം എന്നിവയി ലൂടെ ലഭിക്കുന്ന സർവ്വതീർത്ഥ സ്നാനഫലം.

**ഹയഗ്രീവ ഉപനിഷദ്** : ബ്രഹ്മാവ് നാരദന് ഉപദേശിക്കുന്ന ഹയഗ്രീവമന്ത്രമാണ് ഉപനിഷദ്‌വിഷയം, ഹയഗ്രീവ പഞ്ചാക്ഷരമന്ത്രമായ ഓം-ശ്രീം-ഹ്ലൗം - ഐം-ഐം-ഐം-ക്ലീം-ക്ലീം-സൗം-സൗം-ഹ്രീം. ഓം നമോ ഭഗവതേ ഹയഗ്രീവായ എന്ന മന്ത്രപഠന-ശ്രവണത്തിൻെറ സർവ്വപാപപരിഹാരഫലമാണ് ഈ ലഘു ഉപനിഷത്തിൽ വർണ്ണിക്കുന്നത്.

**ദത്താത്രേയ ഉപനിഷദ്** : മൂന്ന് ലഘു ഖണ്ഡങ്ങളുള്ളതാണ് ദത്താത്രേയ ഉപനിഷദ്. ശ്രീ നാരായണവിശ്വരൂപം, ദത്താത്രേയ ധ്യാനം, ധ്യാനമഹത്വം, ഓം ശ്രീം ക്ലീം ഗ്ലൗം ദ്രം എന്നീ ഷഡ്ക്ഷരമന്ത്രം, ദ്വാദശാക്ഷരീമന്ത്രം, ഷോഡശാക്ഷരമന്ത്രം, എന്നിവയുടെ മഹത്വം, ദത്താത്രേയൻെറ മാലാമന്ത്രം, ഉപനിഷദ് പഠനഫലം.



Scanned with CamScanner

ഗരുഡ ഉപനിഷദ് : ഗരുഡ ധ്യാനമന്ത്രം, ഗരുഡമാലാമന്ത്രം, സർപ്പനാശനമന്ത്രം, വാസുകി മന്ത്രം എന്നീ നാലു മന്ത്രങ്ങൾ മാത്രമടങ്ങുന്ന ഈ ഉപനിഷദ് ബ്രഹ്മദേവൻ നാരദനും, നാരദൻ ബൃഹത്സേനനും, ബൃഹത്സേനൻ ഇന്ദ്രനും, ഇന്ദ്രൻ ഭരദ്വാജനും, ഭരദ്വാജൻ ജീവൽ കാമനും, അദ്ദേഹം ശിഷ്യന്മാർക്കും വിവരിച്ചുകൊടുക്കുന്നതാണ്.

## മറ്റ് ഉപനിഷത്തുകൾ

നൂറ്റി എട്ട് ഉപനിഷത്തുകളിൽ ഉൾപ്പെടുത്താത്ത ചില ഉപനിഷത്തുക്കളാണ് ഏതാനും വരികളിൽ ഇവിടെ വിവരിക്കുന്നത്. ഈ ഉപനിഷത്തുകൾ മേൽവിവരിച്ച ഉപനിഷത്തുകളെപോലെ ആദരിക്കപ്പെട്ടാറില്ല.

യോഗരാജ ഉപനിഷദ് : ഇരുപത്തിഒന്ന് ശ്ലോകങ്ങളിൽ യോഗവിദ്യയെക്കുറിച്ച് വിവരിക്കുന്നു.

അദ്വൈത ഉപനിഷദ് : ഗദ്യരൂപത്തിലുള്ള 24 വരികളിൽ അദ്വൈതാവസ്ഥയെക്കുറിച്ച് വർണ്ണിക്കുന്നു.

ആചമന ഉപനിഷദ് : എല്ലാ ക്രിയാകർമ്മങ്ങളിലും നടത്തുന്ന ആചമനത്തെക്കുറിച്ച് വിവരിക്കുന്നു.

ആത്മപൂജാ ഉപനിഷദ് : ആത്മപൂജയുടെ മഹത്വമാണ് 19 വരികളിലെ വിഷയം.

ആർഷേയ ഉപനിഷദ് : 11 ശ്ലോകങ്ങളിലുള്ള ബ്രഹ്മാണ്ഡവിവരണമാണ് വിഷയം.

ഇതിഹാസോപനിഷദ് : ആശ്രമധർമ്മങ്ങളും, ശ്രാർദ്ധകർമ്മങ്ങളും ഇതിലെ 91 ശ്ലോകങ്ങളിൽ വർണ്ണിക്കുന്നു.

ചതുർവേദ ഉപനിഷദ് : നാലു വേദങ്ങൾ ആദിനാരായണനിൽ നിന്നു ൽഭവിച്ചതിനെക്കുറിച്ച് വിവരിക്കുന്നു.

ചാക്ഷുഷോപനിഷദ് : നേത്രങ്ങൾക്ക് കൂടുതൽ തേജസ് പകരുന്നതിന് സൂര്യദേവനോടുള്ള പ്രാർത്ഥനയും പൂജയുമാണ് വിഷയം.

തുരിയോപനിഷദ് : ഓംകാരത്തിൻെറ 16 മാത്രകളെക്കുറിച്ചുള്ള വിവരണമാണ് വിഷയം.

പിണ്ഡോപനിഷദ് : മരണാനന്തരക്രിയകളിൽ പ്രധാനപ്പെട്ട പിണ്ഡക്രിയ സങ്കൽപങ്ങൾ വിവരിക്കുന്നു.



Scanned with CamScanner

പ്രണവോപനിഷദ് : ഓംകാരത്തിൻെറ ഓരോ മാത്രകളെക്കുറിച്ചുള്ള വിവരണമാണ് 20 ശ്ലോകങ്ങളിലുള്ളത്.

ബാഷ്കല മന്ത്ര ഉപനിഷദ് : ഈശ്വരൻ-ബ്രഹ്മ-അഹം ബന്ധ വിവരണമാണ് 25 ശ്ലോകവിഷയം.

ദ്വയോപനിഷദ് : ആചാര്യഗുരു നിർവ്വചനമാണ് ആറ് ശ്ലോകങ്ങളിൽ നൽകിയിരിക്കുന്നത്.

നിരുക്തോപനിഷദ് : ഈ ഉപനിഷത്തിൽ ഗർഭസ്ഥ ശിശുവിൻെറ വളർച്ച, രക്തം-മജ്ജ - മാംസം - അസ്ഥിബന്ധം, സ്ത്രീ-പുരുഷ-നപുംസക ജനന വിഷയ ങ്ങളുമടങ്ങുന്നു.

മാന്മായോപനിഷദ് : ജംബുദ്വീപിലുള്ള ആശ്രമ മാ-സമ്പ്രദായ-ക്ഷേത്ര-ദേവി - ദേവ-ആചാര്യ-തീർത്ഥ-വേദ-ആപ്തവാക്യങ്ങളെ സങ്കൽപിച്ച് നടത്തേണ്ട തർപ്പണങ്ങൾ വിവരിക്കുന്നു.

വിശ്രമോപനിഷദ് : ഹൃദയകമലത്തിൻെറ നിറങ്ങൾ, ഈ കമലത്തിൻെറ ഏതു ദളത്തെ ആശ്രയിച്ചാണോ വിശ്രമിക്കുന്നത് അതനുസരിച്ചുള്ള അഭിവൃദ്ധി.

ശൗക ഉപനിഷദ് : ഗായത്രീമന്ത്ര-ആദിത്യ-ചന്ദ്ര-എന്നിവരിൽ കുടികൊള്ളുന്ന, ഓംകാര നാദബ്രഹ്മോപസാന.

സൂര്യതാപിനി ഉപനിഷദ് : യജ്ജുർവേദത്തിലുള്ള സൂര്യ നാമങ്ങളാൽ ബ്രഹ്മാവ് നടത്തുന്ന സൂര്യദേവസ്തുതി.

ഊർദ്ധ്വപുണ്ഡ്രോപനിഷദ് : ഊർദ്ധ്വപുണ്ഡ്രവിധി, ദ്രവ്യം, സ്ഥാനം, രേഖ, മന്ത്രം, കർത്താവ്, ഫലം എന്നിവ മഹാവിഷ്ണു വിവരിക്കുന്നു.

കാർത്ത്യായനോപനിഷദ് : പവിത്രമായ കർമ്മം, വിഷ്ണു ക്ഷേത്ര ത്തിലെ തീർത്ഥത്തിലെ സ്നാനമാണെന്നതിൻെറ കാരണം വിവരിക്കുന്നു.

ഗോപീചന്ദന ഉപനിഷദ് : ദ്വാരകാചരിതം, ഗോപികമാരുടെ ചെയ്തികൾ, ഗോപീചന്ദന മാഹാത്മ്യം, എന്നീ വിഷയങ്ങളടങ്ങുന്നു.

തുളസി ഉപനിഷദ് : തുളസീമാഹാത്മ്യം, തുളസീപൂജ, നിത്യകർമ്മങ്ങ ളിൽ തുളസി ഉപയോഗിക്കുന്നതിൻെറ മഹത്വം.

നൃസിംഹ ഷഡ്ചക്ര ഉപനിഷദ് : നൃസിംഹചക്രത്തിലെ രഥചക്ര-തൽസുചക്ര-മഹാചക്രം-സകലലോകരക്ഷണ ചക്ര-ധ്യുതചക്ര-അസുരാന്തകചക്ര-വർണ്ണന.



Scanned with CamScanner

പരമാത്മിക ഉപനിഷദ് : സകല ചരാചരങ്ങളിലും നില നിൽക്കുന്ന പരമാത്മശക്തി, മഹാവിഷ്ണു മഹിമ, സത്യമഹത്വം.

യജ്ഞോപവിത ഉപനിഷദ് : മഹാവിഷ്ണുവിൻെറ ലക്ഷണമായ യജ്ഞോപവീതത്തിൻെറ മഹിമവർണനം.

രാധോപനിഷദ് : ബ്രഹ്മാണ്ഡവിസ്തീർണ്ണം, അതല-വിതല-സുതല-രസാതല-തലാതലാദി ലോകവിസ്തിർണ്ണം, ശ്രീകൃഷ്ണ വാസസ്ഥലം, കൃഷ്ണദർശനം, കൃഷ്ണപൂജനം.

ലാംഗൂലോപനിഷദ് : ആഭിചാരക്രിയകൾക്കും, മന്ത്രവാദങ്ങൾക്കുമുള്ള രോഗനാശനം - ശത്രുനാശനം - ബന്ധനം - പ്രേതശബ്ദാദി - മന്ത്രങ്ങൾ വിവരിക്കുന്നു.

ശ്രീകൃഷ്ണപുരുഷോത്തമ ഉപനിഷദ് : പുരുഷോത്തമനിൽ നിന്നുൽഭവിച്ച ചരാചരങ്ങൾ - ആറ് ശാസ്ത്രങ്ങൾ- തീർത്ഥങ്ങൾ, ഋഷികൾ - 18 ബ്രഹ്മാണ്ഡങ്ങൾ - 18 കർമ്മങ്ങൾ എന്നീ വിവരണങ്ങൾ.

സങ്കർഷണ ഉപനിഷദ് : ശ്രീകൃഷ്ണജനനം, മഹത്വം, പൂജാവിഷയങ്ങളിതിലടങ്ങുന്നു.

സുദർശന ഉപനിഷദ് : ശംഖ-ചക്ര-ഗദാധാരിയായ മഹാവിഷ്ണു സ്തുതി - പൂജാവിഷയങ്ങൾ.

പാരായണ ഉപനിഷദ് : ശിവസ്തുതി, അതിലൂടെയുള്ള ധർമ്മാർത്ഥ കാമ മോക്ഷ ഫലസിദ്ധി.

ബില്വ ഉപനിഷദ് : ബില്വപത്ര മഹാത്മ്യം, ബില്വപത്രമുപയോഗിച്ചുള്ള ശിവപൂജ മഹാത്മ്യം.

മൃത്യുലാംഗൂലോപനിഷദ് : ശിവസ്തുതികളടങ്ങുന്ന 4 ശ്ലോകങ്ങളുടെ പഠനഫലം.

രുദ്ര ഉപനിഷദ് : ശിവഭക്തി മഹത്വം, ശിവസ്തുതി, ശിവപ്രാർത്ഥന, യജുർവേദസ്തുതി, ഗുരുപ്രാർത്ഥന.

ലിംഗോപനിഷദ് : ശിവലിംഗ മഹാത്മ്യം, ശിവപ്രാർത്ഥന, ശിവധ്യാനം, അർച്ചനാവിധി, ലിംഗപീഠമഹത്വം.

വജ്രപഞ്ചരോപനിഷദ് : വേദമന്ത്രങ്ങളാലുള്ള വന്ദനം, ആഘോഷ മന്ത്രങ്ങൾ, ദുർഗാസ്തുതി, മൃത്യുദേവസ്തുതി.

ശിവസങ്കൽപ ഉപനിഷദ് : ശിവമാഹാത്മ്യം, ശിവസ്തുതി, ശിവധ്യാനം



Scanned with CamScanner

സദാനന്ദോപനിഷദ് : ശിവാരാധന, ശിവലിംഗ മഹത്വം-പ്രാർത്ഥന, അതിലൂടെയുള്ള പരബ്രഹ്മദർശനം.

കാലിക ഉപനിഷദ് : കാളിയുടെ വർണ്ണന, പ്രാർത്ഥന, ശക്തി, മഹത്വം, ഗുരുവന്ദനം, തൃമൂർത്തി സ്തുതി, ശിവമാഹാത്മ്യം.

കാലിമേധാദീക്ഷിതോപനിഷദ് : ശിവഭജനം - സ്തുതി, ഇവയിലൂടെ സിദ്ധിക്കുന്ന ആത്മീയ - ഭൗതികനേട്ടങ്ങൾ.

ഗായത്രി രഹസ്യഉപനിഷദ് : ഗായത്രീമന്ത്രഉത്ഭവം, ഓംകാരവർണ്ണനം, ഗായത്രിയുടെ അർത്ഥം.

ഗുഹ്യകാല്യുപനിഷദ് : പ്രകൃതി പുരുഷ വർണ്ണനകൾ.

താരോപനിഷദ് : ശിവമയമായ പ്രപഞ്ചത്തിന്റെയും താരാരൂപിയായ ദേവിയുടെയും വർണ്ണന, ധ്യാനം, സ്തുതി.

ലഘു അവധൂത ഉപനിഷദ് : അവധൂത സന്യാസിയെക്കുറിച്ച് 7 ശ്ലോകങ്ങളിലായി വിവരിക്കുന്നു.

ആശ്രമ ഉപനിഷദ് : നാലുതരം ബ്രഹ്മചര്യാശ്രമികൾ-ഗൃഹസ്ഥർ-വാനപ്രസ്ഥർ-സന്യാസികൾ ഇവരെക്കുറിച്ചുള്ള വിവരണം.

സമസ്ത ഉപനിഷത്തുക്കളുടെയും ഉജ്ജ്വലങ്ങളായ ആത്മീയ-ഭൗതിക വിഷയങ്ങളും ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനന് വിവരിച്ചുകൊടുക്കുന്ന ഭഗവദ്ഗീതയിലുണ്ട്. അതുകൊണ്ടുതന്നെ ഗീതയുടെ ഓരോ അദ്ധ്യായാന്ത്യത്തിലും **ഉപനിഷത്തുകളുടെ സാരമായ ഭഗവദ്ഗീത** എന്നു പറയുന്നുണ്ട്. വളരെ വ്യക്തമായ വിഷയ ക്രമീകരണങ്ങളോടെ പ്രായോഗിക ജീവിതത്തിലെ സർവ്വതോമുഖ മായ എല്ലാ പ്രശ്നങ്ങളുടെയും വിശകലനവും പരിഹാരവുമായാണ് ഗീതോപദേശം നൽകുന്നത്. ശക്തമായ ആത്മീയത, വ്യക്തമായ ഭൗതീകതക്ക് എങ്ങിനെ മാർഗദർശകമാകുന്നു എന്ന് ഉപനിഷത്തുകളെപോലെ മഹാഭാരതത്തിന്റെ ഭാഗമായ ഭഗവദ്ഗീത വസ്തുനിഷ്ഠമായും ശാസ്ത്രീയമായും വിവരിക്കുന്നു.



Scanned with CamScanner

# വേദാംഗം

ശിക്ഷ, വ്യാകരണം, നിരുക്തം, ഛന്ദസ്ശാസ്ത്രം, കൽപശാസ്ത്രം, ജ്യോതിഷം എന്നിങ്ങനെ ആറു വേദാംഗങ്ങളുണ്ട്. വേദപുരുഷൻെറ അംഗങ്ങൾ - അവയവങ്ങൾ - ആയിട്ടാണ് വേദാംഗങ്ങൾ ഗണിക്കപ്പെടാറുള്ളത്. വേദങ്ങളുടെ അടിസ്ഥാന ജ്ഞാനം സിദ്ധിക്കുന്നത് വേദാംഗങ്ങളിലൂടെയാണ്. വേദം ചൊല്ലുന്നതിൻെറ രീതികൾ ശിക്ഷയും, വേദനിഘണ്ഡുവായി നിരുക്തവും, വേദരചനാ നിയമങ്ങൾ ഛന്ദസ്ശാസ്ത്രത്തിലും, ഭാഷാശാസ്ത്രവ്യാകരണത്തിലും വിവരിക്കുന്നു. കൽപശാസ്ത്രത്തിൽ വ്യക്തി-കുടുംബം-സമൂഹം-രാഷ്ട്രം എന്നിവയുടെ ഭൗതികവും സാമൂഹികവും ആത്മീയവുമായ അടിസ്ഥാന കർമ്മ-ധർമ്മ നിയമസംഹിതകൾ വിവരിക്കുന്നു. ആറാമത്തെ വേദാംഗമായ ജ്യോതിഷം, വേദങ്ങളുടെ ചക്ഷുവായി അറിയപ്പെടുന്നു. കൽപശാസ്ത്രത്തിൽ വിവിരിക്കുന്ന യാഗ-യജ്ഞ-ഗൃഹ്യ-പ്രായശ്ചിത്ത-ധർമ്മ-കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് അനുയോജ്യമായ സമയം, അതിൻെറ ഗുണദോഷങ്ങൾ, ആചാരവിചാരങ്ങൾ, എന്നിവയുടെ അടിസ്ഥാന നിയമങ്ങൾ വിവരിക്കുന്നതാണ് ജ്യോതിഷം.

**ശിക്ഷ** : വേദങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന ശിക്ഷ, വ്യാകരണം, നിരുക്തം, ഛന്ദശാസ്ത്രം എന്നീ നാല് അംഗങ്ങളിൽ പ്രഥമസ്ഥാനം ശിക്ഷക്കുതന്നെയാണ്. വേദമന്ത്രങ്ങളുടെ ശബ്ദം, ധ്വനി, ഉച്ചാരണം എന്നി വിഷയങ്ങളാണ് ഇതിലടങ്ങിയിരിക്കുന്നത്. വേദോച്ചാരണത്തിലെ നിയമങ്ങളും അവയുടെ അടിസ്ഥാനങ്ങളുമറിയുന്നതിന് ശിക്ഷാ ഗ്രന്ഥങ്ങൾ പഠിക്കണം. വേദങ്ങളുടെ മഹത്വം അതിൻെറ ശ്രുതിയിലായതുകൊണ്ട്, വേദങ്ങൾക്ക് അതിൻെറ രൂപം നൽകുന്നത് ശിക്ഷാഗ്രന്ഥത്തിലെ നിയമങ്ങളാണ് എന്നു പറയാം.

വേദപഠനങ്ങളുടെ സാധാരണത്വവും അസാധാരണത്വവും ഭാഷാനിയമങ്ങളിലൂടെയും ഉദാഹരണങ്ങളിലൂടെയും ശിക്ഷാ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നു. ശിക്ഷാഗ്രന്ഥങ്ങളിൽ ചിലത് എല്ലാ വേദങ്ങൾക്കും അടിസ്ഥാനമാണെങ്കിലും ഒരു വേദത്തേയോ വേദശാഖയെയോ മാത്രം ഉദ്ദേശിച്ചിട്ടുള്ള ശിക്ഷാഗ്രന്ഥങ്ങളുമുണ്ട്. അപ്രകാരം ഋഗ്വേദത്തിലെ പദപ്രയോഗങ്ങളുടെ അടിസ്ഥാനത്തിനായി ശൗനക മഹർഷി രചിച്ച ഒരു ഗ്രന്ഥമാണ് ശൗനകശിക്ഷ.



Scanned with CamScanner

**ശൗനകശിക്ഷ** : കേവലം 67 സൂക്തങ്ങൾമാത്രം അടങ്ങുന്നതാണ് ശൗനക ശിക്ഷാഗ്രന്ഥം ഇതിൽ വിവരിക്കുന്ന വിഷയങ്ങൾ ഇപ്രകാരമാകുന്നു. ശിവപ്രാർത്ഥന, വേദലക്ഷണം, സ്വര-വ്യഞ്ജന വിവരണം, സ്വരങ്ങളുടെ പ്രത്യേകത, വ്യഞ്ജനങ്ങളുടെ പ്രത്യേകത, വ്യഞ്ജനങ്ങളുടെ ഘോഷവും അഘോഷവും, നാസികാ ഉച്ചാരണം, യരലവ.... എന്നീ അന്തസ്ഥങ്ങൾ, കകാര-പകാരങ്ങളെ ആശ്രയിക്കുന്ന ജിഹ്വാ മൂലിയം, ഹ്രസ്വ-ദീർഘങ്ങൾ, വ്യഞ്ജനമാത്രകൾ, അവർണത്തിൻെറ മാത്രകൾ, ദന്തസ്ഥാനിയായ അവർണ്ണങ്ങൾ, തവർഗ്ഗം, ലകാരം, സകാരം, വർണ്ണോച്ചാരണത്തിന് കണ്ഠത്തിൻെറ സ്ഥാനം, ഒകാരം, ഔകാരം, ഉവർണ്ണം എന്നിവയുടെ പലവിധപ്രയോഗം, സന്ധിസ്ഥാനവും പദാന്തവും, രേഫം, നകാരത്തിലെ രേഫലോപം, നകാര-പകാര ചേർച്ചയിലെ നിയമങ്ങൾ, ഉകാര പ്രയോഗാന്ത്യത്തിൽ ഇതി വരുമ്പോൾ അനുസരിക്കേണ്ട നിയമങ്ങൾ, നകാരത്തിനും-മകാരത്തിനും സന്ധിയിൽ വരുന്ന വികാരം, അഭിനിധാനം, യമങ്ങൾ, ഊഷ്മാക്കളും- പഞ്ചമങ്ങളും - ചേരുമ്പോൾ ഉണ്ടാകുന്ന ശ്ളഥബന്ധം, സ്വരഭക്തി, ഹകാരത്തിൻെറ ഉച്ചാരണസ്ഥാനങ്ങൾ, ദ്വിത്വനിയമം, യകാരവു മായി ബന്ധപ്പെട്ടുവരുന്ന രേഫങ്ങളും ഓഷ്ഠങ്ങളും, ഘോഷാക്ഷര ത്തിന് വരുന്ന വിരാമം, ദ്വിതം എന്നിവയിൽ നിന്നുണ്ടാകുന്ന നാദം, തുല്യാദി സ്ഥാനങ്ങളിൽ അധോഭാഗത്തു നിന്നുണ്ടാകുന്ന സ്വരം, അനുദാത്തനിയമം, ഉദാത്തവും-കമ്പവും ഉച്ചരിക്കുമ്പോൾ അനുശാസിക്കുന്ന കരചലനങ്ങൾ, ഉദാത്തകമ്പം, വർണ്ണധർമ്മങ്ങളാകുന്ന വികാരം, ആദേശം, സംവൃതം, വിവൃതം, ആഗമം എന്നിങ്ങനെ അനവധി ധർമ്മങ്ങൾ, പ്രണവ വിവരണം, പ്രണവത്തിൻെറ കണ്ഠം - താലു - അനുനാസികം എന്നീ മൂന്നു സ്ഥാനങ്ങൾ, വർണ്ണസമുദായം, വേദമാകുന്നതിൻെറ വിവരണം, ശൗനകശിക്ഷപ്രകാരം വേദാദ്ധ്യയനം നടത്തിയാലുള്ള ഫലം.

നാലു വേദങ്ങളിലെയും ചില വേദശാഖകൾക്ക് ബാധകമായ ശിക്ഷാഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടവയാണ് യജ്ഞവൽക്യ ശിക്ഷ, വസിഷ്ഠശിക്ഷ, കാത്യായനശിക്ഷ, പരാശരശിക്ഷ നാരദീയശിക്ഷ, ഗൗതമീയശിക്ഷ, പാണിനീയശിക്ഷ, ശിശിരശിക്ഷ, ആപിശലിശിക്ഷ എന്നിവ യജ്ഞവൽക്യശിക്ഷ വലരെ പ്രധാനപ്പെട്ട ഒന്നാണ്.

**യജ്ഞവൽക്യശിക്ഷ** : രണ്ടുഭാഗങ്ങളുള്ള യജ്ഞവൽക്യശിക്ഷയുടെ ഒന്നാം ഭാഗത്തിൽ 78 സൂത്രങ്ങളും രണ്ടാം ഭാഗത്തിൽ 35 സൂത്രങ്ങളും കൂടാതെ സുദീർഘമായ ഒരു പ്രത്യേക സൂത്രവും ഉൾപ്പെടുന്നു.



Scanned with CamScanner

ഭാഗം 1. ഉദാത്ത–അനുദാത്ത–സ്വരിതസ്വരങ്ങളുടെ ലക്ഷണങ്ങൾ, ഉദാത്തത്തിൻെറ ബ്രാഹ്മണ, അനുദാത്തത്തിൻെറ ക്ഷത്രിയ, സ്വരിതത്തിൻെറ വൈശ്യ ഭാവങ്ങൾ, ഗന്ധർവവേദത്തിലെ സപ്തസ്വരങ്ങളുടെ അടിസ്ഥാനത്തിലുള്ള വേദസ്വരങ്ങൾ, സ്വര–കാലബന്ധം, സപ്തസ്വരവിവരണം, സ്വരങ്ങളുടെ ദൈർഘ്യങ്ങളെ മാത്രകളായും– ആണവങ്ങളായും– ത്രിരാണവങ്ങളായും നൽകുന്ന വിവരണം, വേദപാഠത്തിൽ പദങ്ങൾ തമ്മിൽ അന്തരം ഏകമാത്ര, അർദ്ധ–ഋക്കുകൾക്കിടക്ക് രണ്ടു മാത്രകൾ, രണ്ടു ഋക്കുകൾക്കിടക്ക് മൂന്ന് മാത്രകൾ, ദൈർഘ്യങ്ങളായി വരുന്നതും, പ്ലുതത്തിന് മൂന്ന് മാത്രകൾ, വ്യഞ്ജനത്തിന് അർദ്ധമാത്രയും വരുന്നു എന്ന യജ്ഞവൽക്യൻെറ വിവരണം.

വേദപാഠത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടരുന്നു. വേദ ഉച്ചാരണം, ആസനം, ദൃഷ്ടികേന്ദ്രീകരണം, ശ്രദ്ധ എന്നിവ, അംഗഹീനൻെറയും – അപസ്വരമുള്ളവൻെറയും വേദപാഠത്തിനുള്ള അയോഗ്യത, വേദവിദ്യാർത്ഥിക്കുണ്ടായിരിക്കേണ്ട യോഗ്യതയായ പ്രാഗത്ഭ്യം–വിനയം–ക്രമമായ ദന്തക്രമീകരണം, വേദപാഠ നിയമങ്ങൾ, പാഠത്തിൽ ഹസ്തചലനത്തിനുള്ള പ്രാധാന്യം, സഃഅഹം സോഹം ആയി മാറുന്ന അകാര ലുപ്തനിയമം, ത്രി–അംബകം ത്ര്യംബകമായിത്തീരുന്ന ക്ഷൈപ്രലക്ഷണം, അഭി ഇമം അഭീമം ആയിത്തീരുന്ന പ്രശ്ലിഷ്ഠവിവരണം, പദസംയോഗങ്ങളിലെ മറ്റനവധി നിയമങ്ങൾ എന്നീ വിഷയങ്ങൾ ഉദാഹരണസഹിതം ഇതിൽ വിവരിക്കുന്നു.

ഭാഗം 2. സ്വരങ്ങളുടെ ഉൽഭവസ്ഥാനം അവയുടെ നിറങ്ങൾ, അക്ഷരങ്ങളുടെ ലിംഗം, സന്ധിനിയമം, ലോപം, പ്രകൃതിഭാവം, വ്യഞ്ജന നിയമങ്ങൾ, പദച്ഛേദ നിയമങ്ങൾ, ഉദാത്താനുദാത്ത–സ്വരിത–പ്ലുതങ്ങളുടെ വിവരണം, പദാനുപദസംയോഗ നിയമങ്ങൾ, വിദ്യാമഹത്വം, വിദ്യാർത്ഥിയുടെ മഹത്വം, ഗുരുശുശ്രൂഷ, നിദ്രാഹീനത്വം.

ഏഴുവിധ സംയോഗപിണ്ഡങ്ങൾ, ഷകാരം–സകാരം–മകാരം–ഥകാരം എന്നിവപോലെ കകാരം മുതൽ മകാരം വരെയുള്ള പദസംയോഗനിയമങ്ങൾ സ്പൃഷ്ടം, അസ്പൃഷ്ടം, സംവൃതം, വിവൃതം എന്നീ നാലുവിധ കരണങ്ങൾ, ഗജഡദഭ എന്നീ 20 ഘോഷങ്ങൾ, കചടതപ തുടങ്ങുന്ന 13 അഘോഷങ്ങൾ, 8 വർണ്ണങ്ങൾ, ഉരസ് – കണ്ഠ – മൂർധാവ്– നാക്ക് – ദന്തം – ചുണ്ട് – ജിഹ്വാഗ്രം– അനുനാസിക എന്നിവിടങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന സ്വരങ്ങൾ തുടർന്ന് ഹ – ഹാ ശബ്ദം ഉരസിൽ നിന്നും,



Scanned with CamScanner

ആ-ആ-ആ ശബ്ദം കണ്ഠത്തിൽ നിന്നും, ട ട ഠ ഢ ണ ഷ ശബ്ദം മൂർധാവിൽ നിന്നും, ച ഛ ജ ഝ ഞ യ ശ ഇ ഈ ഈ ഈൗ എന്ന നാവിൽ നിന്നും, ഉത്ഭവിക്കുന്നതും, ത ഥ ഭ ധ ന ര ല സ ദന്തവുമായി ബന്ധപ്പെട്ടതും, പ ഫ ഭ ബ മ മാ ഉ ഊ ഊൗ ചുണ്ടിൽ നിന്നും ഉത്ഭവിക്കുന്നതും, ജിഹ്വാഗ്രത്തിലെ കം-ഘും-ഗും-ഖും, ങ്ങും എന്ന അക്ഷരങ്ങളും യജ്ഞവൽക്യശിക്ഷാ ഗ്രന്ഥത്തിൽ സോദാഹരണം വിവരിക്കുന്നുണ്ട്.

പദങ്ങളും-അക്ഷരങ്ങളും-സ്വരങ്ങളും ബന്ധിക്കുമ്പോഴും-സംയോജിക്കുമ്പോഴും ഉണ്ടാകുവാൻ സാദ്ധ്യതയുള്ള തെറ്റുകളെ സമൂഹത്തിൽതന്നെ കാണുന്ന ഉദാഹരണങ്ങൾ വഴി യജ്ഞവൽക്യൻ വിവിരിക്കുന്നു. ഇവയിൽ പദങ്ങളും-അക്ഷരങ്ങളും-സ്വരങ്ങളും ആദ്ധ്യാത്മികാടിസ്ഥാനത്തിൽ തന്നെ കാണുകയും, പ്രയോഗിക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യകതയും യജ്ഞവൽക്യൻ ഊന്നി പറയുന്നുണ്ട്.

## വ്യാകരണം

വേദങ്ങളും, അനുബന്ധങ്ങളായ മറ്റു ഗ്രന്ഥങ്ങളും അതി നിഷ്കർഷയോടെ പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നതിൽ കാണിച്ചിരുന്ന ശുഷ്കാന്തിയാണ്, സഹസ്രാബ്ദങ്ങളായി കടുകിട വ്യത്യാസം കൂടാതെ തലമുറകളിലേക്ക് വേദജ്ഞാനം കൈമാറുവാൻ പൂർവ്വികർക്ക് സാധിച്ചത്. ഇതിൻെറ പ്രധാന അടിസ്ഥാനങ്ങളിലൊന്ന് വ്യാകരണമായിരുന്നു. വൈദീകങ്ങളിലെ-ലൗകീക സാഹിത്യ-സംസകൃതഭാഷക്കും അതുപോലെ മറ്റെല്ലാ ഭാരതീയ ഭാഷകൾക്കും ആധാരമായി വർത്തിക്കുന്നതും ഈ പുരാതന വ്യാകരണ ഗ്രന്ഥങ്ങൾ തന്നെയാണ്. അനേകം വ്യാകരണ ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ ഉണ്ടായിട്ടുണ്ട് എന്ന് വിവരണങ്ങളിൽ കാണുന്നു. പാണിനിയുടെ അഷ്ടാധ്യായി എന്ന വ്യാകരണഗ്രന്ഥമാണ് ഏറെ പ്രസിദ്ധം. ഈ ഗ്രന്ഥത്തിൽ അപിശലി-ഗാർഗ്യൻ-ഗാലവൻ-ശാകല്യൻ-ശാകടായനൻ-ഭരദ്വാജൻ-സ്ഫോടായനൻ എന്നിവരുടെ വ്യാകരണ കൃതികളെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഇവയിൽ പലതും ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു എന്ന് അംഗീകരിക്കപ്പെട്ട പുസ്തകങ്ങളിൽ കാണുന്നുണ്ട്. എന്നാൽ ശാകടായനവ്യാകരണം ഇന്നും ലഭ്യമാണ്.

**ശാകടായന വ്യാകരണം** : പാണിനിയുടെ അഷ്ടാദ്ധ്യായിക്കുമുമ്പു തന്നെ രചിക്കപ്പെട്ടി ട്ടുള്ളതാണ് ശാകടായനവ്യാകരണം. ഇതിൽ 2105 വ്യാകരണസൂത്ര ങ്ങളെ 16 പാദങ്ങളിൽ ഉൾപ്പെടുത്തി 4



Scanned with CamScanner

അദ്ധ്യായങ്ങളായിട്ടാണ് വിവരണം നൽകുന്നത്. ഓരോ സൂത്രവും അർത്ഥം മനസ്സിലാക്കുവാൻ പ്രയാസം നേരിടാതെ വളരെ സംക്ഷിപ്തമായും സാരവത്തായും ഒരൊറ്റ സംഗതിയെപറ്റിയുള്ള പ്രസ്താവനയാണ് നൽകിയിരിക്കുന്നത്. വ്യാകരണവിഷയങ്ങൾ ശാകടായന ഗ്രന്ഥത്തിൽ നൽകി യിരിക്കുന്നത് ഇപ്രകാരമാണ്. സംജ്ഞ, സന്ധി, സംഗ്രഹം, ലിംഗം, അവ്യയം, വിഭക്തി, വിഭക്ത്യാർത്ഥം, സമാസം, തദ്ധിതസംഗ്രഹം, തിങ്ങതം, കൃത്യസംഗ്രഹം. ശാകടായനവ്യാകരണത്തിലെ ക്രിയയുടെ ഉത്ഭവത്തെക്കുറിച്ചുള്ള നിയമത്തിൻെറ അടിസ്ഥാന തത്വങ്ങളാണ്, പാണിനിയുടെ വ്യാകരണഗ്രന്ഥമായ അഷ്ടാദ്ധ്യായിയിലെ പ്രമാണ ങ്ങളിലൊന്ന് എന്നാണ് പണ്ഡിതമതം.

**പാണിനീ വ്യാകരണം അഥവാ അഷ്ടാദ്ധ്യായി**

വ്യാകരണ ഗ്രന്ഥങ്ങളിൽ അതിസൂക്ഷ്മവും, ഗഹനവുമാണ് പാണിനിയുടെ അഷ്ടാദ്ധ്യായി. അതുകൊണ്ടു തന്നെ ആയിരിക്കണം ഈ മഹത്ഗ്രന്ഥം മറ്റു വ്യാകരണ ഗ്രന്ഥങ്ങളെക്കാൾ സ്വാധീനം സൃഷ്ടിച്ചതും അംഗീകരിക്കപ്പെട്ടതും. വൈദികവും-ലൗകീകവുമായ സംസ്കൃതപദങ്ങളെക്കുറിച്ച് 3995 സൂത്രങ്ങളിലായി പാണിനി, അഷ്ടാദ്ധ്യായിയിൽ വ്യാകരണ നിയമങ്ങൾ വിവരിക്കുന്നു. നാലു പാദങ്ങൾ വീതം അടങ്ങുന്ന എട്ട് അദ്ധ്യായങ്ങളുള്ളതുകൊണ്ടാണ് ഇതിനെ അഷ്ടാദ്ധ്യായി എന്നറിയപ്പെടുന്നത്.

പ്രത്യേകമായ സാങ്കേതിക സംജ്ഞകളും-പരിഭാഷകളും പാണിനിയുടെ ഗ്രന്ഥത്തിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. നവീനങ്ങളായ പല മാറ്റങ്ങൾക്കും അഷ്ടാദ്ധ്യായിയിൽ പ്രാധാന്യം നൽകിയിട്ടുമുണ്ട്. രണ്ടു സൂത്രങ്ങൾക്ക് ഒരേസ്ഥാനത്ത് പ്രാധാന്യം വരുമ്പോൾ പാഠക്രമ മനുസരിച്ച് ആധുനികമായത് സ്വീകരിക്കണമെന്ന് പാണിനി ഉപദേശിക്കുന്നു. ഒരു വിഭാഗം വ്യാകരണതത്വങ്ങൾ അടിസ്ഥാന പരമായി ബാധകമാകുന്ന സൂത്രങ്ങളെ അധികാരസൂത്രങ്ങളായി പാണിനി വിവരിക്കുന്നു.

ധാതുക്കളുടെ വിവരണങ്ങൾ, പദസമൂഹങ്ങൾ അഥവാ പദഗണങ്ങൾ, ശബ്ദോൽപത്തി, പദങ്ങൾ തമ്മിലുള്ള ബന്ധം, അനുവൃത്തി, അനുബന്ധങ്ങൾ എന്നീ വിഷയങ്ങളാണ് അഷ്ടാദ്ധ്യാ യിയിൽ സുദീർഘമായി പ്രതിപാദിക്കുന്നത്.

പാണിനിയുടെ അഷ്ടാദ്ധ്യായിയിൽ വരരുചിയെന്ന കാത്യായനനും പിന്നീട്, പതഞ്ജലിയും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വാക്യത്തിൽ, ക്രിയയുമായി മറ്റുപദങ്ങൾക്ക് വിവിധ



Scanned with CamScanner

തരത്തിലുള്ള ബന്ധത്തെപ്പറ്റിയുള്ള കാരകവും, ഭൂത-ഭവിഷ്യത്-വർത്തമാനകാല ക്രിയാരൂപങ്ങൾക്ക് പ്രത്യേക സന്ദർഭങ്ങളിൽ വരുന്ന അർത്ഥഭേദവും, ചിലനിപാതങ്ങളോട് ചേർന്ന് പ്രയോഗിക്കുമ്പോൾ പദങ്ങൾക്ക് രൂപത്തിലും അർത്ഥത്തിലും വരുന്ന വ്യത്യാസങ്ങളും അഷ്ടാദ്ധ്യായിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സാധാരണ നിയമങ്ങൾക്ക് വിധേയമാകാത്തവയും, എന്നാൽ പ്രയോഗത്തിലുള്ളതുമായ അനവധി പദങ്ങളെക്കുറിച്ചും പാണിനി വിവരിക്കുന്നുണ്ട്. ഇത്തരം പദങ്ങളെ നിപാതനങ്ങൾ എന്ന് പാണിനി പറയുന്നു. ഭാഷയെ സംബന്ധിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങളും പാണിനി വിവരിക്കുന്നുണ്ട്. ഇത്രയും ശാസ്ത്രീയമായി ഭാഷയെ അപഗ്രഥിക്കുന്ന മറ്റൊരു വ്യാകരണഗ്രന്ഥവുമില്ലതന്നെ. പാണിനി വ്യാകരണം ഗഹനമായി മനസ്സിലാക്കുന്നതിന് പ്രക്രിയാ കൗമുദി, സിദ്ധാന്ത കൗമുദി, പ്രക്രിയ സർവ്വസ്വം എന്നീ പ്രധാന വ്യാഖ്യാനങ്ങളും ലഭ്യമാണ്.

## നിരുക്തം

നിരുക്തം എന്ന പദത്തിൻെറ നിർവ്വചനം തന്നെ "നിരുച്യതെ നിശ്ശേഷേണ ഉപദിശ്യതെ നിരംചന വിധയാതത്തദർഥ ബോധനായ പദജാതം യത്ര തത് നിരുക്തം," എന്നത്രെ. അസന്ദിഗ്ദമായി ഓരോ വാക്കിനേയും കുറിച്ച് നിരുക്തഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. പദവിഭജനരീതിയും, വിവരണവും, പരസ്പരബന്ധവും അവയുടെ ഘടനാക്രമങ്ങളും നിരുക്തത്തിൽ വിവരിക്കുന്നു. വേദങ്ങളിലെ ഓരോ പദവും അവയുടെ പ്രയോഗങ്ങളും, ആശയങ്ങളും എല്ലാം വിവരിക്കുന്നതുകൊണ്ട് നിരുക്തത്തെ ഒരു വിധത്തിൽ വേദത്തിൻെറ ഭാഷ്യമായും കാണുന്നവരുണ്ട്.

വൈദിക വിജ്ഞാനത്തിൻെറ അടിസ്ഥാനത്തിൽ നിരുക്തത്തെ മൂന്നുഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. പര്യായപദങ്ങൾ ഉൾക്കൊള്ളുന്ന നൈഘണ്ടുക കാണ്ഡം, വിഷമമേറിയതും-അവ്യക്തവുമായ പദങ്ങൾ അടങ്ങുന്ന നൈഗമകാണ്ഡം, ദേവതകളുടേയും തത്സംബന്ധിയായപദങ്ങൾ അടങ്ങുന്ന ദൈവതകാണ്ഡം.

**യാസ്ക നിരുക്തം** : ഇന്ന് അറിയപ്പെടുന്ന ഒരു പ്രസിദ്ധമായ നിരുക്തഗ്രന്ഥമാണിത്. യാസ്കനുമുമ്പതന്നെ 17-ഓളം നിരുക്തഗ്രന്ഥകാരന്മാർ ഉണ്ടായിരുന്നുവത്രെ യാസ്കൻെറ നിരുക്തത്തിൽ നൈഘണ്ടുകകാണ്ഡം, നൈഗമകാണ്ഡം, ദൈവതകാണ്ഡം ഇവ മൂന്നും ആകെ 12 അദ്ധ്യായങ്ങളിലായി



Scanned with CamScanner

വിവരിക്കുന്നു. കൂടാതെ രണ്ടു പരിശിഷ്ടാദ്ധ്യായങ്ങളു മുണ്ട്. ഓരോ അദ്ധ്യായവും വീണ്ടും ഖണ്ഡങ്ങളായി തിരിച്ചിട്ടുണ്ട്.

അം 1. നിഘണ്ഡുപദത്തിൻെറ വ്യാപ്തി, നാമലക്ഷണം, വ്യാകരണനിയമങ്ങൾ, പദപ്രയോഗങ്ങൾ, ശാസ്ത്രലക്ഷണം, നിരുക്ത ശാസ്ത്രവിവരണം, പ്രകരണത്രയം, ദേവനാമലക്ഷണം, വൈദീകശബ്ദങ്ങളുടെ സർവ്വമുഖത്വം, സംഹിതാലക്ഷണം, ജ്ഞാനപ്രശംസ, അജ്ഞാനനിന്ദ, വേദവേദാംഗബന്ധം.

അം. 2. സരളമായ നിർവ്വചനങ്ങൾ, നിർവ്വചനവിവരണം, നാമ ഉൽപത്തി, വർണ്ണലോപം, പദ ഉൽപത്തി, സമാസനിർവ്വചനം, ഗൗബ്ദപ്രയോഗം, പ്രയോഗാർത്ഥം, ആദിത്യപദ അർത്ഥം, സമുദ്ര ശബ്ദ അർത്ഥം, മന്ത്ര-ഭാഷണ പദവ്യത്യാസം, ഉഷക്കാലവിവരണം, പര്യായപദങ്ങൾ.

അം. 3, 4. പര്യായപദങ്ങൾ, വേദവരികങ്ങളുടെ സന്ദർഭ വിവരണം, ഋഗ്വേദസംഹിതാ ഋക്കുകളുടെ പ്രത്യേകത, ഒരേ അർത്ഥമുള്ള അനവധി പദങ്ങളുടെ വിവരണം, ഋഗ്വേദത്തിലെ പ്രത്യേക പദപ്രയോഗങ്ങളുടെ കാരണം-പ്രസക്തി-അർത്ഥം, അർത്ഥപ്രധാന്യം.

അം. 5. സംസ്കൃതപദങ്ങൾ, വൈദീകഗ്രന്ഥങ്ങളിൽ പ്രയോഗി ക്കുമ്പോൾ ഉണ്ടാകുന്ന അർത്ഥവ്യത്യാസങ്ങളാണ് ഈ അദ്ധ്യായ വിഷയം. കൂടുതലും ഋഗ്വേദമന്ത്രസംബന്ധമാണെങ്കിലും മറ്റു വേദങ്ങളിലെ ഇത്തരം പദപ്രയോഗങ്ങളും വിവരിക്കുന്നുണ്ട്.

അം. 6. സുദിർഘമായ ഈ അദ്ധ്യായത്തിൽ പദങ്ങളുടെ സംയാഗവും പ്രയോഗാർത്ഥങ്ങളും, പ്രയോഗസന്ദർഭങ്ങളും ഉദാഹരണസഹിതം വിവരിക്കുന്നു.

അം 7, 8. ഈ അദ്ധ്യായങ്ങൾ ദൈവതാകാണ്ഡമാണ്. ദൈവതപദത്തിൻെറ വിവരണം, മന്ത്രങ്ങളുടെ ദേവതകൾ, ആദ്ധ്യാത്മികപ്രയോഗലക്ഷണം, ഋഷിവര്യന്മാർ മന്ത്രദൃഷ്ടാക്കളായതിൻെറ വിവരണം, ദേവതാ നിർണ്ണയം, യാജ്ഞികമതം, ദേവനാമങ്ങൾ, ദേവതാംശങ്ങൾ, ദേവതാധർമ്മം, ദേവതമാരുടെ ജന്മകഥനം, ദേവന്മാരുടെ നാനാത്വം, അഗ്നി,-ഇന്ദ്രൻ-വായു തുടങ്ങിയ വൈദിക ദേവന്മാരുടെ മാഹാത്മ്യം, ദേവന്മാരിലെ ഏകത്വഭാവം, 'ദേവ'ന്മാരെ വിവരിക്കുന്ന ഭിന്നമതങ്ങൾ, അഗ്നി ശബ്ദനിർവ്വചനം, അഗ്നിയുമായി ബന്ധപ്പെട്ട വൈദീകപദങ്ങളുടെ അർത്ഥവ്യാപ്തി, അഗ്നിയുടെ പര്യായപദങ്ങൾ.



Scanned with CamScanner

അ. 9-12. ഋഗ്വേദത്തിലെ പദപ്രയോഗങ്ങൾ, അവയുടെ ഉൽഭവം, സോമം, ചന്ദ്ര, മൃത്യു, ഉഷസ്, മരുത്ത്, അംഗീരസ്, അതിഥി, സരമ, സരസ്വതി, ഘർമ്മം തുടങ്ങിയ വൈദീകപദ വിവരണങ്ങൾ, അശ്വിനി, ഉഷസ്, സൂര്യൻ തുടങ്ങിയ അനവധി ഋഗ്വേദീയ ദേവതകളുടെ വിവരണങ്ങൾ.

അം. 13, 14. ഈ രണ്ട് അദ്ധ്യായങ്ങളും പരിശിഷ്ടങ്ങളായി അറിയപ്പെടുന്നു. ഇവയിലെ, യഥാക്രമം 13, 37 ഖണ്ഡങ്ങളിലും മേൽ വിവരിച്ച അതേ വിഷയങ്ങളാണ് പ്രതിപാദിക്കുന്നത്.

യാസ്കൻെറ നിരുക്തമാണ് തത്പൂർവ്വങ്ങളായ മറ്റു നിരുക്ത ഗ്രന്ഥങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ നൽകുന്നത്. ഔപമന്യവ, ഔദുംബരായണ, ഗാർഗ്യ, ഗാലവ, വാർഷ്യായണി, ആഗ്രായണ, ശാകപൂർണി, ആർണനാഭ, തൈറ്റിക, സ്ഥൗലേഷ്ഠി, ക്രൗഷ്ഠുക, കാത്ഥ്യ എന്നിവരുടെ നിരുക്തഗ്രന്ഥങ്ങളുണ്ടായിരുന്നു എന്ന് യാസ്ക നിരുക്തത്തിൽ വിവരിക്കുന്നു. നിരുക്തഗ്രന്ഥത്തിൻെറ ലക്ഷണമുള്ള മറ്റു ചില ഗ്രന്ഥങ്ങളുമുണ്ട്. കാത്യായനൻെറ നാമമാല, വ്യാഡിയുടെ ഉൽപലിനി, അമരസിംഹൻെറ നാമലിംഗാനുശാസനം എന്നറിയപ്പെടുന്ന അമരകോശം എന്നിവയാണ് ഇവ. അമരകോശത്തിൽ അർത്ഥങ്ങളും, നാനാർത്ഥങ്ങളും, അവ്യയങ്ങളും മൂന്നു ഭാഗങ്ങളിലായി വിവരിക്കുന്നു. ഹലായുധൻെറ അഭിരാമ രത്നമാല, യാദവപ്രകാശൻെറ വൈജയന്തി, അജയപാലൻെറ നാനാർത്ഥരത്നമാല, കേശവസ്വാമിയുടെ നാനാർത്ഥാർണവ സംക്ഷേപം, ഹേമചന്ദ്രൻെറ അഭിധാന ചിന്താമണി, അനേകാർത്ഥ സംഗ്രഹം, എന്നീ ഗ്രന്ഥങ്ങൾ, നിരുക്തത്തിലെ നൈഘണ്ഡുക വിഭാഗ വിഷയങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങളാണ്.

## ഛന്ദസ്ശാസ്ത്രം

വേദഛന്ദസ്സുകളുടെ അടിസ്ഥാനനിയമങ്ങൾ വിവരിക്കുന്ന ഗ്രന്ഥമാണ് ഛന്ദസ്ശാസ്ത്രം. പദ്യരചനാനിയമങ്ങളും, രചനാക്രമത്തിൽ വേദസൂക്തങ്ങളെ വിഭജിച്ചിരിക്കുന്നതും ഇതിൽ വിവരിക്കുന്നു. വ്യത്യസ്തപദ്യരചനാക്രമത്തിൽ കാണുന്ന വേദസൂക്തങ്ങളെ വിഭജിച്ചിരിക്കുന്നതിൻെറ അടിസ്ഥാനം പ്രധാനമായും മന്ത്രങ്ങളിലെ അക്ഷരസംഖ്യയാണ്. ഋഗ്വേദങ്ങളിലടങ്ങിയിരിക്കുന്ന സൂക്തങ്ങളുടെ പ്രധാന ഛന്ദസ്സുകളും അവയിലെ അക്ഷരസംഖ്യകളും ഇപ്രകാരമാണ്. ഗായത്രി (ഛന്ദസ്)–24 (അക്ഷരം), ഉഷ്ണിക് – 28, അനുഷ്ടുപ്പ് – 32, ബൃഹതി – 36,



Scanned with CamScanner

പംക്തി-40, തൃഷ്ടുപ് – 44, ജഗതി – 48. അക്ഷരസംഖ്യകളിൽ ചിലപ്പോൾ ചെറിയ വ്യത്യാസം വരുമെന്നും ഛന്ദസ്ശാസ്ത്രത്തിൽ വിവരിക്കുന്നുണ്ട്. പ്രധാനഛന്ദസുകളെ വീണ്ടും ഉപഛന്ദസ്സുകളായും വിഭജിക്കപ്പെട്ടിട്ടുണ്ട്. പിംഗളാചാര്യ ഛന്ദസ്ശാസ്ത്രമാണ് അംഗീകരിക്കപ്പെട്ട ഒരു പ്രധാനഗ്രന്ഥം. എട്ട് അദ്ധ്യായങ്ങളിലായി ഇതിലെ വിഷയാവതരണം ഇപ്രകാരമാണ്.

**പിംഗള ഛന്ദസ്ശാസ്ത്രം**

അം 1. ഗണങ്ങൾ, ഗണസംജ്ഞ, ഗണദേവത, ഗണഫലങ്ങൾ, ഗണപ്രയോഗഫലങ്ങള്ൾ, ലഗസംജ്ഞ, ലഗസംകേത, രേഖാലക്ഷണം, ഗുരുത്വാപവാദം, പദാന്തങ്ങളുടെ ലഘുത്വം, അവയുടെ നിയമങ്ങളെക്കുറിച്ച് ആചാര്യമതം, ശ്വേതാംബരാ ചാര്യൻെറയും, പാണിനിയുടെയും അഭിപ്രായവ്യത്യാസങ്ങൾ, ദ്വിമാത്ര കളുടെ ഗുരുത്വം.

അം 2, 3. ഗായത്രി ഛന്ദസ്സുകൾ, ഗായത്രി ഛന്ദസ്സിൻെറ 38 ഭേദങ്ങൾ, അവയുടെ അടിസ്ഥാനനിയമങ്ങൾ, പാദപൂരണം, ഗായത്രി യുടെ പദാക്ഷരസംഖ്യ, അഞ്ച് പാദങ്ങളുള്ള ഛന്ദസ്സുകളുടെ വിവരണം, ഗായത്രീപദ നിർവ്വചനം, ഉഷ്ണിക്ഛന്ദാധികാരം, ഉഷ്ണിക്പദനിർവ്വചനം, ബൃഹതി-പംക്തി-തൃഷ്ടുഭ്-ജഗതി-ഛന്ദസ്സുകളുടെ അധികാരം, പദനിർവ്വചനം, ഛന്ദസ്സുകളുടെ ദേവതകൾ-സ്വരങ്ങൾ-വർണ്ണങ്ങൾ-ഗോത്രങ്ങൾ-ധാതുക്കൾ എന്നിവ, പൂർവ്വികാചാര്യന്മാരുടെ അഭിപ്രായങ്ങളും പിംഗളാ ചാര്യൻെറതും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള വിവരണങ്ങൾ.

അം 4. പാദലക്ഷണം, മാത്രാഗണലക്ഷണം, ആര്യാധികാരം, വൈതാലീയാധികാരം, മാത്രാസമകാധികാരം, മാത്രാ ഛന്ദസ്സുകളുടെ ലഘുത്വ-ഗുരുത്വജ്ഞാനം.

അം 5, 6. പദ്യരചനയിലെ വൃത്തനിയമങ്ങൾ, അർദ്ധസമവൃത്തസംഖ്യ, വിഷമവൃത്തസംഖ്യ, വക്ത്രഭേദം, വൃത്താധികാരങ്ങൾ, യതി ലക്ഷണം, യതിനിയമം, ഛന്ദസ്സുകളുടെ അധികാരം.

അം 7. അതിജഗതി, ശക്വരി, അതിശക്വരി, അഷ്ടി, അത്യഷ്ടി, ധൃതി, അതിധൃതി, കൃതി, പ്രകൃതി, വികൃതി, സംകൃതി, അഭികൃതി, ഉത്കൃതി എന്നിവയുടെ അധികാരങ്ങൾ.

അം 8. ഗാഥാലക്ഷണം, ത്രിഷ്ടുഭ്, ജഗതി, അതിജഗതി, ശക്വരി, അഷ്ടി, അത്യഷ്ടി, ധൃതി, അതിധൃതി, കൃതി ഗാഥാവിവരണങ്ങൾ, ദ്വാക്ഷരപ്രസ്താരം, പ്രസ്താര പ്രകാരാന്തരം,



Scanned with CamScanner

പ്രസ്താര ക്രമബീജം, പ്രസ്താര പിണ്ഡസംഖ്യ, മാത്രാവൃത്തപ്രസ്താരം, നഷ്ട വൃത്തജ്ഞാനം, മാത്രാ നഷ്ടജ്ഞാനം, പ്രസ്താരം കൂടാതെയുള്ള വൃത്തസംഖ്യാജ്ഞാനം, മാത്രോദ്ദിഷ്ടം, മേരുപ്രസ്താരം, മാത്രാമേരു, വൃത്തി സമാപ്തി എന്നിവിഷയങ്ങളുടെ ഉദാഹരണസഹിതമുള്ള വിവരങ്ങൾ.

പിംഗളാചാര്യന്റെ ഗ്രന്ഥത്തിലെ ഛന്ദസ്ശാസ്ത്രവിഷയങ്ങൾ ഇപ്രകാരവും ക്രോഡീകരിക്കാം. ഉക്തം-അയുക്തം-മധ്യം-പ്രതിഷ്ഠ - സുപ്രതിഷ്ഠ എന്നിവ ഉൾക്കൊള്ളുന്ന അനാദിഷ്ടഛന്ദസ്-ഗായത്രി-ഉഷ്ണിക്-അനുഷ്ടുഭ്-ബൃഹതി-പംക്തി-തൃഷ്ടുപ്-ജഗതി എന്നിവ ഉൾപ്പെടുന്ന ബൃഹതി ഛന്ദസ്, അതിജഗതി ശക്വരി-അതിശക്വരി-അഷ്ടി-അത്യഷ്ടി-ധൃതി-അതിധൃതി എന്നിവയടങ്ങുന്ന അതി ഛന്ദസ്, കൃതി-പ്രകൃതി-ആകൃതി-വികൃതി-സംകൃതി- അഭികൃതി - ഉൽകൃതി എന്നിവയുൾപ്പെടുന്ന കൃതിഛന്ദസ്. പ്രചിതി എന്ന വിഭാഗത്തിൽപെടുന്ന ഛന്ദസ്സുകളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നില്ല എന്നത് ഒരു പ്രത്യേകതയത്രെ!

ഛന്ദസ്ശാസ്ത്രവിഷയങ്ങൾ വിവരിക്കുന്ന മറ്റു ഗ്രന്ഥങ്ങളും ഭാരതത്തിലുണ്ടായിരുന്നുവത്രെ. കാളിദാസൻ രചിച്ച ശ്രുതബോധം പദ്യരചനാരീതികൾ വിവരിക്കുന്നു. (ഈ കാളിദാസൻ ആരാണെന്നതിനെക്കുറിച്ചും അദ്ദേഹത്തിന്റെ കാലഘട്ടത്തെക്കുറിച്ചും വിവരണങ്ങളിൽ കാണുന്നില്ല.) വരാഹമിഹിരന്റെ ബൃഹത് സംഹിതയിൽ ഛന്ദസ്ശാസ്ത്ര വിഷയങ്ങൾ വിവരിക്കുന്ന ഒരധ്യായം ഉണ്ട്. ക്ഷേമചന്ദ്രന്റെ സുവൃത്തതിലകം, ഹേമചന്ദ്രന്റെ ഛന്ദോനുശാസനം എന്നീകൃതികൾ അതിപുരാതനമല്ലെങ്കിലും ഇതേ വിഷയങ്ങൾ വിവരിക്കുന്നതാണ്. കേദാരഭട്ടന്റെ വൃത്ത രത്നാകരത്തിൽ പദ്യരചനയിലെ നിർവ്വചനങ്ങളും-നിയമങ്ങളുമാണ് വിഷയം. ഗംഗാധരന്റെ ഛന്ദമഞ്ജരി, ദാമോദരമിശ്രന്റെ വാണീഭൂഷണം ഇവയും ഛന്ദസ്ശാസ്ത്രവിഷയങ്ങൾ വിവരിക്കുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പദ്യരചനാക്രമങ്ങളെ ക്കുറിച്ചും ഛന്ദസ്ശാസ്ത്രത്തെക്കുറിച്ചും സുദീർഘമായ വിവരണങ്ങളുണ്ട്.

ശിക്ഷ, വ്യാകരണം, നിരുക്തം, ഛന്ദസ്ശാസ്ത്രം എന്നീ വേദാംഗങ്ങൾ വേദത്തിന്റെ ഘടനയെക്കുറിച്ചുള്ള ഗഹനമായ ജ്ഞാനമാണ് നൽകുന്നത്. എല്ലാ വേദ വിദ്യാർത്ഥികളും ഇവ പ്രത്യേകമായി പഠിക്കുക പതിവില്ല. വേദസംഹിതപഠനസമയത്ത് പദപ്രയോഗങ്ങളിൽ അതാതിടത്ത്, ഗുരു നിയമങ്ങൾ പഠിപ്പിക്കുക



Scanned with CamScanner

യാണ് പതിവ്. വേദവിഷയതർക്കങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഈ വേദാംഗങ്ങളുടെ ജ്ഞാനം ഒഴിച്ചുകൂടാൻ വയ്യാത്തതാണ്.

## കൽപശാസ്ത്രം

ഹൈന്ദവ ആചാരാനുഷ്ഠാനങ്ങളുടെ അടിസ്ഥാനതത്വങ്ങളെല്ലാം അടങ്ങിയിരിക്കുന്നത് കൽപശാസ്ത്രങ്ങളിലാണ്. അതിബൃഹത്തായ കൽപശാസ്ത്രഗ്രന്ഥങ്ങൾ കർമ്മ-ധർമ്മ-ആചാര വിവരണങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും വിഭജിക്കപ്പെട്ടിട്ടുണ്ട്. സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയും അഭിവൃദ്ധിക്കായി നടത്തുന്ന യാഗകർമ്മങ്ങളുടെ വിവരണം ശ്രൗതസൂത്രത്തിൽ നൽകിയിരിക്കുന്നു. യാഗശാലയുടേയും യജ്ഞകുണ്ഡങ്ങളുടേയും സവിസ്തരഗണിതാടിസ്ഥാനത്തിലുള്ള വിവരണം നൽകുന്ന ഭാഗമാണ് ശുൽബ അഥവാ സുൽവ സൂത്രം. യാഗകർമ്മങ്ങൾക്കും, ഗൃഹ്യകർമ്മങ്ങൾക്കും വരുന്ന കുറവുകൾക്കും, തെറ്റുകൾക്കും പ്രതിവിധി വിവരിക്കുന്ന ഭാഗമാണ് പ്രായശ്ചിത്തഭാഗം. ഓരോ വർണ്ണത്തിലും പെടുന്ന വ്യക്തികൾ ഗൃഹസ്ഥാശ്രമത്തിൽ അനുഷ്ടിക്കേണ്ട കർമ്മങ്ങൾ എല്ലാ ഗൃഹ്യസൂത്രത്തിലും വിവരിക്കുന്നു. സമൂഹം, സമുദായം, രാഷ്ട്രം എന്നിവയുടെ അടിസ്ഥാന നിയമങ്ങൾ ക്രോഡീകരിച്ചിരിക്കുന്ന ഭാഗമാണ് ധർമ്മശാസ്ത്രം. ഇത്രയുമാണ് കൽപശാസ്ത്രത്തിൻെറ പ്രധാനഭാഗങ്ങൾ. ഇവ കൂടാതെ ചില പ്രത്യേക വിഷയങ്ങൾ ചില കൽപശാസ്ത്രത്തിൽ വിവരിക്കുന്നുമുണ്ട്. സമ്പൂർണ്ണ കൽപശാസ്ത്രങ്ങൾ എന്ന് പറയാവുന്ന ഗ്രന്ഥങ്ങളുടെ എണ്ണം കുറവാണ്. എന്നാൽ മേൽ വിവരിച്ച ഭാഗങ്ങൾ സ്വതന്ത്ര വിഷയങ്ങളെപോലെ വളർന്നു വികസിച്ചു എന്നതാണ് വസ്തുത. അതുകൊണ്ട് സ്വതന്ത്രമായി അനവധി ശ്രൗത-ഗൃഹ്യ-ധർമ്മ സൂത്രഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. ഓരോ വിഭാഗത്തിൽപെടുന്ന ഗ്രന്ഥങ്ങളുടെയും സംഖ്യയും വ്യത്യാസ പ്പെട്ടിരിക്കുന്നു.

സമ്പൂർണ്ണ കൽപശാസ്ത്രഗ്രന്ഥപരമായ ബൗധായനവും കൽപത്തിൽ ഓരോ ഭാഗവും വിഭജിച്ചിരിക്കുന്നത് ഇപ്രകാരമാണ്. ബൗധായന കൽപശാസ്ത്രത്തിൽ 1 മുതൽ 21 വരെ പ്രശ്നങ്ങൾ ബൗധായന ശ്രൗതസൂത്രം, 22 മുതൽ 25 വരെ ബൗധായന സുൽവസൂത്രം, 26 മുതൽ 28 വരെ കർമ്മാന്തങ്ങൾ എന്നറിയപ്പെടുന്ന പ്രത്യേക കർമ്മ വിവരണം, 29 മുതൽ 31 വരെ പ്രശ്നങ്ങൾ പ്രായശ്ചിത്ത വിധികൾ, 32-ാം പ്രശ്നം ദ്വൈധ എന്നറിയപ്പെടുന്ന കർമ്മഭാഗം, 33 മുതൽ 35 വരെ ഗൃഹ്യസൂത്രം, 36-ാം പ്രശ്നം കർമ്മ



Scanned with CamScanner

പ്രായശ്ചിത്ത വിധികൾ, 37 മുതൽ 41 വരെ പ്രശ്നങ്ങൾ ഗൃഹ്യസൂത്രങ്ങളിലെ പ്രത്യേക പദപ്രയോഗങ്ങളുടെ പരിഭാഷ, 42 മുതൽ 44 വരെ പിതൃമേധ സൂത്രങ്ങൾ, 45-ാം പ്രശ്നം പ്രവരസൂത്രം, 46 മുതൽ 49 വരെ ബൗധായന ധർമ്മസൂത്രം. ഇവ ഓരോന്നും പ്രത്യേകമായി ഓരോ പുസ്തകരൂപത്തിൽ ഇന്ന് ലഭ്യമാണ്. മറ്റു കൽപസൂത്രങ്ങൾ എല്ലാം ഇത്രയും വ്യക്തമായ ക്രമീകരണത്തോടെയുള്ളതല്ല. എല്ലാ കൽപസൂത്രങ്ങളും ക്രിസ്തുവിനുമുമ്പ് രചിക്കപ്പെട്ടവയാണ്. അതിബൃഹത്തായ ഒരു വേദാംഗമാണ് കൽപശാസ്ത്രം.

## ശ്രൗതസൂത്രം

കൽപസൂത്രത്തിൽ, ശ്രുതിയോടു കൂടി ആഹവനീയാഗ്നിയേയും ഗാർഹപത്യാഗ്നിയേയും, ദക്ഷിണാഗ്നിയേയും ചേർക്കുന്ന യാഗകർമ്മ ങ്ങളെ വിവരിക്കുന്ന ഭാഗമാണ് ശ്രൗതസൂത്രങ്ങൾ. ബ്രാഹ്മണങ്ങളിൽ യാഗവിവരണങ്ങൾ നൽകിയിരിക്കുന്നതിനേക്കാൾ വളരെ അടുക്കും ചിട്ടയോടും കൂടിയാണ് യാഗകർമ്മങ്ങൾ ഇതിൽ വിവരിക്കുന്നത്. ബ്രാഹ്മണ വിഷയങ്ങൾ വ്യാഖ്യാനങ്ങളില്ലാതെ മനസ്സിലാക്കുക എളുപ്പമല്ല എന്നാൽ ശ്രൗതസൂത്രങ്ങൾ മനസ്സിലാക്കുവാൻ ഏറെ പ്രയാസമില്ല. നാലു വേദങ്ങൾക്കും ശ്രൗത സൂത്രങ്ങളുണ്ട്. ഒരേ വേദത്തിനു തന്നെ അനേകം ശ്രൗതസൂത്രങ്ങളുമുണ്ട്. ബുദ്ധൻെറ കാലഘട്ടത്തിലാണ് ശ്രൗതസൂത്രങ്ങളിൽ പ്രധാനപ്പെട്ടവയെല്ലാം രചിക്കപ്പെട്ടിരിക്കുന്നത് എന്നാണ് പണ്ഡിത മതം. ശ്രീബുദ്ധന്, സഹസ്രാബ്ദങ്ങൾക്കുമുമ്പ്തന്നെ ശ്രൗതവിഷയിൽ നിലനിന്നിരുന്നു. അവയെല്ലാം ക്രോഡീകരിക്കപ്പെട്ടത് ബി.സി. 1000 നും 50 നും ഇടക്കുള്ള കാലഘട്ടത്തിലാണത്രെ!

**ആശ്വലായന ശ്രൗതസൂത്രം** : ഋഗ്വേദത്തിൻെറ ശാകല-ബാഷ്കല ശാഖക്കാരുടെ ശ്രൗത സൂത്രമാണ് ആശ്വലായന ശ്രൗതസൂത്രം. പന്ത്രണ്ടദ്ധ്യായങ്ങളു ള്ളതാണീ ശ്രൗതസൂത്രം.

അം 1, 2. ദർശപൂർണമാസിയാഗം, അരണികടഞ്ഞ് അഗ്നിയെടു ക്കുന്ന ചടങ്ങായ അഗ്ന്യാധാനം, അഗ്നിഹോത്രയാഗ മഹത്വം, ഒരു കുണ്ഡത്തിൽ നിന്നും അഗ്നി ആവാഹിച്ച് മറ്റ് യാഗകുണ്ഡങ്ങളി ലേക്ക് പകർത്തുന്ന അഗ്നി ഉപസ്ഥാനം, പിതൃക്കൾക്കായി നടത്തുന്ന പിതൃയജ്ഞം, അനാരംഭണീയം, ആഗ്രയണം, കാമ്യേഷ്ടികൾ, വൈമൃധേഷ്ടി, ലോകനന്മക്കായി



Scanned with CamScanner

നടത്തുന്ന ലോകേഷ്ടി, മിത്രസമൃദ്ധിക്കായി നടത്തുന്ന പവിത്രേഷ്ടി, കാരീരിഷ്ടി, വൈശ്വാനര ഇഷ്ടി, ഇഷ്ട ചയനം, ദാക്ഷായണ യജ്ഞം ചാതുർമാസ്യ യജ്ഞം.

അം 3-6. യാഗത്തിൽ മൃഗബലിയുമായി ബന്ധപ്പെട്ട ചടങ്ങുകൾ, അഗ്നിഷ്ടോമയാഗ കർമ്മം, അതിരാത്രയാഗത്തിന്റെ പ്രാരംഭചടങ്ങുകൾ, സോമയാഗ കർമ്മാനുഷ്ഠാനത്തിൽ വരുന്ന തെറ്റുകൾക്കും കുറവുകൾക്കും പരിഹാരമായി നടത്തേണ്ട പ്രായശ്ചിത്തങ്ങൾ.

അം 7-11. സത്രധർമ്മം, പൊതുവായി യാഗങ്ങൾക്ക് അനുഷ്ടിക്കേണ്ട ചടങ്ങുകൾ, രാജസൂയയാഗം, വാജപേയയാഗം, ഒരു ദിനം കൊണ്ട് നടത്തുന്ന ഏകാഹയജ്ഞം, അശ്വമേധയാഗം, 12 ദിവസങ്ങൾ കൊണ്ട് നടത്തുന്ന ദ്വാദശാഹയജ്ഞം, രാത്രിസത്രം, ഗവാമയനം.

അം 12. യാഗത്തിലെ ആദിത്യനു വേണ്ടിയുള്ള ആഹൂതികൾ, സാരസ്വതസത്രം, സത്രധർമ്മം, യാഗയജമാനനും, പുരോഹിതന്മാരും ആചരിക്കേണ്ടതായ വ്രതങ്ങൾ.

**സാംഖ്യായന ശ്രൗതസൂത്രം** : ഋഗ്വേദത്തിന്റെ സാംഖ്യായനശാഖയുമായി ബന്ധപ്പെട്ടതാണ് ഈ ശ്രൗതസൂത്രം പതിനെട്ട് അദ്ധ്യായങ്ങളുള്ള ഈ ശ്രൗത സൂത്രത്തിൽ ഓരോ അദ്ധ്യായത്തിലും ഓരോ യാഗവിഷയമാണ് വിവരിക്കുന്നത്. യാഗവിഷയങ്ങളുമായി ബന്ധപ്പെട്ട പദങ്ങളുടെ പരിഭാഷ, ദർശപൂർണ്ണ മാസിയാഗം, അഗ്ന്യാധാനം, വൈമൃധേഷ്ടി, അഗ്നിഷ്ടോമം, ചയനം, ദ്വാദശാഹം, 24 ദിവസങ്ങളിൽ നടത്തുന്ന യാഗകർമ്മങ്ങൾ, യാഗപ്രായശ്ചിത്തങ്ങൾ, ഗവാമയനം, ഏകരാത്ര യാഗം, ചാതുർമാസ്യവ്രതം, സൗത്രാമണി, വാജപേയം, രാജസൂയം, അശ്വമേധം, മഹാവ്രതം, ഗവാമയനം പുനർവിവരണം. വളരെ ബൃഹത്തായ സാംഖ്യായന ശ്രൗതസൂത്രം കൗഷീതകി ബ്രാഹ്മണത്തിനു തുല്യമാണ്.

**കൗഷീതകി ശ്രൗതസൂത്രം** : ഏതാനും ചിലഭാഗങ്ങൾ മാത്രം ലഭ്യമായിട്ടുള്ള (ഋഗ്വേദത്തിന്റെ) മൂന്നാമത്തെ ശ്രൗതസൂത്രമാണിത്. ലഭ്യമായ ഭാഗങ്ങളിൽ കാണുന്ന വിവരണങ്ങളിൽ നിന്നും ഈ ഗ്രന്ഥവിഷയങ്ങൾ ആശ്വലായന -സാംഖ്യായന ശ്രൗതസൂത്രങ്ങളോട് വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കാം.

**കാത്യായന ശ്രൗതസൂത്രം** : ശുക്ലയജുർവേദീയമായ ഈ ശ്രൗതസൂത്രം രചിച്ചത് കാത്യായന മുനിയാണ്. ഇതിലെ 26 അദ്ധ്യായങ്ങളിലെ വിഷയങ്ങളിപ്രകാരമാണ്.



Scanned with CamScanner

യാഗവിഷയങ്ങൾ വിവരിക്കുന്ന പദങ്ങളുടെ പരിഭാഷ, ദർശ പൂർണമാസിയാഗം, പിതൃക്കൾക്കായുള്ള ദാക്ഷായണ യജ്ഞം, ആഗ്രയണേഷ്ടി, അന്വാരംഭണീയേഷ്ടി, അഗ്ന്യാധാനം, അഗ്നിഹോത്രം, മിത്രവിന്ദേഷ്ടി, ഒരു വർഷം നീണ്ടു നിൽക്കുന്ന യാഗക്രിയകൾ, സോമയാഗം, ദ്വാദശരാത്രയാഗം, ഗവാമയനം, വാജപേയം, രാജസൂയം, മഹാഗ്നിചയനം, പശുബന്ധയാഗം, അശ്വമേധയാഗം, പുരുഷമേധയാഗം, സർവ്വമേധം, പിതൃമേധം, ഏകാഹയജ്ഞം, 3 മുതൽ 11 രാത്രിവരെ നീണ്ടു നിൽക്കുന്ന യാഗകർമ്മങ്ങൾ, സത്രാന്തരം, പ്രായശ്ചിത്ത ക്രിയകൾ, മൃതകാഗ്നിഹോത്രം, പ്രവർഗ്യം.

**ബൗധായന ശ്രൗതസൂത്രം** : കൃഷ്ണയജുർവേദീയ തൈത്തിരീയ ശാഖയുടേതായ ഈ ശ്രൗതസൂത്രം മറ്റ് ശ്രൗതസൂത്രങ്ങളെക്കാൾ പ്രാചീനത്വവും പ്രമാണികതയുമുള്ളതാണ്. മുപ്പത് പ്രശ്നങ്ങളാണ് ബൗധായനശ്രൗത സൂത്രത്തിലുള്ളത്. ഈ പ്രശ്നങ്ങളെ വീണ്ടും അദ്ധ്യായങ്ങളായി ഭാഗിച്ചിട്ടുണ്ട്. അദ്ധ്യായങ്ങൾ ഓരോ യാഗത്തിന്റെയും ഉപക്രിയകൾ വിവരിക്കുന്നു.

പ്രശ്നം 1–3. ദർശപൂർണമാസിയാഗം, ഉപവ്യാഹരണം, ദേവയാചനം, യാഗപുരോഹിതന്മാരെ സ്വീകരിക്കുന്ന കർമ്മം, അഗ്ന്യാധാനം, അഗ്ന്യാധേയം അന്വാരംഭണ ഇഷ്ടി, ദശാധ്യായ ഇഷ്ടി.

പ്രശ്നം 4. അഗ്നിയുടെ പുനരാധേയം, അഗ്നിഹോത്രം, അഗ്ന്യുപസ്ഥാനം, പിണ്ഡപിതൃ യാഗം, ആഗ്രയണം, യാഗത്തിലെ യജമാനത്വം, ബ്രഹ്മത്വം, ഹോത്രം.

പ്രശ്നം 5–9. ചാതുർമാസ്യ വ്രതം, വൈശ്വദേവം, വരുണ യജ്ഞം, മഹാപിതൃ യജ്ഞം, ത്ര്യംബക ഹോമം, അഗ്നിഷ്ടോമ യാഗം, പ്രഭാത–മധ്യാഹ്ന–സായാഹ്ന സവനങ്ങൾ, പ്രവർഗ്യവും–പ്രവർഗ്യ ക്രിയകളുമായി ബന്ധപ്പെട്ട പ്രായശ്ചിത്ത കർമ്മങ്ങൾ.

പ്രശ്നം 10–14. അഗ്നിചയനം, വാജപേയം, രാജസൂയം, ഇഷ്ടകൽപം, ഔപമന്യൂവാക്യം എന്നറിയപ്പെടുന്ന യാഗം, രാഷ്ട്രത്തിന്റെ സമ്പൽ സമൃദ്ധിക്കു വേണ്ടി നടത്തുന്ന യാഗങ്ങൾ.

പ്രശ്നം 15–26. അശ്വമേധയാഗം, ദ്വാദശാഹയജ്ഞം, അതിരാത്രം, ബൃഹസ്പതിസംവാദം, സാവിത്രി–നചികേത സംവാദങ്ങൾ, ദ്വൈധക്രിയകൾ അഥവാ ദ്വൈവക്രിയകൾ, കർമ്മാന്തങ്ങൾ.

പ്രശ്നം 27 – 30. യാഗകർമ്മങ്ങളിലുണ്ടാകുന്ന തെറ്റുകൾക്കും, കുറവുകൾക്കുമുള്ള പ്രായശ്ചിത്ത കർമ്മങ്ങൾ.



Scanned with CamScanner

**ഭരദ്വാജ ശ്രൗതസൂത്രം** : കൃഷ്ണ യജുർവേദീയ തൈത്തരീയ ശാഖയുടേതു തന്നെയാണ് ഭരദ്വാജ ശ്രൗതസൂത്രവും. പതിനഞ്ച് പ്രശ്നങ്ങളാണ് ഇതിലുള്ളത്. ദർശപൂർണമാസിയാഗം, അഗ്ന്യാധേയകർമ്മം, അഗ്നിഹോത്രയാഗം, ആഗ്രയണം, പശുബന്ധം, ചാതുർമാസ്യം, ബൃഹത്തായ വൈശ്വദേവ പർവ്വം സാകമേധപർവ്വം തുടങ്ങിയ ആറു പർവ്വങ്ങളിൽ വിവിധ യാഗങ്ങളുടെ വിസ്തരിച്ചുള്ള വിവരണം. അവസാനഭാഗത്തിൽ ജ്യോതിഷ്ടോമയാഗത്തിലെ പ്രായശ്ചിത്ത കർമ്മങ്ങളും, ജ്യോതിഷ്ടോമ ബ്രഹ്മത്വം എന്ന വിഷയവും വിവരിക്കുന്നു.

**ആപസ്തംബ ശ്രൗതസൂത്രം** : തൈത്തിരീയ ശാഖയുടെതാണ് ആപസ്തംബ ശ്രൗതസൂത്രം. വളരെ ബൃഹത്തായ ഈ ശ്രൗതസൂത്രത്തിൽ 24 പ്രശ്നങ്ങളാണുള്ളത്. ദർശപൂർണമാസി, വൈമൃധേഷ്ടി, ദാക്ഷായണയജ്ഞം, യജമാനത്വം, അഗ്ന്യാധേയം, അഗ്നിഹോത്രം, പശുബന്ധയാഗം, ചാതുർമാസ്യ യജ്ഞം, യജ്ഞപ്രായശ്ചിത്തം, സോമയാഗം, സോമയാഗത്തിലെ സോമരസ സംസ്ഥാപന ക്രിയകൾ, പ്രവർഗ്യം, ചയനം, വാജപേയയാഗം, രാജസൂയയാഗം, സൗത്രാമണി, ദ്വാദശാഹം, ഏകാഹം, സത്രം, യജ്ഞപരിഭാഷ എന്നിവയാണ് വിവരണ വിഷയങ്ങൾ.

**സത്യാഷാഢ ശ്രൗതസൂത്രം** : ഹിരണ്യകേശി ശ്രൗതസൂത്രമെന്നും ഇതറിയപ്പെടുന്നുണ്ട്. ഇരുപത്തി ഒമ്പത് പ്രശ്നങ്ങളടങ്ങുന്ന സത്യാഷാഢ ശ്രൗതസൂത്രവും തൈത്തിരീയ സംഹിതയുടെ അനുബന്ധമാണ്.

ദർശപൂർണമാസി യാഗം, പിണ്ഡപിതൃയജ്ഞ വിധികൾ, സർവ്വ യാഗങ്ങളിലും പൊതുവായി വിവരിക്കുന്ന യാഗകർമ്മങ്ങൾ, അഗ്ന്യാധേയം, അഗ്നിഹോത്രം, ഗൃഹപ്രയാണം, പശുബന്ധം, അമവാസി-പൗർണമിയുമായി ബന്ധപ്പെട്ട യാഗകർമ്മങ്ങൾ, യജ്ഞം നടത്തുന്ന യജമാനന്റെ ഉപസ്ഥാനക്രിയകൾ, വ്രതങ്ങൾ, ജ്യോതിഷ്ടോമക്രിയകൾ, അഗ്നിഷ്ടോമം, അഗ്നിചയനം, വാജപേയം, രാജസൂയം, പുരുഷമേധം, സർവ്വമേധം, പ്രായശ്ചിത്തം, ഗവാമയനം, ഗൃഹസ്ഥാശ്രമികൾ നടത്തേണ്ട ഉപനയനം- വിവാഹം-ഗർഭാധാന കർമ്മങ്ങൾ, കാമ്യേഷ്ടി, പശുബന്ധം, കാഠകചയന ക്രിയകൾ, പ്രവർഗ്യം, വിഹാരയാഗങ്ങൾ, ധർമ്മോപദേശങ്ങൾ, മരണശേഷം നടത്തുന്ന ദഹനക്രിയകളായ ചിത ഒരുക്കുന്നത്, ദഹനം, അസ്ഥിസഞ്ചയനം തുടങ്ങി ശ്രാദ്ധാദികൾ വരെയുള്ള അന്ത്യക്രിയകൾ എന്നിവയുടെ വിവരങ്ങൾ ഇതിലടങ്ങുന്നു.



Scanned with CamScanner

**വൈഖാനസ ശ്രൗതസൂത്രം** : വിഖനാചാര്യ വിരചിതമാണ് ഈ ശ്രൗതസൂത്രം. 21 പ്രശ്നങ്ങളാണ് ഈ ശ്രൗതസൂത്രത്തിലുള്ളത്. അഗ്ന്യാധേയം, പുനരാധേയം, അഗ്നിഹോത്രം, അഗ്നിപ്രവാസം, ദർശപൂർണമാസി, ആഗ്രയണം, ചാതുർമാസ്യം, പശുബന്ധം, സൗത്രാമണി, യജ്ഞവിഷയ പരിഭാഷ, അഗ്നിഷ്ടോമം, വാജപേയം, അഗ്നിചയനം, പ്രായശ്ചിത്തം. മറ്റു ശ്രൗതസൂത്രങ്ങളിലെ വിവരണപ്രകാരം യജ്ഞം നടത്തുന്ന പുരോഹിതന്മാരായ ഹോതാവ്, ബ്രഹ്മൻ, യജമാനൻ തുടങ്ങിയവരുടെ യാഗക്രിയകൾ ഇതിൽ പ്രത്യേകം വിവരിക്കുന്നു. ഇവർ ഒരേ സമയത്തു നടത്തുന്ന എല്ലാ ക്രിയകളും അതാതു പ്രശ്നത്തിൽ തന്നെ വിവരിക്കുന്നു എന്നതാണ് ഈ ശ്രൗതസൂത്രത്തിന്റെ പ്രത്യേകത.

**വാധൂല ശ്രൗതസൂത്രം** : പതിനെട്ടു പ്രശ്നങ്ങളുള്ള ഈ ശ്രൗതസൂത്രത്തിൽ വിവരിക്കുന്ന വിഷയങ്ങൾ യഥാക്രമം അഗ്ന്യാധേയം, പുനരാധേയം, അഗ്ന്യുപസ്ഥാനം, പ്രവസദുപസ്ഥാനം, പുരോഡാശം, യജമാനം, ആഗ്രയണം, ബ്രഹ്മത്വം, ചാതുർമാസ്യം, പശുബന്ധം, ജ്യോതിഷ്ടോമം, ആഗ്നിചയനം, വാജപേയം, രാജസൂയം, അശ്വമേധം, ദ്വാദശാഹം, ഔപമന്യംവാക്യം, ഏകാഹം എന്നിവയാണ് തൈത്തിരീയ ശാഖയിൽപ്പെട്ട ഏഴാമത്തെ ശ്രൗതസൂത്രമായ വാധൂല ശ്രൗതസൂത്ര ത്തിലെ യാഗ വിഷയങ്ങൾ.

**മാനവ ശ്രൗതസൂത്രം** : കൃഷ്ണയജുർവേദത്തിന്റെ മൈത്രായണി ശാഖയുടെ അനുബന്ധ മാണ് മാനവശ്രൗതസൂത്രം. ദശപൂർണമാസിയാഗം അതുമായി ബന്ധപ്പെട്ട ഹവനകർമ്മങ്ങൾ, യജമാനത്വം, അഗ്ന്യാധേയം, അഗ്നിഹോത്രം, ആഗ്രയണം, പുനരാധേയം, ചാതുർമാസ്യം, വൈശ്വദേവം, അഗ്നിഷ്ടോമം, പ്രായശ്ചിത്തം, പ്രവർഗ്യം, ഇഷ്ടികൽപം, ചയനം, വാജപേയയാഗം, ദ്വാദശാഹയജ്ഞം, ഗവാമയനം, അനുഗ്രാഹിക കർമ്മം, രാജസൂയം, ഏകാഹം, അഹീന സത്രങ്ങൾ, ഗോനാമികം ഇവയാണ് 9 ഭാഗങ്ങളിലെ വിഷയങ്ങൾ.

**വരാഹ ശ്രൗതസൂത്രം** : മൈത്രായണീ വേദശാഖയുടെ രണ്ടാമത്തെ ശ്രൗതസൂത്രമാണിത്. മൂന്നു ഭാഗങ്ങളാതിനുള്ളത്. യജ്ഞവിഷയ പരിഭാഷ, യജമാനത്വം, ബ്രഹ്മത്വം, ദർശപൂർണമാസി, ആഗ്ന്യാധാനം, പുനരാധേയം, അഗ്നിഹോത്രം, അഗ്ന്യുപ്രസ്ഥാനം, ആഗ്രയണേഷ്ടി, പശുബന്ധം, ചാതുർമാസ്യം, അഗ്നിചയനയാഗം, വാജപേയം, ദ്വാദശാഹം, ഗവാമയനം, ഉത്സർഗിണീമയനം, മഹാവ്രതം, സൗത്രാമണി, രാജസൂയം, അശ്വമേധം എന്നിവയാണ് വിഷയങ്ങൾ.



Scanned with CamScanner

**കാഠകശ്രൗതസൂത്രം** : നഷ്ടപ്പെട്ടുപോയ ഒരു പ്രധാനശ്രൗതസൂത്രമാണിത്. ഇതിൽ 39 അദ്ധ്യായങ്ങളുണ്ട് എന്നു വിരണങ്ങളിൽ കാണുന്നു. കാഠക ശ്രൗതസൂത്രത്തിൻെറ ഏതാനും അദ്ധ്യായങ്ങൾ മാത്രമാണ് കണ്ടു കിട്ടിയിട്ടുള്ളത്.

**മശക ശ്രൗതസൂത്രം അഥവാ ആർഷേയ കൽപം** : മശകാചാര്യൻ രചിച്ച ശ്രൗതസൂത്രമാണിത്. പഞ്ചവിംശതി ബ്രാഹ്മണത്തിൽ സവിസ്തരം പ്രതിപാദിക്കുന്ന യാഗവിഷയങ്ങളാണ് മശക ശ്രൗതസൂത്രത്തിലും വിവരിക്കുന്നത്. സാമഗാനങ്ങളുടെ യജ്ഞത്തിലുള്ള പ്രയോഗങ്ങളാണ് ഇതിലെ വിഷയം. പതിനൊന്ന് അദ്ധ്യായങ്ങളാണ് മശകശ്രൗത സൂത്രത്തിലുള്ളത്.

അം 1, 2. ഒരു ദിവസത്തിൽ നടത്തുന്ന ഏകാഹയജ്ഞം മുതൽ തുടർച്ചയായി 10 ദിവസങ്ങളിൽ നടത്തുന്ന ദശാഹം വരെയുള്ള യജ്ഞങ്ങൾ, ഗവാമയനം, മൂന്ന്-അഞ്ച്-ഏഴ്-ഇരുപത്തി ഒന്ന്- മുപ്പത്തിമൂന്ന് ദിവസങ്ങളിൽ നടത്തുന്ന യാഗങ്ങൾ, ആയുഷ്ടോമം, ഗോഷ്ടോമം.

അം 3, 4. ഗവാമയനം, അഗ്നിഷ്ടോമം, ജ്യോതിഷ്ടോമം, അഭിജിത്ത്-വിശ്വജിത്ത് യാഗങ്ങൾ, ചാതുർമാസ്യത്തിൻെറ നാലു പ്രധാന ചടങ്ങുകളായ വൈശ്വദേവം, വരുണപ്രഘാസം, സാകമേധം, ശുനാസീരിയം.

അം 5, 6. ചതുഷ്ടോമം. അഗ്നിഷ്ടോമം, ഏകാഹയജ്ഞങ്ങളുടെ അറുപതിൽപരം പ്രത്യേകതകൾ, ജ്യോതിഷ്ടോമം-സർവ്വസ്തോമം-ആപ്തോർയാമം-നവസപ്തദശം-വിഷുവദ്-ഗോഷ്ടോമം-ആയുഷ്ടോമം-വിശ്വജിത്-അഭിജിത്-ത്രിവൃത് - പഞ്ചദശം- സപ്തദശം-ഏകവിംശത് - എന്നിങ്ങനെ 13 പ്രകാരം യാഗങ്ങൾ.

അം 7-9. അത്രിചതുരാത്രം, ജാമദഗ്ന്യം, വാസിഷ്ഠ്യം, വൈശ്വാമിത്രം, പഞ്ചരാത്രം, ഷഡഹം, സപ്തരാത്രം, അഷ്ടരാത്രം, നവരാത്രം, ദശരാത്രം, ഏകാദശരാത്രം പന്ത്രണ്ടുമുതൽ 23 വരെ ദിവസങ്ങൾ തുടർച്ചയായി നടത്തുന്ന യാഗങ്ങൾ, 49,100,150, 365 ദിവസങ്ങൾ കൊണ്ടു സമാപിക്കുന്ന സുദീർഘങ്ങളായ യാഗങ്ങൾ.

അം 10,11. ഒരു മാസം മുതൽ ഒരു വർഷം വരെ നീണ്ടു നിൽക്കുന്ന പ്രത്യേകയാഗങ്ങൾ പല മാസങ്ങളും വർഷങ്ങളും നീണ്ടു നിൽക്കുന്ന യാഗങ്ങൾ.

**ക്ഷുദ്ര ശ്രൗതസൂത്രം** : സാധാരണ വിവരണങ്ങളിലൊന്നും ക്ഷുദ്ര ശ്രൗതസൂത്രത്തെ ക്കുറിച്ച് വിവരിച്ചുകാണുന്നില്ല. ആറ്



Scanned with CamScanner

അദ്ധ്യായങ്ങളുള്ള ഈ ശ്രൗതസൂത്രത്തിലെ വിവിരണ വിഷയങ്ങൾ ഇപ്രകാരമാകുന്നു. കാമ്യേഷ്ടികളിലെ പ്രധാന ക്രിയകളായ സോമക ക്രിയ, വിഷ്ടുതി, അതിരാത്രയാഗം, അതിനോടനുബന്ധമായ പ്രായശ്ചിത്തം, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യന്മാർ അനുഷ്ഠിക്കുന്ന സോമയാഗങ്ങൾ, ദ്വാദശാഹയാഗം, ജ്യോതിഷ്ടോമം, സപ്തരാത്രം, അഷ്ടരാത്രം, സമൂഢ-വ്യൂഢ എന്നിങ്ങനെ രണ്ടു തരത്തിലുള്ള ദ്വാദശാഹയാഗങ്ങൾ. ഈ ശ്രൗതസൂത്രം രചിച്ചിരിക്കുന്നത് ബ്രഹ്മണ ഗ്രന്ഥശൈലിയിലാണ്. പഞ്ചവിംശതി ബ്രഹ്മണത്തിലെ വിവരണത്തോട് ക്ഷുദ്രശ്രൗത സൂത്രത്തിന് വളരെ സാമ്യതയുണ്ട്.

**ജൈമിനീയ ശ്രൗതസൂത്രം** : ജൈമിനീയ സാമവേദശാഖയുമായി ബന്ധപ്പെട്ടിരിക്കുന്ന ഈ ശ്രൗതസൂത്രം, മൂന്നു ഖണ്ഡങ്ങളായും, ഈ ഖണ്ഡങ്ങളെ 12 അദ്ധ്യായങ്ങളായും ഭാഗിച്ചിട്ടുണ്ട്.

യജ്ഞാരംഭത്തോടനുബന്ധിച്ച ക്രിയകൾ, യജ്ഞതന്ത്രങ്ങൾ, സാമവേദത്തിലെ പ്രത്യേക ഗാനങ്ങൾ, ആവിർഗാനം, ലേശഗാനം, ഛന്നഗാനം, കൂടാതെ ഹ്രസ്വം-ദീർഘം-പരോക്ഷം-പ്രത്യക്ഷം എന്നീ ഗാനങ്ങൾ, സാമഗാനവിവരണം, പ്രതിഹാരം, വിഭാഗസാമം, ഊഹഗാനം, കൽപനിയമങ്ങൾ, സോമദേവത, സാമത്തിൻെറ ഛന്ദസ്, പരിശേഷം, ഷോഡശീസാമം, ജ്യോതിഷ്ടോമം, സാമഗാനപ്രയോഗ നിയമങ്ങൾ, വിഷ്ടുതി വിവരണം.

**ലാട്യായന ശ്രൗതസൂത്രം** : സാമവേദത്തിൻെറ കൗഥുമീയ ശാഖയുടെ അനുബന്ധമായ ലാട്യായന ശ്രൗതസൂത്രത്തെ 10 പ്രപാഠകങ്ങളായി ഭാഗിച്ചിരിക്കുന്നു. ഇവയിലെ വിവരണ വിഷയങ്ങൾ യഥാക്രമം, യജ്ഞശാലയിലേക്ക് യജമാനൻ യാഗപുരോഹിതന്മാരെ സ്വീകരിച്ചാനയിക്കുന്ന കർമ്മങ്ങൾ, വേദപദങ്ങളുടെ പരിഭാഷ, അഗ്നിഷ്ടോമം, ഷോഡശീയാഗം, വാജിഭക്ഷണം, ചാതുർമാസ്യം, സാമവിധാനം, ഗായത്രീഗാനം, ഏകാഹം, രാജസൂയം, സത്രയാഗം, അവയുടെ പരിഭാഷ എന്നിവയാണ്.

**ദ്രാഹ്യായണ ശ്രൗതസൂത്രം** : സുദീർഘമായ ഈ സാമവേദീയ ശ്രൗതസൂത്രത്തിലെ 3222 സൂത്രങ്ങളെ 32 പടലങ്ങളായി ഭാഗിച്ചിരിക്കുന്നു. ഇത്രയും പടലങ്ങളെ 10 അദ്ധ്യായങ്ങളായും ഭാഗിച്ചിട്ടുണ്ട്. കൗഥുമീയശാഖക്കാരും, രാണായണീയ ശാഖക്കാരും, ദ്രാഹ്യായണ ശ്രൗതസൂത്രത്തിൻെറ അനുശാസകരാണ്. കൗഥുമീയ ശാഖപ്രകാരം പ്രപാഠകങ്ങളായും ഈ ഗ്രന്ഥത്തെ വിഭജിച്ചിട്ടുണ്ട്.

ജ്യോതിഷ്ടോമയാഗം, ഗവാമയനം, ബ്രഹ്മത്വം, അഹീന



Scanned with CamScanner

വിധികൾ, ഏകാഹയജ്ഞം, അശ്വമേധയാഗം, സത്രവിവരണങ്ങൾ ഇവയാണ് ദ്രാഹ്യായണ ശ്രൗതസൂത്രത്തിലെ വിഷയങ്ങൾ.

**നിദാന സൂത്രം** : സാമവേദത്തിലെ കൗഥുമീയ ശാഖയുടെ മൂന്നാമത്തെ ശ്രൗത സൂത്രമാണിത്. പ്രധാനമായും സാമവേദത്തിൽ ഛന്ദസ്-ഗാനം- സ്തോമം എന്നീ വിഷയങ്ങളാണ് ഇതിൽ വിവരിക്കുന്നത്. പത്തു പ്രപാഠകങ്ങളായി വിഭജിച്ചിരിക്കുന്ന നിദാനസൂത്രത്തെ 13 ഖണ്ഡങ്ങൾ വീതമുള്ള 30 പടലങ്ങളായും ഭാഗിച്ചിട്ടുണ്ട്. പ്രപാഠകക്രമത്തിൽ ഇതിലെ വിഷയങ്ങളി പ്രകാരമാകുന്നു.

പ്രപാഠകം 1, 2. സാമഗാന ഛന്ദസ്, യജ്ഞവിധി, യജ്ഞദ്രവ്യങ്ങൾ, ഉദ്ഗാതാവ് യാഗശാലയിൽ സാമഗാനമാലപിക്കുമ്പോൾ ഉപവിഷ്ടനാകുന്നതിൻെറ വിവിധ രീതികൾ, സാമഗാന സ്വരങ്ങൾ, സ്വര-ഗാന വ്യത്യാസങ്ങൾ, ഊഹഗാനം, ഷോഡശീ, അഗ്നിഷ്ടോമം, ജ്യോതിഷ്ടോമം.

പ്രപാഠകം 3, 4. ദശാരാത്രയാഗം, വൈരൂപസാമം, സുബ്രഹ്മണ്യ പുരോഹിത കർമ്മം, സാമവിവരണം, ഋഷിമഹത്വം.

പ്രപാഠകം 5, 6. വിവിധസാമവിധികൾ, ഗവാമയനം, പ്രത്യേകമായ ജ്യോതിഷ്ടോമം, ഏകാഹം, അഗ്നിഷ്ടോമം, വിശ്വജിത് അഭിജിത് യാഗങ്ങൾ.

പ്രപാഠകം 7, 8. ദശപേയം, പ്രതീചീസ്തോമം, പശുകാമയജ്ഞം, ഋഷഭ ഏകാഹം, രാജ്ഞ പുരോഹിതയജ്ഞം, വിജ്ഘാംസദ്യജ്ഞം, അഭിചരണീയ ഏകാഹം, സർവ്വസോമാതിരാത്രം, പ്രജാപതികാമയജ്ഞം, അർക്കാതിരാത്രം, രാജ്ഞയജ്ഞം, പ്രത്യേകമായ അശ്വമേധം, ചതുരാത്രയജ്ഞം, വസിഷ്ഠയജ്ഞം, ആയുഷ്കാമയജ്ഞം.

പ്രപാഠകം 9,10. പ്രതിഷ്ഠാകാമയജ്ഞം, ദശരാത്രം, അഭിചര്യയജ്ഞം, സത്രയാഗം 7-21-31-33-70 ദിനങ്ങൾ നീണ്ടുനിൽക്കുന്ന യാഗങ്ങൾ, സന്താനലബ്ധിക്കുവേണ്ടിയുള്ള പുത്രകാമേഷ്ടി, പ്രജാപതികാമസത്രം, പ്രതിഷ്ഠാകാമസത്രം, സ്വർഗ്ഗസിദ്ധി സാധനയജ്ഞം, ഒരു വർഷം കൊണ്ടും ആയിരം ദിനങ്ങൾ കൊണ്ടും പര്യവസാനിക്കുന്ന മൂന്നു യാഗങ്ങളുടെ വിവരണങ്ങൾ.

**വൈതാന ശ്രൗതസൂത്രം** : അഥർവവേദത്തിന് അഞ്ചുകൽപസൂത്രങ്ങളുള്ളതായും അതിൽ വിതാന കൽപസൂത്രത്തിനുമാത്രം



Scanned with CamScanner

ശ്രൗതസൂത്രമുള്ളതായും വിവരണങ്ങളിൽ കാണുന്നു. എട്ട് അദ്ധ്യായങ്ങളടങ്ങുന്നതാണ് വൈതാനശ്രൗതസൂത്രം. ദർശപൂർണമാസി, അഗ്ന്യാധേയം, അഗ്നിഹോത്രം, ആരംഭണീയയഷ്ടി, ചാതുർമാസ്യം, പശുബന്ധം, അഗ്നിഷ്ടോമം, അത്യഗ്നിഷ്ടോമം, ഉക്ഥ്യം, അതിരാത്രം, അഗ്നിചയനം, സൗത്രാമണി, ഗവാമയനം, ഗവാമയനപരിഭാഷ, രാജസൂയം, അശ്വമേധം, പുരുഷമേധം, സർവ്വമേധം, ഏകാഹം, കാമ്യയജ്ഞങ്ങൾ എന്നിവയുടെ സവിസ്തര വിവരണങ്ങളാണ് ശ്രൗതസൂത്രവിഷയം. വേദങ്ങളിൽ നിന്നും അനേകം സൂക്തങ്ങൾ വൈതാന ശ്രൗതസൂത്ര ത്തിൽ അതേപ്രകാരം നൽകിയിട്ടുണ്ട്.

## സുൽബ അഥവാ സുൽവ സൂത്രം

കൽപസൂത്രത്തിൻെറ ഭാഗമായ യാഗശാലകളെക്കുറിച്ചുള്ള വിവരണമാണ് സുൽബസൂത്രങ്ങളിലുള്ളത്. കൂടാതെ യാഗ കർമ്മത്തിന് ആവശ്യമായ യജ്ഞപാത്രങ്ങൾ, യാഗകുണ്ഡങ്ങളുടെ വിവിധ അളവുകൾ എന്നിവയും സുൽബസൂത്ര വിവിരണ വിഷയങ്ങ ളാകുന്നു. ഭാരതീയ ഗണിതശാസ്ത്രത്തിൻെറ അതിപ്രാചീനമായ അടിസ്ഥാനഗ്രന്ഥങ്ങൾ സൂൽബസൂത്രങ്ങളാണ്. ശ്രൗതസൂത്രങ്ങളു ടേയും സുൽബസൂത്രങ്ങളുടെയും സംഖ്യകൾ തമ്മിൽ വളരെ അന്തരമുണ്ട്. ഇതിൽ നിന്നും എല്ലാ കൽപസൂത്രങ്ങളിലും സുൽബസൂത്രങ്ങൾ ഉണ്ടായിരുന്നില്ല എന്ന് വ്യക്തമാണ്. കൂടാതെ വളരെയധികം സുൽബസൂത്ര ഗ്രന്ഥങ്ങൾ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നതായും വിവിരണങ്ങളിൽ കാണുന്നു. ലഭ്യമായ ഗ്രന്ഥങ്ങളുടെ വിവരണം ചുവടെ ചേർക്കുന്നു.

**കാത്യായന സൂൽബസൂത്രം** : ശുക്ലയജ്ജുർവേദീയമായ കാത്യായന സുൽവസൂത്രത്തിലെ 102 സൂത്രങ്ങളെ ആറു ഖണ്ഡികകളായി ഭാഗിച്ചിരിക്കുന്നു. ഖണ്ഡികാ ക്രമത്തിൽ വിഷയങ്ങൾ ഇപ്രകാരമാകുന്നു.

ഖണ്ഡിക 1. യാഗശാല സ്ഥാപിക്കുന്നതിനുള്ള ദിശാനിർണ്ണയം, യജ്ഞവേദികളുടെ അളവെടുപ്പ്, വേദി-യാഗശാല-സദസ് എന്നിവയുടെ അളവുകൾ നിശ്ചയിക്കുന്ന വിധം, ഗാർഹപത്യാഗ്നി- ദക്ഷിണാഗ്നി-ആഹവനീയാഗ്നി എന്നീ ഹവനകുണ്ഡങ്ങളുടെ സ്ഥാനവും അളവുകളും.

ഖണ്ഡിക 2, 3 പിതൃമേധവേദി, ഉത്തരവേദി, വിസ്തീർണ്ണ ങ്ങളുടെ വ്യത്യസ്ഥ ഗുണിതവും അവക്കനുസരിച്ചുള്ള ഭുജങ്ങളുടെ



Scanned with CamScanner

ഗണനവും, വിവിധതരം സമചതുരശ്രം, ദീർഘചതുരം എന്നീ ആകൃതിയിലുള്ള യാഗവേദി, മറ്റു അഗ്നികുണ്ഡങ്ങളുടെ ജ്യോമട്രിക രൂപങ്ങൾ.

ഖണ്ഡിക 4, 5. ദ്രോണചിതി, രഥചക്രചിതി, കങ്കചിതി, പ്രഉഗചിതി, ഉഭയ, പ്രഉഗചിതി, സാമൂഹ്യ പുരുഷചിതി എന്നീ രൂപത്തിലുള്ള അഗ്നികുണ്ഡങ്ങളുടെ സാമാന്യവിവരണം- അവയുടെ പ്രത്യേകത, അഗ്നിചയനം, അശ്വമേധം, യാഗകുണ്ഡവിവരണം, വിവിധ ചുറ്റളവുകളുള്ള 21 തരം അഗ്നികുണ്ഡങ്ങൾ ഇവ നിർമ്മിക്കാനുള്ള ഇഷ്ടികകളുടെ വിവരണം.

ഖണ്ഡിക 6. യാഗവേദികളുടെ കുണ്ഡത്തിനാവശ്യമായ വിവിധ ആകൃതിയിലുള്ള ഇഷ്ടികകളുടെ നിർമ്മാണം, രേഖാ ഗണിതങ്ങളുടെ അനവധി നിയമങ്ങൾ, ശുദ്ധശുൽബവിധാനം, കാമ്യേഷ്ടികൾ നടത്തുന്നതിനുള്ള അഗ്നികുണ്ഡങ്ങളുടെ വിവരണം, അഗ്നികുണ്ഡങ്ങളിൽ ഇഷ്ടികകളുടെ ക്രമീകരണം, അളവുകോലു കളുടെ സുദീർഘമായ വിവിരണം, യാഗകുണ്ഡങ്ങളുടെയും, യാഗവേദിയുടെയും നിർമ്മാണത്തിന് നിയോഗിക്കപ്പെടുന്നവർ അനുശാസിക്കേണ്ട ആചാരങ്ങൾ, ചടങ്ങുകൾ, കർത്തവ്യങ്ങൾ, അവർക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ, കഠിനശ്രമത്തിനുള്ള മാനസികാവസ്ഥ നിഷ്കർഷത എന്നിവയുടെ പ്രാധാന്യം.

**ബൗധായന സുൽബസൂത്രം** : യജുർവേദത്തിന്റെ തൈത്തിരിയ ശാഖയുമായി ബന്ധപ്പെട്ട താണ് ബൗധായന സുൽബസൂത്രം. ബൗധായന കൽപ സൂത്രത്തിന്റെ മുപ്പതാം പ്രശ്നമാണ് ഈ സുൽബസൂത്രം. ബൗധായന സുൽവസൂത്രത്തിൽ മൂന്ന് അദ്ധ്യായങ്ങളുണ്ടെന്നും പത്തദ്ധ്യായങ്ങളുണ്ടെന്നും രണ്ട് അഭിപ്രായങ്ങൾ നിലവിലുണ്ട്. ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയുടെ പ്രസിദ്ധീ കരണത്തിൽ ഈ സുൽബസൂത്രം മൂന്ന് അദ്ധ്യായങ്ങളിലായിട്ടാണ് വിവരിച്ചിരിക്കുന്നത്.

അം 1. യജ്ഞഭൂമി ഉഴുത് യാഗത്തിനുവേണ്ടി തയ്യാറാക്കുന്ന രീതികൾ, സുൽബസൂത്രത്തിലെ പ്രത്യേക പദങ്ങളുടെ അർത്ഥങ്ങൾ യാഗശാലയുടെയും ഹവനകുണ്ഡങ്ങളുടെയും ആകൃതികൾ: സമചതുരം-ദീർഘചതുരം-ത്രികോണം-വൃത്തം-അർദ്ധവൃത്തം എന്നിവ, ബൗധായനനിയമം അഥവാ പൈതഗോറസ് തിയറം, രണ്ടിന്റേയും മൂന്നിന്റേയും സ്ക്വയർ റൂട്ട് കണ്ടുപിടിക്കുന്നവിധം.

അം. 2. യാഗാഗ്നികളുടെ വിവരണം, സോമയാഗവേദിയുടെ വിവരണം, വേദിയുടെ വിസ്തീർണമായ 7 $^1/_2$ ചതുരശ്ര പുരുഷൻ



Scanned with CamScanner

(പുരുഷൻ എന്നത് യാഗം നടത്തിക്കുന്ന യജമാനൻെറ ഉയരമാണ്) അഥവാ 108000 ചതുരശ്ര അംഗുലം (ഒരംഗുലം=വീതി, യജമാനൻെറ വിരൽ വീതി), അശ്വമേധ യാഗത്തിനുവേണ്ട $22^1/_2$ ചതുരശ്ര പുരുഷ വിസ്തീർണം ഉള്ള അഗ്നികുണ്ഡത്തിൻെറ അളവുകളുടെ ഗണനം, ഈ കുണ്ഡ നിർമ്മാണത്തിനാവശ്യമായ 3000 ഇഷ്ടികകളുടെ ആകൃതി- നിർമ്മാണം-ക്രമീകരണം.

അം 3 – 6. പൂർണ്ണമായും യാഗകുണ്ഡങ്ങളുടെ ആകൃതികളും അവയുടെ നിർമ്മാണത്തിനാവശ്യമായ ഇഷ്ടികകളുടെ നിർമ്മാണവും – ക്രമീകരണവുമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

അം 7. സമചതുരശ്ര ആകൃതിയിലുള്ള അഗ്നികുണ്ഡത്തെ വൃത്തമാക്കുന്ന ഗണിതക്രിയ, പരിചര്യ അഗ്നിയുടെ വിവരണം, വിവിധ യാഗാഗ്നിയുടെ വിവരണം, 20 തരം ത്രികോണങ്ങൾ അഗ്നിക്ഷേത്ര വിസ്തീർണം, 15 തരം സമചതുരശ്രം, അവയുടെ വിഭജനം, അഗ്നികുണ്ഡങ്ങളുടെ ഉയരം.

അം 9, 10. ബ്രഹ്മലോക പ്രാപ്തിക്കു തുല്യ ഫലസിദ്ധിക്കായുള്ള യജ്ഞത്തിന് കൂർമ്മചിത് (ആമയുടെ) ആകൃതിയിലുള്ള യജ്ഞകുണ്ഡ നിർമ്മാണം, കൂർമ്മചിത് കുണ്ഡത്തിനുള്ള വിവിധ തരം ഇഷ്ടികകളുടെ ആകൃതി, അവയുടെ നിർമ്മാണ രീതികൾ, അശ്വമേധയാഗശാലയുടെ നിർമ്മാണം.

**മാനവസൂൽവ സൂത്രം** : മാനവ ശ്രൗതസൂത്രത്തിൻെറയും ഗൃഹ്യസൂത്രത്തിൻെറയും അനുബന്ധമാണ് മാനവസുൽബസൂത്രം. സുൽബം–ഉത്തരേഷ്ടക– വൈഷ്ണവം എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി ഈ സുൽബസൂത്രത്തിനെ ഭാഗിച്ചിരിക്കുന്നു.

സുൽബം : ആഹവനീയാഗ്നി കുണ്ഡത്തിൻെറ അളവ് 24 അംഗുലം ആയി നിർണയിക്കുന്ന വിധം, ഗാർഹപത്യാഗ്നിയുടെ $13\ ^2/_3$ അല്ലെങ്കിൽ $13\ ^5/_6$ അംഗുലം (വിരൽ വീതി) വ്യാസാർദ്ധമുള്ള കുണ്ഡനിർമ്മാണം, ദക്ഷിണാഗ്നിക്ക് $19^1/_2$ അംഗുലം വ്യാസാർദ്ധമുള്ള അർദ്ധവൃത്താകൃതി യിലുള്ള കുണ്ഡനിർമ്മാണം, യജ്ഞശാലയിൽ 10 ആരത്നി (വിസ്തീർണ്ണത്തിൻെറ ഒരു അളവ്) (24x10 അംഗുല വിസ്തീർണ്ണമുള്ള സമചതുരശ്രവേദി നിർമ്മാണം, 4 ആരത്നി വിസ്തീർണവും സമചതുരശ്ര ആകൃതിയുമുള്ള പത്നീശാലയുടെ നിർമ്മാണം 27 x 9 അംഗുലം വിസ്തീർണമുള്ള സദസ്, 12 ആരത്നി വിസ്തീർണമുള്ള ഹവിർധാനം, ഹവിർധാനത്തിൻെറ $5^1/_2$ പ്രക്രമം മുമ്പിലായി



Scanned with CamScanner

ഉത്തരവേദി, 6 ആരത്നി വിസ്തിരണ്ണമുള്ള സമചതുരശ്രമായ അഗ്നിധ്രിഹവിർധാനത്തിൻെറ മുമ്പിൽ നിർമ്മിക്കുന്നവിധം, വിവിധ യജ്ഞശാലകളുടെ വിസ്തിരണം-ആകൃതി-നിർമ്മാണം എന്നിവ വിവരിക്കുന്നു.

ഉത്തരേഷ്ടക : അഗ്നികുണ്ഡങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഇഷ്ടികകളുടെ നീളം-വീതി-ഉയരം-ആകൃതി-സംസ്കരണരീതി എന്നിവയുടെ വിവരണമാണ് ഈ ഭാഗത്തിൽ നൽകിയിരിക്കുന്നത്.

വൈഷ്ണവം : ചതുരശ്രത്തെ വൃത്തവും, വൃത്തത്തിൽ ചതുരശ്രവും നിർമ്മിക്കുക, സൗത്രാമണി-സൗമികി-ദാർശകി എന്നീ യജ്ഞവേദികളുടെ ആകൃതി, അവക്കുവേണ്ടിയുള്ള ഇഷ്ടിക നിർമ്മാണം, മറ്റു യാഗവേദികളുടെ നിർമ്മാണം, 9818 സമചതുരശ്ര അംഗുലവിസ്തിർണമുള്ള ദ്രോണചിത് എന്ന അഗ്നികുണ്ഡം, $10^1/_2$ ചതുരശ്ര പുരുഷൻ വിസ്തീർണ്ണം വരുന്ന തൃകോണവേദി നിർമ്മാണം $\sqrt{3}$ മുഖേന നിർമ്മിക്കുന്ന വിധം, തൃകോണത്തിൻെറ ഉയരം കാണുന്ന സമവാക്യം.

**ആപ സ്തംബ സുൽബ സൂത്രം** : ആപസ്തംബ കൽപസൂത്രത്തിൻെറ മുപ്പതാം പ്രശ്നമാണ് ആപസ്തംബസുൽബസൂത്രം. ആകെയുള്ള 498 സൂത്രങ്ങളെ 21 ഖണ്ഡങ്ങളായും അവയെ 6 പടലങ്ങളായും ഭാഗിച്ചിരിക്കുന്നു.

പടലം 1. സുൽബസൂത്രങ്ങളിലെ പദങ്ങളുടെ വിവരണം, രണ്ട് എന്ന സംഖ്യയുടെ വർഗ്ഗമൂലമായ 1.4142156 എന്ന സംഖ്യാവിവരണം, വിഷമചതുരശ്രം, ചതുരം, ദീർഘചതുരം, വൃത്തം, വൃത്തങ്ങൾ ക്കുള്ളിൽ വരുന്ന ചതുരം, ചതുരശ്രം, ത്രികോണം ഇവയുടെ നിർമ്മാണം.

പടലം 2. വിവിധ യാഗവേദികളടെ വിവരണം, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യർ നടത്തുന്ന യാഗങ്ങളിലെ കുണ്ഡങ്ങളുടെ വിസ്തീർണ്ണവും-നിർമ്മാണവും, മറ്റു യാഗങ്ങൾക്കായുള്ള അഗ്നികുണ്ഡ അളവുകളോട സുദീർഘമായ വിവരണം.

പടലം 3, 4. പക്ഷികളുടെ ആകൃതിയിലുള്ള ഹവനകുണ്ഡങ്ങളുടെ നിർമ്മാണം, ഇഷ്ടികകളുടെ കൃത്യമായ അളവുകൾ, സമചതുരശ്ര ആകൃതിയിലുള്ള ഇഷ്ടികകൾകൊണ്ടു നിർമ്മിക്കുന്ന യജ്ഞകുണ്ഡം, അവയുടെ വിസ്തീർണ്ണം, ചുറ്റളവ്, വ്യത്യസ്ത യാഗങ്ങളിൽ യജ്ഞകുണ്ഡനിർമ്മാണത്തിന് അനുശാസിക്കുന്ന അളവുകൾ.



Scanned with CamScanner

പടലം 5, 6. ഇഷ്ടകാര്യസാദ്ധ്യത്തിനും സ്വർഗ്ഗലോകപ്രാപ്തിക്കും വേണ്ടി നടത്തുന്ന യാഗങ്ങളുടെ ഹവനകുണ്ഡങ്ങൾ, വിവിധതരം ഇഷ്ടികകളുടെ വിവരണം, അർദ്ധേഷ്ടിക, പാദേഷ്ടിക, ഷോഡശി, പക്ഷേഷ്ടിക, പക്ഷാഗ്രീയ എന്നീ ഇഷ്ടികകളുടെ നീളം - വീതി-ഉയരം-നിർമ്മാണം.

**മറ്റുസുൽബസൂത്രങ്ങൾ** : ഹിരണ്യകേശി അഥവാ സത്യാഷാഢീയ സുൽബസൂത്രം എന്ന അതിപുരാതന ഗ്രന്ഥത്തിന്റെ ഏതാനും സൂത്രങ്ങൾ ലഭിച്ചിട്ടുണ്ട്. ഇപ്രകാരമൊരു സുൽബസൂത്രത്തെക്കുറിച്ച് മറ്റു വിവരണങ്ങളി ലൊന്നും കാണുന്നില്ല. മൈത്രായണീയ സുൽബസൂത്രം നാലു ഖണ്ഡങ്ങളുണ്ടെന്ന് പറയപ്പെടുന്നു. മൈത്രായണീയവേദശാഖ യുമായി ബന്ധപ്പെട്ട ഈ സുൽബസൂത്രം ഇന്നു നഷ്ടപ്പെട്ടിരിക്കുന്നു.

## ഗൃഹ്യസൂത്രം

വേദ-വേദാംഗ പഠനങ്ങൾക്കുശേഷം ഒരു ബ്രഹ്മചാരി, ഗൃഹസ്ഥാശ്രമത്തിലേക്ക് പ്രവേശിപ്പിച്ച് ധാർമ്മികചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുതന്നെ അർഥകാമങ്ങളെ അനുഭവിക്കുന്നു. ഇക്കാലയളവിൽ ഒരു ഗൃഹസ്ഥൻ അനുശാസിക്കേണ്ട കർമ്മങ്ങളും- ചടങ്ങുകളുമാണ്, ഗൃഹ്യസൂത്രത്തിൽ വിവരിക്കുന്നത്. ആശ്വലായനം- സാംഖ്യായനം- കൗഷീതകി എന്നിങ്ങനെ മൂന്ന് ഗൃഹ്യസൂത്രങ്ങളാണ് ഋഗ്വേദത്തിനുള്ളത്.

**ആശ്വലായന ഗൃഹ്യസൂത്രം:** നാല് അദ്ധ്യായങ്ങളടങ്ങുന്നതാണ് ആശ്വലായന ഗൃഹ്യസൂത്രം

അം 1. പാകയജ്ഞം, പ്രഭാതത്തിലും, സായംസന്ധ്യയിലും ഗൃഹസ്ഥൻ നടത്തേണ്ടതായിട്ടുള്ള ഹോമങ്ങൾ, വിവാഹചടങ്ങുകൾ, ഗർഭധാരണത്തിനുശേഷം നടത്തുന്ന കർമ്മങ്ങൾ കുഞ്ഞിന്റെ ജാതകർമ്മം, അന്നപ്രാശനം, ചൗളകർമ്മം, ഗോദാനം, ഉപനയനം, ബ്രഹ്മചര്യവ്രതം.

അം 2. ശ്രവണ-അശ്വയുജി-അഷ്ട്രക-വാസ്തുനിർമ്മാണം, ഗൃഹനിർമ്മാണവും-ഗൃഹപ്രവേശവും, അതിനോടനുബന്ധമായ മറ്റു ചടങ്ങുകളും.

അം 3. 4. പഞ്ചമഹായജ്ഞം, ഋഷിതർപ്പണം, വേദപാഠം, ഉപാകർമ്മം, സമാവർത്തനം, ശവദാഹകർമ്മങ്ങൾ, ശ്രാദ്ധാദി



Scanned with CamScanner

ക്രിയകൾ. (ഇത് പൊതുവേ പിതൃമേധസൂത്രങ്ങളിലെ വിഷയങ്ങളാണ്.)

**സാംഖ്യായന ഗൃഹ്യസൂത്രം** : സാംഖ്യായനഗൃഹ്യസൂത്രം ആറ് അദ്ധ്യായങ്ങളുള്ളതാണ്.

അം. 1. പാകയജ്ഞം, ദശപൂർണ്ണമാസി, ബ്രഹ്മയജ്ഞം, വിവാഹം, കന്യാദാനമഹത്വം, വധൂ-വര സമഞ്ജനം, മഹാവ്യാഹൃതീ ഹോമം, പാണിഗ്രഹണം, ലാജഹോമം, വധുവിൻെറ പതിഗൃഹ പ്രവേശനം, ധ്രുവദർശനം, ഗർഭാധാനം, പുംസവനം, സീമന്തോന്നയനം, ജാതകർമ്മം, നാമകരണം, അന്നപ്രാശനം, ചൂഡാകർമ്മം തുടങ്ങിയ ഗൃഹ്യകർമ്മങ്ങൾ

അം. 2, 3. പുത്രൻെറ ഉപനയനം, വേദാദ്ധ്യയനം, സുക്രിയവ്രതം, ഉപനിഷദ്വ്രതം, വൈശ്വദേവബലി, മധുപർക്കം, സമാവർത്തനം, ഗൃഹ്യഹോമങ്ങൾ, ആഗ്രയണേഷ്ടി, വൃഷോത്സർഗം.

അം 4. ശ്രാദ്ധകർമ്മങ്ങൾ, ഏകോദിഷ്ഠം, സപിണ്ഡീകരണം, ഉപാകർമ്മം, ഉത്സർഗം, വേദപാഠം നിഷിദ്ധമായ ദിനങ്ങൾ, ദേവ-ഋഷി-പിതൃ തർപ്പണം, ശ്രാവണഹോമം, അശ്വയുജീഹോമം.

അം 5, 6. കുളം - കിണർ - ഉദ്യാനം എന്നിവയുടെ നിർമ്മാണം, ദശപൂർണമാസീയാഗം അനുഷ്ഠിക്കാതെ വരുന്നതിൻെറ പ്രായശ്ചിത്തം, പ്രാവ്-മൂങ്ങ എന്നീ പക്ഷികൾ ഗൃഹത്തിലിരുന്ന് കരയുന്നതിൻെറ പ്രായശ്ചിത്തം, ഗൃഹസ്ഥകർമ്മമനുഷ്ഠിക്കാതെ വരുമ്പോൾ അതിനു നടത്തേണ്ട പ്രായശ്ചിത്തങ്ങൾ, ഗൃഹ്യയജ്ഞങ്ങളിലെ അപാകതകൾക്കുള്ള പ്രായശ്ചിത്തങ്ങൾ, ആരണ്യക മന്ത്രങ്ങൾ-കർമ്മങ്ങൾ, ഉപനിഷത്തുകൾ, വേദങ്ങൾ എന്നിവ പഠിക്കുന്നതിൻെറ നിയമങ്ങൾ.

**കൗഷീതകി ഗൃഹ്യസൂത്രം** : ശാംബവ്യ ഗൃഹ്യസൂത്രമെന്നും ഇതറിയപ്പെടുന്നു. കൗഷീതകി ഗൃഹ്യസൂത്രത്തിൽ 24 പടലങ്ങളുള്ളതായി വിവരണങ്ങളിൽ കാണുന്നു. ഏതാനും വരികൾ മാത്രം ലഭ്യമായ ഇത് സാംഖ്യായന ഗൃഹ്യസൂത്രവുമായി ബന്ധപ്പെട്ടിരിക്കുവാൻ സാദ്ധ്യതയുണ്ടത്രെ. പൂർണമായും നഷ്ടപ്പെട്ടിരിക്കുന്നതും, ഏതാനും സൂത്രങ്ങൾ മാത്രം ലഭ്യമായിട്ടുള്ളതുമായ ചില ഋഗ്വേദീയ ഗൃഹ്യസൂത്രങ്ങളെക്കുറിച്ചും വിവരണങ്ങളിൽ കാണുന്നു. ഇവയിൽ പ്രധാനപ്പെട്ടത് ശൗനകീയ ഗൃഹ്യസൂത്രം-ഭാരവീയ ഗൃഹ്യസൂത്രം-ശാകല്യ ഗൃഹ്യസൂത്രം- പൈംഗി ഗൃഹ്യസൂത്രം പരാശര ഗൃഹ്യസൂത്രം-ബഹ്വൃച ഗൃഹ്യസൂത്രം എന്നിവയാണ്.



Scanned with CamScanner

**പാരസ്കര ഗൃഹ്യസൂത്രം** : ശുക്ലയജുർവേദത്തിന്റെ ലഭ്യമായ ഒരു ഗൃഹ്യസൂത്രമാണിത്. ഇത് കാതീയ സൂത്രമെന്നും, വാജസനേയ സൂത്രമെന്നും ഇതറിയപ്പെടുന്നു. മൂന്നു കാണ്ഡങ്ങളാണ് പാരസ്കര ഗൃഹ്യസൂത്രത്തിലുള്ളത്.

കാണ്ഡം 1. ദാരഹരണം, മധുപർക്കം, പാകയജ്ഞം, നൈമിത്തിക പ്രായശ്ചിത്തങ്ങൾ, ഗർഭാധാനം, സീമന്തോന്നയനം, ജാതകർമ്മം, മേധാജനനം, നാമകരണം, നിഷ്ക്രമണം, അന്നപ്രാശനം.

കാണ്ഡം 2. ചൂഡാകർമ്മം, ഗോദാനം, ഉപനയനം, സ്നാതകവ്രതം, പഞ്ചമഹായജ്ഞം, ഉപാകർമ്മം, അനദ്ധ്യായ വിധികൾ, ശ്രാവണ കർമ്മം, ഇന്ദ്രയജ്ഞകർമ്മം, സീതായജ്ഞം.

കാണ്ഡം 3. അന്നപ്രാശനം, ആഗ്രയണീയം, ഗൃഹനിർമ്മാണം, മണികാവധാകർമ്മം, ദാസ വശീകരണ ഉപായം, മരണാനന്തര ക്രിയകൾ, വൃഷോത്സർഗം, ഉദകക്രിയകൾ, ബ്രഹ്മചര്യ പ്രായശ്ചിത്തം, സഭാപ്രവേശം, രഥാരോഹണം, ഹസ്ത്യാരോഹണം.

**ബൗധായന ഗൃഹ്യസൂത്രം** : കൃഷ്ണ യജുർവേദത്തിൻെറ തൈത്തിരീയ ശാഖയുമായി ബന്ധ പ്പെട്ടിരിക്കുന്ന ഈ ഗൃഹ്യസൂത്രം ബൗധായന ശ്രൗതസൂത്രത്തിൻെറ തുടർച്ചയാണ്. നാലു പ്രശ്നങ്ങളായി ഭാഗിച്ചിരിക്കുന്ന ഗൃഹ്യസൂത്രത്തിൽ യഥാക്രമം, വിവാഹം, ഗൃഹാലങ്കാരം, ഗൃഹപ്രവേശം, ഗർഭാധാനം, പുംസവനം, സീമന്തോന്നയനം, ജാതകർമ്മം, നാമകരണം, നിഷ്ക്രമണം, അന്നപ്രാശനം, ചൂഡാകർമ്മം, ഉപനയനം, സമാവർത്തനം, വൈശ്വദേവം, പഞ്ചമഹായജ്ഞം, ഉപനിഷദ് വ്രതചര്യ, ഗോദാനം, വാസ്തുശമനം, സർപ്പബലി, മാസികശ്രാദ്ധം, പ്രായശ്ചിത്ത വിധികൾ, എന്നീ വിഷയങ്ങളടങ്ങുന്നു. ഗൃഹ്യസൂത്രവിഷയ വിവിരണങ്ങൾക്കു ശേഷം ഗൃഹ്യപരിഭാഷ, ബ്രഹ്മചര്യം, പുണ്യാഹം, ദർവിഹോമം, വൈവാഹികശ്രാദ്ധം, അഗ്ന്യാധേയകാലം, അപൂർവ്വഹോമവിധികൾ, പഞ്ചമഹായജ്ഞം, അതിഥിപൂജാ പുത്രാർത്ഥിഹോമം എന്നീ വിഷയങ്ങളും വിവരിക്കുന്നു.

**മാനവഗൃഹ്യസൂത്രം** : കൃഷ്ണ യജുർവേദത്തിലെ മൈത്രാണീ ശാഖയുമായി ബന്ധപ്പെ ട്ടതാണ് മാനവഗൃഹ്യസൂത്രം. അതിബൃഹത്തായ ഈ ഗ്രന്ഥത്തിൽ 61 ഖണ്ഡങ്ങളാണുള്ളത്. ഇതിലെ വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു.

ബ്രഹ്മചര്യനിയമം, സമിധാദാനം, സന്ധ്യോപാസന, ബ്രഹ്മചാരി അനുഷ്ഠിക്കേണ്ട കൃത്യങ്ങൾ, സമാവർത്തനം, സ്നാതകനിയമം,



Scanned with CamScanner

പ്രായശ്ചിത്തം, ഉപാകർമ്മം, വേദാദ്ധ്യയനം, അനദ്ധ്യായദിനങ്ങൾ, വൃഷോത്സർഗം, വേദത്തിലെ വിശേഷഭാഗങ്ങളുടെ പഠനത്തിനനുയോജ്യമായദിനങ്ങൾ, അന്തരകൽപകർമ്മം, ഹോമങ്ങൾ, വേദവിദ്യാർത്ഥിലക്ഷണം, വിവാഹം, വിവാഹയോഗ്യയായ കന്യകയുടെ ലക്ഷണം, ബ്രാഹ്മവിവാഹം, വധുവിന്റെ വരഗൃഹപ്രവേശം, സ്ഥാലീപാകം, പിണ്ഡപിതൃയജ്ഞം, ദമ്പതീ ബ്രഹ്മചര്യം, ഗർഭാധാനം, സീമന്തോന്നയനം, പുംസവനം, ജാതകർമ്മം, നാമകരണം, നിഷ്ക്രമണം, അന്നപ്രാശനം, ചൗളകർമ്മം, ഗോദാനം, ഉപനയനം, അഗ്ന്യാധാനം, സ്ഥാലീപാകം, സ്മാർത്ത അഗ്നിഹോത്രം, പക്ഷയാഗം, അശ്വയുജി, ആഗ്രയണേഷ്ടി, സ്മാർത്ത ചാതുർമാസ്യം, മൂന്ന് ഗൃഹസ്ഥയജ്ഞങ്ങൾ, ഫാൽഗുനീയാഗം, ആഗ്രയണ കർമ്മം, ചാതുർമാസ്യം, ഹലാഭിയോഗം, ശാലാകർമ്മവിധി, മണികാവധാനം, വാസ്തോഷ്പത്യയാഗം, പഞ്ചമഹായജ്ഞം, ധനലാഭയജ്ഞം, വിനായകശാന്തികർമ്മം, സർപ്പബലി, കപോതപദ പ്രായശ്ചിത്തം, പുത്രകാമേഷ്ടി, സമാന്യ പരിഭാഷ.

**ഭരദ്വാജ ഗൃഹ്യസൂത്രം** : തൈത്തിരീയ ശാഖയുമായി ബന്ധപ്പെട്ട ഭരദ്വാജ ഗൃഹ്യസൂത്രവിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. ഉപനയനം, വിവാഹം, സീമന്തോന്നയനം, പുംസവനം, വിജാതാരക്ഷണം, ജാതകർമ്മം, നാമകരണം, വിപ്രേഷ്യകർമ്മം, അന്നപ്രാശനം, ശ്രാവണകർമ്മം, ആഗ്രഹായണീ ഹേമന്ത-പ്രത്യവരോഹണം, ശാലാകർമ്മം, ആഗാരപ്രവേശം, മാസികശ്രാദ്ധം, അഷ്ടക, സ്നാനവിധി, അർഘ്യവിധി, ഭാര്യാഗുപ്തി, രഥാരോഹണം, ഹസ്ത്യാരോഹണം, പ്രായശ്ചിത്തം, അത്ഭുത പ്രായശ്ചിത്തം, ഉപാസനകൽപ്പം, വ്രതാദേശവിസർജ്ജനം, അവാന്തരദീക്ഷ, ഉപാകർമ്മം, യാഗവിസർജ്ജനം, (യാഗമവസാനിപ്പിക്കൽ), നാന്ദിശ്രാദ്ധം, സപിണ്ഡീകരണം, ഗൃഹ്യയജ്ഞ പ്രായശ്ചിത്തം.

**ആപസ്തംബഗൃഹ്യസൂത്രം** : ആപസ്തംബ കൽപസൂത്രത്തിലെ 30 പ്രശ്നങ്ങളിലെ 25, 26 പ്രശ്നങ്ങളാണ് എട്ട് പടലങ്ങളുള്ള ആപസ്തംബ ഗൃഹ്യസൂത്രം. ഗൃഹ്യകർമ്മപദങ്ങളുടെ പരിഭാഷ, അഗ്നിമുഖ നിരൂപണം, പാകയജ്ഞം, ദർവിഹോമം, വിവാഹം, ഗൃഹപ്രവേശം, സ്ഥാലീപാകയജ്ഞം, ഔപാസനഹോമം, വൈശ്വദേവകർമ്മം, ഉപാകർമ്മം, ത്രിരാത്രവ്രതം, ഋതു സമാവേശനം, പതിവശ്യകകർമ്മം, സപത്നീബാധകകർമ്മം, ഉപനയനം, ഗുരുകുലവിദ്യാഭ്യാസം, ബ്രഹ്മചര്യനിയമവിധി, ഉപാകർമ്മം.



Scanned with CamScanner

പിതൃ-ദേവ-ഋഷി തർപ്പണം, സമാവർത്തനം, മധുപർക്കം, സീമന്തോന്നയനം, പുംസവനം, ജാതകർമ്മം, നാമകരണം, അന്നപ്രാശനം, ചൗളകർമ്മം, ഗോദാനം, ഗൃഹനിർമ്മാണം, സർപ്പബലി, ആഗ്രയണകർമ്മം, ഈശാനബലി, സ്വിഷ്ടികൃത്, മാസികശ്രാദ്ധം, പാകയജ്ഞം, അപൂർവ്വഹോമം, വപാഹോമം, മാംസൗദനഹോമം, പിഷ്ഠാന്നഹോമം, അന്വഷ്ടകകർമ്മം, രഥാരോഹണം, അശ്വാരോഹണം, നൈമിത്തിക കർമ്മം, അദ്ഭുതപ്രായശ്ചിത്തം, ഭൃത്യപ്രീതി.

**കാഠക ഗൃഹ്യസൂത്രം** : കൃഷ്ണയജുർവേദീയ കാഠശാഖയുടെ അനുബന്ധമായ ഈ ഗൃഹ്യസൂത്രത്തിന് അഞ്ച് അദ്ധ്യായങ്ങളുണ്ട്. ബ്രഹ്മചാരികള നുഷ്ഠിക്കേണ്ട വ്രതങ്ങൾ, സമാവർത്തനം, ഉപാകർമ്മം, പാകയജ്ഞം, വിവാഹം, ഗർഭാധാനം, സീമന്തോന്നയനം, പുംസവനം, ജാതകർമ്മം, നാമകരണം, ആദിത്യദർശനം, ചന്ദ്രദർശനം, അന്നപ്രാശനം, ചൂഡാകർമ്മം, ഉപനയനം, വേദാധ്യയനം, ചാതുർമാസ്യഹോത്രം, ഗോദാനം, അഗ്ന്യാധാനം, ഹവനങ്ങൾ, പശുകൽപം, സ്വസ്ത്യയനം, ശ്രാദ്ധം എന്നിവയാണ് വിഷയങ്ങൾ. കാഠകഗൃഹ്യസൂത്രവും മാനവ-വരാഹ ഗൃഹ്യസൂത്രങ്ങളും തമ്മിൽ വളരെ ബന്ധമുണ്ട്. ലൗഗാക്ഷി ഗൃഹ്യസൂത്രം എന്നൊരു ഗൃഹ്യസൂത്രത്തെക്കുറിച്ച് ചില വിവരണങ്ങളിൽ കാണുന്നുണ്ട്. ഇത് കാഠകഗൃഹ്യസൂത്രം തന്നെയാണെന്ന അഭിപ്രായവുമുണ്ട്. ഈ ഗ്രന്ഥം ഇന്ന് ലഭ്യമല്ല.

**അഗ്നിവേശ്യ ഗൃഹ്യസൂത്രം** : തൈത്തിരീയ സംഹിതയുമായി ബന്ധപ്പെട്ട ഗൃഹ്യ സൂത്രമാണിത്. മൂന്നു പ്രശ്നങ്ങളിലായി വിഷയങ്ങൾ ഇതിൽ ക്രമീകരിച്ചരിക്കുന്നു.

പ്രശ്നം 1. ഉപാകർമ്മം, അവാന്തരദീക്ഷ, സ്നാതകവ്രതം, സമാവർത്തനം, വിവാഹം, ഗൃഹപ്രവേശം, വൈശ്വദേവബലി, ദശപൂർണ്ണമാസി, സ്ഥാലീപാകം, ആഗ്രയണ സ്ഥാലീപാകം.

പ്രശ്നം 2, 3. പുംസവനം, സീമന്തോന്നയനം, മേധാജനനം, നാമകരണം, നക്ഷത്രഹോമം, ഉപനിഷ്ക്രമണം, അന്നപ്രാശനം, ചൗളകർമ്മം, നാന്ദീശ്രാദ്ധം, പുണ്യാഹം, ശാലാനിർമ്മാണം, വാസ്തുഹോമം, തടാകകൽപം, കൂഷ്മാണ്ഡഹോമം, ഗണഹോമം, വായസബലി, യജ്ഞോപവീതവിധി, രവികൽപം, ഗൃഹ്യയജ്ഞം, അയുഷ്യഹോമം, അപമൃത്യുഞ്ജയകൽപം, വിഷ്ണുബലി, പർജ്ജന്യകൽപം, ഭൂതബലി, ദേവയജ്ഞം, മധുപർക്കം,



Scanned with CamScanner

ഭോജന-ശയന-ശൗച-സ്നാനവിധികൾ, പുനരുപനയനം, പുനരാധാനം, ഋതുസംവേശനം, നൈമിത്തിക പ്രായശ്ചിത്തം, ഗൃഹ്യപ്രായശ്ചിത്തം, വാനപ്രസ്ഥവിധി, സന്യാസവിധി, അഷ്ടകശ്രാദ്ധം, അന്ത്യേഷ്ടി, ഭൂതബലി, ഏകോദിഷ്ഠം, സപിണ്ഢീകരണം, നാരായണ ബലി, ശ്രാദ്ധഭുക്തി, പ്രായശ്ചിത്തം, ശകലഹോമം.

മറ്റു ഗൃഹസൂത്രങ്ങളിൽ വിവരിക്കാത്ത അനവധി ഗൃഹ്യ കർമ്മങ്ങൾ അഗ്നിവേശ്യ ഗൃഹത്തിലടങ്ങിയിരിക്കുന്നു എന്നാണ് ഈ ഗ്രന്ഥത്തിൻെറ പ്രത്യേകത.

**ഹിരണ്യകേശീഗൃഹ്യസൂത്രം** : കൃഷ്ണ യജുർവേദത്തിൻെറ ഖാണ്ഡികീയ ശാഖകളിൽ ഒന്നുമായി ബന്ധപ്പെട്ടതാണ് രണ്ട് പ്രശ്നങ്ങളുള്ള ഈ ഗൃഹ്യസൂത്രം.

പ്രശ്നം 1. ഉപനയനം, സമാവർത്തനം, അർഘ്യം, ദാരഗുപ്തി, പുണ്യസിദ്ധി, ക്രോധ-വിനയത്വം, പ്രായശ്ചിത്ത കർമ്മങ്ങൾ, വിവാഹം, ശാലാകർമ്മം.

പ്രശ്നം 2. സീമന്തോന്നയനം, പുംസവനം, ജാതകർമ്മം, മേധാജനനം, നാമകരണം, അന്നപ്രാശനം, ചൂഢാകർമ്മം, ഗൃഹ്യ പ്രായശ്ചിത്തം, മാസികശ്രാദ്ധം, അഷ്ടകശ്രാദ്ധം, ശ്രവണകർമ്മം, ആഗ്രഹായണി, ഉപാകർമ്മം, ഉത്സർജനം.

**വരാഹ ഗൃഹ്യസൂത്രം** : മൈത്രായണി സംഹിതയുടെ അനുബന്ധ മാണിത്. യഥാക്രമം ഇതിലെ വിവരണവിഷയങ്ങൾ ഇപ്രകാരമാണ്. മൈത്രായണീ സൂത്രങ്ങളുടെ സംഖ്യകൾ, പാകയജ്ഞം, ജാതകർമ്മം, നാമകരണം, ദന്തോദ്ഗമനം, അന്നപ്രാശനം, ചൂഡാകരണം, ഉപനയനം, വ്രതാനുഷ്ഠാനങ്ങൾ, വേദവ്രതം, ഉപാകർമ്മം, അനദ്ധ്യായ നിയമങ്ങൾ, ഉപനിഷദർഹം, ഗൃഹാലങ്കാരം, ഗോദാനം, സമാവർത്തനം, സ്നാതകർമ്മം, കന്യാവരണം, മധുപർക്കം, പ്രവദനകർമ്മം, വിവാഹം, ഗൃഹപ്രവേശം, ഗർഭാധാനം, പുംസവനം, സീമന്തോന്നയനം, വൈശ്വദേവം.

വിഷയങ്ങളും ക്രമീകരണവും മാനവഗൃഹ്യസൂത്രവുമായി വരാഹഗൃഹ്യസൂത്രത്തെ വളരെയധികം ബന്ധപ്പെടുത്തുന്നുണ്ട്.

**വൈഖാനസ ഗൃഹ്യസൂത്രം** : തൈത്തിരീയ ശാഖയുമായി ബന്ധപ്പെട്ടതാണ് വൈഖാനസ ഗൃഹ്യസൂത്രം. ഈ സൂത്രത്തിലെ



Scanned with CamScanner

120 ഖണ്ഡങ്ങളെ 7 പ്രശ്നങ്ങളായി വിഭജിച്ചിരിക്കുന്നു. ഗർഭാധാനം, പുംസവനം, സീമന്തോന്നയനം, വിഷ്ണുബലി. ജാതകർമ്മം, ഉത്ഥാനം, നാമകരണം, അന്നപ്രാശനം, പ്രവാസഗമനം, പിണ്ഡവർദ്ധനം, ചൗളം, ഉപനയനം, പാരായണം, ഉപാകർമ്മം, സമാവർത്തനം, വിവാഹം എന്നീ വിഷയങ്ങളും, ബ്രഹ്മയജ്ഞം, ദേവയജ്ഞം, പിതൃയജ്ഞം, ഭൂതയജ്ഞം, മനുഷ്യയജ്ഞം എന്നി പഞ്ചമഹായജ്ഞങ്ങളും, സ്ഥാലീപാകം ആഗ്രയണം, അഷ്ടകം, പിണ്ഡ പിതൃയജ്ഞം, മാസികശ്രാദ്ധം, ചൈത്രി എന്നീ പാകയജ്ഞങ്ങളും, ആഗ്ന്യാധേയം, അഗ്നിഹോത്ര്, ദശപൂർണമാസി, ആഗ്രയണേഷ്ഠി, ചാതുർമാസ്യം, നിരൂഢ പശുബന്ധം, സൗത്രമണി, എന്നീ ഹവിർയജ്ഞങ്ങളും, അഗ്നിഷ്ടോമം അത്യഗ്നിഷ്ടോമം, ഷോഡശി, വാജപേയം, അതിരാത്രം എന്നീ സോമയജ്ഞങ്ങളും ഈ ഗൃഹ്യസൂത്രത്തിൽ സുദീർഘമായി വിവരിക്കുന്നു.

**ഗോഭിലഗൃഹ്യസൂത്രം** : സാമവേദത്തിന്റെ കൗഥുമീയ ശാഖയുടേതാണ് ഈ ഗൃഹ്യ സൂത്രം. രാണായണീ ശാഖയുടേതാണെന്ന ഒരു അഭിപ്രായവും നിലവിലുണ്ട്. നാല് പ്രപാഠകങ്ങളിലായിട്ടാണ് ഗൃഹ്യസൂതരത്ര വിഷയ അവതരണം.

അഗ്ന്യാധാനം, വൈശ്വദേവബലി, ദർശപൂർണമാസി, മഹാദേവ്യസാമം, വിവാഹം, ഗർഭധാനം, പുംസവനം, സീമന്തകരണം, ജാതകർമ്മം, മേധാജനനം, നിഷ്ക്രമണം, നാമകരണം, പൗഷ്ഠികകർമ്മി, മൂർധാഭിഘ്രാണം, ചൂഡാകർമ്മം, സമാവർത്തനം, ഗോദാനം, ബ്രഹ്മചാരി കൃത്യവർണ്ണനം, മഹാനാമ്നീസാമം, ഉപാകർമ്മം, അനദ്ധ്യായം, സ്നാതകവിധി, സമാവർതതത്തവിധി, ശ്രവണാകർമ്മം, അശ്വയുജിസ നവയജ്ഞകർമ്മം, ആഗ്രയണീകർമ്മം, അഷ്ടകം, പിണ്ഡപിതൃയജ്ഞം, ശാകഷ്ടകം, വാപാഹോമം, ഌണഹോമം, ഹലാഭിയോഗം, കാമയകർമ്മം, ഗൃഹനിർമ്മാണം, പ്രസാദകാമകർമ്മം. മധുപർക്കം. സമാവേദത്തിലില്ലാത്ത അനേകം മന്ത്രങ്ങൾ സാമവേദീയ ഗോഭിലഗൃഹ്യസൂത്രത്തിലുണ്ട്.

**കൗഥുമ ഗൃഹ്യസൂത്രം** : കൗഥുമ ഗൃഹ്യസൂത്രത്തിൽ 21 ഭാഗങ്ങളാണുള്ളത്. ഇതിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. പ്രായശ്ചിത്തം, കന്യാദാനം, ഗർഭസംസ്കാരം, ഗർഭിണിയുമായി ബന്ധപ്പെട്ട മൂന്നാംമാസ സംസ്കാരങ്ങൾ, പുംസവനം, സീമന്തോന്നയനം, സ്തോഷ്യന്തീഹോമം, നാമകരണം, ജാതകർമ്മം, ബാലചന്ദ്ര ദർശനം,



Scanned with CamScanner

ചന്ദ്രോപസ്ഥാനം, അന്നപ്രാശനം, ചൗളകർമ്മം, ബ്രഹ്മചര്യവ്രതം, ഗോദാനം, ഉപാസനാവിധി, പുനർബ്രഹ്മചര്യവിധി.

**ഖാദിര ഗൃഹ്യസൂത്രം** : സമാവേദത്തിൻെറ ദ്രാഹ്യായണശാഖയുമായി ബന്ധപ്പെട്ടതാണ് ഖാദിരഗൃഹ്യസൂത്രം. ശാർദൂലശാഖയുടേതാണെന്ന മതവും നിലവിലുണ്ട്. നാലു പടലങ്ങളാണ് ഈ ഗൃഹ്യത്തിലുള്ളത്.

സാമാന്യഗൃഹ്യനിയമങ്ങൾ, പാകയജ്ഞം, വിവാഹം, ഗർഭധാനം, ഔപാസനഹോമം, വൈശ്വദേവബലി, ദശപൂർണമാസി ഇഷ്ടി, ആഗ്നേയസ്ഥാലീപാകം, പുംസവനം, സീമന്തോന്നയനം, സ്തോഷ്യന്തിഹോമം, ജാതകർമ്മം, ചന്ദ്രദർശനം, നാമകരണം, ചൗളം, ഉപനയനം, ഗോദാനം, സ്നാനം, സമാവർത്തനം, സ്നാതകവത്രം, ഉപാകർമ്മം, ഉത്സർഗം, അനദ്ധ്യായവിധി, അശ്വയുജികർമ്മം, ആഗ്രയണേഷ്ടി, പിണ്ഡപിതൃയജ്ഞം, വപാഹോമം, കാമാർത്ഥ കർമ്മങ്ങൾ, മധുപർക്കം.

**ദ്രാഹ്യായണ ഗൃഹ്യസൂത്രം** : നാലുപടലങ്ങളായി ഖാദിരഗൃഹ്യസൂത്രത്തെപോലെ അതേ വിഷയങ്ങൾ നാമമാത്രമായ വ്യത്യാസത്തോടെ ദ്രാഹ്യായണ ഗൃഹ്യസൂത്രത്തിൽ വിവരിക്കുന്നു. ഇതുകൊണ്ടുതന്നെയത്രെ ഖാദിര ദ്രാഹ്യായണ ഗൃഹ്യസൂത്രങ്ങൾ ഒന്നുതന്നെ എന്ന് പറയുന്നത്.

**ജൈമിനീയ ഗൃഹ്യസൂത്രം** : ജൈമിനീയ ശാഖയുടെ അനുബന്ധമാണ് ഈ ഗൃഹ്യസൂത്രം. പൂർവ്വാർദ്ധം എന്നും ഉത്തരാർദ്ധം എന്നും രണ്ടു ഭാഗങ്ങളായി ജൈമിനീയഗൃഹ്യസൂത്രം ഭാഗിച്ചിരിക്കുന്നു.

പാകയജ്ഞം, പുംസവനം, നാന്ദീമുഖശ്രാദ്ധം, സീമന്തോന്നയനം, ജാതകർമ്മം, നാമകരണം, പ്രാശനകർമ്മം, ചൗളം, ഉപനയനം, സന്ധ്യോപാസന, ഉപാകർമ്മം, ഉത്സർഗം, വ്രതങ്ങൾ, സമാവർത്തനം, വിവാഹം, പ്രാത-സായം കാലങ്ങളിൽ സാമവേദികൾ നടത്തേണ്ട ഹോമകർമ്മങ്ങൾ, വൈശ്വദേവം അന്ത്യകർമ്മങ്ങളായ ശ്രാദ്ധം, അസ്ഥി സഞ്ചയനം, അദ്ഭുത ശാന്തി – ഗ്രഹശാന്തി ഹവനങ്ങൾ.

ഇന്നു ലഭ്യമല്ലാത്ത രണ്ടു ഗൃഹ്യസൂത്രങ്ങൾ കൂടി സാമവേദത്തിനുണ്ടെന്ന് വിവരണങ്ങളിൽ കാണുന്നു. ഗൗതമഗൃഹ്യസൂത്രം, ഛാന്ദോഗ്യ ഗൃഹ്യസൂത്രം എന്നിവയാണ് ഇവ.

**കൗശികഗൃഹ്യസൂത്രം** : അഥർവ്വ വേദത്തിൻെറ ഒരേ ഒരു ഗൃഹ്യസൂത്രമാണ് കൗശിക ഗൃഹ്യസൂത്രം. ഇതിൽ ഗൃഹ്യസൂത്രങ്ങൾ



Scanned with CamScanner

കൂടാതെ മറ്റു ചടങ്ങുകളും വിവരിക്കുന്നു എന്നതാണ് ഒരു പ്രധാന പ്രത്യേകത. വളരെ വ്യക്തമായി വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്ന കൗശിക ഗൃഹ്യ സൂത്രത്തിൽ 14 അദ്ധ്യായങ്ങളാണുള്ളത്.

പാകയജ്ഞ പരിഭാഷ, ദർശപൂർണമാസി, ശാന്ത്യുദകം, മേധാജനം, ബ്രഹ്മചാരിവ്രതം, ഗ്രാമസമ്പത്തിനും-സർവ്വസമ്പത്തിനും വേണ്ടി അനുഷ്ഠിക്കുന്ന ഗൃഹ്യകർമ്മങ്ങൾ, ഉപരാജാക്കന്മാരുടെ രാജ്യാഭിഷേകം, ചിത്രകർമ്മം, സമുദ്രകർമ്മം, അഷ്ടകം, വപനകർമ്മം, നവശാലനിർമ്മാണം, യാത്രാവിധി, വൃഷോത്സർഗം, ധന-ഐശ്വര്യ പ്രാപ്തിക്കുള്ള കർമ്മങ്ങൾ, വിവിധ രോഗങ്ങളുടെ ചികിൽസക്കായുള്ള മന്ത്രങ്ങൾ, വിഷനാശനം, ഗർഭാധാനം, പുംസവനം, വശീകരണം, സപത്നിജയകർമ്മം, ദൗർഭാഗ്യകരണം, ഈർഷ്യ വിനാശനം, ദുർദിനവിനാശനം, വിവാദവിജയം, പൗരുഷശക്തി വർദ്ധനം, ആഭിചാരനിവാരണം, വിവിധ പ്രായശ്ചിത്തങ്ങൾ, ദുഃസ്വപ്ന ദർശനം, ശകുനശാന്തിക്കുള്ള ഹോമ കർമ്മങ്ങൾ, ഭയകാരണം, ഭയമുക്തിക്കുള്ള കർമ്മങ്ങൾ, ലാഭ നഷ്ടത്തിനായുള്ള ആഭിചാര ക്രിയകൾ ആയുഷ്യഹോമം, മേധാജനനം, നാമകരമണം, അന്നപ്രാശനം, കാമ്യ കർമ്മങ്ങൾ, ബലികർമ്മങ്ങൾ, ഹോമങ്ങൾ, വിവാഹം, അന്ത്യേഷ്ടി, പിണ്ഡപിതൃയജ്ഞം, ഉൽക്കാപഥനം-ഭൂചലനം-ധൂമകേതു ദർശനം എന്നീ ശകുന-പ്രായശ്ചിത്തങ്ങൾ എന്നിവയാണ് കൗശിക ഗൃഹ്യസൂത്രത്തിലെ വിഷയങ്ങൾ.

## പിതൃമേധസൂത്രം

ശ്രൗതസൂത്രങ്ങൾപോലെയോ ഗൃഹ്യസൂത്രങ്ങൾപോലെയോ പിതൃമേധസൂത്രഭാഗങ്ങൾ പ്രത്യേക ഗ്രന്ഥങ്ങളായി അറിയപ്പെടുന്നില്ല. പലപ്പോഴും കൽപസൂത്രങ്ങളിലെ ഏതാനും അദ്ധ്യായങ്ങൾ മാത്രമാണ് പിതൃമേധസൂത്രഭാഗങ്ങളായി വരുന്നത്. പിതൃമേധസൂത്രത്തിൽ മരണാനന്തരക്രിയകളാണ് വിവരിക്കുന്നത്.

**ബൗധായന പിതൃമേധസൂത്രം** : മൂന്ന് പ്രശ്നങ്ങളായിട്ടാണ് കൃഷ്ണ യജുർവേദീയമായ ബൗധായനപിതൃമേധസൂത്രത്തിൽ വിഷയങ്ങൾ വിവരിച്ചിരിക്കുന്നത്.

മരണസമയത്ത് ബന്ധുക്കൾ അനുഷ്ഠിക്കുന്ന കർമ്മങ്ങൾ, ശ്മശാനയാത്ര ചിത ഒരുക്കുന്ന വിധി, പാത്രസ്ഥാപനം, ദഹനം, ദഹനാന്തര കർമ്മങ്ങൾ, അസ്ഥി സഞ്ചയനം, പുനർദഹനം, ലോഷ്ടചിതി, ശാന്തികർമ്മം, ബ്രഹ്മമേധം, പിതൃകർമ്മങ്ങൾ വിവരിക്കുന്ന പദങ്ങളുടെ അർത്ഥ വിവരണങ്ങൾ, ആദ്യഭാഗത്തിൽ



Scanned with CamScanner

നൽകിയി രിക്കുന്ന വിഷയങ്ങളുടെ മറ്റൊരു വിധത്തിലുള്ള വിവരണങ്ങളാണ് അവസാനഭാഗത്ത് വിസ്തരിക്കുന്നത്.

**ഭരദ്വാജ പിതൃമേധസൂത്രം** : കൃഷ്ണയജുർവേദീയ ഭരദ്വാജകൽപ സൂത്രത്തിൻെറ ഭാഗമാണ് ഈ പിതൃമേധസൂത്രം. ദഹനകർമ്മങ്ങൾ, അസ്ഥിസഞ്ചയനം, അസ്ഥിപോഷണം, പുനർദഹനം, ശാന്തികർമ്മം, ബ്രഹ്മമേധം, ചിത ഒരുക്കുന്നത്, യമയജ്ഞം, എന്നിവയുടെ സുദീർഘമായ വിവിരണങ്ങളാണ് ഭരദ്വാദ പിതൃമേധസൂത്രത്തിലട ങ്ങിയിരിക്കുന്നത്.

**ആപസ്തംബ പിതൃമേധസൂത്രം** : ആപസ്മതംബകൽപസൂത്രവുമായ ബന്ധപ്പെട്ട ഈ പിതൃമേധസൂത്രവും കൃഷ്ണയജുർവേദീയമാണ്. ഈ ഭാഗം കാലക്രമത്തിൽ കൽപസൂത്രത്തിൽ എഴുതി ചേർക്കപ്പെട്ടതാണ് എന്ന് വിശ്വസിക്ക പ്പെടുന്നു. രണ്ട് പ്രശ്നങ്ങളാണ് ആപസ്തംബ പിതൃമേധസൂത്ര ത്തിലുള്ളത്.

മരണസമയത്ത് ക്രിയകൾ, ശ്മശാനചയനം, ദഹനകർമ്മം, പ്രാർത്ഥനാ സ്നാനം, ദുഃഖിതരായ കുടുംബാംഗങ്ങളുടെ കുടുംബയാത്ര, അസ്ഥി സഞ്ചയനം, മരണാനന്തരം പത്തുദിനങ്ങളിലെ ക്രിയകൾ, ശാന്തിഹോമം, ആനന്ദഹോമം, ബ്രഹ്മമേധം, അസ്ഥി സഞ്ചയനം തുടങ്ങിയ കർമ്മങ്ങൾ അഥവാ ലോഷ്ടചിതി എന്നറിയപ്പെടുന്ന ചടങ്ങുകളുടെ പുനർവിവരണങ്ങൾ.

**മാനവ പിതൃമേധ സൂത്രം** : കൃഷ്ണ യജുർവേദീയ മാനവ ശ്രൗതസൂത്രങ്ങളുടെ അനു ബന്ധമാണ് മാനവപിതൃമേധസൂത്രം. അഞ്ച് അദ്ധ്യായങ്ങളിലായി പിതൃമേധസൂത്രവിഷയങ്ങൾ ഇതിൽ വിവരിക്കുന്നു.

ആഹിതാഗ്നിയിൽ ദഹനക്രിയ നടത്തുന്നതിനുള്ള രീതികൾ, അവയുമായി ബന്ധപ്പെട്ട ചടങ്ങുകൾ, അനാഹിതാഗ്നിയിൽ കുട്ടി കളുടെ ജഡം, വ്രതത്തിലിരിക്കുന്ന ബ്രഹ്മചാരിയുടെ ജഡം എന്നിവ ദഹിപ്പിക്കുന്നതിനുയുള്ള വിധികൾ, ശ്മശാനത്തിൽ നിന്നുള്ള മടക്കയാത്ര, വിദേശത്തുവച്ച് മരിക്കുന്നവരുടേയും, യുദ്ധത്തിൽ മരിക്കുന്നവരുടേയും രണ്ടു വിധത്തിലുള്ള അന്ത്യക്രിയകൾ, വ്യക്തിയുടെ ജഡം ആചാരപ്രകാരമുള്ള ദഹനത്തിന് ലഭിക്കുകയാണെങ്കിൽ നടത്തേണ്ടുന്ന കർമ്മങ്ങളും, ജഡം ലഭ്യമാകാതിരിക്കുകയാണെങ്കിൽ നടത്തേണ്ടുന്ന അന്ത്യകർമ്മങ്ങളും, മരണാനന്തരമാസങ്ങളിൽ നടത്തുന്ന മാസക്രിയകൾ, വിധവയുടെ ധർമ്മങ്ങൾ.



Scanned with CamScanner

**ഗൗതമ പിതൃമേധസൂത്രം** : രണ്ടു പടലങ്ങളായി ഭാഗിച്ചിരിക്കുന്ന ഗൗതമപിതൃമേധസൂത്രം സാമവേദത്തിൻെറ രാണായണീയ ശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു.

അസ്ഥി സഞ്ചയനം, ശാന്തികർമ്മം, ദഹനസംസ്കാര ചടങ്ങുകൾ, പുനർദഹനം, ശ്രാദ്ധകൽപം, ദഹനക്രിയ സംസ്കാരങ്ങൾ എന്നീ വിഷയങ്ങളിതിലടങ്ങുന്നു.

മേൽ വിവിരിച്ച പിതൃമേധ സൂത്രങ്ങൾ കൂടാതെ കൗഷീതകി പിതൃമേധസൂത്രം, ശാംഖായന പിതൃമേധസൂത്രം, ആശ്വലായന പിതൃമേധസൂത്രം, വൈഖാനസ പിതൃമേധസൂത്രം, തൈത്തിരീയ പിതൃമേധസൂത്രം, സത്യാഷാഢ പിതൃമേധസൂത്രം, അഗ്നിവേശ്യ പിതൃമേധസൂത്രം എന്നിവയുമുണ്ട്. ഇവയിൽ പലതും പ്രത്യേക ഗ്രന്ഥങ്ങളല്ലാതെതന്നെ അതാതു ശ്രൗതസൂത്രത്തിൻെറ ഭാഗമായി വിവരിക്കപ്പെടുന്നു.

## ധർമ്മസൂത്രം

കുടുംബജീവിതത്തിലും, സമൂഹജീവിതത്തിലും വ്യക്തികൾ അനുശാസിച്ചുപോരേണ്ട ധാർമ്മികമായ നിമങ്ങളെക്കുറിച്ചാണ് ധർമ്മസൂത്രങ്ങൾ വിവരിക്കുന്നത്. വ്യക്തി-കുടുംബം-സമൂഹം-രാജ്യം എന്നിവയുമായി ബന്ധപ്പെടുന്നതാണ് ധർമ്മസൂത്രഗ്രന്ഥങ്ങളിലെ വിവരണങ്ങൾ.

**ഗൗതമ ധർമ്മസൂത്രം** : സമൂഹത്തിലെ പ്രധാന ആചാരങ്ങളുടെ വിവരണമാണ് 28 അദ്ധ്യായങ്ങളുള്ള ഗൗതമധർമ്മസൂത്രത്തിലെ വിഷയങ്ങൾ. ധർമ്മത്തിൻെറ ശ്രോതസ്, ഉപനയനം, ശൗചം, ആചമനവിധി, ബ്രഹ്മചര്യവിധി, ശിഷ്യസ്വഭാവം, അദ്ധ്യായനകാല നിയമങ്ങൾ, നാല് ആശ്രമങ്ങൾ,-ബ്രഹ്മചര്യം-ഗൃഹസ്ഥം-വാനപ്രസ്ഥം - സന്യാസം, ബ്രഹ്മചാരികളുടെയും ഭിക്ഷുവിൻെറയും കർമ്മ-ധർമ്മങ്ങൾ, ഗൃഹസ്ഥൻ അനുഷ്ഠിക്കേണ്ട വ്രതങ്ങൾ, എട്ടുപ്രകാരത്തിലുള്ള വിവാഹങ്ങളിൽ ബ്രാഹ്മണൻ-ക്ഷത്രിയൻ-വൈശ്യൻ- ശൂദ്രൻ- രാജാവ് എന്നിവർക്കനുയോജ്യമായവയുടെ വിവരണം, വിവാഹ കാലം, വിവാഹപ്രായം, ഗർഭാധാന നിയമം, പഞ്ചമഹാവ്രതം, വർണ്ണാനുസാരമുള്ള അതിഥിസൽക്കാരം, ബ്രാഹ്മണവൃത്തികൾ, 40 സംസ്ക്കാര കർമ്മങ്ങൾ, അഷ്ടവിധ അദ്ധ്യാത്മിക ഗുണങ്ങൾ, സ്നാതകൻെറയും-ഗൃഹസ്ഥൻെറയും വ്രതാനുഷ്ഠാനങ്ങൾ, നാലു വർണ്ണങ്ങളുടെ വിശിഷ്ട ധർമ്മങ്ങൾ, രാജകർത്തവ്യം, കരം പിരിച്ചെടുക്കുന്നതിൻെറ നിയമങ്ങൾ,



Scanned with CamScanner

രാജ്യസമ്പത്തിൻെറ രക്ഷ, രാജാവനുവർത്തിക്കേണ്ട ധർമ്മങ്ങൾ, രാജപുരോഹിതൻെറ ഗുണം, അപവാദം പരത്തുക-അക്രമങ്ങൾ നടത്തുക-വ്യഭിചരിക്കുക- ബലാൽസംഘത്തിന് വിധേയമാക്കുക-മോഷ്ടിക്കുക -കടം വാങ്ങിയ തുക/സാധനങ്ങൾ തിരിച്ച് നൽകാതിരിക്കുക-തുടങ്ങിയവയ്ക്കുള്ള ശിക്ഷ, സാക്ഷിസംബന്ധമായ നിയമങ്ങൾ, ക്ഷമിക്കാവുന്ന അസത്യഭാഷണം, അശൗചം എന്നിവയാണ് ഗൗതമ ധർമ്മസൂത്രത്തിലെ ആദ്യഭാഗങ്ങളിൽ വിവരിക്കുന്ന വിഷയങ്ങൾ.

അഞ്ചുവിധ ശ്രാദ്ധകർമ്മങ്ങൾ, ശ്രാദ്ധകർമ്മങ്ങൾക്ക് ക്ഷണിക്കുന്നതിന് അയോഗ്യരായ ബ്രാഹ്മണർ, ഉപാകർമ്മം, അനദ്ധ്യായം, ഭക്ഷ്യയോഗ്യവും-അഭക്ഷ്യവുമായ ഭക്ഷണ പദാർത്ഥങ്ങൾ, സ്ത്രീധർമ്മം, നിയോഗനിയമം, നിയോഗപുത്രധർമ്മം, പ്രായശ്ചിത്തം, ജപം-തപം-ഹോമം-വ്രതം-ദാനം എന്നിവയുമായി ബന്ധപ്പെട്ട ധാർമ്മിക നിയമങ്ങൾ, വിവിധപാതകങ്ങൾ, ബ്രഹ്മഹത്യ വ്യഭിചാരം, ക്ഷത്രിയഹത്യ, ഗോഹത്യ എന്നിവയുടെ ശിക്ഷകൾ, അവയുടെ പ്രായശ്ചിത്തകർമ്മങ്ങൾ, സുരാപാനം, ബ്രഹ്മചര്യവ്രത ഭംഗം എന്നിവയുടെ പ്രായശ്ചിത്തങ്ങൾ, മഹാപാതക-ഉപപാതക പ്രായശ്ചിത്തം, അപവാദം-ദുരാചാരം-ഭക്ഷ്യയോഗ്യമല്ലാത്തവ ഭക്ഷിക്കുക-ശൂദ്ര സംസർഗം-ആഭിചാരകർമ്മങ്ങൾ ചെയ്യുക എന്നിവക്കുള്ള പ്രായശ്ചിത്തം, കൃച്ഛ്ര-അതികൃച്ഛ്ര-വ്രതാനുഷ്ഠാനങ്ങൾ, ചന്ദ്രായണവ്രതം, പിതൃസ്വത്തുക്കളുടെ വിഭജനവുമായി ബന്ധപ്പെട്ട നിയമങ്ങൾ, സ്ത്രീധനവിവരണം, പന്ത്രണ്ടു വിധത്തിലുള്ള പുത്രന്മാരുടെ വിവരണം, അനുലോമ പുത്രൻെറയും ദത്തെടുത്തു വളർത്തുന്ന പുത്രൻെറയും അവകാശങ്ങൾ അവരുടെ ധർമ്മങ്ങൾ എന്നീ വിഷയങ്ങൾ രണ്ടാം ഭാഗത്തിലെ വിവരണങ്ങളാണ്. ഗൗതമധർമ്മസൂത്രം ഏതു വേദശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമല്ലെങ്കിലും ഋഗ്വേദീയമാകാമെന്ന് അഭിപ്രായമുണ്ട്.

**ബൗധായന ധർമ്മസൂത്രം** : കൃഷ്ണയജുർവേദീയമായ ബൗധായന കൽപസൂത്രത്തിൻെറ ഭാഗമാണ് ഈ ധർമ്മസൂത്രം. നാല് പ്രശ്നങ്ങളടങ്ങുന്നതാണ് ബൗധായന ധർമ്മസൂത്രം. ഓരോ പ്രശ്നത്തേയും വീണ്ടും അദ്ധ്യായങ്ങളായും വിഭജിച്ചിട്ടുണ്ട്.

പ്രശ്നം 1. ധർമ്മത്തിൻെറ ശ്രോതസ്, ഉത്തര-ദക്ഷിണ ഭാരതത്തിലെ ഭിന്ന ജീവിതരീതികൾ, ഭാരതത്തിൽ സങ്കര



Scanned with CamScanner

വർണ്ണത്തിൽപ്പെട്ട ജനസമൂഹങ്ങൾ ജീവിക്കുന്ന പ്രദേശങ്ങൾ, അവിടേയ്ക്കുള്ള യാത്രയ്ക്ക് ശേഷം അനുശാസിക്കേണ്ട പ്രായശ്ചിത്ത ചടങ്ങുകൾ ഉപനയനം, ബ്രഹ്മചര്യവ്രതം, വർണ്ണങ്ങൾക്കനുസരിച്ചുള്ള ശിക്ഷാവിധികൾ, യജ്ഞോപവീതവിധികൾ, സ്നാതകവ്രതം, സ്നാതകൻെറ പ്രത്യേകനിയമങ്ങൾ, ശൗചം, സപിണ്ഡകൻെറയും സ്വകുലജ്ഞാതൻെറയും നിർവ്വചനം, ദായഭാഗം, അഭക്ഷ്യ ഭക്ഷണം, യജ്ഞശുദ്ധി, യജ്ഞസംബന്ധിയായ ഉപകരണങ്ങൾ, യജമാനൻ-യജമാനപത്നി-ഋത്വിജൻമാർ-ആർജ്യം-പുരോഡാശം-പശു-സോമം-അഗ്നി എന്നിവയുടെ മഹത്വം, ചാതുർവർണ്ണവ്യവസ്ഥ, വർണ്ണസങ്കരം, രാജധർമ്മം, പഞ്ചമഹാപാതകം-അതിൻെറ ശിക്ഷകൾ, സാക്ഷി വിവിരണം, അഷ്ടവിധവിവാഹം.

പ്രശ്നം 2. ബ്രഹ്മഹത്യാപാപം-ബ്രഹ്മചര്യവ്രതഭംഗം-സഗോത്ര വിവാഹം എന്നിവക്കുള്ള പ്രായശ്ചിത്തം, സമ്പത്തിൻെറ വിഭജനം, വ്യഭിചാര പ്രായശ്ചിത്തം, ആപൽകാലത്തെവൃത്തികൾ, ഗൃഹസ്ഥൻെറ ദൈനംദിനവൃത്തികൾ, സ്നാനം-ആചമനം, തർപ്പണം എന്നിവയ്ക്കുള്ള വിധികൾ, പഞ്ചമഹായജ്ഞം, നാലു വർണ്ണങ്ങളുടെ ധർമ്മം, ഭക്ഷണനിയമം, ശ്രാദ്ധം, പുത്രപ്രശംസ, സന്യാസനിയമം.

പ്രശ്നം 3, 4. ഗൃഹസ്ഥൻെറ ജീവിതവൃത്തികൾ, വാനപ്രസ്ഥ ധർമ്മം, ഗൃഹസ്ഥ-ബ്രഹ്മചര്യ വ്രതഭംഗങ്ങളുടെ പ്രായശ്ചിത്തം, അഘമർഷണവിധി, കൂഷ്മാണ്ഡഹോമം, ചാന്ദ്രായണം, വേദപഠനനിയമം, ശൗചം, പ്രായശ്ചിത്ത കർമ്മങ്ങൾ, പ്രാണായാമ വിധി, ഗൂഢപ്രായശ്ചിത്തം, പ്രായശ്ചിത്തകർമ്മങ്ങളിലെ വൈദീക മന്ത്രങ്ങളുടെ മഹത്വം, ജപ-ഹോമ-യജ്ഞ-വ്രതാനുഷ്ഠാന ഫലങ്ങൾ, ജപവിവരണം, യജ്ഞമഹത്വം, മന്ത്രപ്രശംസ, ഹോമങ്ങളിലെ മന്ത്രവിവരണം.

**ആപസ്തംബ ധർമ്മസൂത്രം** : ആപസ്തംബ കൽപസൂത്രത്തിലെ 28 ഉം 29ഉം പ്രശ്നങ്ങളാണ് ആപസ്തംബധർമ്മസൂത്രം. ഇതിലെ വിഷയവിവരണം ഇപ്രകാരമാണ്.

പ്രശ്നം 1. ധർമ്മസ്രോതസ്, ചാതുർവർണ്യം, വർണ്ണാനുസാരമുള്ള ഉപനയനം, ബ്രഹ്മചര്യം, ഭിക്ഷനിയമം, ബ്രഹ്മചര്യവ്രതം, സ്നാതകം, അനദ്ധ്യായ നിയമം, പഞ്ചമഹായജ്ഞം,



Scanned with CamScanner

വർണ്ണങ്ങളനുസരിച്ചുള്ള കുശലാന്വേഷണനിയമം, ഉപനയനം, ആചമനം, ഭക്ഷ്യ-അഭക്ഷ്യവസ്തുക്കൾ, ബ്രാഹ്മണകർത്തവ്യം, ഹീനപാപം, അദ്ധ്യാത്മകർത്തവ്യം, ക്രോധ-ലോഭ-ഛല-കപട സ്വഭാവങ്ങൾ, സത്യം-ക്ഷമ-ദമം എന്നീ വിഷയങ്ങൾ, ചാതുർവർണ്യ ധർമ്മം, സ്ത്രീഹത്യാപാപം, അതിന്റെ പ്രായശ്ചിത്തം, ബ്രാഹ്മണ-ഗുരു-ഹത്യപാപം. അവയുടെ പ്രായശ്ചിത്തം, പരസ്ത്രീഗമന പ്രായശ്ചിത്തം, ആത്മരക്ഷാർത്ഥം ബ്രാഹ്മണൻ ശസ്ത്രവിദ്യ അഭ്യസിക്കുമ്പോൾ അനുശാസിക്കേണ്ട നിയമങ്ങൾ, ധർമ്മാനുഷ്ഠാനവ്രതങ്ങൾ.

പ്രശ്നം 2. വിവാഹം, ഗൃഹസ്ഥ ധർമ്മാരംഭം, ഗൃഹസ്ഥഭക്ഷണം, ഉപവാസം, സ്ത്രീഗമനം, നാലുവർണനിയമങ്ങൾ, അന്നബലി, അതിഥിസൽക്കാരം, ബ്രാഹ്മണഗുരുവിന്റെ അഭാവത്താൽ മറ്റു വർണ്ണങ്ങളിൽ നിന്നുള്ള ആചാര്യസ്വീകരണം, മധുപർക്കനിയമം, ഭൃത്യന്മാരോടുള്ള ഉദാരമനസ്ഥിതി, ബ്രാഹ്മണന്റെ വിശിഷ്ടധർമ്മം, യുദ്ധനിയമം, രാജ്ഞപുരോഹിതഗുണം, അപരാധികൾക്കുള്ള ശിക്ഷാ സംവിധാനം, ബ്രഹ്മഹത്യാപാപം, പദയാത്രികർ അനുശാസിക്കേണ്ട നിയമങ്ങൾ, ധർമ്മസംരക്ഷണം, അധർമ്മ നിർമ്മൂലനം, പുനർവിവാഹ നിഷേധം, വിവാഹനിയമങ്ങൾ, കന്യാഗുണം, ആറുവിധ വിവാഹങ്ങൾ, പിതൃസമ്പത്തിന്റെ വിഭജനം വിഭജനം, സമ്പത്തിനർഹതയില്ലാത്ത പുത്രവിവരണം, പുത്രാഭാവത്തിൽ സമ്പത്ത് വിനിയോഗം, പതിപത്നിമാർ തമ്മിലുള്ള സമ്പത്ത് വിഭജനം, ബന്ധുക്കളുടെ മരണം മൂലമുള്ള അശൗച വിധികൾ, ശ്രാദ്ധത്തിലെ ഭക്ഷ്യവസ്തുക്കൾ, ശ്രാദ്ധക്ഷണത്തിന് യോഗ്യരായ ബ്രാഹ്മണർ, ആശ്രമനിയമങ്ങൾ, സന്യാസനിയമം, വാനപ്രസ്ഥം, രാജ്ഞധർമ്മം, രാജ്ഞധാനിനിർമ്മാണം, രാജ്ഞ്യസഭാ വിവരണം, കരമുക്തരായ പൗരന്മാരുടെ (സ്ത്രീകൾ-വിദ്യാർത്ഥികൾ-സന്യാസിമാർ) വിവരണം, പരസ്ത്രീഗമനശിക്ഷ, മനുഷ്യഹത്യക്കു പ്രോത്സാഹിപ്പിച്ചവനും- സഹായകനുമുള്ള ശിക്ഷ, വിവാദ നിർണ്ണയം, കള്ളസാക്ഷിക്കുള്ള ശിക്ഷ.

**വസിഷ്ഠ ധർമ്മസൂത്രം** : ഏതു വേദശാഖയുമായി ബന്ധപ്പെട്ടതാണ് വസിഷ്ഠ ധർമ്മസൂത്രമെന്ന് വ്യക്തമല്ല. ഇതിൽ 30 അദ്ധ്യായങ്ങളടങ്ങിയിട്ടുണ്ട്.

ധർമ്മലക്ഷണം, പാപിലക്ഷണം, ബ്രാഹ്മണവിവാഹം, ആറു വിധ വിവാഹങ്ങൾ, രാജാവിന്റെ അധികാരം, കരം പിരിക്കുന്നതിന്റെ നിയമങ്ങൾ, ചാതുർവർണ്യം, ബ്രാഹ്മണനിഷിദ്ധ



Scanned with CamScanner

കർമ്മങ്ങൾ, ആപൽക്കാലത്ത് ചെയ്യാവുന്ന കർമ്മങ്ങൾ, നിധി അന്വേഷിക്കുന്നതിൻെറ മാർഗ്ഗങ്ങൾ, ആചമന-ശൗചവിധികൾ, ചാതുർവർണ്ണ്യാടിസ്ഥാനത്തിലുള്ള കർമ്മ-ധർമ്മങ്ങൾ, അതിഥി സൽക്കാരം, മധുപർക്കം, മരണം-ജനനം എന്നിവയോടനുബന്ധിച്ചുള്ള അശൗചവിധികൾ, ആചാരപ്രശംസ, ചാതുർവർണ്ണ്യത്തിൻെറ മഹത്വം, സ്ത്രീയുടെ പരാധീനത, രജസ്വലയായ സ്ത്രീയുടെ കർമ്മ-ധർമ്മങ്ങൾ, വാനപ്രസ്ഥാശ്രമവാസിയുടെ കർത്തവ്യങ്ങൾ, സന്ന്യാസിയുടെ ധർമ്മം, സത്കാരയോഗ്യനായ വ്യക്തി, ശ്രാദ്ധനിയമം, അഗ്നിഹോമം, ഉപനയനം, സ്നാതക കർത്തവ്യം, വഴിയിലൂടെ നടക്കുന്നതിനുള്ള നിയമങ്ങൾ. ഭക്ഷ്യ-അഭക്ഷ്യ വസ്തുക്കൾ;ന്യായ വ്യവസ്ഥ, സാക്ഷിയുടേയും-കള്ളസാക്ഷിയുടേയും വിവിരണം, പുത്രവിവിരണം, സാമ്പത്ത്വിഭജനം, രാജധർമ്മം, രാജപുരോഹിത മഹത്വം, വിവിധകർമ്മങ്ങളുടെ പ്രായശ്ചിത്തം, ബ്രാഹ്മണൻെറ പരസ്ത്രീഗമനപാപം, ഗോഹത്യാപാപം, അഭക്ഷ്യ ഭക്ഷണത്തിൻെറ പ്രായശ്ചിത്തം, വ്രതങ്ങളുടെ ആചാരവിധികൾ, ഗൂഢപ്രായശ്ചിത്തങ്ങൾ, പ്രാണായാമവിധി, ഗായത്രീജപമഹത്വം, നാരിപ്രശംസ, അഘമർഷണപ്രശംസ, ദാനം-ബ്രഹ്മചര്യം-തപം എന്നിവയുടെ മഹത്വം, ധർമ്മം-സത്യം-ബ്രാഹ്മണ്യം എന്നിവയുടെ ശ്രേഷ്ഠത്വം.

**ഹാരിത ധർമ്മസൂത്രം** : ഈ ധർമ്മസൂത്രത്തിൻെറ പൂർണ്ണരൂപത്തിലുള്ള ഗ്രന്ഥം ലഭ്യമല്ല. മൈത്രായണീ സംഹിതയുടെ ചില ഭാഗങ്ങൾ കൂടുതലായി കാണുന്നതുകൊണ്ട് ലഭ്യമായ ധർമ്മസൂത്രഭാഗങ്ങൾ മൈത്രായണീയ സംഹിതയുടെ ധർമ്മസൂത്രമായിരിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് അനുമാനിക്കുന്നു.

**ഹിരണ്യകേശി ധർമ്മസൂത്രം** : തൈത്തിരീയ വേദശാഖയുടെ കൽപസൂത്രമായ ഹിരണ്യകേശി കൽപത്തിൻെറ 26 ഉം, 27 ഉം പ്രശ്നങ്ങൾ ചേർന്നതത്രെ ഹിരണ്യകേശി ധർമ്മസൂത്രം. ആപസ്തംബ ധർമ്മസൂത്രത്തിൻെറ തനിപ്പകർപ്പാണ്, വിഷയങ്ങളിലും, അവതരണരീതിയിലും ഹിരണ്യകേശി ധർമ്മസൂത്രം.

**വൈഖാനസ ധർമ്മസൂത്രം** : കൃഷ്ണ യജുർവേദീയമായ ഈ ധർമ്മസൂത്രത്തിൽ മൂന്ന് പ്രശ്നങ്ങളിലായി 365 സൂത്രങ്ങളാണുള്ളത്. ചാതുർവർണ്ണ്യ- ചതുരാശ്രമമഹത്വം, വർണ്ണാശ്രമാടിസ്ഥാനത്തിൽ വ്യക്തിയുടെ കർമ്മ ധർമ്മങ്ങൾ, വാനപ്രസ്ഥാശ്രമവിധി, സന്ന്യാസിയുടെ ധർമ്മങ്ങൾ, സന്ന്യാസവിധികൾ, സന്ന്യാസി അനുഷ്ഠിക്കേണ്ട ആചാരങ്ങൾ, ഗൃഹസ്ഥാശ്രമവാസിയുടെ ആചാരങ്ങൾ, മാർഗ്ഗ നിയമങ്ങൾ,നിഷിദ്ധ വസ്തുക്കൾ,



Scanned with CamScanner

നിഷിദ്ധകർമ്മങ്ങൾ, സ്വർണ്ണശുദ്ധി, മറ്റു വസ്തുക്കളുടെ ശുദ്ധീകരണം, വാനപ്രസ്ഥൻെറയും സന്യാസിയുടെയും ധർമ്മങ്ങൾ, സന്യാസിയുടെ കർത്തവ്യങ്ങൾ, സന്യാസിയുടെ അന്ത്യക്രിയകൾ, നാരായണബലി, സന്യാസിക്കുള്ള തർപ്പണവിധികൾ.

അത്രിമുനി, ഉശനൻ, കണ്വൻ, കശ്യപൻ, ഗാർഗ്യൻ, ച്യവനൻ, ജാതു കർണ്ണൻ, ദേവൻ, പൈഠിനസൻ, ബൃഹസ്പതി, ഭരദ്വാജൻ എന്നിവരുടെയും ധർമ്മസൂത്രങ്ങളുള്ളതായി വിവിരണങ്ങളിൽ കാണുന്നുണ്ട്. അവയെക്കുറിച്ചുള്ള ആധികാരിക ഗ്രന്ഥങ്ങൾ ലഭ്യമാണോ എന്ന് സംശയമാണ്.

## ജ്യോതിഷം

വേദാംഗങ്ങളിൽ ജ്യോതിഷം വേദങ്ങളുടെ നേത്രമായി ഗണിക്കപ്പെടുന്നു. ഇതിൽ ശാസ്ത്രവും ആത്മീയതയും ചേർന്നിരിക്കുകയും ചെയ്യുന്നു. യാഗയജ്ഞങ്ങൾ വ്യക്തി–കുടുംബം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്ന ഷോഡശകർമ്മങ്ങൾ (ഗൃഹ്യ സൂത്രങ്ങളിൽ വിവരിച്ചിരിക്കുന്നത്) എന്നിവയെല്ലാം ശുഭ സമയങ്ങളെയും, ദിനങ്ങളെയും, മാസങ്ങളെയും ആശ്രയിച്ചു നടത്തുന്നതാണ്. ക്രിയാദികളുടെ പൂർണ്ണ ഫലപ്രാപ്തിക്കായി ഉൽകൃഷ്ടമായ ശുഭമുഹൂർത്തത്തിൽ അതനുഷ്ഠിക്കുക എന്നത് ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. വേദകാലം മുതൽക്കുതന്നെ സൂര്യ ചന്ദ്രന്മാരുടെ ചലനത്തെ അടിസ്ഥാനമാക്കിയാണ് കാലനിർണ്ണയം നടത്തിയിരിക്കുന്നത്. മറ്റു ഗ്രഹങ്ങളുടെ ചലനങ്ങളും ശുഭമുഹൂർത്ത നിർണ്ണയത്തിന് വളരെ പ്രധാനപ്പെട്ട ഘടകങ്ങളാണ്.

പുരാതനവും, അടിസ്ഥാനപരവുമായ ജ്യോതിഷഗ്രന്ഥങ്ങളിൽ വിഷയങ്ങളെ പൊതുവെ ഗണിതഭാഗം, സംഹിതഭാഗം, ഹോരഭാഗം എന്നിങ്ങനെ മൂന്നായി ഭാഗിച്ചിട്ടുണ്ട്. ഗണിതഭാഗത്തെ ഗണിതപാഠം എന്നും ഹോരഭാഗത്തെ ഹോരശാസ്ത്രമെന്നും അറിയപ്പെടുന്നു. ഗണിതപാഠത്തെ ആര്യഭടൻ തുടങ്ങിയ ജ്യോതിശാസ്ത്രജ്ഞന്മാർ, ഗീതകാപാദം, ഗണിതപാദം, കാലക്രമിയാപാദം, ഗോളപാദം എന്നിങ്ങനെ നാലായി ഭാഗിച്ചിട്ടുണ്ട്. ഹോരത്തേയും ജാതകം–പ്രശ്നം–മുഹൂർത്തം എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുണ്ട് ഗണിതം, കാലക്രിയ, ഗോളകം, ജാതകം, പ്രശ്നം, മുഹൂർത്തം എന്നിങ്ങനെ ആറെണ്ണമാണ് ജ്യോതിശാസ്ത്രത്തിൻെറ അംഗങ്ങൾ എന്നുകാണുന്നു. ക്രിസ്തുവിനു മുമ്പുതന്നെ ജ്യോതിഷഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും ക്രിസ്തുവിനുശേഷം രണ്ടാം നൂറ്റാണ്ടോടുകൂടയത്രെ ജ്യോതിഷത്തിൽ മേൽവിവരിച്ച ഭാഗങ്ങൾ



Scanned with CamScanner

വളർന്ന് വികാസം പ്രാപിച്ചു തുടങ്ങിയത്. അക്കാലയളവുവരെ ജ്യോതിഷത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങൾ ഋഗ്വേദീയമായ ആർച ജ്യോതിഷം അഥവാ ആർഷേയ ജ്യോതിഷം, യജുർവേദീയ യാജുഷജ്യോതിഷം, സാമവേദീയ ജ്യോതിഷം, അഥർവജ്യോതിഷം എന്നിവയായിരുന്നു. ഈഗ്രന്ഥങ്ങളിൽ സാമവേദീയ ജ്യോതിഷം ഒഴികെ മറ്റ് മൂന്നും ഇന്ന് ലഭ്യമാണ്. ആർച ജ്യോതിഷത്തിൽ 36 സൂത്രങ്ങൾ, യാജുഷ ജ്യോതിഷത്തിൽ45 സൂത്രങ്ങൾ, അഥർവണ ജ്യോതിഷത്തിൽ 162 സൂത്രങ്ങൾ വീതം അടങ്ങിയിരിക്കുന്നു. ഈ മൂന്ന് ഗ്രന്ഥങ്ങളുടെയും കർത്താവ് ലാഗധനാണ്. ഈ ജ്യോതിഷ ഗ്രന്ഥങ്ങളിൽ ചാന്ദ്ര-സൗരഭ്രമണവു മായി ബന്ധപ്പെട്ട് 5 വർഷത്തെ ദിനങ്ങൾ, 1830 സാധാരണ ദിനങ്ങൾ, 1835 സൗരദിനങ്ങൾ, രണ്ടു ഗ്രഹയോഗങ്ങൾക്കിടക്കുവരുന്ന 62 മാസങ്ങൾ, 5 സൗരഭ്രമണം, 67 ചന്ദ്രഭ്രമണം, എന്നീ വിഷയങ്ങൾ വിവരിക്കുന്നുണ്ട്. ഈ ഗ്രന്ഥങ്ങൾപ്രകാരം ഒരു വർഷം 366 ദിനങ്ങളും, ഒരു മാസം $29^{16}/_{31}$ ദിനങ്ങളുമാണ്.

**ആർച ജ്യോതിഷം** : ഈ ലഘുഗ്രന്ഥത്തിൽ 36 ചെറിയ വരികൾ അഥവാ സൂത്രങ്ങൾ മാത്രമാണുള്ളത്. ഈ സൂത്രങ്ങൾ യഥാക്രമം ലാഗധന്റെ സരസ്വതീദേവിയോടുള്ള പ്രാർത്ഥന, സരസ്വതി ദേവിയുടെ ഉപദേശം, രാശി-യുഗം-സൂര്യന്റെ ഉത്തര-ദക്ഷിണയാനം, ഉത്തരായണ ദക്ഷിണായന ആരംഭം-അവസാനം, ദിന രാത്രങ്ങളിൽ സമയവ്യത്യാസം, കൃഷ്ണപക്ഷം-ശുക്ലപക്ഷം, ചന്ദ്രന്റെ വൃദ്ധി-ക്ഷയങ്ങൾ- തിഥി- നക്ഷത്രങ്ങളുടെ കാലപരിമാണം, തിഥികളും-നക്ഷത്രങ്ങളുമായി ബന്ധപ്പെട്ട സംസ്കാരകർമ്മങ്ങൾ, ചടങ്ങുകൾ,നക്ഷത്രാനയനം, സമയദൈർഘ്യം, സമയത്തിന്റെ അളവുകൾ, ലഗ്നം, തിഥികൾ, ദിനങ്ങൾ, ഋതുക്കൾ നക്ഷത്രദേവതകൾ, വിഷുസംക്രാന്തിദിന മഹത്വം എന്നീ വിഷയങ്ങളും ജ്യോതിഷഗണനത്തിലൂടെ നിർണയിക്കുന്ന സമയത്തിൽ നടത്തുന്ന യജ്ഞകർമ്മാദികളുടെ മഹത്വവും, ജ്യോതിഷത്തിന്റെ ശ്രേഷ്ഠത്വം എന്നീ വിഷയങ്ങളും വിവരിക്കുന്നു.

**യാജുഷ ജ്യോതിഷം** : യാജുഷ ജ്യോതിഷത്തിൽ വിവരിക്കുന്ന വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. ജ്യോതിഷത്തിന്റെ വേദാംഗപദവി, ജ്യോതിഷമഹത്വം, യുഗവിവരണം, യുഗാരംഭം, ഉത്തര-ദക്ഷിണയാനം, ദിനരാത്രങ്ങളുടെ സമയവ്യത്യാസം, നക്ഷത്രങ്ങൾ-ഋതുക്കൾ- മാസങ്ങൾ ഇവയുടെ മാറ്റങ്ങൾ, അംശസാധനം, ഗണായനം, ദിനങ്ങളിലെ അഷ്ടയാമങ്ങൾ,



Scanned with CamScanner

യാമസംജ്ഞ, ചന്ദ്രനക്ഷത്രാനയനം, ഗതനക്ഷത്രകാലാനയനം, ഇഷ്ടതിഥി നക്ഷത്രാനയനം, തിഥിമാനം, വിഷുവത്സമയം, നാഴികാപ്രമാണം, ഇഷ്ടതിഥി രവിവാരത്തിൽ വരുന്നതുകൊണ്ടും, നക്ഷത്രങ്ങൾ അപ്രകാരം വരുന്നതുകൊണ്ടുമുണ്ടാകുന്ന ഫലങ്ങൾ, രവിഭുക്തനക്ഷത്രം, കാലയളവ്, മുഹൂർത്തവിവരണം, ദിനമാറ്റം, ഋതുവിവരണം, സത് കർമ്മങ്ങളും ആഭിചാരകർമ്മങ്ങളായ ദുഷ്കർമ്മങ്ങളും ചെയ്യുന്നതിന്റെ സമയവും-ദിനങ്ങളും, ജ്യോതിഷപഠനഫലം.

**ആര്യഭടീയം** : ജ്യോതിഷത്തിലെ ഒരു പ്രധാന ഗ്രന്ഥമാണ് ആര്യഭടീയം. ശാസ്ത്രവും ആത്മീയതയും കൈകോർത്തുപോകുന്ന ഒരു ഉജ്ജ്വല ഗ്രന്ഥമാണിത്. ആര്യഭടീയത്തിനെ നാലു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

ഗീതികാപാഠം : ആര്യഭടീയത്തിൽ നാലു ഭാഗങ്ങളുള്ളതിൽ ഗീതികാപാഠത്തിലെ 13 സൂത്രങ്ങളിലൂടെ യഥാക്രമം പ്രാർത്ഥന, സംഖ്യരചന, ഗ്രഹങ്ങളുടെ ഭ്രമണസമയം, യുഗങ്ങളുടെ ദീർഘം, കൽപ്പം, മന്വന്തരം, കലിയുഗാരംഭം, ഭൂഭ്രമണം, ഭ്രമണപഥം, ഗ്രഹങ്ങളുടെ വ്യാസം, ഭ്രമണപഥത്തിന്റെ അണ്ഡാകൃതി, ഉച്ചനിചദൂരം, ഗണിതങ്ങൾ, ദശഗീതികാസൂത്രം എന്നിവ വിവരിക്കുന്നു.

ഗണിതപാഠം : ബ്രഹ്മപ്രാർത്ഥന, 1 മുതൽ 9 വരെയുള്ള സ്ഥാന സംഖ്യകൾ (1 മുതൽ 10 കോടിവരെ), വർഗം, സംവർഗം, ഘനം, വർഗമൂലം, ഘനമൂലം, പിരമിഡുകളുടെ വ്യാപ്തം, വൃത്തവിസ്തീർണം, ഗോളത്തിന്റെ വ്യാപ്തം, ട്രപ്പിസിയത്തിന്റെ വിസ്തീർണം, വൃത്തത്തിന്റെ കോഡ്, $\Pi$ എന്ന സംഖ്യ, ജ്യോമട്രിയിലെ സമവാക്യങ്ങൾ, വൃത്തനിർമ്മാണം, ഗോളത്തിന്റെ നിഴൽ-വ്യാസാർദ്ധബന്ധം, ഉയരത്തിൽ തൂക്കിയിട്ടിരിക്കുന്ന ദീപത്താൽ ഉണ്ടാകുന്ന വസ്തുക്കളുടെ നിഴലുമായി ബന്ധപ്പെട്ട ഗണിത വാക്യങ്ങൾ, പൈതഗോറസ് സിദ്ധാന്തം, വൃത്തങ്ങൾ തമ്മിലുള്ള സ്പർശന നിയമങ്ങൾ, അരിത്തമിറ്റിക് പ്രോഗ്രഷൻ, വർഗം-തുക ഇവയിൽ നിന്നും സംഖ്യ കണ്ടുപിടിക്കുന്ന മാർഗം, പലിശ കണ്ടിപിടിക്കുന്നതിനുള്ള സൂത്രവാക്യം, ഭിന്ന സംഖ്യകൾ, ഇൻവേർഷൻ രീതികൾ, തുല്യതുകയിൽ നിന്നും സംഖ്യ കണ്ടുപിടിക്കുന്നതിനുള്ള മാർഗം, ചലിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളുമായി ബന്ധപ്പെട്ട ഗണിതവാക്യങ്ങൾ എന്നിവ ആര്യഭടീയത്തിന്റെ ഗണിതപാഠത്തിലുള്ള 33 സൂത്രങ്ങളിൽ വിവരിക്കുന്നു.



Scanned with CamScanner

കാലക്രിയാപാദം: ആര്യഭടീയത്തിലെ കാലക്രിയാപാദത്തിൽ 25 സൂത്രങ്ങളിൽ കാലവിഭജനമാണ് വിഷയം. നിമിഷം-മിനിറ്റ്-നാഡീ-ദിവസം-മാസം-വർഷം എന്നി കലയളവുകളുടെ വിവരണം, ഒരു യുഗത്തിൽ ഗ്രഹങ്ങൾ ഒത്തുചേരുന്നതിന്റെ പ്രത്യേകത, ഗ്രഹങ്ങളുടെ ഭ്രമണ സവിശേഷത, സൗരവർഷം, ചാന്ദ്രദിനം, മനുഷ്യ-പിതൃ-ദേവ വർഷങ്ങൾ, യുഗവിഭജനം, ആര്യഭടന്റെ ജനനദിവസം, വർഷ-യുഗ ആരംഭം, ഗ്രഹങ്ങളുടെ ഭ്രമണ വിവരണത്തിൽ ചന്ദ്രന്റെ സമയം വളരെ കുറവും-ശനിയുടേത് ഏറ്റവും കൂടുതലുമാകുവാനുള്ള കാരണം, പ്രപഞ്ചത്തിൽ ഗ്രഹങ്ങളുടെ സ്ഥാനം-ഭ്രമണദിശ-ഗ്രഹവേഗത ഗണിക്കുന്നതിന് ആവശ്യമായ തിരുത്തലുകൾ, ഗ്രഹങ്ങളുടെ ഭ്രമണവേഗത, അകലം.

ഗോളപാദം : പ്രപഞ്ചത്തിൽ ഗ്രഹങ്ങളുടെ സ്ഥാനം, സൂര്യനും ഭൂവിന്റെ നിഴലും തമ്മിലുള്ള ബന്ധം, ചന്ദ്രചലനം, ഗ്രഹവിവരണങ്ങൾ, നഗ്ന നേത്രങ്ങൾ കൊണ്ടുള്ള ഗ്രഹദർശനം, പ്രകാശമുള്ളതും ഇരുട്ട് വ്യാപിച്ചിരിക്കുന്നതുമായ ഗ്രഹങ്ങളുടെ രണ്ടു വശങ്ങളുടെ വിവരണം, പ്രപഞ്ചത്തിൽ ഭൂമിയുടെ സ്ഥാനം-ആകൃതി-ഘടന, ഭൂമിയും കദമ്പ വൃക്ഷത്തിന്റെ പുഷ്പവുമായുള്ള താരതമ്യം, ഭൂമിയുടെ വലുപ്പത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ, ഭൂഭ്രമണം മൂലമുണ്ടാകുന്ന നക്ഷത്രചലനം, മേരുപർവ്വതവിവരണം, നാലു പ്രധാന നഗരങ്ങളായ ലങ്ക-സിദ്ധപുരം-യവകോടി-റോമകം എന്നിവയുടെ വിവരണം, ലങ്കയുടെയും ഉജ്ജയിനിയുടെയും സ്ഥാനങ്ങൾ, ഭൂമിയുടെ ഉത്തര-ദക്ഷിണ ധ്രുവവിവരണം, ചക്രവാളവിവരണം, ഗോളയന്ത്രം, ദിനചക്രത്തിന്റെ വ്യാസാർദ്ധം, ഗ്രഹങ്ങളുടെ അക്ഷാംശം-രേഖാംശം-ഭൂമദ്ധ്യരേഖ എന്നിവയുമായി ബന്ധപ്പെട്ട ഗണിതസൂത്രങ്ങൾ, സൂര്യാഗ്രം- സൂര്യഗ്രഹണം വിവിധ സ്ഥലങ്ങളിൽ ദൃശ്യമാകുന്നതിനുള്ള വ്യത്യാസകാരണം, സൂര്യ, ചന്ദ്ര ദർശനത്തിലുള്ള വ്യത്യാസം, ഗ്രഹണ വിവരണം, ഗ്രഹണദീർഘം, ചന്ദ്രഗ്രഹണം, സൂര്യഗ്രഹണം, ഗ്രഹണസമയം അളക്കുന്നതിനുള്ള സൂത്രവാക്യം, ഗ്രഹണസമയത്ത് ചന്ദ്രന്റെ നിറം, നഗ്നനേത്രങ്ങളിലൂടെ ഗ്രഹങ്ങളെ തിരിച്ചറിയുന്നതി നുള്ള മാർഗ്ഗം. കൂടാതെ ആര്യഭടീയത്തിന്റെ അവസാനഭാഗത്തിൽ ഈ ഗ്രന്ഥം സ്വയംഭൂവ മനു രചിച്ച 'സ്വയം ഭൂവ' തന്നെയാണെന്ന ആര്യഭടന്റെ വിവരണം, ആര്യഭടീയം 1500 (AD 499 ൽ) വർഷങ്ങൾക്കുമുമ്പ് രചിക്കപ്പെട്ടതാണ്.



Scanned with CamScanner

**ഭാസ്കരീയം** : ലഘുഭാസ്കരിയവും, മഹാഭാസകരിയവും ഭാസ്കരാചാര്യന്റെ രണ്ടു കൃതികളാണ്. മഹാഭാസ്കരിയത്തിന്റെ സംഗ്രഹമാണ് ലഘുഭാസ്ക്കരീയത്തിൽ അടങ്ങിയിരിക്കുന്നതത്രെ. ലഘുഭാസ്കരീയത്തിൽ 8 അദ്ധ്യായങ്ങളാ ണുള്ളത്. ഗ്രഹങ്ങളുടെ മധ്യമം കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗവും ആതിനാവശ്യമായ അഹർഗണം-യുഗഭഗണം, ഭൂദിവസം, ഗ്രഹങ്ങളുടെ കൃത്യമായ സ്ഥാനനിർണ്ണയം, ഛായാഗണിതം, നിഴലിന്റെ അടിസ്ഥാനത്തിൽ ഗ്രഹഗണിതം നടത്തുന്ന വിധങ്ങൾ, ചന്ദ്രഗ്രഹണം, സൂര്യഗ്രഹണം, ശൃംഗോന്നതി-ചന്ദ്രോദയകാലം- ചന്ദ്രഛായാവിഷയം, ഗ്രഹങ്ങളുടെ ഉദയാസ്തമയ സമയം, നക്ഷത്ര വിഷയങ്ങളും വിവരിക്കുന്നു.

ലഘുഭാസ്കരീയത്തിന്റെ അവസാനസൂത്രത്തിൽ ഭാസ്കരാചാര്യൻ ഇപ്രകാരം വിവരിക്കുന്നു. "ജ്യോതിശാസ്ത്രത്തിന്റെ മൂന്നുഭാഗങ്ങൾ (സ്കന്ദങ്ങൾ) ആയ ഗണിത-സംഹിത-ഹോരം എന്നിവയെക്കുറിച്ച് വ്യക്തമായി സാധാരണക്കാർക്ക് (മന്ദബുദ്ധികൾക്ക് എന്ന് വിവരണം) മനസിലാക്കുവാൻ വിഷമമുള്ളതുകൊണ്ട് ഗണിതഭാഗത്തെമാത്രം അതിനെ ഗണിതപാദം, കാലക്രിയാപാദം, ഗോളപാദം എന്നിങ്ങനെ വിഭജിക്കാതെ ഈ ഗ്രന്ഥത്തിൽ ചുരുക്കി വിവരിക്കുന്നു". ആധുനിക ഹിന്ദുജ്യോതിഷാചാരങ്ങളുടെ അടിസ്ഥാനം ഭാസ്കരീയമാണെന്നൊരഭിപ്രായവുമുണ്ട്. മഹാഭാസ്കരീയത്തിലെ 8 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. മധ്യമാധികാരം, ദേശാന്തരകർമ്മം, ത്രിപ്രശ്നാധികാരം, സ്ഫുടവിധി, ഗ്രഹണാദ്ധ്യായം, ദർശനശൃംഗോന്നതി, യുഗഭഗണാദി, തിഥ്യാനയനാദി എന്നിവ ലഘുഭാസ്കരീയത്തിലെ അതേ വിഷയങ്ങൾ തന്നെയാണ്.

**ആര്യ സിദ്ധാന്തം** : ആര്യഭടസിദ്ധാന്തം, മഹാസിദ്ധാന്തം എന്നും 1100 ഓളം വർഷം പുരാതനത്വമുള്ള ഈ ഗ്രന്ഥം അറിയപ്പെടുന്നു. ഗണിതഭാഗത്തെ ഏതാണ്ട് ആര്യഭടീയത്തിലേതുപോലെ ഈ ഗ്രന്ഥത്തിലും വിഭജിച്ചിട്ടുണ്ട്. ഇത് ആര്യഭടൻ രണ്ടാമൻ രചിച്ച ഗ്രന്ഥമാണ്. ആര്യ സിദ്ധാന്തത്തിലെ 18 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന വിഷയങ്ങൾ യഥാക്രമം മധ്യഗതി, പരാശരമതാന്തരാധികാരം, സ്പഷ്ടഗത്യധ്യായം, ത്രിപ്രശ്നാധ്യായം, ചന്ദ്രഗ്രഹണാധ്യായം, സൂര്യ ഗ്രഹണധ്യായം, ശൃംഗോന്നത്യധ്യായം, ഛാദ്ധ്യകാധ്യായം, ഉദയാസ്തധ്യായം, ഗ്രഹഛായാധ്യായം, ഗ്രഹയുത്യധ്യായം, ഭൂഗ്രഹയുത്യധ്യായം, പാഠാധ്യായം, ഗോളാധ്യായം, (മധ്യമപ്രശ്നം), പാട്യത്തരധ്യായം, ഗോളാധ്യായം (ഭൂവനകോശപ്രശ്നം) മധ്യഗതിവാസന, ഗോളാധ്യായം



Scanned with CamScanner

(കുട്ടകാധ്യായം) എന്നിങ്ങനെ അദ്ധ്യായങ്ങൾ അതതിൽ വിവരിക്കുന്ന ജ്യോതിശാസ്ത്രവിഷയങ്ങളെക്കൂടി സൂചിപ്പിക്കുന്നു.

ഗോളപാദവിഷയങ്ങളായ ഗ്രഹങ്ങളെക്കുറിച്ചു മാത്രം പ്രത്യേകമായി വിവരിക്കുന്ന അനേകം ഗ്രന്ഥങ്ങളുമുണ്ട്. ഭാസ്കരാചാര്യരുടെ ഗോളാദ്ധ്യായം, പരമേശ്വരാചാര്യരുടെ ഗോളദീപിക, ഗോളദീപികാ വൃത്തി, ഗോളസംസ്ഥാനം, നീലകണ്ഠാചാര്യരുടെ ഗോളസാരം, ദാമോദരാചാര്യരുടെ ഗോളോദ്ദേശം എന്നിവയാണ് പ്രധാന ഗ്രന്ഥങ്ങൾ. ഇവയിൽ വിവരിക്കുന്ന വിഷയങ്ങളുടെ ഏകദേശരൂപം ആര്യഭടീയത്തിന്റെ വിവരണത്തിൽ നിന്നുതന്നെ ലഭിക്കുന്നതാണ്.

ജ്ഞാനരാജന്റെ സിദ്ധാന്തസുന്ദരം, കമലാകാരന്റെ സിദ്ധാന്തതത്വം, നീലകണ്ഠന്റെ തന്ത്രസംഗ്രഹം, രഘുനാഥന്റെ ദൃഗ്ഗണിതം, രാഘവാനന്ദചക്രവർത്തിയുടെ ദിനചന്ദ്രിക, രാമദൈവജ്ഞന്റെ പഞ്ചാംഗപത്രം തുടങ്ങിയ അനേകം ഗ്രന്ഥങ്ങൾ കാലക്രിയാഭാഗത്തിന്റെ വിവരണം നൽകുന്നു. ഇതിൽ കമലാകാരന്റെ സിദ്ധാന്തതത്വത്തിലെ 14 അദ്ധ്യായങ്ങളിൽ കാലനിർണയം, അക്ഷാംശരേഖാംശങ്ങൾ, ഭൂമിയുടെ വ്യാസം–ചുറ്റളവ് എന്നീ വിഷയങ്ങൾ കൂടാതെ, ഭൂമിയുടെ പ്രതലത്തിലുള്ള മർദ്ദം–താപം– മഴവില്ല്, തുടങ്ങിയ മറ്റ് പ്രതിഭാസങ്ങളെയും വിവരിക്കുന്നുണ്ട്.

ചില ജ്യോതിശാസ്ത്രഗ്രന്ഥങ്ങളിൽ യന്ത്രങ്ങളെക്കുറിച്ച് വിവരിക്കുന്ന ഭാഗങ്ങളുമുണ്ട്. മലയെണ്ടുവിന്റെ യന്ത്രരാജരചന, യന്ത്രരാജടീക, മുനീശ്വരന്റെ സിദ്ധാന്ത സാർവ്വഭൗമം, ബ്രഹ്മസ്ഫുടസിദ്ധാന്തത്തിന്റെ 22–ാം അദ്ധ്യായം എന്നിവ ജ്യോതിശാസ്ത്രഗവേഷണങ്ങൾക്കുപയോഗിച്ചിരുന്ന യന്ത്രങ്ങളുടെ വിവരണം നൽകുന്നു.

**വൃദ്ധ ഗാർഗ്യസംഹിത** : ജ്യോതിഷത്തിൽ, ഗ്രഹങ്ങളെക്കുറിച്ച് വിവരിക്കുന്ന ഒരുജ്ജ്വലഗ്രന്ഥമാണിത്. പതിനൊന്നദ്ധ്യായങ്ങളിൽ യഥാക്രമം സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി, രാഹു എന്നീ ഗ്രഹങ്ങ ളുടെ വിവരണങ്ങളും, അവസാനത്തെ മൂന്ന് അദ്ധ്യായങ്ങളിൽ മണ്ഡലം, സംവത്സരം, ഷഷ്ഠ്യബ്ദഫലം എന്നീ വിഷയങ്ങളും വിവരിക്കുന്നു.

**വരാഹമിഹിര ഹോരശാസ്ത്രം** : ജ്യോതിഷത്തിന്റെ വളരെ പ്രധാനപ്പെട്ട ഭാഗമാണ് ഹോരം. ജാതകം, പ്രശ്നം, നിമിത്തം, മുഹൂർത്തം എന്നിങ്ങനെ നാലു ഭാഗങ്ങൾ ചേർന്നതാണ് ഹോരം. നാലു വിഷയങ്ങളും ബന്ധപ്പെട്ടിരിക്കുന്നു. ഈ വിഷയങ്ങൾ



Scanned with CamScanner

വിവരിക്കുന്ന അനേകം ഗ്രന്ഥങ്ങൾ ഇന്ന് ലഭ്യമാണ്. ഗണിത-ജ്യോതിശാസ്ത്ര വിഷയങ്ങൾ മാത്രം വിവരിക്കുന്ന ഗ്രന്ഥങ്ങളിലും ഹോരവിഷയങ്ങൾ വിവരിക്കുന്നുണ്ട്.

ജീവിതത്തിലെ നന്മതിന്മകളെക്കുറിച്ച് ഹോരശാസ്ത്രം വിവരിക്കുന്നു. പൂർവ്വജന്മചെയ്തികളും അവയുടെ ഫലങ്ങളും വരാഹ ഹോരശാസ്ത്രത്തിൻെറ വിവിരണ വിഷയങ്ങളാണ്. ഇന്നു ലഭ്യമല്ലാത്ത ചില ഹോരകൃതികളാണ് മയൻ, യവനൻ, മണിന്തൻ, ശക്തിപൂർവ്വൻ എന്നിവരുടെ രചനകൾ. വരാഹമിഹരൻെറ ഹോരശാസ്ത്രം എല്ലാ ഹോരവിഷയങ്ങളും വിവരിക്കുന്ന ഒരു പൂർണ ഗ്രന്ഥമാണ്. ഇതിൽ 26 അദ്ധ്യായങ്ങളടങ്ങുന്നു.

ഗ്രഹരാശി വിവരണം, ഗ്രഹവർണനിരൂപണം, ഗ്രഹങ്ങളുടെ സ്വരൂപം-സ്ഥാനം-സ്ഥാനബലം, ഗ്രഹനിലകളിലൂടെ ലഭിക്കുന്ന കാലബലം, വിയോനി ജന്മജ്ഞാനം, പക്ഷികൾ, വൃക്ഷങ്ങൾ, സ്ഥാവര വസ്തുക്കൾ എന്നിവയുടെ ലക്ഷണങ്ങൾ, ഗർഭാധാനകാലം, ഗർഭാരിഷ്ടം, മാതാ-പിത-മാതുലർക്ക് കുട്ടിയുടെ ജനനം മൂലമുണ്ടാകുന്ന അരിഷ്ടങ്ങൾ, ഗർഭസ്ഥ ശിശുവിൻെറ വിവരണം, പൂർവ്വജന്മചിന്തനം, പ്രസവകാലനിർണ്ണയം, ജനനസ്ഥലവിശേഷം, ജനനസമയ-ശുഭലക്ഷണങ്ങൾ, ജനനമുറിയുടെ വിവരണം, ജനനസമയത്തെ ശരീരലക്ഷണം, ബാലാരിഷ്ടായോഗം, അരിഷ്ടകാല നിർണ്ണയം, ആയുർദൈർഘ്യം, ജീവശർമ്മസത്യൻ എന്ന ആചാര്യൻെറ മനുഷ്യായുസിനെക്കുറിച്ചും അമിതായുസിനെക്കുറിച്ചു മുള്ള ലക്ഷണമതം, ഗ്രഹങ്ങളുടെ ദശക്രമജ്ഞാനം, അന്തർദശാനയനം, ലഗ്നദശാവിശേഷം, ലഗ്നദശാസ്ഥാനം, നവഗ്രഹങ്ങളുടെ ദശാഫലങ്ങൾ, ദശാഫലങ്ങളിൽ വ്യക്തിയുടെ അവസ്ഥ, ഗ്രഹഫലങ്ങളിൽ മറ്റ് ഗ്രഹങ്ങളുടെ സ്വാധീനം, ഏഴു ഗ്രഹങ്ങളുടെ അഷ്ടവർഗവിവരണം, ജാതകവശാലുണ്ടാകുന്ന സാമ്പത്തിക വിഷയങ്ങൾ, ക്രയവിക്രയങ്ങൾ, ഗൃഹനിർമ്മാണം, ലാഭനഷ്ടങ്ങൾ, വിവിധ രാജയോഗങ്ങൾ, വജ്ര-സംഖ്യ, യൂപാ-നവാദിഫലങ്ങൾ, ചന്ദ്രയോഗം, സൂര്യ-ചന്ദ്ര, ചന്ദ്ര-കുജ, കുജ-ബുധ എന്നിങ്ങനെ ഗ്രഹയോഗ സമയത്തുണ്ടാകുന്ന ജനനഫലങ്ങൾ, പ്രവ്രജ്യയോഗവിശേഷങ്ങൾ, വിവിധ രാശികളിൽ ചന്ദ്രൻ, സൂര്യൻ, കുജൻ, ബുധൻ, ഗുരു, ശുക്രൻ, മന്ദൻ, എന്നീ ഗ്രഹങ്ങൾ യോഗം ചെയ്യുമ്പോൾ ഗ്രഹങ്ങളുടെ പരസ്പര ബന്ധങ്ങളാൽ ഉണ്ടാകുന്ന ഫലങ്ങൾ, ഗ്രഹചാരഫലം, ഗ്രഹങ്ങളുടെ കാരകത്വം, ഭാര്യാമരണം, അപുത്രത്വം,



Scanned with CamScanner

രോഗകാരണങ്ങൾ-രോഗ കാലങ്ങൾ, മറ്റ് അനിഷ്ടസംഭവങ്ങൾ, വിവിധ ദശാവസ്ഥയിൽ ജനിക്കുന്ന സ്ത്രീ പുരുഷ ജന്മഫലങ്ങൾ, ഭർതൃമരണം, സ്ത്രീയുടെ അപുത്രത്വം, സാധാരണമരണം, അപമൃത്യു, പുനർജന്മചിന്ത, ജന്മലഗ്നപരിജ്ഞാനം, ഗ്രഹഗുണങ്ങൾ, ജന്മനക്ഷത്രം, ചന്ദ്രമാസാവഗമനം, മേടം മുതൽ മീനമാസംവരെയുള്ള ദ്രേക്കാണ സ്വരൂപവിവരണം, എന്നീ വിഷയങ്ങളാണ്. മേൽ വിവിരിച്ച എല്ലാ അദ്ധ്യായങ്ങളുടെയും സംഗ്രഹം.

എല്ലാ ഹോരവിഷയങ്ങളും സംഗ്രഹരൂപത്തിൽ എഴുതിയത് കൂടാതെ വരാഹമിഹിരൻ, ജാതകഭാഗം മാത്രം ബൃഹത്ജാതകം എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ബൃഹത് ജാതകത്തിന്റെ 25 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന വിഷയങ്ങളാണ് ഇന്ന് നിലവിലുള്ള ജാതകഗ്രന്ഥങ്ങളുടെ വിഷയാടിസ്ഥാനം. തൽപൂർവ്വികമായ അനേകം ഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരിച്ചു കൊണ്ടാണ് ബൃഹത്ജാതകത്തിൽ വിഷയാവതരണം. ഈ ഗ്രന്ഥ വിഷയങ്ങൾ തന്നെ ക്രോഡീകരിച്ച മറ്റൊരു കൃതിയാണ് ലഘുജാതകം. ജാതകത്തിൽ, ഗ്രഹങ്ങളുടെ സ്വാധീനം വ്യക്തമായും ലളിതമായും നൽകിയിരിക്കുന്ന ഒരു രചനയാണ് ഉഡുജാതകോദയം. ഇതിൽ ജാതകവശാലുണ്ടാകുന്ന ദോഷങ്ങൾക്ക് പരിഹാരവും നിർദേശിക്കുന്നുണ്ട്.

**മുഹൂർത്തം** : മംഗളകർമ്മാനുഷ്ഠാനങ്ങൾക്കു വേണ്ടി നല്ല സമയം തെരഞ്ഞെടുക്കുന്നതാണ് മുഹൂർത്തനിർണയം. ഹോരശാസ്ത്രത്തിൽ മുഹൂർത്തത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. പരമേശ്വരന്റെ ആചാരസംഗ്രഹം എല്ലാ വിഷയങ്ങളുമടങ്ങുന്ന ഒരുത്തമഗ്രന്ഥമാണ്. ഇതിൽ 367 സൂത്രങ്ങളിലൂടെ 34 ഭാഗങ്ങളായി മുഹൂർത്ത സംബന്ധിയായ വിഷയങ്ങൾ വിവരിക്കുന്നു. ഈ വിവരങ്ങളുടെ സംക്ഷിപ്തരൂപം ഇപ്രകാരമാണ്. മുഹൂർത്തനിർണ്ണത്തിൽ വരുവാൻ സാദ്ധ്യതയുള്ള അപാകതകൾ, അവയുടെ ദോഷങ്ങൾ, വിവാഹ മുഹൂർത്തനിർണ്ണയത്തിൽ വരുവാൻ സാദ്ധ്യതയുള്ള അപാകതകൾ, അവയുടെ ദോഷങ്ങൾ, വിവാഹമുഹൂർത്തനിശ്ചയം, ഇതിൽ ഒഴിവാക്കേണ്ട അനവധി ദോഷങ്ങൾ, പുംസവന ചടങ്ങുകൾ, സീമന്തകർമ്മം, ജാതകർമ്മം, ചെവിയിൽ കമ്മൽ (ചെവി കുത്തുന്നത്) ഇടുക അഥവാ ചൂഡാകർണം, സൂര്യദർശനം അഥവാ നിഷ്ക്രമണം, അന്നപ്രാശനം, ഉപനയനം, വേദപഠനം, ക്ഷേത്രങ്ങളിലെ പ്രതിഷ്ഠ, ഗൃഹനിർമ്മാണം, ഗൃഹപ്രവേശനം, കിണർകുഴിക്കൽ, മരണാനന്തര ക്രിയകൾ, യാത്ര-കൃഷി ആരംഭം, വ്യത്യസ്ഥ ഉദ്ദേശത്തോടുകൂടിയ യാത്രാസമയം, വിവിധഇനം വിത്തുകൾ വിതച്ചുള്ള കൃഷി, രോഗ



Scanned with CamScanner

ചികിത്സ, പുതു വസ്ത്രങ്ങൾ ധരിക്കുന്നത് എന്നിവയ്ക്കു വേണ്ടിയുള്ള മുഹൂർത്തങ്ങൾ, സവിസ്തരം ഇതിൽ വിവരിക്കുന്നു. വിവാഹപൊരുത്തം നോക്കുന്നതിനുള്ള 8 യോഗങ്ങളുടെ സുദീർഘ വിവിരണവും ഇതിലുണ്ട്. ഓരോമുഹൂർത്തനിർണ്ണയത്തിലും ഉണ്ടാകുവാൻ സാദ്ധ്യതയുള്ള അപാകതകളും ദോഷങ്ങളും പരമേശ്വരാചാര്യൻ വിവരിക്കുന്നണ്ട്.

വരാഹമിഹരൻെറ തന്നെ രചനയെന്ന് വിശ്വസിക്കപ്പെടുന്ന യോഗയാത്ര, യാത്രയ്ക്കുവേണ്ടിയുള്ള സമയനിർണയവും ശകുനങ്ങളും വിവരിക്കുന്നു. വിവാഹപടലം എന്ന മറ്റൊരുഗ്രന്ഥം വിവാഹമൂഹർത്തത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. യാത്രാ മുഹൂർത്തങ്ങളെക്കുറിച്ച് വരാഹമിഹരൻതന്നെ ബൃഹദ് ജാതകത്തിൽ വിവരിക്കുന്നുണ്ട്. മുഹൂർത്താഷ്ടദീപിക എന്ന പരമേശ്വരൻെറ കൃതി അചാരസംഗ്രഹത്തിലേതുപോലെ മുഹൂർത്ത വിഷയങ്ങൾ സുദീർഘമായി വിവരിക്കുന്ന ഒരു ഗ്രന്ഥമാണ്.

**പ്രശ്നം** : ജ്യോതിഷത്തിൻെറ ഒരു പ്രധാന ഭാഗമാണിത്. രാശി നിയമങ്ങളും, ഗ്രഹ നിയമങ്ങളും ജാതകർമ്മത്തിലും പ്രശ്നത്തിലും ഏതാണ്ട് ഒരേപോലെയാണ്. ജാതകത്തിൽ ലഗ്നം ജനന സമയമാണെങ്കിൽ, പ്രശ്നത്തിൽ ആരുഢ ലഗ്നം പ്രശ്നകർത്താവ് വരുന്നതോ, വിഷയം അവതരിപ്പിക്കുന്നതോ ആയ സമയമാണ്. പ്രശ്നമാർഗ്ഗം, പ്രശ്നകൗമുദി, പ്രശ്നചിന്താമണി, പ്രശ്നദീപിക, എന്നിങ്ങനെ അനവധി ഗ്രന്ഥങ്ങൾ പ്രശ്നവിഷയം വിവരിക്കുന്നുണ്ട്.

**നിമിത്തം** : നിമിത്തവിഷയങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങൾ പലതും അതി പുരാതനങ്ങളല്ല. പക്ഷേ നിമിത്തവിഷയം, മഹാഭാരതത്തിലും രാമായണത്തിലും സുദീർഘമായി തന്നെ വിവിരിക്കുന്നുണ്ട്. ഈ വിഷയം വിവിരിക്കുന്ന രചനകൾ ചിലത് ഇന്ന് ലഭ്യമാണ്.



Scanned with CamScanner

# ഉപവേദം

ഉപവേദങ്ങൾ നാലെണ്ണമാണ്. സാമൂഹികസാമ്പത്തിക ശാസ്ത്രം വിവരിക്കുന്ന അർത്ഥശാസ്ത്രം, യുദ്ധരീതികൾ വിവരിക്കുന്ന ധനുർവേദം, സംഗീതശാസ്ത്ര വിവരണങ്ങൾ നൽകുന്ന ഗന്ധർവവേദം, ആരോഗ്യശാസ്ത്രമായ ആയുർവേദം. ഇതിൽ അർത്ഥശാസ്ത്രം ഋഗ്വേദത്തിൻെറയും, ധനുർവേദം യജുർവേദ ത്തിൻെറയും, ഗന്ധർവ്വവേദം സാമവേദത്തിന്റെയും, ആയുർവേദം അഥർവവേദത്തിന്റെയും ഉപവേദങ്ങളത്രെ. ഇവ കൂടാതെ നൃത്തവിവരണങ്ങളടങ്ങുന്ന നാട്യശാസ്ത്രവും, ശിൽപശാസ്ത്ര വിദ്യകളടങ്ങുന്ന ശിൽപവേദവും, ലൈംഗികവിഷയങ്ങൾ പ്രതിപാദി ക്കുന്ന കാമശാസ്ത്രവും ഉപവേദങ്ങളാണെന്ന് പണ്ഡിതമതവുമുണ്ട്,

ഉപവേദങ്ങളിലെല്ലാത്തിന്റെയും വളർച്ച ഈ ആധുനിക കാലഘട്ടത്തിലും നടന്നുകൊണ്ടേയിരിക്കുന്നു. അതുകൊണ്ടുതന്നെ എല്ലാ ഗ്രന്ഥങ്ങളുടെയും സംക്ഷിപ്തരൂപം തയ്യാറാക്കുക അസാദ്ധ്യമാണ്. പ്രാചീനങ്ങളായ ഉപവേദങ്ങളുടെ വിഷയങ്ങളെക്കുറിച്ച് ഒരു ഏകദേശരൂപം ലഭിക്കുന്നതിന് പുരാതനമായ പ്രധാന ഗ്രന്ഥങ്ങളുടെ സംഗ്രഹമാണ് ഇവിടെ ചേർത്തിരിക്കുന്നത്.

## അർത്ഥശാസ്ത്രം

അർത്ഥശാസ്ത്രം ഒരു ഉപവേദമായി ഗണിക്കപ്പെടുന്നു എന്നതിൽതന്നെ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിലവിലുണ്ട്. ലഭ്യമായ പല പ്രധാന ഗ്രന്ഥങ്ങളിലും ഇത് ഋഗ്വേദത്തിൻെറ ഉപവേദമാണെന്ന് വിവരിച്ചുകാണുന്നു. ചിലതിൽ അഥർവവേദത്തിൻെറ ഉപവേദ സ്ഥാനമാണ് അർത്ഥശാസ്ത്രത്തിന് നൽകിയിട്ടുള്ളത്. ഭൂരിപക്ഷം പണ്ഡിതരും അർത്ഥശാസ്ത്ര ഗ്രന്ഥങ്ങളെ ഋഗ്വേദത്തോട് ചേർക്കുന്നു.

ആശ്വലായന ഗൃഹ്യസൂത്രത്തിൽ ആദിത്യൻ എന്ന അർത്ഥശാസ്ത്രജ്ഞനെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. കൗടില്യൻ അഥവാ ചാണക്യൻ തന്നെ ഇരുപതിൽപരം അർത്ഥശാസ്ത്രപണ്ഡിതന്മാരെ ക്കുറിച്ച് കൗടിലീയത്തിൽ വിവരിച്ചുകാണുന്നു. ശുക്ര നീതിസാരം പ്രസിദ്ധമായ ഒരു അർത്ഥശാസ്ത്രഗ്രന്ഥമാണ്. നീതിവാക്യാമൃതം,



Scanned with CamScanner

രാജനീധി രത്നാകരം, വീരമിത്രോദയം, രാജനീതി മയൂഖം, രാജനീതി കൽപതരു, രാജനീതി കാമധേനു എന്നിവ വളരെ അറിയപ്പെടാത്ത അർത്ഥശാസ്ത്രഗ്രന്ഥങ്ങളാണ്.

**കൗടിലീയ അർത്ഥശാസ്ത്രം** : ഭൗതീകവിജ്ഞാനം, അതിഭൗതികം, മനശ്ശാസ്ത്രം, തർക്ക ശാസ്ത്രം, ധർമ്മനീതി എന്നി വിഷയങ്ങൾ പൂർണരൂപത്തിൽ ഉൾക്കൊണ്ട് സാമ്പത്തിക-സാമൂഹിക-രാജനൈതികകാര്യങ്ങൾ അടക്കം അനവധി പ്രശ്നങ്ങൾ. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ ഗഹനമായും സ്പഷ്ടമായും വിവരിക്കുന്നു. ആറായിരം ശ്ലോകങ്ങൾ, 150 അദ്ധ്യായങ്ങളിൽ 15 അധികരണങ്ങളിലായി ഇതിൽ വിവരിക്കുന്നു. വിനയാധികരണം, അദ്ധ്യക്ഷപ്രചാരം, ധർമ്മസ്ഥീയം, കണ്ടകശോധനം, യാഗവൃത്തം, മണ്ഡലയോനി, ഷാഡ്ഗുണ്യം, വ്യാസനാധികാരം, അഭിയാസ്യത്കർമ്മം, സാംഗ്രമികം, സംഘവൃത്തം, ആബലീയസം, ദുർഗലംഭോപായം, ഔപനിഷധികം, തന്ത്രയുക്തി എന്നിവയാണ് 15 അധികരണങ്ങൾ. ഇതിൽ 195 വിഷയങ്ങളാണ് വിവരിക്കുന്നത്. ഒന്നുമുതൽ നാൽപതുവരെ പ്രകരണങ്ങളാണ് ഓരോ ന്നധികരണത്തിലുമുള്ളത്. ഓരോ പ്രകരണവും ഓരോ വിഷയം വിവരിക്കുന്നു എന്നത് കൗടില്യന്റെ അർത്ഥശാസ്ത്രത്തിന്റെ മാത്രം പ്രത്യേകതയാണ്. കൂടാതെ ഓരോ പ്രകരണാന്ത്യത്തിലും വിഷയത്തിന്റെ സംക്ഷിപ്തരൂപം നൽകുന്ന ഒരുശ്ലോകവും ഉണ്ട്. ചരിത്രത്തിന്റെ ഏടുകളിൽ നിന്നോ അന്നത്തെകാലത്ത് നടന്നിരിക്കാവുന്ന സംഭവങ്ങളിൽ നിന്നോ കൗടില്യൻ ഉദാഹരണങ്ങൾ എടുത്തിട്ടില്ല. അതുകൊണ്ടുതന്നെ ഇത് കൗടില്യന്റെ ചിന്താധാരകൾ മാത്രം ആയിരിക്കാമെന്ന് വിശ്വസിക്കുന്നു. അധികരണാടിസ്ഥാനത്തിൽ വിഷയങ്ങളിപ്രകാരമാണ്.

വിനയാധികരണം : വിദ്ധ്യാസമുദ്ദേശം, വൃദ്ധസംയോഗം, ഇന്ദ്രിയജയം, അമാത്യോൽപത്തി, മന്ത്ര-പുരോഹിതഉൽപത്തി, ഗൂഢപുരുഷപ്രണിധി, സ്വവിഷയ കൃത്യാകൃത്യ പക്ഷോപഗ്രഹം, മന്ത്രാധികാരം, ഭൂതപ്രണിധി, രാജപുത്രരക്ഷണം, അവരുദ്ധവൃത്തി, ആത്മരക്ഷ.

അദ്ധ്യക്ഷപ്രചാരം : ജനപഥവിധിവേശം, ഭൂമിചരിദ്രവിധാനം, ദുർഗ്ഗനിർമ്മാണം, ദുർഗ്ഗനിവേശം, സന്നിധാതൃ നിചയ-കർമ്മം, സമാഹർതൃസമുദയ പ്രസ്ഥാപനം, ഗുണനനി കൃാധികാരം, യുജ്ഞാപഹൃതസമുദയ പ്രത്യാനയനം ഉപയുക്ത പരീക്ഷ ശാസനാധികാരം, കോശപ്രവേശനം, രത്ന പരീക്ഷ,



Scanned with CamScanner

ആകരകർമ്മാന്ത പ്രവർത്തനം, സ്വർണ്ണാദ്ധ്യക്ഷ കർത്തവ്യം, സൗവർണിക പ്രചാരം, കോഷ്ഠാഗാരാധ്യക്ഷ ധർമ്മം, പണ്യധ്യക്ഷ ധർമ്മം, കുപ്യാധ്യക്ഷധർമ്മം, ആയുധാധ്യക്ഷ ധർമ്മം, തുലാമാന പൗതവം, ദേശകാലമാനം, ശുൽകാധ്യക്ഷ കർത്തവ്യം, സൂനാധ്യക്ഷകർത്തവ്യം, ഗണികാധ്യക്ഷധർമ്മം, നാവാധ്യക്ഷ കർത്തവ്യം, ഗോധ്യക്ഷ കർത്തവ്യം, അശ്വാധ്യക്ഷകർത്തവ്യം, ഹസ്ത്യധ്യക്ഷകർത്തവ്യം, രഥാധ്യക്ഷകർത്തവ്യം, പത്യധ്യക്ഷ കർത്തവ്യം, സേനാപതി പ്രചാരം, മുദ്രാധ്യക്ഷധർമ്മം, വിപീതാധ്യക്ഷ കർത്തവ്യം, സമാഹൃതപ്രചാരം, ഗൃഹപത്യാദി പ്രണിധികൾ, നാഗരിക പ്രണിധി.

ധർമ്മസ്ഥീയ പ്രകരണം : വ്യവഹാര സ്ഥാപനം, വിവാഹ നിബന്ധം, വിവാഹസംയുക്തം, ദായവിഭാഗം, വാസ്തുകം, സമയാനപാകർമ്മം, ഋണാദനം, ഔപനിധികം, ദാസകർമ്മം, സംഭൂയസമുത്ഥാനം, വിക്രീത-ക്രീതാനുശയം, ദത്താനപാകർമ്മം, അസ്വാമിവിക്രയം, സ്വസ്മി സംബന്ധനം, സാഹസം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, ഭൃത്യസമാഹ്വയം.

കണ്ടകശോധപ്രകരണം : കാരുകരക്ഷണം, വൈദേഹക രക്ഷണം, ഉപനിപാത പ്രതികാരം, ഗൂഢാജീവരാക്ഷസ മാനവപ്രകാശനം, ശങ്കുരൂപകർമ്മഭിഗ്രഹം, ആശുമൃതക പരിക്ഷ, വാക്യകർമ്മാനുയോഗം, സർവ്വാധികരണ രക്ഷണം, ഏകാംഗവധ നിഷ്ക്രിയം, ശുദ്ധചിത്രഭാണ്ഡകൽപം, കന്യാപ്രകർമ്മം, അതിചാരദണ്ഡം.

യോഗവൃത്തപ്രകരണം : ഭാണ്ഡകർമ്മികം, കോശാഭി സംഹരണം, ഭൃത്യഭരണീയം, അനുജീവിവൃത്തം സമയാചാരികം, രാജ്യ പ്രതിസന്ധാനം, ഏകൈശ്വര്യം.

മണ്ഡലയോനി പ്രകരണം : പ്രകൃതിസമ്പത്ത്, ശമവ്യായാമികം.

ഷാഡ് ഗുണ്യപ്രകരണം : ഷാഡ്ഗുണ്യ സമുദ്ദേശം, ക്ഷയ-വൃദ്ധി സ്ഥാനിശ്ചയം, സംശ്രയവൃത്തി, ഗുണാഭിനിവേശം, ഹീന സന്ധികൾ, വിഗൃഹ്യാസനം, സന്ധായാസനം, സംഭൂയപ്രയാണം, പ്രകൃതിയുടെ ക്ഷയലോഭ വിരാഗ ഹേതുക്കൾ, സമവായിക വിപരിമർശം, സംഹിതപ്രയാണികം, അപസൃത സന്ധി, ദ്വൈധീഭാവം, സന്ധി വിശ്രമം, യാതവ്യവൃത്തി, അനുഗ്രാഹ്യമിത്ര വിശേഷങ്ങൾ, മിത്ര-ഹിരണ്യഭൂമി കർമ്മസന്ധികൾ, പാർഷ്ണഗ്രാഹചിന്ത, ഹീനശക്തി പൂരണം, ദണ്ഡോപനതവൃത്തം, ദണ്ഡോപനായി വൃത്തം, സന്ധികർമ്മം, സന്ധിമോക്ഷം, മധ്യചരിതം, ഉദാസീനചരിതം, മണ്ഡലചരിതം.



Scanned with CamScanner

വ്യസനാധികാര പ്രകരണം: പ്രകൃതിവ്യസനവർഗം, രാജാവിന്റെ വ്യസനചിന്ത, രാജ്യങ്ങളുടെ വ്യസനചിന്ത, പുരുഷവ്യസനവർഗം, പീഡനവർഗം, സ്തംഭവർഗം, കോശസംവർഗം, ബാസവ്യസവർഗം, മിത്രവ്യസനവർഗം.

അഭിയാസ്യൽകർമ്മ അധികരണം : ശക്തി, ദേശകാല ബലാബലജ്ഞാനം, യാത്രകാലങ്ങൾ, ബലോപദാന കാലങ്ങൾ, സന്നാഹഗുണങ്ങൾ, പ്രതിബലകർമ്മം, പശ്ചാൽകോപചിന്ത, ബാഹ്യാഭ്യന്തര പ്രകൃതികോപ പ്രതികാരം, ക്ഷയവ്യയ ലാഭ വിപരിമർശം, ബാഹ്യാഭ്യന്തര ആപത്തുകൾ, ദൂഷ്യശത്രു, സംയുക്താപത്തുകൾ, അർത്ഥാനാർത്ഥ സംയുക്താപത്തുകൾ.

സാംഗ്രമിക അധികരണം : സ്കാന്ദപാരനിവേശം, സ്കാന്ദാ പാരപ്രയാണം, ബലവ്യസനാവസ്കന്ദകാല രക്ഷണം, കൂടയുദ്ധ വികൽപങ്ങൾ, സ്വസൈന്യോൽസാഹനം, സ്വബല- അന്യബല വ്യായോഗം, യുദ്ധഭൂമി വിവരണം, ഹസ്തി-രഥ-അശ്വബലവിഭാഗം, അശ്വ-രഥ-ഹസ്തി സൈന്യങ്ങളുമായുള്ള യുദ്ധവിവരണം, യുദ്ധഭൂമിയിലെ സജ്ജീകരണങ്ങൾ.

സംഘവൃത്ത അധികരണം: ഭേദാപാദനങ്ങൾ, ഉപാംശുദണ്ഡം.

ആബലീയ സാധികരണം : ഭൂതകർമ്മം, മന്ത്രയുദ്ധം, സേനാമുഖ്യവധം, മണ്ഡല പ്രോത്സാഹനം, ശാസ്ത്രാഗ്നിരസ പ്രണിധികൾ, വീവധാസര പ്രസാരവധം, യോഗാതിസന്ധാനം, ദണ്ഡാതി സന്ധാനം, ഏകവിജയം.

ദുർഗ്ഗലംഭോപായ അധികരണം : ഉപജാപം, യോഗവാമനം, അപസർപ്പപ്രണിധി, പര്യപാസനകർമ്മം, അവമർദ്ദം, ലബ്ധപ്രശമനം.

ഔപനിഷധികാധികരണം : പരഘാതപ്രയോഗം, പ്രലംഭനം, സ്വബലോപഘാതപ്രതികാരം.

തന്ത്രയുക്തി അധികരണം : തന്ത്രയുക്തിയുടെ മഹത്വം, ഇപ്രകാരം വ്യക്തിയുടേയും കുടുംബത്തിന്റെയും, സമൂഹത്തി ന്റെയും, രാഷ്ട്രത്തിന്റെയും, ഓരോ ധർമ്മ കർമ്മവും. വ്യക്തമായി വിവരിക്കുന്ന കൗടിലീയ അർത്ഥശാസ്ത്രം മാതൃകാപരമായ ഒരുജ്ജ്വല സാമൂഹിക നീതിശാസ്ത്ര ഗ്രന്ഥമാണ്. അത്യാധുനിക നിയമസംഹിതകളിൽപോലും കാണാത്തത്ര വ്യക്തമായ ദണ്ഡനീതി



Scanned with CamScanner

വിഷയങ്ങൾകൂടി ഇതിൽ കൗടില്യൻ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ്, 2200-ൽ പരം വർഷങ്ങൾക്കുമുമ്പ് രചിക്കപ്പെട്ട ഈ ഗ്രന്ഥത്തന്റെ പ്രത്യേകത.

**കമന്ദക അർത്ഥശാസ്ത്രം** : കൗടില്യന്റെ അർത്ഥശാസ്ത്രഗ്രന്ഥത്തോട് വളരെ സാമ്യതയുള്ള ഈ ഗ്രന്ഥത്തിൽ 36 അദ്ധ്യായങ്ങളടങ്ങുന്നു. കൗടിലീയ ത്തിന്റെ സംക്ഷിപ്തരൂപമാണ് കമന്ദക അർത്ഥശാസ്ത്രം എന്ന അഭിപ്രായവും നിലവിലുണ്ട്. ഈ അദ്ധ്യായങ്ങളിൽ വിവരിക്കുന്ന വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. ഇന്ദ്രിയനിഗ്രഹം, മുതർന്നവരുടെയും ആചാര്യന്മാരുടെയും കീഴിൽ അനുശാസിക്കേണ്ട ആചാരങ്ങൾ, വിദ്യാഭ്യാസം, വിദ്യാവിവരണം, നാലു വർണങ്ങളുടെ ധർമ്മം, ശിക്ഷയുടെ മഹത്വം, സാമൂഹ്യാചാരങ്ങളിലൂടെയുള്ള ജീവിത നിയന്ത്രണങ്ങൾ, യജമാന-ദാസകർത്തവ്യങ്ങൾ, രാജസംരക്ഷണം, ഓരോ വ്യക്തിയും അറിഞ്ഞിരിക്കേണ്ട ആത്മരക്ഷാ മാർഗ്ഗങ്ങൾ, ശത്രു-മിത്രവിവരണം, ദൂതസഞ്ചാരം, ചാരന്മാരുടെയും-ദൂതന്മാരുടെയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവ്, പ്രജാകർത്തവ്യം, പ്രജകളുടെ ദുഷ്ചെയ്തികളെ നിയന്ത്രിക്കുന്നതിന്റെ മഹത്വം, സപ്തവിധ ഹീനകൃത്യങ്ങൾ, യോദ്ധാക്കളുടെ പരിശീലനം, നാലുവിധത്തിലുള്ള സാമ-ദാന-ഭേദ-ദണ്ഡങ്ങൾ, സൈന്യസജ്ജീകരണത്തിന്റെ ഗുണദോഷങ്ങൾ, സൈന്യ സംരക്ഷണം, സേനാധിപതിയുടെ കർത്തവ്യം, സൈന്യസജ്ജീകരണത്തിന്റെ വിവിധ വശങ്ങൾ, സൈന്യത്തിന്റെ ഘടന, സൈന്യത്തിനു നൽകേണ്ട പുരസ്കാരങ്ങൾ, യുദ്ധത്തിന്റെ ശരിയും തെറ്റും, യുദ്ധവിവരണം. കമന്ദക അർത്ഥശാസ്ത്രം കമന്ദകനീതിസാരം എന്നും അറിയപ്പെടുന്നുണ്ട്.

**ശുക്ര നീതിസാരം** : അർത്ഥ ശാസ്ത്ര വിഷയങ്ങൾ ഗഹനമായി വവരിക്കുന്ന ഒരു പുരാതന ഗ്രന്ഥമാണ് ശുക്രനീതിസാരം. അഞ്ചദ്ധ്യായങ്ങളാണ് ഇതിലുള്ളത്.

അ. 1, 2. നീതിശാസ്ത്രം, ധർമ്മശാസ്ത്രപ്രശംസ, രാജധർമ്മം, മന്ത്രിമാരുടെ ധർമ്മം, ഭരണരീതികൾ, രാജകർത്തവ്യം, ദേശത്തിന്റെ ചിഹ്നം, യുവരാജധർമ്മം, പുരോഹിത വിവരണം, ദണ്ഡനീതി, അശ്വശിക്ഷണം, ധനാദ്ധ്യക്ഷന്റെയും-ഭരണാധികാരികളുടെയും വിവരണം, വൈദ്യലക്ഷണം, സ്വാമി-ഭൃത്യബന്ധം, വിവിധ പത്രങ്ങൾ-ആജ്ഞാപത്രം-ജയപത്രം-ദാനപത്രം,വരവുചെലവു കണക്കുകളുടെ ചുമതല-വ്യവഹാരങ്ങളും ക്രയവിക്രയങ്ങളും,



Scanned with CamScanner

ഭൃത്യന്മാരുടെ കർത്തവ്യങ്ങൾ, സേനാപതിധർമ്മം, ദുഷ്ചെയ്തിക്കും - കുറ്റങ്ങൾക്കുമുള്ള ശിക്ഷ, മിത്രസ്വഭാവം - ലക്ഷണം, ധനാപഹരണ ത്തിനുള്ള ശിക്ഷ, സ്ത്രീയുമായുള്ള ബന്ധത്തിന് അനുശാസിക്കേണ്ട നിയമങ്ങൾ, ഗുരുവിൻെറ ധർമ്മവും-ലക്ഷണവും, സാക്ഷിവിവരണം, പെരുമാറ്റ ചട്ടങ്ങൾ, നാലു വർണ്ണങ്ങളുടെ കർമ്മധർമ്മങ്ങൾ, വൃദ്ധ - രോഗി-ബാല-സ്ത്രീസംരക്ഷണം, മഹാപുരുഷലക്ഷണം.

അം 3. ശത്രു-മിത്രലക്ഷണം, ആചാരമഹത്വം, ദണ്ഡനീതി, അളവുകൾ, ഉത്തമരാജാവിൻെറ ലക്ഷണവും-ധർമ്മവും, പ്രജാലക്ഷണം, ധനത്തിൻെറ തെറ്റായ വിനിയോഗം-ദ്രോഹം-കൊലപാതകം, എന്നിവയ്ക്കുള്ള ശിക്ഷകൾ. ധാന്യം-ഔഷധി-രത്നം എന്നിവയുടെ ശേഖരണം, ധാതുക്കളും ലോഹങ്ങളും ഉൽപാദിപ്പി ക്കുന്നതിൻെറയും ശേഖരിക്കുന്നതിന്റെയും ക്രമീകരണങ്ങൾ, കരം പിരിക്കുന്നതിൻെറ നിയമങ്ങൾ, വേദപഠനനിയമങ്ങൾ, മന്ത്ര-ബ്രാഹ്മണലക്ഷണം, വേദ-ഉപവേദ-വേദാംഗ-ആഗമങ്ങളുടെ സുദീർഘമായ വിവരണം, സ്ത്രീധർമ്മം, ഭാര്യ ഭർതൃബന്ധം, കൂപനിർമാണം, പ്രതിമാസ്ഥാപനം, സ്ത്രീയുടെ ദേവതാത്വം, പ്രതിമാ ലക്ഷണം, പ്രതിമയുടെ ശ്രേഷ്ഠത്വം, കൊട്ടാരനിർമ്മാണം, സേവക മഹത്വം, ജാതി-കുല-കുടുംബധർമ്മം.

അം. 4. ദണ്ഡനം അർഹിക്കുന്ന കുറ്റങ്ങൾ, കുറ്റവാളികളെ കൈകാര്യം ചെയ്യുന്ന രീതികൾ, പിഴ-തടവ് എന്നി ശിക്ഷകൾ, നിരപരാധിയുടെ ലക്ഷണം, അസത്യ-മിഥ്യോത്തര-കള്ളസാക്ഷി വിവരണം, സാക്ഷിലക്ഷണം, കുശല കുടില ലക്ഷണം, യുക്തിലക്ഷണം, ജയപരാജയവിവരണം, കുടുംബനായകമഹത്വം, സഹൃദ്ലക്ഷണം, രാഷ്ട്രഭക്തി ലക്ഷണം, വിദ്യ-കല നിരൂപണം, ലോകധർമ്മ നിരൂപണം, സേനാനിരൂപണം, രാജധർമ്മ നിരൂപണം.

അം 5. ശുക്ര നീതിസാരപഠനഫലങ്ങൾ, രാജാവ് ശത്രുവിനെ നേരിടേണ്ട മാർഗ്ഗങ്ങൾ, രാജശക്തിയുടെ ലക്ഷണം, സ്വജനപക്ഷപാത വിരോധം.

കൗടില്യൻെറ അർത്ഥശാസ്ത്രത്തേക്കാൾ ലളിതമായ ഭാഷയി ലാണ് ശുക്ര നീതിസാരം രചിക്കപ്പെട്ടിട്ടുള്ളത്. സാമൂഹ്യ-സാംസ്കാരിക-വ്യവസായ മണ്ഡലങ്ങളിൽ ആധുനിക കാലഘട്ടത്തിൽ കാണുന്ന പ്രശ്നങ്ങൾ പോലും ഒരു നിയമസംഹിതയിലെന്നപോലെ ശുക്ര നീതിസാരത്തിൽ



Scanned with CamScanner

വിവരിക്കുന്നു എന്നതാണ്, കൗടിലീയത്തേക്കാൾ പഴക്കമുള്ള ഈ ഗ്രന്ഥത്തിന്റെ മഹത്വം.

## ധനുർവേദം

യജ്ജുർവേദത്തിന്റെ ഉപവേദമാണ് ധനുർവേദം. വിശ്വാമിത്രൻ, സദാശിവൻ, ശാർങ്ങദത്തൻ, വിക്രമാദിത്യൻ എന്നിവർ രചിച്ച ധനുർവേദഗ്രന്ഥങ്ങളുണ്ടെങ്കിലും, വിശ്വാമിത്രഗ്രന്ഥം മാത്രമേ ഇന്നു ലഭിച്ചിട്ടുള്ളൂ. നാലദ്ധ്യായങ്ങളുള്ള ഒരു ലഘു ഗ്രന്ഥമാണിത്. യുദ്ധവിവരണം, യുദ്ധത്തിനായി അവശ്യം ഉണ്ടായിരിക്കേണ്ട ശാരീരികവും-മാനസികവും-ആയുധസംബന്ധവുമായ പരിശീലനങ്ങൾ എന്നിവയാണ് വിശ്വാമിത്ര ധനുർവേദത്തിലെ പ്രധാനവിഷയങ്ങൾ.

യുദ്ധത്തിനുപയോഗിക്കുന്ന, അസ്ത്രങ്ങൾപോലെ തൊടുത്തു വിടാവുന്ന മുക്തായുധങ്ങൾ, വാൾപോലെ ഉപയോഗിക്കാവുന്ന അമുക്തായുധങ്ങൾ, ഗദപോലെ ശത്രുവിനെ തുടർച്ചയായി പ്രഹരിക്കുവാൻ ഉപയോഗിക്കുകയും ഉന്നംവച്ച് എറിഞ്ഞു വീഴ്ത്തുവാൻ ഉപകരിക്കുകയും ചെയ്യുന്ന മുക്താമുക്ത ആയുധങ്ങൾ, വളരെ ദൂരെയുള്ള വസ്തുവിനെ ഉന്നം ചെയ്തുവീഴ്ത്തുവാൻ സാധിക്കുന്ന റോക്കറ്റുപോലുള്ള വിമുക്തായുധങ്ങൾ, ബ്രഹ്മാസ്ത്രം, പാശുപതാസ്ത്രം, പ്രജ്ഞാപത്യാസ്ത്രം, ആഗ്നേയാസ്ത്രം എന്നീ വിമുക്താസ്ത്രങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. യുദ്ധത്തിനായി അശ്വം, ഗജം എന്നിവയെ പരിശീലിപ്പിക്കുക, ചക്രവ്യൂഹം-പത്മവ്യൂഹം എന്നിങ്ങനെയുള്ള അനേകം വ്യൂഹങ്ങൾ രചിക്കുക എന്നിവയും, അയുധാഭ്യാസത്തിലെ ചിട്ടകൾ-വിധങ്ങൾ- പരിശീലനകാലയളവ് എന്നിവയും ഇതിൽ വിവരിക്കുന്നുണ്ട്.

**ധനുർവേദസംഹിത** : ഗ്രന്ഥകർത്താവിനെക്കുറിച്ച് വ്യക്തമായ വിവരങ്ങളൊന്നും ലഭിക്കാത്ത ഒരു ഗ്രന്ഥമാണ് ധനുർവേദസംഹിത. ഈ ഗ്രന്ഥത്തിൽ വിഷയങ്ങളുടെ ക്രമീകരണം രഥം-ഗജം-അശ്വം-കാലാൾപട എന്നിവ ഉപയോഗിച്ചുള്ള നാലുവിധ യുദ്ധതന്ത്രങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇതിനെ ചതുഷ്പാദരീതി എന്നു പറയുന്നു. ഇതിൽ യുദ്ധത്തിനുപ യോഗിക്കുന്ന ആയുധങ്ങളെ യന്ത്രമുക്തം, പാണിമുക്തം, മുക്തസന്ധാരിതം, അമുക്തം എന്നിങ്ങനെ നാലു വിഭാഗങ്ങളിൽ പെടുത്തിയിരിക്കുന്നു. വില്ല്-യന്ത്രം-കവണി എന്നിവ യന്ത്രമുക്തായു ധങ്ങളിൽ ചിലതാണ്. ഗദ-പാണിമുക്തായുധവും, കുന്തം മുക്തസന്ധാരവും, വാൾ അമുക്തായുധവുമാണ്.



Scanned with CamScanner

യുദ്ധം ചെയ്യുന്ന യോദ്ധാവ് നിൽക്കേണ്ട സമപദം-വൈശാഖം- മണ്ഡലം- ആലീഢം- പ്രത്യാലീഢം, ജ്ഞാനം-ദണ്ഡായനം- സിപുടം എന്നീ മുറകളും, ഭ്രാന്തം-ഉൽഭ്രാന്തം-അവിദ്ധം-ആപ്തജ്ജം- തുടങ്ങി 32 വിധ വാൾപ്രയോഗങ്ങളും ഇതിൽ സുദീർഘമായി വിവരിക്കുന്നു. പരാവൃത്തം, അപരാവൃത്തം, ഗൃഹീതം തുടങ്ങി 7 വിധ പാശയുദ്ധങ്ങളും ഛേദനം, ഭേദനം തുടങ്ങി 6 വിധ ചക്രയുദ്ധങ്ങളും ധനുർവേദസംഹിതയിലെ വിവരണ വിഷയങ്ങളാണ്. ഏഴുവിധ ശൂല പ്രയോഗങ്ങൾ, ആസ്ഫോടനം, ക്ഷോളനം എന്നിങ്ങനെയാണ്, ദൃഷ്ടിഘാതം, പാർശ്വഘാതം എന്നിങ്ങനെയുള്ള തോമര പ്രയോഗ ങ്ങളും സവിസ്തരം ഇതിൽ നൽകിയിട്ടുണ്ട്. ആഹതം, പ്രഭൂതം എന്നിങ്ങനെ 14 വിധ ഗദാപ്രയോഗങ്ങളും, വജ്രം-കൃപാണം- ഭിന്ദിപാലം എന്നീ ആയുധപ്രയോഗങ്ങളും, ധനുർവേദ സംഹിതയിലുണ്ട്.

ധനുർവേദത്തെക്കുറിച്ചും അവയുടെ പ്രയോഗരീതികളെക്കുറിച്ചും നല്ല വിവരണം ലഭിക്കുന്നതിന് മഹാഭാരതത്തിലെ യുദ്ധപർവ്വം വായിച്ചാൽ മതിയാകും. വ്യൂഹരചനകൾ, ആയുധപ്രയോഗങ്ങൾ, യുദ്ധനിയമങ്ങൾ എന്നിവയെല്ലാം സുദീർഘമായി യുദ്ധപർവ്വത്തിൽ നൽകിയിട്ടുണ്ട്. ഇവയോരോന്നും പ്രായോഗിക ധനുർവേദ വിഷയങ്ങളാണ്.

**നീതിപ്രകാശിക** : വൈശമ്പായനൻ രചിച്ച എട്ട് സർഗങ്ങളുള്ള നീതിപ്രകാശിക ഗ്രന്ഥത്തിൽ ധനുർവേദ വിഷയങ്ങൾ വളരെ സ്പഷ്ടമായിതന്നെ വിവരിക്കുന്നുണ്ട്. യുദ്ധത്തിൻെറ പ്രാഥമിക നിയമങ്ങൾ, രാജാവിൻെറ ധർമ്മാനുശാസനത്തിനുള്ള സുദീർഘമായ ഉപദേശം, 136 ആയുധങ്ങളുടെ വിവിരണം, അവയുടെ വർഗീകരണം, മേൽവിവരിച്ച ആയുധങ്ങളുടെ സ്പഷ്ടമായ പുനർവിവരണം, ഖഡ്ഗത്തിൻെറ ഉത്ഭവം, വിവിധ ഇനം ഖഡ്ഗങ്ങളുടെ വിവരണം, മുക്തായുധങ്ങളുടെ പേരുകളും അവയെക്കുറിച്ചുള്ള വിവരണങ്ങളും, വിവിധ ഇനം അമുക്തായാധങ്ങളുടെ വിവരണം, യുദ്ധകാലത്തും, സമാധാന കാലത്തും, അവശ്യം നടത്തേണ്ട സേനാസജ്ജീകരണം, സൈന്യ യോഗകഥനം, രാജധർമ്മം, സേനാപോഷണം, രാജ്യരക്ഷാ നിയമങ്ങൾ.

ധനുർവേദവിഷയങ്ങൾ വിവരിക്കുന്ന പ്രധാനപ്പെട്ട മറ്റു രണ്ടു രചനകളാണ് കോദണ്ഡമണ്ഡനവും, വീരചിന്താമണിയും. യുദ്ധമുറകളും - യുദ്ധനിയമങ്ങളും - ആയുധ വിവരണങ്ങളുമാണ് ഇവയിലെ വിഷയങ്ങൾ.



Scanned with CamScanner

## ഗന്ധർവവേദം

സാമവേദത്തിൻെറ ഉപവേദമാണ് ഗന്ധർവവേദം എന്ന് 'സാമഭ്യോഗീതം ഏവ ച ' എന്നവരികൊണ്ട് സൂചിപ്പിക്കുന്നു. സംഗീതവും അഭിനയവും ചേർന്നതാണ് ഗന്ധർവവേദം. ചില പണ്ഡിതന്മാർ കാമശാസ്ത്രവും ഗന്ധർവവേദത്തിൻെറ ഭാഗമായിരിക്കാമെന്ന് അഭിപ്രായപ്പെടുന്നുണ്ട്. **ശാർങധരൻെറ സംഗീതരത്നാകരം:** ഈ കൃതി ഇന്ന് ലഭ്യമല്ലാത്ത അനവധി ഗന്ധർവവേദഗ്രന്ഥങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഏഴ് അദ്ധ്യായങ്ങളടങ്ങുന്ന ഇതിൽ വിവരിക്കുന്ന വിഷയങ്ങൾ ഇപ്രകാരമാണ്.

സ്വരവിവരണം, രാഗങ്ങൾ, രാഗങ്ങളുടെ സ്വഭാവം, രാഗങ്ങളുടെ ഉൽഭവം, രാഗവിവരണം, സ്വരം, ശ്രുതി, ഗ്രാമം, മൂർച്ച രാഗജാതികൾ, ഗ്രാമരാഗങ്ങൾ, ഉപരാഗങ്ങൾ, ശാസ്ത്രീയമായ സംഗീതപഠന രീതികൾ, സംഗീതം ശരീരത്തിനും മനസ്സിനും സ്വാധീനിക്കുന്ന തിൻെറ വിവരണം, സംഗീതത്തിൻെറ ഗുണദോഷങ്ങൾ, വീണ, മൃദംഗം തുടങ്ങിയ ഉപകരണങ്ങളെക്കുറിച്ചുള്ള വിവരണം, സംഗീതത്തിന്റെ ഘടനാവിവരണം, നൂറ്റയെട്ട് താള വിവരണങ്ങൾ, താളങ്ങളുടെ 10 തത്വങ്ങൾ അഥവാ ദശപ്രാണങ്ങൾ, അവയുടെ ഗുണദോഷങ്ങൾ അഭിനയവിവരണം, നാട്യകലയുടെ പ്രായോഗിക ഗുണങ്ങൾ.

സാമഗാനം എന്ന ഗ്രന്ഥത്തിൽ സാമവേദം സംഗീതാത്മകമായി ചൊല്ലുന്നതിനെക്കുറിച്ചുള്ള പഠനക്രമങ്ങൾ നൽകിയിരിക്കുന്നു. സപ്തസ്വരങ്ങളുടെയും, സാമഗാനത്തിന്റെയും ഉദാത്ത-അനുദാത്ത - സ്വരിതങ്ങളുടെ ഉത്ഭവമാണ് 'സാമഗാന'ത്തിലെ പ്രധാനവിഷയം.

സംഗീതത്തിൻെറ വളരെ ഗഹനമായ ശാസ്ത്രീയതത്വങ്ങളാണ് 'യാമലാഷ്ടക'ത്തിലെ വിഷയം. സംഗീത ഉപകരണങ്ങളുടെ സവിസ്തര വർണനയാണ് ഉഡ്ഡീശമഹോദയത്തിലെ വിഷയം. ഇതിലെ 16 അദ്ധ്യായങ്ങളിൽ ഓരോന്നും ഓരോ സംഗീതഉപകരണത്തെക്കുറിച്ച് വിവരിക്കുന്നു. സോമേശ്വരൻെറ മാനസോല്ലാസം പുരുഷരാഗങ്ങളെക്കുറിച്ചും അതിൽ നിന്നും ഉത്ഭവിച്ച രാഗിണികളുടെ ഗുണങ്ങളെക്കുറിച്ചും 260ൽപരം സൂത്രങ്ങളിലൂടെ വിവരിക്കുന്നു. ദാമോദരപണ്ഡിതന്റെ സംഗീത ദർപണം സംഗീതശാസ്ത്രത്തിന്റെ വിവധ വശങ്ങളെക്കുറിച്ച് വിവരണം നൽകുന്നു.

**നാട്യശാസ്ത്രം** : ചിലസംഗീതശാസ്ത്ര ഗ്രന്ഥങ്ങളിലും നാട്യശാസ്ത്ര വിഷയങ്ങൾ വിവരിക്കുന്നുണ്ട്. ഒരു പ്രത്യേക ഉപവേദമായും,



Scanned with CamScanner

അഞ്ചാം വേദ പദവിയിലും നാട്യശാസ്ത്രത്തിനെ ഗണിക്കപ്പെട്ടിട്ടുണ്ട്. സാമവേദത്തിൽ നിന്ന് സംഗീതവും, യജുർവേദത്തിൽ നിന്ന് നാട്യശാസ്ത്രവും ഉണ്ടായതായി ചില വിവരണങ്ങളിൽ കാണുന്നു. നാട്യശാസ്ത്രത്തിൽ സംഗീതം ഒരു അവിഭാജ്യഘടകമായതുകൊണ്ട് നാട്യശാസ്ത്രം ഗന്ധർവവേദത്തിന്റെ ഭാഗമായിത്തന്നെ ഇവിടെ വിവരിക്കുന്നു.

**ഭരതമുനിയുടെ നാട്യശാസ്ത്രം** : ഈ ഗ്രന്ഥത്തിലെ 36 അദ്ധ്യായങ്ങളിലായി നടനവിഷയങ്ങളെക്കുറിച്ച് സുദീർഘമായ വിവരണം നൽകുന്നു. ആത്രേയമുനിയുടെ പ്രശ്നങ്ങൾക്കുത്തരമായിട്ടാണ് ഭരതമുനി നാട്യശാസ്ത്രം വിവരിക്കുന്നത്. അതിലെ വിഷയങ്ങൾ ഇപ്രകാരമാണ്.

അം 1. ബ്രഹ്മാവിൽ നിന്നുള്ള നാട്യശാസ്ത്രത്തിൻെറ ഉത്ഭവം, നാരദൻെറ നടനശാസ്ത്രപഠനം, ബ്രഹ്മആജ്ഞയാൽ ആദ്യത്തെ നടനപ്രകടനം, വിരൂപാക്ഷൻ എന്ന അസുരൻ അതു തടസ്സപ്പെടുത്തുന്നത്, വിഘ്നനിവാരണത്തിനായി പ്രാർത്ഥിച്ച ഭരതൻെറ രക്ഷയ്ക്കായി ബ്രഹ്മആജ്ഞയാൽ വിശ്വകർമ്മാവിൻെറ നടനശാലനിർമ്മാണം, നടനത്തിലെ രംഗദൈവപൂജാവിധി.

അം 2, 3. നാട്യശാലയുടെ ലക്ഷണം, രംഗഗൃഹം, മണ്ഡപം, സ്തംഭസ്ഥാപനം, രംഗശീർഷം, ഭിത്തിനിർമ്മാണം, നടനശാലയിലെ ചിത്രകർമ്മങ്ങൾ, ചതുരാകൃതിയിലുള്ള പ്രേക്ഷകഗൃഹലക്ഷണം, തൃകോണാകൃതിയിലുള്ള പ്രേക്ഷകഗൃഹം, നടനശാലയിലെ മന്ത്രജപം, ദേവപ്രാർത്ഥന, ജർജ്ജരപൂജാരംഭത്തിനുള്ള സമയം-ദിനം, പൂജാദ്രവ്യങ്ങൾ, നാട്യാചാര്യൻെറ കുംഭഭേദനവിധി, പൂജാഫലം.

അം 4, 5. പൂർവ്വരംഗവിധാനം, 32 അംഗഹാരങ്ങൾ, 108 കരപ്രയോഗങ്ങൾ, പൂർവ്വരംഗത്തിൻെറ അംഗങ്ങൾ, അവതരണം, നടനാരംഭം, മാഗോത്സാരിത, ഗീതവിധി, നാന്ദി, രംഗദ്വാരം, മഹാചാരി, ത്രിഗതം, ധ്രുവങ്ങളുടെ അഞ്ചു ഭേദങ്ങൾ.

അം 6 – 9. എട്ടു രസങ്ങൾ, 8 സാത്വികങ്ങൾ, 4 അഭിനയങ്ങൾ, 2 ധർമ്മങ്ങൾ, 4 വൃത്തികൾ, 4 പ്രവൃത്തികൾ, 2 സിദ്ധികൾ, 2 സ്വരങ്ങൾ, 5 ഗാനങ്ങൾ, 3 രംഗങ്ങൾ, രസ-ഭാവ ബന്ധം, ശൃംഗാര- ഹാസ്യ-കരുണ-രൗദ്ര-ഭയാനക-ബീഭത്സ-അത്ഭുതരസങ്ങൾ, ശൃംഗാരത്തിൻെറ 3 ഭാവഭേദങ്ങൾ, 34 വ്യഭിചാരങ്ങൾ, 8 സാത്വിക ഭേദങ്ങൾ, അഭിനയ പദവിവരണം, 4 അഭിനയങ്ങൾ, 13 വിധ ശിരകർമ്മങ്ങൾ, ദൃഷ്ടിലക്ഷണം, 18



Scanned with CamScanner

ദൃഷ്ടിഭാവങ്ങൾ, ദർശനപ്രകാരം, നാസാകർമ്മം, ഓഷ്ഠലക്ഷണം, മുഖരാശിഭേദങ്ങൾ. മൂന്നുവിധ ഹസ്താഭിനയങ്ങൾ, അസംയുക്തഹസ്തം, 24 ഹസ്തമുദ്രകൾ, 13 സംയുതഹസ്തമുദ്രകൾ.

അം 10 - 12. ഉരസ്-പാർശ്വം-കടി-ഊരു-ജംഘഭാഗം, പാദങ്ങൾ, ഇവയുടെ 5 ലക്ഷണങ്ങൾ, ചാരീലക്ഷണം അഥവാ നടത്തലക്ഷണം, ഭൂമിയിലെ നടത്തം, ആകാശനടത്തം ഇവയുടെ വിവിധ രീതികൾ, വ്യായാമവിധികൾ, ആകാശഗാമിനി മണ്ഡലങ്ങൾ, ഭൂമണ്ഡലങ്ങൾ എന്നിവയുടെ വിവിധ ഇനങ്ങൾ.

അം 13, 14. വിവിധ രസങ്ങളിലെ ഗതിപ്രകാരങ്ങൾ, ഉത്തമന്മാരുടെയും അധമന്മാരുടെയും ചലനങ്ങൾ, ശിശു-വൃദ്ധ-കൃശ-വാമന-മ്ലേച്ഛന്മാരുടെ 50-ൽ പരം ചലനഗതികൾ, നാലുവിധ പ്രവൃത്തികൾ, 2 വിധധർമ്മികൾ.

അം 15, 16. വാചികാഭിനയം, സംസ്കൃതഭാഷാ പഠനം, 2 വിധ നിബന്ധനങ്ങൾ, ഛന്ദശ്ശാസ്ത്രം, നൃത്തം, വൃത്തം, ഛന്ദസംഖ്യാ, ഛന്ദസുകളുടെ വൃത്ത-നാമ-അക്ഷര നിയമങ്ങൾ.

അം 17, 18. അഭിനയത്തിന്റെ 36 ലക്ഷണങ്ങൾ, കാവ്യദോഷങ്ങളുടെ വിവിധ വശങ്ങൾ, കാവ്യങ്ങളുടെ 10 ഗുണങ്ങൾ, അലങ്കാര രസവിനിയോഗം, ഹ്രസ്വ-ദീർഘ-പ്ലുതങ്ങളുടെ രസവിനിയോഗം,നാട്യത്തിലെ അഭിനയങ്ങൾക്ക് സമുചിതമായ ശബ്ദപ്രയോഗം, ഭാഷാവിധാനം, പ്രാകൃത ഭാഷാനിയമങ്ങൾ, ഭാഷാഭേദങ്ങൾ, സംസ്കൃത-പ്രാകൃത ഭാഷകളുടെ പ്രയോഗവ്യവസ്ഥ, ഏഴുവിധ ഭാഷകൾ.

അം 19 – 21. നടനത്തിലെ സംഭാഷണവിധി, നാമക്രിയാവിധി, പാഠ്യഗുണം, സപ്തസ്വരരസങ്ങൾ, വർണങ്ങൾ, ഷഡലങ്കാരം, ഷഡംഗങ്ങൾ, 10 രൂപകങ്ങൾ, സന്ധികൾ, 5 അവസ്ഥകൾ, 5 അർത്ഥ പ്രകൃതികൾ, 4 പതാകസ്ഥാനകങ്ങൾ, 5 സന്ധികൾ, സന്ധ്യന്തരങ്ങൾ, സന്ധ്യംഗങ്ങളുടെ പ്രയോജനങ്ങൾ, ഗദ-വിമർശ-നിർഹണ സന്ധ്യംഗങ്ങൾ, അർത്ഥോപക്ഷേപകങ്ങൾ, നാടകലക്ഷണം.

അം 22, 23. വൃത്തി ഭേദവിവരണം, വൃത്തികളുടെ ഉത്ഭവം, 4 ഭാരതീവൃത്തി, 4 സാത്വതീവൃത്തി, 4 കൈശികിവൃത്തി, 4 ആരഭടീയവൃത്തി, വൃത്തികളുടെ രസോപയോഗം, അണിയറ ഭേദങ്ങൾ, അലങ്കാരനാമങ്ങൾ, വേഷഭേദങ്ങൾ, അംഗരചന,



Scanned with CamScanner

സംയുക്ത വർണങ്ങൾ, ഉപവർണങ്ങൾ, പ്രാണി-അപ്രാണിഭേദം, കഥാപാത്രങ്ങളുടെ നിറങ്ങൾ, ശ്മശ്രുകർമ്മം, മൂന്നുവിധ വേഷങ്ങൾ, മുകുടങ്ങൾ, സജ്ജീവങ്ങൾ, ആയുധങ്ങളുടെ അളവുകൾ, 235 ജർജ്ജര ലക്ഷണം. ദണ്ഡകാഷ്ഠലക്ഷണം, പ്രതിശീർഷങ്ങൾ, നാട്യോപകരണങ്ങൾ.

അം 24. നായികാ-അംഗജാ-സ്വഭാവജാ-അയത്നജാ നായകാലങ്കാരങ്ങൾ, 6 അംഗീകാഭിനയം. 12 വാചികാഭിനയം, അഭിനയസാമാന്യനിയമം, ശബ്ദാദികളിലൂടെയുള്ള അഭിനയം, സ്ത്രീകളുടെ ശീലഭേദങ്ങൾ, രതിസുഖം, രാജോപചാരം, കാമചേഷ്ടകൾ, പത്തു കാമാവസ്ഥകൾ, ദൂതിപ്രേക്ഷണം, നായികോപചാരം, നായികാഭേദങ്ങൾ, കാമതന്ത്രങ്ങൾ, വാസകസജ്ജയുടെ ഉപചാരം, നായകാനുനയോപായങ്ങൾ, രംഗപ്രയോഗനിഷേധം, പ്രിയസംബോധനകൾ, ദിവ്യസ്ത്രീകളുടെ അഭിനയ നിയമങ്ങൾ.

അം 25. ബാഹ്യോപചാര വിവരങ്ങൾ, വൈശികലക്ഷണം, അനുരക്തയുടെ ലക്ഷണം, വിരക്തയുടെ ലക്ഷണം, നായികാ വശീകരണ ഉപായങ്ങൾ, മൂന്നു പ്രകൃതികൾ, യൗവനഭേദങ്ങൾ, പുരുഷഭേദങ്ങൾ, സമാധി ഉപായങ്ങൾ, സ്ത്രീയുടെ ഇഷ്ടാനിഷ്ടങ്ങൾ അറിയുവാനുള്ള ഉപായങ്ങൾ.

അം 26, 27. ഋതുക്കളുടെ അഭിനയം, ഭാവ-അഭാവാനുഭാവങ്ങൾ, അഭിനയത്തിന്റെ സാമാന്യനിയമങ്ങൾ, ഭാവാഭിനയങ്ങൾ, ശുക ശാരിക അഭിനയങ്ങൾ, ആകാശവചനാദികൾ, 8 വിധ വിഷയവേഗങ്ങൾ, 2 സിദ്ധികൾ, 2 ദൈവസിദ്ധികൾ, ഘാത സ്ഥാനങ്ങൾ, പരീക്ഷകന്മാരുടെ ലക്ഷണങ്ങൾ, പ്രേതലക്ഷണം, 10വിധ പരീക്ഷകന്മാർ, 3 നാട്യഗുണങ്ങൾ.

അം 28-30. അതോദ്യവിധി ഭേദങ്ങൾ, അവയുടെ ലക്ഷണങ്ങൾ, പ്രയോഗം, സംഗീതം, ഗന്ധർവ്വ വിവരണം, താല-പാദ- സ്വര വിവരണങ്ങൾ, വാദ്യപ്രയോഗവിഹിതങ്ങളായ രസങ്ങൾ, അലങ്കാരങ്ങൾ, വീണവാദ്യം, വിപഞ്ചീവാദ്യഭേദങ്ങൾ, ബഹിർഗീത പ്രകാരങ്ങൾ, സുഷിരവാദ്യങ്ങൾ, വംശഗതാസ്വരം.

അം 31-33. കല-ലയം-താളം-താളഭേദങ്ങൾ, താളവിധികൾ, ഗീതകന്മാരുടെ ലയപ്രകാരങ്ങൾ, ധ്രുവങ്ങളുടെ പഞ്ചഭേദങ്ങൾ, ഇവയുടെ ഛന്ദസ്സുകൾ, വൃത്തങ്ങൾ, ശീർഷകലക്ഷണങ്ങൾ,



Scanned with CamScanner

# ഭാരതീയ വിചാരധാര

INDIAN INSTITUTE OF SCIENTIFIC HERITAGE

अमृतं तु विद्या

ഡോ: എൻ. ഗോപാലകൃഷ്ണൻ

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 10

Scanned with CamScanner

പഞ്ചവിധഗാനം, ധ്രുവപ്രപഞ്ചം, വാദ്യഉൽപ്പത്തി, വാദ്യങ്ങളുടെ അംഗപ്രത്യംഗങ്ങൾ, 3 വിധ മാർജ്ജനങ്ങൾ, അവയുടെ 18 ജാതികൾ, വാദ്യസംശ്രയങ്ങൾ.

അം 34, 35. ഉത്തമ-മധ്യമ-അധമ-പ്രകൃതികൾ, 3 വിധ സ്ത്രീ പ്രകൃതികൾ, സങ്കീർണപ്രകൃതികൾ, 4 വിധ നായകന്മാർ, നർത്തകി-പരിചാരിക-സഞ്ചാരിക എന്നിവരുടെ വിവരണങ്ങൾ, ഭൂമികാ വികൽപ പ്രയോഗം, ആഹാരഗുണം, സൂത്രധാരഗുണം, പാരിപാർശ്വകഗുണം, ആഭരണകൃത്, മാലാകാര-ചിത്രകാര-രാജ-നട-വിദൂഷക-ഗണിക തുടങ്ങിയവരുടെ ഗുണദോഷങ്ങൾ.

അം 36. ഭരതമുനിയിൽ നിന്നും നാട്യശാസ്ത്രജ്ഞാനം ലഭിച്ച ആത്രേയൻ തുടങ്ങിയ അനവധി മഹർഷിമാരുടെ വിവരണങ്ങൾ, നാട്യവംശ ഉൽപത്തി, നാട്യശാസ്ത്ര മാഹാത്മ്യം.

ഭരതമുനിയുടെ നാട്യശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ രചിക്കപ്പെട്ടവയാണ് പിന്നീടുണ്ടായ ഏതാണ്ട് എല്ലാ നാട്യശാസ്ത്ര ഗ്രന്ഥങ്ങളും. ഭരതമുനിയുടെ നാട്യശാസ്ത്രത്തേക്കാൾ പുരാതനമെന്നു പറയപ്പെടുന്നതോ നാട്യശാസ്ത്രത്തിനു സമാന പ്രാധാന്യമുള്ളതോ ആയ ഗ്രന്ഥങ്ങളെക്കുറിച്ച് വിവരണങ്ങളൊന്നും കാണുന്നില്ല. എന്നാലും മഹാഭാരതത്തിലും രാമായണത്തിലും നാട്യവിഷയങ്ങൾ പ്രതിപാദിക്കുന്നുണ്ട്. നാട്യപ്രിയരായ ദേവന്മാരെക്കുറിച്ചും, നാട്യചൈതന്യം നിറഞ്ഞ ചലനരീതികളെക്കുറിച്ചും വേദങ്ങളിലും ചില വരികളുണ്ട്.

## കാമശാസ്ത്രം

കാമശാസ്ത്രത്തെ പ്രത്യേക ഉപവേദമെന്ന് വിവരിക്കുന്ന ചില ഗ്രന്ഥങ്ങളുണ്ട്. മറ്റു ചില വിവരണങ്ങൾ ഇത് ഗന്ധർവ്വവേദത്തിന്റെ തന്നെ ഭാഗമാണെന്നും പറയുന്നു. കാമശാസ്ത്രത്തിൽ തന്നെ ഇതിന്റെ ഉപവേദപദവിയെക്കുറിച്ച് വിവരണം ഉണ്ട്.

പാഞ്ചാലദേശവാസിയായ ബാഭ്രവ്യൻ എന്ന പണ്ഡിതൻ അന്നു നിലവിലിരുന്ന ശ്വേതകേതുവൻെറ കാമശാസ്ത്രത്തെ ലളിതമായി 150 അദ്ധ്യായങ്ങളടങ്ങുന്ന 7 അധികരണങ്ങളിലായി പുനർരചിച്ചുവത്രെ. ഈ ഏഴ് അധികരണങ്ങളിലോരോന്നിനേയും വിപുലീകരിച്ച് നാരായണൻ, സുവർണ്ണനാഭൻ, ഘോടകമുഖൻ, ഗോനർദീയൻ, ഗോണികപുത്രൻ, ദത്തകൻ, കുചിമാരൻ എന്നീ ഏഴ് ആചാര്യന്മാർ സ്വതന്ത്ര രചനകൾ നടത്തി. നിരന്തര



Scanned with CamScanner

ഗവേഷണങ്ങളി ലൂടെയാണെങ്കിലും ഇവർ നൽകിയ പല പുതിയ വിവരണങ്ങളിലും പരസ്പരം വ്യത്യാസം കാണുകയും അത് വിദ്യാർത്ഥികളിൽ ചിന്താകുഴപ്പം ഉണ്ടാക്കുകയും ചെയ്തു. ഇക്കാലഘട്ടത്തിലാണ് വാത്സ്യായനമഹർഷി കാമസൂത്രം അഥവാ കാമശാസ്ത്രം രചിച്ചത്.

**വാത്സ്യായന കാമസൂത്രം** : ധർമ്മാർത്ഥ കാമഭ്യോനമഃ എന്നാരംഭിക്കുന്ന കാമസൂത്രത്തിൽ 1250 സൂത്രങ്ങളാണുള്ളത്. ഇവയെ 7 അധികരണങ്ങളായും 36 അദ്ധ്യായങ്ങളായും വിഭജിച്ചിട്ടുണ്ട്.

അധികരണം 1, 3 ശാസ്ത്രസംഗ്രഹം, ത്രിവർഗ പ്രതിപത്തി, നാഗരീകവൃത്തം, നായകാദി വിവിരണം, രതാവസ്ഥ, പ്രീതിവിശേഷങ്ങൾ, ആലിംഗന വിചാരങ്ങൾ, ചുംബന വികൽപങ്ങൾ, നഖദന്തജാദികൾ, ദന്തച്ഛേദ്യവിധികൾ, ദേശ്യോപചാരങ്ങൾ, സംവേശപ്രകാരങ്ങൾ, ചിത്രരഥങ്ങൾ, പ്രഹണനയോഗങ്ങൾ, സീത്കാരം, പുരുഷായിതം, പുരുഷോപസൃപ്തകങ്ങൾ, ഔപരിഷ്ടകം, രതാരംഭം, രതാവസാനം, സുരതവിശേഷങ്ങൾ, പ്രണയകലഹം.

അം 3, 4. വരണവിധാനവിവരണം, സംബന്ധ നിർണ്ണയം, കന്യാവിസ്യംഭണം, ബാലോപക്രമം, ഇംഗിതാകാരസൂചന, ഏകപുരുഷാഭയോഗം, പ്രായോജ്യാപാവർത്തനം, കന്യാപ്രതിപത്തി, വിവാഹയോഗം, ഏകചാരിണീവ്രതം, പ്രസവചര്യ, പുനർഭുവൃത്തം, ദുർഭഗാവൃത്തം, ആന്തപൂരകം, ബഹുഭാര്യാപ്രതിപത്തി.

അം 5, 6. പുരുഷസ്വഭാവങ്ങൾ, സ്ത്രീസ്വഭാവങ്ങൾ, പരിചയ കാരണങ്ങൾ, അഭിയോഗങ്ങൾ, ഭാവപരീക്ഷകൾ, ദൂതികർമ്മങ്ങൾ, ഭാര്യാസംരക്ഷണം, വിരക്തന്റെ ലക്ഷണം, വിരക്തപ്രതിപത്തി, നിഷ്കാസന പ്രകാരങ്ങൾ, ലാഭവിശേഷം, സംശയവിചാരം, അർത്ഥ-അനർത്ഥ ബന്ധങ്ങൾ, കാന്താനുവർത്തനം, അർത്ഥാഗമ ഉപായങ്ങൾ, വേശ്യാവിശേഷങ്ങൾ.

അം 7. വശീകരണം, വൃഷ്യങ്ങൾ, നഷ്ടരാഗ പ്രത്യാനയനം, വൃദ്ധിവിധികൾ, ചിത്രയോഗങ്ങൾ.

അശ്ലീലതയുടെ ചുവയില്ലാതെ തികച്ചും ശാസ്ത്രീയമായ രീതിയിലും അടിസ്ഥാനത്തിലുമാണ് വാത്സ്യായനൻ ഓരോ വിഷയവും



Scanned with CamScanner

കാമശാസ്ത്രത്തിൽ വിവരിച്ചിരിക്കുന്നത്. രചനാകാലത്തെ സാമൂഹ്യ-സാംസ്കാരിക നിലവാരങ്ങളുടെയും ചുറ്റുപാടുകളുടെയും സ്വാധീനം കാമസൂത്രത്തിൽ വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. ആയുർവേദവിഷയങ്ങളുടെ സഹായം സ്ത്രീ-പുരുഷ ശരീരപ്രകൃതി വർണ്ണിക്കുന്നതിൽ വാത്സ്യായനമഹർഷി പൂർണ്ണമായും പ്രയോജന പ്പെടുത്തിയിട്ടുണ്ട്.

ആയുർവേദഗ്രന്ഥങ്ങളിൽ ലൈംഗികവിഷയങ്ങളും വിവരിക്കുന്നു ണ്ടെങ്കിലും കാമശാസ്ത്രത്തെപോലെ മറ്റൊരു ഗ്രന്ഥം ഉള്ളതായി വിവരണങ്ങളിൽ കാണുന്നില്ല.

## ആയുർവേദം

അഥർവവേദത്തിൻെറ ഉപവേദമാണ് ആയുർവേദം. പുരാണങ്ങളിലെയും വേദങ്ങളിലെയും വിവരണപ്രകാരം ആയുർവേദത്തിൻെറ ആദ്യകാല ആചാര്യന്മാർ ദേവന്മാരാണ്. ദേവന്മാരിൽനിന്ന് മഹർഷിമാർക്കും, അവരിൽ നിന്നും സാധാരണ മനുഷ്യർക്കും, ലഭിച്ചതാണ് ആയുർവേദഗ്രന്ഥങ്ങൾ. ആയുർവേദ ത്തിൻെറ ആദ്യകൃതി ബ്രഹ്മസംഹിതയത്രെ. ബ്രഹ്മസംഹിതയിൽ ഒരു ലക്ഷത്തിലേറെ സൂത്രങ്ങൾ ഉണ്ടായിരുന്നതായി സുശ്രുതൻ വിവരിക്കുന്നു. ഈ ഗ്രന്ഥത്തെ പിന്നീട് കായചികിത്സ, ബാലചികിത്സ, ഗ്രഹചികിത്സ, ഊർധ്വാംഗചികിത്സ, ശല്യചികിത്സ, വിഷചികിത്സ, രസായന ചികിത്സ, വാജീകരണചികിത്സ എന്നിങ്ങനെ അഷ്ടാംഗങ്ങളായി വിഭജിക്കപ്പെട്ടു.

ആയുർവേദത്തിൻെറ വളരെ വിലപ്പെട്ട ഗ്രന്ഥങ്ങൾ പലതും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അവയിൽ ചിലതാണ് അഗ്നിവേശ സംഹിത, പരാശര സംഹിത, ഹാരിതസംഹിത, ക്ഷാരപാണി സംഹിത, പുഷ്കലാവത സംഹിത, ഗോപുര രക്ഷ സംഹിത, ഭോജ സംഹിത, ഭാലുകസംഹിത, വൃദ്ധസുശ്രുതം. ചരക സംഹിതയും, സുശ്രുത സംഹിതയും ഇന്നും ലഭ്യമാണ്. മേൽ വിവരിച്ച ഗ്രന്ഥങ്ങളിൽനിന്നും ചരക-സുശ്രുതസംഹിതകളിൽ ഉദ്ധരണികൾ സുലഭമായി കാണുന്നുണ്ട്.

**ചരകസംഹിത** : ഇതുവരെ ലഭിച്ചിട്ടുള്ളതിൽ വെച്ച് വളരെ പുരാതനത്വം കൽപിക്കാവുന്ന ആയുർവേദ ഗ്രന്ഥമാണ് ചരകസംഹിത. ചികിത്സാ-ആരോഗ്യ-രോഗ-ശരീരപ്രകൃതി സംബന്ധമായ എല്ലാ വിഷയങ്ങളും എട്ടു ഭാഗങ്ങളിലായി ഈ സംഹിതയിൽ വിവരിക്കു ന്നുണ്ട്. ഈ എട്ടു ഭാഗങ്ങൾ യഥാക്രമം



Scanned with CamScanner

സൂത്രസ്ഥാനം, നിദാനസ്ഥാനം, വിമാനസ്ഥാനം, ശരീരസ്ഥാനം, ഇന്ദ്രിയസ്ഥാനം, ചികിത്സാസ്ഥാനം, കൽപസ്ഥാനം, സിദ്ധിസ്ഥാനം എന്നിവയാണ്. അവയിലെ വിഷയങ്ങൾ ഇപ്രകാരവും!

സൂത്രസ്ഥാനം : ആയുർവേദമഹത്വം, ശരീര വിവിരണം, ത്രിദോഷ സിദ്ധാന്തം, ദ്രവ്യഘടന, വൈദ്യധർമ്മം, രോഗങ്ങൾ ശമിപ്പിക്കുന്ന വിധങ്ങൾ, ശരീരത്തിൽ വിവിധ വസ്തുക്കൾ ധരിക്കുന്നതിൻെറ മഹത്വം, കാലാവസ്ഥയുടെ മാറ്റത്തിനനുസരിച്ചുള്ള ദിനചര്യകൾ, വ്യായാമഗുണങ്ങൾ പഞ്ചേന്ദ്രിയവിവിരണം, വൈദ്യലക്ഷണം, മൂന്നുവിധ രോഗലക്ഷണം, രോഗചികിത്സകൾ, വായുവുമായി ബന്ധപ്പെട്ട രോഗവിവരണം, എണ്ണയുപയോഗിച്ചുള്ള ചികിത്സാ സമ്പ്രദായ മഹത്വം, വമനം, വാത-പിത്ത-കഫ-വിവരണം, ഓജക്ഷയം, ശോഥനവിവരണം, ഉദരരോഗങ്ങളും രോഗലക്ഷണ ങ്ങളും, കർണ്ണ രോഗങ്ങൾ, അപസ്മാരം, ഹൃദ്രോഗം, രക്തസംബന്ധിയായ രോഗങ്ങൾ, തടിച്ചതും-മെലിഞ്ഞതുമായ ശരീരപ്രകൃതിയുള്ളവരുടെ രോഗങ്ങൾ, നിദ്രാവിവരണം, സന്തർപണവിവരണം, രക്തവർണന, ചികിത്സാരീതികളിലെ പഥ്യ-അപഥ്യ വിവരണം, ഔഷധങ്ങളുടെ രസഗുണബന്ധം, ഭക്ഷണത്തിനുപയോഗിക്കുന്ന ധാന്യങ്ങൾ -പയറു വർഗ്ഗങ്ങൾ-മദ്യം-മാംസം-വേരുകൾ- ഫലവർഗങ്ങൾ, ജലം, വിവിധ ഇനം മധുരവസ്തുക്കൾ, ഭക്ഷ്യ ഉൽപന്നങ്ങളുടെ ഗുണദോഷങ്ങൾ, ആയുർവേദത്തിന്റെ മഹത്വം, അതിന് അഥർവവേദത്തിൽ ഉപവേദ സ്ഥാനം, ആയുർവേദത്തിൻെറ എട്ടു ഭാഗങ്ങളുടെ സംക്ഷിപ്ത രൂപം.

നിദാനസ്ഥാനം : വിവിധ വ്യാധികൾ, ജ്വരങ്ങൾ, പിത്തവിവരണം, ഗുൽമവിവരണം, പലവിധ പ്രമേഹ-കുഷ്ഠ-ഉന്മാദ - അപസ്മാര രോഗങ്ങൾ.

വിമാനസ്ഥാനം : ഷഡ്രസങ്ങൾ, ധർമ്മ വിവരണം, കാല-അകാല മൃത്യുവിവരണം, രോഗനിർണ്ണയ വിധികൾ, അനുമാന വിധികൾ, പ്രത്യക്ഷവിധികൾ, രോഗലക്ഷണങ്ങൾ, രോഗങ്ങൾ തമ്മിലുള്ള ബന്ധം, ശരീര ദോഷങ്ങളും രോഗങ്ങളും തമ്മിലുള്ള ബന്ധം, ജ്വാരാഗ്നിയുടെ ഭേദങ്ങൾ, വ്യാധിരൂപങ്ങൾ, കൃമികളെക്കു റിച്ചുള്ള വിവിരണം, രോഗങ്ങളുടെ കാരണങ്ങളെക്കുറിച്ച് അഗ്നിവേശന്റെ അഭിപ്രായം, കൃമികളിൽ നിന്നുണ്ടാകുന്ന രോഗങ്ങൾ, അവയ്ക്കുള്ള ചികിത്സകൾ, ആയുർവേദ വിദ്യ പഠനരീതികൾ, വൈദ്യ വിദ്യാർത്ഥികളുടെ പരീക്ഷാസമ്പ്രദായങ്ങൾ.

ശരീരസ്ഥാനം : മനസ്സിന്റെയും-ബുദ്ധിയുടെയും, വിവരണം.



Scanned with CamScanner

വിചാരം-വികാരം-ബുദ്ധിഭ്രംശം എന്നി രോഗവിവരണം, മോക്ഷ വിവരണം, ഗർഭവിവരണം, ഗർഭസംബന്ധിയായ വിഷയങ്ങളെ ക്കുറിച്ച് ഭരദ്വാജ-ആത്രേയമതം, ഓരോമാസത്തിലും ഗർഭസ്ഥ ശിശുവിനുണ്ടാകുന്ന വളർച്ച, പ്രസവകാലം, ശരീര-മന ബന്ധങ്ങൾ, സത്വലക്ഷണങ്ങൾ, ശരീരത്തിലെ ധാതുവിവരണം, ഗർഭസ്ഥ ശിശുവിലെ വാത-പിത്ത-കഫ-ബന്ധങ്ങൾ, പഞ്ചേന്ദ്രിയ വിവരണം, ദശപ്രാണ വിവരണം, മൈഥുനത്തിന് യോഗ്യരായ സ്ത്രീ-പുരുഷന്മാരുടെ പ്രത്യേകതകൾ, ഋതുകാലചര്യകൾ, ഗർഭഗ്രഹണ വിധി, മൃതഗർഭലക്ഷണം, നവജാതശിശുവിന്റെ പരിചരണം, നാമകരണം, മാതൃക്ഷീരവിവരണം, ശിശുവിന്റെ രോഗനിവാരണ-രോഗപ്രതിരോധ മാർഗങ്ങൾ, നിദ്രാ, പരിപാലനം.

ഇന്ദ്രിയസ്ഥാനം : ശരീരപ്രകൃതി, ശരീരവൈകൃതങ്ങൾ, വായു സംബന്ധമായ രോഗസൂചനകൾ, പഞ്ചേന്ദ്രിയവികൃതങ്ങൾ, പലവിധ രോഗങ്ങളുടെ ആരംഭം, രോഗവുമായി ബന്ധപ്പെട്ട സ്വപ്നങ്ങൾ, നിഴലുമായി ബന്ധപ്പെടുന്ന രോഗലക്ഷണങ്ങൾ, നാസിക-ദന്തം-ജിഹ്വ-ശ്വാസകോശ-സംബന്ധമായ അരിഷ്ടങ്ങൾ, അരിഷ്ട ലക്ഷണം, രോഗിയുടെ ഗൃഹത്തിലേക്കുപോകുന്ന വൈദ്യൻ കാണുന്ന ശുഭാശുഭലക്ഷണങ്ങൾ, ശകുനങ്ങൾ, രോഗിയുടെ സ്വപ്നഫലങ്ങൾ.

ചികിത്സാ സ്ഥാനം : ഇതിൽ രണ്ട് ഉപവിഭാഗങ്ങളുണ്ട്. രസായനാദ്ധ്യായം-വാജീകരണാദ്ധ്യായം. രസായനാദ്ധ്യായത്തിൽ വൈദ്യഗുണങ്ങൾ, രസായനവിധികൾ, വിവിധ ഔഷധങ്ങൾ എന്നിവ വിവരിക്കുന്നു. വാജീകരണാദ്ധ്യായത്തിൽ വാജീകരണത്തി നുള്ള ഔഷധങ്ങൾ, വിവിധ ജ്വരചികിത്സാക്രമങ്ങൾ, രക്തപിത്ത ചികിത്സ, ഗുൽമരൂപങ്ങളുടെ ചികിത്സ, പ്രമേഹചികിത്സ, വിവിധ തരത്തിലുള്ള കുഷ്ഠചികിത്സ, രാജയക്ഷ്മചികിത്സ, ഉന്മാദ-ചികിത്സ, ഉദരരോഗ ചികിത്സ, ഗൃഹണീ രോഗ-ചികിത്സ, ശ്വാസരോഗ ചികിത്സ, കാസ ചികിത്സ, അതിസാരം-ചർദ്ദി-വിസർപ ചികിത്സകൾ, തൃഷ്ണരോഗ ചികിത്സ, വിഷചികിത്സ, വൃണചികിത്സ, മൂന്നു വിധ മർമ്മചികിത്സാരീതികൾ, വാത-വ്യാധി ചികിത്സ, യോനി രോഗ ചികിത്സകൾ.

കൽപസ്ഥാനം : രോഗകാരണം, ദേശകാലാടിസ്ഥാനത്തിൽ അവയ്ക്കുണ്ടാകുന്ന മാറ്റങ്ങൾ, വമനരോഗങ്ങൾ, ജീമൂതകവിവരണം, ഇക്ഷ്വാകുവിവരണം, ധമാ-ഗവവിവരണം, വത്സക വിവരണം, കൃതവേധന-ആരഗ്വധ-തില്വക-സുധാവിവിരണങ്ങൾ.



Scanned with CamScanner

സിദ്ധിസ്ഥാനം : വമന-ശോധന-ബസ്തി-തുടങ്ങി പഞ്ചകർമ്മ ചികിത്സാവിവരണങ്ങൾ, സ്നേഹബസ്തി-നേത്രബസ്തി-അജീർണം - ബസ്തിസിദ്ധി - മഹിയസിദ്ധി, ആയുർവേദ പഠന ഫലങ്ങൾ.

സുശ്രുത സംഹിത തുല്യപ്രസിദ്ധി നേടിയ രണ്ടു ഗ്രന്ഥങ്ങളാണ് ചരക സംഹിതയും, സുശ്രുത സംഹിതയും. ചരകൻ വിവിരിക്കുന്ന വിഷയങ്ങൾ കൂടാതെ ശസ്ത്രക്രിയയും, പ്ലാസ്റ്റിക് സർജ്ജറിയും സുശ്രുതസംഹിതയിൽ വിവരിക്കുന്നുണ്ട്. ചരക-സുശ്രുത സംഹിതകളിൽ ഏതാണ്ട് ഒരുപോലെയാണ് വിഷയാവതരണം. സൂത്രസ്ഥാനം, നിദാനസ്ഥാനം, ശരീരസ്ഥാനം, ചികിത്സാ സ്ഥാനം, കൽപസ്ഥാനം, ഉത്തരതന്ത്രം എന്നിങ്ങനെ ആറു ഭാഗങ്ങൾ അടങ്ങുന്നതാണ് സുശ്രുതസംഹിത. സുശ്രുത സംഹിതക്ക് ചരകത്തേക്കാൾ നൂറ്റാണ്ടുകൾ പഴക്കമുണ്ടെന്നാണ് പണ്ഡിതമതം. ഇതിലെ വിഷയവിവരണം ഇപ്രകാരമാണ്.

സൂത്രസ്ഥാനം : ആയുർവേദത്തിന്റെ ഉത്ഭവം, അതിന് അഥർവ വേദത്തിന്റെ ഉപവേദമെന്ന സ്ഥാനം, ശല്യചികിത്സയായ ശസ്ത്രക്രിയ, ആയുർവേദത്തിൽ ശല്യചികിത്സക്കുള്ള സ്ഥാനവും-മഹത്വവും, വ്യാധികളുടെ നാലു ഭേദങ്ങൾ, നാലുവിധ സ്ഥാവര-ജംഗമ ഔഷധങ്ങൾ, ചികിത്സാധർമ്മം, സുശ്രുത സംഹിതയുടെ സംക്ഷിപ്തരൂപം, വൈദ്യവിദ്യാർത്ഥി പരീക്ഷ, ആയുർവേദ അദ്ധ്യയനവിധി, വൈദ്യധർമ്മം, വൈദ്യ-വിദ്യാർത്ഥി ധർമ്മം, സൂത്ര-നിദാന-ശരീര-ചികിത്സാ-കൽപസ്ഥാനങ്ങളുടേയും ഉത്തരതന്ത്രത്തിലേയും അദ്ധ്യായസംഖ്യകൾ, ശാലാക്യതന്ത്രം, കൗമാരതന്ത്രം, കായചികിത്സ, ആയുർവേദപഠനഫലം, പ്രഭാഷണ പ്രശംസ, മൂന്നുവിധ ചികിത്സ, എട്ടുവിധ ശസ്ത്രക്രിയ, ശസ്ത്രക്രിയാ പഠനവിധി, വ്രണിതരക്ഷ, വ്രണചികിത്സ, ഋതുചര്യ, കാല നിർവ്വചനം, യുഗവർണനം, ചന്ദ്രസൂര്യ സ്വാധീനം, വാതസ്വഭാവം, കാലമാറ്റങ്ങളിൽ ഔഷധങ്ങൾക്കുണ്ടാകുന്ന ഗുണദോഷങ്ങൾ, ഔഷധവ്യാപനത്തിന്റെ വിവരണം, പകരുന്നതും, പകരാത്തതുമായ രോഗങ്ങളുടെ ചികിത്സാരീതികൾ, ശസ്ത്രക്രിയക്കുള്ള യന്ത്രവർണനകൾ, സ്വസ്തി- സദംശം-നാഡീ-താല-ശാലക-ഉപയന്ത്രങ്ങൾ, യന്ത്രകർമ്മം, ശസ്ത്ര ക്രിയാ വിവരണം, ഛേദ്യം, ചികിത്സക്കധികാരമുള്ള വൈദ്യലക്ഷണം, രോഗലക്ഷണം, രോഗവിജ്ഞാനം, ക്ഷാരപ്രയോഗവിധികൾ, അഗ്നി കർമ്മമഹത്വം,



Scanned with CamScanner

അഗ്നിദഗ്ധവിവരണം, ജ്വാലകം, രക്തത്തിന്റെ ഗുണദോഷങ്ങൾ, ദുഷ്ടരക്തം, രക്തവിശ്രാവണം, രക്തശ്രാവ രോഗങ്ങൾ, ധാതുക്ഷയരോഗചികിത്സ, ഓജ-സ്ഥൂല-കൃശ ശരീരവർണ്ണനം, കർണ്ണവ്യാധികൾ, കർണ്ണബന്ധവിധികൾ, കർണ്ണപുട ചികിത്സ, വ്രണങ്ങളുടെ ആലേപനം, വ്രണരോഗങ്ങളുടെ വിവിധ ഇനങ്ങൾ, വാത-പിത്ത-കഫ വിവരണം അവയുടെ സ്ഥാനം, ഗുണദോഷം, വ്യാധികൾ, വികാരങ്ങൾ, ഛേദ്യ-ഭേദ്യലേഘ്യ, വേധ്യവ്യാധികൾ, ശല്യചികിത്സാവിധിയുടെ ആരംഭരീതികൾ, മരണസൂചകങ്ങളായ രോഗങ്ങൾ, രോഗഫലങ്ങൾ, രോഗവുമായി ബന്ധപ്പെട്ട ദൂതലക്ഷണം, ശകുനം-ദുസ്വപ്നം, അരിഷ്ടകാരണങ്ങൾ അരിഷ്ടജ്ഞാനഫലങ്ങൾ, രോഗവിഭജനം, വൈദ്യഗുണങ്ങളും ധർമ്മങ്ങളും, ദീർഘ-മധ്യമ-അൽപ ആയുസ്സുള്ളവരുടെ ലക്ഷണങ്ങൾ, ഔഷധികൾ വളർത്തുന്നതിനുവേണ്ടിയുള്ള ഭൂമികളും ഭൂമിയിലൂടെ ലഭിക്കുന്ന വിശേഷഗുണങ്ങളുള്ള ഔഷധങ്ങളും ശ്രേഷ്ടമായ ഔഷധങ്ങൾ, ചൂർണ-തൈല-ഘൃത ഔഷധങ്ങൾ, 35 ൽപരം വിഭാഗങ്ങളായി വിഭജിച്ചിരിക്കുന്ന ഔഷധികൾ, ഔഷധികളെ സംസ്കരിച്ച് ഔഷധങ്ങളുണ്ടാക്കുന്ന പൊതു തത്വങ്ങൾ, ഔഷധ നിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ ഔഷധികളുടെ വിഭജനം, രസങ്ങളുടെ അടിസ്ഥാനത്തിലുള്ള ദ്രവ്യഗുണവിവരണം, ദ്രവ്യങ്ങളുടെ ഭൗതികവും, അവയുടെ ശീതോഷ്ണ സ്വഭാവങ്ങളും, മധുരം കയ്പ് എന്നിവയുടെ ഗുണദോഷങ്ങൾ, വാത-പിത്ത-കഫവുമായി ബന്ധപ്പെട്ട രോഗങ്ങൾ, ദ്രവ്യരൂപത്തിലുള്ള ദ്രവ്യ വിഭജനം-പാനീയ വർഗം-ക്ഷീരവർഗം-നെയ്‌വർഗം-ഘൃതവർഗം-തൈലവർഗം-മധുവർഗം-ഇക്ഷുവർഗം-മദ്യവർഗം-മൂത്രവർഗം എന്നിവ, ധാന്യവർഗത്തിൽപ്പെട്ട നൂറിൽപരം ധാന്യങ്ങൾ, ഫലങ്ങൾ, അനേകം കായ്കനികൾ, ലോഹലവണങ്ങൾ, വിവിധമൃഗങ്ങളുടെ മാംസങ്ങൾ എന്നിവയുടെ ഔഷധമൂല്യം, പാകം ചെയ്ത ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണദോഷങ്ങൾ, അനുപാതവർഗ്ഗങ്ങൾ, ആഹാരവിധി, ഭക്ഷ്യ യോഗ്യവും-അയോഗ്യവുമായ സാധനങ്ങൾ-സ്ഥലങ്ങൾ-സമയങ്ങൾ എന്നിവ, ദഹനപ്രക്രിയ.

നിദാനസ്ഥാനം: പ്രാണ-അപാന-വ്യാന-സമാന വായുക്കൾ, പക്ഷാഘാതം, വാതരക്തം, അർശസ്, വിവിധ രൂപത്തിലും പ്രകൃതിയിലും കാണുന്ന അർശസ് അസമരിരോഗം, ഭഗന്ദരങ്ങൾ, കുഷ്ഠരോഗങ്ങൾ, പ്രമേഹരോഗം, ഉദരരോഗങ്ങൾ, മൂഢഗർഭം, ഗർഭരോഗങ്ങൾ, ഗർഭസ്ഥശിശുവിന്റെ മരണം, വിസർപം,

നാഡീവിവരണം, നാഡീലക്ഷണം, സ്തനരോഗങ്ങൾ, ഗ്രന്ഥിരോഗങ്ങൾ, അർബുദങ്ങൾ, വൃദ്ധിഭേദങ്ങൾ, ശ്ലീപദം, ക്ഷുദ്ര രോഗങ്ങൾ, രോഗ ലക്ഷണങ്ങൾ, ഭഗ്ന രോഗ ലക്ഷണങ്ങൾ, മുഖ-ദന്ത-ജിഹ്വാ കണ്ഠരോഗങ്ങൾ.

ശരീരസ്ഥാനം : ശരീരത്തെക്കുറിച്ചുള്ള പ്രഥമപാഠങ്ങൾ, തൃഗുണസിദ്ധാന്തം, ഇന്ദ്രിയങ്ങൾ, ആത്മ-ശരീരബന്ധം, മഹാഭൂതങ്ങൾ, ആർത്തവം, ഗർഭധാരണം, സ്ത്രീപുരുഷ ലക്ഷണം, വികൃതഗർഭോൽപത്തി, പൂർവ്വജന്മബന്ധം, ഗർഭിണികളുടെ പഥ്യങ്ങൾ. ഗർഭസ്ഥശിശുവിൻെറ പ്രതിമാസവളർച്ചയിൽ വിവിധ ഘടകങ്ങളുടെ സ്വാധീനം, ഗർഭം അലസുന്നത്, ഹൃദയരൂപം, നിദ്ര, സ്വപ്നം, ശരീര പ്രകൃതിലക്ഷണം, ത്വക് വിവരണം, ആസ്ഥന പ്രാധാന്യം, പേശി, സ്നായു, ഗർഭാശയം, മർമ്മങ്ങൾ, സിരകൾ, സിരാവ്യാധി, ധമനികൾ, ഗർഭിണിചര്യകൾ, പ്രസവലക്ഷണങ്ങൾ, നവജാത ശിശുവൻെറയും, മാതാവിൻെറയും പരിചരണം, ബാലഉപചാരം, സ്തനക്ഷീരം, ബാലരോഗങ്ങൾ, ബാല വിവാഹത്തിൻെറ അപാകതകൾ.

ചികിത്സാസ്ഥാനം : വ്രണങ്ങൾ, വ്രണചികിത്സകൾ, ചികിത്സാ കാലത്തെ പഥ്യങ്ങൾ, ശോധന-വമനവിധികൾ, അവയ്ക്കുള്ള കഷായങ്ങൾ-ചൂർണങ്ങൾ, വ്രണാകൃതിയും അവയ്ക്കുള്ള കാരണങ്ങളും, വ്രണചികിത്സ, ഭഗ്നചികിത്സകൾ, സന്ധിഭഗ്നം, വാതരോഗചികിത്സ, അശ്മരീചികിത്സ, ഭഗന്ദരചികിത്സ, വേദനശമനമാർഗ്ഗങ്ങൾ, കുഷ്ഠരോഗനിവാരണം-അവയ്ക്കുള്ള ചികിത്സാവിധികൾ, പ്രമേഹരോഗചികിത്സകൾ, ഉദരരോഗചികിത്സ, മൂഢഗർഭചികിത്സ, വിസർപ, അർബുദ, വൃദ്ധി, ശ്ലീപദം, എന്നീ ക്ഷുദ്രരോഗങ്ങൾ, ശൂക-മുഖ-കണ്ഠ-ജിഹ്വാരോഗങ്ങളുടെ ചികിത്സാ രീതികൾ, വ്യായാമവിധി, സ്നാനഗുണം, നിദ്രാഗുണം, സുഖസുഷുപ്ത ഗുണം, വിശ്രമമഹത്വം, വാജീകരണ ചികിത്സ, സോമസേവനവിധി, സ്നേഹ ചികിത്സ, സ്നേഹപാനവിധി, വമനത്തിനുള്ള ഔഷധങ്ങൾ, ബസ്തി വിധികൾ, നിരൂഢവിധി, ആസ്ഥാപന കൽപന, ധൂമപ്രയോഗ വിധികൾ, ധൂമപാനം.

കൽപസ്ഥാനം : വൈദ്യൻെറ യോഗ്യത, വിഷലക്ഷണം, വിഷം കലർന്ന അന്നലക്ഷണം, വിഷ പരിശോധന, ശരീരത്തിൽ വിഷവ്യാപനം, വിഷദ്രവ്യ ലക്ഷണങ്ങൾ, സർപ്പവിഷം, സർപ്പ



Scanned with CamScanner

ഭേദങ്ങൾ, വിഷചികിത്സാവിധികൾ, പശു-പക്ഷി-മൃഗാദികൾക്കുള്ള വിഷ ചികിത്സയുടെ സംക്ഷിപ്തരൂപം, മൂഷികവിഷം, രോഗാണുക്കളുടെ ഉത്ഭവം-വർഗ്ഗീകരണം, കീടവിഷങ്ങൾ, അവയ്ക്കുള്ള ചികിത്സാക്രമങ്ങൾ.

ഉത്തരതന്ത്രം : നേത്രരോഗങ്ങൾ, വർത്മരോഗങ്ങൾ, തിമിരം, നേത്രശസ്ത്രക്രിയ, നേത്രരോഗ ചികിത്സ, കർണ്ണരോഗ ചികിത്സ, നാസാരോഗ ചികിത്സ, പ്രതിശ്യായം, ശിരോരോഗ കാരണങ്ങൾ, ലക്ഷണങ്ങൾ-ചികിത്സാരീതികൾ, ഗ്രഹണീരോഗ ചികിത്സ, അപസ്മാരത്തിന് അന്ധപൂതന-ശീതപൂതന മുഖമണ്ഡിക ചികിത്സകൾ, യോനീരോഗ ചികിത്സ, ജ്വര ചികിത്സ, അതിസാര ലക്ഷണങ്ങളും ചികിത്സകളും, രോഗങ്ങൾ, ശൂലരോഗങ്ങൾ, ഹൃദ്രോഗ കാരണങ്ങളും ചികിത്സാവിധികളും, പാണ്ട് രോഗ ചികിത്സ, രക്തപിത്തരോഗചികിത്സ, മൂർച്ഛാരോഗ ചികിത്സ, ഛർദ്ദിയുടെ സാമാന്യ ചികിത്സകൾ, ശ്വാസരോഗചികിത്സകൾ, കാസരോഗങ്ങൾ, ഖരഭേദചികിത്സ, അജീർണം, അരോചകം, മൂത്രസംബന്ധമായ രോഗങ്ങൾ, ഗ്രഹചികിത്സ, ഉന്മാദം, സ്വസ്ഥലക്ഷണം, ആരോഗ്യാനുഷ്ഠാനങ്ങൾ, ആഹാര രീതികൾ, വൈദ്യവിദ്യാഭ്യാസം, സുശ്രുത തന്ത്ര പ്രശംസയും പഠനഫലവും.

ഏഴു ഭാഗങ്ങളിലായി 200 ൽപരം അദ്ധ്യായങ്ങളിൽ ശരീരത്തിൻെറയും, രോഗങ്ങളുടെയും, ചികിത്സാവിധികളുടെയും പൂർണ്ണവിവരണങ്ങൾ നൽകുന്ന ഒരു പുരാതന ആയുർവേദ ഗ്രന്ഥമത്രെ കശ്യപസംഹിത. ഭേളസംഹിത എന്നറിയപ്പെടുന്ന മറ്റൊരു ഗ്രന്ഥത്തിൽ 120 അദ്ധ്യായങ്ങൾ 8 ഭാഗങ്ങളിലായി വിവരിച്ചിരിക്കുന്നു. വാഗ്ഭടൻ രചിച്ച അഷ്ടാംഗഹൃദയവും അഷ്ടാംഗസംഗ്രഹവും ആയുർവേദത്തിലെ പ്രധാന രണ്ടു കൃതികളാണ്.

**അഷ്ടാംഗസംഗ്രഹം** : സൂത്രസ്ഥാനം, ശരീരസ്ഥാനം, നിദാനസ്ഥാനം, ചികിത്സാ സ്ഥാനം, കൽപസ്ഥാനം, ഉത്തരസ്ഥാനം എന്നിങ്ങനെ 6 ഭാഗങ്ങളായി അഷ്ടാംഗ സംഗ്രഹത്തെ വിഭജിച്ചിട്ടുണ്ട്. അഷ്ടാംഗസംഗ്രഹത്തിൽ 150 അദ്ധ്യായങ്ങളാണുള്ളത്. കായ ചികിത്സക്ക് ചരകസംഹിതയും, ശല്യ ചികിത്സക്ക് സുശ്രുത സംഹിതയുമാണ് ഈ ഗ്രന്ഥത്തിൽ അടിസ്ഥാനമാക്കിയിട്ടുള്ളത്. പദ്യവും ഗദ്യവും ഇടകലർന്നിരിക്കുന്ന ഗ്രന്ഥത്തിൽ പൂർവ്വാചാര്യന്മാരുടെ ചികിത്സാ സമ്പ്രദായങ്ങളും വാഗ്ഭടൻെറ നൂതന സംഭാവനകളും ഒത്തു ചേർന്നിട്ടുണ്ട്.



Scanned with CamScanner

**അഷ്ടാഗഹൃദയം :** അഷ്ടാംഗഹൃദയത്തിൽ 120 അദ്ധ്യായങ്ങളെ ആറു സ്ഥാനങ്ങളായി ഭാഗിച്ചിരിക്കുന്നു. സൂത്രസ്ഥാനത്തിൽ വൈദ്യവിദ്യാർത്ഥി അറിഞ്ഞിരിക്കേണ്ട ശാസ്ത്ര തത്വങ്ങൾ, ശരീരസ്ഥാനത്തിൽ ഗർഭോൽപത്തി-അംഗപ്രത്യംഗ വിഭാഗം-മർമ്മ വിവരണം-ഭൂതവിജ്ഞാനം, നിദാനസ്ഥാനത്തിൽ സർവ്വരോഗ കാരണങ്ങൾ, ചികിത്സാ സ്ഥാനത്തിൽ ചികിത്സാ ക്രമങ്ങൾ, കൽപസ്ഥാനത്തിൽ ആയുർവേദ ഔഷധ നിർമ്മാണം, ഉത്തരസ്ഥാനത്തിൽ മാനസീക രോഗങ്ങൾ, വിഷ ചികിത്സ, രസായന ചികിത്സ എന്നിവയും വിവരിക്കുന്നു.

രസതന്ത്രസമുച്ചയം എന്ന വാഗ്ഭടകൃതിയും, ശാർങ്ധര സംഹിത എന്ന ശാർങ്ധര കൃതിയും, വീരസിംഹാവലോകം, എന്ന വീരസിംഹൻെറ കൃതിയും, ഭാവമിത്രൻെറ ഭാവപ്രകാശവും ആയുർവേദത്തിൻെറ നൂതനങ്ങളായ ശാസ്ത്രജ്ഞാനം പകരുന്ന ഗ്രന്ഥങ്ങളാണ്. രാവണകൃതികളെന്ന് അറിയപ്പെടുന്ന കുമാരതന്ത്രം, നാഡീപരീക്ഷ, അർക്കപ്രകാശം, ഉഡ്ഢീശതന്ത്രം, ഹാരിത രചനയായ ഹാരിതസംഹിത, നാഗാർജ്ജുന കൃതികളായ കക്ഷപുടം രസരത്നാകരം, രസേന്ദ്രമംഗളം, ബൗദ്ധഭിക്ഷുവിൻെറ കൃതിയായ രസവൈശേഷികസൂത്രം തുടങ്ങിയ അനവധി ആയുർവേദ ഗ്രന്ഥങ്ങൾ വേറെയുമുണ്ട്. ഏറെ പഴക്കമില്ലാത്ത മറ്റനവധി രചനകളും ഇന്നു ലഭ്യമാണ്.

## ശിൽപവേദം

സ്ഥാപത്യവേദം എന്ന പേരിലും അറിയപ്പെടുന്ന ശിൽപവേദം അഥർവവേദത്തിൻെറ ഉപവേദമാണ് എന്ന് ചില വിവിരണങ്ങളിൽ കാണുന്നു. ശിൽപവേദത്തെ ഉപവേദമായി കാണുന്ന പണ്ഡിതന്മാർ ചുരുക്കമാണ്. ശിൽപവേദത്തിന് ഉപവേദത്തിൻെറ സ്ഥാനത്തി നർഹതയുണ്ടെന്ന അഭിപ്രായം ഉള്ളതുകൊണ്ടാണ് അത് ഇവിടെ വിവരിക്കുന്നത്.

ക്ഷേത്രം, ഭവനം, ഗോപുരം, കോട്ട, രാജ്യകൊട്ടാരം എന്നിവയുടെ നിർമ്മാണത്തിൽ പാലിക്കപ്പെടേണ്ട നിയമങ്ങളാണ് ശിൽപവേദം അഥവാ ശിൽപശാസ്ത്രത്തിലെ പ്രധാനവിഷയങ്ങൾ. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമിയുടെ സുദീർഘമായ വിവരണങ്ങളും ഇതൽപെടുന്നു. പുരാതന ശിൽപശാസ്ത്രത്തി ൻേറതായ അധികം ഗ്രന്ഥങ്ങൾ ഇന്നു ലഭ്യമാണെന്നു തോന്നുന്നില്ലാ ഈ വിവരണങ്ങളിൽ നിന്നും ശിൽപവേദ ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെക്കുറിച്ച് ഒരു ഏകദേശ രൂപം മാത്രം ലഭിക്കുന്നതാണ്.



Scanned with CamScanner

വാസ്തുവിദ്യ: പതിനാറ് അദ്ധ്യായങ്ങളിലായി ശിൽപശാസ്ത്രത്തെക്കുറിച്ച് വിവരിക്കുന്ന ഈ ഗ്രന്ഥത്തിൻെറ കാലപഴക്കമോ കർത്താവിനേയോ കുറിച്ച് വിവരണങ്ങളൊന്നും ലഭ്യമല്ല. ഇത് ഒരു കേരളീയ ഗ്രന്ഥമാണെന്നു കാണുന്നു. വിഷയങ്ങൾ ഇപ്രകാരമാകുന്നു.

അം 1-3 ഈശ്വരപ്രാർത്ഥന, അളവുകോലുകൾ, ശിൽപിയുടെ ലക്ഷണം, ഭൂമിയുടെ ഗുണദോഷങ്ങൾ, മണ്ണിൻെറ രസത്തിൻെറ ഗുണദോഷങ്ങൾ, വസ്തുവിൻെറ വിവിധ കോണുകളിൽ വളർന്നു നിൽക്കുന്ന വൃക്ഷങ്ങളുടെ ശുഭാശുഭ ലക്ഷണങ്ങൾ, കൃഷിഭൂമി ഉഴുതുമറി ക്കുമ്പോൾ ഉണ്ടാകുന്ന ശുഭാശുഭ ലക്ഷണങ്ങൾ, ഭൂമിയുടെ നീളം-വീതി-വിസ്തീർണ്ണം, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രാദികൾക്കനുയോജ്യമായ ഭൂമിയുടെ വിസ്തീർണ്ണവും, മറ്റു ഗൃഹ അളവുകളും, വാസ്തുദേവതയുടെ സുദീർഘമായ വിവരണവും.

അം 4, 6 ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രാദികളുടെ ഗൃഹങ്ങൾക്കനുയോജ്യമായിട്ടുള്ള പടിപ്പുര വിവരണം, ഗൃഹ നിർമ്മാണത്തിനായുള്ള സ്ഥാന നിർണ്ണയം, വാസ്തു പുരുഷ-വാസ്തുബലി-വാസ്തുപുരുഷ ശരീര ദേവതാവിവരണം, സ്ഥാനനിർണയം, ഭൂമിയെ വിവിധ ജ്യോമട്രിക രൂപങ്ങളാക്കിയുള്ള പുരയുടെ സ്ഥാനനിർണ്ണയം, ഭൂ അതിർത്തിബന്ധനം, ഭവന നിർമ്മാണത്തിനു ശേഷം വിവിധ ദിശകളിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിൻെറ ശുഭാശുഭ ലക്ഷണങ്ങൾ.

അം 6, 7. നാലുകെട്ടുള്ള ഭവനങ്ങളുടെ അംഗണം, നടുമുറ്റം, ഗൃഹമർമ്മം, മർമ്മാദികളെ ഭേദിച്ചാലുള്ള പ്രായശ്ചിത്തം, ഭവനനിർമ്മാണ കാല വിവിരണം, നിർമ്മാണ പ്രവർത്തനങ്ങളുടെ ആരംഭത്തിനനുയോജ്യമായ മാസങ്ങൾ, അവയുടെ ഗുണദോഷങ്ങൾ, ഭവനത്തിൻെറ അളവുകൾ, ഓരോ ദിശയിലും നിർമ്മിക്കുന്ന ഭവനത്തിന് ഉത്തമവും-മധ്യമവും-അധമവുമായ അളവുകൾ.

അം 8. നാലുകെട്ടു കൂട്ടിപ്പണിയുന്ന വിവരണം, ചതുർശ്ശാല നിർമ്മാണം, മുറികളുടെ അളവുകൾ, ഉത്തരങ്ങളുടെയും- തൂണുകളുടേയും അളവുകൾ, അളവുകൾ മാറ്റുന്നതുകൊണ്ടുള്ള ഗുണദോഷങ്ങൾ, പുരയുടെ ദീർഘവിസ്താരങ്ങളുടെ ദേവതകൾ, ഗൃഹനാഥൻെറ വയസ്സും-ഭവനത്തിൻെറ അളവുകളുമായി ഉണ്ടായിരിക്കേണ്ട ഗണിത ബന്ധങ്ങൾ, ഗൃഹത്തിൻെറ ദീർഘാധിക്യവും-ഹീനദീർഘവും-സന്ധിയും, ആളികളടിക്കുന്ന ദിശ,



Scanned with CamScanner

അതിൻെറ രീതികൾ, ഗുണദോഷങ്ങൾ, ആളികളുടെ നീളം-വീതി-ഘനം എന്നിവയിൽ ഉത്തമമായ അളവുകൾ.

അം 9,10. പാദം, അധിഷ്ഠാനാവയവാംശം, അധിഷ്ഠാനങ്ങളുടെ പേരുകൾ, രൂപങ്ങൾ, അവയുടെ പുനരംശവിവരങ്ങൾ, ഗളമഞ്ചകം, കഴുപ്പലക, വികൃതിക്കഴുപ്പലക, വിവിധ ഉത്തരങ്ങൾ, കഴുപ്പലക വരയ്ക്കുന്നവിധം, വളകളുടെ സ്ഥാനങ്ങൾ, വളത്തുളകൾ നിർമ്മിക്കുന്നവിധം, കഴുപ്പലക-ചുറ്റുത്തരബന്ധം, കഴുപ്പലക-മോന്തായ ബന്ധം, ഇവക്കെല്ലാമുള്ള ഗണിതസൂത്രങ്ങൾ.

അം 11, 12. കഴുപ്പലകയുടെ പ്രമാണം, വരയ്ക്കുന്നവിധം, ഗണിതതത്വങ്ങൾ, വീതി-നീളം-വലിച്ചിൽ, കഴുപ്പലക സ്ഥാപിക്കുന്ന വിധം, തൂക്കം-വിതാനവും, കോടിനൂലിടുന്നവിധം, കഴുപ്പലകകൾ തമ്മിലുള്ള അകലം, മനുഷ്യവാസത്തിനുള്ള മന്ദിരങ്ങളുടെ കഴുപ്പലകക്കുണ്ടായിരിക്കേണ്ട പ്രത്യേകതകൾ, വാമടാദികൾ, വാമടവിസ്താരം, വാമടതുറക്കുമ്പോൾ ചെയ്യേണ്ട പൂജാദികർമ്മങ്ങൾ – ഹോമങ്ങൾ-കഴുപ്പലക തൊട്ടുജപിക്കൽ-അതിനുള്ള മന്ത്രങ്ങൾ-പ്രാർത്ഥന, മോന്തായഗണിത വിവരണം, കൂടം കൂട്ടുന്നവിധം.

അം 13, 14. ഉപപീഠനിർമ്മാണം, പാദുകപ്പുറം, മുല്ലത്തറയുടെ സ്ഥാനം- അതു പണിയുന്നവിധം, ഭവനത്തിലെ കൽകെട്ടുവിധികൾ, ഗൃഹത്തിലെ പാദുകവെയ്പ്, നിധിഗേഹലക്ഷണം, കട്ടിള ഉത്തരവീതി ബന്ധം, ഇടക്കെട്ടുകൾ, മുറികളിലുണ്ടാകേണ്ട വായ് ദ്വാരങ്ങളുടെ വിവരണം, കതകിൻെറ വിവരണങ്ങൾ, ഉയരം-വീതി, കൊത്തു വേലകൾ, ഉപദ്വാരവിവരണം, ഒറ്റക്കതകിൻെറ മഹത്വം.

അം 15. ഭിത്തി വിവരണം, ഭിത്തിയുടെ ഉയരം, തുലാത്തിൻെറ അളവുകൾ, ആരൂഢം, ബാഹ്യോത്തരം, താക്കിഴാ തറക്കുന്നവിധം, ഭവനപരിഗ്രഹം, ഗൃഹപ്രവേശനം, ഗൃഹനിർമ്മാണ പര്യവസാനത്തിങ്കൽ ജോലിക്കാരെ പരിചരിക്കേണ്ടുന്ന വിധം, ആശാരി ഗൃഹത്തെ നോക്കി മന്ത്രം ചൊല്ലി ഗൃഹം യജമാനനും നൽകുന്ന ചടങ്ങുകൾ.

അം 16. ഓടുമുറിക്കൽ, മണ്ണുചുമക്കുന്ന പ്രകാരങ്ങൾ, ഓടിൻെറ ലക്ഷണം, വിസ്തീർണം, കോണോടിൻെറ വിവരണം, ഓടു പണിയുന്ന വിധം, ഓടറുക്കുന്ന വിധികൾ, ഓട് ചൂളക്കുവെക്കുന്ന വിധികൾ, ഓടചുടുന്ന വിവിധ രീതികൾ, ഓട് മേയുന്നവിധം, ദേവാലയങ്ങൾക്കായുള്ള ലോഹ ആവരണങ്ങൾ.



Scanned with CamScanner

**ഭാഷാശിൽപരത്നം** : രണ്ടുഭാഗങ്ങടങ്ങുന്ന ഈ ശിൽപ ശാസ്ത്രഗ്രന്ഥത്തിലെ ഒന്നാം ഭാഗം ദേവാലയനിർമ്മാണവും രണ്ടാംഭാഗം മനുഷ്യാലയനിർമ്മാണവുമാണ് വിവരിക്കുന്നത്.

ഭാഗം 1. ദേവാലയനിർമ്മാണത്തിനുള്ള ഭൂമിയുടെ സംസ്കരണ കർമ്മങ്ങൾ, വാനം വെട്ടുന്ന വിധം, ചുമർനിർമ്മാണം, വാതിലിനാവശ്യമായ അളവുകൾ, ബിംബപീഠം, ശ്രീകോവിലിന്റെ അളവുകൾ, കതക്, അരമയ്യം-സാക്ഷയും, സോപാനം, തോരണാദി അലങ്കാരങ്ങൾ, ഉമ്മറപ്പടി, പ്രധാനവാതിൽ, സ്തംഭങ്ങൾ, പ്രസാദങ്ങൾ, ക്ഷേത്ര ഭിത്തികൾ, വേദികൾ, കൊത്തുവേലയിലൂടെ അണിയേണ്ട തോരണങ്ങൾ, ക്ഷേത്രത്തിലെ താഴികക്കുടനിർമ്മാണം, കുംഭസ്ഥാപനം, ഉത്തരസ്ഥാപനം, ഗണേശപൂജയോടെയുള്ള ക്ഷേത്രനിർമ്മാണാരംഭം, കഴുക്കോലിടൽ, കൂടം അടിച്ചുകൂട്ടൽ, വാമട, മുഖഫലകം, മഹാപ്രസാദനിർമ്മാണവിധി, വൃത്തം-ദീർഘവൃത്തം-ഷഡ്കോൺ-അഷ്ടകോൺ-ആകൃതിയിലുള്ള നിർമ്മാണവിധികൾ, നഗരാദിവിധി, ധ്വജപ്രതിഷ്ഠ, ധ്വജലക്ഷണം, കൂപദിശ, സന്ധിവിധി, ലിംഗത്തിന്റെ അളവുകൾ, ലിംഗനിർമ്മാണത്തിനുള്ള ശിലാലക്ഷണം, ബിംബമുഖവിവരണം, ബിംബത്തിലെ അവയവവിവരണം, ബിംബപ്രതിഷ്ഠക്കായുള്ള പീഠനിർമ്മാണം, താഴ്ന്ന പീഠനിർമ്മാണം, പീഠത്തിന്റെ അളവുകൾ, ക്ഷേത്രവിഗ്രഹങ്ങളുടെ ജീർണോദ്ധാരണം.

ഭാഗം 2. മനുഷ്യാലയനിർമ്മാണമാണ് ഇതിലെ വിഷയം. ഭൂമിയുടെ അളവുകൾ-ഗുണദോഷങ്ങൾ, ഭൂമി തെരഞ്ഞെടുക്കുന്ന വിധം, ദിശ, അംഗണം, നാലുകെട്ടിന്റെ വിവരണം, കുളം-കിണർ എന്നിവയുടെ ദിശ, അതിർത്തിസംരക്ഷിതമാക്കുന്ന വിധി, ഗൃഹനിർമ്മാണ ആരംഭത്തിനുള്ള സമയം, പൂജാദിചടങ്ങുകൾ, ദിശാദേവപൂജനം.

**വിശ്വകർമ്മീയം** : ഗൃഹം-ദേവാലയം എന്നിവയുടെ നിർമ്മാണത്തിനുള്ള അടിസ്ഥാനനിയമങ്ങൾ, ഭൂമിയുടെ സ്ഥിതി അനുസരിച്ച് ഗോവീഥി-യമവീഥി-വരുണവീഥി- ഗജവീഥി-വൈശ്വാനരവീഥി- രാക്ഷസവീഥി-നാഗവീഥി- ധാന്യവീഥി എന്നിങ്ങനെ ഭൂമിയെ ഭാഗിച്ചിരിക്കുന്ന വിധം, ഭൂലക്ഷണം, അഷ്ടദിക്പാലകവിവരണം, വ്യത്യസ്ഥ ദിശകളിൽ വിവിധ വൃക്ഷങ്ങൾ നിൽക്കുന്നതുകൊണ്ടുള്ള ശുഭാശുഭ ഫലങ്ങൾ, നാലുവർണങ്ങളിൽപ്പെടുന്നവരുടെ ഗൃഹനിർമ്മാണത്തിനനുയോജ്യമായ ഭൂമി, പടിപ്പുരനിർമ്മാണം, ഭൂമിയുടെ നിറഭേദമനുസരിച്ചുള്ള



Scanned with CamScanner

ശുഭാശുഭഫലങ്ങൾ, വാസ്തുവിൻെറ മർമ്മങ്ങൾ, ഭൂമിയിലെ ദേവതാസ്ഥാനം, വാസ്തുബലിയിൽ 53 ദേവതമാരെ പൂജിക്കേണ്ടുന്ന വിധം, ഭൂമർമ്മങ്ങൾ നോക്കാതെ നടത്തുന്ന ഗൃഹനിർമ്മാണത്തിലെ ദോഷങ്ങൾ, ഗൃഹനിർമ്മാണത്തിനുള്ള ശുഭദിനങ്ങൾ, ഗൃഹത്തിൻെറ അളവുകൾ, ഓരോഭവനവും അതിൻെറ നാലുദിശകളിലും വർത്തിക്കുന്ന പുരകളുമായി ഉണ്ടായിരിക്കേണ്ടുന്ന അകലങ്ങൾ-ദിശാവ്യതിയാനങ്ങൾ-അളവുകളുടെ വ്യതിയാനങ്ങൾ, മോന്തായത്തിൻെറ അളവുകൾ അംഗണത്തിൻെറ അളവുകൾ പ്രവേശനദ്വാരത്തിൻെറ ദിശയനുസരിച്ച് വരുത്തേണ്ട അളവുകൾ, ഉമ്മറപ്പടി-കട്ടിള-ജനൽ- കതക് എന്നിവയുടെ ഉത്തമമായ അളവുകൾ, പിൻവശത്തെ പ്രവേശനദ്വാരം, പൂജാമുറി, പാചകശാല, ശയനമുറി എന്നിവയുടെ സ്ഥാനങ്ങൾ, കുളം-കിണർ എന്നിവയുടെ സ്ഥാനങ്ങൾ.

**സമരാംഗണ സൂത്രധാര** : ഭോജദേവൻ രചിച്ചതാണീഗ്രന്ഥം. വിശ്വകർമ്മാവ് വിവരിക്കുന്ന രീതിയിലാണ് പുരാതനമായ ഈ ഗ്രന്ഥത്തിൽ വിഷയാവതരണം. ഭൂവിവരണം, സപ്തദ്വീപുകൾ, ജംബുദ്വീപമഹത്വം, ഭൂപരീക്ഷ, ഹസ്തലക്ഷണം, പുരയിടത്തിൻെറ ഉത്തമ-മദ്ധ്യമ-അധമ-അളവുകൾ, ഭൂലക്ഷണം, വാസ്തുത്രയ വിദ്യകൾ, വാസ്തു ദേവതകൾ, വസ്തുവിഭജനത്തിന്നനുശാസിക്കേണ്ട നിയമങ്ങൾ, വാസ്തുപുരുഷവിവരണം, ഗൃഹത്തിൻെറയും ഭൂമിയുടെയും പ്രവേശനദ്വാരം, വൃക്ഷസ്ഥിതികൾ, നഗരവിവരണം നാലുകെട്ടുള്ള ഗൃഹനിർമ്മാണ വിവരണം, ഭൂമിയുടെയും ഭവനത്തിൻെറയും ഉയർച്ചയും -താഴ്ചയും-അവയുടെ ഗുണദോഷങ്ങൾ, എട്ടുവിധ സഭാമണ്ഡപങ്ങളുടെ വിവരണം, രാജഗൃഹം, യന്ത്രവിധാനം, ഗജശാല, അശ്വശാല, ശിലാസ്ഥാപന വിധികൾ, വാസ്തുബലി, വാസ്തുസംസ്ഥാനമാതൃക, ഛായവിദ്യാ, വാസ്തുശാന്തി, സ്ഥപതിലക്ഷണം, തോരണഭംഗം, ഗൃഹദോഷ നിരൂപണം, മാളികാ നിർമ്മാണം, പ്രസാദങ്ങളുടെ ശുഭാശുഭലക്ഷണം, പ്രസാദദ്വാര വിവരണം.

**മയമതം** : മഹാഭാരതത്തിൽ വർണ്ണിക്കുന്ന ഇന്ദ്രപ്രസ്ഥരാജധാനി നിർമ്മിച്ചത് ദേവശിൽപിയായ മയനത്രെ, ഈ ഗ്രന്ഥത്തിൻെറയും രചയിതാവ്. ശിൽപശാസ്ത്രവിഷയങ്ങൾ 34 അദ്ധ്യായങ്ങളിലായി ഇതിൽ വിവരിക്കുന്നു. ഭൂപ്രകാരങ്ങൾ, ആകൃതി, ഭൂപരീക്ഷ, പരിഗ്രഹം, ഭൂമി അളക്കുന്നതിനുള്ള ഉപകരണങ്ങൾ, ദിക്പരിഛേദം,



Scanned with CamScanner

ഭൂദേവതകൾ, വാസ്തുബലി, ഗ്രാമവിന്യാസം, നഗരസംവിധാനം, ഭൂ അളവുകൾ, ഭൂഗർഭവിന്യാസം, ഉപവീതവിധി, അധിഷ്ഠാനവിധി, പാദപ്രമാണം, പ്രസ്തരകരണം, നാലുകെട്ടുള്ള ഗൃഹനിർമ്മാണം, ഗൃഹകവാടം, ദ്വാരവിധാനം, അതിഥിമുറികൾ, സ്വീകരണമുറികൾ, സത്രനിർമ്മാണം, ശിവലിംഗനിർമ്മാണം, ക്ഷേത്ര നിർമ്മാണത്തിന്റെ അടിസ്ഥാന തത്വങ്ങൾ, ദേവപീഠലക്ഷണവും ഘടനയും.

ശില്പവേദവിഷയങ്ങൾ വിവരിക്കുന്ന മനുഷ്യാലയചന്ദ്രിക, വിശ്വകർമ്മപ്രകാശം എന്നീ ഗ്രന്ഥങ്ങളും ഇന്നു ലഭ്യമാണ്. പുരാണേതിഹാസങ്ങളും ഗൃഹനിർമ്മാണത്തെക്കുറിച്ച് സുദീർഘമായ വിവരിക്കുന്നുണ്ട് കൂടാതെ ഭാരതത്തിലെ സംസ്ഥാനങ്ങളിൽ പ്രാദേശികഭാഷയിൽ രചിക്കപ്പെട്ട പുരാതനങ്ങളായ ഗ്രന്ഥങ്ങളും ധാരാളമായി ഉണ്ട്. ഇവയുടെ അടിസ്ഥാനനിയമങ്ങൾ എല്ലാംതന്നെ പൊതുവായി അംഗീകരിക്കപ്പെട്ടവയായിരിക്കാം.

അർത്ഥശാസ്ത്രഗ്രന്ഥങ്ങളിൽ രാജകൊട്ടാരങ്ങളെക്കുറിച്ചും രാജസഭാ നിർമ്മാണത്തെക്കുറിച്ചും സുദീർഘമായി വിവരിക്കുന്നുണ്ട്. കൂടാതെ സേനാഗൃഹം, അശ്വഗൃഹം തുടങ്ങി സൈന്യങ്ങൾക്കാവശ്യമുള്ള വിവിധ ഗൃഹനിർമ്മാണവും അർത്ഥശാസ്ത്രങ്ങളിലും, ധർമ്മസൂത്രങ്ങളിലും വിവരിക്കുന്നുണ്ട്. കൂപശാസ്ത്രം, കിണർ, കുളം എന്നിവയുടെ നിർമ്മാണവിവരണം നൽകുന്ന ഒരു ലഘുഗ്രന്ഥമാണ്.



Scanned with CamScanner

# ദർശനം

വേദങ്ങളുടെ ഉപാംഗങ്ങളായി ഷഡ്ദർശനങ്ങൾ വരുന്നു. വേദോപാംഗങ്ങൾ ഏതെല്ലാമാണെന്നതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ അനവധി അഭിപ്രായങ്ങളുണ്ടെങ്കിലും തത്വശാസ്ത്ര വിഷയങ്ങളടങ്ങുന്ന ദർശനങ്ങളാണെന്നതാണ് പൊതുവേ സ്വീകരിച്ചിരിക്കുന്ന അഭിപ്രായം. മനുഷ്യന്റെ ചിന്താധാരകളും, കർമ്മമാർഗങ്ങളും, ധർമ്മങ്ങളും, അവസ്ഥകളും, പഞ്ചഭൂതങ്ങളും, അവയുടെ അടിസ്ഥാന ഘടകങ്ങളും, തത്വശാസ്ത്രങ്ങളും, അണുമുതൽ ബ്രഹ്മാണ്ഡം വരെയും ഗഹനമായി ചികഞ്ഞു നോക്കി മഹർഷിമാർ വിവരിക്കുന്നതാണ്, ഈ ദർശനങ്ങൾ. മറ്റു ഗ്രന്ഥങ്ങളെ അപേക്ഷിച്ച് ദർശന ഗ്രന്ഥങ്ങൾക്കുള്ള പ്രത്യേകത അവയിൽ ഏതാനും വാക്കുകൾ മാത്രം ചേർത്ത്, ഒന്നോ രണ്ടോ വരികളിലുള്ള സൂത്രരൂപത്തിൽ, വളരെ ഗഹനങ്ങളായ ചിന്താധാരകൾ വിവരിക്കുന്നു എന്നതാണ്. വ്യാഖ്യാനങ്ങൾ കൂടാതെ ദർശനഗ്രന്ഥവിഷയങ്ങൾ മനസ്സിലാക്കുക എന്നതും ഉദാഹരണങ്ങൾ കൂടാതെ ഇവയിലെ ചിന്താധാരകളുടെ അഗാധതയിലേക്ക് എത്തുക എന്നതും എളുപ്പമല്ല. ഇവിടെ ഓരോ ദർശനത്തിന്റെയും അടിസ്ഥാന ഗ്രന്ഥങ്ങളുടെ സംക്ഷിപ്തരൂപം അതിൽ വിവരിക്കുന്ന വിഷയങ്ങളുടെ ക്രമത്തിലാണ് നൽകിയിരിക്കുന്നത്.

**ന്യായദർശനം** : ന്യായദർശനങ്ങളെക്കുറിച്ച് വിവരിക്കുന്ന അനേകം രചനകൾ ഇന്നു ലഭ്യമാണെങ്കിലും അവയുടെയെല്ലാം അടിസ്ഥാനഗ്രന്ഥം ഗൗതമമഹർഷിയുടെ ന്യായദർശനമാണ്. അഞ്ച് അദ്ധ്യായങ്ങളാണ് ഇതിലുള്ളത്. ഓരോ അദ്ധ്യായവും വീണ്ടും ആഹ്നികങ്ങളായി വിഭജിച്ചിട്ടുണ്ട്.

അം 1, 2. ആത്മലക്ഷണം, പഞ്ചഭൂതം, കർമ്മം, കർമ്മ-സുഖ-ദുഃഖബന്ധം, തർക്കത്തിൽ (സംവാദങ്ങളിൽ) ഏർപ്പെടുന്ന വ്യക്തികളും, സംഘങ്ങളും അവരുടെ വാദങ്ങൾ സമർത്ഥിക്കുന്നതിനനുശാസിക്കേണ്ട അടിസ്ഥാന നിയമങ്ങൾ, തർക്കത്തിലുണ്ടാകുന്ന സംശയം, പ്രമാണം, പ്രമാണനിഷേധം, പ്രതിഷേധം, പ്രമാണസിദ്ധി, ജ്ഞാനധാരണം, ഭൂത-ഭാവി-ഭവിഷ്യത് ബന്ധങ്ങൾ, ഉപമാനം,



Scanned with CamScanner

അനുമാനം, ശബ്ദ-അർത്ഥ ബന്ധം, ആപ്തവചനപ്രമാണം, ഭാവാഭാവ ബന്ധം, ഉപപത്തി, കർമ്മത്തിന്റെ അനിത്യത, അണുവിന്റെ നിത്യത്വം, ശബ്ദത്തിന്റെ നിത്യത, വാക്കുകളിലെ വികാരം-പദം-അർത്ഥവ്യാപ്തി.

അം 3. ആത്മ-ഇന്ദ്രിയ ബന്ധം, ആത്മസാന്നിദ്ധ്യം, സ്മൃതി-സ്മരണ ബന്ധം, ആത്മനിത്യത്വം, സാന്നിദ്ധ്യ-അസാന്നിദ്ധ്യ വിവരണം, പ്രത്യക്ഷ തെളിവുകൾ, സാധുത്വം-അസാധുത്വം, പഞ്ചഭൂതവിവരണം, ബുദ്ധി-ജ്ഞാനബന്ധം.

അം 4. കാര്യ-കാരണഭാവം, ഒന്നിന്റെ അഭാവത്തിലൂടെ മറ്റൊന്നിന്റെ ഉത്ഭവം, കർമ്മ അഭാവത്താൽ ഫലമില്ലാത്ത അവസ്ഥ, സുഖ-ദുഃഖ ബന്ധം, അണുവിന്റെ ശ്യാമനിറം, തത്വജ്ഞാന മഹത്വം, വിദ്യ-അവിദ്യബന്ധം, അവയവ-പ്രവൃത്തി ബന്ധം, പ്രപഞ്ചത്തിന്റെ സർവ്വ വ്യാപകത്വം, അനുപത്തി-ഉപപത്തി ബന്ധം, മോക്ഷ ജ്ഞാന ബന്ധം.

അം 5. ഭേദവിവരണം, മനുഷ്യത്വ-മനുഷ്യ-സ്വഭാവബന്ധം, പ്രാപ്തിയും-അപ്രാപ്തിയും, സിദ്ധി-സാധർമ്മ്യബന്ധം, സ്വപക്ഷ-പ്രതിപക്ഷലക്ഷണം, പ്രതിജ്ഞ-പ്രതിജ്ഞാന്തരം, പ്രതിജ്ഞാ വിരോധം, പ്രതിജ്ഞാസന്യാസം.

സുദീർഘവും - ഗഹനവുമായ ഭാഷ്യങ്ങളിലൂടെ മാത്രമേ സാധാരണ ജനങ്ങൾക്ക് ന്യായദർശനം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ഭരദ്വാജ-ഉധ്യാതകരന്റെ ന്യായവർത്തികം, ന്യായവർത്തികതാൽപര്യം, ഉദയനാചാര്യന്റെ കിരണാവലി, വാചസ്പതി മിശ്രന്റെ താൽപര്യശുദ്ധി, ന്യായകുസുമ മഞ്ജരി, ആത്മതത്വവിവേകം, ന്യായപരിശിഷ്ടം, ലക്ഷണാവലി, ന്യായ സൂചിനിബന്ധം എന്നിവയും ജയന്തഭട്ടന്റെ ന്യായമഞ്ജരി, ഭാസവജ്ഞന്റെ ന്യായസാരം, ഗംഗേശോപാധ്യയുടെ നവ്യന്യായ ശാസ്ത്രം, കൂടാതെ ന്യായകലിക, തർക്കഭാഷാ, തർക്കകൗമുദി, തർക്കാമൃതം, തർക്കസംഗ്രഹം എന്നിവയും ന്യായദർശനങ്ങളുടെ വ്യാഖ്യാനങ്ങളാണ്.

**യോഗദർശനം**: യോഗദർശന തത്വങ്ങളെ ക്രോഡീകരിച്ചത് പതഞ്ജലി മഹർഷിയാണ്. സാംഖ്യായോഗത്തിൽ നിന്നും അല്പംകൂടി വികസിച്ചതത്രെ യോഗദർശനം. നാലുപാദങ്ങളടങ്ങുന്നതാണ് ഈ ദർശനം.



Scanned with CamScanner

പാദം 1. ചിത്തവൃത്തി നിയന്ത്രണം, പ്രമാണം, വിപര്യയം, വികൽപം, നിദ്ര, സ്മൃതി, വൈരാഗ്യം, ആത്മജ്ഞാനം, അസംപ്രജ്ഞ വിവരണം, നിർബീജസമാധി, പരമാത്മ-ഈശ്വരബന്ധം, ഈശ്വരഗുരു സ്ഥാനം, പ്രണവത്തിൻെറ ആത്മീയ തത്വം, ചിത്തവിക്ഷേപകാരണം, നിർമ്മലവിചാരങ്ങളിലൂടെയുള്ള ചിത്തശുദ്ധി, ധ്യാനവിവരണം, സമാധി-മനസ്-ബുദ്ധി-ജ്ഞാനബന്ധം.

പാദം 2. താപം, ക്രിയായോഗം, ധ്യാനമാർഗം, സ്വശക്തി-ദൈവശക്തി ബന്ധം, കർമ്മം, ശീലം, ഇന്ദ്രിയകർമ്മങ്ങൾ, ഭോഗം, യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹരം, ധാരണ, ധ്യാനം, സമാധി, കർമ്മയോഗത്തിലൂടെയുള്ള ക്ലേശമുക്തി, അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം, സാധനയിലൂടെ നേരിടുന്ന അഹിംസ-സത്യം-ധർമ്മം-ചിത്തശുദ്ധി-ബ്രഹ്മജ്ഞാനം എന്നീ ഗുണങ്ങൾ.

പാദം 3. ചിത്തവൃത്തി, സമാധി-ധ്യാന-ധാരണ-സമാധി അവസ്ഥകൾ, ചിത്തപരിണാമം-ഏകാഗ്രത, ധർമ്മ നിർവ്വചനം, ഭൂത-ഭാവി-വർത്തമാന സംഭവങ്ങൾ, ധ്യാനത്തിലൂടെ അറിയുന്നതിനുള്ള മാർഗ്ഗം, പൂർവ്വജന്മജ്ഞാനം, ചിത്തവൃത്തിജ്ഞാനം, ഗ്രഹജ്ഞാനം, ശാരീരികനിയന്ത്രണം, സർവ്വജ്ഞാനം, പ്രപഞ്ചജ്ഞാനം, ധ്യാനസാധനയിലൂടെ ഭൂതജയം-കായബലം-മനോജയം എന്നീ ഗുണങ്ങളുടെ പ്രാപ്തി.

പാദം 4. മന്ത്രം, തപം, സമാധി, സിദ്ധി, വാസനയുടെ നിത്യത്വം അവിദ്യാനാശം, ഏകത്വഭാവം, ജ്ഞാന-അജ്ഞാനലക്ഷണം, സ്വന്തം ചിത്തജ്ഞാനം, ആത്മഭാവനിർവൃതി, കൈവല്യപദ വിവരണം.

യോഗദർശനത്തിനും അനേകം ഭാഷ്യങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. വ്യാസൻെറ യോഗസൂത്രഭാഷ്യം, വാചസ്പതിമശ്രൻെറ തത്വവൈശാരദീ, വിജ്ഞാനഭുക്ഷുവിൻെറ യോഗസാര സംഗ്രഹം, സ്വാത്മാരാമയതീന്ദ്രൻെറ ഹഠയോഗപ്രദിപിക എന്നിവ കൂടാതെ യോഗസംബന്ധിയായ അനേകം ഉപനിഷത്തുകളും ഭാവഗണേശ വൃത്തി, മണിപ്രഭ, യോഗചന്ദ്രിക എന്നീ വ്യാഖ്യാനങ്ങളും യോഗദർശന ഗ്രന്ഥങ്ങളാണ്.

**വൈശേഷിക ദർശനം** : വൈശേഷികം ന്യായദർശനവുമായി വളരെ ബന്ധമുണ്ടെങ്കിലും കൂടുതൽ പുരാതനത്വം ആദ്യത്തേതിനാണത്രെ. പരമാണുവാണ് പ്രപഞ്ചത്തിൻെറ അടിസ്ഥാനഘടകം എന്നതാണ് വൈശേഷിക പ്രമാണം. വൈശേഷിക ദർശനത്തിൻെറ



Scanned with CamScanner

ഉപജ്ഞാതാവാണ് കണാദമഹർഷി. അന്ന് നിലനിന്നിരുന്ന ചിന്താധാരകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു പുതിയ തത്വശാസ്ത്രം അവതരിപ്പിക്കപ്പെട്ടതുകൊണ്ടാണ് ഇതിനെ 'വിശേഷം' എന്ന അർത്ഥത്തോടുകൂടിയ വൈശേഷികം എന്ന പേരു സിദ്ധിച്ചത്. പത്ത് അദ്ധ്യായങ്ങളുള്ള കണാദൻെറ വൈശേഷിക ദർശനത്തിലെ ഓരോ അദ്ധ്യായവും രണ്ടു ആഹ്നികങ്ങൾ ആയി വിഭജിച്ചിട്ടുണ്ട്.

അം 1, 2. വേദപ്രമാണം, നവദ്രവ്യങ്ങൾ, അവയുടെ 17 ഗുണങ്ങൾ, ദ്രവ്യങ്ങളുടെഭിന്നത, ദ്രവ്യങ്ങളുടെ സംയോഗ-വിയോഗം, ദ്രവ്യ-ദ്രവ്യബന്ധം, ദ്രവ്യ-ഗുണ-കർമ്മ-ബന്ധത്തിൻെറ തത്വങ്ങൾ, പഞ്ചഭൂതലക്ഷണം, പഞ്ചഭൂതങ്ങളുടെ അവസ്ഥാഭേദം, ശബ്ദ-ആകാശബന്ധനം, ഗന്ധം, ഉഷ്ണം, പഞ്ചഭൂതഗണങ്ങൾ തമ്മിലുള്ള ബന്ധം, കാലം-ദിശ-ഉപദിശ ബന്ധം, ദ്രവ്യ-ശബ്ദ ബന്ധം, കർമ്മ-ഗുണബന്ധം, ശബ്ദത്തിൻെറ അനിത്യത.

അം 3, 4. ജാതിജ്ഞാനം, ബന്ധവിവരണം, ആത്മകർമ്മേന്ദ്രിയ ബന്ധം, ഞാൻ-നീ ബന്ധം, വ്യക്തിത്വ-ആത്മ ബന്ധം, ആത്മത്തിൻെറ ഏകതക്കും, ജീവികളിലെ ഭിന്നതയ്ക്കുമുള്ള കാരണം, കാര്യ-കാരണബന്ധം, രൂപനിർവ്വചനം, സത്വിവരണം, ജ്ഞാനം, പ്രത്യക്ഷജ്ഞാനം, ഇന്ദ്രിയ-വിഷയബന്ധം, പഞ്ചഭൂതങ്ങളുടെ അടിസ്ഥാനഘടകങ്ങളായ പരമാണുക്കളുടെ ബന്ധം, യോനീ ജനിതവും-അയോനീജനിതവുമായ ശരീരങ്ങൾ, അയോനി ജീവികളുടെ പുനർ ജന്മത്തിലെ ശാസ്ത്രീയത.

അം 5. സുഷുപ്താവസ്ഥാ, സുഷുപ്താവസ്ഥയിലെ ശരീരകർമ്മങ്ങൾ, തൃണങ്ങളിൽ നടക്കുന്ന കർമ്മങ്ങൾക്ക് വായു കാരണമാകുന്നതിൻെറ തത്വം, അദൃഷ്ടകർമ്മത്തിൻെറ ഉദാഹരണത്തിന് ഇരുമ്പും, കാന്തവും തമ്മിലുള്ള ആകർഷണ വിവരണം, ഭൂമിയുടെ ആകർഷണം, ഗുരുത്വബന്ധം, ഖര-ദ്രാവക-വാതകബന്ധം, തേജസ്സിൻെറ സംയോഗം.

അം 6. ആചാരം, അനാചാരം, ആചാരസാധുത, ധർമ്മം-അധർമ്മം, വർണാശ്രമ ധർമ്മങ്ങളുടെ ഗുണദോഷങ്ങൾ, ശുദ്ധം, അശുദ്ധം, ശ്രദ്ധ, രാഗ, ദ്വേഷം.

അം 7. പരമാണുവിൻെറ സ്വഭാവം, ഗുണം, നിത്യത, അണുവിൻെറ വലുപ്പത്തിലുള്ള വ്യത്യാസം, അവയുടെ ഗുണങ്ങൾ, അണുവിൻെറ മഹത്വം, നിത്യപരിണാമം, അണുക്കളിലെ ഏകത്വം,



Scanned with CamScanner

ദിത്വം, അണുക്കളുടെ സംയോഗവിയോഗം, അണുവിന്റെ അവിഭാജ്യ സ്വഭാവം, ഗുണത്തിന്റെ ഭാവം, ദ്രവ്യജ്ഞാനം.

അം 8, 9. ആത്മ-മനസ്-വായു ഇവയുടെ അദൃശ്യതക്കു കാരണം, ജ്ഞാന ആർജ്ജനം, ദ്രവ്യ-ഇന്ദ്രിയ സമീപനത്താലുണ്ടാകുന്ന ദ്രവ്യജ്ഞാനം, ദ്രവ്യ-ഗുണ-കർമ്മ ജ്ഞാനം, ജ്ഞാനം ഒരുമിച്ചോ ക്രമമായോ ആർജ്ജിക്കുന്നതിന്റെ തത്വം, ഇത് - അത്, ഞാൻ - അവൻ എന്ന ബുദ്ധിയിലൂടെ ഉദിക്കുന്ന ജ്ഞാനം, ദ്രവ്യത്തിലെ അർത്ഥ-ഗന്ധ-രാസസ്ഥാനം സത്-അസത്, ഭാവ-അഭാവഗുണങ്ങൾ, ദ്രവ്യം ഗുണങ്ങളുടെ ഉറവിടമാകുന്നതിന്റെ വിവരണം, വിദ്യാവിവരണം.

അം 10. ഇച്ഛ, അനിഷ്ടം, അവയുടെ ബന്ധത്തിലൂടെയുണ്ടാകുന്ന സുഖ ദുഃഖങ്ങൾ, പ്രത്യക്ഷജ്ഞാനം-അനുമാനബന്ധം അഗ്നിയുടെ ഗുണമുണ്ടാകുന്ന സംയോഗബന്ധം, ഋഷികളുടെ ജ്ഞാനത്തിനുള്ള മഹത്വകാരണം, വേദങ്ങൾക്ക് സ്വയം പ്രമാണം വരുവാൻകാരണം.

ഉദയനാചാര്യന്റെ സംഭാവനകളിലൂടെയാണത്രെ ന്യായവും വൈശേഷികവും രണ്ട് വ്യത്യസ്തദർശനങ്ങളായത്. ഈ രണ്ടു ശാഖകളും ഒന്നാക്കി മാറ്റുവാനും ഗംഗേശോപാദ്ധ്യായപോലുള്ള ആചാര്യന്മാർ ശ്രമിച്ചിട്ടുണ്ട്. പ്രസ്തപാദന്റെ പദ-അർത്ഥധർമ്മ സംഗ്രഹം, ജയനാരായണഭട്ടന്റെ കണാദസൂത്രവൃത്തി, ചന്ദ്രകാന്തഭട്ടന്റെ വൈശേഷികഭാഷ്യം, വ്യോമശിഖാചാര്യന്റെ വ്യാമപതി, ഉദയനാചാര്യന്റെ കിരണാവലി എന്നിവയും വൈശേഷികഗ്രന്ഥങ്ങളാണ്.

**സാംഖ്യദർശനം** : സംഖ്യ എന്ന പദത്തിൽനിന്നാണ് 'സാംഖ്യ' ദർശനത്തിന്റെ ഉത്ഭവം. 1 മൂലപ്രകൃതി, 1 മഹത്, 5 അഹങ്കാരങ്ങൾ, 5 കർമ്മേന്ദ്രിയങ്ങൾ, 5 ജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചഭൂതങ്ങൾ, മനസ്, പുരുഷൻ, ഇത്രയും സംഖ്യകളുമായി ബന്ധപ്പെട്ട വിവരണമാണ് സാംഖ്യത്തിലുള്ളത്. പ്രപഞ്ചത്തിൽ ആദിയും അന്ത്യവുമില്ലാത്ത രണ്ട് വസ്തുക്കൾ പ്രകൃതിയും-പുരുഷനും ആയി സാംഖ്യദാർശനികർ വിവരിക്കുന്നു. സാംഖ്യദർശനത്തിന്റെ അടിസ്ഥാനഗ്രന്ഥം കപിലമഹർഷി രചിച്ച സാംഖ്യദർശനമാണ്. ഇതിൽ ആറ് അദ്ധ്യായങ്ങളിലായി വിഷയങ്ങൾ വിവരിക്കുന്നു.

അം 1. മോക്ഷമാർഗ്ഗം, ആത്മദേഹബന്ധം, വൈശേഷിക ദർശനത്തോടുള്ള വിയോജിപ്പ്, കാര്യകാരണബന്ധം, ഗതി, പ്രകൃതി



Scanned with CamScanner

പുരുഷസംയോഗം, പ്രകൃതിയിലെ സത്വ-രജ്ജ-തമോ ഗുണങ്ങൾ, സംഘാതം, മൂലം, മഹത്, മനസ് ബന്ധം, അനുഷ്ഠാനകർമ്മങ്ങളോടുള്ള വിയോജിപ്പ്, ജീവാത്മധർമ്മം.

അം 2, 3. പ്രകൃതി, അഹങ്കാരം, പഞ്ചേന്ദ്രിയങ്ങൾ, മനസ് ഇവയുടെ മഹത്വം, സ്ഥൂല-സൂഷ്മ ശരീരങ്ങളിലെ പതിനെട്ടു തത്വങ്ങൾ, പഞ്ചഭൂതങ്ങൾ അഹങ്കാരം, മനസ്, ശരീര ചേതനത്വം അചേതനത്വം, ജാഗ്രത്-സ്വപ്ന-സുഷുപ്ത അവസ്ഥകൾ, വിദ്യ-അവിദ്യ. സിദ്ധി, ശക്തി-അശക്തി എന്നീ ഗുണഭാവങ്ങൾ.

അം 4, 5. വിവേകം, മോക്ഷം, മാനുഷീക-മൂല്യങ്ങൾ മൂലപ്രകൃതി ബന്ധം, ഈശ്വരസൃഷ്ടി, ജഗത്സൃഷ്ടി, വിദ്യ-അവിദ്യ. ധർമ്മസിദ്ധി, അനുഭൂതി, വേദമഹത്വം, വേദത്തിൻെറ അപൗരുഷേയത്വം, അദ്വൈത-ദ്വൈതഭാവങ്ങൾ, പ്രകൃതി-പുരുഷനിത്യത്വം, അവയുമായി ബന്ധമില്ലാത്തവയുടെ അനിത്യത്വം, മോക്ഷലാഭം.

അം. 6, സുഖദുഃഖങ്ങൾ, ആത്മവിവരണം, ആത്മവിവേക ബന്ധം, അവിവേകനാശനമാർഗം, ധ്യാനാവസ്ഥയിൽ മനസ്സിൻെറ സ്ഥിതി, ആത്മജ്ഞാനപ്രാപ്തിയുടെ വിശേഷത, സൃഷ്ടിയുടെ മഹത്വം, 'മഹത്തി'നെക്കുറിച്ചുള്ള ജ്ഞാനം, ആത്മപ്രകൃതിബന്ധം, സൂക്ഷ്മശരീരം.

സാംഖ്യദർശനത്തിന് അനവധി ഭാഷ്യങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. ഈശ്വരകൃഷ്ണൻെറ സാംഖ്യകാരിക, ആദിശങ്കരൻെറ ഗുരുവായ ഗൗഡപാദാചാര്യൻെറ സാംഖ്യകാരികാഭാഷ്യം, വാചസ്പതി മിശ്രൻെറ സാംഖ്യതത്വകൗമുദി, വിജ്ഞാന ഭിക്ഷുവിൻെറ സാംഖ്യപ്രവചനഭാഷ്യം എന്നീഗ്രന്ഥങ്ങൾ സാംഖ്യശാസ്ത്രത്തെക്കുറിച്ച് ഗഹനമായ അറിവു നൽകുന്നു.

**വേദാന്തദർശനം** : വേദാന്തദർശനത്തിൽ വേദങ്ങളുടെ ജ്ഞാനകാണ്ഡത്തെക്കുറിച്ച് വിവരിക്കുന്നു. ഇത് ഉത്തരമീമാംസ എന്നും അറിയപ്പെടുന്നു. വേദവ്യാസൻ രചിച്ച ബ്രഹ്മസൂത്രമാണ് വേദാന്ത ദർശനത്തിൻെറ അടിസ്ഥാനഗ്രന്ഥം. നാല് അദ്ധ്യായങ്ങളിലായി 500 ൽ പരം സൂത്രങ്ങളാണ് വേദാന്ത ദർശനത്തിലുള്ളത്.

അം 1. ബ്രഹ്മദർശനം, ബ്രഹ്മാനന്ദം, ബ്രഹ്മത്തിൻെറ വ്യത്യസ്ഥരൂപ-ഭാവങ്ങൾ, ആകാശ-ശബ്ദാർത്ഥം, ജ്യോതിസ്വരൂപം, വേദങ്ങളിലെ ബ്രഹ്മവിവരണം, പ്രാണവിവരണം, സ്മൃതികളിൽ വിവരിക്കുന്ന ബ്രഹ്മമഹത്വം, ജീവാത്മ-ബ്രഹ്മബന്ധം, ബ്രഹ്മത്തിൻെറ



Scanned with CamScanner

അന്തര്യാമി സ്വരൂപം, ജീവാത്മ-പരമാത്മ-ബ്രഹ്മബന്ധം, ബ്രഹ്മത്തെക്കുറിച്ച് വിവിധ ദാർശനിക വീക്ഷണങ്ങളുടെ വിമർശനാത്മക വിവരണം.

അം 2. മറ്റു ദർശനങ്ങളുമായി വേദാന്തദർശനത്തിനുള്ള ബന്ധം, കാര്യ-കാരണ ബന്ധങ്ങൾ, ബ്രഹ്മത്തിന്റെ സർവ്വ പ്രാധാന്യത്വം- മഹത്വം-സർവ്വവ്യാപകത്വം, ബ്രഹ്മത്തിന്റെ സാന്നിദ്ധ്യത്തിനുള്ള തെളിവുകൾ, ശ്രുതി-ബ്രഹ്മബന്ധം, സൃഷ്ടി-ബ്രഹ്മബന്ധം, പരമാണുവാദത്തിനെതിരെയുള്ള വിമർശനം, ബ്രഹ്മത്തെക്കുറിച്ച്, പശുപതിആചാര്യമതവിമർശനം, ഈശ്വരവിവരണം, ആകാശം-പൃഥ്വി-അപ്-തേജ-വായുവുമായി-ജീവാത്മ-പരമാത്മ- കർമ്മേന്ദ്രിയ -മന-പ്രാണബന്ധം.

അം 3, 4. സംസ്കാര കർമ്മങ്ങൾ, ശരീരം, ആത്മാവ്, മരണാനന്തരം ആത്മത്തിന്റെ അവസ്ഥ, ബ്രഹ്മവിവരണം, പരലോകഗമനം, മോക്ഷം, കർമ്മജ്ഞാന ബന്ധം, ആശ്രമധർമ്മം, ആത്മഭാവം, ഉപാസന, ധ്യാനം, ബ്രഹ്മലോകപ്രാപ്തി, സ്മൃതികളിലേയും-ശ്രുതികളിലേയും ആത്മ-ബ്രഹ്മ- ജീവിത ബന്ധങ്ങൾ, ജീവാത്മാവ്, മരണാനന്തരം പരമാത്മപദത്തിൽ ചേരുന്ന പ്രക്രിയ.

വേദാന്തത്തെക്കുറിച്ച് ഗഹനങ്ങളായ അനേകം പഠനങ്ങൾ ആധുനിക കാലഘട്ടത്തിൽപോലും നടക്കുന്നുണ്ട്. ശ്രീശങ്കരന്റെയും, മാധ്വാചാര്യന്റെയും വേദാന്തദർശനങ്ങളും അവയുടെ വ്യാഖ്യാനങ്ങളും അതിനുദാഹരണമാണ്. എല്ലാ ഉപനിഷത്തുകളും പ്രത്യേകിച്ച് ദശോപനിഷത്തുകൾ, വേദാന്തദർശനം തന്നെയാണ് വിവരിക്കുന്നത്.

**ദ്വൈത-അദ്വൈത ദർശനം** : ദ്വൈത-അദ്വൈത ദർശനങ്ങളെ പലവിധത്തിൽ പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നു. രണ്ടും ഒരേ തത്വചിന്തയെക്കുറിച്ച് രണ്ടഭിപ്രായം രേഖപ്പെടുത്തുന്നതാണ്. ഒന്നിനെതിരായിട്ടുള്ളതാണ് മറ്റൊന്ന് എന്നു തോന്നാമെങ്കിലും ഒരു സാധാരണ വ്യക്തി മാനസീകമായും, ആത്മീയമായും ഉയർന്ന് സർവ്വതിലും ഏകത്വം ദർശിക്കുന്ന അവസ്ഥാവിശേഷത്തിലേക്കെത്തുന്നതാണ് ദ്വൈതത്തിൽ നിന്ന് അദ്വൈതദർശനത്തിലേയ്ക്കുള്ള മാർഗ്ഗം. ആധികാരികമായി ദ്വൈതദർശനവും അദ്വൈതദർശനവും, വേദ-ബ്രാഹ്മണ-ആരണ്യകങ്ങളിൽ



Scanned with CamScanner

കാണാമെങ്കിലും, രണ്ടു ദർശനങ്ങളും ആത്മീയപന്ഥാവിലൂടെ കുറെ ദൂരം സഞ്ചരിച്ച വ്യക്തിക്ക് ഉപനിഷത്തുകളിൽ വ്യക്തമായി കാണാം. ദ്വൈതവാദത്തെ ഒരു ദർശനത്തിൻെറ മാർഗ്ഗത്തിലേക്ക് നയിച്ച വ്യക്തമായ വിവരണങ്ങൾ നൽകിയത് മാധ്വാചാര്യരാണ്. അതുപോലെ അദ്വൈതത്തിൻേറത് ശ്രീ ശങ്കരാചാര്യരും. വിശിഷ്ടാദ്വൈതം എന്നൊന്നുകൂടിയുണ്ട്. അത് രാമാനുജാചാര്യരുടേതുമത്രെ. ദ്വൈതത്തിൽ, ജീവാത്മാവും പരമാത്മാവും രണ്ടായി വിവരിക്കപ്പെടുന്നു. അതായത് ഞാനും ദൈവവും വ്യത്യസ്ഥമായ രണ്ടു പ്രതിഭാസങ്ങളായിത്തീരുന്നു. ദൈവത്തിൻെറ സർവ്വപ്രഭയും എന്നിലുണ്ടെങ്കിലും ഞാൻ ദൈവമായിത്തീരുന്നില്ല. പാത്രത്തിൽ ശേഖരിക്കുന്ന കടൽജലം കടൽ ആയിത്തീരുന്നില്ല എന്നു ചുരുക്കം. അദ്വൈതത്തിൻെറ ആത്മാവ് പരമാത്മാവിൻെറ ഭാഗമായതുകൊണ്ട് ജീവാത്മാവും, പരമാത്മാവും രണ്ടല്ല, രണ്ടും അഭേദ്യമായ ഒന്നാണ്. അയമാത്മ ബ്രഹ്മ, തത് ത്വമസി, അഹം ബ്രഹ്മാസ്മി, എന്നെല്ലാം അദ്വൈതികൾ പറയുന്നു. ഏതാണ്ടിതേ വിവരണങ്ങളാണ് വിശിഷ്ടാദ്വൈതികളുടേതും.



Scanned with CamScanner

# സ്മൃതി

ധർമ്മശാസ്ത്രങ്ങൾ എന്നും സ്മൃതികൾ അറിയപ്പെടുന്നുണ്ട്. ആദ്യകാലത്ത് കൽപസൂത്രങ്ങളുടെ ഭാഗമായ ശ്രൗത- ഗൃഹ്യ സൂത്രങ്ങളെപോലെ ധർമ്മസൂത്രങ്ങളും രചിക്കപ്പെട്ടു. പിന്നീട് കൂടുതൽ ഗ്രന്ഥങ്ങൾ മഹർഷിമാരുടെ സംഭാവനകളായി അതാതുകാലങ്ങളിൽ ഉണ്ടായി. അതാതുദേശത്തിൻേറയും കാലത്തിൻെറയും ഭേദങ്ങളനുസരിച്ച് അവിടെ വസിച്ചിരുന്ന ചിന്തകന്മാർ പഴയ ധർമ്മശാസ്ത്രങ്ങളിൽ മാറ്റം വരുത്തുകയും, കൂട്ടി ച്ചേർക്കുകയും ചെയ്തിട്ടായിരിക്കണം പുതിയവ രചിച്ചത്. ഈ മാറ്റങ്ങൾ എല്ലാം മഹർഷിമാരുടെ സ്മൃതികളിൽ ഉദിച്ചവ യായിരിക്കണം. അതുകൊണ്ട് ധർമ്മശാസ്ത്രസദൃശമായ വിഷയങ്ങൾ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥങ്ങളെ സ്മൃതികൾ എന്നു പറയുന്നു. സ്മൃതികൾ എന്ന വിഭാഗത്തിൽ അനേകം ഋഷിവര്യന്മാരുടെ സംഭാവനകളുണ്ട്. സംഖ്യയുടെ കാര്യത്തിൽ സ്മൃതികളെക്കുറിച്ച് വിവരിക്കുന്നത് വ്യത്യസ്ത രീതിയിലാണ്. സ്മൃതികൾ 20 ആണെന്ന് യജ്ഞവൽക്യനും, 36 എന്ന് പൈഠിനശിയും 21 എന്ന് ശംഖലിഖതനും, വിവരിക്കുന്നു. പ്രയോഗപാരിജാതം എന്ന രചനയിലും, വൈജയന്തിയിലും 57 സ്മൃതികളാണുള്ളതെന്ന് വിവരിച്ചുകാണുന്നു. പുരാണങ്ങളിലും ഉപ പുരാണങ്ങളിലും സ്മൃതി സംഖ്യയെക്കുറിച്ച് ഭിന്നമായ വിവരണങ്ങൾ കാണുന്നുണ്ട്.

പ്രധാനപ്പെട്ട എല്ലാ സ്മൃതികളിലും അതിൽ വിവരിക്കുന്ന വിഷയങ്ങളെ ആചാരം-വ്യവഹാരം-പ്രായശ്ചിത്തം എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. ആചാരങ്ങളിൽ പലതും കൽപശാസ്ത്രത്തിലെ ധർമ്മസൂത്രവിഷയങ്ങളോട് ഏറെ ബന്ധമുള്ളതാണ്. പ്രായശ്ചിത്ത ഭാഗത്തിലെ വിഷയങ്ങളും ഏതാണ്ട് അപ്രകാരം തന്നെയാണ്. വ്യവഹാരഭാഗമാകട്ടെ ചാണക്യൻെറ അർത്ഥശാസ്ത്ര വിഷയത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഒന്നോ രണ്ടോ വിഷയങ്ങൾ മാത്രമുള്ള ഏതാനും ലഘു സ്മൃതികളുമുണ്ട്.

**ഉശനസ്മൃതി** : ധാർമ്മികവിഷയങ്ങളെക്കുറിച്ച് ശൗനകാദി മഹർഷിമാർ നൽകുന്ന വിവരണമാണ് ഇതിലെ വിഷയം. ധാർമ്മിക വിഷയങ്ങൾ 9 അദ്ധ്യായങ്ങളിലായി ഇതിൽ വിവരിക്കുന്നു.



Scanned with CamScanner

വേദാധ്യയനം, ബ്രഹ്മചാരിയുടെ ചര്യകൾ, പൂജാവിധികൾ, ഗുരുജനങ്ങളെയും-ബന്ധമിത്രാദികളെയും വന്ദിക്കുന്ന രീതികൾ, മാതാ-പിതാ-ഗുരു-ആചാര്യൻ-പുരോഹിതൻ എന്നിവരെ വന്ദിക്കേണ്ടുന്ന വിധം, പുത്രൻമാർക്ക് മാതാ-പിതാക്കളോടുള്ള കർത്തവ്യം, ബ്രഹ്മചാരിയുടെ ഭിക്ഷാടനം, ഭിക്ഷാടന നിയമങ്ങൾ, ശരീര ശുദ്ധീകരണത്തിനുള്ള വിവിധ രീതികൾ, ബ്രഹ്മചാരിയുടെ സ്വഭാവം, സ്ത്രീജനങ്ങളോടുള്ള പെരുമാറ്റ ചട്ടങ്ങൾ, ആചാര്യനുണ്ടായിരിക്കേണ്ട യോഗ്യതകൾ, വേദാധ്യയന നിയമങ്ങൾ, ഗായത്രീമഹത്വം, വേദാധ്യയനസമയം, വിദ്യാർത്ഥികൾ ഭക്ഷണസമയത്ത നുഷ്ഠിക്കേണ്ട വിധികൾ, ഗൃഹസ്ഥന്റെ ഭക്ഷണ നിയന്ത്രണം, അദ്ധ്യയനത്തിലനുഷ്ഠിക്കേണ്ടുന്ന ആചാരങ്ങൾ, ശ്രാദ്ധനിയമങ്ങൾ, ശ്രാദ്ധത്തിനുള്ള സമയം, ശ്രാദ്ധത്തിന് ക്ഷണിക്കപ്പെടേണ്ട വ്യക്തികൾ ക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ, സ്വശരീരം-മനസ്-കുടുംബം- സമൂഹം എന്നിവയ്ക്കുള്ള ശുദ്ധികർമ്മങ്ങൾ, ബ്രാഹ്മണവധത്തിനുള്ള പ്രായശ്ചിത്തം, മദ്യപാനം-സ്വർണമോഷണം-അധാർമ്മികസംസർഗം എന്നിവയ്ക്കുള്ളപ്രായശ്ചിത്ത കർമ്മങ്ങൾ, പരസ്ത്രീഗമനം, മൃഗവധം, മോഷണം, മദ്യ-മാംസഭക്ഷണം, ആചാരാനുഷ്ഠാന തിരസ്കരണം, അധാർമ്മിക പ്രവർത്തനങ്ങൾ, പാപകർമ്മങ്ങൾ, എന്നിവക്കുള്ള പ്രായശ്ചിത്തം അപരാധിയുടെ കുടുംബശുദ്ധീകരണം.

**യജ്ഞവൽക്യസ്മൃതി** : മൂന്നു സുദീർഘങ്ങളായ അദ്ധ്യായങ്ങ ളാണ് ഈ സ്മൃതിയിലുള്ളത്. ആചാരാദ്ധ്യായം, വ്യവഹാരദ്ധ്യായം, പ്രായശ്ചിത്താദ്ധ്യായം.

ആചാരാദ്ധ്യായം: ചതുരാശ്രമങ്ങൾ, ജ്ഞാനത്തിന്റെയും ധർമ്മത്തിന്റെയും ആധാരം, ആചാരാനുഷ്ഠാന-ധർമ്മ-ബന്ധം, ഗർഭാധാനചടങ്ങുകൾ, ഉപനയനം, ബ്രാഹ്മണകർത്തവ്യം, വേദാദ്ധ്യയന നിയമം, ഉപനയനകാലം, ബ്രാഹ്മണ നിർവ്വചനം, വേദമഹത്വം, വേദ-പുരാണ-ധർമ്മശാസ്ത്രപഠനഫലം, പത്നീ നിർവ്വചനം, വധുവിന്റെ യോഗ്യത, ബഹുഭാര്യാത്വവർജ്ജനനിയമം, വിവാഹ വിധികൾ, വാഗ്ദത്തകന്യകയുടെ അന്യവിവാഹം, മറ്റൊരുവ്യക്തിയുടെ ഭാര്യയിൽ നിന്നും പുത്രലാഭത്തിനുള്ള നിയോഗനിയമം, സ്ത്രീയുടെ ഗുണങ്ങൾ, അപവിത്രയായ സ്ത്രീയുടെ പെരുമാറ്റച്ചട്ടങ്ങൾ, ഭാര്യയുമായി സഹശയനത്തിനുള്ള സമയങ്ങൾ, ഭാര്യധർമ്മം, ഭാര്യക്ക് നടത്താവുന്ന ധാർമ്മിക കർമ്മങ്ങൾ,



Scanned with CamScanner

ബ്രാഹ്മണരിൽ നിന്നു ജനിക്കുന്ന പുത്രനിർവ്വചനം, അവരുടെ ധർമ്മങ്ങൾ, കർത്തവ്യങ്ങൾ, ക്ഷത്രിയ-വൈശ്യ-ശൂദ്രാദികളുടെ കർത്തവ്യങ്ങൾ, പൊതുധാർമ്മിക തത്വങ്ങൾ, സോമയാഗ നിർവ്വഹണനിയമങ്ങൾ, ആയുധ നിയമങ്ങൾ, ഗൃഹസ്ഥ ധർമ്മങ്ങൾ, ആചാരങ്ങൾ, വേദാദ്ധ്യായനകാലം, ഗൃഹസ്ഥൻെറ കർമ്മധർമ്മ പരിധികൾ, സ്നാനയോഗ്യമായ സ്ഥലങ്ങൾ, സ്വീകരണയോഗ്യ മല്ലാത്ത വസ്തുക്കൾ-ഭക്ഷണ പാനീയങ്ങൾ, ബ്രാഹ്മണമഹത്വം, ശ്രാദ്ധനിയമം, ശ്രാദ്ധത്തിന് ക്ഷണി ക്കപ്പെടേണ്ട വ്യക്തികളുടെയും ശ്രാദ്ധകർത്താവിൻെറയും യോഗ്യതകൾ, പിതൃ-പിണ്ഡ വിവരണം, ശ്രാദ്ധമന്ത്രങ്ങൾ, നവഗ്രഹ വിനായകസ്തുതികൾ, രാജധർമ്മം, അളവുതൂക്ക നിയമങ്ങൾ, പൊതു ശിക്ഷാനിയമങ്ങൾ.

വ്യവഹാരാദ്ധ്യായം : കുറ്റനിഷേധത്തിനുള്ള ശിക്ഷ, സാക്ഷിയോഗ്യതകൾ, നിയമമനുശാസിക്കുന്ന വാദി-പ്രതിഭാഗ വിസ്താരം, തെളിവുകൾ സ്വീകരിക്കുന്ന വിധം, സാമ്പത്തികകുറ്റങ്ങൾ, സ്ഥാവരജംഗമ വസ്തുക്കളിലെ ഉടമസ്ഥാവകാശത്തിനുള്ള കാലാവധി, പണയപ്പെടുത്തിയ വസ്തുക്കൾ ഉപയോഗിച്ചാലുള്ള ശിക്ഷ, ഉടമസ്ഥാവകാശത്തിനുള്ള തെളിവുകൾ, ന്യായവിധികൾ, അവക്കുപരിരാജാവിനെടുക്കാവുന്ന വിധികൾ, നഷ്ടപ്പെട്ട വസ്തുക്കൾ-നിധികൾ-മോഷണവസ്തുക്കൾ ഇവയുമായി ബന്ധപ്പെട്ട നിയമങ്ങൾ, ഋണ-ജാമ്യ-പണയ-നിക്ഷേപബന്ധ നിയമങ്ങൾ-രേഖകൾ-തെളിവുകൾ, ദൈവികപരീക്ഷണങ്ങൾ, അഗ്നി-ജലം-എന്നിവയിലൂടെ ഉണ്ടാകുന്ന നാശനഷ്ടങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ, സമ്പത്ത് വിഭജനം, പിതൃസ്വത്തിന് അർഹതയുള്ള പുത്രയോഗ്യത, മഹർഷിമാരുടെ സമ്പത്തിൻെറ അവകാശം, സ്ത്രീധനം, സാമ്പത്തിക വഴക്കുകൾക്കുള്ള പരിഹാരങ്ങൾ, നിയമം അംഗീകരിക്കാത്ത ക്രയവിക്രയങ്ങൾ, പുരസ്കാര നിയമങ്ങൾ, ദാസ-യജമാനബന്ധം, വേതനവുമായി ബന്ധപ്പെട്ട നിയമങ്ങൾ, ചൂതുകളി-അപകീർത്തി-പരിഹാസം-പിടിച്ചുപറി എന്നീ കുറ്റകൃത്യങ്ങൾ, വിധി മാറ്റി പറയുക-നിഷിദ്ധ ഭക്ഷണം കഴിക്കുക- മോഷണം-ബലാൽ സംഗം-കൃത്രിമസ്വർണം വിൽക്കുക-ആൾമാറാട്ടം നടത്തുക എന്നിവയ്ക്കു നൽകേണ്ട ശിക്ഷകൾ, പിഴ ഈടാക്കുന്ന സമ്പ്രദായം.

പ്രായശ്ചിത്താദ്ധ്യായം : ദഹനക്രിയകൾ, ജലതർപ്പണം, മരണം മൂലമുണ്ടാകുന്ന അശുദ്ധി, അനുശോചന ആചരണം, ഭക്ഷണനിയമം,



Scanned with CamScanner

അശുദ്ധികാലങ്ങൾ, അശുദ്ധികാലത്തെ കർമ്മധർമ്മങ്ങൾ, വാനപ്രസ്ഥധർമ്മങ്ങൾ, മനുഷ്യശരീരഘടന, ശരീര ഉൽപത്തി, യോഗചര്യ, പ്രപഞ്ചസൃഷ്ടി, സസ്യലതാദികളായും-മൃഗങ്ങളായും ജന്മസിദ്ധിക്കുള്ള കാരണം, യോഗിയുടെ ഇന്ദ്രിയജയം, മന-ആത്മബന്ധം, അനശ്വരത്വം, യോഗസാധനാഫലം, ആത്മാവ് ശരീരത്തെ തെരഞ്ഞെടുക്കുന്നതിന്റെ ശാസ്ത്രം, അംഗവൈകല്യ കാരണം, അപമൃത്യുകാരണം, മനസ്സിന്റെ സ്വതന്ത്രാവസ്ഥ, പിതൃക്കളുടെ മാർഗവിവരണം, കുറ്റങ്ങൾക്കും, തെറ്റുകൾക്കുമുള്ള പ്രായശ്ചിത്തവിധികൾ, സ്വർണമോഷണം, പരസ്ത്രീഗമനം-ഗോവധം- സ്ത്രീവധം - രഹസ്യപാപങ്ങൾ എന്നിവയ്ക്കുള്ള പ്രായശ്ചിത്തങ്ങൾ.

**വിഷ്ണുസ്മൃതി** : നൂറ് അദ്ധ്യായങ്ങളുള്ള വിഷ്ണുസ്മൃതി മറ്റു സ്മൃതികളോട്, വിഷയത്തിൽ യോജിക്കുന്നു എങ്കിലും ഇത് കൃഷ്ണ യജുർവേദ കൽപസൂത്രത്തിന്റെ ഭാഗമായ ധർമ്മസൂത്രമാണെന്ന് വിവരണങ്ങളിൽ കാണുന്നു. ഭൂമിദേവിയുടെ വരാഹമൂർത്തിയോടുള്ള പ്രാർത്ഥന, വിഷ്ണുസ്മൃതിസംക്ഷിപ്തം, വർണധർമ്മം, രാജധർമ്മം, അളവുകളുമായി ബന്ധപ്പെട്ട നിയമങ്ങൾ, പൊതുനിയമങ്ങൾ, തൂക്കവുമായി ബന്ധപ്പെട്ട നിയമങ്ങൾ, അഗ്നിബാധയിലൂടെ ഉണ്ടാകുന്ന നാശനഷ്ടങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ. പുത്രപൗത്രാദികളുടെ അവകാശങ്ങൾ, വസ്തുവിഭജനം, ശവസംസ്കാരം, മരണവുമായി ബന്ധപ്പെട്ട അശുദ്ധി, യുഗ-മന്വന്തര - കൽപ-ബ്രഹ്മായുഷ്കാല വിവരണം, ജനന-മരണ അശുദ്ധികൾ, ശുദ്ധീകരണ കർമ്മം, വിവിധ വിവാഹാചാരങ്ങൾ, ഭാര്യാധർമ്മം, ഭാര്യയുടെ ധാർമ്മിക അവകാശങ്ങൾ, ഗർഭാധാനം, ജാതകർമ്മം, നാമകരണം, ബ്രഹ്മചാരിയുടെ കർമ്മ-ധർമ്മങ്ങൾ, ആചാര്യധർമ്മം-മഹത്വം ഉപാകർമ്മം, മാതാ-പിതാ-ഗുരു-ബന്ധുജന-മഹത്വം, നിഷിദ്ധപാപങ്ങൾ, ജാതിഭ്രംശപാപം, മലിനീകരണപാപം, നരകങ്ങൾ, ജന്തുഹിംസാപാപത്താലുണ്ടാകുന്ന രോഗങ്ങൾ, പാപമോചനത്തിനുള്ള പ്രായശ്ചിത്തം, വ്രതങ്ങൾ, വിഷ്ണുവ്രതം, മനുഷ്യ - മൃഗഹത്യ - മദ്യപാന - മാംസഭക്ഷണ - സ്വർണ്ണാപഹരണ - പരസ്ത്രീ സംസർഗ-അസന്മാർഗിക സഞ്ചാര-പാപപ്രായശ്ചിത്തങ്ങൾ, ശുദ്ധ-അശുദ്ധ-മിശ്രധനങ്ങൾ, ഗൃഹസ്ഥധർമ്മം, സ്നാനവിധികൾ, ദന്ത-ശരീര-ശുദ്ധികർമ്മം, ആചമനനിയമം, യാത്രാനിയമം, പൂജാവിധി, വാസുദേവപൂജാ ദ്രവ്യങ്ങൾ, വൈശ്വദേവഹവനം, ഭോജനനിയമം, ലൈംഗികബന്ധങ്ങൾ വിവരിക്കുന്ന നിയമങ്ങൾ, ഗൃഹസ്ഥന്റെ



Scanned with CamScanner

ആചാര-വിചാര-സ്വഭാവ- മനോ-ഇന്ദ്രിയ നിയന്ത്രണം, അഷ്ടശ്രാദ്ധം, പിതൃപൂജ, ശ്രാദ്ധം-സമയ-നക്ഷത്ര-തിഥി-ദിവസ-കർമ്മ പ്രാധാന്യം, ശ്രാദ്ധത്തിന് ഉപയോഗിക്കാവുന്നതും, അരുതാത്തതുമായ ദ്രവ്യങ്ങൾ, ശ്രാദ്ധനിയമങ്ങൾ, ശ്രാദ്ധക്ഷണത്തിന് യോഗ്യനും-അയോഗ്യനുമായ ബ്രാഹ്മണൻ, സ്ഥലങ്ങൾ ചുറ്റുപാടുകൾ വൃഷോത്സർഗവിധി, കൃഷ്ണമൃഗതോൽദാനമഹത്വം, മാർഗ്ഗശീർഷ-പൗഷ-മാഘമാസ ങ്ങളിൽ നടത്തുന്ന ദാനങ്ങൾ, കിണർ-കുളം-ക്ഷേത്രം-ഭൂമി-കുതിര-സ്വർണ്ണം-വെള്ളി-അന്നം-കുട എന്നീ ദാനങ്ങളും ദാനസ്വീകരണത്തിനു വേണ്ട യോഗ്യതകളും, വാനപ്രസ്ഥനിയമങ്ങൾ, വാനപ്രസ്ഥന്റെ ഭക്ഷണം, സന്യാസകർമ്മം, മനുഷ്യശരീരഘടന, വാസുദേവധ്യാനം- സ്തുതി, ലക്ഷ്മിസ്തുതു, വിഷ്ണുസ്മൃതിയുടെ പാഠഫലങ്ങൾ.

**മനുസ്മൃതി:** സാമൂഹ്യധർമ്മശാസ്ത്രങ്ങളെക്കുറിച്ച് അറിയുവാൻ ആഗ്രഹിച്ച മഹർഷിമാർക്കു മനുവിവരിക്കുന്ന വിഷയങ്ങളാണ് മനുസ്മൃതിയിലുള്ളത്.

അം 1. മനുവിന്റെ നിർദ്ദേശപ്രകാരം ഭൃഗുമഹർഷി നൽകുന്ന സാമൂഹ്യ നിയമവിവിരണം, കാലചക്രങ്ങളുടെ ദൈർഘ്യ വിവരണം, വർണ്ണധർമ്മങ്ങൾ, തുടർന്നുള്ള അദ്ധ്യായങ്ങളുടെ സംക്ഷിപ്തരൂപം.

അം 2, 3. ശ്രേഷ്ഠന്റെലക്ഷണങ്ങൾ, ബ്രഹ്മചാരിയുടെ കർമ്മധർമ്മങ്ങൾ, വിദ്യാർത്ഥിയുടെ കർത്തവ്യങ്ങൾ, ആചാര്യന്മാരെയും മഹാത്മാക്കളെയും വണങ്ങുന്ന രീതികൾ, നാലുവർണ്ണങ്ങളിലെയും വിവാഹാചാരങ്ങൾ, എട്ടുവിധ വിവാഹങ്ങൾ, നിത്യജീവിതത്തിലനുഷ്ഠിക്കേണ്ട പഞ്ചമഹാ യജ്ഞങ്ങൾ, അതിഥി മര്യാദകൾ, ശ്രാദ്ധമഹത്വം.

അം 4, 6. ഗൃഹസ്ഥകർമ്മങ്ങൾ, ഗൃഹസ്ഥർ ധാർമ്മികമായി അനുഷ്ഠിക്കേണ്ട ഭൗതിക-ആദ്ധ്യാത്മികചര്യകൾ, ശ്രേഷ്ഠമായ ഭക്ഷ്യവിഭവങ്ങൾ, നിഷിദ്ധമായ ഭക്ഷണങ്ങൾ, ജനനമരണ സംബന്ധിയായ അശുദ്ധികൾ, വർണ്ണവ്യത്യാസങ്ങളനുസരിച്ച് അശുദ്ധി ആചരിക്കേണ്ടതിന്റെ വ്യത്യാസങ്ങൾ-കാലയളവ്, ദ്രവ്യശുദ്ധീകരണം, ഭാര്യാധർമ്മം, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രാദികളുടെ കർമ്മധർമ്മങ്ങൾ.

അം 7, 8. രാജ്യപരിപാലനം, രാജനീതി നിർവ്വഹണം, നീതി നിർവ്വഹണം, നീതിനിർവ്വഹണ കാര്യാലയങ്ങളുടേയും കോടതിക



Scanned with CamScanner

ളുടേയും സ്ഥാപനം, തെളിവുകൾ ശേഖരിക്കുന്ന വിധം, സാക്ഷി വിസ്താരം, ശിക്ഷ, ശിക്ഷാകാലാവധി.

അം 9. സ്ത്രീപുരുഷധർമ്മം, മാതൃ-പിതൃ സ്വത്തവകാശം, സമ്പത്ത് വിഭജനം, ചൂതുകളി-മോഷണം എന്നിവക്കുള്ള ശിക്ഷ, വൈശ്യ-ശൂദ്രാദികളുടെ പ്രത്യേകധർമ്മങ്ങൾ, വ്യത്യസ്ത വർണ്ണങ്ങളിലെ സ്ത്രീപുരുഷസംയോഗത്താലുണ്ടാകുന്ന സങ്കര സന്തതികളുടെ ധർമ്മം, പ്രകൃതിക്ഷോഭം-യുദ്ധം തുടങ്ങിയ ദേശീയ പ്രശ്നങ്ങളുണ്ടാകുമ്പോൾ നാലു വർണ്ണങ്ങളിലും പെടുന്ന ജനവിഭാഗങ്ങളനുഷ്ഠിക്കേണ്ടുന്ന ജീവിതനിയന്ത്രണങ്ങൾ.

അം 11, 12. പ്രായശ്ചിത്തവിധികൾ, പുനർജന്മം, ജ്ഞാനസമ്പാദനം, ആത്മജ്ഞാനം, മനുസ്മൃതി പഠനഫലം.

**അംഗീരസസ്മൃതി** : വളരെ ചെറിയ ഈ സ്മൃതി ഗ്രന്ഥത്തിൽ 72 ശ്ലോകങ്ങൾ മാത്രമാണടങ്ങുന്നത്. താഴ്ന്ന ജാതിക്കാരിൽ നിന്നും ഭക്ഷണം, ജലം ഇവ സ്വീകരിച്ചാലുള്ള പ്രായശ്ചിത്തം, കൈകഴുകാതെ അന്യരെ സ്പർശിക്കുന്നതിന്റെ ദോഷം, അന്യസ്പർശനത്തിനുള്ള പ്രായശ്ചിത്തം, ബ്രാഹ്മണൻ നീലം വർജ്ജിക്കേണ്ടതിന്റെ ആവശ്യകത, നീലത്തിന്റെ ഉപയോഗത്തിലൂടെയുണ്ടാകുന്ന അശുദ്ധി, ശുദ്ധീകരണവിധി, മൃഗവധപ്രായശ്ചിത്തം, വൃദ്ധൻ-സ്ത്രീ- ബാലൻ-അംഗഹീനൻ എന്നിവർ ചെയ്യുന്ന തെറ്റുകൾക്കുള്ള പ്രായശ്ചിത്തവിധിയിലെ ഇളവുകൾ, പശുഹിംസക്കുള്ള പ്രായശ്ചിത്ത കർമ്മങ്ങൾ, ലോഹപാത്രങ്ങൾ, കമ്പിളിപട്ട് എന്നിവയുടെ ശുദ്ധീകരണവിധി, മറ്റു വർണ്ണങ്ങളിൽ നിന്ന് ഭക്ഷണം സ്വീകരിച്ചാലുള്ള പ്രായശ്ചിത്തവിധി, ശ്രാദ്ധനിയമങ്ങൾ, പാദരക്ഷക ളുടെ ഉപയോഗത്തിലൂടെ പാദപരിശുദ്ധി നിലനിറുത്തേണ്ടത്.

**യമസ്മൃതി:** യമസ്മൃതി 78 ശ്ലോകങ്ങൾ മാത്രം അടങ്ങുന്ന ഒരു ലഘുസ്മൃതിയാണ്. സന്യാസജീവിതം ത്യജിച്ച് സാധാരണ ജീവിതം അനുഷ്ഠിക്കുവാൻ തുടങ്ങുന്ന വ്യക്തി ആചരിക്കേണ്ട കർമ്മങ്ങൾ, ആത്മഹത്യചെയ്ത ബ്രാഹ്മണജഡം-ഗോഹത്യ ചെയ്തവന്റെ ജഡം ഇവ ദഹിപ്പിക്കുന്നതിനുള്ള വിധികൾ, മദ്യപാന പ്രായശ്ചിത്തം, പ്രായശ്ചിത്ത കർമ്മങ്ങൾ നടത്തുവാനർഹതയുളളള്ള വ്യക്തികൾ, നിഷിദ്ധഭക്ഷണപാനീയങ്ങൾ കഴിച്ചാലുള്ള പ്രായശ്ചിത്തങ്ങൾ, വിവാഹപ്രായം, സമയം, വൃഷലി അഥവാ വന്ധ്യ അല്ലെങ്കിൽ ചാപിള്ളയെ പ്രസവിക്കുന്നവരുടെ വിവരണം. ശ്രാദ്ധ കർമ്മങ്ങളിൽ



Scanned with CamScanner

ക്ഷണിക്കപ്പെടുവാൻ യോഗ്യതയില്ലാത്ത ബ്രാഹ്മണർ, പിതൃസന്തോഷത്തിനും, ദുഃഖത്തിനും കാരണമായ വസ്തുതകൾ, അശുദ്ധഭക്ഷണ സ്വീകരണം മൂലമുണ്ടാകുന്ന പാപം, അവർണധർമ്മങ്ങൾ, ഋതുകാലത്തിൽ സ്ത്രീയെ സ്പർശിച്ചാലുള്ള പ്രായശ്ചിത്തം, മൃഗങ്ങൾക്ക് അയോഗ്യമായ ശാലകൾ, മൃഗവധത്തിനുള്ള പ്രായശ്ചിത്തം, സ്ത്രീ മുണ്ഡനം ചെയ്യേണ്ടതിന്റെ നിയമം, മരണ അശുദ്ധി, സായംകാലങ്ങളിലെ സത്കർമ്മങ്ങളുടെ ഫലം എന്നിവയാണ് യമസ്മൃതിയിലെ വിഷയങ്ങൾ.

**അത്രിസ്മൃതി** : അഗ്നിഹോത്ര യാഗത്തിനുശേഷം മഹർഷിമാർക്ക്, സർവ്വവേദങ്ങളും അറിയുന്ന അത്രി മഹർഷി നൽകുന്ന വിവരണങ്ങളാണ് അത്രിസ്മൃതിയിലുള്ളത്. ശ്രാദ്ധമഹത്വം, ധാർമ്മീകജ്ഞാനസമ്പാദനത്തിനർഹതയുള്ള വ്യക്തികൾ, വേദാചാര്യന്മാരുടെ കർത്തവ്യങ്ങൾ, വിവിധജാതിയിലെ (വർണം) ജനസമൂഹങ്ങളുടെ കർത്തവ്യങ്ങൾ, അധാർമ്മികപഥ-സഞ്ചാരികൾക്ക് നൽകേണ്ട ശിക്ഷ, ബ്രാഹ്മണധർമ്മം, രാജാവിന്റെ ത്യാഗങ്ങൾ, സ്നാനനിയമങ്ങൾ, ശരീരശുദ്ധീകരണം, ബ്രാഹ്മണ ലക്ഷണങ്ങൾ, ശൗച-അനസൂയ-മംഗള-അനായാസ-അസ്പൃഹ-ദാമ-ദാന-ദയ എന്നീ പദങ്ങളുടെ നിർവ്വചനം, ബ്രാഹ്മണ ഗുണങ്ങൾ- യജ്ഞദാനശീലങ്ങൾ-കർമ്മങ്ങൾ, യമ-നിയമങ്ങൾ, പുത്രലാഭ മഹത്വം, പുണ്യതീർത്ഥ സ്നാനഫലം, ഭക്ഷണ ശുദ്ധീകരണം, ഉപവിധികൾ നടത്താത്തതിനുള്ള പ്രായശ്ചിത്തം, പാമ്പ്-നായ ഇവ കടിച്ചാലുള്ള പ്രായശ്ചിത്തം, നിഷിദ്ധഭക്ഷണം കഴിച്ചാലുള്ള പ്രായശ്ചിത്തം, ജഡമുള്ള ഗൃഹത്തിലെ അശുദ്ധി, അശുദ്ധിയുമായി ബന്ധപ്പെട്ട നിയമങ്ങൾ, നിത്യകർമ്മങ്ങൾ, അനിത്യക്രിയകൾ, വിവിധപ്രായശ്ചിത്തവിധികൾ, സമൂഹത്തിൽ സ്ത്രീ-ശൂദ്ര- ബ്രാഹ്മണസ്ഥാനം, ബ്രാഹ്മണരുടെ ഭക്ഷണ നിയന്ത്രണങ്ങൾ, വേദമഹത്വം, ഹവ്യമഹത്വവും, സന്യാസിയുടെ ഭിക്ഷായാചന നിയന്ത്രണം, ഹീനകൃത്യങ്ങളുടെ ശിക്ഷ, ഭക്ഷണസ്വീകരണ നിയമങ്ങൾ, അവ അനുശാസിക്കാതെ വന്നാലുള്ള പ്രായശ്ചിത്തങ്ങൾ, പരസ്ത്രീ സ്പർശന പ്രായശ്ചിത്തം, മലമൂത്രവിസർജ്ജനം അരുതാത്ത സ്ഥലങ്ങൾ, അശുദ്ധയായ സ്ത്രീയുടെ പുനശുദ്ധീകരണം, ജലവും മറ്റുപാനീയങ്ങളും സ്വീകരിക്കുന്നതിന്റെ നിയമങ്ങൾ, പരിശുദ്ധമായ ഗൃഹലക്ഷണങ്ങൾ, സംസാരിക്കുന്നതിനും-ഭക്ഷണം കഴിക്കുന്നതിനും അനുശാസിക്കേണ്ട നിയന്ത്രണങ്ങൾ, ദാനസ്വീകരണത്തിന്



Scanned with CamScanner

യോഗ്യതയുള്ളവർ, ശ്രാദ്ധത്തിന് ക്ഷണിക്കപ്പെടുവാൻ യോഗ്യതയുള്ള വ്യക്തികളുടെ ഗുണങ്ങൾ, ശ്രാദ്ധസമയം, വിപ്രലക്ഷണം, ധർമ്മാനുഷ്ഠാനങ്ങളുടെ അടിസ്ഥാനത്തിൽ വിപ്രവിഭജനം, സമൂഹത്തിൽ ആദരിക്കപ്പെടേണ്ട വ്യക്തികൾ, സ്നാനവിധികൾ-ഫലങ്ങൾ, നിരസിക്കരുതാത്ത വസ്തുക്കൾ, ധർമ്മ ശാസ്ത്രങ്ങളനുസരിച്ച് ജീവിക്കുന്നതിൻെറ മഹത്വം.

**സംവർത്തസ്മൃതി** : സംവർത്ത മഹർഷി വാമദേവാദി മുനിമാർക്ക് വിവരിക്കുന്ന വിഷയങ്ങളാണിതിലുള്ളത്. ധാർമ്മിക ക്രിയകൾക്കനുയോജ്യമായ സ്ഥലങ്ങൾ, ബ്രഹ്മചാരീധർമ്മങ്ങൾ, ജനന മരണത്താലുണ്ടാകുന്ന അശുദ്ധി, പുരസ്കാരങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ, സന്യാസിധർമ്മങ്ങൾ, ബ്രാഹ്മണഹത്യ-മദ്യപാനം-മോഷണം-പാപിയുമായുള്ള സംസർഗം-ക്ഷത്രിയ-വൈശ്യ - ശൂദ്രവധം-ഗോവധം- മറ്റു മൃഗവധങ്ങൾ-പരസ്ത്രീ സംസർഗം-സന്യാസിയുടെ സ്ത്രീസംസർഗം-മാനവഹത്യ എന്നിവയുടെ പ്രായശ്ചിത്തങ്ങൾ, അന്ത്യക്രിയകൾക്കും ശേഷക്രിയകൾക്കും പങ്കെടുക്കുവാൻ അർഹതയില്ലാത്ത ബ്രാഹ്മണർ, നിഷിദ്ധഭക്ഷണ സ്വീകരണ പ്രായശ്ചിത്തം, ജാതിഭ്രഷ്ടനെയും-നീചജാതിയിൽ പിറന്നവനെയും സ്പർശിച്ചാലനുഷ്ഠിക്കേണ്ട പ്രായശ്ചിത്തങ്ങൾ, ലഘു പാപപ്രായശ്ചിത്തങ്ങൾ.

**കാർത്ത്യായനസ്മൃതി** : ഗോബിലൻ രചിച്ച്, കാർത്ത്യായനൻ വർണ്ണിച്ച ധാർമ്മികവിഷയങ്ങളാണ് ഈ സ്മൃതിയിലെ 29 അദ്ധ്യായങ്ങളിൽ വിവരിക്കുന്നത്. യജ്ഞോപവീതമഹത്വം, ധാർമ്മിക ക്രിയകളിൽ വലത്തേകയ്യിനും ഇടത്തേകയ്യിനുമുള്ള പ്രാധാന്യം, ഗായത്രീമന്ത്രമഹത്വം, ലോകമാതാക്കളായ ഗൗരി-പത്മ-ശചി-മേധാ-സാവിത്രി-വിജയ-ജയ-ദേവസേന-സ്വധ-സ്വാഹാ-ധൃതി-പുഷ്ടി-തുഷ്ടി-ആത്മ ദേവതാവിവരണം, ശ്രാദ്ധനിയമങ്ങൾ ശ്രാദ്ധമന്ത്രങ്ങൾ, യാഗകർമ്മങ്ങളിൽ പിതൃസന്തോഷത്തിനായി നടത്തേണ്ട ക്രിയകൾ, ധാർമ്മികകർമ്മങ്ങളിൽ അനുജന്മാർ ജ്യേഷ്ഠസ്ഥാനത്തിരിക്കുന്നതിൻെറ നിയമങ്ങൾ, യാഗാഗ്നി വിഷയങ്ങൾ, വിവിധ യജ്ഞക്രിയകൾ, യജ്ഞദ്രവ്യങ്ങൾ, ഹവനവിവരണം, പഞ്ചയജ്ഞങ്ങൾ, ബ്രഹ്മയജ്ഞം, വേദാദ്ധ്യയനഫലം, ദാനനിയമങ്ങൾ, നമസ്കാര ക്രിയകൾ, ഹോമത്തിനുള്ള ചടങ്ങുകൾ, യജ്ഞാഗ്നിവന്ദനം, ഭാര്യാധർമ്മം, ഹോമനിയമങ്ങൾ, യജ്ഞാഗ്നി



Scanned with CamScanner

മഹത്വം, മരണശേഷമുള്ള ദഹനക്രിയകൾ, ദഹനശേഷം ബന്ധുമിത്രാദികൾ നൽകുന്ന തർപ്പണം, ജഢത്തിനുള്ള അർപ്പണങ്ങൾ, ഹോമദ്രവ്യം പാകംചെയ്യുന്ന കർമ്മം, പശുബന്ധം-അശ്വമേധം തുടങ്ങിയ യാഗത്തിനനുയോജ്യമായ കാലങ്ങൾ, മറ്റു യാഗങ്ങളും-ലഘുഹവനങ്ങളും നടത്തുന്നതിൻെറ ഫലം, ഹോമനിയമങ്ങൾ, ദാന-ഉപക്രമചടങ്ങുകൾ, മാസിക ശ്രാദ്ധക്രിയകൾ, മൃഗവിവിരണം, മറ്റ് യാഗദ്രവ്യവിവരണം.

**ബൃഹസ്പതി സ്മൃതി** : നൂറുയാഗങ്ങൾ നടത്തിയ ഇന്ദ്രന് ദേവ ഗുരുവായ ബൃഹസ്പതി 80 ശ്ലോകങ്ങളിൽ ദാനധർമ്മ ശാസ്ത്രവിഷയങ്ങൾ വിവരിക്കുന്നു. ദാനദ്രവ്യങ്ങൾ, ദാനഫലങ്ങൾ, ഭൂമി അളക്കുന്നതിനുള്ള നിയമം, ഭൂദാനമഹത്വം, പാപപ്രായശ്ചി ത്തങ്ങൾ, ബ്രഹ്മസ്വത്ത് അപഹരിച്ചാലുള്ള പ്രായശ്ചിത്തം, ദാനസ്വീകരണത്തിന് യോഗ്യതയുള്ള ബ്രാഹ്മണലക്ഷണം, ബ്രാഹ്മണഹത്യാപാപം, വിവാഹം തടസ്സപ്പെടുത്തിയാലുള്ള പാപം, മനുഷ്യജീവിതത്തിലെ കർമ്മഫലങ്ങൾ, ഫലേച്ഛ കൂടാതെയുള്ള കർമ്മമഹത്വം.

**ദക്ഷസ്മൃതി** : സർവ്വജ്ഞാനിയായ ദക്ഷൻ രചിച്ചതാണ് ദക്ഷസ്മൃതി. ഏഴ് അദ്ധ്യായങ്ങളിലാണ് സ്മൃതി വിഷയാവതരണം. ബ്രഹ്മചാരി ധർമ്മങ്ങൾ-ജീവിതചര്യകൾ, ബ്രാഹ്മണൻെറ നിത്യകൃത്യങ്ങൾ. ഗൃഹസ്ഥാനുഷ്ഠാനകർമ്മങ്ങൾ, ദാനവിഷയങ്ങൾ, പവിത്രകർമ്മ ങ്ങളുടെ ഫലങ്ങൾ, നിഷ്ഫലമായ ചില ദാനങ്ങൾ, ദാനത്തിന് നിഷിദ്ധമായ ദ്രവ്യങ്ങൾ, ദാനനിയമങ്ങൾ, ഭാര്യഭർതൃധർമ്മങ്ങൾ, ആന്തരീകവും, ബാഹ്യവുമായ ശുദ്ധികർമ്മങ്ങൾ, ജനനമരണത്താ ലുണ്ടാകുന്ന അശുദ്ധിയും, ശുദ്ധികരണവിധികളും, യോഗചര്യ വിധികൾ.

**ശാതാതപസ്മൃതി** : ആറ് അദ്ധ്യായങ്ങളായാണ് ഇതിൽ വിഷയാവതരണം. പാപഫലത്താലുണ്ടാകുന്ന രോഗങ്ങൾ, സമൂഹത്തിലെ അസൻമാർഗ്ഗിക പ്രവർത്തന-അക്രമപ്രവർത്തന നിയന്ത്രണ നിയമങ്ങൾ, പാപപരിഹാരത്തിനായി അനുഷ്ഠിക്കേണ്ട പ്രായശ്ചിത്തങ്ങൾ, മദ്യപാനം-നിഷിദ്ധഭക്ഷണസ്വീകരണം, മോഷണങ്ങൾ-എന്നിവക്കുള്ള പ്രായശ്ചിത്തങ്ങൾ, പരസ്ത്രീകളും-ചണ്ഡാളസ്ത്രീകളുമായി സഹശയനം നടത്തിയാലുള്ള ശിക്ഷകൾ, മൃത്യു വിവിരണം, അപമൃത്യു-അകാലമൃത്യു-മനുഷ്യഹത്യ എന്നിവയ്ക്കുള്ള പ്രായശ്ചിത്തങ്ങൾ.



Scanned with CamScanner

**ലിഖിതസ്മൃതി** : ലഘുവായ ഒരു സ്മൃതിയാണിത്. കുളം-കിണർ കുഴിക്കുന്നതിന്റെയും - ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിന്റെയും പുണ്യഫലങ്ങൾ, യാഗാഗ്നി-വേദങ്ങൾ-സത്യം- ധർമ്മാനുഷ്ഠാനങ്ങൾ എന്നിവയെ പ്രകീർത്തിക്കുന്നതുകൊണ്ടുള്ള ഫലങ്ങൾ, പിതൃകർമ്മത്തിൽ ജലം-പിണ്ഡം എന്നിവയുടെ അർപ്പണം, ശ്രാദ്ധകർമ്മങ്ങൾ, ശ്രാദ്ധകർമ്മാനുഷ്ഠാനത്തിൽ സ്ത്രീകൾക്കുള്ള നിയന്ത്രണങ്ങൾ, അവരുടെ ആചാരങ്ങൾ, പിതൃകർമ്മത്തിൽ ദർഭപ്പുല്ലിന്റെ പ്രാധാന്യം, വിശ്വദേവക്രിയകൾ, വിവാഹവുമായി ബന്ധപ്പെട്ട നിയമങ്ങൾ - നിയന്ത്രണങ്ങൾ, ശ്രാദ്ധകർമ്മത്തിൽ ബ്രാഹ്മണഭോജനത്തിനുള്ള പ്രാധാന്യം, സന്ധ്യാവന്ദനകർമ്മങ്ങൾ, ജപ-ഹോമകർമ്മങ്ങൾ, അമാവാസി-പൗർണമിദിനങ്ങളിലും മറ്റു വിശേഷദിനങ്ങളിലും നടത്തുന്ന ചന്ദ്രായതർപ്പണമഹത്വം, ശ്രാദ്ധകർമ്മങ്ങൾ അനുഷ്ഠിക്കേണ്ട ആവശ്യമില്ലാത്ത ബ്രാഹ്മണശാപത്താലും- ആത്മഹത്യ-പാമ്പ്, തേൾ എന്നിവയുടെ ദംശനംമൂലവും ഉണ്ടാകുന്ന മരണങ്ങൾ, അവയുടെ പ്രായശ്ചിത്തകർമ്മങ്ങൾ, വിവിധ അശുദ്ധികൾ.

**വ്യാസസ്മൃതി** : വാരണാസി ആശ്രമത്തിൽ വസിച്ചിരുന്ന വ്യാസൻ വിവരിക്കുന്ന വിഷയങ്ങളാണിതിലെ നാല് അദ്ധ്യായങ്ങളിൽ. നാലു വർണ്ണങ്ങളിലുള്ളവരുടെ കർമ്മധർമ്മങ്ങൾ, വിവാഹാചാരങ്ങൾ, ഭാര്യ-ഭർതൃ ധർമ്മം, ഗൃഹസ്ഥന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ നിത്യകർമ്മങ്ങൾ-പ്രത്യേക ദിവസങ്ങളിലെ കർമ്മങ്ങൾ, ഹവനങ്ങൾ, വ്രതങ്ങൾ, ധർമ്മാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്ന ബ്രാഹ്മണ മഹത്വം, പരസ്ത്രീഗമനം- മോഷണം- എന്നി പാപ പ്രായശ്ചിത്തങ്ങൾ, മര്യാദാവിവരണം, ബ്രാഹ്മണമഹത്വം, ആത്മ-നിയന്ത്രണം, പാതിവ്രത്യം, ബുദ്ധിമാനും-ശ്രേഷ്ഠനും-ജ്ഞാനിയുമായ വ്യക്തിയുടെ ലക്ഷണങ്ങൾ, ദാനധർമ്മനിയമങ്ങൾ, ഭക്ഷണ-പാനീയ സ്വീകരണനിയന്ത്രണങ്ങൾ.

**പരാശര സ്മൃതി** : കലിയുഗത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട സത്സ്വഭാവം-പരിശുദ്ധി-ധാർമ്മിക കർമ്മാനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ച് വ്യാസൻ വിവിരിച്ച വിഷയങ്ങൾ 12 അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നു.

നാലു യുഗങ്ങളിലെയും സാമൂഹ്യനിയമങ്ങൾ, ധാർമ്മിക ചര്യകൾ, സത്പ്രവർത്തിയുടെ മഹത്വം, കലിയുഗത്തിൽ ബ്രാഹ്മണ ധർമ്മം, അതിഥിനിർവ്വചനം, ഹോമകർമ്മവിവരണം, വർണ്ണധർമ്മങ്ങൾ, ചാതുർവർണ്യത്തിന്റെ ഉത്ഭവം, ഈ



Scanned with CamScanner

വർണ്ണത്തിലുള്ളവരുടെ കർമ്മധർമ്മങ്ങൾ, ജനന-മരണ സംബന്ധിയായ അശുദ്ധി, ആത്മഹത്യാപാപം, നീചജാതി സംസർഗ പ്രായശ്ചിത്തം, വിവാഹ-ഗർഭാദാന നിയമങ്ങൾ, മൃഗ-കീടാദികൾ ദംശിച്ചാലുള്ള പ്രായശ്ചിത്തം, മൃഗ-പക്ഷി-മനുഷ്യവധത്തിനുള്ള പ്രായശ്ചിത്തം, പാത്രോപകരണങ്ങളുടെ ശുദ്ധീകരണം, ഗോവധത്തിൻെറ പാപപ്രായശ്ചിത്തകർമ്മങ്ങൾ, നിഷിദ്ധമായ പരസ്ത്രീ- രജസ്വല-അന്യജാതിയിലുള്ളവരുമായുള്ള ലൈഗിക ബന്ധത്തിൻെറ പ്രായശ്ചിത്തം, പ്രായശ്ചിത്ത കർമ്മവിവരണങ്ങൾ.

**ശംഖസ്മൃതി** : ശംഖൻ രചിച്ച പതിനെട്ട് അദ്ധ്യായങ്ങളുള്ള ശംഖസ്മൃതിയിൽ വിഷയവിവരണങ്ങളിപ്രാകരമാകുന്നു. വർണ്ണധർമ്മങ്ങൾ, ശുദ്ധീകരണവിധികൾ-വേദാദ്ധ്യയനം, വിവാഹ നിയമങ്ങൾ-ഭാര്യാഭർതൃധർമ്മങ്ങൾ, ഗൃഹസ്ഥധർമ്മം, വാനപ്രസ്ഥ ധർമ്മം, യതിയുടെ ധർമ്മം, യാഗകർമ്മങ്ങൾ, ആചമന-വിധികൾ, വേദമന്ത്രങ്ങൾ, സാവിത്രിമന്ത്രം, ജലപാനനിയമങ്ങൾ, ബ്രാഹ്മണധർമ്മം, ശ്രാദ്ധത്തിന് ക്ഷണിക്കപ്പെടുവാൻ യോഗ്യതയുള്ള ബ്രാഹ്മണലക്ഷണം, പവിത്രക്ഷേത്രത്തിൽ വച്ചു നടത്തുന്ന ദാനഫലങ്ങൾ, ജനനമരണ സംബന്ധിയായ അശുദ്ധികൾ, ദ്രവ്യശുദ്ധീകരണം, പ്രായശ്ചിത്തവിധികൾ, ശുദ്ധീകരണകർമ്മങ്ങൾ, വ്രതാനുഷ്ഠാനഫലങ്ങൾ.

**ഗൗതമസ്മൃതി** : ഗദ്യരൂപത്തിലാണ് 29 അദ്ധ്യായങ്ങളിൽ വിഷയങ്ങൾ നൽകിയിരിക്കുന്നത്. യജ്ഞോപവീതമഹത്വം, ശുദ്ധികർമ്മം, വേദാധ്യയനഫലം, ബ്രഹ്മചാരി കർത്തവ്യം, സാധാരണജീവിത ധർമ്മങ്ങൾ, വിവാഹം, ഭാര്യാഭർതൃധർമ്മം, പത്നിയോടും-അതിഥി യോടും-ബ്രാഹ്മണരോടും ഉള്ള ഗൃഹസ്ഥൻെറ കർത്തവ്യങ്ങൾ- മര്യാദകൾ-ആചാരങ്ങൾ, ബ്രാഹ്മണധർമ്മം, വർണ്ണധർമ്മങ്ങൾ, ബ്രാഹ്മണധർമ്മമഹത്വം, വൈശ്യ-ശൂദ്രധർമ്മങ്ങൾ, രാജനീതി, രാജാവിൻെറ മഹത്വമേറിയ ധർമ്മങ്ങൾ, ബ്രാഹ്മണനെ അധാർമ്മികമായി പുച്ഛിക്കുകയോ അവഹേളിക്കുകയോ ചെയ്താലുള്ള ശിക്ഷ, പലിശ സംബന്ധമായ നിയമങ്ങൾ, ഋണബാദ്ധ്യതയുമായി ബന്ധമുള്ള നിയമങ്ങൾ, തസ്കരൻെറ ശിക്ഷ, സാക്ഷിവിസ്താരം, ജനനമരണ വുമായി ബന്ധപ്പെട്ട അശുദ്ധികൾ, ശ്രാദ്ധനിയമങ്ങൾ, വേദാദ്ധ്യയന നിയമങ്ങൾ, നിഷിദ്ധഭക്ഷണ പാനീയ സ്വീകരണം, സ്ത്രീയുടെ പദവി, വിവാഹം, ദാനക്രിയകൾ, പാപപ്രവൃത്തികൾ അഥവാ ഹീനകർമ്മങ്ങൾ, ഹീനകർമ്മഫലങ്ങൾ,



Scanned with CamScanner

വേദത്തെ പുച്ഛിക്കുന്നതിന്റെ ശിക്ഷ, അധമന്റെ നിർവ്വചനം, ബ്രഹ്മഹത്യാപാപത്തിനുള്ള ശിക്ഷ, പക്ഷി മൃഗാദികളുടെ വധത്തിനുള്ള ശിക്ഷ, മദ്യപാനത്തിന്റെ പ്രായശ്ചിത്തവിധികൾ, നിഷിദ്ധമായ ദ്രവ്യസ്വീകരണത്തിനുള്ള പ്രായശ്ചിത്തം, ചന്ദ്രായണകർമ്മങ്ങൾ, സമ്പത്തിന്റെയും- ദ്രവ്യങ്ങളുടെയും- പിതൃസ്വത്തുക്കളുടെയും വിഭജനം.

**ആപസ്തംബസ്മൃതി** : ആപസ്തംബൻ രചിച്ച പത്തദ്ധ്യായങ്ങളടങ്ങുന്ന സ്മൃതിയിൽ ഓരോ ശ്ലോകവും ഓരോ വിഷയം വിവിരിക്കുന്നു. ഗൃഹസ്ഥ ധർമ്മം, പ്രായശ്ചിത്തങ്ങളാവശ്യമില്ലാത്ത ചില പ്രവർത്തികൾ, (ചികിത്സയിലിരിക്കുന്ന പശു മരിക്കുകയാണെങ്കിൽ ഗോഹത്യയുടെ പ്രായശ്ചിത്തത്തിന്റെ ആവശ്യമില്ലായ്മ, കൂടുതൽ അളവിൽ ഔഷധം നൽകുന്നതുമൂലമുണ്ടാകുന്ന മരണത്തിനും പ്രായശ്ചിത്തമാവശ്യമില്ല). പ്രാജാപത്യവിധി പ്രകാരമുള്ള പ്രായശ്ചിത്തങ്ങൾ, നിത്യശുദ്ധിയുള്ള ദ്രവ്യങ്ങൾ, ജലശുദ്ധീകരണം, അവർണഗൃഹത്തിൽ വസിച്ചാലുള്ള പ്രായശ്ചിത്തം, തുറസ്സായ ജലസംഭരണത്തിൽ നിന്ന് ജലപാനം നടത്തിയാലുള്ള പ്രായശ്ചിത്തം, വ്രതമഹത്വം, വ്രതഭംഗപ്രായശ്ചിത്തം, ചണ്ഡാലനിൽനിന്നും ജലപാനം നടത്തിയാലുള്ള പ്രായശ്ചിത്തം, അവർണ്ണസ്പർശനം- ഋതുമതിയായ സ്ത്രീസ്പർശനം- ഉച്ഛിഷ്ഠഭക്ഷണ സ്വീകരണം- കൈകൊണ്ടുള്ള വൃത്തിഹീനമായ വസ്തു സ്പർശനം- നീലം ഉപയോഗിച്ച വസ്ത്രസ്പർശനം എന്നിവക്കുള്ള പ്രായശ്ചിത്ത വിധികൾ, വിവാഹ ദിവസം രജസ്വലയാകുന്നതിനുള്ള പ്രായശ്ചിത്തം, ദ്രവ്യങ്ങളുടെയും-പാത്രങ്ങളുടെയും ശുദ്ധീകരണ മാർഗ്ഗങ്ങൾ, ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട നിയമങ്ങൾ, നിഷിദ്ധഭക്ഷണം കഴിച്ചാലുള്ള അശുദ്ധി, ജനന-മരണസംബന്ധിയായ അശുദ്ധികൾ, ഭക്ഷണം-ആചമനം- ഗോശാലാ പ്രവേശനം-മരുമകനിൽ നിന്ന് ധനസ്വീകരണം-സ്ത്രീധനം സ്വീകരിക്കുക എന്നിവയുടെ നിയമങ്ങൾ, ശുദ്ധീകരണകർമ്മങ്ങൾ, ആത്മസംയമനം, ദ്വേഷ്യനിയന്ത്രണം-ക്ഷമ-ആത്മനിർവൃതി എന്നിവയുടെ വിവരണം, ഹോമങ്ങൾ-തപസ് ഇവയുടെ മഹത്വം, ബ്രാഹ്മണലക്ഷണം, പ്രതിജ്ഞാലംഘനം-പ്രായശ്ചിത്തം

**വസിഷ്ഠസ്മൃതി** : സുദീർഘമായ വിഷയങ്ങളും വിവരണങ്ങളും അടങ്ങുന്ന 19 അദ്ധ്യായങ്ങളുള്ള വളരെ പ്രധാനപ്പെട്ട ഒരു സ്മൃതിയാണിത്.

അം 1-3 . ഭാരതമഹിമ, ഭാരതവർഷത്തിലെ ധർമ്മാനുഷ്ഠാനങ്ങൾ,



Scanned with CamScanner

അഞ്ചു ഹീന പ്രവർത്തികൾ, വർണ്ണധർമ്മങ്ങൾ, ജാതിവിവരണം, ബ്രാഹ്മണമഹത്വം, ഉപനയന മഹത്വം, ബ്രാഹ്മണധർമ്മം, ക്ഷത്രിയധർമ്മം, ശൂദ്രർക്ക് പ്രത്യേകമായ ധർമ്മാനുഷ്ഠാനങ്ങില്ലാത്തതിനുകാരണം, സ്വധർമ്മാനുഷ്ഠാനങ്ങളിലൂടെയുള്ള ധന സമ്പാദനം, ധനമു പയോഗിച്ച് ക്രയവിക്രയങ്ങളരുതാത്ത ദ്രവ്യങ്ങൾ, ബ്രാഹ്മണനെ ശൂദ്രപദവിയിലേക്ക് താഴ്ത്തുന്ന കർമ്മങ്ങൾ, അയോഗ്യനും-അധാർമ്മികനുമായ ബ്രാഹ്മണനെ അവഹേളിക്കുകയോ പുച്ഛിക്കുകയോ ചെയ്താൽ ശിക്ഷയില്ലാത്തിതിനു കാരണം, കരമൊഴിവായി വസ്തു നൽകാവുന്ന ബ്രാഹ്മണർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ, ആറുവിധ ഹീനഹത്യകൾ, രാജധർമ്മം, മന്ത്രിസഭാരൂപീകരണം, ആചാര്യനിർവ്വചനം, ബ്രാഹ്മണനും –വൈശ്യനും ആയുധമെടുക്കേണ്ടിവരുന്ന സന്ദർഭങ്ങൾ, ആചമനക്രിയകൾ, ശുദ്ധാശുദ്ധ ദ്രവ്യങ്ങൾ, സ്പർശനത്തിലൂടെ അശുദ്ധമാകുന്ന ദ്രവ്യങ്ങൾ.

അം 4–7. ജാതിയുടെ ഉത്ഭവം, ബ്രാഹ്മണമഹത്വം, ജനനമരണത്താലുണ്ടാകുന്ന അശുദ്ധികൾ, സ്ത്രീധർമ്മം, ഋതുകാലങ്ങളിൽ സ്ത്രീക്കുള്ള അശുദ്ധി, ശരീരശുദ്ധികരണം, ബ്രാഹ്മണർക്ക് യോഗ്യവും-നിഷിദ്ധവുമായ ഭക്ഷണം, ബ്രാഹ്മണലക്ഷണം, നിഷിദ്ധഭക്ഷണ സ്വീകരണത്താൽ ബ്രാഹ്മണർക്കുണ്ടാകുന്ന അശുദ്ധി, ബ്രാഹ്മണനു നൽകാവുന്ന ദാനങ്ങൾ ഓരോ വ്യക്തിയും അനുശാസിക്കേണ്ട ആശ്രമധർമ്മങ്ങൾ.

അം 8–10. ഗൃഹസ്ഥന്റെ അതിഥിസ്വീകരണം, അതിഥികളോട് പാലിക്കേണ്ട ധാർമ്മിക മര്യാദകൾ, വാനപ്രസ്ഥത്തിനു പോകുന്ന വ്യക്തി അനുഷ്ഠിക്കേണ്ട ധർമ്മങ്ങൾ, വൈദ്യധർമ്മം, ഗൃഹസ്ഥ ബ്രാഹ്മണൻ അനുഷ്ഠിക്കേണ്ട നിത്യകർമ്മങ്ങൾ, യാഗയജ്ഞാദികൾ, അന്നദാനമഹത്വം, ബ്രഹ്മചാരിധർമ്മം, സ്നാതകധർമ്മം, ആത്മനാശനപ്രവർത്തികൾ, ബ്രാഹ്മണന് നിഷിദ്ധമായ പ്രവൃത്തികൾ- ആചാരങ്ങൾ.

അം 11–13. ഉപാകർമ്മക്രിയകൾ, വേദാദ്ധ്യയനം നിഷിദ്ധമായ ദിനങ്ങൾ–സമയങ്ങൾ, അപവിത്രമായ ബന്ധമോചനം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ, ബ്രാഹ്മണനു സ്വീകരിക്കാവുന്ന ദാനങ്ങൾ, ഭക്ഷ്യയോഗ്യമായതും ആരോഗ്യപ്രദവുമായ ദ്രവ്യങ്ങൾ, ദാനം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും യോഗ്യരായ വ്യക്തികൾ, ഭക്ഷണ ശുദ്ധീകരണം, വിവിധ ഭക്ഷണങ്ങൾ കഴിച്ചാലുള്ള ശുദ്ധീകരണ കർമ്മങ്ങൾ, യോഗ്യമായതും- നിഷിദ്ധമായതുമായ



Scanned with CamScanner

മാംസഭക്ഷണങ്ങൾ, യോഗ്യതയുള്ള പുത്രവിവരണം, പുത്രനെ ദത്തെടുക്കുന്ന കർമ്മത്തിൻെറ ധാർമ്മിക നിയമവശങ്ങൾ, വേദനിഷേധിയുടെ ബഹിഷ്ക്കരണം, സമൂഹബഹിഷ്കരണത്തിനുള്ള പ്രായശ്ചിത്ത വിധികൾ.

അം 14, 15. നിയമപാലനത്തിൽ രാജധർമ്മം, പ്രായപൂർത്തിയാകാത്ത പുത്രൻെറ അവകാശങ്ങൾ, തെളിവുകൾ സ്വീകരിക്കുന്നതിൻെറയും സാക്ഷി വിവരണത്തിൻെറയും നിയമവശങ്ങൾ, ദാനംസ്വീകരിക്കാവുന്ന ദ്രവ്യങ്ങൾ, സത്യത്തിനുള്ള പരമമായ സ്ഥാനം, അസത്യം പാപകരമല്ലാത്ത അവസരങ്ങൾ, പിതാവിലൂടെ സിദ്ധിക്കുന്ന ആദ്ധ്യാത്മിക പദവികൾ, പിതൃസ്വത്തിനർഹതയുള്ള പുത്രവിവിരണം ഗർഭാധാനനിയമങ്ങൾ, പുനർവിവാഹം, നാടുവിടുകയോ-ഉപേക്ഷിച്ചോ പോയ ഭർത്താവിനുകാത്തിരിക്കാതെ സ്ത്രീക്ക് പുനർവിവാഹം നടത്തുന്നതിനുള്ള നിയമങ്ങൾ, ബ്രാഹ്മണ സമ്പത്തിൻെറ വിഭജനം.

അം 16-19. പുത്രധർമ്മം, പുത്രസ്ഥാനം, അയോഗ്യന് ധർമ്മശാസ്ത്രം ഉപദേശിക്കുന്നതിൻെറ പാപം, രാജധർമ്മം, കരമുക്തരാകുവാൻ യോഗ്യതയുള്ള വ്യക്തികൾ, നിയമം തെറ്റായി വ്യാഖ്യാനിക്കുന്നതിനുള്ള ശിക്ഷ, പാപങ്ങൾക്കുള്ള പ്രായശ്ചിത്തവിധികൾ, ബ്രാഹ്മണനു നിഷിദ്ധമായ ക്രിയകൾ, മദ്യപാനത്തിനുള്ള പ്രായശ്ചിത്തം, ക്ഷത്രിയ-വൈശ്യ-ശൂദ്രാദികളെ വധിച്ചാലുള്ള ശിക്ഷ, അവർണരുടെ സംസർഗപ്രായശ്ചിത്തങ്ങൾ, ബ്രാഹ്മണസ്ത്രീയെ അപമാനിച്ചാലുള്ള ശിക്ഷ, അസൻമാർഗികപഥത്തിൽ സഞ്ചരിച്ച സ്ത്രി നടത്തേണ്ട പ്രായശ്ചിത്തി വിധികൾ.

**ബൃഹദ്പരാശര സ്മൃതി** : പന്ത്രണ്ടദ്ധ്യായങ്ങളുള്ള പരാശരസ്മൃതിയും 16 ആദ്ധ്യായങ്ങളുള്ള ബൃഹദ്പരാശരസ്മൃതിയും വിഷയങ്ങളുടെ എണ്ണത്തിലും ക്രിമീകരണത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ബൃഹദ്പരാശര സ്മൃതിയിലെ വിഷയങ്ങൾ ഇപ്രകാരമാകുന്നു. പരാശരൻ മഹർഷിമാർക്ക്, ശാസ്ത്രപഠനത്തിന്റെ മഹത്വവും-ധർമ്മശാസ്ത്രവും സുദീർഘമായി ഇതിൽ വിവരിക്കുന്നു. ഷഡ്കർമ്മവിവിരണങ്ങൾ, വർണ്ണവ്യത്യാസമനുസരിച്ച് ഷഡ്കർമ്മങ്ങളിലുള്ള വ്യത്യാസം, കൃഷി- സീതായജ്ഞ വർണന, വിവാഹകർമ്മങ്ങൾ, സ്ത്രീയുടെ മഹത്വം, സ്ത്രീസ്വാതന്ത്ര്യം, ഗൃഹസ്ഥകർമ്മങ്ങൾ, വേദജ്ഞാനിയുടേയും. വേദപഠനത്തിൻെറയും മഹത്വം, പ്രാണായാമ-ഭോജന-വിധികൾ, ഗർഭാധാനം തുടങ്ങിയ സംസ്ക്കാരങ്ങൾ, ബ്രഹ്മചര്യവിധി, പുത്രലബ്ധി, ആചാരങ്ങൾ,



Scanned with CamScanner

ശൗചവിധികൾ, ത്യാഗവിവരണം, ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കൾ, ശുദ്ധികർമ്മം, വേദാദ്ധ്യയനം നടത്തരുതാത്ത ദിനങ്ങൾ, ശ്രാദ്ധകർമ്മങ്ങൾ, ശുദ്ധികർമ്മങ്ങൾ, പ്രായശ്ചിത്തവിധികൾ, ദാനകർമ്മങ്ങൾ, ദാനസ്വീകരണത്തിന് യോഗ്യതയുള്ള ബ്രാഹ്മണർ, ദാനദ്രവ്യങ്ങളുടെ ലക്ഷണങ്ങൾ, കുളം-കിണർ-വൃക്ഷങ്ങൾ എന്നിവയുടെ ദാനം, വിനായകശാന്തി, ഗ്രഹശാന്തി, അദ്ഭുതശാന്തി, രുദ്രപൂജാവിധി, രുദ്രശാന്തി, ഹവനവിധികൾ, കോടിഹോമം, പുത്രലബ്ധിക്കായുള്ള ഹോമം, രാജധർമ്മം, വാനപ്രസ്ഥന്റെ കർമ്മ ധർമ്മങ്ങൾ, മറ്റ് ആശ്രമധർമ്മങ്ങൾ, ദേഹം-ആത്മം-ത്വക്-വൈരാഗ്യം എന്നീ പദങ്ങളുടെ വിവരണം, പ്രാണായാമ-പ്രത്യാഹാര-പ്രണവധ്യാന-ധ്യാനയോഗവിധികൾ, ക്ഷണം-കാലം-മുഹൂർത്തം-ദിനം-മാസം-വർഷം-യുഗം-കൽപം എന്നീ കാലയളവുകളുടെ വിവരണങ്ങൾ.

**ലഘു വ്യാസസ്മൃതി** : രണ്ട് അദ്ധ്യായങ്ങൾ മാത്രമുള്ള ലഘുവ്യാസ സ്മൃതി, വ്യാസസ്മൃതിയിൽ നിന്നും ഭിന്നമാണ്. സ്നാനവിധി, ജപ-പൂജാവിധികൾ, സ്വന്തം കർത്തവ്യത്തിന്റെയും ധർമ്മത്തി ന്റെയും മഹത്വം, ശരീരശുദ്ധി, നിഷിദ്ധ കർമ്മങ്ങൾ, പഞ്ചമഹായജ്ഞങ്ങൾ, ഭോജനം, അന്നദാനമഹത്വം.

**വൃദ്ധഗൗതമസ്മൃതി** : ഇരുപത്തിരണ്ട് അദ്ധ്യായങ്ങളുള്ള വൃദ്ധഗൗതമ സ്മൃതി ഗൗതമസ്മൃതിയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ധർമ്മോപദേശം-ഭഗവസ്വരൂപവർണ്ണന, ധർമ്മ പ്രശംസ, ദാനമഹത്വം, ബ്രാഹ്മണരുടെ ഗുണദോഷവിവരണം, ജീവതത്വ വിവരണം, ദാനമഹത്വം, ഗോദാനം, പഞ്ചമഹായജ്ഞം, കപിലാദാനം, കപിലഗോവിന്റെ പ്രശംസ, ബ്രാഹ്മണഘാതകലക്ഷണം, ധർമ്മശൗചവിധികൾ, ഭോജനവിധി, ആപത്തിൽപെട്ടവർക്ക് ചെയ്യേണ്ട സഹായങ്ങൾ, ധർമ്മമഹത്വം, ചന്ദ്രായണവിധികൾ, ദ്വാദശമാസചര്യകൾ, വിവിധ വ്രതാനുഷ്ഠാനഫലങ്ങൾ, ദാനഫലം, തീർത്ഥലക്ഷണങ്ങൾ, ഭക്തിയോടെ നടത്തുന്ന അർച്ചനവിധികൾ, ശൂദ്രധർമ്മം.

**ലഘു അത്രി സ്മൃതി** : ആറ് അദ്ധ്യായങ്ങളുള്ള ലഘു അത്രിസ്മൃതി, അത്രിസ്മൃതിയിൽ നിന്നും വ്യത്യസ്തമാണ്. ഇന്ദ്രനും ബൃഹസ്പതിയും തമ്മിൽ നടന്ന സംവാദരൂപത്തിലാണ് വിഷയാവതരണം. പ്രാണായാമ മഹത്വം, പ്രണവജപമഹിമ, വേദാദ്ധ്യയന പ്രശംസ, പ്രായശ്ചിത്തവിധി, നിഷിദ്ധജനങ്ങൾക്ക് ഭക്ഷണം കൊടുത്താലുള്ള പ്രായശ്ചിത്തം, സർവ്വോത്തമദാനങ്ങളുടെ



Scanned with CamScanner

വിവരണം, എന്നീ വിഷയങ്ങളാണ് ലഘുഅത്രിസ്മൃതി യിലുള്ളത്.

**വൃദ്ധ ആത്രേയ സ്മൃതി** : അഞ്ച് അദ്ധ്യായങ്ങളടങ്ങുന്ന ഈ സ്മൃതിയിൽ യഥാക്രമം പ്രാണായമമഹത്വം, പ്രണവ ജപവർണ്ണന, വേദാദ്ധ്യയനമഹത്വം, രഹസ്യങ്ങളായ പ്രായശ്ചിത്തവിധികൾ, കർമ്മ ധർമ്മങ്ങൾ, നിഷിദ്ധ ജനങ്ങളോട് ചേർന്ന് ഭക്ഷണം കഴിച്ചാലുള്ള പാപപ്രായശ്ചിത്തം. വിഷയാവതരണത്തിൽ അൽപം വ്യത്യാസപ്പെട്ടിരിക്കുന്നു എങ്കിലും ലഘു അത്രിസ്മൃതിയും വൃദ്ധ ആത്രേയസ്മൃതിയും ബന്ധപ്പെട്ടിരിക്കുന്നു.

**ഹാരിസ്മൃതി** : ഏഴ് അദ്ധ്യായങ്ങളുള്ള ഈ ലഘു സ്മൃതിയിൽ പണ്ട് ഹാരിതമുനി മറ്റു മഹർഷിമാർക്ക് ഉപദേശിച്ച വിഷയങ്ങൾ മാർക്കണ്ഡേയൻ വിവരിക്കുന്നു. മഹാവിഷ്ണുവിൽ നിന്നുള്ള പ്രപഞ്ചസൃഷ്ടി, മഹാവിഷ്ണുവിൻെറ മുഖത്തുനിന്ന് ബ്രാഹ്മണരും-കയ്യിൽ നിന്ന് ക്ഷത്രിയരും- തുടയിൽനിന്ന് വൈശ്യരും – പാദത്തിൽ നിന്ന് ശൂദ്രരും ഉത്ഭവിച്ച വിവരണം, ബ്രാഹ്മണൻെറ കർമ്മ-ധർമ്മങ്ങൾ, ക്ഷത്രിയ-വൈശ്യ-ശൂദ്രരുടെ കർമ്മധർമ്മങ്ങൾ, വേദവിദ്യാർത്ഥിയായ ബ്രഹ്മചാരി അനുഷ്ഠിക്കേണ്ട ആചാരങ്ങൾ, ദിനചര്യകൾ, ഗൃഹസ്ഥൻെറ കർമ്മ-ധർമ്മങ്ങൾ, വാനപ്രസ്ഥൻെറ ധർമ്മം, സന്യാസിയുടെ ധർമ്മം, യോഗതത്വങ്ങൾ.

**പുലസ്ത്യ സ്മൃതി** : ഒരദ്ധ്യായം മാത്രമുള്ള ഈ സ്മൃതിയിൽ പുലസ്ത്യൻ വർണാശ്രമധർമ്മങ്ങൾ വിവരിക്കുന്നു.

**ലഘുബുധ സ്മൃതി** : ചാതുർവർണധർമ്മങ്ങളാണ് ഈ സ്മൃതി യിലുള്ള ഒരദ്ധ്യായത്തിലെ വിവരണവിഷയം

**കശ്യപസ്മൃതി** : സുദീർഘമായ ഒരദ്ധ്യായത്തിൽ ഗൃഹസ്ഥധർമ്മം മാത്രമാണ് ഇതിൽ വിവരിക്കുന്നത്.



Scanned with CamScanner

# പുരാണം

അദ്ധ്യാത്മികവും ധാർമ്മികവുമായ തത്വങ്ങൾ, സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും, ഉപാസനമാർഗം സ്വീകരിക്കുന്നതിനും വേണ്ടി കഥാരൂപത്തിൽ വിവരിക്കുന്നതാണ് പുരാണങ്ങൾ ദൈവിക കഥകളും, ചരിത്രങ്ങളും മാത്രമല്ല അനേകം രാജവംശങ്ങളുടെ ചരിത്രവും, മന്വന്തര വർണ്ണനകളും ഭൂമിശാസ്ത്രപരമായ വിവരണങ്ങളും, ദേശീയവും-പ്രാദേശികവുമായ വിഷയങ്ങളും പുരാണങ്ങളിൽ വിവരിക്കുന്നുണ്ട്. രചനാ വ്യത്യാസം-വിവരണവ്യത്യാസം-വീക്ഷണ വ്യത്യാസം – ആരാധന മനോഭാവം എന്നീ കാരണങ്ങളാൽ ഒരേകഥ തന്നെ വിവിധ പുരാണങ്ങളിൽ ചെറിയ ഭേദഗതികളോടെ വിവരിക്കുന്നുമുണ്ടാകും.

ഏതാണ്ട് എല്ലാ പുരാണങ്ങളും ഉത്തരഭാരതത്തിലെ നൈമിഷാരണ്യം (ഇന്നത്തെ നീംസാർ) എന്ന പുണ്യക്ഷേത്രത്തിൽ വെച്ച് സൂതശൗനകാദി ഋഷിവര്യന്മാർ വിവരിക്കുന്നതാണ്. മത്സ്യരൂപിയായ മഹാവിഷ്ണു വിവരിക്കുന്ന പുരാണം മത്സ്യപുരാണമായും, വരാഹമൂർത്തി വിവരിക്കുന്നത് വരാഹപുരാണമായും വർണിക്കപ്പെടുന്നു. നാരദൻ വിവരച്ചിത് നാരദ പുരാണവുമായിത്തീർന്നു. പുരാണങ്ങളിൽ ഒരേ കഥ തുടർച്ചയായി വിവരിക്കുകയല്ല ചെയ്തിട്ടുള്ളത്. സൂത-ശൗനകാദി മഹർഷിമാർ തമ്മിലുള്ള സംവാദവും, പുരാണകഥാപുരുഷന്മാർ തമ്മിലുള്ള സംവാദവും, കഥകളും, ഉപകഥകളും, അവയുടെ ഉപകഥകളും കലർന്നുവരുന്നതാണ് പുരാണങ്ങളിലെ ഉള്ളടക്കം. ഇതിഹാസ ത്തിലേതുപോലെ, പുരാണങ്ങളിൽ തുടർച്ചയായ ഒരു കേന്ദ്ര കഥാസാരവും കഥാപാത്രങ്ങളും ഉണ്ടായിരിക്കുകയില്ല.

പതിനെട്ട് മഹാപുരാണങ്ങളും, അത്രതന്നെ ഉപ പുരാണങ്ങളും ഉള്ളതായി വിവരണങ്ങളിൽ കാണുന്നുണ്ട്, പല വിവരണങ്ങളിലും, പുരാണങ്ങളിലും ചില മഹാപുരാണങ്ങളുടെയും ഉപ പുരാണങ്ങളുടെയും പേരുകൾ പരസ്പരം മാറിയും കാണുന്നു. ഈ രണ്ടു വിഭാഗങ്ങളിലും പെടാത്ത പുരാണങ്ങളും ഇന്നു ലഭ്യമാണ്.

ഏതാണ്ട് എല്ലാ മഹാപുരാണങ്ങളിലും നൂറുകണക്കിന് അദ്ധ്യായങ്ങളുള്ളതുകൊണ്ട് പുരാണവിഷയങ്ങൾ അദ്ധ്യായ



Scanned with CamScanner

ക്രമത്തിൽ വർണ്ണിക്കുക അസാദ്ധ്യമാണ്. അത്തരത്തിലൊരു വിവരണം സംക്ഷിപ്ത രൂപമായാൽപോലും ഏറെ ബൃഹത്തായിരിക്കുകയും ചെയ്യും. അതിനാൽ പുരാണങ്ങളെ അംശങ്ങളായും, കാണ്ഡങ്ങളായും ഭാഗിച്ചിരിക്കുന്നതിൻെറ അടിസ്ഥാനത്തിലാണ് ഇതിൽ വിഷയവിവരണം നടത്തിയിരിക്കുന്നത്. ഒരേ പുരാണത്തിൽ തന്നെ ഒരു കഥ പുനരാവർത്തിയായി വ്യത്യസ്ഥ ഭാഗങ്ങളിൽ പ്രതി പാദിക്കുന്നുണ്ടെങ്കിൽ, ഇവിടെ വിവിരിക്കുന്ന സംക്ഷിപ്ത രൂപത്തിലും അതനുസരിച്ചുള്ള പുനരാവർത്തി വരുന്നുണ്ടായിരിക്കും.

**വിഷ്ണു പുരാണം** : വിഷ്ണുമഹാപുരാണം പരാശരമുനി മൈത്രേയന് വിവരിച്ചുകൊടുക്കുന്ന പുരാണമാണ്. 126 അദ്ധ്യായങ്ങളുള്ള ഈ പുരാണം ആറ് അംശങ്ങളായും വിഭജിച്ചിരിക്കുന്നു.

അംശം 1. സൂതമഹർഷിയും ശൗനകാദികളും തമ്മിൽ നടത്തുന്ന സംവാദത്തിൽ, നൈമിഷാരണ്യത്തിൽ വച്ച് വിവരിക്കുന്ന വിഷ്ണുപുരാണ മഹത്വം, സൃഷ്ടിക്കു മുമ്പുള്ള പ്രപഞ്ചത്തിൻെറ അവസ്ഥ, ജഗത്സൃഷ്ടി, ജഗദുൽപത്തി, ജഗത്തിൻെറ മഹത്വം, ഹിരണ്യനിൽ നിന്നും ഭൂമിയെ രക്ഷിക്കുവാൻ മഹാവിഷ്ണുവിൻെറ വരാഹാവതാരം, വേദങ്ങളുടെ ഉത്ഭവം, ദേവ-ഋഷിമാരുടെ ഉത്ഭവം, മാനവസമൂഹത്തിൽ വർണ്ണാശ്രമങ്ങളുടെ ഉത്ഭവവും-അടിസ്ഥാന നിയമങ്ങളും, ധ്രുവചരിതം, ധ്രുവതപസ്, ധ്രുവൻെറ വംശത്തിലെ പൃഥുവിൻെറ ചരിതം, പൃഥുവിൻെറ രാജ്യാഭിഷേകം, പൃഥുവിൻെറ രാജ്യഭരണ മഹത്വം, നരസിംഹാവതാര വർണനം എന്നിവ നൽകുന്നു.

അംശം 2. പ്രിയവ്രതൻെറ രാജവംശം-ഭരതവംശചരിത്രം-ജംബു-പ്ളക്ഷ-ശാക-ശാൽമലി- കുശ-ക്രൗഞ്ച-പുഷ്കരാഖ്യ എന്നീ ദ്വീപുകളുടെ വിവരണം, ഭാരതവാസിയുടെ നിർവ്വചനം, ഭാരത ഭൂമിയുടെ വർണ്ണനം, അതല-വിതല-സുതല-രസാതല-തലാതല-പാതാളാദി തലങ്ങളുടെ വിവരണം, കർമ്മഫലമായി മരണശേഷം അനുഭവിക്കേണ്ടിവരുന്ന സ്വർഗ്ഗ-നരക വിവരണം, ഓരോ പാപത്തിനുമുള്ള നരകങ്ങൾ, ജ്ഞാനസമ്പാദന മാർഗ്ഗങ്ങൾ, മോക്ഷപ്രാപ്തി ഈ അംശത്തിൻെറ അവസാന ഭാഗത്തിൽ ഭൂലോകം, ഭൂവർലോകം, സ്വർലോകം, സൂര്യചക്രസ്ഥാനം, ഉദയാസ്തമനം, നക്ഷത്രരാശി വ്യവസ്ഥകൾ, കാലചക്രം, ചതുർലോക പാലകർ, ജ്യോതിചക്രം, നവഗ്രഹസ്ഥാനം എന്നീ ജ്യോതിഷ വിഷയങ്ങളും വിവരിക്കുന്നുണ്ട്.



Scanned with CamScanner

അംശം 3. സ്വായംഭുവൻ-സ്വാരോചിഷൻ-ഉത്തമൻ-താമസൻ-രൈവതൻ-ചാക്ഷുഷൻ-വൈവസ്വതൻ-സാവർണി-ദക്ഷസാവർണി- ബ്രഹ്മസാവർണി -ധർമ്മസാവർണി-രുദ്രസാവർണി-രൗച്യദേവ സാവർണി- ഇന്ദ്രസാവർണി എന്നീ 14 മനുക്കളുടെ വിവിരണം, കൽപാന്തകാലഘട്ടം, വ്യാസനിർമ്മിതമായ ഋഗ്വേദ-യജുർവേദ-സാമവേദങ്ങളുടെ ശാഖകൾ, 18 പുരാണം, 18 ഉപപുരാണ വിവരണങ്ങൾ, പുരാണലക്ഷണം, വർണ്ണാശ്രമ ധർമ്മങ്ങൾ, ഗൃഹാചാരങ്ങൾ, സദാചാരങ്ങൾ, നിത്യകർമ്മങ്ങൾ, പഞ്ചമഹായജ്ഞങ്ങൾ, ജാതകർമ്മം, ശ്രാദ്ധം, പിണ്ഡദാനം, ബ്രാഹ്മണലക്ഷണം.

അംശം 4. ഇക്ഷ്വാകുവംശത്തിലെ അനേകം രാജാക്കന്മാരുടെ ചരിതങ്ങൾ, പുരഞ്ജയ ചരിതം, തൃശംഖു രാജചരിതം, ദിലീപന്റെയും ദശരഥന്റെയും ചരിതം, സോമവംശവിവരണം, ജമദഗ്നി-വിശ്വാമിത്ര- കശ്യപ-യദു-വൃഷ്ണി വംശങ്ങൾ, അക്രൂരൻ-കംസൻ-ദേവകി- വസുദേവർ-ശിശുപാലൻ എന്നിവരുടെ ചരിതം, പുരു-മാഗധ-നാഗ - മൗര്യവംശ ചരിതം, ചാണക്യനെക്കുറിച്ചുള്ള സുദീർഘ വിവരണം.

അംശം 5. വാസുദേവ-ദേവകി വിവാഹം, ശ്രീകൃഷ്ണ ജനനം, കൃഷ്ണലീലകൾ, പൂതനാമോക്ഷം, ശകടാസുരവധം, കാളിയമർദ്ദനം, ധേനുകാസുരവധം, ഗോവർദ്ധന പർവ്വത ഉദ്ധാരണം, വൃഷഭാസുരവധം, ദ്വാരകാ നിർമ്മാണം, മഥുരയിൽ നിന്നും ദ്വാരകയിലേക്കുള്ള ശ്രീകൃഷ്ണന്റെ യാത്ര, രുക്മിണീസ്വയംവരം, ശംബരവധം, അർജ്ജുന-ശ്രീകൃഷ്ണദർശനം.

അംശം 6. കൽപാന്തത്തിൽ വരുന്ന മഹാപ്രളയ വിവരണം, മനുഷ്യ മോചനത്തിന് ആദ്ധ്യാത്മികതയുടെ മഹത്വം, സ്വർഗനരക പ്രാപ്തി, യോഗമാർഗ്ഗത്തിലൂടെയുള്ള മോക്ഷപ്രാപ്തി, വിഷ്ണുമഹാപുരാണ പഠന-ശ്രവണ ഫലങ്ങൾ.

**നാരദയീപുരാണം** : നാരദമഹർഷി സനൽകുമാരനോട് വിവരക്കുന്നതായിട്ടാണ് 125 അദ്ധ്യായങ്ങളുള്ള പൂർവ്വാർദ്ധത്തിന്റെയും 82 അദ്ധ്യായങ്ങളുള്ള ഉത്തരാർദ്ധത്തിന്റെയും കഥാരചന.

പൂർവ്വാർദ്ധം : നാരദമഹർഷിയുടെ വിഷ്ണുസ്തുതി ഭൂഗോളവർണ്ണന, ഹരിഭക്തി നിരൂപണം, ഗംഗാ-പ്രയാഗ എന്നീ നദികളുടെ മഹത്വം, ഗംഗയുടെ ഉത്ഭവകഥ, ധർമ്മവിവരണം, വിഷ്ണുഭക്തി, വിഷ്ണുപൂജ, ധ്യാനയോഗചര്യയുടെ ഫലം, മോക്ഷവിവരണം, ശ്രാദ്ധകർമ്മങ്ങൾ,



Scanned with CamScanner

വ്രതാനുഷ്ഠാനഫലങ്ങൾ. വേദ-ശാസ്ത്രവിവരണം, വേദശ്രുതിയുടെ പ്രാധാന്യം, സ്വരവർണ്ണന, വ്യാകരണം-നിരുക്തം-ഛന്ദശാസ്ത്രം-ജ്യോതിഷം-ശിക്ഷ-കൽപശാസ്ത്രം എന്നീ വേദാംഗങ്ങളുടെ വിവരണം, ജ്യോതിഷത്തിലെ ഗണിതം-ജാതകം-കാലക്രിയാപാദം-ഗ്രഹനിലകൾ എന്നിവയുടെ വിവരണങ്ങൾ, ആദ്ധ്യാത്മിക തത്വങ്ങൾ, മന്ത്രപൂജാദി കർമ്മങ്ങൾ, വിഷ്ണുപൂജാദികൾ, രാധാകൃഷ്ണ മാഹാത്മ്യം, ശ്രീകൃഷ്ണ സഹസ്രനാമം, ജപഹോമവിധികൾ, 16 വേദപൂജാവിധികൾ, ദുർഗ്ഗാമന്ത്രങ്ങൾ, മഹേശ്വര സ്തോത്രങ്ങൾ, 18 പുരാണങ്ങളുടെ സംക്ഷിപ്ത വിവരണം അനേകം വ്രതങ്ങളിൽ, ഓരോന്നിൻെറയും അനുഷ്ഠാനഫലങ്ങൾ.

ഉത്തരാർദ്ധം : പ്രഥമ മുതൽ പൗർമണി അഥവാ (അമാവാസി) വരെയുള്ള പ്രധാന ദിനങ്ങളിലെ വ്രതാനുഷ്ഠാനങ്ങൾകൊണ്ട് സിദ്ധിക്കുന്ന പുണ്യഫലങ്ങൾ, ഏകാദശീവ്രതം, പുണ്യദിനങ്ങളിലെ ഗംഗാസ്നാന-ഗയാസ്നാന-കാശീപുരദർശന-മാഹാത്മ്യം, കാശീ വിശ്വനാഥ ക്ഷേത്ര പുരുഷോത്തമക്ഷേത്ര-ഒറീസ്സയിലെ ജഗന്നാഥക്ഷേത്ര-മാഹാത്മ്യം, മകരസംക്രമമഹത്വം, ബദിരിയിലെ ക്ഷേത്രദർശന മാഹാത്മ്യം, പുഷ്കരക്ഷേത്രം, നർമ്മദാനദി, മഥുരാപുരി, അവന്തികാ, വൃന്ദാവനം, രാമേശ്വരം, ലക്ഷ്മണാചലം (ലകനൗ), ഗോകർണം, ത്രയംബകേശ്വരം, ഹരിദ്വാരം എന്നിങ്ങനെ ഭാരതത്തിൻെറ, എല്ലാ ദിശകളിലുമുള്ള പുണ്യക്ഷേത്രങ്ങളുടെയും, നദികളുടെയും മാഹാത്മ്യവിവരണങ്ങൾ.

**ഭവിഷ്യമഹാപുരാണം** : മനുവിൻെറ അനേകം പ്രശ്നങ്ങൾക്കുത്തരമായി സൂര്യഭഗവാൻ വിവരിക്കുന്നതാണത്രെ ഭവിഷ്യപുരാണ വിഷയങ്ങൾ. 14500 ശ്ലോകങ്ങളുള്ള ഭവിഷ്യപുരാണം ബ്രഹ്മപർവ്വം, മധ്യപർവ്വം, പ്രതിസർഗപർവ്വം, ഉത്തരപർവ്വം എന്നിങ്ങനെ ഭാഗിച്ചിരിക്കുന്നു.

ബ്രഹ്മപർവ്വം : ഈ പർവ്വത്തിലെ 215 അദ്ധ്യായങ്ങളിൽ സ്ത്രീലക്ഷണം, പുരുഷലക്ഷണം, സ്ത്രീധർമ്മം, ശ്രേഷ്ഠരായ സ്ത്രീ - പുരുഷന്മാരുടെ ധർമ്മാനുഷ്ഠാനങ്ങൾ, വിവിധ വ്രതങ്ങളുടെ ഫലം, നിത്യജീവിതത്തിലനുഷ്ഠിക്കേണ്ട ആചാരകർമ്മങ്ങൾ, ബ്രാഹ്മണ- ക്ഷത്രിയ-വൈശ്യ-ശൂദ്രാദി വർണ്ണങ്ങളിലെ സ്ത്രീ-പുരുഷന്മാർ പ്രത്യേകമായി അനുഷ്ഠിക്കേണ്ട ആചാരങ്ങൾ, സൂര്യസൃഷ്ടി, ആദിത്യമാഹാത്മ്യം, സൂര്യവംശ രാജാക്കന്മാരുടെ ചരിതം.



Scanned with CamScanner

മധ്യപർവ്വം : സ്വർഗലോകം, ഭൂലോകം, പാതാളം എന്നിവയുടെ സ്ഥാനങ്ങൾ, യജ്ഞമാഹാത്മ്യം, കർമ്മ-മഹത്വം, ത്യാഗത്തിന്റെ ഭാഗമായ യജ്ഞകർമ്മ-മഹത്വം, ഹവനകർമ്മങ്ങൾ, വേദേതിഹാസങ്ങൾ ഭക്തിശ്രദ്ധയോടെ പഠിച്ച് പ്രചരിപ്പിക്കുന്ന തിന്റെ പുണ്യഫലങ്ങൾ, ഗൃഹനിർമ്മാണം, വാസ്തു പ്രതിഷ്ഠാനു കർമ്മങ്ങൾ, യജ്ഞകർമ്മം, ഹവനങ്ങൾ, ക്ഷുദ്ര കർമ്മഫലം, ക്ഷേത്ര മാഹാത്മ്യം, ക്ഷേത്രപരിസരങ്ങളിൽ അശ്വത്ഥം-വടവൃക്ഷം-കൂവളം എന്നിവ നട്ടുവളർത്തി പ്രതിഷ്ഠ നടത്തുന്നതിന്റെ പുണ്യഫലം.

പ്രതിസർഗ്ഗപർവ്വം : ത്രേതായുഗത്തിലും, ദ്വാപരയുഗത്തിലും ജീവിച്ചിരുന്ന ജനങ്ങളുടെ ജീവിതരീതികളുടെ പ്രത്യേകതകൾ, നൃപവംശങ്ങളുടെ ഭാരതത്തിലേക്കുള്ള ആഗമനം, നൃപവംശജരുടെ ജീവിതരീതികൾ, മ്ലേച്ഛഭൂമിയുടെ വിവരണം, മ്ലേച്ഛന്മാരുടെ ജീവിത രീതി, ഭാഷ-വേഷവിധാനങ്ങൾ, ബുദ്ധധർമ്മ സ്ഥാപനം, ബുദ്ധമത വിവരണം, ദക്ഷിണഭാരതത്തിലേക്കും മറ്റു പ്രദേശങ്ങളിലേക്കും ബുദ്ധമതപ്രചരണം, കലിംഗം-ആജ്മീർ-ദ്വാരക എന്നീപ്രസിദ്ധ നഗരവിവിരണം, വിക്രമാദിത്യ-വേതാള കഥകൾ, ധീരരായ സ്ത്രീകളുടെ ചരിതം, സത്യനാരായണ പൂജാമഹത്വം, പ്രസിദ്ധമായ അനേകം രാജവംശങ്ങളുടെ ചരിതം, അവരുടെ വംശ പരമ്പരയിൽ ശാലീവാഹനൻ, ഭോജൻ, ജയചന്ദ്രൻ, പൃഥ്വിരാജൻ എന്നിവരുടെ രാജ്യപരിപാലനം, അവർ നടത്തിയ യുദ്ധവിവിരണം. ദഹലി (ഡൽഹി) യിലെ മ്ലേച്ഛഭൂപവൃത്താന്തം, മാധ്വാചാര്യർ-കബീർ-നരശ്രീ-പീപാ-ഗുരുനാനാക്-നിത്യാനന്ദൻ എന്നിവരുടെ ചരിതം, അക്ബറിന്റെ ദൽഹി ഭരണവൃത്താന്തം, ശിവാജി ചരിത്രം, മുകില (മുഗള) വംശവിവിരണം, മുഗളന്മാർക്കുശേഷം ഭാരതം ഭരിച്ച ഗുരുണ്ഡന്മാരുടെ (ഇംഗ്ലീഷ്കാരുടെ) വാണിജ്യത്തിനുള്ള വരവും, കൽക്കത്ത നഗരിയുടെ സ്ഥാപനവും, ഗുരുണ്ഡവംശത്തിലെ 'ലാർഡ്സ്' മാരുടെ ഭരണം, അതിനുശേഷം ഋഷിതുല്യരായവരുടെ കർമ്മഫലമായി ഭാരതത്തിൽ പാർലമെന്ററി ഭരണസമ്പ്രദാ യത്തിന്റെ തുടക്കം, മ്ലേച്ഛന്മാർ അവരുടെ മതപ്രചരണം, തീവ്രമായി നടത്തുന്നത്, തദനന്തരമുള്ള സത്യയുഗ ആരംഭം.

ഉത്തരപർവ്വം: മേൽവിവരിച്ച വിഷയങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ വിഷയങ്ങളാണ് ഉത്തരപർവ്വത്തിലുള്ളത്. ശ്രീകൃഷ്ണ യുധിഷ്ഠിരസംവാദം, അനേകം വ്രതാനുഷ്ഠാനഫലം, പുണ്യദിനങ്ങൾ - തിഥികൾ-നക്ഷത്രങ്ങൾ- എന്നിവയുടെ അടിസ്ഥാനത്തിലുള്ള വ്രതാനുഷ്ഠാനങ്ങൾ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചടങ്ങുകൾ,



Scanned with CamScanner

ദാനകർമ്മങ്ങൾ, പൂജാകർമ്മങ്ങൾ എന്നിവ സുദിനങ്ങളിലനുഷ്ഠിക്കുന്നതിൻെറ ഫലസിദ്ധി.

ഗരുഡപുരാണം : മഹാവിഷ്ണുവിൻെറ വാഹനമായ ഗരുഡൻ കശ്യപമുനിക്ക് വിവരിക്കുന്ന ഈ പുരാണവിഷയങ്ങൾ സൂതമഹർഷി നൈമിഷാരണ്യത്തിൽ വച്ച് ശൗനകാദി ഋഷികൾക്ക് വിവരിക്കുന്നതാണ്. ഗരുഡപുരാണം 135 അദ്ധ്യായങ്ങളുള്ള പൂർവ്വാർദ്ധമായും 35 അദ്ധ്യായങ്ങളുള്ള ഉത്തരാർദ്ധമായും ഭാഗിച്ചിട്ടുണ്ട്.

പൂർവ്വാർദ്ധം : ഗരുഡപുരാണ ഉൽപത്തി, ത്രിമൂർത്തികളുടെ ഉത്ഭവം, സൂര്യദേവ-വിഷ്ണു-കൃഷ്ണന്മാരുടെ പൂജാവിധികൾ-അർച്ചന-ധ്യാനമന്ത്രങ്ങൾ, വേദത്തിലെ ഗായത്രിമന്ത്രമഹത്വം, ബ്രാഹ്മണചര്യകൾ, ജ്യോതിശാസ്ത്രമഹത്വം, സ്ത്രീ-പുരുഷ ലക്ഷണങ്ങൾ, ഭാരതഭൂമിയിലെ തീർത്ഥ വിവരണങ്ങൾ, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രാദികളുടെ കർമ്മധർമ്മങ്ങൾ, ആശ്രമധർമ്മങ്ങൾ, മന്വന്തരവിവരണം, നിതിസാരമഹത്വം, രാജാവ് അനുഷ്ഠിക്കേണ്ടതും അനുശാസിക്കേണ്ടതുമായ ധാർമ്മിക തത്വങ്ങളും നിബന്ധനകളും, രാജാവിനുള്ള ധാർമ്മികമായ മാർഗ്ഗ നിർദ്ദേശങ്ങൾ, സത്യസന്ധരും-ധർമ്മിഷ്ഠരുമായ രാജഭൃത്യലക്ഷണം, രാജഭൃത്യധർമ്മം, വ്രതമാഹാത്മ്യം, ചന്ദ്രവംശചരിതം, രാമായണ കഥയുടെയും , മഹാഭാരതകഥയുടേയും സംക്ഷിപ്തരൂപം, മനുഷ്യവ്യാധികൾ, വ്യാധിലക്ഷണങ്ങൾ, ആയുർവേദ ചികിത്സാവിധികൾ, ഔഷധഗുണമുള്ള അനേകം സസ്യലതാദികൾ, വിഷ്ണുവിൻെറ അവതാരങ്ങൾ, വൈഷ്ണവസ്തോത്രങ്ങൾ, നിത്യജീവിതത്തിലെ ആചാരാനുഷ്ഠാനങ്ങൾ, സുദർശനപൂജാവിധി.

ഉത്തരാർദ്ധം : മറ്റു പുരാണവിഷയങ്ങളിൽ നിന്നും തികച്ചും ഭിന്നമായ വിഷയങ്ങളാണ് ഗരുഡപുരാണത്തിലെ ഉത്തരാർദ്ധത്തിൽ വിവരിക്കുന്നത്. മരണശേഷം മനുഷ്യാത്മാവ് പ്രേതരൂപം പ്രാപിക്കുന്നതും, കർമ്മഫലങ്ങൾ അനുഭവിക്കുന്നതുമാണ് ഇതിലെ വിഷയം. ജീവിതകാലത്തെ കർമ്മഫലങ്ങളുടെ അടിസ്ഥാനത്തിൽ പ്രേതത്തിന് അനുഭവിക്കേണ്ടിവരുന്ന സുഖദു:ഖങ്ങൾ, സൽകർമ്മങ്ങൾ, ദാനധർമ്മാദികളുടെ ഫലങ്ങൾ, ജന്മാന്തര കർമ്മങ്ങൾ, ജഡം ദഹിപ്പിക്കുന്നതിനുള്ള ചടങ്ങുകൾ, ആചാരങ്ങൾ, ശ്രാദ്ധകർമ്മങ്ങൾ, പിണ്ഡദാനം എന്നീ കർമ്മങ്ങളിലൂടെ ആത്മാവിന് സിദ്ധിക്കുന്ന സത്ഗതി, മരണശേഷം ആത്മാവിൻെറ യമലോകഗമനം, തൽസമയത്ത് അനുഭവിക്കുന്ന



Scanned with CamScanner

യാതനകൾ, പാപികൾ യമലോകത്ത് അനുഭവിക്കുന്ന പീഢനങ്ങൾ, പ്രേതം ആഹാരത്തിനു വേണ്ടി അലയുന്നത്, മുക്തിക്കുവേണ്ടിയും പുത്രപൗത്രാദികൾ നടത്തുന്ന ശ്രാദ്ധകർമ്മങ്ങൾക്കുവേണ്ടിയും മോഹിച്ചലയുന്നത്, മരണാനന്തര ക്രിയകളുടെ ഫലങ്ങൾ, തീർത്ഥഘട്ടങ്ങളിൽ വച്ച് നടത്തുന്ന ശ്രാദ്ധമഹത്വം, വ്രതാനുഷ്ഠാനങ്ങൾ, ഗരുഡ പുരാണ പഠന ശ്രവണഫലങ്ങൾ.

**അഗ്നിപുരാണം** : അഗ്നിപുരാണത്തിലെ 383 അദ്ധ്യായങ്ങളിൽ ഓരോന്നും ഓരോ വിഷയത്തെ വിവരിക്കുന്നതുപോലെയാണ് വിഷയാവതരണം. ഇതിലെ വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. അമൃതമഥന കഥ, നരസിംഹാവതാരം, രാമായണ കഥയുടെ സംക്ഷിപ്തരൂപം-ബാലകാണ്ഡം-അയോദ്ധ്യാകാണ്ഡം-ആരണ്യ-കിഷ്കിന്ധാകാണ്ഡം-സുന്ദരകാണ്ഡം-യുദ്ധകാണ്ഡം-ഉത്തര കാണ്ഡം-മഹാഭാരതത്തിലെ കുരുപാണ്ഡവരുടെ ജനനം മുതൽ അവരുടെ സ്വർഗ്ഗാരോഹണംവരെയുള്ള മഹാഭാരതകഥയുടെ സംക്ഷിപ്തം, ദേവസ്ഥാനപ്രതിഷ്ഠാകർമ്മം, ദേവാലയനിർമ്മാണം, ഗോപുരലക്ഷണം, പ്രതിഷ്ഠാലക്ഷണം, ശാലഗ്രാമലക്ഷണം വിഷ്ണുവിൻെറ ദശാവതാര പ്രതിമകൾ-നവഗ്രഹ പ്രതിമകൾ, ശിവലിംഗം എന്നിവയുടെ ലക്ഷണങ്ങൾ, കുളം, കിണർ, തടാകം എന്നിവയുടെ നിർമ്മാണം, ദേവപൂജാവിധികൾ, ഭിക്ഷാവിധികൾ, വാസ്തുപൂജാവിധി, ഗൃഹം-ക്ഷേത്രം എന്നവയുടെ ശിലാസ്ഥാപനം, ക്ഷേത്രങ്ങളിലെ പുനപ്രതിഷ്ഠ, പുണ്യനദികളു ടെയും-പുണ്യക്ഷേത്ര ങ്ങളുടെയും മാഹാത്മ്യം, ധനുർവേദ വിഷയങ്ങളായ യുദ്ധക്രമങ്ങൾ-വ്യൂഹരചന-കോടിരചന- അർഘകാണ്ഡ നിർമ്മാണം, യുദ്ധവിജയത്തിനുള്ള രഹസ്യവിദ്യകൾ, ശത്രുജയത്തിനുവേണ്ടിയുള്ള മന്ത്ര-തന്ത്രകർമ്മങ്ങൾ, വർണ്ണ ധർമ്മങ്ങൾ, ഗൃഹസ്ഥധർമ്മം, വിവാഹചടങ്ങുകൾ, ശൗചവിധികൾ, ശ്രാദ്ധവിധി, മരണാനന്തര ക്രിയകൾ, വാനപ്രസ്ഥാശ്രമം, ശ്രാദ്ധകൽപം, നവഗ്രഹഹോമങ്ങൾ പാപങ്ങളുടെ പ്രായശ്ചിത്ത വിധികൾ, അനവധി വ്രതങ്ങൾ, വർണ്ണമനുസരിച്ചുള്ള ധർമ്മാനുഷ്ഠാനങ്ങൾ, രാജധർമ്മം, ശുഭാശുഭശകുനങ്ങൾ, സ്ത്രീ-പുരുഷലക്ഷണം, ധനുർവേദഗ്രന്ഥത്തെക്കുറിച്ചുള്ള വിശകലനം-തുടർച്ച-ധനുർവിദ്യ അഭ്യസിക്കുന്ന രീതികൾ, ഖഡ്ഗപ്രയോഗം - അസ്ത്രപ്രയോഗം, ദശാസ്ത്രപ്രയോഗം, ഋഗ്വേദ-യജുർവേദ-സാമവേദ ശാഖകളുടെ മഹത്വം, വേദാംഗ-ഉപാംഗ വിവരണം, ആയുർവേദമാഹാത്മ്യം-കഷായവിധി-വൃക്ഷായുർവേദം,



Scanned with CamScanner

മൃതസഞ്ജീവിനി, ഗജ-അശ്വ-ഗോചികിത്സാക്രമങ്ങൾ, വിഷചികിത്സ, വിഷമുള്ള നാഗലക്ഷണം, ഛന്ദശാസ്ത്രവിവരണം, കാവ്യലക്ഷണം-പ്രസ്താവന-നിരൂപണം-വൃത്ത-നാടക-ശൃംഗാരരസ-രതിക്രീഡ-നൃത്ത-അഭിനയ നിരൂപണങ്ങൾ-ശബ്ദാലങ്കാരം-അർത്ഥാലങ്കാരം-രാഗലക്ഷണം, വ്യാകരണവിഷയങ്ങളായ സന്ധി-വിഭക്തി-ലിംഗം-ശബ്ദം, കർമ്മ ജ്ഞാനേന്ദ്രിയ-യോഗചര്യവിവരണം, ബ്രഹ്മജ്ഞാന പ്രാപ്തി, പുരാണ പഠന-ശ്രവണഫലങ്ങൾ.

**ഭാഗവത പുരാണം :** ഭാഗവത മഹാപുരാണത്തിലെ 19,000 ശ്ലോകങ്ങളെ, 335 അദ്ധ്യായങ്ങളിലായി 12 സ്കന്ദങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നാരദനും-വ്യാസനും തമ്മിൽ നടക്കുന്ന സംവാദമായിട്ടാണ്, നൈമിഷാരണ്യത്തിൽ ശൗനകാദിമഹർഷിമാർക്ക് ഈ പുരാണം സൂതമഹർഷി വിവരിക്കുന്നത്.

സ്കന്ദം 1. പരീക്ഷത്ത് മഹാരാജാവിന്റെ ജനനം, രാജ്യപാലനം, നായാട്ടിനായുള്ള യാത്രാമദ്ധ്യേ വനത്തിൽ തപസ്സു ചെയ്യുന്ന ശമീകന്റെ കഴുത്തിൽ ചത്ത പാമ്പിനെ ഇടുന്നതുകൊണ്ട് കോപിഷ്ഠനായ മുനിപുത്രന്റെ ശാപം, ശാപവിവരം അറിഞ്ഞ പരിക്ഷിത്തിന്റെ ഗംഗാതീരയാത്ര.

സ്കന്ദം 2, 3. മഹാവിഷ്ണുവിന്റെ അവതാരങ്ങൾ, പൂജാവിധികൾ, ശ്രീകൃഷ്ണജനനം, ബാലലീലകൾ, മഥുര-ദ്വാരകാപുരി വർണ്ണനം, ബ്രഹ്മാവിന്റെ ഉത്ഭവം, ബ്രഹ്മസൃഷ്ടി, മന്വന്തരങ്ങൾ, ജയവിജയന്മാർ മഹാവിഷ്ണു ദർശനത്തിനായി വന്ന സനകാദിമഹർഷി മാരെ പ്രവേശനദ്വാരത്തിൽ തടയുന്നതുമൂലം ശാപം ഏറ്റുവാങ്ങി അവർ ഹിരണ്യാക്ഷനും-ഹിരണ്യകശിപുവുമായി ജന്മമെടുക്കുന്ന കഥ, ദേവപ്രാർത്ഥനകേട്ട് ഹിരണ്യാക്ഷനിഗ്രഹത്തിനായി വിഷ്ണുവിന്റെ വരാഹാവതാരം, കർദമ-കപില-മഹർഷിമാരുടെ ചരിതം, ഭക്തിയോഗ മഹിമ.

സ്കന്ദം 4, 5. ശിവ-ദക്ഷ വൈരാഗ്യം, ശിവാഭ്യർത്ഥന നിരസിച്ച് സതിയുടെ ദക്ഷയാഗഗമനം, സതിയെ അപമാനിച്ചത് സഹിക്കാതെ ശിവന്റെ കോപാഗ്നിയിൽ ദക്ഷന്റെ ദഹനം, ദേവന്മാർ നടത്തുന്ന ശിവസ്തുതി, ധ്രുവചരിതം, ധ്രുവന്റെ തപസ്, വേനന്റെയും-പൃഥുവിന്റെയും ചരിതം, പൃഥുവിന് മഹാവിഷ്ണുവിൽ നിന്നു ലഭിക്കുന്ന ജ്ഞാനോപദേശം, ഋഷഭരാജചരിതം, ഭരതരാജവംശ ചരിതം, പുലഹമഹർഷിയുടെ ആശ്രമത്തിൽ തപസ്സനുഷ്ഠിച്ച് ഭരതന്റെ ജ്ഞാനോപദേശ സ്വീകരണം, ഭാഗീരഥി നദീവർണ്ണനം,



Scanned with CamScanner

ഭാരതവർഷമാഹാത്മ്യം, സപ്തദ്വീപുകളുടെ വിവരണം, ആദിത്യ-ചന്ദ്ര ഗതിവിഗതികൾ, രാഹുകേതുവിവരണം, സ്വർഗനരകവിവരണം.

സ്കന്ദം 6, 7. ഭാഗവതപുരാണമഹത്വം, അജാമിളമോക്ഷം, ഇന്ദ്രന്റെ അഹങ്കാരകാരണം, വൃത്ര ഉത്ഭവം, ഇന്ദ്രന്റെ വജ്രായുധനിർമ്മാണം, ദേവാസുരയുദ്ധം, ഇന്ദ്രവൃത്രയുദ്ധം, വൃത്രന്റെ പൂർവജന്മം, പാർവ്വതിശാപത്താൽ ചിത്രകേതു വൃത്രനായിത്തീർന്ന ചരിത്രം. (ഈ കഥ ഋഗ്വേദത്തിലെ ഒരു പ്രധാനവിഷയമാണ്) ഹിരണ്യകശിപുവിന്റെ തപസ്, പ്രഹ്ളാദചരിതം, നൃസിംഹാവതാരം, രാജധർമ്മം, വർണ്ണാശ്രമധർമ്മങ്ങൾ, സന്യാസധർമ്മം, ഗൃഹസ്ഥധർമ്മം, ആചാരാനുഷ്ഠാനക്രമങ്ങൾ.

സ്കന്ദം 8, 9. യജ്ഞധർമ്മം, ഗജേന്ദ്രമോക്ഷം, സമുദ്രമഥനം, ശിവവിഷപാനം, മോഹിനീരൂപധാരണം, അമൃതമോഷണം, മന്വന്തരവർണനം, വാമനാവതാരകഥ, മഹാബലിചരിതം, സൂര്യവംശ രാജാക്കന്മാരുടെ ചരിതം, സുകന്യചരിതം, ഇക്ഷ്വാകുവംശം, ഗംഗാവതാരം, ശ്രീരാമചരിതം, നിമിചരിതം, ചന്ദ്രവംശം, പരശുരാമ-യയാതി-പുരുചരിതം, പുരു-ഭരത-യാദവവംശവിവരണം.

സ്കന്ദം 10, 11. കംസവധത്തിനായുള്ള അശരീരി, അശരീരി ശ്രവിച്ച കംസന്റെ ദേവകീവധശ്രമം, ദേവകീപുത്രവധം, കൃഷ്ണജനനം, പൂതനാമോക്ഷം, ശകടാസുരവധം, തൃണാവർത്തവധം, ബകാസുരവധം, കാളിയമർദ്ദനം, ബാലരാമ-ശ്രീകൃഷ്ണമഥുരാഗമനം, ദ്വാരകാനിർമ്മാണം, ദ്വാരകാഗമനം, സ്യമന്തകകഥ, പാണ്ഡവ ദിഗ്വിജയം, ശിശുപാലവധം, സുഭദ്രാഹരണം, യാദവവംശത്തിന്റെ ഉന്മൂലനാശത്തിനായി മഹർഷിമാരുടെ ശാപം, ശ്രീകൃഷ്ണൻ ജീവ സാരാംശവിഷയം ഉദ്ധവന് വിവരിക്കുന്നതായുള്ള ഉദ്ധവഗീത, ഉപദേശവിഷയങ്ങളായ ധർമ്മാചാരങ്ങൾ, ഭക്തിയോഗം, ജ്ഞാനയോഗം, കർമ്മയോഗം.

സ്കന്ദം 12. മൗര്യവംശം - നാഗവംശ ചരിതം (ഇവ രണ്ടും ചരിത്ര വിഷയങ്ങളാണ്). പ്രളയവിവരണം, ഭാഗവതം പൂർണമായും ശ്രവിച്ച പരീക്ഷിത്ത് രാജാവിന്റെ ജീവത്യാഗം, ഭാഗവത പഠന ശ്രവണഫലം.

**ശിവപുരാണം** : സൂതമഹർഷി ശൗനകാദി ഋഷിമാർക്ക് ഏഴു സംഹിതകളിൽ - ഭാഗങ്ങളിൽ-വിവരിക്കുന്നതാണ് ശിവപുരാണം.

വിദ്യേശ്വരസംഹിത : ശിവമാഹാത്മ്യം, ശിവലിംഗപൂജ, തൃമൂർത്തികളുടെ മഹത്വം, ശിവരാത്രിയുമായി ബന്ധപ്പെട്ട കഥകൾ,



Scanned with CamScanner

ശിവരാത്രിവ്രതം, ഓംകാരവിവരണം, ശിവലിംഗപ്രതിഷ്ഠാ ചടങ്ങുകൾ, ശിവക്ഷേത്രമഹത്വം, പഞ്ചാക്ഷരമാഹാത്മ്യം, ശിവപൂജാ സങ്കീർത്തനങ്ങൾ, രുദ്രാക്ഷമഹിമ, ഭസ്മ മാഹാത്മ്യം-ഭസ്മധാരണ വിധി.

രുദ്രസംഹിത: സൃഷ്ടിഖണ്ഡം, സതീഖണ്ഡം, പാർവതീഖണ്ഡം, കുമാരഖണ്ഡം, യുദ്ധഖണ്ഡം എന്നിങ്ങനെ 5 ഖണ്ഡങ്ങൾ ചേർന്നതാണ് രുദ്രസംഹിത. സൃഷ്ടി ഖണ്ഡത്തിൽ ശിവക്ഷേത്ര ദർശനത്തിന് നാരദൻെറ ഭൂപര്യടനം, കാശിവിശ്വനാഥക്ഷേത്ര വിവരണം, ശിവലിംഗചൈതന്യം-ശിവപൂജാവിധി-ശിവഭൂതസൃഷ്ടി, ശിവശക്തി, ശിവ-സ്ത്രീവിവാഹം, ദക്ഷയജ്ഞം, ശിവകൈലാസ ഗമനം എന്നീ വിഷയങ്ങൾ വിവരിക്കുന്നു. സതീഖണ്ഡത്തിൽ ദക്ഷപുത്രിമാരുടെ വിവാഹം, ദേവഋഷിമാരോടുകൂടി ശിവൻെറ സതീവരണഗമനം, ശിവ-സതിമാരുടെ ശ്രീരാമദർശനം എന്നീ വിഷയങ്ങളും പാർവ്വതീഖണ്ഡത്തിൽ പാർവ്വതിയുടെ ജനനം, നാമകരണം, ശിവനെ വരനായി ലഭിക്കുന്നതിന് പാർവ്വതിയുടെ തപസ്, ഹിമാചലൻെറ ശിവദർശനം താരകാസുര ഉത്ഭവം എന്നിവയും വിവരിക്കുന്നു. കുമാരഖണ്ഡത്തിൽ കാർത്തികേയ ജനനം, താരകാസുരവധത്തിനായി സർവ്വദേവന്മാരും കുമാരന് (മുരുകന്) സ്വന്തം ആയുധങ്ങൾ നൽകിയുള്ള ആശിർവാദം, താരകാസുര-ദേവ സൈന്യഘോരയുദ്ധം, ഗണേശജനനം, ഗണേശസ്തുതി എന്നീ വിവരണങ്ങളാണ് കുമാരഖണ്ഡകഥ. യുദ്ധഖണ്ഡത്തിൽ ശിവ-അസുരയുദ്ധം, താരകാസുര രാജധാനിയായ ത്രിപുരാനഗരത്തെ നശിപ്പിച്ച് ശിവൻെറ ദേവസംരക്ഷണം, ജാലന്ധര രാജ്യവിവരണം, പാർവ്വതിയെ മോഹിച്ച ജാലന്ധരനെ ശിവൻ വധിക്കുന്ന കഥ, ശിവൻെറ ദംഭാസുരവധം, ശംഖചൂഡവധം, ഹിരണ്യാക്ഷൻ-ഹിരണ്യകശിപു-അന്ധകാസുര-ബാണാസുര ചരിതം.

ശതരുദ്രസംഹിത : ശിവൻെറ അവതാരങ്ങൾ, ശ്രീരാമൻ ചെയ്യുന്ന ശിവപൂജ, അർജ്ജുനൻെറ ശിവതപസ്.

കോടിരുദ്രസംഹിത : ഭാരതത്തിലെ 12 പ്രധാന ജ്യോതിർലിംഗ ക്ഷേത്രമാഹാത്മ്യം, ശിവകഥകൾ, കാളീനഗരവിവരണം, നന്ദികേശം, ഹാഠകേശ നഗര വിവരണം, ശിവതത്വചിന്തകൾ.

ഉമാസംഹിത : നരകവിവരണം, ഓംകാരമഹത്വം, മനുവംശം, ഇക്ഷ്വാകുവംശം, സാരവംശം, ദുർഗ്ഗാദേവിമാഹാത്മ്യം, ദശമഹാവിദ്യാ



Scanned with CamScanner

വിവരണം, ഭക്തിമാർഗ്ഗ മാഹാത്മ്യം.

കൈലാസ സംഹിത : ശൈവമതം, പ്രണവതത്വം, ദീക്ഷാസ്വീകരണവിധി, യോഗാസനവിവരണം, ക്ഷേത്രമാഹാത്മ്യം പ്രാണായാമവിധി, ശിവയോഗീലക്ഷണം.

വായവീയസംഹിത : ശിവസിദ്ധാന്തം, ശിവനാമഉത്ഭവം, പാർവ്വതിയുടെ ശിവഭജനം, ശിവമഹത്വം, ഭസ്മ-രുദ്രാക്ഷമാഹാത്മ്യം, പാശുപതവ്രതം, ശിവൻെറ പ്രപഞ്ചരൂപം, ശിവസിദ്ധാന്തവിവരണം, ശിവാവതാരം, ശിവദീക്ഷ, ശിവഹോമങ്ങൾ, ശിവഭക്തരുടെ ദിനചര്യകൾ- ആചാരങ്ങൾ, ഭജനനിയമങ്ങൾ-നിബന്ധനകൾ, ശിവപുരാണ പഠന-ശ്രവണഫലങ്ങൾ.

**മാർക്കണ്ഡേയപുരാണം** : ജൈമിനി മഹർഷിയും, മാർക്കണ്ഡേയ മഹർഷിയും തമ്മിലുള്ള സംവാദമായാണ് മാർക്കണ്ഡേയ പുരാണവിവരണം. ആറു ഭാഗങ്ങളിലായി 137 കാണ്ഡങ്ങൾ ഇതിലടങ്ങുന്നു.

ഭാഗം 1, 2. സുകൃശമുനിയുടെ ശാപംമൂലം ബ്രാഹ്മണർ പക്ഷിയായിത്തീർന്ന കഥ, ഹരിശ്ചന്ദ്രൻെറ ചരിതം, കാമധേനുവിനെ വിശ്വാമിത്രൻ അപഹരിക്കുന്ന കഥ, മനുഷ്യജനനം-ഗർഭവളർച്ച-ജനനം-മരണം-കർമ്മഫലം-സ്വർഗനരകങ്ങൾ, പാപഫലമായുള്ള നരകയാതനകൾ, വിവശ്ചിത് രാജാവ് കർമ്മഫലമായി അനുഭവിക്കുന്ന നരകയാതനയുടെ കഥ, അലർക്കരാജ കഥയിലൂടെ രാജധർമ്മവിവരണം, ശത്രുജിത്തിൻെറ പുത്രനായ ഋതദ്വജൻ അധർമ്മിയായ പാതാളകേതുവിനെ വധിച്ച കഥ, വർണ്ണാശ്രമ ധർമ്മങ്ങൾ-ആചാരാനുഷ്ഠാനങ്ങൾ-ഭക്ഷണ ക്രമങ്ങൾ-ധാർമ്മീക തത്വചിന്താധാരകൾ, യോഗശാസ്ത്രം, ഓംകാരമാഹാത്മ്യം.

ഭാഗം 3. ബ്രഹ്മതത്വം, ഭൂമിയുടെ ഉത്ഭവം, ദൈവീകത്വം, ഭൂത-പ്രേത-പിതൃവിവരണം, മനുഷ്യ-ഋഷി ഉത്ഭവം, സപ്തമനുക്കളുടെ വിവരണം, മന്വന്തരം, ജംബുദ്വീപ്, മേരുപർവ്വതം, ഭാരതത്തിലെ 9 ഭാഗങ്ങൾ, 7 ഉന്നതങ്ങളായ പർവ്വതങ്ങൾ, ഹിമാലയ-പാരിപാത്ര-വിന്ധ്യ-ഋക്ഷ-സഹ്യ മലയ-മഹേന്ദ്രാദി പർവ്വതങ്ങൾ, പൂർവ്വപശ്ചിമ-ദക്ഷിണ-ഉത്തരഭാരതത്തിലെ ജനവിഭാഗങ്ങൾ.

ഭാഗം 4, 5. സുദീർഘമായ ദേവീമാഹാത്മ്യം, സുരതരാജ്യത്തിൽനിന്നു നിഷ്കാസിതനായ ഒരു വൈശ്യൻ നടത്തുന്ന ദേവി ഉപാസന,



Scanned with CamScanner

ദേവി അസുരശക്തികളെ വധിച്ച കഥ, ബ്രഹ്മജനനം, ആദിത്യനിൽ നിന്ന് ബ്രഹ്മവംശഉത്ഭവം, കശ്യപപുത്രനായ മരീചിയുടെ ചരിതം, കുരുരാജവംശചരിതം, ഈ രാജവംശജർ നാഗന്മാരുമായി നടത്തിയ യുദ്ധം, മറ്റ് പുരാണങ്ങളുടെ സംക്ഷിപ്തരൂപം.

**ലിംഗപുരാണം** : ലിംഗരൂപിയായ മഹേശ്വരൻ മഹർഷിമാർക്ക് വിവരിക്കുന്ന പുരാണമാണ് ലിംഗപുരാണം. ഇതിലെ പൂർവ്വഭാഗത്തിൽ 108 അദ്ധ്യായങ്ങളും, ഉത്തരഭാഗത്തിൽ 55 അദ്ധ്യായങ്ങളുമുണ്ട്.

പൂർവ്വഭാഗം : ഭൂലോകം-ഭൂവർലോകം-സ്വർലോകം- ജനലോകം-തപോലോകം-സത്യലോകം-ബ്രഹ്മലോകം എന്നീ ഏഴു ലോകങ്ങളുടെ വർണ്ണനം, അനേകകോടി ബ്രഹ്മാണ്ഡങ്ങളുടെ വിവരണം, അഗ്നിയുടെ ഉൽപത്തി, സപ്തഋഷി വർണ്ണനം, പിതൃവിവരണം, രുദ്രദേവ ഉത്ഭവം, ശിവപൂജാവിധികൾ, ശിവപൂജനഫലം, കൃതയുഗത്തിലും കലിയുഗത്തിലും വ്യക്തികളുടെയും സമൂഹത്തിന്റെയും സ്വഭാവങ്ങളിലുണ്ടാകുന്ന വ്യത്യാസങ്ങൾ, യുഗാരംഭം മുതൽ യുഗാവസാനം വരെ ഭാരതത്തിൽ വരുന്ന മാറ്റങ്ങൾ, നവഗ്രഹങ്ങളിൽ ഓരോന്നിന്റെയും സഞ്ചാരപഥം അവയുടെ സഞ്ചാരവും-ഭ്രമണവും മൂലമുണ്ടാകുന്ന മാറ്റങ്ങൾ, സോമവംശരാജ വംശാവലിയുടെ സുദീർഘമായ വിവരണം, യയാതിയുടെയും ദേവയാനിയുടെയും കഥ, ശിവന്റെ 28 രൂപഭേദങ്ങൾ.

ഉത്തരഭാഗം : വൈഷ്ണവാരാധകരുടെ ലക്ഷണം, വൈഷ്ണവരുടെ ആചാരാനുഷ്ഠാനങ്ങൾ, വിഷ്ണുമന്ത്രജപം, ആത്മീയ-ഭൗതിക അഭിവൃദ്ധിക്ക് വൈഷ്ണവോപാസന, ആംബരീഷചരിതം, സുദർശനചക്രചരിതം, വൈഷ്ണവ പൂജാവിധികൾ, ശിവസ്തുതി, ശിവോപാസനാനുഷ്ഠാനങ്ങൾ, ശിവലിംഗപൂജയുടെ സുദീർഘമായ വിവരണം, ദാനധർമ്മാദികളുടെ പുണ്യഫലം, ലിംഗപുരാണ-പഠന-ശ്രവണഫലം.

**ബ്രഹ്മ വൈവർത്തപുരാണം**: പതിനാലു മനുക്കളിൽ ഒന്നായ സാവർണിമനു നാരദമഹർഷിക്ക് ഉപദേശിക്കുന്ന പുരാണ വിഷയങ്ങൾ സൂതമഹർഷി, നൈമിഷാരണ്യത്തിൽ വച്ച് ശൗനകാദിമഹർഷിമാർക്ക് വിവരിക്കുന്നതാണ് ബ്രഹ്മവൈവർത്ത പുരാണം. ഇത് നാലു ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു: യഥാക്രമം ബ്രഹ്മഖണ്ഡം, പ്രകൃതിഖണ്ഡം, ഗണപതിഖണ്ഡം, കൃഷ്ണ ജന്മഖണ്ഡം.



Scanned with CamScanner

ദേവി അസുരശക്തികളെ വധിച്ച കഥ, ബ്രഹ്മജനനം, ആദിത്യനിൽ നിന്ന് ബ്രഹ്മവംശഉത്ഭവം, കശ്യപപുത്രനായ മരീചിയുടെ ചരിതം, കുരുരാജവംശചരിതം, ഈ രാജവംശങ്ങൾ നാഗന്മാരുമായി നടത്തിയ യുദ്ധം, മറ്റ് പുരാണങ്ങളുടെ സംക്ഷിപ്തരൂപം.

**ലിംഗപുരാണം** : ലിംഗരൂപിയായ മഹേശ്വരൻ മഹർഷിമാർക്ക് വിവരിക്കുന്ന പുരാണമാണ് ലിംഗപുരാണം. ഇതിലെ പൂർവ്വഭാഗത്തിൽ 108 അദ്ധ്യായങ്ങളും, ഉത്തരഭാഗത്തിൽ 55 അദ്ധ്യായങ്ങളുമുണ്ട്.

പൂർവ്വഭാഗം : ഭൂലോകം-ഭൂവർലോകം-സ്വർലോകം- ജനലോകം-തപോലോകം-സത്യലോകം-ബ്രഹ്മലോകം എന്നീ ഏഴു ലോകങ്ങളുടെ വർണ്ണനം, അനേകകോടി ബ്രഹ്മാണ്ഡങ്ങളുടെ വിവരണം, അഗ്നിയുടെ ഉൽപത്തി, സപ്തർഷി വർണ്ണനം, പിതൃവിവരണം, രുദ്രദേവ ഉത്ഭവം, ശിവപൂജാവിധികൾ, ശിവപൂജനഫലം, കൃതയുഗത്തിലും കലിയുഗത്തിലും വ്യക്തികളുടെയും സമൂഹത്തിൻെറയും സ്വഭാവങ്ങളിലുണ്ടാകുന്ന വ്യത്യാസങ്ങൾ, യുഗാരംഭം മുതൽ യുഗാവസാനം വരെ ഭാരതത്തിൽ വരുന്ന മാറ്റങ്ങൾ, നവഗ്രഹങ്ങളിൽ ഓരോന്നിൻെറയും സഞ്ചാരപഥം അവയുടെ സഞ്ചാരവും-ഭ്രമണവും മൂലമുണ്ടാകുന്ന മാറ്റങ്ങൾ, സോമവംശരാജ വംശാവലിയുടെ സുദീർഘമായ വിവരണം, യയാതിയുടെയും ദേവയാനിയുടെയും കഥ, ശിവൻെറ 28 രൂപഭേദങ്ങൾ.

ഉത്തരഭാഗം : വൈഷ്ണവാരാധകരുടെ ലക്ഷണം, വൈഷ്ണവരുടെ ആചാരാനുഷ്ഠാനങ്ങൾ, വിഷ്ണുമന്ത്രജപം, ആത്മീയ-ഭൗതിക അഭിവൃദ്ധിക്ക് വൈഷ്ണവോപാസന, അംബരീഷചരിതം, സുദർശനചക്രചരിതം, വൈഷ്ണവ പൂജാവിധികൾ, ശിവസ്തുതി, ശിവോപാസനാനുഷ്ഠാനങ്ങൾ, ശിവലിംഗപൂജയുടെ സുദീർഘമായ വിവരണം, ദാനധർമ്മാദികളുടെ പുണ്യഫലം, ലിംഗപുരാണ-പഠന-ശ്രവണഫലം.

**ബ്രഹ്മ വൈവർത്തപുരാണം:** പതിനാലു മനുക്കളിൽ ഒന്നായ സാവർണിമനു നാരദമഹർഷിക്ക് ഉപദേശിക്കുന്ന പുരാണ വിഷയങ്ങൾ സൂതമഹർഷി, നൈമിഷാരണ്യത്തിൽ വച്ച് ശൗനകാദിമഹർഷിമാർക്ക് വിവരിക്കുന്നതാണ് ബ്രഹ്മവൈവർത്ത പുരാണം. ഇത് നാലു ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു: യഥാക്രമം ബ്രഹ്മഖണ്ഡം, പ്രകൃതിഖണ്ഡം, ഗണപതിഖണ്ഡം, കൃഷ്ണ ജന്മഖണ്ഡം.



Scanned with CamScanner

ബ്രഹ്മഖണ്ഡം : ബ്രഹ്മസൃഷ്ടി വിവരണം, ശ്രീകൃഷ്ണസ്തോത്രങ്ങൾ, കൃഷ്ണ-നാരായണബന്ധം, കൃഷ്ണ ചൈതന്യ നിരൂപണം, ബ്രഹ്മത്തിന്റെ വൈവർത്തം അഥവാ പരിണാമമത്രെ പ്രപഞ്ച ചൈതന്യത്തിന്റെ അടിസ്ഥാനം. പ്രപഞ്ചത്തിലെ എല്ലാ സ്ഥാവര ജംഗമവസ്തുക്കളുടെയും ഉത്ഭവത്തിനു കാരണമായ ബ്രഹ്മചൈതന്യം, വിശ്വസൃഷ്ടി വിവരണം, ബ്രഹ്മാവിന്റെ പൗത്രനായ കശ്യപന്റെയും, ബ്രഹ്മവംശത്തിലെ കുബേരന്റെയും, ച്യവനന്റെയും വംശാവലി, ബ്രഹ്മസൃഷ്ടി വിവരണം.

പ്രകൃതിഖണ്ഡം : ലോകസൃഷ്ടി, പ്രകൃതി വിവരണം, കുംബോദരദാസനായ ശംഖചൂഡൻ ദേവസ്ത്രീകളെ അപമാനിച്ച കഥ, സത്യവാൻ-സാവിത്രികഥ, നരകലോകവർണ്ണനം.

ഗണപതിഖണ്ഡം : പാർവ്വതീ ദേവിയുടെ ഉത്ഭവം, ശിവപാർവ്വതി വിവാഹം, പാർവ്വതിയുടെ വരപ്രാപ്തി, ഗണപതിയുടെ ജനനം, കാർത്തികേയ ജനനം, പരശുരാമചരിതം.

കൃഷ്ണജന്മഖണ്ഡം : നാരദചരിതം, കൃഷ്ണാവതാരകഥ പൂർണ രൂപത്തിലും ഭാവത്തിലും ഭാഗവതപുരാണത്തിൽ വിവരിച്ചിരിക്കുന്നതുപോലെ സുദീർഘമായി കൃഷ്ണ ജന്മഖണ്ഡത്തിലും വിവരിക്കുന്നു. (ഭാഗവതപുരാണം നോക്കുക).

**മത്സ്യപുരാണം** : മത്സ്യരൂപിയായ മഹാവിഷ്ണു വിവരിക്കുന്ന പുരാണകഥ, നൈമിഷാരണ്യത്തിൽ വച്ച് സൂതമഹർഷി ശൗനകാദി മഹർഷിമാർക്കു 291 അദ്ധ്യായങ്ങളിൽ വർണിക്കുന്നു. ബ്രഹ്മാവിന്റെ മാനസപുത്രനായ മരീചിയുടെ ഉത്ഭവം, നാരദ-ദിതിപുത്രജനനം, പ്രപഞ്ചസൃഷ്ടി, തൃമൂർത്തികളുടെ ഉത്ഭവം, ദേവന്മാരുടെ ജനനം, മന്വന്തരങ്ങൾ, വൈന്യരാജചരിതം, സോമവംശം-സൂര്യവംശം-പിതൃവംശ വിവരണം, ശ്രാദ്ധകർമ്മങ്ങളുടെ പ്രാധാന്യം, ശ്രാദ്ധകൽപം, ശ്രാദ്ധവിധിവർണനം, മാതൃ-പിതൃപൂജനം, സപിണ്ഡീകരണ ക്രിയകൾ, അശൗചവിധികൾ, ശ്രാദ്ധകർമ്മഫലം, പുത്രധർമ്മം, സോമവംശത്തിലെ യയാതി- പുരൂരവസ് ചരിതം, കച-ദേവയാനി കഥ, ശർമ്മിഷ്ഠയുടെയും ദേവയാനിയുടെയും കലഹം, യയാതി ശർമ്മിഷ്ഠാസംഗമം, പുരൂരവസ്സിന്റെ രാജ്യാഭിഷേകം, യയാതിയുടെ സ്വർഗാരോഹണം, സ്വർഗ്ഗത്തിൽ യയാതിയും അഷ്ടകനും മാനവധർമ്മത്തെക്കുറിച്ച് നടത്തുന്ന സംവാദം-വർണ്ണാശ്രമധർമ്മങ്ങൾ-ലോകചരിത്രം-യദു-വൃഷ്ണി-അനു - പുരു-അഗ്നിവംശങ്ങളിലെ പല രാജാക്കന്മാരുടെയും ചെയ്തികൾ



Scanned with CamScanner

വീരപരാക്രമങ്ങൾ-ധർമ്മാനുഷ്ഠാനങ്ങൾ, സപ്തദ്വീപുകളുടെ വിവരണം, ഓരോദ്വീപിലുമുള്ള പർവ്വതങ്ങൾ-നദികൾ-പവിത്രത - അവയുടെ മഹത്വം, ഭാരതഭൂഖണ്ഡ മഹിമ, ഭാരതത്തിലെ നദികളുടെ മഹത്വം, വാരാണസീ-അമരകണ്ടകം എന്നീ തീർത്ഥാടനകേന്ദ്ര വിവരണം, ഋഷിമാരായ ഭൃഗു-ആംഗീരസ്-വിശ്വാമിത്രൻ-കശ്യപൻ-വസിഷ്ഠൻ-പരാശരൻ-അഗസ്ത്യൻ എന്നിവരുടെ വംശാവലി വിവരണം, രാജധർമ്മം, ദുർഗ്ഗ നിർമ്മാണം-രാജ്യരക്ഷ-ശത്രുക്കളുമായി ബന്ധപ്പെടുന്നതിനുള്ള മാർഗങ്ങൾ-ദണ്ഡനപ്രയോഗങ്ങൾ എന്നിവയെ ക്കുറിച്ച് രാജാവിനുണ്ടായിരിക്കേണ്ട ജ്ഞാനമഹത്വം, ശിക്ഷാപ്രശംസ - രാജകൊട്ടാരനിർമ്മാണം-യാത്രനിമിത്തങ്ങൾ ശകുനങ്ങൾ തുടർന്ന് വിഷ്ണുവിൻെറ അവതാരം, വിരാട് സ്വരൂപം, വാമനാവതാരം, വരാഹാവതാരം എന്നിവയെക്കുറിച്ചുള്ള സുദീർഘമായ വിവരണം, ദേവ-അർദ്ധനാരീശ്വര-പ്രഭാകര-ശിവ-പ്രതിമകളുടെ ലക്ഷണങ്ങൾ, പ്രതിഷ്ഠാ കർമ്മങ്ങൾ, ഇക്ഷ്വാകു രാജവംശം, മാഗധരാജ്യം ഭരിച്ചിരുന്നതും ഭാവിയിൽ ഭരിക്കാൻ സാധ്യതയുള്ളതുമായ രാജാക്കന്മാരുടെ ചരിതം, ആന്ധ്രദേശത്തിലെ യവനന്മാരുടെയും, മ്ലേഛന്മാരുടെയും വിവരണം, ഇവ രണ്ടും ഭാവിയിൽ എന്ന് നൽകിയിരിക്കുന്നത് പുരാണത്തിൻെറ രചനാകാലവുമായി ബന്ധപ്പെടുത്തി അതിൽ തന്നെ രചിച്ചിരിക്കുന്ന കാലവിവരണമാണ്. കലിയുഗ ആരംഭം, ഈ യുഗത്തിൽ മനുഷ്യരിൽ കാണുന്ന മാറ്റങ്ങൾ, ദാനധർമ്മാദികളുടെ മഹത്വം, ആചാര്യന്മാർക്കും, ഋഷിമാർക്കും നൽകുന്ന ദാനമഹത്വം, മത്സ്യ പുരാണപഠന-ശ്രവണഫലങ്ങൾ.

**കൂർമ്മപുരാണം**: പാതാളത്തിൽവെച്ച് കൂർമ്മരൂപിയായ വിഷ്ണു വിവരിക്കുന്നതായതുകൊണ്ടാണ് ഇത് കൂർമ്മപുരാണം എന്ന് അറിയപ്പെടുന്നത്. ഇതിൽ 53 അദ്ധ്യായങ്ങളുള്ള പൂർവ്വഭാഗം 46 അദ്ധ്യായങ്ങളുള്ള ഉത്തരഭാഗവുമാണുള്ളത്.

പൂർവ്വഭാഗം : ബ്രഹ്മാവിൽ നിന്നും സൃഷ്ടിയുടെ ആരംഭം, 14 മനുക്കളുടെ വിവരണം, മരീചിചരിതം, മരീചിപുത്രനായ കശ്യപചരിതം, വൈവസ്വതമനുവിൻെറ വംശജനായ ഇക്ഷ്വാകുവിൻെറ ചരിതം, സൂര്യവംശ-ചന്ദ്രവംശ-യദുവംശം ചരിതങ്ങൾ, പുരൂരവസിൻെറ കഥ, ശ്രീകൃഷ്ണചരിതം, ഭാരതത്തിലെ പുണ്യ ക്ഷേത്രങ്ങളായ കാശി-പ്രയാഗ-ഗയ-ഹരിദ്വാരം-ഋഷീകേശം എന്നിവയുടെ മഹത്വം, പുണ്യതീർത്ഥങ്ങളിൽ സ്നാനം ചെയ്യുന്നതിൻെറ ഫലം, പുണ്യക്ഷേത്രങ്ങളിൽ നടത്തുന്ന ശ്രാദ്ധ



Scanned with CamScanner

കർമ്മാദികളുടെ മാഹാത്മ്യം, സപ്തദ്വീപുകളുടെ വിവരണം, ഭാരത വർഷത്തിൻെറ ഭൂപ്രകൃതി, ജംബുദ്വീപവർണ്ണനം, പ്ലക്ഷദ്വീപിനെക്കുറിച്ചുള്ള സുദീർഘവിവരണം.

ഉത്തരാർദ്ധം: ഭക്തിയുടെ മഹത്വം, നിർമ്മലമായ ചിന്താധാര-പരിശുദ്ധമായ മനോവിചാരങ്ങൾ, നിയന്ത്രിതമായ ആഗ്രഹങ്ങൾ, ധർമ്മചിന്തകൾ, ധാർമ്മികാടിസ്ഥാനത്തിലുള്ള കർമ്മങ്ങൾ, മോക്ഷമാർഗ്ഗങ്ങൾ, ചിന്തയുടെ നിയന്ത്രണത്തിനുള്ള സാധന, കർമ്മങ്ങളിൽ ചിന്തയുടെ സ്വാധീനം, ആശ്രമധർമ്മങ്ങൾ, വർണ്ണധർമ്മങ്ങൾ, ബ്രാഹ്മണധർമ്മം, നിത്യകർമ്മങ്ങൾ, ശ്രാദ്ധ വിധികൾ, പ്രായശ്ചിത്ത കർമ്മങ്ങൾ, ഭാരതത്തിലെ പുണ്യനദികളിൽ തീർത്ഥാടനം നടത്തുന്നതിൻെറ മാഹാത്മ്യം, പാപമോചനത്തിനു വേണ്ടിയുള്ള തീർത്ഥയാത്രകൾ.

വരാഹപുരാണം : വരാഹമൂർത്തി വിവരിക്കുന്ന പുരാണമായ വരാഹപുരാണത്തിൽ 218 അദ്ധ്യായങ്ങളാണുള്ളത്.

ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്ര ധർമ്മങ്ങൾ, ആശ്രമധർമ്മങ്ങൾ, ഗൗരിയുടെ ജനനം, പരമേശ്വര-ഗൗരി വിവാഹം, ഗണപതി ജനനം, കാർത്തികേയ ജനനം, ആദിത്യൻെറയും മറ്റു ഗ്രഹങ്ങളുടെയും ഉത്ഭവം, ദുർഗ്ഗയുടെയും-രുദ്രൻെറയും ഉത്ഭവം, അനവധി വ്രതാനുഷ്ഠാന ഫലങ്ങൾ, ഭൂമിയുടെ വിവരണം, ജംബുദ്വീപ്-മേരുപർവ്വതം എന്നിവിടങ്ങളിലുള്ള ജന്തുക്കൾ-സസ്യലതാദികൾ, വൃക്ഷങ്ങൾ, ദ്വീപിലുള്ള പർവ്വതങ്ങൾ, പുണ്യനദികൾ, മേരു പർവ്വതത്തിലെ നാലു ദിശകളിൽ വസിക്കുന്ന മനുഷ്യരാശിയുടെ സ്വഭാവങ്ങൾ, ഭാരതഭൂമിയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ഭാരതഭൂമിയെ 9 ഖണ്ഡങ്ങളായി ഭാഗിച്ച് അവിടങ്ങളിലെ ആത്മീയ-ഭൗതിക കാര്യ വിവരണങ്ങൾ, സപ്തദ്വീപുകളിൽ ശാക-കുശ-ക്രൗഞ്ച-ശാൽമലി-എന്നിവയിലെ ജന്തുക്കൾ-സസ്യലതാദികൾ-വൃക്ഷങ്ങൾ-മനുഷ്യർ എന്നിവയെക്കുറിച്ച് സുദീർഘമായ വിവരണങ്ങൾ, മഹാവിഷ്ണുവിൻെറ അവതാരം, ഹിരണ്യാക്ഷചരിതം, ഹിരണ്യാക്ഷനിൽനിന്നും ഭൂമിയെ രക്ഷിക്കുവാൻ ബ്രഹ്മാവിൻെറ നാസികയിൽ നിന്നുള്ള വരാഹാവതാരം, വരാഹമൂർത്തിയുടെ മാഹാത്മ്യം, വിഷ്ണുവിൻെറ ദശാവതാരകഥകൾ, വിഷ്ണുമാഹാത്മ്യം, വരാഹപുരാണ പാനശ്രവണഫലം.

**വാമനപുരാണം** : രണ്ടു ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്ന വാമന



Scanned with CamScanner

പുരാണത്തിൽ യഥാക്രമം 52 ഉം 40 ഉം അദ്ധ്യായങ്ങൾ വീതമുണ്ട്.

ഖണ്ഡം 1. മനുഷ്യന്റെ ഉത്ഭവം, ശിവാവതാരങ്ങൾ, ദേവാസുര ഉത്ഭവം-വൈരം-യുദ്ധങ്ങൾ, മനുഷ്യസമൂഹത്തിനുണ്ടായിരിക്കേണ്ട ധാർമ്മികാടിസ്ഥാനം, മഹിഷാസുര ഉത്ഭവം, മഹിഷാസുരന്റെ ദുഷ് കർമ്മങ്ങൾ, മഹാഷാസുരവധത്തിനായി ദേവന്മാർ ദുർഗ്ഗാദേവിയെ ശരണം പ്രാപിച്ച് ദേവീമാഹാത്മ്യത്തിലൂടെ നടത്തുന്ന സ്തുതി. മഹിഷാസുരവധം, ഉമാസംഭവം, മഹാബലിയുടെ രാജ്യഭരണം, ദാനദർമ്മാദികളുടെ മൂർത്തിമത്ഭാവമായ മഹാബലിചക്രവർത്തിയുടെ മുമ്പിൽ ദേവന്മാരുടെ പരാജയം, കശ്യപാദി ഋഷിമാർ വിഷ്ണുവിനെക്കണ്ട് ദേവപരാജയം അറിയിക്കുന്നു. ബലിയുടെ കർമ്മ നിയന്ത്രണ ത്തിനായി വിഷ്ണു സ്വീകരിക്കുന്ന വാമനാവതാരം, ബലിചരിതം.

ഖണ്ഡം 2. സരസ്വതി സ്തോത്രം, ഭാരതത്തിലെ അനവധി തീർത്ഥങ്ങൾ, വനങ്ങൾ, ശിവസ്തുതി. ശിവക്ഷേത്രങ്ങൾ, ശിവപാർവ്വതി വിവാഹം, വിനായകജനനം, ചണ്ഡമുണ്ഡാസുരവധം, ശുംഭ-നിശുംഭവധം, കാർത്തികേയ ജനനം, മഹിഷാസുര -താരകാസുരവധം, അന്ധകാസുര പരാജയം, മുര-ദാനവ ചരിതം, വൈഷ്ണവ-ശൈവശക്തിയുടെ ബന്ധം, അന്ധാസുരനും-പ്രഹ്ളാദനും തമ്മിലുള്ള സംവാദം, ജാബാലി മോചന വർണ്ണനം, സദാശിവ ദർശനം, അന്ധകാസുര സൈന്യപരാജയം, ജംബാസുര-കുജംബാസുര വധം, മഹാബലിയുടെ വൈഭവം, വാമനമൂർത്തി മഹാബലിയെ പാതാളത്തിലേയ്ക്ക് താഴ്ത്തുന്ന കഥ, പ്രഹ്ളാദന്റെ തീർത്ഥയാത്ര, വാമനാവതാര മാഹാത്മ്യം, നാരദപുലസ്ത്യ സംവാദം, വാമനപുരാണ പഠന ശ്രവണഫലം.

**സ്കന്ദപുരാണം** : അതിബൃഹത്തായ ഏഴുഖണ്ഡങ്ങളായി സ്കന്ദപുരാണം വിഭജിച്ചിരിക്കുന്നു.

മഹേശ്വരഖണ്ഡം : സൂതശൗനക സംവാദം, ശിവമാഹാത്മ്യം, ദക്ഷയജ്ഞം, ദക്ഷന്റെ ശിവനിന്ദ, ശിവൻ ദക്ഷന്റെ ശിരസ്സറുക്കുന്നത്, ശിവനാമ മഹത്വം, ശിവലിംഗപൂജ, ദേവതകളുടെ ശിവസ്തുതി, ശിവൻ നീലകണ്ഠനായ ചരിതം, ഇന്ദ്രചരിതം, ഇന്ദ്രന്റെ ദേവാധിപസ്ഥാനം, നഹുഷചരിതം, ശിവപാർവ്വതി വിവാഹം, ശിവരാത്രി മാഹാത്മ്യം, ഭാരതത്തിലെ പുണ്യക്ഷേത്രങ്ങൾ, തീർത്ഥങ്ങൾ, സാഗരസംഗമത്തിന്റെ പാവനത്വം, ശിവപാർവ്വതീ വിവാഹം, കുമാരജനനം, ജഗദുൽപത്തി, കാലപരിണാമം,



Scanned with CamScanner

വാരണാസി-സോമനാഥം-കേദാരം-സിദ്ധേശ്വരം, ഗണേശക്ഷേത്രം-അംബികാ ക്ഷേത്രം-എന്നിവയുടെ മാഹാത്മ്യം, ഐതരേയ ബ്രാഹ്മണ വിവരണം- ഈ ബ്രാഹ്മണത്തിൻെറ ചരിത്രം, അരുണാചല വിവരണം, അരുണാദ്രീചരിതം, അരുണാചലവാസികളായ ഋഷിവര്യന്മാരുടെ ചരിതം, അരുണാചലേശ്വരം, ശോണാദ്രീശ്വരം, നന്ദികേശ്വരം, അരുണാചലത്തിൻെറ ആദ്ധ്യാത്മിക മഹത്വം.

വൈഷ്ണവഖണ്ഡം : വൈഷ്ണവഖണ്ഡത്തെ എട്ട് ഉപഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. വെങ്കിടാചലപതിചരിതം, ശ്രീനിവാസ-പത്മാവതി വിവാഹം, തോണ്ഡമാൻ രാജവൃത്താന്തം, രാജൻെറ ശ്രീനിവാസപൂജ, ധർമ്മഗുപ്തചരിതം, വെങ്കിടാചലക്ഷേത്രം, ആന്ധ്രദേശത്തിലെ അനേകം ക്ഷേത്രങ്ങൾ, പുരുഷോത്തമക്ഷേത്രം (ഒറീസ) ജഗന്നാഥക്ഷേത്രം ഓദ്ധ്രരാജചരിതം, ഒറീസയിലെ പ്രധാന ക്ഷേത്രങ്ങൾ, ബദരീകാശ്രമം, ബദരീനാഥക്ഷേത്രം, കാർത്തിക മാസത്തിലെ വ്രതങ്ങളും ആചാരാനുഷ്ഠാനങ്ങളും, 38 ആചാരങ്ങളും 41 പുണ്യകർമ്മങ്ങളും മാർഗശീർഷമാസത്തിലെ വ്രതങ്ങൾ, സ്നാനാദി ആചാരങ്ങൾ, തീർത്ഥാടനമഹത്വം, ഭാഗവത പുരാണമഹത്വം, കൃഷ്ണജനനം, കൃഷ്ണലീലകൾ, മഥുരാപുരിമഹത്വം, ശ്രീകൃഷ്ണ ഉദ്ധവസംവാദം, പരിക്ഷിത്ത് രാജചരിതം, വൈശാഖമാസത്തിലെ അചാരാനുഷ്ഠാനങ്ങൾ, വ്രതാനുഷ്ഠാനഫലം, ദാനധർമ്മങ്ങൾ, വ്രതനിഷ്ഠയോടെയുള്ള വിഷ്ണുപൂജ ഫലങ്ങൾ, അയോദ്ധ്യാ നഗരിയിലുള്ള തീർത്ഥങ്ങൾ-ക്ഷേത്രങ്ങൾ, സീതാകുണ്ഡം, സരയൂനദി, മായാകൂപം, ഗയാമഹത്വം, അയോദ്ധ്യാ യാത്രാവിധി.

ബ്രഹ്മഖണ്ഡം : മൂന്നു ഉപഖണ്ഡങ്ങളായി ബ്രഹ്മഖണ്ഡത്തിൽ വിഷയങ്ങൾ വിവരിക്കുന്നു. രാമേശ്വരക്ഷേത്രം, സേതുബന്ധനം, ഗന്ധമാദനപർവ്വതവിവരണം, സീതാതീർത്ഥം, ബ്രഹ്മകുണ്ഡം, ഹനുമത്കുണ്ഡം, അഗസ്ത്യ തീർത്ഥം, രാമതീർത്ഥം, ലക്ഷ്മണതീർത്ഥം, ധനുഷ്കോടി തീർത്ഥം, ധർമ്മാരണ്യവിവരണം, ശിവരാത്രിയിലെ ശിവപൂജാമാഹാത്മ്യം, ശിവഭക്തി, പ്രദോഷപൂജ, സോമവാരവ്രതം, ഭസ്മമഹത്വം, രുദ്രാക്ഷമഹത്വം, ശിവകഥകൾ.

കാശീഖണ്ഡം : പൂർവ്വഭാഗം എന്നും ഉത്തരഭാഗം എന്നും കാശീഖണ്ഡത്തെ രണ്ടായി ഭാഗിച്ചിരിക്കുന്നു. കാശിക്ഷേത്രം, കാശ്മീരം, അയോദ്ധ്യാ ഗംഗാതീരം, ഉത്തരാർക്കഖണ്ഡം എന്നി ക്ഷേത്ര മഹത്വം-പരസഹായം-ധർമ്മനീതി- സദാചാരം-



Scanned with CamScanner

സ്ത്രീധർമ്മം-വാന പ്രസ്ഥം-വിവാഹാചാരങ്ങൾ, അരുണമഹത്വം, വിഷ്ണുസ്തുതി, കൈലാസവർണനം, കേദാരവർണനം, ദക്ഷയജ്ഞം, പരാശര- ദുർഗാസുര-ദക്ഷേശ്വരാദികളുടെ ചരിത്രം, ശിവക്ഷേത്ര മഹത്വം.

അവന്തീഖണ്ഡം : അവന്തീദേശത്തിലുള്ള പ്രസിദ്ധങ്ങളായ ക്ഷേത്രങ്ങൾ- തീർത്ഥങ്ങൾ, കൽപത്തിന്റെ ആരംഭം, തൃമൂർത്തികളുടെ ഉത്ഭവം, 75-ൽപരം ശിവക്ഷേത്രങ്ങളുടെ വിവരണം അവിടങ്ങളിലെ പൂജാവിധികൾ- ആചാരാനുഷ്ഠാനങ്ങൾ, 200 ൽ പരം തീർത്ഥങ്ങൾ, മാർക്കണ്ഡേയചരിതം.

നാഗരഖണ്ഡം : ഭാരതഭൂമിയിലെ അനവധി തീർത്ഥങ്ങൾ, ക്ഷേത്രങ്ങൾ, ഋഷിമാരുടെ ആശ്രമങ്ങൾ, മഹാഭാരത-രാമായണകഥകൾ, ചക്രപാണി-മണിഭദ്രൻ എന്നീ ക്ഷത്രിയ രാജാക്കന്മാരുടെ ചരിതം, കാശീരാജചരിതം, പിപ്പലാദമുനിയുടെയും-ശുകമുനിയുടെയും ഉൽപത്തി, ശ്രാദ്ധമഹത്വം, 11 രുദ്ര വിവരണം, 12 ആദിത്യവിവരണം, സ്കാന്ദപുരാണത്തിലെ ഉത്ഭവം-മഹത്വം- പഠന-ശ്രവണഫലം.

പ്രഭാസഖണ്ഡം : പ്രഭാസക്ഷേത്രം, ജംബുദ്വീപ് എന്നിവയുടെ വിവരണം, ദേവിസ്തുതി, ഭാരതത്തിലെ അനേകം ക്ഷേത്രങ്ങൾ, രുദ്രലിംഗങ്ങൾ, ബ്രഹ്മപൂജകൾ, നൂറിൽപരം ദേവന്മാരുടെ വിഗ്രഹപ്രതിഷ്ഠാവിധികൾ, തീർത്ഥങ്ങൾ, വസ്ത്രാപഥക്ഷേത്രം-ദാമോദരക്ഷേത്രം- ഗംഗേശ്വരക്ഷേത്രം-കോടീശ്വരക്ഷേത്രം എന്നീ ദേശങ്ങളുടെ (സംസ്ഥാനങ്ങൾ) വിവരണം, യോഗവിദ്യകളുടെ വിവരണം, അബുദാചലം-അചലേശ്വരം തുടങ്ങി 63ൽ പരം ക്ഷേത്രമാഹാത്മ്യം. ദ്വാരകാമഹത്വം-കൃഷ്ണചരിതം-കൃഷ്ണ പൂജാ വിധികൾ.

ബ്രഹ്മാണ്ഡപുരാണം : പൂർവ്വഭാഗം, മധ്യഭാഗം, ഉത്തരഭാഗം എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി ബ്രഹ്മാണ്ഡപുരാണം തിരിച്ചിരിക്കുന്നു.

പൂർവ്വഭാഗം : നൈമിഷാരണ്യത്തിന്റെ മഹത്വം, ഹരിണ്യഗർഭ ഉൽപത്തി, കൽപവിവരണം, യുഗങ്ങൾ, കൽപാന്തം, മന്വന്തരം തുടങ്ങിയ കാലയളവ്, രുദ്രദേവസൃഷ്ടി, ഋഷിമാരുടെ ജന്മോദ്ദേശം, ജംബുദ്വീപമഹത്വം, ജംബു ദ്വീപിലെ നദികൾ-പർവ്വതങ്ങൾ, ജനസമൂഹങ്ങൾ, ശാല്മലീ ദ്വീപവിവരണം, അധോലോക വിവരണം, സൂര്യ-ചന്ദ്രാദികളുടെ ഗതിവിഗതികൾ, ഗ്രഹങ്ങളുടെയും-



Scanned with CamScanner

നക്ഷത്രങ്ങളുടെയും വിവരണം, ഗ്രഹങ്ങളിൽ സൂര്യൻ ചെലുത്തുന്ന സ്വാധീനം, നീലകണ്ഠജനനം, നാലുയുഗങ്ങളിൽ അനുശാസിക്കേണ്ട വർണ്ണാശ്രമധർമ്മങ്ങൾ, യുഗങ്ങളിൽ അവതരിക്കുന്ന ഋഷിവര്യന്മാർ, യജ്ഞവൽക്യ- വൈശമ്പായന-വേദവ്യാസചരിതം, വേദവ്യാസൻ വേദത്തെ അനേകം ശാഖകളായി വിഭജിച്ച ചരിതം, സ്വയംഭൂവ-വൈവസ്വത മനുക്കളുടെയും മന്വന്തരങ്ങളുടെയും വിവരണം.

മധ്യഭാഗം : ഭൃഗുവംശം, നൃസിംഹാവതാരം, മനുവംശചരിതം, അത്രി ഋഷിയുടെ വംശപരമ്പര, കശ്യപവംശം, ശ്രാദ്ധവിവരണം, പിതൃമോക്ഷവുമായി ബന്ധപ്പെട്ടകർമ്മങ്ങളും, ആചാരാനുഷ്ഠാനങ്ങളും, ജമദഗ്നി-പരശുരാമചരിതം, പരശുരാമ-അഗസ്ത്യ സംവാദം, ഇക്ഷ്വാകു-ധന്വന്തരി-യയാതി-ജ്യാമഘ-വൃഷ്ണിവംശം.

ഉത്തരഭാഗം : ഹയഗ്രീവ-അഗസ്ത്യസംവാദം, അമൃതമഥന കഥ. ഭണ്ഡാസുര ജനനം, ലളിതാഭഗവതിയുടെ ഉത്ഭവം, രാക്ഷസ-ലളിതാ പരമേശ്വരീയുദ്ധം, ഭണ്ഡാസുര അഹങ്കാരവിവരണം, വിഷങ്കാസുര പലായനം, ബണ്ഡാസുരപുത്രവധം, വിശുക്രാസുരവധം, ഭണ്ഡാസുരവധം, കാമാക്ഷിദേവി മാഹാത്മ്യം, ദേവിധ്യാനം, ദേവിമാഹാത്മ്യം, ബ്രഹ്മാണ്ഡപുരാണപഠന ശ്രവണഫലം.

**പത്മപുരാണം** : അതിബൃഹത്തായ ഈ പുരാണത്തിലെ 628 അദ്ധ്യായങ്ങൾ ആദിഖണ്ഡം, ഭൂമിഖണ്ഡം, ബ്രഹ്മഖണ്ഡം, പാതാളഖണ്ഡം, സൃഷ്ടിഖണ്ഡം ഉത്തരഖണ്ഡം എന്നിങ്ങനെ 6 ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നു.

ആദിഖണ്ഡം : നാലു വർണ്ണങ്ങളിലുള്ള ജനങ്ങൾ അനുശാസിക്കേണ്ട ആത്മീയവും-ഭൗതികവുമായ ആചാരാനുഷ്ഠാനങ്ങൾ, തുടർന്ന് നൂറുകണക്കിന് വ്രതാനുഷ്ഠാനങ്ങളുടെ വിവരണങ്ങൾ.

ഭൂമിഖണ്ഡം : ഈ ഖണ്ഡത്തിൽ 187 അദ്ധ്യായങ്ങളിൽ രാമായണകഥ സംക്ഷിപ്തരൂപത്തിൽനൽകിയിരിക്കുന്നു., ശ്രീരാമജനനം മുതൽ സ്വർഗാരോഹണം വരെ വിവരിക്കുന്നു. (രാമായണം നോക്കുക.)

ബ്രഹ്മഖണ്ഡം : ബ്രഹ്മഖണ്ഡമെന്നറിയപ്പെടുന്ന ഈ ഖണ്ഡത്തിൽ ശ്രീകൃഷ്ണചരിതം 26 അദ്ധ്യായങ്ങളിലായി-കൃഷ്ണജനനം-ലീലകൾ-തുടങ്ങി ഭാരതയുദ്ധം- ദ്വാരകാമഹത്വം-കുരുക്ഷേത്രമഹത്വം എന്നീ വിവരണങ്ങളോടെ നൽകുന്നു. – (മഹാഭാരതം നോക്കുക.)

പാതാളഖണ്ഡം : മത്സ്യാവതാരം മുതൽ കൃഷ്ണാവതാരം വരെ



Scanned with CamScanner

മഹാവിഷ്ണുവിന്റെ അവതാരങ്ങളെക്കുറിച്ചുള്ള മഹത്വവിവരണം 113 അദ്ധ്യായങ്ങളിൽ വർണിക്കുന്നു.

സൃഷ്ടിഖണ്ഡം : സൃഷ്ടിയുടെ കർത്താവായ ബ്രഹ്മാവിനെയും വഹിച്ചുകൊണ്ട് മഹാവിഷ്ണുവിന്റെ നാഭിലുള്ള - താമരയെ - പത്മത്തെക്കുറിച്ചുള്ള സുദീർഘമായ വിവരണം 82 അദ്ധ്യായങ്ങളിൽ ഈ ഖണ്ഡത്തിൽ നൽകുന്നു. അതുകൊണ്ടത്രെ ഈ പുരാണം പത്മപുരാണം എന്നറിയപ്പെടുന്നത്.

ഉത്തരഖണ്ഡം : ഈ ഖണ്ഡത്തിലെ 282 അദ്ധ്യായങ്ങളിൽ സപ്തദ്വീപ വർണനം, ജംബുദ്വീപിന്റെ പവിത്രത, ഭാരതഭൂമിയുടെ മഹത്വം, ഭാരതത്തിലെ അനേകം ഋഷിമാരുടെ ചരിതം, തീർത്ഥങ്ങളുടെ മാഹാത്മ്യം ഋഷികേശം-പ്രയാഗ-ഗയ എന്നീ തീർത്ഥാടന കേന്ദ്രങ്ങളിലെ സന്ദർശനഫലം.

**വായുപുരാണം** : വായുഭഗവാൻ വിവരിക്കുന്ന പുരാണമായതു കൊണ്ട് ഇത് വായുപുരാണമെന്നറിയപ്പെടുന്നു. രണ്ടു ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്ന ഈ പുരാണത്തിൽ 111 അദ്ധ്യായങ്ങളാണുള്ളത്.

ഖണ്ഡം 1. പ്രപഞ്ചത്തിലെ ചരാചരങ്ങളുടെ സൃഷ്ടി, നാലുവർണ്ണങ്ങളുടെ ഉത്ഭവം, വർണ്ണാനുസൃതമായി മാനവരാശി അനുശാസിച്ചു പോരേണ്ട ധർമ്മങ്ങൾ, ആശ്രമാനുസൃതമായ ധർമ്മങ്ങൾ, ദേവസൃഷ്ടി, 14 മനുക്കളുടെ സുദീർഘമായ വിവരണങ്ങൾ, മന്വന്തര കഥകൾ, പ്രായശ്ചിത്തവിധികൾ, വർണ്ണ-ആശ്രമധർമ്മങ്ങൾ, (തുടർച്ച) കാമ്യകർമ്മങ്ങൾ ആചരിക്കുന്ന തിനിടയിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള തെറ്റുകളുടെ പ്രായശ്ചിത്തങ്ങൾ, ഓംകാര മഹത്വം, ബ്രഹ്മജ്ഞാന വിവരണം, കൽപങ്ങളുടെയും യുഗങ്ങളുടെയും കാലയളവ്, ഋഷീശ്വരന്മാരുടെ വംശപരമ്പര, ദേവവംശം, മഹാത്മാക്കളായ ഋഷിവര്യന്മാരുടെ പരമ്പര, ദേവ-ഋഷിവര്യന്മാരുടെ മാഹാത്മ്യ വിവരണവുമായി ബന്ധപ്പെട്ട കഥകൾ. ജംബുദ്വീപിലെ അനേകം വൃക്ഷലതാദികൾ- അവയുടെ മഹാത്മ്യം- പുണ്യക്ഷേത്രങ്ങൾ-പുണ്യദേശങ്ങൾ- കർമ്മഭൂമി, ഭാരതഭൂമിയിൽ നടന്നിരിക്കുന്ന പ്രസിദ്ധങ്ങളായ യജ്ഞകർമ്മങ്ങൾ, ഈ യജ്ഞകർമ്മങ്ങൾ നടത്തിയ രാജാക്കന്മാർ, ഗുപ്തവംശചരിത്ര ത്തിന്റെ സുദീർഘമായ വിവരണം.

ഖണ്ഡം 2. ധ്രുവവംശത്തിലെ പൃഥുരാജചരിതം, മന്വന്തരവിവരണം, ഋഷിപരമ്പരകളനുഷ്ഠിച്ച സുദീർഘമായ ധാർമ്മീക കർമ്മങ്ങൾ,



Scanned with CamScanner

14 മനുക്കളുടെയും സുദീർഘമായ വിവരണം-ആവർത്തനം-ശ്രാദ്ധകർമ്മങ്ങൾ, പുണ്യക്ഷേത്രങ്ങളിൽ വച്ച് നടത്തുന്ന ശ്രാദ്ധകർമ്മങ്ങളുടെ മഹത്വം, പിതൃകർമ്മങ്ങൾ ശ്രദ്ധയോടെ അനുഷ്ഠിക്കുന്നതിന്റെ ഫലം, ഈ പുരാണ പഠന-ശ്രവണ ഫലങ്ങൾ.

## ഉപപുരാണം

**സാംബപുരാണം** : സൂതമഹർഷി ശൗനകാദികൾക്ക് നൈമിഷാരണ്യത്തിൽവെച്ച് വിവരിച്ചുകൊടുക്കുന്ന ഈ പുരാണത്തിൽ 84 അദ്ധ്യായങ്ങളടങ്ങുന്നു. ഇതിലെ വിഷയങ്ങൾ ഇപ്രകാരമാണ്. സൂര്യചൈതന്യത്തിനുള്ള കാരണം, സൂര്യമൂർത്തിയുടെ മാഹാത്മ്യം സൂര്യഉൽഭവം, സൂര്യരഥം, സൂര്യരഥത്തിലെ അശ്വങ്ങൾ, സൂര്യപൂജനവിധി, സൂര്യമണ്ഡലം, സൂര്യബന്ധത്താൽ ഭൂവിൽ ഋതുക്കളിലുണ്ടാകുന്ന മാറ്റങ്ങൾ, ബ്രഹ്മാണ്ഡസൃഷ്ടി, സൂര്യസൃഷ്ടിയുടെ ഗഹനമായ ശാസ്ത്രവിവരണം. മന്വന്തരവിവരണം നവഗ്രഹങ്ങൾ, ആകാശം, സൂര്യന്റെ ഭ്രമണപഥം, ആദിത്യരഥം-സോമന്റെ വൃദ്ധിക്ഷയം-പൗർണമി അമാവാസി-നവഗ്രഹങ്ങളുടെ വേഗതയും ഭ്രമണപഥവും-ഓരോ ഗ്രഹത്തിന്റെയും വേഗതകൾ തമ്മിലുള്ള താരതമ്യം, ഗ്രഹങ്ങൾക്ക് സൂര്യനുമായുള്ള ബന്ധം-രാഹു-ഗ്രഹണം എന്നീ ജ്യോതിശാസ്ത്രവിഷയങ്ങൾ, സൂര്യന്റെ ആദ്ധ്യാത്മികമഹത്വം, രവിധ്യാനമന്ത്രം, പൂജ-ക്ഷേത്ര പ്രതിഷ്ഠ-പ്രതിമാ ലക്ഷണം, രവിക്ഷേത്രങ്ങളിലെ ദ്വജ-സ്തംഭ-പൂജാവിധികൾ, സൂര്യഭക്തലക്ഷണം, അഗ്നിഹോത്രയാഗത്തിലെ അഗ്നിവിധാനത്തിന് സൂര്യനുമായുള്ള ബന്ധം, സൂര്യക്ഷേത്രത്തിലെ ദിക്പാലകപൂജാവിധി, സൂര്യപൂജാമഹത്വം, ഭാസ്കരനാമങ്ങൾ, ഭാസ്കരമന്ത്രം, ഭാസ്കര അർച്ചനാവിധി, രവിവാരവ്രതഫലങ്ങൾ, ഈ പുരാണ പഠന ശ്രവണഫലങ്ങൾ.

**ദേവീഭാഗവതം** : പന്ത്രണ്ടു സ്കന്ദങ്ങളായി ഭാഗിച്ചിരിക്കുന്ന ഒരു ബൃഹത്തായ ഉപപുരാണമാണ് ദേവീഭാഗവതം.

സ്കന്ദം 1, 2. മധുകൈടഭൻ എന്ന അസുരന്റെ ഉൽപത്തി അസുരഭീതിയാൽ ഋഷിമാർ നടത്തുന്ന ദേവിസ്തുതി, ഋഷിമാരുടെ പ്രാർത്ഥനയിൽ സന്തുഷ്ടയായ ദേവിയുടെ മധുകൈടഭനിഗ്രഹം, മത്സ്യഗന്ധിയിൽ നിന്നും വ്യാസമഹർഷിയുടെ ജനനം, പരാശരന്റെയും മത്സ്യഗന്ധിയുടെയും ചരിതം, ശന്തനു മഹാരാജാവിന്റെ ചരിതം, ധൃതരാഷ്ട്രാദികളുടെ ജനനം,



Scanned with CamScanner

യദുകുലചരിതം, തക്ഷകനും- മഹാമാന്ത്രികനുമായ ദിജനും തമ്മിൽ - മഹാഭാരതത്തിൽ വിവരിക്കുന്നതുപോലെ - നടത്തുന്ന സംവാദം.

സ്കന്ദം 3, 4. ബ്രഹ്മദേവൻ ദേവിക്കു നൽകുന്ന ഉപദേശം, അംബികസ്തുതി, കാശീരാജചരിതം, കാശി-അയോദ്ധ്യ തുടങ്ങിയ പുണ്യസ്ഥാനങ്ങളിലെ അംബികാക്ഷേത്രമഹത്വം, നവരാത്രി മാഹാത്മ്യം, ലോകത്തിൽ നടമാടുന്ന അധാർമ്മികത, ശുക്രചരിതം, ദൈത്യന്മാരുടെ ശുക്രാധിപത്യസ്വീകരണം, ദേവീമാഹാത്മ്യം, സരു-അസുരന്മാരുടെ വംശകഥനം, ശ്രീകൃഷ്ണചരിതം.

സ്കന്ദം 5. ദേവമഹത്വം, മഹിഷാസുര ഉത്ഭവം, ദേവദാനവയുദ്ധം, ദേവപരാജയം, ജഗദംബികയുടെ ഉൽപത്തി, ദേവ-അസുര യുദ്ധത്തിൽ അസുരപരാജയം, അസുരപ്രധാനികളായ ശുംഭൻ-നിശുംഭൻ-ധൂമ്രലോചനൻ-ചണ്ഡമുണ്ഡൻ-രക്തബീജൻ എന്നിവരെ ജഗദംബിക വധിക്കുന്ന വിവരണം.

സ്കന്ദം 6, 7. വൃത്രദൈത്യചരിതം, നിമിരാജചരിതം, നാരദൻെറ ജീവചരിത്രം, സുകന്യ-സത്യവ്രത-ത്രിശങ്കു-ഹരിശ്ചന്ദ്ര-ശുനശ്ശേഫ - പാർവ്വതീചരിതം, മോക്ഷതത്വങ്ങൾ, മന്ത്രസിദ്ധി, ബ്രഹ്മതത്വം, ഭക്തിമഹിമ, ഭഗവതീപൂജയുടെ ഫലം.

സ്കന്ദം 8, 9. വരാഹാവതാരം, മനുവംശം, ഭൂമണ്ഡല വിവരണം, സപ്തദ്വീപവർണ്ണനം, ഉത്തര-ദക്ഷിണധ്രുവങ്ങളുടെ സവിസ്തര പ്രതിപാദനം, ദേവതകളുടെ സൃഷ്ടി, സരസ്വതിസ്തോത്രമാഹാത്മ്യം തുളസീഉപാസനാവിധി, ഉപാസനാഫലം, ശംഖചൂഡനും തുളസിയും തമ്മിലുള്ള വിവാഹം, ശംഖചൂഡ മഹേശ്വരയുദ്ധം, ദേവദാനവയുദ്ധം, സത്യവാൻ - സാവിത്രി കഥയുടെ സുദീർഘവിവരണം.

സ്കന്ദം 10-12. സ്വായംഭുവമനു ചരിതം, മഹാവിഷ്ണു സ്തോത്രം, ചാക്ഷുഷമനു ചരിതം, സാവർണ്ണി മനുചരിതം, മഹാകാളീ-മഹാലക്ഷ്മി-മഹാസരസ്വതി ചരിതം, ശൗച-സ്നാന-ജപ-രുദ്രാക്ഷധാരണ-ഭസ്മധാരണ-സന്ധ്യോപാസന-ഉപചാരാദി വിധികളുടെ ഫലങ്ങൾ, ഗായത്രീസ്തോത്രം, ഗായത്രീകവചം, ദീക്ഷവിധി, കേനോപനിഷത്തിൻെറ മഹിമ, ജനമേജയൻ രചിച്ച ദേവീസ്തോത്രം, ദേവീഭാഗവതപുരാണ പഠന ശ്രവണ ഫലങ്ങൾ.

**കാലികാപുരാണം** : കാലിക ഉപപുരാണത്തിലെ 93 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന വിഷയങ്ങൾ യഥാക്രമം ഇപ്രകാരമാകുന്നു. ശിവമാഹാത്മ്യം, ദക്ഷയാഗം, ശിവ പാർവ്വതീ



Scanned with CamScanner

വിവാഹം, ദക്ഷയാഗത്തിൽ സതിയുടെ മരണം, ശിവദുഃഖം, കൽപാന്ത വിവരണം, ആദിയിലെ സൃഷ്ടി, അന്ത്യത്തിലുള്ള പ്രളയം, ശിവനും- വരാഹരാക്ഷസനുമായുള്ള യുദ്ധം, വിഷ്ണുവിൻെറ അവതാരങ്ങൾ, വരാഹാസുരപുത്രനായ നരകാസുരവധം, ശ്രീകൃഷ്ണചരിതം, ശിവനിൽനിന്നുള്ള കാലികയുടെ ജനനം, വേതാളഭൈരവകഥ, ദേവീ മാഹാത്മ്യവിവരണം, ദേവിയുടെ പൂജാവിധികൾ, ദേവ്യുപാസന, ഷോഡശോപചാരപൂജ, ദേവീ പ്രദക്ഷിണവിധി, അനേകം പുണ്യ തീർത്ഥങ്ങളുടെ വിവരണങ്ങൾ, അവയിൽ നടത്തുന്ന സ്നാനഫലം, പൗഷമാസത്തിലും ജ്യേഷ്ഠമാസത്തിലും പ്രത്യേകമായി ആചരിക്കേണ്ട അനേകം വ്രതങ്ങൾ അവ അനുഷ്ഠിക്കുന്നതിൻെറ ഫലങ്ങൾ, സദാചാരവർണനം, രാജധർമ്മം.

**നാരദപുരാണം** : നാരദീയമഹാപുരാണത്തിൻെറ ആദ്യഭാഗമായ പൂർവ്വാർദ്ധവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്ന ഉപപുരാണമാണ് നാരദപുരാണം. നാരദൻ സനകാദി മഹർഷിമാർക്ക് വിവരിക്കുന്നതാണ് ഈ പുരാണം. ഈ പുരാണത്തിലെ 56 അദ്ധ്യായങ്ങളിൽ യഥാക്രമം ഭൂലോകവർണനം, ഭാരതഭൂമിയുടെ മാഹാത്മ്യം, ഭാരതത്തിലെ തീർത്ഥങ്ങൾ, മഹാവിഷ്ണുവിൻെറ അവതാരങ്ങൾ, മാർക്കണ്ഡേയചരിതം, ദാനകർമ്മങ്ങളുടെ ഫലം, ഹവനകർമ്മങ്ങൾ, ആചാര-അനുഷ്ഠാന-വ്രതവിധികൾ, ബ്രാഹ്മണ ധർമ്മം, ബ്രാഹ്മണൻ ആചാരാനുഷ്ഠാനങ്ങളിൽ നിന്ന് വ്യതിചലിക്കുമ്പോൾ ഉണ്ടാകുന്ന പാപഫലങ്ങൾ, അതിനുള്ള നരകവിവരണം, വർണ്ണാശ്രമധർമ്മങ്ങളുടെ സവിസ്തരവിവരണം, വർണ്ണസമ്പ്രദായത്തിൻെറ ഉത്ഭവം -അടിസ്ഥാനം, അനുഷ്ഠാനഫലങ്ങൾ, സ്ത്രീകളുടെ ധർമ്മങ്ങൾ, സദാചാരമഹത്വം, ബ്രഹ്മചാരീധർമ്മവും-കർത്തവ്യവും, വേദപഠനവിധികൾ, ഗൃഹസ്ഥ-വാനപ്രസ്ഥ-സന്യാസധർമ്മങ്ങൾ, ശ്രാദ്ധകർമ്മങ്ങൾ, മഹാപാപങ്ങളുടെ പ്രായശ്ചിത്തവിധികൾ, യമമാർഗനിരൂപണം, സാധാരണ പൂജാവിധികൾ, വേദങ്ങൾ-ശിക്ഷ കൽപശാസ്ത്രം-ജ്യോതിശാസ്ത്രം എന്നിവയെക്കുറിച്ചുള്ള സവിസ്തര വിവരണം, വേദാംഗങ്ങളുടെ പഠനവിധികൾ, ഭാരതത്തിലെ വിവിധ പുണ്യതീർത്ഥങ്ങൾ, ഗംഗ-ഗയ-പ്രയാഗ എന്നീ പുണ്യനദിക്കരകളിൽ വച്ചു നടത്തുന്ന അന്ത്യക്രിയകളുടെ മഹത്വം എന്നീ വിഷയങ്ങൾ വിവരിക്കുന്നു.

**ഹരിവംശപുരാണം** : ജൈന മതതത്വങ്ങളും പുരാണവിഷയങ്ങളും



Scanned with CamScanner

തുല്യപ്രാധാന്യത്തോടെ 66 സർഗങ്ങളിലായി വിവരിക്കുന്ന പുരാണമാണ് ഇത്.

വീരസേനന്റെ പൂർവ്വാചാര്യൻമാരായ ഭദ്രസേനൻ-സിദ്ധസേനൻ-ദേവനന്ദി-വജ്രസൂരി-മഹാസേൻ- രവിഷേണൻ - സിംഹനന്ദി- ശാന്തിഷേണൻ എന്നിവരുടെ സ്മരണകൾ, വർദ്ധമാന മഹാവീരചരിതം, മഹാവീരജനനം-നാമകരണം-ജ്ഞാനഗ്രഹണം-രാജഗൃഹ വിവരണം, മഹാവീരന്റെ ദേശാടനം, ഭാരതത്തിലെ പർവ്വതങ്ങൾ-നദികൾ-ക്ഷേത്രങ്ങൾ, നാഭിരാജചരിതം, ഋഷഭ ദേവജനനം, ജിനചരിതം, അയോദ്ധ്യാവിവരണം, ഭാരതരാജചരിതം, രാജനും-ബാഹുബലിയുമായുള്ള യുദ്ധം, യുദ്ധത്തിൽ പരാജയപ്പെടുന്ന ഭരതരാജന്റെ ദീക്ഷാസ്വീകരണം, ഹരിവംശംചരിത്രം, കൗശംബിനഗര വർണ്ണനം, ആര്യന്റെയും , മനോരമയുടെയും പുത്രനായ ഹരിയുടെ കഥ, ഹരിവംശത്തിലെ സുവ്രതനാഥ-ഭോജരാജ-ഉഗ്രസേന-മഹാസേനചരിതം, തുടർന്ന് ശ്രീകൃഷ്ണ ചരിതത്തിൽ വാസുദേവ-ജരാസന്ധ-കംസകഥകൾ, ദേവകീവിവാഹം, ശ്രീകൃഷ്ണജനനം, ദ്വാരകാ-മഥുരാപുരി വർണ്ണനം, പാണ്ഡവചരിതം, ജരാസന്ധന്റെ ദ്വാരകാനിവാസികളുമായുള്ള യുദ്ധം, ജരാസന്ധവധം, നേമിനാഥചരിത്രം, ദ്വാരകയുടെ അന്ത്യത്തെക്കുറിച്ച് കൃഷ്ണൻ നേമിനാഥനോട് വിവരിക്കുന്ന ഭവിഷ്യഭാഗം, ശ്രീകൃഷ്ണന്റെ വനഗമനവും-അന്ത്യവും, ശ്രീകൃഷ്ണ ശരീരം തുംഗഗിരിയിൽ ദഹിപ്പിക്കുന്നത്, പാണ്ഡവർ നേമിനാഥനിൽ നിന്നും ദീക്ഷസ്വീകരിച്ച് നടത്തുന്ന വാനപ്രസ്ഥം, മഹാവീരന്റെ നിർവാണം, ജൈനവംശ ആചാര്യന്മാരുടെ വിവരണം.

**വിഷ്ണു ധർമ്മോത്തരപുരാണം** : ഈ ഉപപുരാണം മൂന്നു ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നു. ഭൂഗോളം-പാതാളം എന്നിവയുടെ സവിസ്തര വർണന, ഭാർഗവചരിതം, മന്വന്തര വിവരണം, ജ്യോതിഷവിഷയങ്ങളായ പുണ്യതിഥികൾ-നക്ഷത്രങ്ങൾ, മുഹൂർത്തങ്ങൾ എന്നിവയുടെ പ്രാധാന്യം, ശ്രാദ്ധചടങ്ങുകൾ, ദാനമഹത്വം, വൈഷ്ണവപൂജാ മാഹാത്മ്യം, യക്ഷ-രാക്ഷസ-പിശാച ഉത്ഭവം, രാജധർമ്മം, തീർത്ഥസ്നാനമഹത്വം, സ്ത്രീലക്ഷണം, പുരുഷലക്ഷണം, സദാചാരമഹത്വം, വർണാശ്രമ ധർമ്മവിവരണം, ജ്യോതിഷ ഗ്രന്ഥങ്ങളുടെയും ധനുർവേദഗ്രന്ഥങ്ങളുടെയും വിവരണങ്ങൾ, ഗായത്രീമന്ത്രമഹത്വം, സംസ്കൃത-പ്രാകൃതഭാഷാ വിവരണം, അലങ്കാരലക്ഷണം, ഇതിഹാസ-കാവ്യ-നാട്യശാസ്ത്ര-സംഗീത വിഷയവിവരണം, വിഷ്ണുവിന്റെ അവതാരവിവരണം,



Scanned with CamScanner

മഹാവിഷ്ണു ഹംസരൂപത്തിൽ ഋഷിമാർക്ക് നൽകുന്ന ധർമ്മ ഉപദേശം.

**കൽകിപുരാണം** : കൽകിപുരാണം കലിയുടെ ചരിതമാണ്. കലിയുടെ ജനനം, ആധി-വ്യാധി-വാർദ്ധക്യം-ഗ്ലാനി-ദുഃഖം-ഭയം എന്നിവർ ചേർന്ന കലിയുടെ കുടുംബവിവരണം, കലികാലവിവരണം, വ്യക്തികളിലും-സമൂഹത്തിലും ദൃശ്യമാകുന്ന കലികാലവൈഭവം, സംഭാൽ ഗ്രാമത്തിൽ വിഷ്ണുയശസിൻെറയും-സുമതിയുടെയും പുത്രനായി കൽകിയുടെ ജനനം, കൽകി ശിവതപസിലൂടെ സ്വീകരിക്കുന്ന വരം, സിംഹളദ്വീപിലെ ബൃഹദ്രഥരാജപുത്രി, പത്മാവതി കൽക്കിയെ മനസാവരിച്ച കഥ, കൽക്കി - പത്മാവതീവിവാഹം, കൽകിയുടെ മാഹാത്മ്യ വർണ്ണനം, ജീവജാലസൃഷ്ടി, ധർമ്മ-അധർമ്മ വിവരണം, കൽക്കി ദമ്പതികളുടെ സംഭാൽ ഗ്രാമപ്രവേശം, കൽകിയുടെ അശ്വമേധയാഗം, യാഗത്തിന് ബുദ്ധമതാനുയായികളുടെ തടസ്ഥം, കൽക്കിയുമായുള്ള യുദ്ധത്തിൽ ബുദ്ധമതാനുയായികളുടെ പരാജയം, ദേവ-ഋഷിവര്യന്മാരുടെ കൽക്കി ദർശനം, ഋഷികളുടെ വംശവിവരണം, മഹർഷിമാർ കൽക്കിക്ക് ശ്രീരാമകഥ വിവരിക്കുന്നത്, ചന്ദ്രവംശവിവരണം, മന്വന്തര വിവരണം, ധർമ്മവും-കൽക്കിയുമായുള്ള സംവാദം, ശ്രേഷ്ഠധർമ്മ വിവരണം, ഭല്ലാട ഗ്രാമത്തിൽ കൽകിയുമായി യുദ്ധം ചെയ്ത അധാർമ്മികരുടെ സർവ്വനാശം, ശ്രീകൃഷ്ണാവതാരമാഹാത്മ്യം, സത്രാജിത്തിൻെറയും-ജാംബവാൻേറയും ചരിതം, കൽക്കിയുടെ വാനപ്രസ്ഥം, സേനാസമേതമുള്ള വനയാത്രയിൽ കാഞ്ചനപുരിയിലേക്കുള്ള പ്രവേശനം, സേനയോടുകൂടി പുരിയിലേക്ക് പ്രവേശിക്കരുതെന്ന അശരീരി ശ്രവിച്ച് കുതിരപ്പുറത്തു കയറി സേനയെ കൂടാതെ വാൾ ഊരിപ്പിടിച്ചുള്ള കൽക്കിയുടെ യാത്ര, പുണ്യനഗരികളിലൂടെയും-തീർത്ഥാടന കേന്ദ്രങ്ങളിലൂടെയും കൂടിയുള്ള യാത്രയുടെ അന്ത്യത്തിൽ വൈകുണ്ഠഗമനം.

**മുൽഗല പുരാണം** : മുൽഗലാചാര്യൻ രചിച്ച ബൃഹത്തായ ഈ ഉപ പുരാണത്തിൽ 9 ഖണ്ഡങ്ങളാണുള്ളത്. ഈ ഖണ്ഡങ്ങളിൽ 54 അദ്ധ്യായങ്ങളുണ്ട്. ദക്ഷയജ്ഞം, പാർവ്വതീദേഹത്യാഗം, മത്സരാസുര തപസ്, മത്സരാസുര ദേവയുദ്ധം, ദേവപരാജയം, വക്രതുണ്ഡയുദ്ധം, മത്സരാസുര-പരാജയം, ബ്രഹ്മസൃഷ്ടി, സപ്തദ്വീപുകൾ, ഭൂഗോളം, സൂര്യമണ്ഡലം, നവഗ്രഹങ്ങൾ, ഊർദ്ധ്വലോകം, സപ്തതാളങ്ങൾ, കശ്യപ-വ്യാസ-ശുക-ഗൗതമ-ചരിതങ്ങൾ, താരകാസുര ഉത്ഭവം, ഇന്ദ്ര



Scanned with CamScanner

താരകാസുരയുദ്ധം, ദേവാദികളുടെ പരാജയം, മദാസുരവിജയം, ഏകദന്തപ്രാതുർഭാവം, യുദ്ധത്തിൽ ദേവവിജയം, സ്കന്ദമഹത്വം, മോഹാസുര ചരിതം, മാഘമാസവിവരണം, കാല-യുഗ ധർമ്മങ്ങൾ, ആശ്രമവർണധർമ്മങ്ങൾ, മാംധാതൃ-അംബരീഷചരിതം, നഹുഷ-യയാതി-കൃതവീര്യ-പരശുരാമ-ഹരിവംശ-മാണ്ഡവ്യ-യുധിഷ്ഠിര ചരിതങ്ങൾ, വിനായകചതുർത്ഥി മഹത്വം, വ്രതാനുഷ്ഠാനതത്വങ്ങൾ, ലോഭാസുര ജനനം, ലോഭാസുര-ദേവയുദ്ധം, ദേവപരാജയം, ഗജാനന പ്രാതുർഭാവം, ദേവാസുരയുദ്ധം, ലോഭാസുര പരാജയം, ഭസ്മാസുര വധം, ക്രോധാസുര ജനനം, ക്രോധാസുര ദേവയുദ്ധം, ക്രോധാസുര വിജയം, ലംഭോദരജനനം, ദേവാസുരയുദ്ധത്തിൽ ലംഭോദര വിജയം, ശക്തി സ്വരൂപ വർണ്ണനം, ശക്തിവിനായക മഹത്വം, ഗണപതിയുടെ അവതാരങ്ങൾ, ധ്രുവ ഉൽപത്തി, തുളസിചരിതം, രുഗ്മാംഗത- ഗൃത്സമദചരിതം, കാമാസുരഉത്ഭവം, രാജ്യഭരണം, ദേവാസുര യുദ്ധത്തിൽ അസുരവിജയം, നാനാദേവന്മാരുടെ ഉത്ഭവം, സന്യാസവിവരണം, ബ്രഹ്മകുണ്ഡലവിവരണം, സപ്തതീർത്ഥ വിവരണം, വികടാവതാരം, ദേവാസുരയുദ്ധത്തിൽ കാമാസുരവധം, സൂര്യവിവരണം, ഭാനുവിനായക ചരിതം, ശിവപാർവ്വതീ സമാഗമം, മമാസുര വരപ്രദാനം, മ മാസുര രാജ്യാഭിഷേകം, വിഘ്നരാജപ്രാതുർ ഭാവം, മ മാസുര ഗർവ്വഹരണം, വിഷ്ണു അവതാര വർണ്ണനം, ശൂർപകർണാവതാരം, ചതുർഭുജാവതാരം, അഹമാസുരോൽപത്തി, രാജ്യപ്രാപ്തി, അസുരനിഗ്രഹത്തിനായി ധൂമ്രവർണാവതാരം, അഹമാസുരജ്ഞാനോപദേശം, പാർവ്വതീചരിതം, ഗണേശചരിതം, ബാണാസുര വരപ്രദാനം, ബുദ്ധാവതാരം, വ്രതമാഹാത്മ്യം, ഗണേശനാമ സങ്കീർത്തനം, ഗണേശചരിതം, പൂർണയോഗചരിതം, ക്ഷേത്രജ്ഞയോഗം, ഗണേശരഹസ്യയോഗം, പുരാണ ശ്രവണ പാരായണഫലം.

**ആദിപുരാണം** : ചെറിയ പുരാണമായ ആദിപുരാണത്തിൽ 30 അദ്ധ്യായങ്ങൾ മാത്രമാണുള്ളത്. കലിയുഗത്തിൽ ഋഷിവര്യന്മാരുടെ ആചാരങ്ങൾ, ധർമ്മനിഷ്ഠ, ഗൃത്സപാദൻ-വാത്സ്യായനൻ എന്നീ ഋഷിമാരുടെ ചരിതങ്ങൾ, വിഷ്ണുഭക്തി, ശ്രീകൃഷ്ണനെക്കുറിച്ചുള്ള വളരെ സുദീർഘമായ ചരിത്രവിവരണം, വസുദേവ ദേവകീ വിവാഹം, കംസചരിതം, കംസവധം, കൃഷ്ണ ലീലകൾ, ശ്രീകൃഷ്ണന്റെ ദൈവികാംശം, പൂതനാമോക്ഷം, ശകടാസുരവധം എന്നീ വിഷയങ്ങൾ ഭാഗവതപുരാണത്തിൽ വിവരിക്കുന്നതുപോലെ ആദിപുരാണ



Scanned with CamScanner

ത്തിലും വിവരിക്കുന്നു.

**ആത്മപുരാണം** : ആത്മദർശനം തുടങ്ങിയ ഉപനിഷദ് വിഷയങ്ങളുടെ വിവരണമാണ് ആത്മപുരാണത്തിലെ 10 അദ്ധ്യായങ്ങളിൽ നൽകിയിരിക്കുന്നത്.

ഇതിലെ ഒന്നാം അദ്ധ്യായം ഐതരേയോപനിഷത്, രണ്ടു മൂന്ന് അദ്ധ്യായങ്ങൾ കൗഷീതകി ഉപനിഷത്, നാലു മുതൽ ഏഴുവരെ അദ്ധ്യായങ്ങൾ ബൃഹദാരണ്യക ഉപനിഷദ്, എട്ടാം അദ്ധ്യായം ബൃഹദാരണ്യക ഉപനിഷത്, ശ്വേതാശ്വേതര ഉപനിഷത്സാരം, അദ്ധ്യായം ഒമ്പത് കഠോപനിഷത്സാരാംശം, പത്താം അദ്ധ്യായം നാരായണോപനിഷത്. ജാബാല-ഗർഭ-ബ്രഹ്മ-പരമഹംസ -ഹംസ-അരുണേയി-ക്ഷുരിക- അമൃതനാദ-മഹത് -ആത്മപ്രബോധ-കൈവല്യ ഉപനിഷദ്സാരങ്ങൾ, പതിനൊന്നാം അദ്ധ്യായം ഛാന്ദോഗ്യ ഉപനിഷത്സാരം പന്ത്രണ്ടു മുതൽ പതിനാലു വരെ അദ്ധ്യായങ്ങൾ, തലവാകരോപനിഷത്, പതിനാലാം അദ്ധ്യായാവസാനത്തിൽ മുണ്ഡകോപനിഷത്. പ്രശ്നോപനിഷത്, നൃസിംഹ പൂർവ്വോത്തരതാപിന്യുപനിഷത്, ഈശാവാസ്യോ പനിഷത് എന്നി ഉപനിഷത്തുക്കൾ യഥാക്രമം പതിനഞ്ചുമുതൽ പതിനെട്ടുവരെ അദ്ധ്യായങ്ങളിൽ വിവരിക്കുന്നു.

**ബ്രഹ്മപുരാണം** : ദക്ഷമഹർഷിക്ക് ബ്രഹ്മദേവൻ വിവരിക്കുന്ന പുരാണമാണിത്. ദേവാസുര ഉത്ഭവം, മനുവംശം-സൂര്യവംശം-സോമവംശം-ആയുവംശം-യദുവംശം- വൃഷ്ണിവംശചരിതങ്ങൾ. ക്രോഷ്ടു രാജാവിൻെറയും-സത്രാജിത്തിൻെറയും കഥകൾ. ശ്രീകൃഷ്ണ സ്യമന്തകാപഹരണകഥ. ഭൂ-ഭൂവ-സ്വർലോക വിവരണം. ഭാരതത്തിലെ പുണ്യക്ഷേത്ര-പുണ്യതീർത്ഥ മാഹാത്മ്യം ആയിരത്തിൽ പരം ക്ഷേത്രവിവരണങ്ങളും ദേശമാഹാത്മ്യവും ഈ പുരാണത്തിൻെറ ആദ്യഭാഗത്തിൽ വിവരിക്കുന്നുണ്ട്.

ആദിത്യവർണനം, ഭൂമിയിൽ ദിനരാത്രങ്ങളുണ്ടാകുന്നതിൻെറ കാരണം, അന്തരീക്ഷ വ്യതിയാനങ്ങൾക്ക് സൂര്യനുമായുള്ള ബന്ധം ആദിത്യമഹത്വം, പുരുഷോത്തമക്ഷേത്രമഹത്വം, പുരുഷോത്തമ ക്ഷേത്രത്തിലെ കാണ്ഡുവിൻെറ ചരിതം, സദാചാരവർണനം, വർണാശ്രമധർമ്മങ്ങൾ. സ്ത്രീപുരുഷധർമ്മം, ബ്രാഹ്മണരുടെ ആചാരാനുഷ്ഠാനങ്ങൾ, മിത്രവർണങ്ങളിൽ ജനിച്ചവരുടെ കർത്തവ്യങ്ങൾ, സ്വഭാവവൈശിഷ്ട്യങ്ങൾ, ധർമ്മാചാരഫലങ്ങൾ, ദേവാരാധന, വാസുദേവ പൂജാവിധി, ഹരിഭക്തിയുടെ മാഹാത്മ്യം,



Scanned with CamScanner

പ്രളയത്തിൽനിന്ന് മുക്തിനേടുവാനുള്ള മാർഗ്ഗം. എന്നീ വിഷയങ്ങൾ തുടർന്നുള്ള വിവരണങ്ങളിൽ നൽകിയിരിക്കുന്നു.

**വിഷ്ണു ധർമ്മപുരാണം** : വിഷ്ണുധർമ്മ വിഷയങ്ങൾ വിവരിക്കുന്ന ഈ പുരാണത്തിൽ 105 അദ്ധ്യായങ്ങളാണുള്ളത്. വിഷ്ണുവിൻെറ ക്രിയായോഗമഹത്വം, പ്രഹ്ലാദചരിതം, വിഷ്ണുപൂജാവിധി, വിഷ്ണുകീർത്തനങ്ങൾ, കൃഷ്ണാർജ്ജുനസംവാദം. ഗോവധം-സ്ത്രീവധം-ബ്രാഹ്മണഹത്യ എന്നിവയുടെ പാപഫലങ്ങൾ, അവർണസംസർഗ്ഗ ഫലം. ആഭിചാരകർമ്മങ്ങളും-രോഗങ്ങളും-വേദബ്രാഹ്മണ-ദേവതാ പ്രശംസ, വിഷ്ണുവിൻെറ ദശാവതാരമാഹാത്മ്യം, വിഷ്ണുവിൻെറ സങ്കീർത്തനങ്ങൾ, പുനർജ്ജനനത്തിൻെറയും പരമമായ മോക്ഷ ലബ്ധിയുടേയും കാരണങ്ങൾ, പുലസ്ത്യൻ-ശതാനീകൻ എന്നീ ഋഷിമാരുടെ ആഗ്രഹപ്രകാരം ശ്രീകൃഷ്ണൻ യുധിഷ്ഠിരന് ഉപദേശിച്ച ധർമ്മസത്യങ്ങളെക്കുറിച്ചുള്ളശൗനകൻെറ വിവരണം, സ്മൃതികൾ, സ്വർഗനരകങ്ങൾ, ദാനദക്ഷിണകൾ, ബ്രാഹ്മണരുടെ മഹത്വം, ബ്രഹ്മചര്യാചരണം, യജ്ഞകർമ്മങ്ങളിൽ ദാനസ്വീകരണത്തിന് യോഗ്യതയുള്ള ബ്രാഹ്മണലക്ഷണം, ബ്രാഹ്മണനെ അവഹേളിക്കുന്ന തിൻെറ പാപഫലം, ഗായത്രീ മന്ത്രജപം, തപപ്രശംസ, സത്യ-ധർമ്മ പ്രശംസ, വ്രതങ്ങൾ, ധർമ്മാചാരങ്ങൾ, ധീരയോദ്ധാവിൻെറ ലക്ഷണം, യുദ്ധനീതി, അഹിംസാചരണം, ദണ്ഡനീതി, രാജധർമ്മം, വിഷ്ണുവിൻെറ അവതാരമാഹാത്മ്യം, യുധിഷ്ഠിരനു് നൽകുന്ന ഭീഷ്മോപദേശസാരം, ദുസ്വപ്നകാരണം, വിഷ്ണുഭക്തലക്ഷണം, പ്രഹ്ളാദൻെറ വിഷ്ണുസ്തുതി, ദാന-ദക്ഷിണ-ധ്യാന-ദയ-ക്ഷമ-സത്യമഹത്വം, അധർമ്മലക്ഷണം, അധാർമ്മീക സംസർഗം, വിഷ്ണുപ്രതിമാലക്ഷണം, വിശ്വസൃഷ്ടി, ജഗത്സൃഷ്ടി, യോഗവർണ്ണനം, പരാവിദ്യ, അപരാവിദ്യ, യമ-നിയമം, യോഗിയുടെ വിഷ്ണുദർശനം, കാര്യ-കാരണബന്ധം, അദ്വൈതജ്ഞാനം, വിഷ്ണുവിൻെറ പരമമായ രൂപം, യുഗവിവരണം. ദശാവതാര വിവരണം, കലിയുഗധർമ്മം.

**നരസിംഹപുരാണം** : ഭരദ്വാജാശ്രമത്തിൽ വെച്ച് സൂതമഹർഷി വിവരിക്കുന്ന 68 അദ്ധ്യായങ്ങളടങ്ങുന്നതാണ് ഈ പുരാണം. ജഗത്തിലെസൃഷ്ടിസ്ഥിതിസംഹാരം, ഭൂമിവിവരണം, നരസിംഹാവതാര മഹത്വം, സൃഷ്ടിയുടെ ആരംഭം, ജഗത്തിൻെറ അന്ത്യം, നാലു യുഗങ്ങൾ, കലിയുഗമനുഷ്യസ്വഭാവം, നരസിംഹപൂജാവിധികൾ, ദേവതകൾ- മനുക്കൾ എന്നിവരുടെ ജനനം, രാജധർമ്മം, ബ്രാഹ്മണസൃഷ്ടി, കാലവിഭജനം,



Scanned with CamScanner

ബ്രഹ്മസൃഷ്ടി, മനുഷ്യസൃഷ്ടി, ബ്രഹ്മപരമ്പരകളുടെ സൃഷ്ടി, ദക്ഷജനനം, ജ്ഞാന-ധ്യാനമഹത്വം, ആദിത്യനാമ സങ്കീർത്തനങ്ങൾ, ശ്രീബുദ്ധചരിതം, മന്വന്തരങ്ങൾ, സൂര്യ-ചന്ദ്ര വംശാവലി, ഭൂമിശാസ്ത്രം, മാതാ-പിതാ-ഭാര്യാ-ഭർതൃ ധർമ്മം, ബ്രാഹ്മണമഹത്വം ഗണേശപൂജനം, നരസിംഹക്ഷേത്ര നിർമ്മാണം-പൂജാവിധി, ഹോമവിധികൾ, വിഷ്ണുബിംബപ്രതിഷ്ഠാ കർമ്മം, കലിയുഗത്തിലെ അധർമ്മങ്ങൾ, നാലു വർണങ്ങളുടെയും ധർമ്മാനു ഷ്ടാനങ്ങൾ, യോഗസാധനാമഹത്വം, മനസ്സിന്റെ ശുദ്ധിയും മഹത്വവും വ്രതാചരണങ്ങളിലൂടെ നേടിയെടുക്കാവുന്ന ആത്മീയ ശക്തി, നരസിംഹപുരാണ പഠന-ശ്രവണഫലങ്ങൾ.

**ക്രിയായോഗസാരപുരാണം** : പത്മപുരാണത്തിന്റെ ഭാഗമാണ് ക്രിയായോഗസാരപുരാണം എന്ന അഭിപ്രായമുണ്ടെങ്കിലും വിഷയങ്ങളിലും അവതരണത്തിലും ഈ ഉപപുരാണം തനതായ രീതി പുലർത്തുന്നുണ്ട്. ഇരുപത്തിയാറ് അദ്ധ്യായങ്ങളിലാണ് ഈ പുരാണകഥാവതരണം. ആദ്ധ്യാത്മികചര്യാനുഷ്ഠാനഫലം, ക്രിയായോഗസാരമഹത്വം. പ്രപഞ്ചസൃഷ്ടി, തൃമൂർത്തികളുടെ ഉത്ഭവം, ബ്രഹ്മസൃഷ്ടി, ഭൂമിശാസ്ത്രവിവരണം, ഭാരതഭൂവിന്റെ മഹത്വം, വിഷ്ണുമഹത്വം, തുളസിമഹത്വം, ക്രിയായോഗം. ബ്രാഹ്മണശ്രേഷ്ഠത്വം, ദാനധർമ്മാദികളുടെ മഹത്വം, ഏകാദശിവ്രതം, ഗംഗാ പ്രയാഗാമഹത്വം - സ്നാനഫലം-പാപമോചനഫലം, വിഷ്ണുപൂജാഫലം, മാഘമാസത്തിലനുഷ്ഠിക്കേണ്ട പുണ്യകർമ്മങ്ങൾ, വൈഷ്ണവധർമ്മം, ഫാൽഗുന-ചൈത്രമാസങ്ങളിലെ വിഷ്ണുപൂജ, അശ്വത്ഥവൃക്ഷപൂജ, ശംഖചക്രങ്ങളുടെ ചിത്രം ശരീരത്തിൽ വരക്കുന്നതിന്റെ ഫലം, ശ്രീരാമമന്ത്രമാഹാത്മ്യം, കൃഷ്ണ-വാസുദേവ-നാരായണനാമമഹത്വം പുരുഷോത്തമ ക്ഷേത്രമാഹാത്മ്യം, ബലഭദ്ര-സുഭദ്രാകീർത്തനം, രഥയാത്ര-ഡോലയാത്ര-മഹാസ്നാനവിവരണം, ജഗന്നാഥന് അർപ്പിക്കുന്ന നൈവേദ്യങ്ങൾ, മൃഗങ്ങൾക്ക് നൽകേണ്ട ഭക്ഷണം-തുളസിപൂജ-ഏകാദശിവ്രതം എന്നിവയുടെ പുണ്യഫലം, അതിഥിമര്യാദകൾ, വിവിധ യുഗങ്ങളിലെ മനുഷ്യസ്വഭാവം.

**ബൃഹത് നാരദീയപുരാണം** : ബൃഹത് നാരദീയപുരാണത്തിൽ 38 അദ്ധ്യായങ്ങളാണുള്ളത്. പ്രപഞ്ചസൃഷ്ടി, മഹാവിഷ്ണുവിന്റെ പ്രപഞ്ച-പ്രകൃതി-പുരുഷ-കാലരൂപങ്ങൾ, വിദ്യ-അവിദ്യബന്ധം, സൃഷ്ടി-സ്ഥിതി-സംഹാരങ്ങളുടെ ശക്തിക്കുള്ള അംബിക-ദുർഗ-ഭദ്രകാളി എന്നീ നാമങ്ങൾ, സപ്തലോകങ്ങൾ, സപ്തതലങ്ങൾ, ഭാരതവർഷമഹത്വം, ഹിമാലയവർണനം, ശ്രാദ്ധ-ഭക്തി-ഭഗവത്സേവ



Scanned with CamScanner

– ഗംഗാ–പ്രയാഗ–വാരണാസി–യമുനാമഹത്വം, ഗുരുവന്ദനം–ഗുരുപൂജ – ഭൂമിദാനം–മറ്റുദാനങ്ങൾ എന്നിവയുടെ മാഹാത്മ്യം, വിഷ്ണുപ്രീതിക്കായുള്ള മഹത് കൃത്യങ്ങൾ, തുളസീപൂജ, ദാന ദക്ഷിണാദികർമ്മങ്ങൾ, സ്വർഗനരകവർണനം, കുറ്റങ്ങളും അവക്കർഹതയുള്ള ശിക്ഷകളും, മഹാപാതകങ്ങൾ, വ്രതവിവരണം, വിഷ്ണുപ്രീതിക്കായുള്ള ഹവനങ്ങൾ, നാമസങ്കീർത്തനങ്ങൾ, നിരാഹാരവ്രതം, വർണ്ണാശ്രമ ധർമ്മങ്ങൾ, പിതൃകർമ്മങ്ങൾ, യമമാർഗ്ഗങ്ങൾ, നരകയാതനകൾ, പുനർജ്ജനനവും കർമ്മഫലവും, മാതൃഗർഭത്തിലുള്ള ശിശുവിൻെറ വളർച്ച, മനുഷ്യ ജന്മത്തിലും പുനർജന്മത്തിലും അനുഭവിക്കുന്ന സുഖദുഃഖങ്ങൾ, മനുഷ്യജീവിതാന്ത്യത്തിലെ മോക്ഷപ്രാപ്തി, യോഗവിഷയങ്ങൾ, യോഗചര്യയിലെ 30 ആസനങ്ങൾ, വിഷ്ണുക്ഷേത്രത്തിൻെറ പ്രതിഷ്ഠ–ജീർണോദ്ധാരണം എന്നീ സത്കർമ്മങ്ങൾ നടത്തുന്ന വ്യക്തിയുടെ ജീവിതാന്ത്യത്തിലെ മോക്ഷം, ചതുർയുഗവർണനം, ഓരോ യുഗത്തിലെയും ജനങ്ങളുടെ സ്വഭാവവൈശിഷ്ട്യങ്ങൾ, കലിയുഗചര്യകൾ.

## മറ്റു പുരാണങ്ങൾ

പുരാണവിഭാഗത്തിലോ ഉപപുരാണങ്ങളുടെ കൂട്ടത്തിലോ ഗണിക്കപ്പെടാത്ത അനേകം പുരാണങ്ങളുണ്ട്. അവയെക്കുറിച്ച് ലഭിച്ചിട്ടുള്ള വിവരങ്ങൾ ഇവിടെ ചേർക്കുന്നു.

**പുരുഷോത്തമപുരാണം** : പുരുഷോത്തമ ക്ഷേത്രമായ ജഗനാഥ ദേവാലയത്തെക്കുറിച്ച് സവിസ്തരം വർണിക്കുന്നു എന്നു പരാമർശിക്കപ്പെടുന്നതും പൂർണമായ വിവരണങ്ങൾ ലഭിച്ചിട്ടില്ലാത്തതുമായ ഒരു പുരാണമാണിത്.

**സൗരധർമ്മ പുരാണം** : അനവധി ഗ്രന്ഥങ്ങളിലും, സ്മൃതികളിലും ഈ പുരാണത്തെക്കുറിച്ച് വിവരിക്കുന്നുണ്ടെങ്കിലും ഗ്രഹങ്ങളെക്കുറിച്ചും സൂര്യനെക്കുറിച്ചും വർണ്ണിക്കുന്ന ഈ പുരാണത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

**സൗരധർമ്മോത്തരപുരാണം** : സ്മൃതികളിലും ചിലപുരാണങ്ങളിലും കാണുന്ന വിവരണങ്ങളിൽ നിന്നാണ് ഇപ്രകാരമൊരു പുരാണം ഉണ്ടായിരുന്നതായറിയുന്നത്.

**സൂര്യപുരാണം** : സൂര്യപുരാണത്തിൻേറതെന്ന് വിശ്വസിക്കപ്പെടുന്ന ഏതാനും താളിയോലഗ്രന്ഥഭാഗങ്ങൾ മാത്രമാണ് ഇന്നു ലഭിച്ചിരിക്കുന്നത്. ഇപ്രകാരമൊരു പുരാണത്തെക്കുറിച്ച് ഭവിഷ്യപുരാണത്തിൽ സുദീർഘമായി വിവരിക്കുന്നുണ്ട്.



Scanned with CamScanner

പൂർണരൂപത്തിൽ ഈ പുരാണം ലഭ്യമല്ല.

**ബൃഹദ് വാമനപുരാണം** : ലഘു ഭാഗവതപുരാണത്തിൽ കാണുന്ന ഏതാനും ശ്ലോകങ്ങൾ ബൃഹദ് വാമനപുരാണത്തിലേതാണെന്ന് വിവരണങ്ങളിൽ കാണുന്നു. ശ്രീകൃഷ്ണലീലകളും വൃന്ദാവനവുമെല്ലാം സവിസ്തരം ഈ പുരാണത്തിൽ വർണിക്കുന്നുണ്ട്.

**ബൃഹദ്‌വിഷ്ണു ധർമ്മപുരാണം** : വിഷ്ണുധർമ്മോത്തരപുരാണത്തെ അടിസ്ഥാനമാക്കി സ്വതന്ത്രമായി രചിക്കപ്പെട്ട ഒരു പുരാണമത്രെ ഇത്.

**ബൃഹദ്‌വിഷ്ണുപുരാണം** : വളരെ ബൃഹത്തായ ഈ പുരാണത്തിൽ 23000 ശ്ലോകങ്ങളുണ്ടായിരുന്നു എന്ന് മറ്റു വൈഷ്ണവ പുരാണങ്ങളിൽ കാണുന്നു.

**ബൃഹദ് നരസിംഹപുരാണം** : നരസിംഹപുരാണത്തിൽ നിന്നും തികച്ചും ഭിന്നമായി നരസിംഹാവതാരമാഹാത്മ്യം വാഴ്ത്തുന്ന ഒന്നാണ് ബൃഹദ് നരസിംഹപുരാണം.

**ആശ്ചര്യപുരാണം** : ദൗർവാസപുരാണം എന്നും അറിയപ്പെടുന്ന ഈ പുരാണത്തെക്കുറിച്ചുള്ള വിവരണം ലഭിക്കുന്നത് മറ്റു പുരാണ ഗ്രന്ഥങ്ങളിൽ നിന്നാണ്.

**കൗശികീ പുരാണം** : ഗരുഡകഥ, ശ്രീകൃഷ്ണചരിതം, വൈകുണ്ഠ വിവരണം എന്നിവയെല്ലാം പ്രതിപാദിക്കുന്ന കൗശികീപുരാണം പൂർണരൂപത്തിൽ ലഭിച്ചിട്ടില്ല.

**ലഘു ഭാഗവതപുരാണം** : ഗോവിന്ദനെ പ്രശംസിക്കുന്ന ഈ ഗ്രന്ഥത്തിൻെറ ബംഗാളിയിലുള്ള ഏതാനും ഗ്രന്ഥഭാഗങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

മാഘപുരാണം : സനത്കുമാരപുരാണം, ആംഗീരസപുരാണം, വിഷ്ണു ധർമ്മോത്തരാമൃതപുരാണം, വൃദ്ധപത്മപുരാണം എന്നിവ മേൽവിവരിച്ച പുരാണങ്ങൾപോലെ പൂർണമായും നഷ്ടപ്പെടുകയോ, ഏതാനും ഭാഗങ്ങൾമാത്രം ലഭിക്കുകയോ ചെയ്തിട്ടുള്ള പുരാണങ്ങളാണ്. ഇവയെക്കുറിച്ചുള്ള വിവരണങ്ങൾ മറ്റു പുരാണങ്ങളിലും ഗ്രന്ഥങ്ങളിലും കാണുന്നുണ്ട്.



Scanned with CamScanner

# വാത്മീകി രാമായണം

വേദങ്ങളിലും, പുരാണങ്ങളിലും, ഉപനിഷത്തുകളിലും വിവരിക്കുന്ന ആത്മീയ പന്ഥാവും, ധർമ്മശാസ്ത്രങ്ങളിലും സ്മൃതികളിലും വിവരിക്കുന്ന ധാർമ്മീക പന്ഥാവും, ഒരു മനുഷ്യജീവിതത്തിൽ എത്രത്തോളം പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്നറിയുന്നതിന് രാമായണത്തിലെ ശ്രീരാമൻെറ ജീവിതശൈലി മനസ്സിലാക്കണം. ധർമ്മാർത്ഥകാമമോക്ഷപ്രാപ്തി സാദ്ധ്യമാക്കുന്നതെങ്ങിനെയെന്ന് കഥാരൂപത്തിലുള്ള വിവരണമാണ് അവതാരപുരുഷനായ ശ്രീരാമനിലൂടെ വാൽമീകി നൽകുന്നത്.

ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ദാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം എന്നി 7 കാണ്ഡങ്ങളിലായി, 77,119, 75, 69, 68, 128, 11 എന്നീ ക്രമത്തിൽ അദ്ധ്യായങ്ങളാണ് വാത്മീകി രാമായണത്തിലുള്ളത്.

ബാലകാണ്ഡം : നാരദമഹർഷി വാത്മികിക്ക് നൽകുന്ന സംക്ഷിപ്തരാമകഥ, തമസാനദിതീരത്തിൽ അമ്പെയ്തുവീഴ്ത്തിയ ക്രൗഞ്ചമിഥുനദർശനം, രാമായണകഥ വിസ്തരിച്ചെഴുതുന്നതിന് വാത്മികിക്ക് ബ്രഹ്മാവു നൽകുന്ന ഉപദേശം, അയോദ്ധ്യരാജാവായ ദശരഥൻെറ പുത്രികമേഷ്ടിയാഗം, രാമലക്ഷ്മണ-ഭരത-ശത്രുഘ്ന ജനനം, അവരുടെ ബാല്യകാല്യവിവരണം, വിശ്വാമിത്രൻെറ യാഗരക്ഷക്കായി രാമലക്ഷ്മണപ്രയാണം, യാത്രാമധ്യേ അനേകം മഹർഷിമാരുടെ ആശ്രമദർശനം, ശതാനന്ദാശ്രമത്തിൽ ഋഷി ശതാനന്ദൻെറ ദർശനം, രാമലക്ഷ്മണന്മാർക്ക് ഋഷി നൽകുന്ന സുദീർഘമായ വിശ്വാമിത്ര കഥാവിവരണം, തദനന്തരം അവരുടെ ജനകരാജ്യപ്രവേശനം, ജനകപുത്രിയായ സീതയുമായുള്ള രാമവിവാഹനിശ്ചയം. വിവാഹത്തിന് കുലഗുരുവായ വസിഷ്ഠൻെറ അനുഗ്രഹം, യാത്രമധ്യേ പരശുരാമ-ശ്രീരാമദർശനം.

അയോദ്ധ്യാകാണ്ഡം : യുവരാജാവായി ശ്രീരാമപട്ടാഭിഷേക തീരുമാനം, കൈകേയിക്ക് മന്ദരയുടെ ദുരുപദേശം. കൈകേയിയുടെ ആവശ്യപ്രകാരം ശ്രീരാമൻെറ വനവാസത്തിനുള്ള തയ്യാറെടുപ്പ്, ലക്ഷ്മണനോടും സീതയോടും കൂടി ശ്രീരാമൻെറ വനവാസയാത്ര, ദുഃഖം തളം കെട്ടിനിൽക്കുന്ന അയോദ്ധ്യാപുരിയുടെ



Scanned with CamScanner

സുദീർഘവിവരണം, ഗംഗാനദി കടന്ന് രാമാദികളുടെ ശൃംഗവേർപുര പ്രവേശനം, തുടർന്ന്, കാളിന്ദിനദിയും ചിത്രകൂടവും കടന്ന് ദക്ഷിണ ദിശയിലേക്കുള്ള യാത്രയുടെ സവിസ്തരവിവരണം.

രാജ്യഭാരം ഏൽക്കാൻ വസിഷ്ഠനിർദ്ദേശപ്രകാരം മാതുലഗൃഹത്തിൽ നിന്നുള്ള ഭരതന്റെ വരവ്, ദുഃഖനിമഗ്നമായ അയോദ്ധ്യയിലെ ജനങ്ങളെ കണ്ട ഭരതന്റെ കൈകേയിയുമായുള്ള സംവാദം, ദുഃഖഭാരത്താൽ ദശരഥന്റെ മരണം, ഭരതൻ നടത്തുന്ന ദശരഥന്റെ അന്ത്യകർമ്മങ്ങൾ, ഗുഹൻ-വസിഷ്ഠൻ-ഭരദ്വാജൻ തുടങ്ങിയവരുമായി ഭരതന്റെ രാമദർശനത്തിനായുള്ള ചിത്രകൂടപ്രവേശനം, പിതാവിന്റെ വാക്കുകൾ പാലിക്കപ്പെടുന്നതിനായി ഭരതൻ രാജ്യഭാരം നിർവ്വഹിക്കണമെന്ന ശ്രീരാമപുനർനിർദ്ധേശം സ്വീകരിച്ച് രാമപാദുകവുമായി ഭരതന്റെ മടക്കയാത്ര, ചിത്രകൂടത്തിൽനിന്നും രാമലക്ഷ്മണന്മാരുടെ ദണ്ഡകവനപ്രവേശനം.

ആരണ്യകാണ്ഡം : ദണ്ഡകവനത്തിൽ വെച്ച് വിരാധവധം, ധർമ്മഭൃത്തിന്റെയും സുതീഷ്ണയുടെയും ആശ്രമത്തിലെ വാസം, അഗസ്ത്യമുനിദർശനം, പഞ്ചവടിയിൽ ആശ്രമം നിർമ്മിച്ച് വസിക്കുവാനുള്ള അഗസ്ത്യോപദേശം, ലക്ഷ്മണൻ ശൂർപ്പണഖയുടെ നാസികയും ചെവിയും മുറിച്ച വിവരമറിഞ്ഞ 14 രാക്ഷസന്മാരുടെ ആക്രമണവും അകമ്പനാർ എന്ന രാക്ഷസൻ ഒഴികെയുള്ളവരുടെ വധവും, ശ്രീരാമപരാക്രമത്തെക്കുറിച്ചും സീതയുടെ സൗന്ദര്യത്തെക്കുറിച്ചും രാവണന് അകമ്പനാർ നൽകുന്ന സന്ദേശം, സീതാപഹരണത്തിന് അകമ്പനാർ നൽകുന്ന പ്രോത്സാഹനം, ആകാശമാർഗേ വന്ന് സീതയെ അപഹരിക്കുവാൻ ശൂർപ്പണഖയുടെ ഉപദേശം, രാവണ ഭീക്ഷണി ഭയന്ന് മാരീചന്റെ സഹായത്താൽ നടത്തുന്ന സീതാപഹരണം, രാവണനുമായുള്ള സംഘട്ടനത്തിൽ ജഡായുവിന്റെ പതനം, പമ്പാനദിയുടെ മുകളിലൂടെയുള്ള രാവണയാത്ര, രാക്ഷസി-രാക്ഷസന്മാർ സീതാദേവിക്ക് നൽകുന്ന വരവേൽപ്പ്, സീതയുടെ ഏകാന്തവാസം.

സീതാവിരഹത്താൽ ദുഃഖിതനായ രാമന്റെ ജഡായുദർശനം, കബന്ധരാക്ഷസൻ ശ്രീരാമനു നൽകുന്ന ലങ്കാപുരിയുടെയും രാവണന്റെയും വിവരണം, സുഗ്രീവന്റെ സഹായത്താൽ സീതാന്വേഷണം നടത്താനുള്ള കബന്ധന്റെ ഉപദേശം, പമ്പാതീരത്ത് രാമലക്ഷ്മണൻമാർക്ക് ശബരി നൽകുന്ന സ്വീകരണം, സീതാന്വേഷണത്തിന് സുഗ്രീവസഹായം സ്വീകരിക്കുവാനുള്ള ശബരിയുടെയും ഉപദേശം.



Scanned with CamScanner

കിഷ്കിന്ദാകാണ്ഡം : സുഗ്രീവ ദർശനാർത്ഥം രാമലക്ഷ്മണന്മാരുടെ കിഷ്കിന്ദായാത്ര, ബ്രാഹ്മണരൂപത്തിൽ വന്ന ഹനുമാനുമായുള്ള സംവാദം, സുഗ്രീവൻെറ മൈത്രീബന്ധസ്ഥാപനം, ബാലീസുഗ്രീവ വൈരത്തിൻെറ കഥ, ശ്രീരാമ അനുവാദത്തോടെയുള്ള ബാലിസുഗ്രീവയുദ്ധം, ബാലിവധം, കിഷ്കിന്ദാധിപതിയായി സുഗ്രീവപട്ടാഭിഷേകം, വർഷഋതുവിനുശേഷം സുഗ്രീവസമേതരായി രാമലക്ഷ്മണാദികളുടെ സീതാന്വേഷണം, സമുദ്രം മറികടക്കാൻ ഹനുമാന് ജാംബവാൻ നൽകുന്ന പ്രോത്സാഹനം.

സുന്ദരകാണ്ഡം : ഹനുമാൻെറ ആകാശമാർഗേയുള്ള ലങ്കായാത്ര, കടലിൽ നിന്നുയർന്ന മൈനാകപർവ്വതത്തിൽ വിശ്രമിക്കാനുള്ള അഭ്യർത്ഥന നിരസിക്കുന്നത്, സുരസനും സിംഹിയും സൃഷ്ടിച്ച മാർഗതടസം നീക്കിയുള്ള ഹനുമത്യാത്ര, ലങ്കാപ്രവേശനം, അശോകവനത്തിൽ രാവണൻ സീതയെ ഭാര്യയാക്കുവാൻ നടത്തുന്ന ശ്രമം കണ്ട് രാക്ഷസകുലത്തിന് സംഭവിക്കുവാൻ പോകുന്ന സർവ്വ നാശത്തെക്കുറിച്ച് തൃജഡ നൽകുന്ന മുന്നറിയിപ്പ്, രാവണസേന ഹനുമാനെ ആക്രമിച്ച് ഇന്ദ്രജിത്തിൻെറ ബ്രഹ്മാസ്ത്രപ്രയോഗത്താൽ ഹനുമത്ബന്ധനം, ലങ്കാദഹനത്തിൻെറ സുദീർഘമായ വിവരണം, ഹനുമാൻെറ തിരിച്ചുവരവ്, സീതാദർശന സന്ദേശവുമായി ഹനുമാൻ രാമസന്നിധിയിലെത്തുന്നതിൻെറ വിവരണം.

യുദ്ധകാണ്ഡം : സുഗ്രീവൻെറ നേതൃത്വത്തിൽ വാനരസേനയോടുകൂടി ലങ്കയിലേക്കുള്ള ശ്രീരാമൻെറ പുറപ്പാട്, സേതുബന്ധനം, കത്തിക്കരിഞ്ഞ ലങ്കാപുരി കണ്ട് വിഭീഷണദുഃഖം, വിഭീഷണൻെറ അഭയസ്വീകരണം, രാവണദൂതനായ ശാദൂലൻ നൽകുന്ന രാമസൈന്യവിവരണം, രാമസൈന്യത്തിൻെറ ലങ്കാപ്രവേശനം, സുഗ്രീവസൈന്യവും രാവണസൈന്യവുമായുള്ള യുദ്ധവിവരണം, ബ്രഹ്മാസ്ത്രത്താൽ മോഹാലസ്യപ്പെട്ട രാമസൈന്യത്തെ ഉണർത്തുന്നതിനായുള്ള ഔഷധങ്ങൾക്കുവേണ്ടി ഹിമാലയത്തിലേക്കുള്ള ഹനുമത്യാത്ര, ലക്ഷ്മണന് വിശല്യൻ നൽകുന്ന ചികിത്സ, ഇന്ദ്രജിത്, കുംഭകർണൻ തുടർന്ന് രാവണൻെറയും വധം, ലങ്കാപതിയായി വിഭീഷണപട്ടാഭിഷേകം, സീതാ-രാമസംഗമം, സീതയുടെ അഗ്നിപരീക്ഷണം, പുഷ്പവിമാനത്തിൽ അയോദ്ധ്യയിലേക്കുള്ള യാത്രാമദ്ധ്യേ ഭരദ്വാജാശ്രമത്തിൽ ഭരതനുമായുള്ള സമാഗമം, പുഷ്പക വിമാനയാത്രയുടെ സുദീർഘമായ വിവരണം, രാമാദികളുടെ അയോദ്ധ്യാപ്രവേശനം, രാമപട്ടാഭിഷേകം, പട്ടാഭിഷേകാനന്തരം വിഭീഷണസുഗ്രീവാദികളുടെ സ്വദേശയാത്ര,



Scanned with CamScanner

ശ്രീരാമൻ ഭരണഭാരം ഏറ്റെടുക്കുന്നതിനുശേഷമുള്ള അയോദ്ധ്യനഗരിയുടെ സവിസ്തര വിവരണം.

ഉത്തരകാണ്ഡം : അയോദ്ധ്യയിലേക്കു വരുന്ന അനേകം ഋഷിമാർക്ക് രാമൻ നൽകുന്ന സ്വീകരണം, ഋഷിമാർ വിവരിക്കുന്ന ഉപദേശങ്ങളും, കഥകളും, രാവണൻെറയും ഇന്ദ്രജിത്തിൻെറയും പൂർവ്വകാലചരിത്രം, രാവണ-യമയുദ്ധം, യക്ഷ-രാവണയുദ്ധം, ശൂർപ്പണഖ-കുംഭകർണ്ണ ചരിതം, ബലി-രാവണദർശനം, ഹനുമത്ചരിതം.

സീതയെക്കുറിച്ചുള്ള അപവാദശ്രവണം, സീതയെ വനത്തിലുപേക്ഷിക്കുവാൻ ലക്ഷ്മണന് രാമൻ നൽകുന്ന നിർദ്ദേശം, സീതയുടെ വാത്മീകിആശ്രമവാസം, ലവണരാജ്യാധിപതിയായ മധു എന്ന അസുര ചക്രവർത്തിയുടെ ചെയ്തികളിൽനിന്നും പ്രജകളെ മുക്തനാക്കുന്നതിന് ശത്രുഘ്നൻെറ പുറപ്പാട്, അസുരനിഗ്രഹം, ലവണരാജ്യാധിപതിയായി ശത്രിഘ്നൻെറ പട്ടാഭിഷേകം, ശൂദ്ര സ്ത്രീയിൽ ജനിച്ച ശംഭുകൻ എന്ന താപസസന്നിധിയിലേക്ക് ശ്രീരാമഗമനം, അവിടെവച്ച് രാമൻെറ അഗസ്ത്യദർശനം, അശ്വമേധയാഗം നടത്താനുള്ള തീരുമാനം, ലോഹനിർമ്മിതമായ സീതാവിഗ്രഹസാന്നിദ്ധ്യത്തിൽ അശ്വമേധയാഗാരംഭം, യാഗാശ്വത്തിൻെറ ദേശാടനം, ലക്ഷ്മണനേതൃത്വത്തിലുള്ള കുതിരയെ ലവകുശന്മാർ വാത്മീകി ആശ്രമത്തിൽവച്ച് ബന്ധിക്കുന്നതും വാത്മീകിയുടെ ഉപദേശമനുസരിച്ച് യജ്ഞശാലയിൽ ലവകുശൻമാരുടെ രാമായണ കഥാലാപനവും. യജ്ഞശാലയിൽ സീതയുടെ രാമദർശനം, ഭൂമിപിളർന്ന് സീതാദേവിയുടെ അന്തർദ്ദാനം, സ്വർഗത്തിൽവച്ച് സീതയെ വീണ്ടും കാണുവാൻ സാധിക്കുമെന്ന ആശ്വാസവചനങ്ങളുമായി ഋഷിമാരുടെ രാമസാന്ത്വനം.

താപസരൂപത്തിൽ ശ്രീരാമസന്നിധിയിലേക്ക് മൃത്യുദേവനായ കാലൻെറ ആഗമനം, ശ്രീരാമ-താപസ സംവാദസമയത്ത് ദ്വാരപാലകനായ ലക്ഷ്മണനിർദ്ദേശം വകവെക്കാതെ രാമദർശനത്തിനായി ദുർവാസ ഋഷിപ്രവേശനം, ഋഷിയുടെ ശാപം ഭയന്ന ലക്ഷ്മണൻെറ സംവാദസഭാപ്രവേശനം, താപസനു നൽകിയ വാഗ്ദാനപാലനത്തിനായി ലക്ഷ്മണ വധത്തിനു പകരമായി ലക്ഷ്ണ പരിത്യാഗം, സരയൂനദിയിൽ ലക്ഷ്മണൻെറ ദേഹത്യാഗം, അന്ത്യത്തിൽ സരയൂനദിയിൽ ശ്രീരാമദേഹത്യാഗം, രാമായണ ഇതിഹാസപഠന ശ്രവണഫലം.



Scanned with CamScanner

വാൽമീകി രാമായണകഥാവിഷയത്തിലും വിവരണത്തിലും ദേശകാലാദിസ്ഥാനത്തിൽ ചെറിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. രാമായണത്തിലെ പ്രസക്തമായ പല ഭാഗങ്ങളും പുരാണങ്ങളിൽ വിവരിക്കുന്നുമുണ്ട്. രാമായണകഥയുടെ സമ്പൂർണ്ണസംക്ഷിപ്തം മഹാഭാരതത്തിലും വരുന്നുണ്ട്. ഈ വിവരണങ്ങൾ പലതും വാൽമീകിരാമായണത്തിൽ നിന്നും അൽപം ഭിന്നമായതുകൊണ്ടാണ് ചിലപ്പോൾ ശ്രീരാമകഥാപ്രവചനത്തിൽ വ്യത്യാസം വരുന്നത്.



Scanned with CamScanner

# മഹാഭാരതം

ലോക സാഹിത്യഗ്രന്ഥങ്ങളിൽ ഏറ്റവും വലിയ കൃതിയത്രെ മഹാഭാരതം. രണ്ടു പുരാതന ഇതിഹാസഗ്രന്ഥങ്ങളായ ഇലിയഡും, ഒഡിസിയും ഒരുമിച്ചു ചേർത്താൽ മഹാഭാരതത്തിൻെറ എട്ടിലൊന്നു വലിപ്പം മാത്രമേ അതിനുണ്ടാകുകയുള്ളൂ. വേദവ്യാസൻ മഹാഭാരതം ശിഷ്യനായ വൈശമ്പായനന് ഉപദേശിക്കുകയും അദ്ദേഹത്തിൽ നിന്നും പരീക്ഷിത്ത് മഹാരാജാവിൻെറ പുത്രനായ ജനമേജയൻ നടത്തുന്ന സർപ്പസത്രത്തിൽ, ജനമേജയന് വിവരിച്ചുകേൾപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇക്കഥയാകട്ടെ നൈമിഷാരണ്യത്തിലെ സൂതമഹർഷിയിൽ നിന്നും ശൗനകാദിമഹർഷിമാർക്ക് വിവരിക്കുന്ന വിധത്തിലാണ് അവതരണം.

ബൃഹത്തായ 18 പർവ്വങ്ങളടങ്ങുന്നതാണ് മഹാഭാരതം. ശ്രീകൃഷ്ണ ചരിതമടങ്ങുന്ന 19-ാം പർവ്വം ഹരിവംശപർവ്വം പ്രത്യേകമായി ഗണിക്കപ്പെടുന്നു. ഇത്രയും പർവ്വങ്ങളെ അനേകം ഉപപർവ്വങ്ങളായും ഇവയെ വീണ്ടും അദ്ധ്യായങ്ങളായും ഭാഗിച്ചിട്ടുണ്ട്. രണ്ടായിരത്തിൽപരം അദ്ധ്യായങ്ങളുള്ള വ്യാസമഹാഭാരതത്തിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം ശ്ലോകങ്ങളാണുള്ളത്. തർജ്ജമ ചെയ്യപ്പെടുമ്പോഴും വിവിധ ദേശങ്ങളിൽ മഹാഭാരതം പ്രസിദ്ധീകരിക്കുമ്പോഴും ശ്ലോകസംഖ്യകളിൽ ചില മാറ്റങ്ങൾ വരുന്നതായി കണ്ടിട്ടുണ്ട്.

മഹാഭാരതത്തിലെ 18 പർവ്വങ്ങൾ യഥാക്രമം ആദിപർവ്വം, സഭാപർവ്വം, വനപർവ്വം, വിരാടപർവ്വം, ഉദ്യോഗപർവ്വം, ഭീഷ്മപർവ്വം, ദ്രോണപർവ്വം, കർണ്ണപർവ്വം, ശല്യപർവ്വം, സൗപ്തികപർവ്വം, സ്ത്രീപർവ്വം, ശാന്തിപർവ്വം, അനുശാസനപർവ്വം, അശ്വമേധപർവ്വം, ആശ്രമവാസികാപർവ്വം, മൗസലപർവ്വം, മഹാപ്രസ്ഥാനപർവ്വം, സ്വർഗാരോഹണപർവ്വം എന്നിവയാണ്. പർവ്വക്രമത്തിൽ മഹാഭാരതകഥ ഇപ്രകാരമാണ്.

ആദിപർവ്വം : പതിനെട്ട് ഉപപർവ്വങ്ങളിലായി 248 അദ്ധ്യായങ്ങളാണ് അദിപർവ്വത്തിലുള്ളത്. വ്യാസവിവരണപ്രകാരം മഹാഗണപതിയുടെ മഹാഭാരത രചന, ഭാരത കഥാസംഗ്രഹം, തുടർന്ന് കഥാരംഭം, പൗഷ്യ രാജസന്നിധിയിലേയ്ക്ക് ഒരു കുണ്ഡലം ഗുരുദക്ഷിണക്കായി



Scanned with CamScanner

കൊണ്ടുപോയ ഉത്തങ്കമഹർഷിയിൽ നിന്ന് തക്ഷകൻെറ കുണ്ഡലാപഹരണം, തക്ഷകനിൽനിന്ന് കുണ്ഡലം വീണ്ടെടുത്ത് മഹർഷി നടത്തുന്ന ഗുരുദക്ഷിണ സർപസത്രത്തിലൂടെ തക്ഷകൻെറ വംശനാശം വരുത്തുവാൻ ജനമേജയ രാജനോട് ഉത്തങ്കൻെറ അഭ്യർത്ഥന.

നായാട്ടിനുപോയ പരീക്ഷിത് മഹാരാജൻ ഉന്നം വെച്ച മാൻ അപ്രത്യക്ഷമായപ്പോൾ രാജൻ, മാൻപോയവഴി ഏതെന്ന് ധ്യാനത്തിലിരിക്കുന്ന ശമീകമഹർഷിയോടന്വേഷിക്കുന്നു, മറുപടി ലഭിക്കാത്തതിനാൽ ചത്ത പാമ്പിന ഋഷിയുടെ കഴുത്തിലിടുന്നു, പിതാവിനെ അപമാനിച്ചതിൽ കുപിതനായ ഋഷിപുത്രൻ ശൃംഗി, പരീക്ഷിത്ത്രാജാവ് സർപദംശനമേറ്റ് മരിക്കുമെന്ന് ശപിക്കുന്നു, സർപദംശത്തിന് പ്രതികാരാഗ്നിയുമായി പരീക്ഷിത്തിൻെറ പുത്രൻ ജനമേജയൻ സർവ്വ സർപ്പങ്ങളുടെയും വംശനാശത്തിനായി യാഗമാരംഭിക്കുന്നു, സർപ്പസത്രത്തിൽ പാണ്ഡവ-കൗരവാദികളുടെ കഥാവിവരണം, ആദിത്യവംശത്തിലെ ശകുന്തള-യയാതി-ഭീഷ്മ-ധൃതരാഷ്ട്ര-പാണ്ഡു-വിദുരാദികളുടെ ജനനകഥകൾ, പാണ്ഡവ - കൗരവാദികളുടെ ജനനം-ബാല്യം-വിദ്യാഭ്യാസം-പരസ്പരകലഹം, കലഹത്തെക്കുറിച്ചുള്ള ധൃതരാഷ്ട്രവിലാപം, ഗുരുജനങ്ങളായാലും ബന്ധുക്കളായാലും രാജ്യാധികാരിക്കെതിരായി നിന്നാൽ അവരെ നശിപ്പിക്കണമെന്ന കണികനെന്ന മന്ത്രി, ധൃതരാഷ്ട്രർക്കു നൽകുന്ന ഉപദേശം, പാണ്ഡവർ എതിരായി നിന്നാൽ അവരെ നശിപ്പക്കണമെന്ന കണിക ഉപദേശം. പാണ്ഡവർക്കെതിരെ കൗരവരുടെ ദ്വേഷ്യപ്രകടനം, പാണ്ഡവരുടെ വാരണാവതയാത്ര, ഹിഡുംബവധം, ഘടോൽകച ജനനം, ബകവധം, പാഞ്ചാലദേശത്ത് വസിഷ്ഠദർശനം, ദ്രൗപതീവിവാഹം, തദവസരത്തിൽ ശ്രീകൃഷ്ണസമ്മാനദാനം, അർജ്ജുനൻെറ സുഭദ്രാഹരണം, അഗ്നിയിൽ നിന്ന് അർജ്ജുനൻെറ ഗാണ്ഡീവസ്വീകരണം, പാണ്ഡവരുടെ മയദർശനം, ഇവയാണ് ആദിപർവ്വത്തിലെ കഥാഭാഗം.

സഭാപർവ്വം : പത്ത് ഉപ പർവ്വങ്ങളായിട്ടാണ് സഭാപർവ്വം വിഭജിച്ചിരിക്കുന്നത്. അസുരശിൽപ്പിയായ മയൻെറ പാണ്ഡവർക്കുള്ള സഭാനിർമ്മാണം, കൃഷ്ണൻ - പാണ്ഡവർ-സുഹൃത്തുക്കൾ എന്നിവരുടെ സഭാപ്രവേശനം, സഭാമഹത്വ വിവരണം, സഭയിൽ പാണ്ഡവരുടെ രാജസൂയയാഗം, അസുരരാജസന്നിധിയിൽ ദ്വന്ദയുദ്ധത്തിലൂടെ ജരാസന്ധവധം, രാജസൂയയാഗത്തിന്റെ ഭാഗമായി പാണ്ഡവരുടെ നാലുദിക്കി



Scanned with CamScanner

ലേക്കുള്ള ജൈത്രയാത്രയും ദിഗ്വിജയവും, യാഗാവസരത്തിലെ ശ്രീകൃഷ്ണപൂജ ദർശിച്ച് ശിശുപാലന്റെ അവഹേളനം, ശ്രീകൃഷ്ണൻ നടത്തുന്ന ശിശുപാലവധം, പാണ്ഡവസഭയിൽ ദുര്യോധനനു ണ്ടാകുന്ന സ്ഥലഭ്രംശം കണ്ട് പാഞ്ചാലിയുടെ പൊട്ടിച്ചിരി, ശകുനിയുടെ ഉപദേശപ്രകാരം കുരുപാണ്ഡവരുടെ ചൂതുകളി, കള്ളക്കളിയിലൂടെ ദുര്യോധനജയം, ചൂതുകളിയിൽ പണയംവെച്ച പാഞ്ചാലിയെ പാണ്ഡവസഭയിൽ വെച്ച് ചിരിച്ചവഹേളിച്ചതിന് വസ്ത്രാക്ഷേപം നടത്തി ആക്ഷേപിക്കുന്നു. ദുര്യോധനന്റെ ദാസിയാകുവാൻ പാഞ്ചാലിയോട് കർണന്റെ അവഹേളനാ രൂപത്തിലുള്ള ഉപദേശം, കൗരവസഭയിൽ കണ്ട ദുശ്ശകുനങ്ങൾ വിവരിച്ച് ഗാന്ധാരിയും വിദുരരും പാണ്ഡവരെ മോചിപ്പിക്കുവാൻ ധൃതരാഷ്ട്രർക്ക് നൽകുന്ന ഉപദേശം, ഇന്ദ്രപ്രസ്ഥത്തിലേക്കു തിരിച്ച പാണ്ഡവരെ വീണ്ടും ചൂതിനു ക്ഷണിച്ച് പരാജയപ്പെടുത്തി 12 വർഷം വനവാസയാത്രക്കയ ക്കുന്നതുമാണ് ഈ പർവ്വത്തിലെ കഥാസാരം.

വനപർവ്വം : 22 ഉപ പർവ്വങ്ങളിലായി 315 അദ്ധ്യായങ്ങളാണി തിലുള്ളത്. പാണ്ഡവരുടെ കാമ്യകവനയാത്ര, പാണ്ഡവരെ വധിക്കുവാൻ ദുര്യോധനാദികൾ നടത്തുന്ന ശ്രമം, പാണ്ഡവരുടെ മഹത്വം വർണ്ണിക്കുവാൻ വിദുരൻ വിവരിക്കുന്ന കിർമ്മീര രാക്ഷസവധ ചരിതം, വനത്തിൽവെച്ച് കൃഷ്ണദർശനം, അനേകം മഹർഷിമാർ പാണ്ഡവർക്ക് നൽകുന്ന ധർമ്മോപദേശം, ശിവതപസിലൂടെ അർജ്ജുനന്റെ പാശുപതാസ്ത്ര സ്വീകരണം, ബൃഹദശ്വൻ പാണ്ഡവർക്ക് വിവരിക്കുന്ന നളചരിതകഥ, ഭാരതത്തിലെ പുണ്യക്ഷേത്രങ്ങൾ, നദികൾ എന്നിവയെക്കുറിച്ച് നാരദൻ നൽകുന്ന സുദീർഘവിവരണം, പാണ്ഡവാദികളുടെ സുദീർഘമായ അനേകം തീർത്ഥയാത്രകൾ, അഗസ്ത്യ-ഋഷ്യശൃംഗ തുടങ്ങിയ പ്രസിദ്ധരായ അനവധി ഋഷ്യമാരുടെ ചരിതവർണ്ണനം, പാണ്ഡവരുടെ കുബേരരാജധാനീവാസം, ഇന്ദ്രലോകത്ത് നിന്ന് അർജ്ജുനന്റെ വരവ്, മാർക്കണ്ഡേയമുനി ദർശനം, അനേകം മഹർഷിമാരെക്കുറിച്ചും രാജവംശത്തെക്കുറിച്ചും മാർക്കണ്ഡേയൻ നൽകുന്ന ഉപദേശം, വനത്തിലൂടെ യാത്രചെയ്ത കൗരവാദികളെ ഗന്ധർവാദികളിൽ നിന്ന് പാണ്ഡവർ മോചിപ്പിക്കുന്ന സംഭവം അറിഞ്ഞ ഭീഷ്മരുടെ സദുപദേശം, ദുര്യോധനന്റെ വൈഷ്ണവയാഗം, പാണ്ഡവർക്ക് വ്യാസൻ നൽകുന്ന സാരോ പദേശം, പാഞ്ചാലിയെ അപഹരിച്ച രാക്ഷസന്മാരെ ഭീമൻ വധിക്കുന്നത്. പാണ്ഡവരെ ആശ്വസിപ്പിക്കുവാൻ മാർക്കണ്ഡേയൻ



Scanned with CamScanner

നൽകുന്ന സുദീർഘമായ രാമായണകഥയും, സത്യവാൻ സാവിത്രി കഥയും, കർണ്ണൻ തന്റെ കവചം ബ്രാഹ്മണരൂപത്തിൽ വന്ന ഇന്ദ്രനു ദാനം ചെയ്തകഥ, അനുവാദമില്ലാതെ യക്ഷസരസിൽ നിന്ന് ജലപാനം നടത്തിയ പാണ്ഡവസഹോദരങ്ങൾക്കുണ്ടായ സംഭവവിവരണം, എന്നീ കഥാഭാഗം ഈ പർവ്വത്തിൽ വിവരിക്കുന്നു.

വിരാടപർവ്വം : പാണ്ഡവരുടെ വനവാസമാണ് 72 അദ്ധ്യായ വിഷയങ്ങൾ. വിരാടരാജസന്നിധിയിൽ പാണ്ഡവരുടെ അജ്ഞാതവാസം, പാഞ്ചാലിയെ അപഹരിച്ച കീചകവധം, ത്രിഗർത്ത രാജാവിന്റെ വിരാടദേശാക്രമണം, വിരാടദേശം ആക്രമിച്ച ദുര്യോധന സേനയെ വേഷപ്രച്ഛന്നരായ പാണ്ഡവർ പരാജയപ്പെടുത്തുന്നു. അജ്ഞാതവാസത്തിനുശേഷം വിരാടരാജപുത്രി ഉത്തരയെ അർജ്ജുനപുത്രൻ അഭിമന്യു വിവാഹം കഴിക്കണമെന്ന ഭ്യർത്ഥിക്കുന്നു. വിരാടപർവ്വത്തിലെ കഥാസാരം ഇത്രയുമാണ്.

ഉദ്യോഗപർവ്വം : പത്ത് ഉപ പർവ്വങ്ങളിലായി 198 അദ്ധ്യായങ്ങളാണ് ഈ പർവ്വത്തിലുള്ളത്. വനവാസം കഴിഞ്ഞ പാണ്ഡവർക്ക് ഇന്ദ്രപ്രസ്ഥം തിരിച്ചു നൽകണമെന്ന ബ്രാഹ്മണദൂതസന്ദേശം, തുടർന്ന് പാണ്ഡവരുടെ അവകാശം നേടുവാൻ യുദ്ധം ചെയ്യുവാനും സന്നദ്ധരാണെന്ന കൃഷ്ണസന്ദേശം, പാണ്ഡവ-കൗരവപക്ഷങ്ങളുടെ യുദ്ധസന്നാഹം, യാദവസൈന്യം വേണമെന്ന കൃഷ്ണനോടുള്ള കൗരവ അഭ്യർത്ഥന, യുദ്ധം ഒഴിവാക്കാനായി കൗരവസഭയിലേയ്ക്ക് ശ്രീകൃഷ്ണ ദൂത്, കൗരവസഭയിൽ ശ്രീകൃഷ്ണസ്വീകരണവും മഹർഷിമാരുടെ കൃഷ്ണമാഹാത്മ്യവർണ്ണനവും, കൗരവദൗശ്ശാഠ്യം ആപത്തു വരുത്തുമെന്ന് ഋഷിമാരുടെ ഉപദേശം, കൃഷ്ണനെ പിടിച്ചുകെട്ടുവാനുള്ള ദുര്യോധനഭീഷണി, കൃഷ്ണന്റെ വിശ്വരൂപദർശനം, യുദ്ധത്തിന് തയ്യാറാകുവാൻ ധർമ്മപുത്രർക്ക് കുന്തിയുടെ സന്ദേശം, പാണ്ഡവപക്ഷം ചേരുവാൻ കർണ്ണനോട് കുന്തിയുടെ അഭ്യർത്ഥന, ശ്രീകൃഷ്ണനേതൃത്വത്തിൽ പാണ്ഡവസൈന്യസജ്ജീകരണം.

ഇരുപക്ഷസൈന്യങ്ങളുടെയും കുരുക്ഷേത്രപ്രവേശനം, ബലഭദ്രന്റെ തീർത്ഥയാത്ര, ദിവ്യദൃഷ്ടിയിലൂടെ സഞ്ജയന്റെ യുദ്ധ വിവരണം, കൗരവമുഖ്യരെക്കുറിച്ച് ഭീഷ്മർ നൽകുന്ന വിവരണം, ശിഖണ്ഡിയുടെ പൂർവ്വജന്മകഥ - ഇത്രയുമാണ് ഉദ്യോഗ പർവ്വകഥാസാരം.

ഭീഷ്മപർവ്വം : നാല് ഉപപർവ്വങ്ങളായി 122 അദ്ധ്യായങ്ങളിൽ ഭീഷ്മ പിതാമഹന്റെ സേനാനായകത്വത്തിൽ നടക്കുന്ന യുദ്ധവിവരണ



Scanned with CamScanner

മാണി പർവ്വം. ദിവ്യദൃഷ്ടിയാൽ സഞ്ജയൻ നൽകുന്ന വിവരണം, ഭാരതഭൂമിയുടെ വിവരണം, യുദ്ധഭൂവർണ്ണനം, ഇരു സേനകളുടെയും ശക്തന്മാരുടേയും വിസ്തരിച്ചുള്ള വിവരണം, ശ്രീകൃഷ്ണൻ നൽകുന്ന ഗീതോപദേശം, 9-ാംദിവസം അർജ്ജുന ശരങ്ങളേറ്റ് ഭീഷ്മർ ശരശയ്യയിൽ കിടക്കുന്നതുവരെ നടക്കുന്ന യുദ്ധത്തിന്റെ സുദീർഘമായ വിവരണം, ദേഹത്യാഗത്തിന് ഉത്തരായണവും പ്രതീക്ഷിച്ചുകൊണ്ട് ഭീഷ്മരുടെ ശരശയ്യാശയനം.

ദ്രോണപർവ്വം : എട്ട് ഉപപർവ്വങ്ങളിലായി 204 അദ്ധ്യായങ്ങളിൽ ദ്രോണനേതൃത്വത്തിലെ യുദ്ധവിവരണം, ഭയങ്കരമായ യുദ്ധം, യുദ്ധത്തിൽ വധിക്കുന്നവരുടെയും വധിക്കപ്പെടുന്നവരുടെയും വിവരണം, ധൃതരാഷ്ട്രവിലാപം, അസ്ത്രങ്ങളുടെ ചരിതം, അഭിമന്യുവധം, ജയദ്രഥവധം, പുത്രശോകത്താൽ തളർന്ന ദ്രോണൻെറ വധം.

കർണ്ണപർവ്വം : ഈ പർവ്വത്തിൽ 97 അദ്ധ്യായങ്ങളിലായി ഉപ പർവ്വങ്ങളില്ലാതെ കർണ്ണനേതൃത്വത്തിലുള്ള യുദ്ധവിവരണം നൽകുന്നു. യുദ്ധത്തിൽ മരിച്ച ഇരുപക്ഷത്തിലെയും പ്രധാനികളുടെ ചരിത്രം സഞ്ജയൻ ധൃതരാഷ്ട്രർക്ക് കേൾപ്പിക്കുന്നു. തുടർന്ന് 16-ാം ദിവസയുദ്ധവിവരണം, ശല്യരുടെ കർണ്ണസാരഥ്യം, ദുശ്ശാസനവധം തുടർന്ന് കർണ്ണശിരച്ഛേദം.

ശല്യപർവ്വം : മൂന്ന് ഉപപർവ്വങ്ങളിലായി 65 അദ്ധ്യായങ്ങളിൽ ശല്യരുടെ സേനാനായകത്വത്തിലുള്ള യുദ്ധവിവരണമാണ് വിഷയം. പാണ്ഡവരുമായി സന്ധിയാണ് ഉത്തമമെന്ന കൃപരുടെയും അശ്വത്ഥാമാവിൻെറയും ഉപദേശം സ്വീകരിക്കാതെ ശല്യരുടെ നേതൃത്വത്തിലുള്ള യുദ്ധം, 18-ാം ദിവസയുദ്ധത്തിൽ ധർമ്മപുത്രർ നടത്തുന്ന ശല്യവധം, കൗരവസൈന്യപലായനം, ദുരോധനൻെറ പലായനം, ദുര്യോധനനുമായി പാണ്ഡവരുടെ അവസാനയുദ്ധം, ഗദായുദ്ധത്തിൽ ദുര്യോധനപരാജയം, തീർത്ഥയാത്ര കഴിഞ്ഞെത്തിയ ബലരാമൻെറ യാത്രാവിവരണം.

സൗപ്തികപർവ്വം : രണ്ട് ഉപപർവ്വങ്ങളിലായി 18 അദ്ധ്യായങ്ങളാണി തിലുള്ളത്. രാത്രയിൽ ഉറങ്ങിക്കിടന്ന പാണ്ഡവരെ അശ്വത്ഥാമാവി ൻെറ നേതൃത്വത്തിൽ ആക്രമിക്കുന്നു, പാണ്ഡവവീരരിൽ ചിലരുടെ വധം. ഗംഗാതടത്തിൽവെച്ച് ഭീമ-അശ്വത്ഥാമായുദ്ധം, യുദ്ധാന്ത്യത്തിൽ വ്യാസൻെറ ശാന്തിക്കുള്ള അഭ്യർത്ഥന, അശ്വത്ഥാമാവിൻെറ വനവാസം.



Scanned with CamScanner

സ്ത്രീപർവ്വം : രണ്ട് ഉപപർവ്വങ്ങളാണിതിലുള്ളത്. ധൃതരാഷ്ട്ര വിലാപം, യാദവവംശത്തിൻെറ സർവ്വനാശത്തിന് ഗാന്ധാരിശാപം, ധൃതരാഷ്ട്രരുടെ ഭീമാലിംഗനം, 27 അദ്ധ്യായങ്ങളിലെ കഥാസാര മിതാണ്.

ശാന്തിപർവ്വം : സുദീർഘമായ 366 അദ്ധ്യായങ്ങൾ രണ്ടുപർവ്വങ്ങളിലായി വിഭജിച്ചിരിക്കുന്നു. വാനപ്രസ്ഥത്തിനൊരുങ്ങിയ ധർമ്മപുത്രരെ രാജ്യഭാരം ഏൽപ്പിക്കാൻ മഹർഷിമാർ നൽകുന്ന ഉപദേശം, പാണ്ഡവരുടെ ഹസ്തിനപുരപ്രവേശനം, ധർമ്മപുത്ര രാജാഭിഷേകം, രാജ്യഭാരത്തെക്കുറിച്ചും രാജാവ് അറിഞ്ഞിരിക്കേണ്ട സർവ്വധർമ്മതത്വങ്ങളും തത്വശാസ്ത്രങ്ങളും ചേർത്ത് ഭീഷ്മർ നൽകുന്ന സുദീർഘമായ ഉപദേശം.

ആനുശാസനപർവ്വം : രണ്ടു പർവ്വങ്ങളിലായി 168 അദ്ധ്യായങ്ങളടങ്ങു ന്നതാണ് ഈ പർവ്വം. ഭീഷ്മരുടെ ഉപദേശം, വർണ്ണധർമ്മം, കർമ്മഫലം, പാപങ്ങൾ, ഗൃഹ്യകർമ്മങ്ങൾ, ദാനമഹത്വം, യജ്ഞമഹത്വം, ഉപാസനാവിധികൾ, ഭക്ഷ്യ അഭക്ഷ്യദ്രവ്യങ്ങൾ, ധർമ്മതത്വം, പുത്രധർമ്മം, നിതിസാരം, ആശ്രമധർമ്മം, പുരോഹിത ധർമ്മം, ഭരണരീതികൾ, ധർമ്മയുദ്ധം, സൈന്യസന്നാഹം, ദണ്ഡനീതി, ജീവാത്മപരമാത്മതത്വം, ഋഷിമഹത്വം, ധ്യാനമഹത്വം, യുഗധർമ്മം, ബ്രഹ്മപ്രളയം തുടങ്ങി അനവധി വിഷയങ്ങളാണ് ഭീഷ്മോപദേശത്തിൽ വരുന്നത്. തുടർന്ന് ഭീഷ്മാചാര്യരുടെ മൃത്യു വിവരണം.

അശ്വമേധികാപർവ്വം : പ്രഗത്ഭരായ സർവ്വരും വധിക്കപ്പെട്ടതോർത്ത് ദുഃഖിക്കുന്ന ധർമ്മപുത്രരെ ആശ്വസിപ്പിക്കുന്നത്, ശ്രീകൃഷ്ണൻെറ ദ്വാരകായാത്ര, യാത്രക്കുമുമ്പ് ധർമ്മപുത്രർക്ക് കൃഷ്ണൻ നൽകുന്ന സുദീർഘമായ ഉപദേശം, ദ്വാരകയിലെത്തിയ കൃഷ്ണൻ വസുദേവർക്ക് നൽകുന്ന ഭാരതയുദ്ധവിവരണം, ധർമ്മപുത്രരുടെ അശ്വമേധയാഗം, അശ്വമേധയാഗത്തെ പുച്ഛിച്ചുകൊണ്ടുള്ള ഒരു കീരിയുടെ വിവരണം, കീരിയുടെ പൂർവ്വജന്മകഥ, ഇവയാണ് 92 അദ്ധ്യായവിഷയങ്ങൾ.

ആശ്രമവാസികപർവ്വം : മൂന്ന് ഉപപർവ്വങ്ങളിലായി 39 അദ്ധ്യായങ്ങളടങ്ങുന്നതാണ് ആശ്രമവാസികപർവ്വം. ധൃതരാഷ്ട്രരുടെ ഹിതമനുസരിച്ചുള്ള പാണ്ഡവരുടെ ഭരണം, ധൃതരാഷ്ട്രരുടെ വനവാസം, വനവാസത്തിനുമുമ്പുള്ള ധർമ്മോപദേശം, ശതയൂപാശ്രമത്തിൽ ധൃതരാഷ്ട്രരുടെ തപസ്, വ്യാസൻെറ വിദുരചരിതവർണ്ണനം, ഗാന്ധാരിയുടെ ആഗ്രഹപ്രകാരം കുരുക്ഷേത്രത്തിൽ മരിച്ചവരെ



Scanned with CamScanner

ഗംഗാതടത്തിൽ വ്യാസൻ കാണിച്ചുകൊടുക്കുന്നു. കാട്ടുതീയിൽപെട്ട് ധൃതരാഷ്ട്രാദികളുടെ മരണം, ധർമ്മപുത്രർ നടത്തുന്ന അന്ത്യകർമ്മങ്ങൾ.

മൗസലപർവ്വം : എട്ട് അദ്ധ്യായങ്ങൾ മാത്രമടങ്ങുന്നതാണ് ഈ പർവ്വം. മഹർഷിമാരുടെ ശാപത്താൽ സാംബന്റെ ഗർഭത്തിൽ പിറന്ന ദണ്ഡനിമിത്തമുള്ള യാദവവംശനാശം, യാദവനാശത്തെക്കുറിച്ച് ദാരുകന്റെ സന്ദേശം, ശ്രീകൃഷ്ണ ബലരാമ വാനപ്രസ്ഥം, ദ്വാരകയിൽ അവശേഷിക്കുന്നവരുമായി അർജ്ജുനന്റെ ഹസ്തിനപുരയാത്ര.

മഹാപ്രസ്ഥാനികപർവ്വം : മൂന്ന് അദ്ധ്യായങ്ങൾ മാത്രമുള്ള ഈ പർവ്വത്തിൽ പാണ്ഡവരുടെ മഹാപ്രസ്ഥാനം വിവരിക്കുന്നു. മഹാപ്രസ്ഥാന യാത്രാമദ്ധ്യേ പാണ്ഡവസോദരരുടെ പതനം, ധർമ്മപുത്രരുടെ സ്വർഗഗമനം.

സ്വർഗാരോഹണപർവ്വം : പാണ്ഡവ-കൗരവാദികളുടെ സ്വർഗ വാസമാണ് 5 അദ്ധ്യായങ്ങളിലെ വിവരണം. ദുര്യോധനാദികളുടെ സ്വർഗവാസം, പാണ്ഡവരുടെ മായാനരകവാസം, ദേവഗംഗയിൽ മുങ്ങിയ ധർമ്മപുത്രരുടെ ദിവ്യസ്ഥാന ലബ്ധി.

ഇക്കഥകൾ കേട്ട ജയമേജയൻ വൈശമ്പായനനെ വണങ്ങി സസന്തോഷം രാജ്യപാലനം ചെയ്യുന്നു.

ഭാരതീയ ആത്മീയ-വൈദിക-ഭൗതിക-ധർമ്മശാസ്ത്രങ്ങളുടെ ജീവിതാനുഭവത്തിലൂടെയുള്ള പ്രായോഗികവിവരണം മഹാഭാരതത്തിൽ കാണാം. യാഗകർമ്മങ്ങൾ, ഉപനിഷത്തിലെ തത്വശാസ്ത്രങ്ങൾ, പുരാണങ്ങളിലെ കഥകൾ, സ്മൃതികളിലെ രാജ്യപരിപാലന നിയമങ്ങൾ, വേദാംഗങ്ങളിലെ പ്രായോഗിക വിവരണങ്ങൾ, അർത്ഥശാസ്ത്രത്തിലെ രാജ്യനീതി, ധനുർവേദത്തിലെ യുദ്ധവിവരണം, എല്ലാം വസ്തുനിഷ്ഠമായി ചൈതന്യവത്തായി കുരുപാണ്ഡവചരിത്ര ങ്ങളിൽ വിവരിക്കുന്നു. നന്മതിന്മകളുടെ ശക്തിയും അശക്തിയും, അന്ത്യത്തിൽ നന്മകളുടെ സമ്പൂർണവിജയവും ഉത്ഘോഷിക്കുന്ന ജീവിതചൈതന്യവത്തായ കഥയത്രെ വ്യാസമഹാഭാരതം. ഏതാണ്ടെല്ലാ ഭാരതീയ കഥാശ്രോതസ്സുകൾക്കും ഈ ആധുനിക കാലഘട്ടത്തിൽ പോലും ഒരിക്കലും വറ്റാത്ത നീരുറവയാണ് മഹാഭാരതം.



Scanned with CamScanner

## ഗ്രന്ഥരചയിതാവിനെക്കുറിച്ച്

തൃപ്പൂണിത്തുറയിൽ 20, നവംബർ 1955ൽ ജനനം. ബിരുദാനന്തര ബിരുദം, എം.എസ്സി കെമിസ്ട്രി (1978), എം.എസ്സി ഫാർമസി (1979), എം.എ. സോഷ്യോളജി (1985), എന്നീ വിഷയങ്ങളിലെടുത്ത്, ജേർണലിസത്തിൽ ബിരുദവും (1987) ബയോകെമിസ്ട്രിയിൽ പി.എച്ച്.ഡിയും (1985) നേടി. 1982 മുതൽ തിരുവനന്തപുരത്ത് റീജിയണൽ റിസർച്ച് ലാബറട്ടറി (സി.എസ്.ഐ.ആർ) യിൽ ശാസ്ത്രജ്ഞനായി പ്രവർത്തിക്കുന്നു. ഗവേഷണ രംഗത്തെ നേട്ടങ്ങൾക്ക് 1985 ലെ ഡി.വി.സ്മാരക പുരസ്കാരം, 1988ലെ ഗാർഡനർ പുരസ്ക്കാരം, 1990ലെ ധിംഗ്ര സ്മാരക സ്വർണമെഡൽ, 1993 ലെ ഡി.വി. സ്മാരക പുരസ്ക്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്. ഭാരതീയ ചിന്താധാരകളെ ശാസ്ത്രീയമായി വ്യാഖ്യാനിച്ചെഴുതിയ ഗ്രന്ഥങ്ങൾക്ക് 1996-ലെയും 1997 ലെയും രാഘവേന്ദ്ര സ്മാരക പുരസ്കാരവും, ഭാരതീയ ജ്യോതിശാസ്ത്ര പഠനത്തിന് ജ്യോതിഷ ചൂഡാമണിസ്ഥാനവും ലഭിച്ചിട്ടുണ്ട്. ശാസ്ത്രം ജനകീയവൽക്കരിക്കുന്നതിനുള്ള സാമൂഹ്യ പ്രവർത്തനത്തിന് കേന്ദ്രശാസ്ത്ര സാങ്കേതിക വകുപ്പിന്റെ എൻ.സി.എസ്.ടി.സി ഫെല്ലോഷിപ്പും (1988) നേടുകയുണ്ടായി. കനേഡിയൻ ഇന്റർനാഷണൽ ഡവലപ്മെന്റ് ഏജൻസിയുടെ 1993 ലെ ഗവേഷണത്തിനുള്ള അന്താരാഷ്ട്ര CIDA ഫെല്ലോഷിപ്പും സമ്മാനിക്കപ്പെട്ട് ഡോ. ഗോപാലകൃഷ്ണൻ കാനഡയിലും, അമേരിക്കയിലും ശാസ്ത്ര ഗവേഷണം നടത്തിയിട്ടുണ്ട്. ശാസ്ത്രീയ, സാമൂഹ്യ-ആത്മീയ മണ്ഡലങ്ങളിൽ അനേകം പ്രഭാഷണങ്ങളും, ലേഖനങ്ങളും, നാൽപത് പുസ്തകങ്ങളും സംഭാവനയായിട്ടുണ്ട്. ഭാരതീയ ശാസ്ത്ര പൈതൃക പഠനത്തിന് നൽകിയ സംഭാവനയ്ക്ക് ഭാരതീയ സംസ്കൃതിരത്ന ബഹുമതിയും (2001), ദേശീയ സംസ്കൃതവിദ്യാപീഠം (Deemed University) ഡി.ലിറ്റ് ബിരുദവും (2002) നൽകി ആദരിച്ചു. ഭാരതീയ ചിന്താധാരകളിലെ ശാസ്ത്രീയ തത്വങ്ങൾ പഠിച്ച് പ്രചരിപ്പിക്കുന്നതിനായി ആരംഭിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ ഹോണററി ഡയറക്ടർ കൂടിയാണ് ഗ്രന്ഥകർത്താവ്.

Scanned with CamScanner

ഭാരതീയ ധർമ്മ സംസ്കൃതിയുടെ ആധാരങ്ങളായ

ഋക്-യജുസ്-സാമ-അഥർവ വേദശാഖാഗ്രന്ഥങ്ങൾ
ഋക്-യജുസ്-സാമ-അഥർവ വേദീയ ബ്രാഹ്മണങ്ങൾ
ഋക്-യജുസ്-സാമ-അഥർവ വേദീയ ആരണ്യകങ്ങൾ
ഋക്-യജുസ്-സാമ-അഥർവ വേദീയ ഉപനിഷത്തുകൾ
ശിക്ഷ-നിരുക്ത-ഛന്ദസ്ശാസ്ത്ര-വ്യാകരണ-ജ്യോതിഷ
ശ്രൗത-സുൽവ-ഗൃഹ്യ-ധർമ്മ സൂത്രാദി വേദാംഗങ്ങൾ
അർത്ഥശാസ്ത്ര-ധനൂർവേദ-ഗന്ധർവവേദ-ആയുർവേദ-
കാമശാസ്ത്ര-നാട്യശാസ്ത്ര-ശിൽപവേദാദി ഉപവേദങ്ങൾ
ന്യായ-യോഗ-വൈശേഷിക-സാംഖ്യാദിഷഡ് ദർശനങ്ങൾ
സ്മൃതി-മഹാപുരാണ-ഉപപുരാണ-ഇതിഹാസങ്ങൾ

എന്നിവയുടെ ആധികാരിക സമ്പൂർണ്ണ സംഗ്രഹം

• • • •

**ഭാരതീയ വിചാരധാരയെക്കുറിച്ച്.................**

**........വേദങ്ങളിലാരംഭിച്ച് ഇതിഹാസപര്യന്തമുള്ള ഇത്രയും വസ്തുതകൾ ക്രോഡീകരിക്കാൻ അശ്രാന്ത പരിശ്രമം നടത്തിയ ഗ്രന്ഥകർത്താവ് അഭിനന്ദനീയമാണ്....**

**ഡോ. എം. സാംബശിവൻ, FRS**
ന്യൂറോ സർജൻ

ചെയ്യപ്പെടേണ്ട മഹത് കർത്തവ്യം ചെയ്തു തീർത്തിരിക്കുന്നു....

**സ്വാമി സത്യാനന്ദസരസ്വതി,**
**ചേങ്കോട്ടുകോണം, ആശ്രമമഠാധിപതി**

...........അതിബൃഹത്തും, അത്യഗാധവും, അത്ഭുതാവഹവുമായ ഭാരതീയ വിജ്ഞാന വാങ്മയത്തിലേക്ക് ഇറങ്ങിചെന്ന് എന്തനർഘരത്നങ്ങളാണ് അവിടെ സൂക്ഷിക്കപ്പെട്ടിട്ടുള്ളതെന്ന് ഇനം തിരിച്ച് എണ്ണിത്തിട്ടപ്പെടുത്തുകയാണ് ആധുനിക ശാസ്ത്രജ്ഞനായ ഡോ: ഗോപാലകൃഷ്ണൻ ചെയ്തിരിക്കുന്നത്.

**ശ്രീ. പി. പരമേശ്വർജി,**
ഭാരതീയ വിചാരകേന്ദ്രം ഡയറക്ടർ

Scanned with CamScanner